രണ്ടു പ്രാചീന ഗദ്യകൃതികൾ

സ്കറിയാ സക്കറിയാ

This Impressive volume, competently edited by Scaria Zacharia with erudition and dedication, will be an indispensable source material for tracing the growth and development of Christianity and the Christian Community in Kerala and for the History of the Malayalam Language.

Dr. V. I. SUBRAMONIAM
Prof. & Head of the
Department of Linguistics
University of Kerala

(Malayalam)
Randu Praachiina Gadya Krithikal

Edited by
Scaria Zacharia M. A.,
St. Berchmans' College, Changanacherry

First Published November 1976

Printed at
The Sandesanilayam Press,
Changanacherry

Copies Four Hundred

Price Rs. 30.00

Copy right
Marykutty Scaria Karikkampally

Published by the Author

For copies please order to:
Scaria Zacharia M. A.
Karikkampally
Perunnai P. O.
Changanacherry, Kerala

രണ്ടു പ്രാചീനഗദ്യകൃതികൾ

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ

എ. ഡി. 1599

റോസിന്റെ നിയമാവലി

എ. ഡി. 1606

സംശോധിത സംസ്കരണം

സ്റ്റീയാ സക്കറിയാ

ലക്ചറർ

സെന്റ് ബർക്കുമാൻസ് കോളജ്

ചങ്ങനാശേരി

Malayalam:
Kerala Prachina Grantha Kramam
Edited by
Vidwan Parameswara Iyer, M. A.,
Sri Muthukumara Collinge, Changanacherry
First Publication: March 1979
Typeset at
Thiruvananthapuram
Copies First Printed:
Price Rs. 30.00
Copies available from
Malayalam Society for Malayalam
Published by the Author

For copies please write to:
Vidwan Parameswara Iyer, M. A.,
Professor,
Changanacherry, Kerala

കടപ്പാടുകൾ

പ്രാചീന മലയാളഗദ്യം പഠനവിഷയമാക്കാൻ എനിക്കു പ്രേരണ നൽകിയത് കേരളസർവ്വകലാശാലാ ലിംഗ്വിസ്റ്റിക്സ് വകുപ്പിലെ സ്നേഹനിധികളായ അദ്ധ്യാപകരാണ്. ഈ ഗ്രന്ഥത്തിന്റെ നിർമ്മാണത്തിൽ മുഖ്യപ്രചോദനമായതും അവർ തന്നെ. ലിംഗ്വിസ്റ്റിക്സ് വകുപ്പദ്ധ്യക്ഷൻ ഡോ. വി. ഐ. സുബ്രഹ്മണ്യം എന്റെ എളിയ പരിശ്രമങ്ങളിൽ പ്രകടിപ്പിക്കുന്ന ഉദാരതാപൂർവ്വമായ താല്പര്യത്തിന് ഉത്തമസാക്ഷ്യമാണ് ഈ ഗ്രന്ഥത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്ന വിദ്വദ്ധാഭിപ്രായം. കൃത്യാന്തരബാഹുല്യത്തിനിടയിൽ ഈ ഗ്രന്ഥം പരിശോധിക്കാൻ സന്മനസ്സുകാണിച്ച അദ്ദേഹത്തോട് എനിക്കു പ്രത്യേകമായ കടപ്പാടുണ്ട്. ഗവേഷണപഠനങ്ങളിൽ വിലപ്പെട്ട ഉപദേശങ്ങൾകൊണ്ട് എനിക്കു വാത്സല്യപൂർവ്വം മാർഗ്ഗദർശനമരുളുന്നത് ലിംഗ്വിസ്റ്റിക്സ് വകുപ്പിലെ റീഡറായ ഡോ. ജി. കെ. പണിക്കരാണ്. ഡോ. സോമശേഖരൻ നായരും ഡോ. ആൻഡ്രൂസ് കുട്ടിയും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങളേയും കൃതജ്ഞതാപുരസ്സരം അനുസ്മരിക്കുന്നു.

ഭാഷാപഠനത്തിൽ എനിക്കെന്നും മാർഗ്ദർശനമരുളിയിട്ടുള്ള പ്രഫ. കെ. വി. രാമചന്ദ്രപ്പൈ ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി വായിച്ചു നോക്കി വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എസ്. ബി. യിലെ സഹപ്രവർത്തകർ, വിശിഷ്യ എന്റെ ഗുരുഭൂതനും ഇപ്പോഴത്തെ പ്രഫസ്സറുമായ ജോസഫ് അഞ്ചനാട്ട് പലതരത്തിൽ എന്നെ സഹായിക്കുകയുണ്ടായി. ശ്രീ എൻ. എസ്. സെബാസ്റ്റ്യന്റെ നിർദ്ദേശോപദേശങ്ങൾ പ്രത്യേക അനുസ്മരണ അർഹിക്കുന്നു.

റഫറൻസ് ഗ്രന്ഥങ്ങൾ വേണ്ടപ്പോൾ വേണ്ടതെല്ലാം തന്നു സഹായിച്ച എസ്. ബി. കോളജ് ലൈബ്രറി സ്റ്റാഫിനോട്, വിശിഷ്യ ലൈബ്രേറിയൻ റവ. ഫാ. തോമസ് മറ്റപ്പള്ളിയോട് എനിക്കു സവിശേഷമായ കടപ്പാടുണ്ട്. കൈയെഴുത്തു ഗ്രന്ഥങ്ങളും അസുലഭഗ്രന്ഥങ്ങളും തന്നു സഹായിച്ച മാന്യവ്യക്തികളേയും സ്ഥാപനങ്ങളേയും പ്രസാധനചരിത്രത്തിൽ നന്ദി

പൂവ്വും എടുത്തു പറഞ്ഞിട്ടുള്ളതിനാൽ ആ കടപ്പാടുകൂം ഇവിടെ ആവത്തിക്കുന്നില്ല.

പ്രഫ. സി. എൽ. ആൻറണി, റവ. ഡോ. സേവ്യർ കൂടപ്പുഴ, റവ. ഡോ. ചാംസ് പൈങ്ങോട്ട് എന്നീ പണ്ഡിതന്മാർ എൻെറ സംശയങ്ങൂം പരിഹരിക്കാൻ പ്രകടിപ്പിച്ച സൗമനസ്യം വിസ്മരിക്കാനാവില്ല.

ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കവും അച്ചടിയും മെച്ചപ്പെടുത്തുന്നതിൽ സന്ദേശനിലയം പ്രസ്സ് മാനേജർ റവ. ഡോ. ജോർജ് വാവാനിക്കുന്നേൽ എന്നെ വളരെയധികം സഹായിച്ചു. പുസ്തകത്തിൻെറ കെട്ടും മട്ടും നന്നാക്കുന്നതിൽ സന്ദേശനിലയം പ്രസ്സിലെ ജോർജ് എബ്രഹാമിൻെറ കരവിരുതിനു കാര്യമായ പങ്കുണ്ട്. രണ്ടു പ്രാചീനഗദ്യകൃതികൂം ഭംഗിയായി അച്ചടിച്ചു തരുന്നതിൽ സഹായിച്ച പ്രസ്സ് ജീവനക്കാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

എല്ലാവരോടും എനിക്കുള്ള ആത്മാർത്ഥമായ നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്.

വായനക്കാരോട് ഒരു വാക്ക്:

ഭാഷാവിദ്യാർത്ഥികൂം ചരിത്രവിദ്യാർത്ഥികൂം വിലപ്പെട്ട ഈ പ്രാചീനഗദ്യകൃതികളുടെ പ്രസാധനത്തിൽ സംഭവിച്ചിരിക്കാവുന്ന പിഴകൂം ചൂണ്ടിക്കാണിച്ച് സഹായിക്കുവാനപേക്ഷ.

ചങ്ങനാശ്ശേരി
നവംബർ 1976

സ്കറിയാ സക്കറിയാ

വിഷയവിവരം

ഈ ഗ്രന്ഥനിർമ്മാണത്തിൽ സഹായകമായ ഗ്രന്ഥങ്ങളും ലേഖനങ്ങളും xi

ചുരുക്കെഴുത്തുകൾ xvi

ഉപോദ്ഘാതം xvii

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ 1

റോസിന്റെ നിയമാവലി 111

അനുബന്ധങ്ങൾ 159

I സൂനഹദോസിനുശേഷം മെനേസിസ് കൂട്ടിച്ചേർത്ത കാനോനകൾ 181

II പതിനാറാം നൂറ്റാണ്ടിലെ മാത്തോമ്മാ ക്രിസ്ത്യാനികൾ — ഗ്രന്ഥവയുടെ ദൃഷ്ടിയിൽ 199

III ഗ്ലോസറി 212

ശുദ്ധിപത്രം 223

ഈ ഗ്രന്ഥനിർമ്മാണത്തിൽ സഹായകമായ ഗ്രന്ഥങ്ങളും ലേഖനങ്ങളും

എ

1. അശോകവനികാങ്കം — ശൂരനാട്ട കുഞ്ഞൻപിള്ള, പ്രസാധകൻ; ഹസ്ത ലിഖിതഗ്രന്ഥശാല, തിരുവനന്തപുരം, 1957.

2. ആൻറണി, സി. എൽ. — (1) ഭാഷാഗദ്യം, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, N. B. S., കോട്ടയം, 1973.
(2) ജ്ഞാനമുത്തുമാലയിലെ ഗദ്യം, പ്രദേതസാഹിതി, തിരുവനന്തപുരം, 1970.
(3) ഭാഷാപഠനങ്ങൾ, N. B. S., കോട്ടയം, 1969.

3. ഇടമറുക്, ജോസഫ് — കേരളസംസ്കാരം, വിദ്യാർത്ഥിമിത്രം, കോട്ടയം, 1971.

4. എഴുത്തച്ഛൻ, കെ. എൻ. — ഭാഷാകൗടലീയം (അധികരണങ്ങൾ 4 — 7), മദിരാശി സർവ്വകലാശാല, 1960.

5. കാൾഡ്വൽ, റോബർട്ട് — ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം (പരിഭാഷ, എസ്. കെ. നായർ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1964.

6. കുഞ്ഞൻപിള്ള, ഇളംകുളം — (1) കേരളഭാഷയുടെ വികാസപരിണാമങ്ങൾ, ആറാം പതിപ്പ്, N.B.S., കോട്ടയം, 1969.
(2) ചില കേരള ചരിത്രപ്രശ്നങ്ങൾ, രണ്ടാം പതിപ്പ്, N. B. S., കോട്ടയം, 1963.
(3) ലീലാതിലകം, ആറാം പതിപ്പ്, N.B.S., കോട്ടയം, 1969.

7. കുഞ്ഞൻപിള്ള, ശൂരനാട്ട് — മലയാള മഹാനിഘണ്ടു, Vol. I & II, കേരള സർവകലാശാല, 1965, 1970.

8. ക്ലെമ്മാങ്കൻ, ജോസഫ് — തെക്കുംഭാഗരും വടക്കുംഭാഗരും, ആലപ്പുഴ, 1944.

9. കേരളചരിത്രം, Vol. I & II — കേരള ഹിസ്റ്ററി അസ്സോസിയേഷൻ, എറണാകുളം, 1973, 1974.

10. കൃഷ്ണപിള്ള, എൻ. — കൈരളിയുടെ കഥ, N.B.S., കോട്ടയം, 1975.

11. ഗുണ്ടർട്ട്, ഹെർമൻ — (1) കേരളപഴമ, വിദ്യാർത്ഥിമിത്രം, കോട്ടയം, 1959.
(2) മലയാളം–ഇംഗ്ലീഷ് നിഘണ്ടു, N. B. S., 1962.

12. ഗോപാലകൃഷ്ണൻ, പി. കെ. — കേരളത്തിന്റെ സാംസ്കാരികചരിത്രം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1974.

13. ചാഴികാട്ട്, ജോസഫ് — തെക്കുംഭാഗസമുദായചരിത്രം, കോട്ടയം, 1940.

14. ഡാനിയേൽ, കെ. എൻ. — ഉദിയംപേരൂർ സൂനാദോസിന്റെ കാനോനകം, C. L. S., തിരുവല്ല, 1952.

15. ജോസ്, എൻ. കെ. — (1) ആദിമകേരളക്രൈസ്തവർ, വിദ്യാർത്ഥിമിത്രം, കോട്ടയം, 1972.
(2) കേരള ക്രൈസ്തവതാമ്രശാസനങ്ങൾ, വിദ്യാർത്ഥിമിത്രം, കോട്ടയം, 1974.
(3) നസ്രാണി, പ്രകാശം പബ്ലിക്കേഷൻ, ആലപ്പുഴ, 1976.

16. ജോസഫ്, എം. ഒ. — (1) കേരള ക്രിസ്ത്യാനികൾ, പ്രകാശം പബ്ലിക്കേഷൻ, ആലപ്പുഴ, 1972.
(2) കേരളവും ക്രിസ്ത്യൻ മിഷനറിമാരും, History on the March, Kerala History Association, Ernakulam, 1966.
(3) മാർത്തോമ്മാ വന്ന കേരളം, സെൻറ് തോമസ് ചരമശതാബ്ദി സ്മാരകം, എർണാകുളം, 1972.

17. തരകൻ, കെ, എം. — മാർത്തോമ്മാക്രിസ്ത്യാനികളുടെ ആചാരങ്ങൾ, സെൻറ് തോമസ് ചരമശതാബ്ദി സ്മാരകം, എർണാകുളം, 1972.

18. തിസ്സരാങ്ങ്, കാർഡിനൽ — ഇന്ത്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ, (തർജ്ജമ, എ. ഡി. മറ്റം, ജെ. തച്ചിൽ), ദീപിക ബുക്ക് ഹൗസ്, കോട്ടയം, 1960.

19. തോമസ്, പി. ജെ. — കേരളത്തിലെ ക്രിസ്ത്യീയസാഹിത്യം, അതിരമ്പുഴ, 1935.

20. തോമ്മാക്കത്തനാർ, പാറേമ്മാക്കൽ — വർത്തമാനപ്പുസ്തകം, അതിരമ്പുഴ, 1936.

21. നമ്പൂതിരിപ്പാട്ട്, കെ.വി. മലയാളമഹാനിഘണ്ടു, Vol. III, കേരള സർവ്വകലാശാല, 1976.

22. നാരായണപിള്ള, പി.കെ. പ്രാചീന മലയാളഗദ്യമാതൃകകൾ, University of Travancore, 1951.

23. നാരായണപിള്ള, സി. തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം, ഫാർവേഡ് പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1972.

24. പരമേശ്വരയ്യർ, ഉള്ളൂർ കേരളസാഹിത്യചരിത്രം, വാല്യം രണ്ട്, മൂന്നാം പതിപ്പ്, കേരള സർവ്വകലാശാല, 1970.

25. പറേട്ട്, ഇസ്സഡ്. എം. (1) മലങ്കര നസ്രാണികൾ, മനോരമ പബ്ലീഷിംഗ് ഹൗസ്, കോട്ടയം, 1965.
(2) മലങ്കര നസ്രാണികൾ, പദവിയും ജാത്യാചാരങ്ങളും, കോട്ടയം, 1966.

26. പീലിപ്പോസ്, ഇ. എം. മാത്തോമ്മാശ്ലീഹാടെ ഇന്ത്യൻ സഭ, രണ്ടാം പതിപ്പ്, ചിങ്ങവനം, 1951.

27. ബർണാദ്, ഫാദർ മാത്തോമ്മാ ക്രിസ്ത്യാനികൾ, പാലാ, 1916.

28. ബ്രഹ്മാണ്ഡപുരാണം സാംബശിവശാസ്ത്രി, എഡിറ്റർ, തിരുവനന്തപുരം, 1936.

29. മാത്തോമ്മാഗീതം St. Joseph's Orphanage Press, Changanacherry.

30. കുഞ്ഞപ്പ. മൂക്കോത്ത് മലയാളമനോരമ; സംസ്കാരതരംഗിണി, മനോരമ പബ്ലീഷിംഗ് ഹൗസ്, കോട്ടയം, 1973.

31. രവിവർമ്മ, എൽ. എ. പ്രാചീന കേരളലിപികൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1971.

32. രാജരാജവർമ്മ, എ. ആർ. കേരളപാണിനീയം, N.B.S, കോട്ടയം, 1969.

33. ശങ്കുണ്ണിമേനോൻ, പി. തിരുവിതാംകൂർ ചരിത്രം (തർജ്ജമ, സി. കെ. കരീം), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1973.

34. ശ്രീധരമേനോൻ, എ. കേരളചരിത്രം, N.B.S, കോട്ടയം, 1973.

35. സുറിയാനി മലയാള നിഘണ്ടു അന്ത്രയോസ് കത്തനാർ, പ്രകാശകൻ; വരാപ്പുഴ, 1907.

ബി

1. Achuta Menon, C. — *The Cochin State Manual,* Ernakulam, 1911.
2. Brown, L. W. — *The Indian Christians of St. Thomas,* Cambridge University Press, 1956.
3. Burrow, T. & Emeaneao, M.B. — *A Dravidian Etymological Dictionary,* Oxford University Press, 1961.
4. Farquhar, J. N. — *The Apostle Thomas in India According to the Acts of Thomas* (Edited by Jacob Vellian), Kottayam, 1972).
5. Firth, C. B. — *An Introduction to Indian Church History,* C.L.S., Bangalore, 1968.
6. Geddes, Michael — *The History of the Church of Malabar,* London, 1694.
7. Gouvea, Antonio — *Jornada do Arcebispo de Goa Dom Frey Aleixo de Meneses Primas da India oriental religiso da ordem de S. Agostinho,* Coimbra, 1606 (An English translation, not printed).
8. Hough, James — *History of Christianity in India,* Vol. II, London, 1839.
9. Keay, F. E. — *A History of the Syrian Church in India,* Second Edition, S. P. C. K., Madras, 1951.
10. Kollaparambil, Jacob — *The Archdeacon of All India,* Kottayam-10, 1972
11. Krishna Menon, T. K. — *Dravidian Culture,* Bulletin of the Sree Rama-Varma Research Institute, No. 3, Ernakulam, 1934.
12. Kunjan Pillai, Elamkulam — *Studies in Kerala History,* N.B.S., Kottayam, 1970.
13. Kunjan Pillai, Suranad — *St. Thomas in Kerala,* St. Thomas Centenary Souvenir, Ernakulam, 1972.
14. Leech, Geoffrey N. — *A Linguistic Guide to English Poetry,* Longman, 1974.
15. Meenakshi Sundaran, T. P. — *A History of Tamil Language,* Deccan College, Poona, 1965.
16. Mundadan, A. M. — (1) *St. Thomas Christians 1948-1552,* Dharmaram College, Bangalore, 1967.
    (2) *Traditions of the St. Thomas Christians,* Dharmaram College, Bangalore, 1970.
17. Nagam Aiya, V. — *The Travancore State Manual,* Trivandrum, 1906.

18. Nida, Eugene A. — *Customs Culture and Christianity*, The Tyndale Press, London, 1963.

19. Padmanabha Menon, K. P. — *A History of Kerala*, Ernakulam, 1937.

20. Pillai, K. K. — *Aryan Influence in Kerala History*, History on the March, Kerala History Association, Ekm., 1966.

21. Podipara, Placid J. — *The Thomas Christians*, Darton, Longman and Todd-London, 1970.

22. Puthiakunnel, Thomas — *Syro-Malabar Clergy*, Vincentian Publishing Bureau, Ernakulam, 1964.

23. Ramaswamy Aiyer, L. V. — *Tirukural in Malayalam*, Bulletin of the Rama-Varma Research Institute, Vol. VI, Part II, 1938.

24. Redfield, Robert — *The Primitive World and Its Transformations*, Oxford University Press, 1953.

25. Sekhar, A. C. — *Evolution of Malayalam*, Deccan College, Dissertation Series 10, Poona, 1953.

26. Subramanyam, KA. NAA. — *The Catholic Community in India*, Macmillan, 1970.

27. Subramoniam, V. I. — *Dialect Survey of Malayalam (Ezhava - Tiiya)*, Department of Linguistics, University of Kerala, Trivandrum, 1974.

28. Thaliath, Jonas — *The Synod of Diamper*, Rome, 1958.

29. *The Gazetteer of India Vol. I* — Publications Division, Government of India, 1965.

30. *The St. Thomas Christian Encyclopaedia of India Vol. II* — George Menachery (Editor), St. Thomas Christian Encyclopaedia, Trichur, 1973.

31. *The Years of Endeavour* — Selected Speeches of Indira Gandhi, August 1972, Publications Division, Government of India, 1975.

32. Thomas P. J. — *Kerala's Trading Class*, Journal of the Rama Varma Archaeological Society Vol. XIV, Trichur, 1948.

33. Thurston, Edgar — *Ethnographic Notes in Southern India*, Part I, Second Edition, Cosmo Publications, Delhi, 1975.

34. *Travancore Archaeological Series, Vol. II* — T. A. Gopinatha Rao (Editor), Government of Travancore, 1916.

35. Velayudhan Pillai, P. V. — *Early Malayalam Prose*, Trivandrum, 1973.

ചുരുക്കെഴുത്തുകൾ

1. ഉ. സൂ.	— ഉദയമ്പേരൂർ സൂനഹദോസ്.
2. ഉ. സൂ. കാ.	— ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ.
3. പോ. കാനോനകൾ	— പോർത്തുഗീസ് ഭാഷയിൽ ഗ്രവയാ പ്രസിദ്ധീകരിച്ച കാനോനകൾ.
4. ബി.	— കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥശേഖരത്തിൽനിന്നു ലഭിച്ച കൈയെഴുത്തു ഗ്രന്ഥം.
5. മാന്നാനം കോപ്പി	— മാന്നാനം സി. എം. ഐ. ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്ന (ക്രമനമ്പർ 6 E 9 / 299) കൈയെഴുത്തു ഗ്രന്ഥം.
6. ഡാനിയേലിന്റെ ഗ്രന്ഥം	— കെ. എൻ. ഡാനിയേൽ 1952-ൽ പ്രസിദ്ധീകരിച്ച 'ഉദിയംപേരൂർ സൂനാദോസിന്റെ കാനോനാകൾ'.
7. റോ. നി.	— റോസിന്റെ നിയമാവലി.
8. Traditions	— Traditions of St. Thomas Christians.

ഉപോദ്ഘാതം

വിശ്വമതങ്ങളുടെ സംഗമസ്ഥാനമായ ഭാരതത്തിലെ ക്രൈസ്തവ സമുദായത്തിനു ക്രിസ്തുമതത്തോളംതന്നെ പഴക്കമുണ്ട്. ഇക്കാര്യത്തിൽ ഭാരതീയർക്കു പൊതുവേ അഭിമാനമുണ്ടെന്നതിനു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രസ്താവംതന്നെ തെളിവാണു:

'Our first Christians date back to the time of St. Thomas the Apostle' (1)

ഭാരതത്തിലെ ജനങ്ങളിൽ രണ്ടു ശതമാനം മാത്രമാണു ക്രൈസ്തവർ. ഇവരിൽ മുപ്പത്തിരണ്ടു ശതമാനവും കൊച്ചു സംസ്ഥാനമായ കേരളത്തിൽ നിവസിക്കുന്നു. പ്രാചീനകാലംമുതൽതന്നെ വിശ്വസംസ്കാരകേന്ദ്രങ്ങളുമായി ഇടപഴകാനും സാംസ്കാരികരംഗങ്ങളിൽ ഉന്നതനിലവാരം പുലർത്താനും കഴിഞ്ഞ കേരളത്തിലെ ജനങ്ങളിൽ ഇരുപത്തിയൊന്നു ശതമാനം ക്രിസ്തുമതാനുയായികളാണു. എ. ഡി. പതിനാറാം നൂറ്റാണ്ടുവരെ ഒരൊറ്റ സമുദായമായി കഴിഞ്ഞുകൂടിയിരുന്ന കേരളക്രൈസ്തവർ ഇന്നു വിവിധ ക്രൈസ്തവമതവിഭാഗങ്ങളായി തിരിഞ്ഞിരിക്കുന്നു. (2)

ലോകമെമ്പാടുമുള്ള ക്രൈസ്തവസഭകളെ പൊതുവേ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വിഭജിക്കാറുണ്ടു. ആരാധനക്രമം, ആധ്യാത്മികത, പാരമ്പര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണു ഈ വിഭജനം. ചരിത്രപരവും ദേശപരവുമായ പരിഗണനകളും ഈ വിഭജനത്തിനു പിന്നിലുണ്ടു. ഏഷ്യയിൽ സമാരംഭിച്ച ക്രൈസ്തവമതം പാശ്ചാത്യനാടുകളിലെത്തിയപ്പോൾ ആചാരാനുഷ്ഠാനങ്ങളിൽ

---

1. The years of Endeavour, Selected Speeches of Indira Gandhi, August 1972, Publications Division, Delhi, 1975. p. 4.
ഭാരതത്തിന്റെ സാംസ്കാരിക പൈതൃകം വിശദമാക്കുന്ന വേളയിലാണു ശ്രീമതി ഗാന്ധി ഇക്കാര്യം പ്രസ്താവിച്ചതു.

2. റോമൻ കത്തോലിക്കാസഭ (സീറോമലബാർ റീത്തു, ലത്തീൻ റീത്തു, സീറോമലങ്കര റീത്തു), ഓർത്തഡോക്സു അഥവാ യാക്കോബായ സഭ, മാർത്തോമ്മാ സുറിയാനിസഭ, കൽദായ അഥവാ നെസ്റ്റോറിയൻസഭ, തൊഴിയൂർ സഭ, സെൻറു തോമസു ഇവാൻജലിക്കൽസഭ, വിവിധ പ്രോട്ടസ്റ്റൻറു സഭകളും (ദക്ഷിണേന്ത്യൻ സഭ, തിരുഹൃദയസഭ, ബ്രദറൺസഭ, പെന്തിക്കൊസ്തുസഭ, രക്ഷാസൈന്യം, സപ്തദിനപുനരാഗമനസഭ etc.) കൂടുതൽ വിവരങ്ങൾക്കു: എം. ഒ. ജോസഫു, കേരളക്രിസ്ത്യാനികൾ, പു. 351-386.

പല പരിണാമങ്ങളുമുണ്ടായി. റോമൻ ചക്രവർത്തിമാരുടെ പരിരക്ഷണത്തിൽ വളർന്നു വികസിച്ച യൂറോപ്യൻ ക്രൈസ്തവസഭ പ്രൗഢിയിലും സമ്പത്തിലും ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചു. ഏഷ്യയിൽ ക്രൈസ്തവമതത്തിന്റെ ഗതി മറിച്ചൊന്നായിരുന്നു. നിരവധി ക്രൈസ്തവകേന്ദ്രങ്ങൾ ചരിത്രപ്രവാഹത്തിൽ നാമാവശേഷങ്ങളായി. അവശേഷിച്ചിരുന്ന ചില ക്രൈസ്തവസമൂഹങ്ങൾ യൂറോപ്യൻ രാജ്യക്കാരുടെ കൊളോണിയൽ വാഴ്ചക്കാലത്ത് സമ്പൂർണ്ണമായി പാശ്ചാത്യമാക്കപ്പെട്ടു. കേരളത്തിലെ പൗരസ്ത്യക്രൈസ്തവരെ പാശ്ചാത്യീകരിക്കാൻ പോർത്തുഗീസുകാർ നടത്തിയ സംഘടിത പരിശ്രമമാണ് ഉദയമ്പേരൂർ സൂനഹദോസ്. ഭാരതത്തിൽ ആധിപത്യം സ്ഥാപിച്ച പാശ്ചാത്യശക്തികളിൽ പോർത്തുഗീസുകാരും ബ്രിട്ടീഷുകാരും ഈദൃശപരിശ്രമങ്ങളിൽ തല്പരരായിരുന്നു. എന്നാൽ ഈ പരിശ്രമങ്ങൾ ഒരിക്കലും പൂർണ്ണമായി വിജയിച്ചില്ല. പോർത്തുഗീസുകാരെ അനുയാത്രചെയ്ത കത്തോലിക്കാ മിഷനറിമാരും പിൽക്കാലത്തു വന്നെത്തിയ പ്രോട്ടസ്റ്റന്റ് മിഷനറിമാരും നിരവധി ഭാരതീയരെ ക്രിസ്തുമതത്തിൽ ചേർക്കുകയുണ്ടായി. ഈ നവാഗതർ പാശ്ചാത്യസഭകളിലെ ആരാധനക്രമങ്ങളും പാരമ്പര്യങ്ങളും സ്വീകരിച്ചു. കേരളത്തിലെ ലത്തീൻ കത്തോലിക്കരും പ്രോട്ടസ്റ്റന്റ് സഭാംഗങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. കേരളത്തിൽ നിലനിന്നിരുന്ന പുരാതന പൗരസ്ത്യസഭയിലെ ചുരുക്കം ചില ആളുകളും ഈ പാശ്ചാത്യസഭകളിൽ അംഗങ്ങളായിട്ടുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ജാത്യാചാരങ്ങളിൽ അത്യധികം നിഷ്ഠ കാണിച്ചിരുന്ന പൗരസ്ത്യ ക്രൈസ്തവ സഭാംഗങ്ങളും സവർണ്ണരെമാത്രമാണ് ക്രിസ്തുമാർഗ്ഗത്തിലേക്ക് സ്വീകരിച്ചിരുന്നത്. ഈ നിലപാടിൽ മാറ്റം വരുത്താൻ പാശ്ചാത്യമിഷനറിമാർ നടത്തിയ പരിശ്രമങ്ങളൊന്നും പൂർണ്ണമായി വിജയിച്ചില്ല. മിഷനറിമാർ സംഘടിപ്പിച്ച പാശ്ചാത്യസഭകളിൽ സവർണ്ണാവർണ്ണഭേദംകൂടാതെ എല്ലാവരേയും സ്വീകരിച്ചിരുന്നു. എങ്കിലും പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരായിരുന്നു നവാഗതരിൽ ബഹുഭൂരിപക്ഷവും. കേരളത്തിലെ ലത്തീൻ കത്തോലിക്കർ ഒരു പിന്നോക്ക സമുദായമായി അംഗീകരിക്കപ്പെട്ടതിനുള്ള യുക്തി ഇതാണ്. പിൽക്കാലത്ത് പൗരസ്ത്യസഭകളും മതപരിവർത്തന നയത്തിൽ മാറ്റം വരുത്തുകയുണ്ടായി. ഇന്ന് എല്ലാ ജാതിക്കാരെയും പൗരസ്ത്യസഭകളിൽ അംഗങ്ങളാക്കാറുണ്ട്.

കേരളത്തിലെ പൗരസ്ത്യ ക്രൈസ്തവർ ക്രിസ്തുശിഷ്യനായ മാർത്തോമ്മായുടെ ധാർമ്മിക സന്താനങ്ങളാണ് തങ്ങളെന്നു സാഭിമാനം അവകാശപ്പെടുന്നു. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച മാർത്തോമ്മാ തങ്ങളുടെ പൂർവ്വപിതാക്കന്മാർക്ക് ജ്ഞാനസ്നാനം

നൽകിയെന്നാണ് ഇവരുടെ വിശ്വാസം. പോർത്തുഗീസുകാരുടെ കാലത്തിനുമുമ്പ് കെട്ടുറപ്പുള്ള ഒരു സമുദായമായി കഴിഞ്ഞുകൂടിയിരുന്ന ഇവക്ക് സവിശേഷമായ ആരാധനസമ്പ്രദായങ്ങളും പാരമ്പര്യങ്ങളും ഉണ്ടായിരുന്നു. ഇവരുടെ ആരാധനഭാഷ സുറിയാനിയായിരുന്നതുകൊണ്ട് സുറിയാനിക്രിസ്ത്യാനികൾ എന്ന പേര് അവക്കു ലഭിച്ചു. മാത്തോമ്മാക്രിസ്ത്യാനികൾ എന്ന പേരാണ് ഉ. സ്വ. കാനോനകളിലും റോ. നിയമാവലിയിലും കാണുന്നത്. ആരാധനഭാഷ മലയാളമാക്കിക്കഴിഞ്ഞ ഇക്കാലത്ത് മാത്തോമ്മാക്രിസ്ത്യാനികൾ എന്ന പേരിനാണ് കൂടുതൽ പ്രചാരം. മാത്തോമ്മാക്രിസ്ത്യാനികൾ ഒരു ബഹുമതിബിരുദംപോലെ പഴയകാലത്ത് ഉപയോഗിച്ചിരുന്ന പേരാണ് 'നസ്രാണി'. ഉ. സ്വ. കാനോനകളിൽ നസ്രാണിശബ്ദം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. മാത്തോമ്മായുടെ ധാർമ്മിക പിതൃത്വം അംഗീകരിക്കുന്ന ചില ലത്തീൻ കത്തോലിക്കരും വളരെ അടുത്തകാലംവരെ നസ്രാണി എന്ന പേര് അഭിമാനപൂർവ്വം ഉപയോഗിച്ചിരുന്നു. നസ്രസിൽ ജനിച്ച ക്രിസ്തുവിന്റെ അനുയായികൾ എന്ന അർത്ഥമേ ഈ പേരിനുള്ളൂ.

മാത്തോമ്മായുടെ കേരളസന്ദർശനം

മാത്തോമ്മാക്രിസ്ത്യാനികളുടെ പഴക്കവും സമൂഹചരിത്രവും പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മാത്തോമ്മായുടെ കേരളസന്ദർശനം ഇന്നും ചരിത്രകാരന്മാർക്കിടയിൽ സജീവമായ ഒരു തർക്കവിഷയമാണ്. നിർഭാഗ്യവശാൽ മാത്തോമ്മായെക്കുറിച്ച് പരിമിതമായ പരാമർശനങ്ങളെ ബൈബിളിൽ കാണുന്നുള്ളൂ. (2) ഉള്ളവയാകട്ടെ അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ച് നേരിയൊരു സൂചനപോലും നല്കുന്നില്ല. മാത്തോമ്മായുടെ പ്രേഷിതപ്രവർത്തനങ്ങളെ പരാമർശിക്കുന്ന ഏറ്റവും പ്രാചീനമായ രേഖ 'യൂദാത്തോമ്മായുടെ നടപടികൾ'(3) എന്ന ഗ്രന്ഥമാണ്. ചരിത്രവസ്തുതകളോടുള്ള സമീപനം പരിഗണിക്കുമ്പോൾ ഈ ഗ്രന്ഥത്തെ നമ്മുടെ 'കേരളോല്പത്തി'കളോ

2. സുവിശേഷകാരന്മാരിൽ മത്തായി, മർക്കോസ്, ലൂക്കാ എന്നിവർ ശിഷ്യന്മാരുടെ പേരുകൾ എഴുതുന്ന കൂട്ടത്തിൽ മാർത്തോമ്മായെയും അനുസ്മരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മാർത്തോമ്മായെക്കുറിച്ച് മൂന്നു ഘട്ടങ്ങളിൽ പരാമർശമുണ്ട്. യോഹ: xi, 16; xiv, 5; xx, 25-29.

3. എ. ഡി. 2-4 നൂറ്റാണ്ടുകൾക്കിടയിൽ എഡേസായിൽ ഉണ്ടായ കൃതിയാണിത്. മാർത്തോമ്മായുടെ ശവശരീരം ഏതോ വ്യാപാരികൾ മോഷ്ടിച്ച് എഡേസായിൽ എത്തിച്ചതിനുശേഷം എഴുതപ്പെട്ടതാണ് ഈ ഗ്രന്ഥം. മാർത്തോമ്മായുടെ പൂജ്യാവശിഷ്ടങ്ങൾ സന്ദർശിച്ചിരുന്ന ക്ഷേത്രങ്ങളുടെ കൗതുകത്തെ തൃപ്തിപ്പെടുത്തുന്നതിനു രചിച്ച കൃതിയല്ലേ ഇതെന്നു സംശയിക്കണം.

ടാണ് ഉപമിക്കേണ്ടതെന്ന തോന്നുന്നു. തുച്ഛമായ ചരിത്രാംശം ഈ ഗ്രന്ഥങ്ങളിലുണ്ട്. എന്നാൽ ചരിത്രാംശത്തെ അതിശയിക്കുന്ന ഭാവനാംശമുണ്ടെന്നത് തീച്ച്. നടപടികം നൽകുന്ന വിവരണമനുസരിച്ച് മാത്തോമ്മാ ഹാബാൻ എന്ന വ്യാപാരിയോടുകൂടി ഗുണ്ടഫോറസ് രാജാവിന്റെ തലസ്ഥാനത്ത് എത്തിച്ചേർന്നു. പിന്നീട് മറെറാരു രാജ്യത്തിലേക്കു പോയി. അവിടെവച്ച് അദ്ദേഹം വിധിക്കപ്പെടുകയുംചെയ്തു. ഗുണ്ടഫോറസ് ഒരു ചരിത്രപുരുഷനാണ്. തക്ഷശില ആസ്ഥാനമാക്കി രാജ്യം ഭരിച്ചിരുന്ന അദ്ദേഹം. എ. ഡി. 50 ലെ കുഷാൻ ആക്രമണത്തിനു തൊട്ടുമുമ്പ് നാടുഭരിച്ചിരുന്ന ഗുണ്ടഫോറസിനു മാർത്തോമ്മായുടെ കാലവുമായി ബന്ധമുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഗുണ്ടഫോറസിന്റെ രാജ്യത്തിൽനിന്നു മാത്തോമ്മാ എവിടേക്കാണു പോയത്? അന്താരാഷ്ട്രവാണിജ്യത്തിൽ പ്രതാപത്തിന്റെ ഉച്ചകോടിയിലെത്തിയിരുന്ന കൊടുങ്ങല്ലൂരിലേക്ക് ആയിരിക്കുമെന്ന് ഊഹിക്കാം. യൂദാത്തോമ്മായുടെ നടപടികം അനുസരിച്ച് നോക്കിയാലും മാത്തോമ്മായുടെ കേരള സന്ദർശനം അസംഭാവ്യമല്ല. ജെ. എൻ. ഫർക്കർ പ്രസ്തുത ഗ്രന്ഥത്തെക്കുറിച്ച് നടത്തിയിട്ടുള്ള പഠനങ്ങൾ അതീവ ശ്രദ്ധേയങ്ങളാണ് (4) അദ്ദേഹം മാത്തോമ്മായുടെ കേരളസന്ദർശനം സംഭാവ്യമാണെന്ന് കരുതുന്നു.

മാത്തോമ്മാ കേരളം സന്ദർശിച്ചിട്ടില്ലെന്നും എ. ഡി. ആദ്യ ശതകങ്ങളിലെ പേർഷ്യൻ വ്യാപാരികളാണ് കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതെന്നും പ്രഖ്യാപിക്കുന്നവരെ ഏറെ പൊറുതി മുട്ടിക്കുന്ന ഒരു പ്രശ്നം കേരളീയരുടെ ഇടയിൽ മാത്തോമ്മായുടെ ആഗമനത്തെക്കുറിച്ച് ദൃഢതരമായി വേരോടിയിരിക്കുന്ന വിശ്വാസമാണ്. കേരളത്തിലെ ക്രിസ്ത്യാനികൾ മാത്രമല്ല അക്രൈസ്തവർപോലും മാത്തോമ്മായുടെ കേരളസന്ദർശനം വിശ്വാസയോഗ്യമായി കരുതുന്നു. മാത്തോമ്മായുടെ കേരളസന്ദർശനത്തെക്കുറിച്ചും മാത്തോമ്മാക്രിസ്ത്യാനികളുടെ പദവികളെക്കുറിച്ചുമുള്ള 'വീരടിയാൻപാട്ട്' (5) അക്രൈസ്തവരാണ് പരമ്പരാഗതമായി ആലപിക്കുന്നത്. 'യൂദാത്തോമ്മായുടെ നടപടികം' എന്ന ഗ്രന്ഥത്തിനു എഡേസായിൽ നല്ല പ്രചാരം ലഭിച്ചുവെന്നും അവിടെനിന്ന് കേരളത്തിലെത്തിയ മതപ്രചാര

---

4. ഫർക്കറുടെ ലേഖനങ്ങൾ:

The Apostle Thomas in India according to the Acts of Thomas by J.N. Farquhar, Edited by Jacob Vellian, Kottayam, 1972.

5. വാഴപ്പള്ളി വീരടിയാന്മാർ വീട്ടുകംതോറും കയറിയിറങ്ങി ഈ ഗാനം ആലപിച്ചിരുന്നു. വളരെ അടുത്തകാലത്താണ് ഈ പതിവ് അസ്തമിച്ചത്.

കരാണ്. മാത്തോമ്മായുടെ കഥകളെ കേരളത്തിൽ പ്രചരിപ്പിച്ചതെന്നും ഒരു വിശദീകരണം ചിലർ നൽകിക്കാണുന്നുണ്ട്. ഇത് വിശ്വസനീയമായിത്തോന്നുന്നില്ല. ഒന്നാമതായി ചൂണ്ടിക്കാണിക്കാവുന്ന കാരണം ഇതാണ്: നടപടികളിൽ യൂദാത്തോമ്മാ എന്ന ഇരട്ടപ്പേരാണ് സർവ്വത്ര ഉപയോഗിച്ചിരിക്കുന്നത്. തോമ്മാ എന്ന അറമായിക്ക് പദത്തിന് 'ഇരട്ടപിറന്നവൻ' എന്നാണർത്ഥം. അതിനാൽ യൂദാ എന്നായിരിക്കണം അദ്ദേഹത്തിന്റെ യഥാർത്ഥ നാമം. കേരള ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളിലൊന്നിലും ഈ ഇരട്ടപ്പേര് ഉപയോഗിച്ചു കാണുന്നില്ല. എന്താണ് ഇതിനർത്ഥം? കേരളപാരമ്പര്യത്തിൽ നടപടികളുടെ സ്വാധീനം ഇല്ലെന്നല്ലേ ഇതു സൂചിപ്പിക്കുന്നത്? രണ്ടാമതായി പരിഗണിക്കേണ്ട കാര്യം കേരളപാരമ്പര്യം മാത്തോമ്മായുടെ പ്രവർത്തനങ്ങളെ നിശ്ചിതസ്ഥലങ്ങളോടും കുടുംബങ്ങളോടും (6) ബന്ധിക്കുന്നുണ്ട് എന്നതാണ്. മറ്റ് സ്ഥലങ്ങളിലുള്ളവരും മറ്റ് കുടുംബങ്ങളിലുള്ളവരും ഈ പദവി അംഗീകരിക്കുകയും ചെയ്യുന്നു. ഇതു നിസ്സാരമായി തള്ളാവുന്ന ഒരു കാര്യമല്ല. കേരളപാരമ്പര്യങ്ങളെ വിവരിക്കുന്ന രണ്ട് കൃതികളാണ് മാർഗ്ഗംകളിപ്പാട്ടും റമ്പാൻപാട്ടും (7). അവയിൽ അതിശയോക്തികളും സ്വാഭിപ്രായങ്ങളും നിറഞ്ഞു തുളുമ്പി നിൽക്കുന്നു എന്ന് പ്രഥമദൃഷ്ട്യാതന്നെ ബോധ്യപ്പെടുന്നതാണ്. എന്നാൽ അവയുടെ രചനയ്ക്കു പ്രചോദകമായിരുന്ന പരമ്പരാഗത വിശ്വാസങ്ങളെ കേരളജനതയുടെ ഹൃദയത്തിൽ നല്ല വേരോട്ടം ലഭിച്ചിട്ടുള്ളവയാണ്.

മാത്തോമ്മായുടെ അന്ത്യത്തെക്കുറിച്ചും അഭിപ്രായൈക്യമില്ല. 'നടപടികളെ' രേഖപ്പെടുത്തിയിരിക്കുന്നത് മാത്തോമ്മാ രാജശിക്ഷയ്ക്കു പാത്രമായി വധിക്കപ്പെട്ട എന്നാണ്. മൈലാപ്പൂരിൽവച്ച് ബ്രാഹ്മണരാൽ കൊല്ലപ്പെട്ട മാത്തോമ്മായുടെ മൃതദേഹം അവിടെത്തന്നെ സംസ്കരിക്കപ്പെട്ടുവെന്നു കേരളീയർ കരുതുന്നു.

കേരളത്തിലെത്തിയ പോർത്തുഗീസുകാർ മൈലാപ്പൂരിലേക്ക് തീർത്ഥയാത്ര നടത്തുകയും മാത്തോമ്മായുടെ ശവകുടീരം കണ്ടെത്തി

---

6. പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ എന്നീ സ്ഥലങ്ങളും ശങ്കരപുരി, പകലോമറ്റം. കള്ളി, കരുളികാവ്, കോയിക്കം, നെട്ടമ്പള്ളി, പനക്കമറ്റം, കോട്ടകളി എന്നീ കുടുംബങ്ങളും.

7. ഈ കൃതികളെ ചരിത്രരേഖകളായി കരുതരുത്. ഇവയുടെ സ്വഭാവം ഗ്രഹിക്കുന്നതിന്: Brown, Page 49-52

നാടോടിപ്പാട്ടുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്ന ആ കൃതികളുടെ ഭാഷാരീതി പരിശോധിച്ച് അവയുടെ പ്രാചീനത നിർണ്ണയിക്കാൻ സാധ്യമല്ല. ഇന്നു നമുക്കു ലഭിച്ചിട്ടുള്ള രൂപത്തിൽ അവയിൽ കാണുന്ന ഭാഷാരീതി പതിനഞ്ചാം നൂറ്റാണ്ടിലോ അതിനുശേഷമോ ഉള്ളതാണ്.

യതായി പ്രഖ്യാപിക്കുകയുംചെയ്തു. പോർത്തുഗീസുകാർക്കു് അത്ഭുതങ്ങളും സൃഷ്ടിക്കുന്നതിലും വിശുദ്ധ വസ്തുക്കളും കണ്ടെടുക്കുന്നതിലും അപഹാസ്യമായ ഒരു വ്യഗ്രതയുണ്ടായിരുന്നതുകൊണ്ടു് നിരവധി ചരിത്രകാരന്മാർ അവരുടെ പ്രസ്താവനകളും മുഖവിലയ്ക്കു സ്വീകരിക്കാൻ വിസമ്മതിച്ചു. മാത്തോമ്മായുടേതെന്നു പോർത്തുഗീസുകാർ പ്രഖ്യാപിച്ച ശവകുടീരം എ. ഡി. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടാക്കിയതാണെന്നു് ഇന്നു് അസന്ദിഗ്ദ്ധമായി തെളിഞ്ഞിട്ടുണ്ടു്. അതുകൊണ്ടുമാത്രം അതു മാത്തോമ്മായുടേതാകണമെന്നില്ലല്ലോ. ഈ വിഷയത്തെക്കുറിച്ചു് ഡോ. മുണ്ടാടൻ നടത്തിയിട്ടുള്ള ഗവേഷണപഠനങ്ങളും ശ്രദ്ധേയങ്ങളാണു്. (8) പോർത്തുഗീസുകാർ കണ്ടെത്തിയതു് മാർത്തോമ്മായുടെ ശവകുടീരംതന്നെയാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. മാത്തോമ്മായുടെ ശവകുടീരം ഇന്ത്യയിലാണെന്ന ധാരണ പോർത്തുഗീസുകാരുടെ കാലത്തിനു മുമ്പുതന്നെ ക്രൈസ്തവലോകത്തിലുണ്ടായിരുന്നു. മാർക്കോപോളോയെപ്പോലുള്ള സന്ദർശകർ ആ ശവകുടീരം സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ടു്. എന്നാൽ അത്തരം പരാമർശനങ്ങളിൽനിന്നൊന്നും അതിന്റെ സ്ഥാനം നിണ്ണയിക്കാൻ കഴിയുന്നില്ല. പോർത്തുഗീസുകാർ കണ്ടെത്തിയ ശവകുടീരം മൈലാപ്പൂരിലെ സാൻതോം കത്തീഡ്രലിനുള്ളിൽ ഇപ്പോഴും കാണാവുന്നതാണു്.

മാത്തോമ്മായെക്കുറിച്ചുള്ള ഐതിഹ്യം ഗാഢമായ പരിചിന്തനത്തിനു വിഷയമാക്കിയ കേരളചരിത്രകാരന്മാരുടെ തീർപ്പു് ശ്രീ പി. കെ. ഗോപാലകൃഷ്ണന്റെ വാക്കുകളിൽ ഇവിടെ അവതരിപ്പിക്കാം.

> 'എ. ഡി. 52-ൽ സെന്റു് തോമസു് കൊടുങ്ങല്ലൂരിനടുത്തുള്ള മാലിയങ്കരയിൽ വന്നിറങ്ങി എന്നാണു് പറയപ്പെടുന്നതു്. ഇന്ത്യയും റോമാസാമ്രാജ്യവും തമ്മിലുണ്ടായിരുന്ന വാണിജ്യബന്ധം പരിഗണിക്കുമ്പോൾ ക്രിസ്ത്യാനികളുടെ ഈ വിശ്വാസം ശരിയായിരിക്കാൻ വഴിയുണ്ടു്. കേരളക്കരയിൽ അക്കാലത്തുതന്നെ ഏഴു പള്ളികൾ സ്ഥാപിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു. ഒരു പള്ളി മാലിയങ്കരയിൽതന്നെ. മറ്റൊന്നു് ഗുരുവായൂരിനടുത്തുള്ള പാലയൂർ എന്ന സ്ഥലത്താണു്. ബാക്കിയെല്ലാം പഴയ തിരുവിതാംകൂർ പ്രദേശത്തുപെട്ട കോട്ടക്കാവു്, കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ എന്നിവിടങ്ങളിലാണു്. തിരുവിതാംകൂർ പ്രദേശത്തു് ക്രിസ്തുമതത്തിനു ലഭിച്ച പ്രചാരംവച്ചുനോക്കുമ്പോൾ ഈ ഐതിഹ്യത്തിലും എന്തെങ്കിലും സത്യമുണ്ടായിരിക്കണം. (9)

---

8. Mundadan, Traditions, P. 6-84

9. പി. കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, പുറം 187.

ഈ ആറാണ്ടിന്റെ പ്രഥമാർദ്ധത്തിലുണ്ടായ വിവിധ സ്റ്റേറ്റ് മാനുവലുകളിലും 1965–ൽ പ്രസിദ്ധീകരിച്ച ഇന്ത്യൻ ഗസറ്റിയറിലും ഇത്തരത്തിലുള്ള നിഗമനങ്ങൾതന്നെയാണ് കാണുന്നത്. മാതൃകക്കായി കൊച്ചിൻ സ്റ്റേറ്റ് മാനുവലിലെ അഭിപ്രായം ഇവിടെ ഉദ്ധരിക്കാം.

'It must however be admitted in view of the extensive trade relations that existed between Malabar and the Mediterranean countries before the Christian era, that there is nothing inherently improbable in the tradition which ascribe an apostolic origin to the Malabar Church. But on the other hand there is no direct evidence to Support it...Thus the question of apostolic origin cannot at present be decided one way or other: until more direct and conclusive evidence is forth coming, the verdict must be one of 'not proven' 9A)

ബിഷപ്പ് മെഡ്ലിക്കോട്ട്, കർട്ടിനാൽ തിസ്സറാങ്, ഡോ. ഫ്രാസിഡ്, ഡോ. ബുക്കാനൻ, ബിഷപ്പ് ബ്രൗൺ എന്നീ പണ്ഡിതന്മാർ മാത്തോമ്മായുടെ കേരളസന്ദർശനത്തെക്കുറിച്ച് നടത്തിയിട്ടുള്ള ഗവേഷണങ്ങളും അത്യന്തം ശ്രദ്ധേയങ്ങളാണ്. ബിഷപ്പ് ബ്രൗൺ കേരളപാരമ്പര്യങ്ങളും പാശ്ചാത്യപണ്ഡിതന്മാരുടെ പഠനങ്ങളും പരിശോധിച്ചശേഷം ഇങ്ങനെ എഴുതുന്നു:

'We cannot prove that the Apostle worked in South India any more than we can disprove that fact; but the presence of Christians of undoubtedly ancient origin holding firmly to the tradition, the proof of very considerable commercial contact between the western world and the Malabar Coast in the first Century of our era, and the probable presence of Jewish Colonies at the same time, may for some incline the balance to belief that the truth of the tradition is a reasonable probability. The evidence we have cannot do more than this' (10)

മറ്റൊരു ചരിത്രകാരന്റെ നിരീക്ഷണം ശ്രദ്ധിക്കുക:

'The visit of St. Thomas to South India cannot be positively proved. The question has been much discussed, and there seems little prospect that a final verdict can be given. The local tradition with regard to his visit is very strong, and there is no other rival local tradition as the origin of the Church in South India. The tradition has been held also outside India both in the west and in the East from very early times. There is nothing improbable in the story that the Apostle should have travelled as far as India to preach the Gospel. If the story cannot be proved, it is certainly by no means unlikely' (11)

9a. C. Achuta Menon. The Cochin State Manual, Ernakulam, 1911, p. 217

10. Brown, p. 59.

ഇതിലുപരിമൊന്നും മാത്തോമ്മായുടെ കേരളസന്ദർശനത്തെക്കുറിച്ച് ഇപ്പോഴും പറയുക സാധ്യമല്ല. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും ചരിത്ര വിജ്ഞാനിയുമായിരുന്ന ജവാഹർലാൽ നെഹ്രുവിന്റെ നിരീക്ഷണംകൂടി ഉദ്ധരിച്ചുകൊണ്ട് ഈ പ്രകരണം സമാപിപ്പിക്കാം.

'വിശുദ്ധതോമസ് അപ്പസ്തോലൻ ആദിമശതാബ്ദത്തിൽ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചു. ക്രൈസ്തവർ ആദിമ നൂറാണ്ടുകളും മുതൽ ഇൻഡ്യയിൽ അധിവസിച്ചുവരുന്നു. ഈ കാര്യത്തിൽ ഏതു ചരിത്രത്തെക്കാളും പ്രബലതരമായ ഒരു പാരമ്പര്യം നമുക്കുണ്ട്' (12)

കേരളത്തിലെ ആദിമക്രിസ്ത്യാനികൾ

മാത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ഏറ്റവും വിവാദപരമായ ഒരു പ്രശ്നമാണിത്.

ക്രിസ്തുമതം പ്രസംഗിച്ച മാത്തോമ്മാശ്ലീഹാ ക്രിസ്തുമതത്തിൽ ചേത്ത നമ്പൂതിരിമാരുടെ പിൻതലമുറക്കാരാണു മാത്തോമ്മാക്രിസ്ത്യാനികൾ' (13)

എന്നു സാഭിമാനം അവകാശപ്പെടുന്ന പണ്ഡിതന്മാർ നിരവധിയുണ്ട്. ശ്രേഷ്ഠസ്ഥാനികളായിരുന്ന സവർണ്ണരെമാത്രമാണു മാത്തോമ്മാ ക്രൈസ്തവമാഗ്ഗത്തിലേക്കു ആനയിച്ചതെന്നു വിശ്വസിക്കുന്ന ഫാ. ബർണാർദ് മറ്റു ജാതിക്കാരെക്കുറിച്ച് ഇങ്ങനെ പറയുന്നു:

'മലകളിലും മറ്റും നിവസിച്ചിരുന്നവരെ ക്രിസ്തുമതത്തിൽ ചേർക്കുന്നതിനും അഥവാ ചേത്താൽതന്നെയും ക്രൈസ്തവ സമൂഹത്തിൽ അവർക്കു കൂടികഴിയുന്നതിനും ആദ്യതരം വിഘ്നങ്ങൾ ഉണ്ടായിരുന്നു' (14)

നമ്പൂതിരിമാരായിരുന്ന കേരളത്തിലെ ആദിമക്രൈസ്തവരെന്ന അഭിപ്രായം വി. നാഗമയ്യാ (15) പ്രകടിപ്പിച്ചിട്ടുണ്ട്. സുറിയാനിക്രിസ്ത്യാനികളും നമ്പൂതിരിമാരും തമ്മിൽ വസ്ത്രം, സാമൂഹ്യാചാരങ്ങൾ

---

11. F. E. Keay, A History Of The Syrian Church In India, (2nd Edition) S. P. C. K, Madras 1951, p. 13

12. ജവാഹർലാൽ നെഹ്രു ഡൽഹിയിൽചെയ്ത പ്രസംഗം; വി. സി. ജോർജ്, മാത്തോമ്മാ കേരളത്തിൽ (ലേഖനം), സെൻറ് തോമസ് ചരമ ശതാബ്ദി സ്മാരകം, എറണാകുളം, 1972, പുറം 41, ഉദ്ധരിക്കുന്നത്.

13. പ്രഫ. കെ. എം. തരകൻ, മാത്തോമ്മാക്രിസ്ത്യാനികളുടെ ആചാരങ്ങൾ (ലേഖനം); സെൻറ് തോമസ് ചരമശതാബ്ദി സ്മാരകം, പുറം. 70.

14. ഫാ. ബർണാർദ്, മാത്തോമ്മാക്രിസ്ത്യാനികൾ, പുറം. 90.

15. Nagam Aiya, Travancore State Manual, 1906.

എന്നിവയിൽക്കാണുന്ന ചില സാദൃശ്യങ്ങളെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ഈ അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നത്. ഫാദർ ഉപ്പാസിഡ്, ശ്രീ എം. ഒ. ജോസഫ് തുടങ്ങി മറ്റു പലരും ഇത്തരം ചില സാദൃശ്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നവജാത ശിശുവിനു പൊന്നും തേനും കൊടുക്കുക, ഇരുപത്തെട്ടുകെട്ടുക, ആഘോഷമായി 'ചോറൂണു' നടത്തുക, 'എഴുത്തിനിരുത്തുക', പിതൃവഴി ബന്ധത്തിനു പ്രാധാന്യം കല്പിക്കുക, കുടുമ്മ വളർത്തുക, കാതിൽ കടുക്കൻ അണിയുക, ചട്ടയും കച്ചമുറിയും ധരിക്കുക, സ്ത്രീകൾ വീടിനു പുറത്തു ഓലക്കുട ഉപയോഗിക്കുക, അയിത്തം ആചരിക്കുക, ശുദ്ധി പാലിക്കുക, ചാത്തം നടത്തുക, ശൈശവവിവാഹം നടത്തുക, മന്ത്രകോടിയിൽനിന്നു തൂലെടുത്തു താലികെട്ടുക, അരി അരച്ചുകലക്കി 'നിലയണ ഇടുക' എന്നിങ്ങനെയുള്ള കാര്യങ്ങളിലാണ് പലരും സാദൃശ്യം കണ്ടെത്തിയിരിക്കുന്നത്. (16)

ക്രിസ്തുവർഷാരംഭകാലത്തെ കേരളസമുദായത്തിൽ ബ്രാഹ്മണർക്ക് സാരമായ നിലയും വിലയും ഉണ്ടായിരുന്നില്ലെന്നും അവർ കേരളത്തിൽ ഒരു അത്യന്തന്യൂനപക്ഷമായിരുന്നുവെന്നും സംഘകാലകൃതിക

---

16. കൂടുതൽ വിവരങ്ങൾക്ക്:

1. Placid, Page 80-85
2. എം. ഒ. ജോസഫ്. പുറം 69-73
3. Brown, Page. 172-174

മാത്തോമ്മാശ്രീഹാ ക്രിസ്ത്യാനികളാക്കിയവരുടെ ജാതി തിരിച്ചുള്ള പട്ടിക, റമ്പാൻ പാട്ടിൽ കാണുന്നത്, ഇവിടെ ഉദ്ധരിക്കാം.

'നരജാതി സ്വഭാവത്തിനു മേലായ്
തന്നിൽ വിളങ്ങിന സുകൃതത്താൽ
നരരാത്മങ്ങൾ പതിനേഴായിരത്തി
നാനൂറൊൻപതു താൻ നേടി
ആറായിരമൊടെണ്ണൂറമ്പതു
ബ്രാഹ്മണജാതികളവരിൽ
ഇവരിൽ കുറവാമീരായിരമൊ-
ടഞ്ഞൂറ നവദശക്ഷത്രിയരും
അപ്പോം വൈശ്യർ മൂവ്വായിരമൊ
ടെഴനൂറമ്പതു ആളുകളും
ഇപ്പോം നാലായിരമൊടിരുനൂ-
റൊമ്പതു ശൂദ്രജാതികളും
ഈ വിധമുള്ളൊരു മേൽജാതികളെ
മാഗ്ഗത്തിൽ താൻ കൈയ്ക്കൊണ്ടു.'

മാത്തോമ്മാഗീതം (റമ്പാൻപാട്ട്) S. J. O. Press Changanacherry
പുറം 10.

ളിൽനിന്നു വ്യക്തമാകുന്നുണ്ട്. അക്കാലത്തു കേരളത്തിലുണ്ടായിരുന്ന ബ്രാഹ്മണർ രാജപാദസേവചെയ്ത് സായുജ്യമടയുന്നവരായിരുന്നു. സംഘകാലത്ത് (17) കേരളത്തിൽ ഒരു ജാതിരഹിത സമുദായമാണുണ്ടായിരുന്നത് എന്ന കാര്യം എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ട്. സംഘകാലത്തിനുശേഷം കേരളത്തിൽ കുടിയേറിപ്പാർത്ത ബ്രാഹ്മണരാണ് പ്രബലമായ ഒരു നമ്പൂതിരിസമുദായത്തിനു രൂപം കൊടുത്തത്. എ. ഡി. എട്ടാം നൂറ്റാണ്ടോടുകൂടി നമ്പൂതിരിമാരുടെ മുപ്പത്തിരണ്ട് ഗ്രാമങ്ങൾ കേരളത്തിലുണ്ടായി. എ. ഡി. 11 ഉം 12 ഉം നൂറ്റാണ്ടുകളിൽ നടന്ന നൂറ്റാണ്ടു യുദ്ധത്തോടുകൂടി നമ്പൂതിരിമാരുടെ പ്രാബല്യം വർദ്ധിച്ചു. മതപരവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ അവരുടെ സ്വാധീനം പ്രകടതരമായി. എ. ഡി. എട്ടാം നൂറ്റാണ്ടു മുതൽ നമ്പൂതിരിമാർ ക്ഷേത്രനിർമ്മാണപരിശ്രമങ്ങളിൽ ജാഗരൂകരായിരുന്നു. അക്കാലത്തിനു ശേഷമുണ്ടായ ക്ഷേത്രങ്ങളിലെല്ലാം നമ്പൂതിരിമാരാണ് ഭരണാധികാരികളായി പ്രത്യക്ഷപ്പെട്ടത്. പിതൃപാരമ്പര്യം പുലർത്തിയിരുന്ന ദ്രാവിഡ രാജാക്കന്മാർക്ക് ക്ഷത്രിയപദവി കല്പിച്ച് ബഹുമാനിച്ച നമ്പൂതിരിമാർ അവരുടെ ദായക്രമം മാറിമറിച്ചു. നമ്പൂതിരി സമുദായത്തിന്റെ സ്ഥിതിയെക്കുറിച്ചു നായന്മാരെ മരുമക്കത്തായക്കാരാക്കി മാറ്റി. നമ്പൂതിരിമാരുടെ കൂട്ടത്തിൽ മൂത്ത സഹോദരനു മാത്രമാണ് സ്വജാതിവിവാഹം അനുവദിച്ചിരുന്നത്. മറ്റുള്ളവർക്കെല്ലാം രാജകുടുംബങ്ങളിലോ നായർത്തറവാടുകളിലോ സംബന്ധക്കാരായി കഴിഞ്ഞുകൂടേണ്ടിവന്നു. സ്വാർത്ഥപരമായ ലക്ഷ്യത്തോടെ സൃഷ്ടിച്ച ഈ സംവിധാനം അരക്കിട്ടുറപ്പിക്കുന്നതിനാണ് മരുമക്കത്തായം നടപ്പിലാക്കിയത്. എ. ഡി. ആദിമശതകങ്ങളിൽ കേരളത്തിൽ നിലനിന്നിരുന്ന വർഗ്ഗരഹിതസമുദായത്തെ അവർ വിവിധ ശ്രേണികളായി വിഭജിച്ചു. സംഘകാല കേരളത്തിൽ സമുന്നത പൗരന്മാരായിരുന്ന പറയരും പാണരും പുതിയ സംവിധാനത്തിൽ അധഃകൃതരായിമാറി. സംഘകാലത്ത് കേരളത്തിൽ പ്രബലതരമായിരുന്ന ബുദ്ധമതത്തെ നശിപ്പിച്ചതിലും മുഖ്യപങ്ക് നമ്പൂതിരിമാർക്കാണുള്ളത്. കൊടുങ്ങല്ലൂരിലും തൃശ്ശൂരിലും സ്ഥിതിചെയ്തിരുന്ന ബുദ്ധദേവാലയങ്ങൾ ഹൈന്ദവക്ഷേത്രങ്ങളാക്കി മാറ്റിയത് നമ്പൂതിരിമാരാണ്. നമ്പൂതിരിമാരുടെ ക്ഷേത്രസങ്കേതങ്ങൾ നല്ല ആയുധപരിശീലനക്കളരികളുമായിരുന്നു. കേരളത്തിൽ നമ്പൂതിരിമാർക്കുണ്ടായ പ്രാബല്യത്തിന്റെ ഫലമായിട്ടാണ് മൂലദ്രാവിഡഭാഷയുടെ ദേശ്യഭേദമായിരുന്ന കേരളത്തിലെ തമിഴ്

---

17. എ. ഡി. ഒന്നു മുന്നൽ അഞ്ചുവരെയുള്ള നൂറ്റാണ്ടുകളാണ് ഇവിടെ സംഘകാലമായി വിവക്ഷിക്കുന്നത്.

സംസ്കൃതസമ്പർക്കത്തിലൂടെ മലയാളമായി വികസിച്ചത് എന്നൊര ഭിപ്രായമുണ്ട്. ഈ പരിണാമവും, എ. ഡി. എട്ടാം നൂറ്റാണ്ടോടുകൂടിയാണ് ത്വരിതഗതിയിലായതെന്നു വിശ്വസിക്കപ്പെടുന്നു. മേൽ വിവരിച്ച പരിണാമങ്ങളെല്ലാം സംഭവിച്ച് കേരളസമുദായം നമ്പൂതിരിമാരുടെ കൂത്തരങ്ങായിത്തീർന്നത് എ. ഡി. പതിനൊന്നാം ശതകത്തിനു ശേഷമാണ്. (18)

ഈ ചരിത്രസത്യം ശരിയാംവണ്ണം ഗ്രഹിക്കാഞ്ഞതുകൊണ്ടാവണം കേരളക്രൈസ്തവരുടെ ചരിത്രമെഴുതിയ പല പണ്ഡിതന്മാരും കേരളക്രിസ്ത്യാനികളെ നമ്പൂതിരിമാരുടെ പിൻതുടർച്ചക്കാരായി ചിത്രീകരിക്കാൻ തുനിഞ്ഞത്. ക്രിസ്തു ശിഷ്യനായ മാത്തോമ്മാ കണ്ട കേരളത്തിൽ ജാതിവ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നിട്ടും റമ്പാൻപാട്ടിൽ മാത്തോമ്മാ ജ്ഞാനസ്നാനം നൽകിയ ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും വൈശ്യരുടെയും ശൂദ്രരുടെയും കൃത്യമായ എണ്ണം ജാതിതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു! ആ കണക്കുകൾ ചരിത്രസത്യങ്ങളെന്ന മട്ടിൽ ഏറ്റുപറയുന്ന ആധുനിക ചരിത്രകാരന്മാരുടെ നില എത്രയോ അപഹാസ്യതരം? നമ്പൂതിരിമാരും മാത്തോമ്മാ ക്രിസ്ത്യാനികളുംതമ്മിലുള്ള ആഗമികബന്ധത്തിനു തെളിവുകളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ആചാരവിശേഷങ്ങളിൽ മിക്കവയും നമ്പൂതിരിമാരുടെ പ്രാബല്യത്തിനു മുമ്പുതന്നെ കേരളത്തിൽ വേരുന്നിയിരുന്നവയാണ്. ഉദാഹരണത്തിനു പിതൃമാഗ്ഗത്തിലുള്ള ദായക്രമത്തിന്റെ കാര്യംതന്നെ എടുക്കുക. നമ്പൂതിരിമാരുടെ ആഗമനത്തിനു മുമ്പ് അതായിരുന്നു കേരളത്തിൽ നിലനിന്നിരുന്ന സമ്പ്രദായം. മരുമക്കത്തായം നമ്പൂതിരിമാരുടെ ഒരു കുതന്ത്രത്തിന്റെ ഫലമായിട്ടാണ് കേരളത്തിൽ വേരോടിയത്. നമ്പൂതിരിമാരുടെ ചുരുക്കം ചില ആചാരവിശേഷങ്ങൾ അനുകരണത്തിലൂടെ കേരളക്രിസ്ത്യാനികളിലേക്ക് സംക്രമിച്ചു എന്നു കരുതുന്നതിൽ തെറ്റില്ല.

കേരളത്തിലെ ആദിമക്രിസ്ത്യാനികൾ ആരായിരുന്നു എന്ന ചോദ്യം ഇനിയും അവശേഷിക്കുന്നു. ഈ ചോദ്യത്തിനു തൃപ്തികരമായി മറുപടി നൽകണമെങ്കിൽ എ. ഡി. ഒന്നാം നൂറ്റാണ്ടിലെ കേരളസമുദായത്തിന്റെ മതജീവിതത്തേക്കുറിച്ച് ചില കാര്യങ്ങൾ ഗ്രഹിച്ചേമതിയാവൂ. നമ്പൂതിരിമാരുടെ പ്രാബല്യത്തിനുശേഷം കേരളത്തിലുണ്ടായ തരത്തിലുള്ള ഹിന്ദുമതത്തോട് താരതമ്യപ്പെടുത്താവു

18. കൂടുതൽ വിവരങ്ങൾക്ക് K. K. PILLAY, Aryan Influence in Kerala History, History on the March; Kerala History Association Ernakulam, 1966, p. 137-150

ന്ന ഒരു മതജീവിതം അക്കാലത്ത് ഉണ്ടായിരുന്നില്ല. പ്രാകൃതദ്രാവിഡസമ്പ്രദായമാണ് അന്നുണ്ടായിരുന്നത്. ബുദ്ധജൈനമതങ്ങൾക്കും കേരളത്തിൽ നല്ല പ്രാചാരമുണ്ടായിരുന്നു. നമ്പൂതിരിമാരാണ് കേരളക്രിസ്ത്യാനികളുടെ പൂർവ്വികന്മാർ എന്നു വിശ്വസിക്കുന്ന എം. ഒ. ജോസഫ്തന്നെ എ. ഡി. ഒന്നാം നൂറ്റാണ്ടിലെ ബുദ്ധമതത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക.

> അക്കാലത്ത് കേരളത്തിലെ പ്രധാന മതവും പ്രധാനികളുടെ മതവും ബുദ്ധമതമായിരുന്നു. അശോകന്റെകാലത്തെ ബൌദ്ധമിഷനറിമാർ കേരളത്തേയും തങ്ങളുടെ പ്രവർത്തനരംഗമാക്കി. തദ്ഫാരാ ബി. സി. മൂന്നാം നൂറ്റാണ്ടു മുതൽ ഇവിടത്തെ പ്രധാനമതം ബുദ്ധമതമായിത്തീർന്നു. ബി. സി. ഒന്നാം നൂറ്റാണ്ടിലും എ. ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകളിലും കേരളത്തിൽ ബുദ്ധമതം അതിന്റെ പ്രതാപമൂർദ്ധന്യതയിൽ എത്തിയിരുന്നു. ചിലപ്പതികാരത്തിന്റെ കർത്താവായ ഇളങ്കോവടികളും അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ ചെങ്കുട്ടുവപ്പെരുമാളും കേരളത്തിലെ ബൌദ്ധസംസ്കാരത്തിന്റെ ഉജ്ജ്വല പ്രതീകങ്ങളാണ്. ബുദ്ധമതാനുയായികളായിരുന്ന ഭരണാധികാരികൾക്ക് ക്രിസ്തുവിന്റെ സന്ദേശം അല്പമെങ്കിലും വൈദേശികമായി തോന്നിയിരിക്കാൻ ഇടയില്ല. ദൈവത്തിന്റെ അസ്തിത്വം, ആത്മാവിന്റെ അമർത്യത മരണാനന്തരജീവിതം മുതലായ കാര്യങ്ങളിലേ ക്രിസ്തുവിന്റെ പഠനങ്ങളും ബുദ്ധന്റെ പഠനങ്ങളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടായിരുന്നുള്ളൂ. (19)

ഈ വസ്തുതകൾ വിശ്വസനീയമായ ഒരു നിഗമനത്തിലേക്ക് നമ്മെ നയിക്കുന്നു. കേരളത്തിലെ ആദിമക്രൈസ്തവർ ഏറിയകൂറും ബുദ്ധമതാനുയായികളായിരുന്നു എന്നതാണ് അനിവാര്യമായ ആ നിഗമനം. കേരളത്തിലെ ബുദ്ധമതാനുയായികൾ ദ്രാവിഡന്മാരായിരുന്നു, ആര്യന്മാരായിരുന്നില്ല. അന്നു കേരളത്തിലുണ്ടായിരുന്ന ബ്രാഹ്മണരിലും യഹൂദരിലും ചുരുക്കം ചിലർ ക്രിസ്തുമതം സ്വീകരിച്ചു എന്നു സങ്കല്പിക്കുന്നതിൽ വിരോധമില്ല. എന്നാൽ അവരുടെ എണ്ണം വളരെ പരിമിതമായിരുന്നു. ആദിമകേരളക്രൈസ്തവരിൽ ബഹുഭൂരിപക്ഷവും ബുദ്ധമതം ഉപേക്ഷിച്ച് ക്രിസ്തുമാർഗ്ഗത്തിൽ ചേർന്ന ദ്രാവിഡരായിരുന്നു. ഈ സത്യം ചുരുക്കം ചില ചരിത്രകാരന്മാർ മാത്രമേ ഗ്രഹിച്ചിട്ടുള്ളൂ. യുക്തിവാദി എം. സി. ജോസഫ്, ഇടമറുക് ജോസഫ് എൻ. കെ.

---

19. എം. ഒ. ജോസഫ്. കേരളവും ക്രിസ്ത്യൻ മിഷനറിമാരും, History on the March; P. 160

ജോസ് എന്നിവർ അക്കൂട്ടത്തിൽ പെടുന്നു(19a). മേല്പറഞ്ഞ അഭിപ്രായം സാധൂകരിക്കുന്നതിനു അവർ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട തെളിവുകളും ഇവിടെ ക്രോഡീകരിക്കാം. ക്രിസ്തുമതവിശ്വാസികളെ 'ബൗദ്ധക്കാർ' എന്ന പേരിൽ പഴയ 'കേരളോല്പത്തി'കളിലൊന്നിൽ പരാമർശിക്കുന്നുണ്ട്. കുപ്പിങ്ങാട്ട് ഇല്ലത്തിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത കേരളോല്പത്തിയിൽ ഇങ്ങനെ കാണുന്നു:

> 'പരദേശികളെന്നു നാമം ചൊല്ലി വകുദാശികൾനിന്നും ഒന്നു രണ്ടു ബൗദ്ധക്കാർ മലനാട്ടികൽ വന്നു കൊടുങ്ങല്ലൂരെന്ന ദിക്കിൽ ഇറങ്ങി ഞങ്ങളും മലനാട്ടിൽ രാജാവിനെ കാണ്മാൻ ആയതിനും വേദശാസ്ത്രങ്ങളും കേൾപ്പിപ്പാനും വന്നതെന്നു പറഞ്ഞു. (20)

വകുദാശി ബാഗ്ദാദാണ്(21). ബാഗ്ദാദിൽനിന്ന് അക്കാലത്ത് മതപ്രചാരണത്തിനു കേരളത്തിലെത്തിയവർ ബുദ്ധമതക്കാരായിരിക്കുകയില്ല, ക്രിസ്തുമതക്കാരായിരിക്കണം. ക്രിസ്തുമതവും ബുദ്ധമതവും തമ്മിൽ പ്രാചീനകേരളത്തിൽ അന്തരം കല്പിച്ചിരുന്നില്ല എന്നാണല്ലോ മേല്പറഞ്ഞ പരാമർശത്തിൽനിന്ന് അനുമാനിക്കേണ്ടത്. ബുദ്ധമതക്കാരുടെ 'മാഗ്ഗ'ശബ്ദംകൊണ്ട് ക്രിസ്തുമതത്തെ സൂചിപ്പിക്കുന്ന പതിവ് ഇന്നും കേരളത്തിലുണ്ട്. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ 'മാഗ്ഗ'ശബ്ദം നിരവധി പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. 'മാഗ്ഗപ്പിള്ള' എന്നതിന്റെ തദ്ഭവമാണ് 'മാപ്പിള' എന്ന അഭിപ്രായം സ്വീകാര്യമെങ്കിൽ(22) 'മാപ്പിള' ശബ്ദവും ക്രിസ്തുമതത്തിനു ബുദ്ധമതത്തോടുണ്ടായിരുന്ന ബന്ധത്തിനു നല്ലൊരു തെളിവായിത്തീരും. പിൽക്കാലത്ത് വിദേശമതക്കാർ എന്ന വിശാലാർത്ഥം ഈ പദത്തിനു വന്നു ചേർന്നതുകൊണ്ടാവണം മുസ്ലീങ്ങളെ 'മാപ്പിള'മാർ എന്നു വിളിച്ചതു്.

19a. പൂണ്ണവിവരങ്ങൾക്ക്: 1955 ഒസംബർ 4-ലെ മാതൃഭൂമി ആഴ്പ്പതിപ്പിൽ എം. സി. ജോസഫ് പ്രസിദ്ധീകരിച്ച ലേഖനം; ഇടമറുക്, 'കേരളസംസ്കാരം', വിദ്യാർത്ഥിമിത്രം, 1971; എൻ. കെ. ജോസ്, ആദിമ കേരള ക്രൈസ്തവർ, വിദ്യാർത്ഥിമിത്രം, 1972.

20. ഇടമറുക്, പുറം 99-100.

21. കേരളക്രിസ്ത്യാനികൾക്ക് മെത്രാന്മാരെ പ്രദാനം ചെയ്തിരുന്ന പ്രമുഖ ക്രൈസ്തവ കേന്ദ്രമായിരുന്ന ബാഗ്ദാദ്. പിൽക്കാലത്ത് മുസ്ലീങ്ങൾ ബാഗ്ദാദ് കീഴടക്കി. അതിനു ശേഷവും കേരളക്രിസ്ത്യാനികൾ ബാഗ്ദാദിൽനിന്നാണ് മെത്രാന്മാരെ സ്വീകരിച്ചിരുന്നതു്.

22. മഹാപിള്ള മാപ്പിള എന്ന അഭിപ്രായം ചരിത്രദൃഷ്ട്യാ സ്വീകാര്യമായിത്തോന്നുന്നില്ല.

ക്രിസ്ത്യാനികം ഹിന്ദുക്കളെ 'അജ്ഞാനികം' എന്ന വ്യപദേ ശിക്കാറുണ്ടായിരുന്നു. ഇതും ബുദ്ധമതസംബന്ധംമൂലമായിരിക്കണ മെന്ന് എം. സി. ജോസഫ് കരുതുന്നു.

> 'സാധാരണ ജ്ഞാനമില്ലാത്തവർ എന്ന അർത്ഥത്തിലല്ല ആ പ്രയോ ഗം. ബുദ്ധമതക്കാർ തങ്ങളുടെ മതത്തിനു ജ്ഞാനമാർഗ്ഗം എന്നാണു പറയാറുള്ളത്. ജ്ഞാനമാർഗ്ഗത്തിൽ അഥവാ ബുദ്ധമതത്തിൽ പെടാ ത്തവർ എന്നതാണ് അജ്ഞാനികം എന്നതിന്റെ വിവക്ഷ'(23).

മോക്ഷം, ധമ്മം, പള്ളി എന്നീ പദങ്ങളും ബുദ്ധമതത്തോട് കേരളക്രി സ്ത്യാനികംക്കുള്ള ആധമർണ്ണ്യമാണ് സൂചിപ്പിക്കുന്നത്. ക്രിസ്ത്യാനി കം പ്രസ്തുത പദങ്ങംക്ക് നൽകിയിരിക്കുന്ന സവിശേഷാർത്ഥങ്ങം ബുദ്ധമതഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. നസ്രാണിവനിതകളുടെ 'ചട്ട' ബുദ്ധഭിക്ഷുണികളുടെ വേഷത്തിൽനിന്നു ഉണ്ടായതാണെന്നു കരുതാം. പതിനാറാം നൂറ്റാണ്ടിൽ പോർത്തുഗീസുകാർ കേരളത്തിൽകണ്ട ക്രൈ സ്തവസമുദായം ഒരു നാഗരികസംസ്കാരത്തിന്റെ പിൻതുടച്ചക്കാരായി രുന്നു. അവർ തിങ്ങിപ്പാർത്തിരുന്ന അങ്ങാടികളിൽ തെരുവീഥികള ടെ ഇരുവശങ്ങളിലും നിരനിരയായി ഭവനങ്ങം നിർമ്മിച്ചിരുന്നു. ക്രൈസ്തവർക്കു ലഭിച്ചിട്ടുള്ള പ്രാചീന താമ്രശാസനങ്ങളിലും വാണി ജ്യാദിനഗരവ്യാപാരങ്ങളിൽ ഏർപ്പെട്ടന്ന ഒരു ക്രൈസ്തവസമുദായത്തെ യാണ് നമുക്ക് കാണാവുന്നത്. ഇതിൽനിന്നു വ്യക്തമാകുന്നത് കേ രള ക്രൈസ്തവർ ഒരു നാഗരികസംസ്കാരത്തിന്റെ പിൻതുടർച്ച ക്കാരാണെന്ന ചരിത്രസത്യമാണ്. ആര്യസംസ്കാരം ഗ്രാമവ്യവ സ്ഥയിൽ അധിഷ്ഠിതമായിരുന്നു. ദ്രാവിഡസംസ്കാരമാകട്ടെ സാ ർത്ഥികമായി നഗരസംസ്കാരവുമായിരുന്നു. ഇതും ക്രിസ്ത്യാനികംക്ക് ദ്രാവിഡവർഗ്ഗത്തോടുള്ള ബന്ധമാണ് സൂചിപ്പിക്കുന്നത്(24)

---

23. എം. സി. ജോസഫ്.

24. മാത്തോമ്മാക്രിസ്ത്യാനികംക്കു നഗരജീവിതത്തിലും നഗരവ്യാപാര ങ്ങളിലുമുണ്ടായിരുന്ന താല്പര്യം ഡോ. പി. ജെ. തോമസ് ചൂണ്ടിക്കാണിച്ചി ട്ടുണ്ട്. കേരളത്തിൽ പുതിയ പുതിയ വാണിജ്യകേന്ദ്രങ്ങം സ്ഥാപിക്കാൻ അ വരാണ് മുന്നിട്ടു നിന്നിരുന്നത്. "Unlike other Malayalis, they preferred to live in towns. This peculiarity in rural sociology is notable in Cochin and North Travancore. In fact most of the towns in the part of Kerala grew around the bazars founded by Syrian Christians. Whenever a ruler sought to enlarge his Capital City or founded a new town, he invited christians to colonize the place and he built for them churches and gave them house sites, often tax-free."

ഈ പ്രതിഭാസത്തിനു അദ്ദേഹം നൽകിയിരിക്കുന്ന വിശദീകരണം മറെറാ ന്നാണ്:

"How did syrians come to occupy such a Prominent place in trade? The indigenous christian folk, it is true, occupied a high social position, but like the

'ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ആളുകളും ചില ഹൈന്ദവ ക്ഷേത്രങ്ങളെ പള്ളികളാക്കി എന്നു് ഐതിഹ്യമുണ്ടല്ലോ. വാസ്തവത്തിൽ നാലും അഞ്ചും ശതകങ്ങൾക്കുമുമ്പു് ഇവിടെ ബുദ്ധമതവിഹാരങ്ങളല്ലാതെ ഹൈന്ദവക്ഷേത്രങ്ങളും ഉണ്ടായിരുന്നതേയില്ല. ക്രിസ്ത്യൻ ഐതിഹ്യങ്ങളിലെ ക്ഷേത്രങ്ങളും ബുദ്ധവിഹാരങ്ങളാണു്(24a).

ഇടമറുകിന്റെ ഈ അഭിപ്രായം ശ്രദ്ധേയമാണു്. മേല്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ കേരളത്തിലെ ആദിമ ക്രിസ്ത്യാനികളും ഏറിയപങ്കും ബുദ്ധമതം ഉപേക്ഷിച്ച ദ്രാവിഡരായിരുന്നു എന്നു ന്യായമായി വിശ്വസിക്കാം.

നമ്പൂതിരിമാരുടെ നേതൃത്വത്തിൽ ജാതിവ്യവസ്ഥകളും കേരളത്തിൽ നടപ്പിലാക്കിയകാലത്തു് (കൊല്ലവർഷാരംഭത്തിനുശേഷം) സാമ്പത്തികമണ്ഡലത്തിൽ ക്രിസ്ത്യാനികളും വലിയൊരു ശക്തിയായിത്തീർന്നിരുന്നു. തരിസ്സാപ്പള്ളിശാസനം ഇതിനു മതിയായ തെളിവാണു്. സാമൂഹ്യപദവികളും സാമ്പത്തിക നേട്ടങ്ങളെ അനുഗമിക്കുന്ന കാഴ്ച ഈ ശാസനത്തിൽ പ്രകടമായിക്കാണാം. ഈ സാഹചര്യത്തിലാണു് കുശാഗ്രബുദ്ധികളായ നമ്പൂതിരിമാർ ക്രിസ്ത്യാനികളെ ജാതിവിഭജനത്തിനു അതീതരായി പ്രതിഷ്ഠിച്ചതു്. സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ കരഗതമായ ഈ ഉന്നതപദവി ക്രൈസ്തവസമുദായത്തിന്റെ മനോഭാവത്തിൽ പല പരിവർത്തനങ്ങളും സൃഷ്ടിച്ചു. മറ്റു് ഉന്നത ജാതിക്കാരെപ്പോലെ അവരും അയിത്താചാരങ്ങളും അനുഷ്ഠിച്ചു തുടങ്ങി. ദ്രാവിഡജാതിക്കാരിൽനിന്നു അകന്നുനില്ക്കാൻ അവർ വെമ്പൽപൂണ്ടു. വർഗ്ഗപരമായ ഔന്നത്യം തെളിയിക്കുന്നതിനു നമ്പൂതിരിമാരുടെയും മറ്റും സാമൂഹ്യാചാരങ്ങളും ആവോളം

Nambudiris and Nairs, from whom they were drawn, they shunned trade. The change must have come by the influx of syrian colonists from Baghdad and Bazra in early days....The source of this heritage may not all be foreign. There is a tradition that large number of Tamil Christians settled down in Kerala owing to persecution in Tamil land, and that many of them were (Vellala) Chettis. There is reason to think that such colonists did come from Mylapore and Nagapatam."

Kerala's Trading Class, Journal of the Rama Varma Archaeological Society, Vol XVI, 1948, p. 8-13.

പ്രാചീന കേരളക്രൈസ്തവർ ആര്യവംശജരാണെന്ന വിശ്വാസമാണു് ഡോ. പി. ജെ. തോമസിനെ വഴിതെറ്റിച്ചതു്. രാജ്യാന്തരവാണിജ്യത്തിൽപ്പോലും നിഷ്ണാതരായിരുന്ന ദ്രാവിഡർ. കൂടുതൽ വിവരങ്ങൾക്കു്:

T. K. Krishna Menon, Dravidian Culture, Bulletin of the Sri Ramavarma Research Institute, No. 3, 1934, p. 19-22.

24a. ഇടമറുകു്, പു. 88.

അനുകരിച്ചു. പിൽക്കാലത്ത് പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനഫലമായി ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ദ്രാവിഡവംശജരെ സ്വന്തം ദേവാലങ്ങളിൽ പ്രവേശിപ്പിക്കാൻ അവർ വിസമ്മതിച്ചു. ആ സാഹചര്യത്തിലാണ് ചില സ്ഥലങ്ങളിൽ പുതുക്രിസ്ത്യാനികൾക്ക് പ്രത്യേകം പള്ളികളുണ്ടായത്(25). ഇന്നും കേരളത്തിലെ ക്രൈസ്തവസമുദായം ജാതിചിന്തകൾക്കതീതമായി ക്രൈസ്തവസാഹോദര്യം പുലർത്തുന്നു എന്നു പറകവയ്യ. മാർത്തോമ്മാക്രിസ്ത്യാനികൾ ജാതിമേന്മയിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നവരാണ്. മാർത്തോമ്മാക്രിസ്ത്യാനികളിൽപെട്ട തെക്കുംഭാഗരും വടക്കുംഭാഗരും പരസ്പരമുള്ള വിവാഹബന്ധം അഭിലഷണീയമായി കരുതുന്നില്ല. ലത്തീൻ കത്തോലിക്കരും സുറിയാനിക്കത്തോലിക്കരും തമ്മിലും വിവാഹബന്ധങ്ങൾ കുറവാണ്. സ്വജാതിവിവാഹത്തിലുള്ള നിർബ്ബന്ധബുദ്ധി യാണല്ലോ ജാതിചിന്തയുടെ പ്രകടമായ ലക്ഷണം. ഭാരതസമൂദായത്തെ പിടികൂടിയിരിക്കുന്ന ജാതിപ്പിശാചിൽനിന്നു കേരളക്രൈസ്തവരും വിമുക്തരല്ല എന്നു കരുതിയാൽ മതി.

കുടിയേറ്റങ്ങൾ, ചെപ്പേടുകൾ

മാർത്തോമ്മായുടെ കാലത്തിനുശേഷം കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഗതി എന്തായിരുന്നു എന്നു നിർണ്ണയിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. മാർത്തോമ്മാ ഏതാനും വൈദികരെയും ഒരു മെത്രാനെയും കേരളത്തിൽനിന്ന് തെരഞ്ഞെടുത്തിരുന്നു എന്നു പാരമ്പര്യമുണ്ടെങ്കിലും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് കാര്യമായ അറിവൊന്നുമില്ല. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പുതിയൊരു നിലയും വിലയും കൈവന്നത് ക്നായിത്തൊമ്മൻ എന്ന പേർഷ്യൻ വ്യാപാരിയുടെ ആഗമനത്തോടുകൂടിയാണെന്നു പലർക്കും അഭിപ്രായമുണ്ട്. എ. ഡി. 345 ൽ ഒരു സംഘം കുടുംബങ്ങളുമായിട്ടാണ് അദ്ദേഹം കൊടുങ്ങല്ലൂരെത്തിയത് എന്നു വിശ്വസിക്കപ്പെടുന്നു. അക്കൂട്ടത്തിൽ വൈദികരും മെത്രാനും ഉണ്ടായിരുന്നു. അർമേനിയാക്കാരനായിരുന്ന ക്നായിത്തൊമ്മന്റെ ആഗമനത്തിനുള്ള കാരണങ്ങളും വ്യക്തമല്ല(26).

---

25. ഉ. സൂ. കാനോനകളും, പു. 87-88 കാണുക.

26. എഡേസായിലെ മെത്രാനു കേരളക്രിസ്ത്യാനികളുടെ ദൈന്യാവസ്ഥയെക്കുറിച്ച് ഒരു ദർശനമുണ്ടായെന്നും അതനുസരിച്ച് ക്നായിത്തൊമ്മനെ കേരളത്തിലേക്കയച്ചെന്നുമാണ് ഒരു ഐതിഹ്യം. അർമേനിയായിലുണ്ടായ മതമർദ്ദനത്തെ തുടർന്നാണ് ക്നായിത്തൊമ്മനും ബന്ധുക്കളും കേരളത്തിലേക്ക് കുടിയേറിപ്പാർത്തതെന്ന് മറ്റു ചിലർ വിശ്വസിക്കുന്നു. ചരിത്രസത്യം ഗ്രഹിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല.

'Whatever the reason for their coming, the new settlers brought a great increase not so much in numbers as in influence and power to the native Christianity (27)' എന്ന അഭിപ്രായക്കാരായ ചരിത്രകാരന്മാർ നിരവധിയാണ്. വാണിജ്യമണ്ഡലത്തിൽ പ്രശോഭിച്ചിരുന്ന മുസിറിസിലെ ഭരണാധികാരികളും നവാഗതർക്ക് നിരവധി ആനുകൂല്യങ്ങളും അനുവദിച്ചുകൊടുത്തു. എഴുപത്തിരണ്ട് പദവികളും അനുവദിക്കുന്ന ഒരു ചെപ്പേട് ക്നായിത്തൊമ്മനു ചേരചക്രവർത്തി നൽകിയതായും കരുതപ്പെടുന്നു. നിർഭാഗ്യവശാൽ ഈ ചെപ്പേട് നഷ്ടപ്പെട്ടുപോയി.

ക്നായിത്തൊമ്മന്റെ ആഗമനത്തെക്കുറിച്ച് മേല്പറഞ്ഞകാര്യങ്ങളെല്ലാം അവിതർക്കിതചരിത്രവസ്തുതകളാണെന്ന് ധരിക്കരുത്. കേരളക്രിസ്ത്യാനികൾക്കിടയിൽ പ്രബലതരമായ ഒരു വിശ്വാസമാണിത് എന്നു നിസ്സംശയം പറയാം. ക്നായിത്തൊമ്മന്റെ ആഗമനകാലത്തെക്കുറിച്ച് നിരവധി അഭിപ്രായവ്യത്യാസങ്ങളുണ്ട്. എ. ഡി. 4–9 വരെയുള്ള നൂറ്റാണ്ടുകളിലെ വിവിധ വർഷങ്ങൾ ചരിത്രകാരന്മാരുടെ പരിഗണനയിലുണ്ട്. ക്നായിത്തൊമ്മൻ കേരളക്രൈസ്തവർക്ക് നേടിക്കൊടുത്തുവെന്നു പറയപ്പെടുന്ന പദവികളെക്കുറിച്ചും വിവാദങ്ങൾ ഒട്ടും കുറവല്ല. ക്നായിത്തൊമ്മന്റെ ആഗമനത്തെത്തുടർന്നു കേരളക്രൈസ്തവരിലുണ്ടായ ഒരു വിഭജനം ഈ വിഷയത്തെക്കുറിച്ചുള്ള പഠനങ്ങൾ കൂടുതൽ കലുഷിതമാക്കുന്നു. ക്നായിത്തൊമ്മനോടൊപ്പം കേരളത്തിലെത്തിയവരിൽ ഒരു വിഭാഗം വർഗ്ഗസങ്കരത്തിനിടകൊടുക്കാതെ എക്കാലവും നിലനിന്നിരുന്നുവെന്നും അവരുടെ പിൻഗാമികളാണ് തങ്ങളെന്നും അഭിമാനപൂർവ്വം വിശ്വസിക്കുന്ന ഒരു കൂട്ടം സുറിയാനിക്രിസ്ത്യാനികളുണ്ട്. അവരാണ് ക്നാനായക്കാർ അഥവാ തെക്കുംഭാഗർ. ക്നായിത്തൊമ്മനു ഒരു കേരളീയ സ്ത്രീയിൽ ജനിച്ച ജാരസന്തതികളാണ് മറ്റുള്ള മാത്തോമ്മാക്രിസ്ത്യാനികളെന്നും ചില തെക്കുംഭാഗർ പ്രഖ്യാപിക്കുന്നു. അവർ വടക്കുംഭാഗർ എന്നാണ് അറിയപ്പെടുന്നത്. ക്നായിത്തൊമ്മൻ സ്ഥാപിച്ച മകോതർ പട്ടണത്തിൽ തെരുവിന്റെ തെക്കുഭാഗത്തു താമസിച്ചിരുന്നവർ തെക്കുംഭാഗരും വടക്കുഭാഗത്തു താമസിച്ചിരുന്നവർ വടക്കുംഭാഗരുമായി. ഈ അഭിപ്രായം വടക്കുംഭാഗർ അംഗീകരിക്കുന്നില്ല. തെക്കുംഭാഗർ അവകാശപ്പെടുന്ന വർഗ്ഗശുദ്ധി അവർക്കില്ലെന്നും അവരാണ് യഥാർത്ഥ ജാരസന്തതികളെന്നും വടക്കുംഭാഗർ കരുതുന്നു. തെക്കുംഭാഗർ ക്നായിത്തൊമ്മന്റെ പ്രവർത്തനങ്ങൾ പെരുപ്പിച്ചുകാട്ടാൻ ശ്രമിക്കുമ്പോൾ വടക്കുംഭാഗർ അതിനെ നിസ്സാ

---

27. KA. NAA. Subramanyam, The Catholic Community In India, page. 9

രീകരിക്കാൻ ശ്രമിക്കുന്നു. നിർഭാഗ്യകരമായ ഈ വിവാദം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. പോർത്തുഗീസുകാരുടെ ആഗമനകാലത്തുതന്നെ ഈ വിവാദം ഉച്ചകോടിയിലെത്തിയിരുന്നു. ആർച്ച് ബിഷപ്പ് റോസ് സമാധാനം സൃഷ്ടിക്കാൻ നടത്തിയ ശ്രമങ്ങളൊന്നും ശാശ്വതഫലങ്ങളം ഉളവാക്കിയില്ല. ഇന്ന് റോമൻ കത്തോലിക്കാസഭയിലും ഓർത്തഡോക്സ് (അഥവാ യാക്കോബായ) സഭയിലും തെക്കുംഭാഗർക്ക് പ്രത്യേകം പള്ളികളും മെത്രാന്മാരുമുണ്ട്. തെക്കുംഭാഗരെന്നും വടക്കുംഭാഗരെന്നുമുള്ള ഭേദം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നു സാരം (28)

ക്നായിത്തൊമ്മനു ലഭിച്ചു എന്നു പറയുന്ന ചെപ്പേടിനെക്കുറിച്ച് അല്പമൊന്നു അനേഷിക്കാം. മാത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായിരുന്ന മാർ യാക്കോബ് അന്ത്യകാലംകഴിച്ചുകൂട്ടിയത് പോർത്തുഗീസുകാരുടെ സംരക്ഷണയിലായിരുന്നു. അക്കാലത്ത് സുറിയാനിക്രിസ്ത്യാനികളുടെ ചെപ്പേടുകളം പോർത്തുഗീസുകാരുടെ കൈവശത്തിലായി. പോർത്തുഗീസ് ഭരണാധികാരികളം ഒരു യഹൂദന്റെ സഹായത്തോടുകൂടി ത്രിഭാഷകളിൽ എഴുതപ്പെട്ടിരുന്ന ക്നായിത്തൊമ്മൻചെപ്പേട് വായിച്ചു. പിന്നീട് യഹൂദൻ തയ്യാറാക്കിയ മലയാള തർജമ പോർത്തുഗീസ് ഭാഷയിലേക്ക് തർജമചെയ്തു. യഥാർത്ഥ താമ്രശാസനത്തിന് എന്തു സംഭവിച്ചു എന്ന് അറിഞ്ഞുകൂടാ. 1599ൽ ഈ ചെപ്പേട് കൊച്ചിയിൽവച്ച് ഒരു പോർത്തുഗീസുകാരൻ കാണുകയുണ്ടായി. 1604ൽ ചെപ്പേട് കൊച്ചിയിലില്ലായിരുന്നു എന്ന് റോസ്മെത്രാൻ സാക്ഷിപ്പെടുത്തുന്നുണ്ട്. (29) പിൽക്കാലത്ത് മാത്തോമ്മാക്രിസ്ത്യാനികളുടെ മറ്റു ചെപ്പേടുകളം ക്രിസ്ത്യാനികളെ തിരിച്ചേല്പിച്ചത് കേണൽ മെക്കാളെയായിരുന്നു (1806). കൊച്ചി പണ്ടകശാലയിൽനിന്നു കണ്ടെടുത്ത ആറു തകിടുകളാണ് അന്ന് മാത്തോമ്മാക്രിസ്ത്യാനികളുടെ കൈവശം വന്നുചേർന്നത്. മാർ യാക്കോബിന്റെ മരണത്തിനുശേഷം 1806വരെ അവ കൊച്ചിപണ്ടകശാലയിൽ കിടക്കുകയായിരുന്നു. വെളിച്ചം കണ്ട ആറു തകിടുകളിൽ ഒരെണ്ണം വീരരാഘവപ്പട്ടയം അഥവാ ഇരവി

---

28. തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിലുള്ള വിവാദത്തിന്റെ ആഴവും പരപ്പും ഗ്രഹിക്കുന്നതിനു താഴെപ്പറയുന്ന രണ്ട് കൃതികളം മതിയാകും. (1) ജോസഫ് ചാഴികാട്ട്, തെക്കുംഭാഗസമുദായ ചരിത്രം, കോട്ടയം, 1940. (2) ജോസഫ് കുമ്പാങ്കൻ, തെക്കുംഭാഗരും വടക്കുംഭാഗരും, ആലപ്പുഴ, 1944.

29. ചെപ്പേടിനെക്കുറിച്ചുള്ള ഈ വിവരങ്ങളം Mundadan, Traditions, page 132–135ൽ നിന്നു മനസ്സിലാക്കുന്നതാണ്.

കൊത്തൻ ചെപ്പേടാണ്. ഇത് കോട്ടയത്തുള്ള ദേവലോകം അരമന യിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കി അഞ്ചു തകിടുകളും തരിസാപ്പ ള്ളിശാസനത്തിന്റെ ഭാഗങ്ങളാണ്. തരിസാപ്പള്ളി ഒന്നാം ശാസ നത്തിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും തകിടുകൾ അക്കൂട്ടത്തി ലുണ്ട്. അവ യഥാക്രമം തിരുവല്ലാ മാത്തോമ്മാമെത്രാപ്പോലീ ത്തായുടെ അരമനയിലും കോട്ടയം ദേവലോകം അരമനയിലും സൂക്ഷിച്ചിരിക്കുന്നു. രണ്ടാമത്തെ തരിസാപ്പള്ളിശാസനത്തിന് നാ ലു തകിടുകളുണ്ടായിരുന്നതിൽ മൂന്നെണ്ണവും അക്കൂട്ടത്തിൽ ലഭിച്ചു. ഒന്നാമത്തെ തകിടാണ് ലഭിക്കാനുള്ളത്. രണ്ടാമത്തേയും മൂന്നാമ ത്തേയും തകിടുകൾ കോട്ടയം ദേവലോകം അരമനയിലും നാലാമ ത്തെ തകിട് തിരുവല്ലാ മാത്തോമ്മാമെത്രാപ്പോലീത്തായുടെ അരമ നയിലും സൂക്ഷിച്ചിരിക്കുന്നു. ഇതാണ് കേണൽ മെക്കാളെ കണ്ടെ ത്തിയ ചെപ്പേടുകളുടെ കഥ. ഇക്കൂട്ടത്തിൽ ക്നായിത്തൊമ്മൻ ചെ പ്പേട് ഇല്ലെന്ന് വ്യക്തമായല്ലോ. അതു മാത്രം എങ്ങനെ നഷ്ടപ്പെട്ടു? ഉത്തരം കിട്ടാത്ത ചോദ്യമാണിത്. തരിസാപ്പള്ളിശാസനത്തിന്റെ നഷ്ടപ്പെട്ടപോയ തകിടുകളോടൊപ്പം ക്നായിത്തൊമ്മൻ ചെപ്പേ ടും ലോകത്തിന്റെ ഏതെങ്കിലും കോണിൽ അടിഞ്ഞുകിടപ്പു ണ്ടാവും.

ക്നായിത്തൊമ്മൻചെപ്പേടിന്റെ ഉള്ളടക്കം സംക്ഷിപ്തമായി വിവരിക്കുന്ന ഒരു രേഖ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. അത് ചെപ്പേടിന്റെ തർജമയല്ലെന്നതോ പോകട്ടെ പതിനേഴാം നൂറാ ണ്ടിൽ കേരളത്തിൽ പ്രചാരത്തിലിരുന്ന പാരമ്പര്യത്തിന്റെ സംഗ്ര ഹം മാത്രമാണെന്നും ചരിത്രകാരന്മാർ കരുതുന്നു. (30)

'യഥാർത്ഥത്തിൽ ചെപ്പേടിൽ പ്രയോഗിച്ച പദങ്ങളും ഏതാണെന്ന് തിട്ടം വരുത്താതെ അവയെ ആശ്രയിച്ച് എന്തെങ്കിലും ഊഹാപോഹങ്ങളും നടത്തുന്നതിൽ അർത്ഥമില്ല.' (31)

എന്ന അഭിപ്രായംതന്നെയാണ് ഈ ലേഖകനുമുള്ളത്. പോരെങ്കിൽ പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള മനോധർമ്മവിലാസങ്ങളും സ്വാഭി പ്രായങ്ങളും ചരിത്രമെന്ന ലേബലോട്ടുകൂടി അച്ചടിച്ചിറക്കി അസ്വ സ്ഥതകളും സൃഷ്ടിച്ചവരെക്കുറിച്ചോർക്കുമ്പോൾ വസ്തുനിഷ്ഠമായ തെ ളിവുകൾ ലഭിക്കുവോളം മൗനവ്രതം പാലിക്കുകയാണ് സാമൂഹ്യ ബോധമുള്ള ചരിത്രവിദ്യാർത്ഥിയുടെ ധർമ്മമെന്ന് എളപ്പത്തിൽ ബോധ്യപ്പെടുന്നു.

---

30. L. W. Brown, page 73.

31. എൻ. കെ. ജോസ്, കേരളക്രൈസ്തവരുടെ താമ്രശാസനങ്ങൾ, പുറം, 56.

മാത്തോമ്മാക്രിസ്ത്യാനികളുടെ രണ്ടു പ്രാചീന കേന്ദ്രങ്ങളാ കൊട്ടങ്ങല്ലൂരും കൊല്ലവുമായിരുന്നു എന്നതിനു വ്യക്തമായ തെളിവുകളുണ്ട്. കൊട്ടങ്ങല്ലൂരിന്റെ പ്രാധാന്യം മുകളിൽ വിവരിച്ച കാര്യങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ടല്ലോ. ഇനി നമുക്കു കൊല്ലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിക്കാം. മാത്തോമ്മാ സ്ഥാപിച്ച ഏഴു പള്ളികളിലൊന്നു കൊല്ലത്തായിരുന്നു എന്നാണു പാരമ്പര്യാഗതമായ വിശ്വാസം. പുരാതന കേരളത്തിലെ മികച്ച നഗരങ്ങളിലൊന്നായിരുന്ന കൊല്ലത്തിനു വാണിജ്യമണ്ഡലത്തിലുണ്ടായിരുന്ന പ്രാധാന്യം സുവിദിതമാണു. അവിടത്തെ ക്രിസ്ത്യാനികളും വാണിജ്യമണ്ഡലത്തിൽ പ്രശോഭിച്ചിരുന്നതിൽ വിസ്മയമൊന്നുമില്ല. കൊല്ലവർഷാരംഭത്തിനടുത്തു കൊല്ലത്തെത്തിച്ചേർന്ന പേർഷ്യൻ കുടിയേറക്കാർ വാണിജ്യരംഗത്തു ക്രിസ്ത്യാനികളുടെ പങ്കു വർദ്ധിപ്പിച്ചു. പേർഷ്യൻ കുടിയേറ്റക്കാരുടെ കൂട്ടത്തിൽ മാർ സപോർ, മാർ പ്രോത്തു എന്നു രണ്ടു വിശുദ്ധാത്മാക്കളുണ്ടായിരുന്നു. അവർ കൊല്ലത്തു ഒരു ദേവാലയം സ്ഥാപിച്ചു എന്നാണു ഐതിഹ്യം. ആ പുണ്യാത്മാക്കളെ കേരളൈക്രസ്തവസമുദായത്തിനു ഭൗതികമേന്മകളെ മാത്രമല്ല ആദ്ധ്യാത്മികാഭിവൃദ്ധിയും നേടിക്കൊടുത്തു. പോർത്തുഗീസുകാർ കേരളത്തിലെത്തുന്നകാലത്തു 'കന്ദീശാകളെ' എന്ന പേരിലാണു മാത്തോമ്മാക്രിസ്ത്യാനികളെ ഈ പുണ്യാത്മാക്കളെ അനുസ്മരിച്ചിരുന്നതു. 'കന്ദീശാ' എന്ന സുറിയാനിപ്പദത്തിനു Holy എന്നാണു അർത്ഥം. 15-ാം നൂറ്റാണ്ടിൽ കേരളത്തിലെ ദേവാലയങ്ങളിൽ ചിലതു ഈ കന്ദീശാകളുടെ പേരിലാണു അറിയപ്പെട്ടിരുന്നതു. ഉദയംപേരൂർ സൂനഹദോസു നടന്ന ദേവാലയംപോലും ഈ വിശുദ്ധരുടെ പേരിലായിരുന്നു. (32)

മാത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിലെ അവിതർക്കിതമായ ഒരു ചരിത്രരേഖ എ.ഡി. 848–849ലെ തരിസാപ്പള്ളി ചെപ്പേടാണു. രണ്ടു താമ്രശാസനങ്ങളാണു അതിന്റെ ഉള്ളടക്കം. സ്ഥാണുരവിചക്രവർത്തിയുടെ സാമന്തനായിരുന്ന വേണാട്ടിലെ അയ്യനടികളാണു നൽകിയവയാണു ആ ശാസനങ്ങളും. കുരക്കേണി കൊല്ലത്തു തരിസാപ്പള്ളി നിർമ്മിച്ച മരുവാൻ സപരീശോ(33) എന്ന പ്രമാണി

---

32. ഉദയമ്പേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളിലൊന്നു ഈ വിശുദ്ധരുടെ പേരിലുള്ള ദേവാലയങ്ങളെല്ലാം 'സകല വിശുദ്ധരുടെയും, നാമത്തിലാക്കണം എന്നുള്ളതായിരുന്നു. ഉ. സൂ. കാ. പുറം 82

33. കന്ദീശാകളിൽ ഒരാളായിരുന്ന മാർ സപോർ തന്നെയാണു മരുവാൻ സപരീശോ എന്നു കരുതുന്നതിൽ യുക്തിഭംഗമൊന്നുമില്ല.

ക്കാണ്. അവ നൽകിയിരിക്കുന്നത്. തരിസാപ്പള്ളിക്കാർക്ക് നിരവധി ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ് ഒന്നാമത്തെ ശാസനം. ഏതാനും അടിമപ്പണിക്കാരെ വിട്ടുകൊടുക്കുന്നതിനു പുറമേ ചിലനികുതികളും പിരിക്കുന്നതിനുള്ള അവകാശവും പള്ളിക്കാക്ക് അയ്യനടികളും നൽകുന്നു. നേരത്തേ തന്നെ അവർക്ക് അവകാശപ്പെട്ടിരുന്ന 'വാരക്കോൽ', 'കപ്പം' 'പഞ്ചകണ്ടി' എന്നിവയുടെ അധികാരം(34) അദ്ദേഹം തുടർന്നും അനുവദിക്കുന്നു. അട്ടിപ്പേറായി അനുഭവിക്കുന്നതിനു നൽകിയിരിക്കുന്ന വിട്ടുപേറുകളും ഉലകും ചന്ദ്രാദിത്യരും ഉള്ളകാലം വരെ നിലനിൽക്കും. രണ്ടാം ശാസനത്തിന്റെ പ്രയോജനം പള്ളിക്കാർക്കു മാത്രമല്ല. അഞ്ചുവണ്ണം മണിഗ്രാമം എന്നീ വർത്തകസംഘങ്ങൾക്കുള്ള ആനുകൂല്യങ്ങളും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'നകര'(35) മുണ്ടാക്കി അതിന്റെ ഉടമയായിത്തീർന്ന മരുവാൻ സപരീശോ തരിസാപ്പള്ളിക്ക് എഴുതിച്ചുകൊടുത്ത ഭൂമിയുടെ എല്ലുകനിർണ്ണയിച്ച് എല്ലുകല്ലുകത്തുള്ള ഭൂമി ചെപ്പേടിൽ എഴുതിക്കൊടുത്തിരിക്കുന്നു. അറുനൂറുവരും(36) മണിഗ്രാമവും(37) അഞ്ചുവണ്ണവും (38) പള്ളിയെ രക്ഷിച്ചുകൊള്ളണം എന്ന കല്പനയും ഇതിലുണ്ട്. ചുങ്കം നിർണ്ണയിക്കുന്നതിലും ചരക്കിനുവിലയിടുന്നതിലും പള്ളിക്കാർക്ക് ചില അവകാശങ്ങളും അനുവദിച്ചിരിക്കുന്നു. പള്ളിക്കാർക്ക് കല്യാണത്തിന് ആനമേൽ മണ്ണനീർ മുതലായ എഴുപത്തിരണ്ട് വിട്ടുപേറും അനുവദിച്ചുകൊടുത്തു. അന്നുള്ള ചുങ്കം മുദ്രവച്ചു സൂക്ഷിക്കാനുള്ള ചുമതല മണിഗ്രാമത്തിനും അഞ്ചുവണ്ണത്തിനുമാണ്. വി

---

34. ഈ അവകാശങ്ങൾ എന്താണെന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല. വാണിജ്യസംബന്ധമായ അവകാശങ്ങളാണെന്ന് തോന്നുന്നു. അളവിനും തൂക്കത്തിനുമുള്ള അവകാശമെന്ന് കരുതാം.

35. 'നകര' ശബ്ദത്തിന് 'പട്ടണം' (കൊല്ലം നഗരം) എന്നും 'വർത്തകസംഘ'മെന്നും വ്യത്യസ്താർത്ഥങ്ങളാണ് പണ്ഡിതന്മാർ കല്പിച്ചിട്ടുള്ളത്.

36. വേണാട്ടിലെ ദേശീയസമിതി

".. it refers to a community of six hundred persons who were holding control over the affairs of a particular nadu or division of country" T. A. S. Vol II, Govt of Travancore,page 725

37. ഒരു വർത്തകസംഘം. ഇവർ ക്രൈസ്തവരായിരുന്നുവെന്നും പിൽക്കാലത്ത് ക്രൈസ്തവവിശ്വാസം ഉപേക്ഷിച്ച് ഹൈന്ദവരായിത്തീർന്നുവെന്നും പ്രബലമായ വിശ്വാസമുണ്ട്. ഈ സംഘത്തിൽ ക്രൈസ്തവർക്കുണ്ടായിരുന്ന സ്ഥാനത്തിന് തഴക്കാട്ടുപള്ളിശാസനവും വീരരാഘവപ്പട്ടയവും മതിയായ തെളിവുകളാണ്.

38. ഒരുവർത്തകസംഘം. യഹൂദന്മാർക്ക് ഇതിലുണ്ടായിരുന്ന സ്ഥാനത്തിന് എ ഡി. 999—1000ലെ യഹൂദശാസനം നല്ല തെളിവാണ്.

ലക്കിയിട്ടുള്ള ഭൂമി(39) കാരാണ്മകൊട്ടത്താൽ കോപ്പതവാരം രാജ ഭണ്ഡാരത്തിനും പതിപ്പതുവാരം അഞ്ചുവണ്ണത്തിനും മണിഗ്രാമത്തി നും ലഭിക്കണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നു. 'നകര' മുണ്ടാക്കി അതിന്റെ ഉടമയായിത്തീർന്ന മരുവാൻ സപരീശോ വാരക്കോലും പഞ്ചക്കണ്ടിയും (മുന്നമേ പള്ളിയിലേക്ക് ലഭിച്ചിട്ടുള്ളതു) തുക്കി തു ക്കുകുലി പള്ളിക്ക് കൊടുക്കണം എന്നും നിബന്ധനയുണ്ട്(40). കേ രള ചരിത്രത്തിലും മലയാളഭാഷാ ചരിത്രത്തിലും സുപ്രധാന രേഖ കളാണ് തരിസാപ്പള്ളി ശാസനങ്ങൾ(41). സുറിയാനി ക്രിസ്ത്യാ നികൾക്ക് വാണിജ്യരംഗത്തുണ്ടായിരുന്ന സുപ്രധാനമായ പങ്കും സ മൂഹത്തിലുണ്ടായിരുന്ന ഉന്നതപദവിയും ചെപ്പേടുകളിൽ നിന്ന് വ്യ ക്തമാകുന്നുണ്ട്. പേർഷ്യൻ കുടിയേറ്റക്കാരായിരുന്ന ക്രിസ്ത്യാനികൾ ക്കു മാത്രമല്ല കൊല്ലത്തുണ്ടായിരുന്ന എല്ലാ ക്രിസ്ത്യാനികൾക്കും ഈ ചെപ്പേടിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കൊല്ലത്തെത്തിയ പേർ ഷ്യൻ കുടിയേറ്റക്കാർ കേരള ക്രൈസ്തവസമുദായത്തിൽ പൂർണ്ണമായി ലയിച്ചുചേർന്നു. തരിസാപ്പള്ളി ചെപ്പേടുകൾ നൽകിയ ആനു കൂല്യങ്ങൾ കൊല്ലത്തെ ക്രിസ്ത്യാനികൾ വളരെക്കാലത്തേക്ക് അനു ഭവിച്ചിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. ഉദാഹരണ

---

39. പള്ളിവക ഭൂമിയാകയാൽ അവിടെ പ്രവേശിക്കാൻ ഉദ്യോഗസ്ഥ ന്മാർക്ക് അനുവാദമില്ല.

40. ചെപ്പേടുകളുടെ പൂർണ്ണമായരൂപവും ഇംഗ്ലീഷ് തർജമയും വിശദീകര ണങ്ങളും: T. A. Gopinatha Rao, T. A. S. vol II, Govt. of Travancore, 1916, Page 60-85. കേരളഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ ശാസനത്തിന്റെ യഥാർത്ഥ ഭാ ഷാസ്വരൂപം മനസ്സിലാക്കാൻ കഴിയാഞ്ഞ ടി. എ. ഗോപിനാഥറാവു തമിഴ് ലിപിയിലാണ് ശാസനം അച്ചടിച്ചിരിക്കുന്നത്. കേരളഭാഷയിലുള്ള മറ്റു പ ല ശാസനങ്ങൾക്കും ടി എ. എസ്. ൽ ഇതേ ഗതികേടുതന്നെ സംഭവിച്ചിട്ടുണ്ട്.

ഇളംകുളത്തിന്റെ ഇംഗ്ലീഷ് തർജ്ജമയും വിശദീകരണങ്ങളും: Studies in Kerala History, N. B. S., Kottayam, 1970, 370-377.

ടി. കെ. ജോസഫിന്റെ പരിഭാഷ: ഇ. എം. പീലിപ്പോസ്, മാ ത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, ചിങ്ങവനം, 1951, പുറം 464-468, ഉദ്ധ രിക്കുന്നത്.

41. കൃത്യമായി കാലനിർണ്ണയനം ചെയ്തിട്ടുള്ള ഈ ചരിത്രരേഖയിൽനി ന്നാണ് അന്നത്തെ രാഷ്ട്രീയസാമൂഹ്യവ്യവസ്ഥയെക്കുറിച്ച് നിരവധി വിവരങ്ങൾ ലഭിക്കുന്നുണ്ട്. തരിസാപ്പള്ളി ശാസനങ്ങളിൽ ഒന്നാമത്തേതിന്റെ മൂലപകർപ്പ് (autograph) തന്നെയാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. കേരളഭാഷയുടെ വികാസ ചരിത്രത്തിലെ ഒരു ഘട്ടം തന്നെയാണ് അതിൽ പ്രകടമാകുന്നതെന്ന് ചിലർ വിശ്വസിക്കുന്നു. മറ്റു ചിലരുടെ അഭിപ്രായത്തിൽ രാജഭാഷയായിരുന്ന ചെന്ത മിഴിൽ വ്യവഹാരഭാഷ നഴഞ്ഞു കയറാൻ തുടങ്ങിയ ഘട്ടത്തെയാണ് ചെപ്പേ ടിലെ ഭാഷ പ്രകടമാക്കുന്നത്.

ത്തിന് 1348–ൽ പോപ്പിന്റെ പ്രതിനിധിയായി കൊല്ലം സന്ദർശിച്ച ജോൺ മരിങ്ങ്നോലി കൊല്ലത്ത് അളവിനും തൂക്കത്തിനുമുള്ള അധികാരികളായി (Master of the public weighing office) കണ്ടത് മാത്തോമ്മാക്രിസ്ത്യാനികളെയാണ്(42). തരിസാപ്പള്ളി രണ്ടാംശാസനത്തിലൂടെ ലഭിച്ച അവകാശമായിരുന്നു ഇത്.

മാത്തോമ്മാക്രിസ്ത്യാനികളും തങ്ങളുടെ പൈതൃകത്തിന്റെ ഭാഗമായിക്കരുതുന്ന വീരരാഘവപ്പട്ടയം അഥവാ ഇരവികൊത്തൻ ചെപ്പേടിനെക്കുറിച്ച് ചില കാര്യങ്ങളും പറയേണ്ടിയിരിക്കുന്നു. എ. ഡി. 230 മുതൽ 1320 വരെയുള്ള വിവിധവഷ്ങ്ങളും ഇതിന്റെ രചനാകാലമായി വിദഗ്ദ്ധന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. എ.ഡി. 1225 എന്ന അഭിപ്രായമാണ് പ്രഫ. ഇളംകുളം പ്രകടിപ്പിച്ചിട്ടുള്ളത്. ഭാഷാപരമായി നോക്കിയാലും ഈ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായിത്തോന്നുക. പെരുമ്പടപ്പിലെ മൂപ്പനായിരുന്ന വീരരാഘവ ചക്രവത്തിയാണ് ദാതാവ്. സ്ഥലം മകോതയർ പട്ടണമാണ്. ഇരവികൊത്തനാണ് ചെപ്പേടു ലഭിച്ചിരിക്കുന്നത്. രവിഗോവർധനന്റെ തദ്ഭവമാണ് ഇരവികൊത്തൻ (43). അദ്ദേഹത്തിന് മണിക്കിരാമപട്ടവും(44) 'തനിച്ചെട്ടും' (45) ചെപ്പേടിലൂടെ ലഭിക്കുന്നു. ഇവയ്ക്കു പുറമേ പഞ്ചവാദ്യം, മുൻനട, ശംഖ്, പകൽവിളക്ക്, പാവാട, കൊറവക്കുട എന്നിങ്ങനെയുള്ള ഏതാനും പദവികളും അനുവദിച്ചിട്ടുണ്ട്. ചില പ്രദേശങ്ങളിൽനിന്ന് ചുങ്കവും കടത്തുകൂലിയും പിരിക്കുന്നതിന് അനുവാദവും നൽകി. ഐങ്കമ്മാളരെ അടിമകളായി നൽകിയിരുന്നു (45a). കൊടുങ്ങല്ലൂരിൽ നിവസിച്ചിരുന്ന ക്രൈസ്തവർക്ക് സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ ലഭിച്ച വളർച്ചക്ക് ഉത്തമ നിദർശനമാണ് ഈ ചെപ്പേട്.

'തരിസാപ്പള്ളി ചെപ്പേടിന്റെയും വീരരാഘവപ്പട്ടയത്തിന്റെയും ഉള്ളടക്കങ്ങളും തമ്മിലുള്ള താരതമ്യപഠനം കേരളത്തിലെ ക്രൈസ്തവരുടെ

---

42. Brown, page, 83.

43. പേരുകൊണ്ട് ക്രിസ്ത്യാനിയാണോ എന്ന നിർണ്ണയിക്കാൻ സാദ്ധ്യമല്ല. ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് കേരളക്രിസ്ത്യാനികളും കേരളീയ നാമങ്ങളാണ് ധാരാളമായി ഉപയോഗിച്ചിരുന്നത്.

44. മണിഗ്രാമപദവി; മണിഗ്രാമം എന്ന വ്യത്തകസംഘത്തിന്റെ നേതൃത്വം?

45. കച്ചവടത്തിലുള്ള കുത്തകാവകാശം.

45 a. ഉ. സൂനഹദോസ് നടക്കുന്നകാലത്തും കുമ്മാളർ ക്രിസ്ത്യാനികളുടെ ആശ്രിതരായിട്ടാണ് കഴിഞ്ഞുകൂടിയിരുന്നത്. ക്രൈസ്തവർക്ക് ധാരാളം അടിമകളും (വെള്ളാട്ടികളും) ഉണ്ടായിരുന്നു എന്നതിനു ഉ. സൂ. കാനോനകളിൽ അനേകം തെളിവുകളുണ്ട്.

വളർച്ചയെ വ്യക്തമാക്കും. തരിസാപ്പള്ളി ചെപ്പേടുകളും എ. ഡി. 848-ലാണ് നൽകപ്പെട്ടതെങ്കിൽ അതിന് 377 വർഷങ്ങൾക്കുശേഷം നൽകപ്പെട്ട വീരരാഘവപ്പട്ടയത്തിന് അതിൽനിന്നും വ്യക്തമായ മാറ്റം ദർശിക്കുവാൻ സാധിക്കും. തരിസാപ്പള്ളി ചെപ്പേടിലൂടെ കച്ചവട സംബന്ധമായ അവകാശങ്ങളും അധികാരങ്ങളുമാണ് നൽകുന്നതെങ്കിൽ വീരരാഘവപ്പട്ടയത്തിൽ അംഗീകൃത വ്യാപാരികൾക്കു നൽകുന്ന പാരിതോഷികമാണ് പ്രമേയം. വീരരാഘവപ്പട്ടയത്തിന്റെ കാലമായപ്പോഴേക്കും കേരളത്തിന്റെ വ്യാപാരത്തിലെ കുത്തക ക്രൈസ്തവർക്കായി. നാലുനൂറ്റാണ്ടുകാലത്തെ വളർച്ചയുടെ ഫലം അതിൽ കാണാം' (46)

എന്ന അഭിപ്രായം ഈ ലേഖകനും പൊതുവേ സ്വീകാര്യമാണെങ്കിലും ഒന്നുരണ്ട് ചെറിയ കാര്യങ്ങളും ഓർമ്മിക്കേണ്ടതുണ്ടെന്നു തോന്നുന്നു. ഒന്നാമതായി, ഈ രണ്ടു ചെപ്പേടുകളും രണ്ടു വ്യത്യസ്ത കേന്ദ്രങ്ങളിലെ ക്രൈസ്തവർക്ക് ലഭിച്ചവയാണ് എന്നകാര്യം ഓർമ്മിക്കണം. പ്രത്യേകം ഓർമ്മിക്കേണ്ട മറ്റൊരുകാര്യം വീരരാഘവപ്പട്ടയം ക്രൈസ്തവർക്ക് ലഭിച്ച ശാസനമാണെന്ന് കാണിക്കുന്നതിന് അനിഷേധ്യമായ തെളിവുകളൊന്നുംഇന്ന് ലഭിച്ചിട്ടില്ലെന്നുള്ളതാണ്(47). പുരാതനകാലം മുതൽ തന്നെ ഈ ചെപ്പേട് ക്രൈസ്തവരുടെ കൈവശത്തിലായിരുന്നു എന്നകാര്യം വിസ്മരിച്ചുകൊണ്ടല്ലേ ഇത് എഴുതുന്നത്.

എ. ഡി. 1028നും 1043നും ഇടയ്ക്ക് എഴുതപ്പെട്ട താഴക്കാട്ട പള്ളിശാസനം ചാത്തൻ വട്ടകൻ, ഇരവി ചാത്തൻ എന്ന രണ്ടു വ്യാപാരികൾക്ക് ചില പ്രത്യേക അവകാശങ്ങളും അനുവദിക്കുന്നതാണ്. പ്രസ്തുത ശാസനത്തെക്കുറിച്ച് ഡോ. ശ്രീധരമേനോൻ ഇങ്ങനെ എഴുതുന്നു:

'രാജസിംഹന്റേതായി (1028-1043) താഴക്കാട്ടപള്ളിയിലുള്ള ശാസനം മണിഗ്രാമത്തിലെ അംഗങ്ങളായിരുന്ന ചാത്തൻ വട്ടകൻ, ഇരവി ചാത്തൻ എന്ന രണ്ടു ക്രിസ്ത്യൻ കച്ചവടക്കാർക്ക് ചില അധികാരങ്ങളും ചാത്തിക്കൊട്ടത്തതായി പറയുന്നു' (48)

മേല്പറഞ്ഞ ശാസനങ്ങളിൽനിന്ന് രണ്ടുകാര്യങ്ങളും പ്രകടമാകുന്നു. ഒന്ന്, കേരളത്തിന്റെ വാണിജ്യമണ്ഡലത്തിൽ മുഖ്യപ്രധാന

---

46. എൻ. കെ. ജോസ്, കേരളക്രൈസ്തവരുടെ താമ്രശാസനങ്ങളും, വിദ്യാർത്ഥിമിത്രം, 1974, പുറം 36-37.

47. 'It is Probable that Ravi Govardhana was a christian or a convert to christianity. He might have been a Hindu at the time of the grant, but probably changed his religion after wards.' Elamkulam Kunjan Pillai, Studies in Kerala History, N. B. S, 1970, p. 392.

48. ഡോ. എ. ശ്രീധരമേനോൻ, കേരളചരിത്രം, S. P. C. S. കോട്ടയം, 1973, പുറം. 135.

മായ സ്ഥാനം ക്രിസ്ത്യാനികൾ നേടിയെടുത്തിരുന്നു. രണ്ട്, കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ അവർക്ക് ഉന്നതമായ ഒരു പദവിയുണ്ടായിരുന്നു. തരിസാപ്പള്ളി ശാസനങ്ങളിലും ഇരവികൊത്തൻചെപ്പേടിലും ക്രിസ്ത്യാനികൾക്ക് എഴുപത്തിരണ്ട് വിട്ടുപോകൾ (പദവികൾ, അവകാശങ്ങൾ) അനുവദിക്കുന്നതായി പറയുന്നുണ്ടല്ലോ. അവ ഏതെല്ലാമായിരുന്നു എന്നുള്ളതിനെക്കുറിച്ച് ചരിത്രകാരന്മാർക്ക് അഭിപ്രായൈക്യമില്ല. പല ചരിത്രകാരന്മാരുടെയും അഭിപ്രായങ്ങൾ പരിശോധിച്ചതിനുശേഷം ശ്രീ എം. ഒ. ജോസഫ് അക്ഷരമാലാക്രമത്തിൽ അവതരിപ്പിക്കുന്ന പട്ടികയാണ് കൂടുതൽ സ്വീകാര്യമായിതോന്നുന്നത്(49). അദ്ദേഹത്തിന്റെ പട്ടികയിലുള്ള പദവികൾ താഴെപ്പറയുന്നവയാണ്: അടിമ, അൻമൂലം, അറപ്പുര, ആനമേൽ, നിർമണ്ണ്, ആർപ്പ്. ആലവട്ടം, ഇട്ടപടി, ഉച്ചിപ്പൂവ്, ഏടമ്പിരിശംഖ്, കച്ച, കച്ചപ്പുറം, കനകമുടി, കാൽച്ചിലമ്പ്, കുതിരസവാരി, കുഴൽ, കൈത്തള, കൊടി, ചണ്ണമേൽക്കട്ടി, ചെങ്കൊമ്പു, ചെല്ലി, തകിൽ, തണ്ട്, തഴ, തീണ്ടലകറ്റൽ, തുക്കുമഞ്ചം, തൊങ്ങൽ, തോംവള, നഗരത്തോരണം, നടയും നടത്തും, നന്താവിളക്ക്, നാങ്കുപ്പരീഷ്യുടമ, നായാട്ടുഭോഗം, നാലുവാക്കുരവ, നെടിയകുട, നെട്ടർപെട്ടി, നെറ്റിപ്പട്ടം, നേർവാൾ, പകൽവിളക്ക്. പഞ്ചവട്ടം, പഞ്ചവർണ്ണക്കുട, പഞ്ചവാദ്യം, പട്ടചട്ട, പട്ടമുണ്ട്, പട്ടുമാൽ, പണിപ്പുടവ, പതക്കം, പന്തൽവിതാനം, പരവതാനി, പതിനേഴുപരിഷക്കുടമ, പല്ലക്ക്, പാവാട, മണക്കോലം, മട്ടളം, മുടിക്കീഴാഭരണം, മുൻകൈയ്, മുൻകൈയിൽ പതക്കം, മുൻചൊല്ല്, മുൻമൂലം, മുരശു, മെതിയടി, രാജഭോഗം, രാജസമക്ഷം ഇരിപ്പു, വലംപിരിശംഖ്. വിരിപന്തൽ, വീണ, വീരശൃംഖല, വീരത്തണ്ട്, വീരമട്ടളം, വീരവാദ്യം, വെഞ്ചാമര, ശംഖ്, ഹസ്തകടകം. ഇത്രയും പദവികൾ ലഭിച്ചതോടെ കേരളക്രിസ്ത്യാനികൾ ഒരു 'ഉന്നതജാതി' യായി മാറി എന്നതിൽ സംശയമില്ല.

മാത്തോമ്മാക്രിസ്ത്യാനികളുടെ പഴക്കത്തിനും പാരമ്പര്യൻ ബന്ധത്തിനും ഉത്തമസാക്ഷ്യങ്ങളായ ഏതാനും കൽക്കുരിശുകൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയിൽ ഏറ്റവും പഴക്കമേറിയവ മൈലാപ്പൂരിലെ സെൻറ് തോമസ് മൗണ്ട് ദേവാലയത്തിലും കോട്ടയത്തുള്ള ക്നാനായ വലിയപള്ളിയിലും സൂക്ഷിച്ചിരിക്കുന്നു. ഈ കുരിശുകൾക്കെല്ലാം സവിശേഷമായ ഒരു രൂപമാണുള്ളത്. മാത്തോമ്മാ കുരിശുകൾ (St. Thomas cross) എന്ന് അവയെ വിളിച്ചുപോരുന്നു. പഹ്ലവി (Pahlavi) ഭാഷയിലുള്ള ഒരു ലിഖിതവും ഈ കുരിശുകളിൽ കാണുന്നുണ്ട്.

49. എം. ഒ. ജോസഫ്, കേരളക്രിസ്ത്യാനികൾ പുറം 155-156.

സ്വരരഹിതമായി വ്യഞ്ജനങ്ങൾ മാത്രമാണ് കൊത്തിയിരിക്കുന്നത്. വ്യത്യസ്തസ്വരങ്ങൾ ചേർത്ത് വായിക്കുമ്പോൾ വ്യത്യസ്ത അർത്ഥങ്ങളാണ് കിട്ടുക(50). സി. പി. റവി. വിങ്ക്വർത്തിന്റെ അർത്ഥകല്പന യാണ് ഏറ്റവും സ്വീകാര്യമായത്:

'My Lord Christ, have mercy upon Afras, Son of chaharbukht the syrian who cut this' (or 'Preserved this')

എന്ന അർത്ഥമാണ് അദ്ദേഹം നൽകിയിരിക്കുന്നത്(51). ലിപി വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിൽ കുരിശുകൾക്ക് എ. ഡി. ഏഴാംശതകത്തോളം പഴക്കമുണ്ട്

'They are solid evidence of a church existing in South India at that time, near Mylapore as well as in Malabar, Partly, at any rate, composed of Syrians and connected with Persia' (52)

എന്ന അഭിപ്രായം ക്ഷോദക്ഷമം തന്നെ.

പേർഷ്യൻ കൽക്കുരിശുകളിലൊന്ന് കണ്ടുകിട്ടിയത് മൈലാപ്പൂരിൽനിന്നാണെന്ന് പറഞ്ഞല്ലോ. എ. ഡി. 1547 ൽ പോർത്തുഗീസുകാരാണ് ഇത് കണ്ടെത്തിയത്. തുടർന്ന് മൈലാപ്പൂരിലെ ക്രൈസ്തവസമൂഹത്തെക്കുറിച്ച് നിരവധി അഭ്യൂഹങ്ങൾ പോർത്തുഗീസുകാർ പ്രചരിപ്പിക്കുകയുണ്ടായി. പോർത്തുഗീസുകാരുടെ കാലത്ത് മൈലാപ്പൂർ ഒരു ക്രൈസ്തവകേന്ദ്രമായിരുന്നില്ല. തന്മൂലം ആ സമൂഹത്തിന്റെ നാശം എങ്ങനെ സംഭവിച്ചു എന്നതായിരുന്നു ചരിത്രകാരന്മാരുടെ അന്വേഷണം. യുദ്ധം, പ്രകൃതിക്ഷോഭം, മതപീഡനം, മതകലാപം എന്നിങ്ങനെയുള്ള പല കാരണങ്ങൾ അവർ ചൂണ്ടിക്കാട്ടി. മൈലാപ്പൂരിലുണ്ടായിരുന്ന ക്രൈസ്തവരിൽ ഒരു വിഭാഗം കേരളത്തിലേക്ക് കുടിയേറിപ്പാർത്തിരിക്കാം എന്ന അഭിപ്രായവും കൂട്ടത്തിൽ പ്രചരിച്ചു. കേരളക്രൈസ്തവരുടെ നിരവധി പ്രാചീനരേഖകൾ വായിച്ചുനോക്കാൻ ഭാഗ്യം ലഭിച്ച റോസ് (53) ഈ അഭിപ്രായത്തെ

---

50. കർസോൻലിപി വായിക്കേണ്ടിവരുമ്പോഴും ഇതേ ബുദ്ധിമുട്ടതന്നെ അനുഭവപ്പെട്ടു.

51. 'This translation was discussed at the International Congress of orientalists, held at oxford in 1928 and was generally accepted by the Iranian Scholars present there' F. E. K eay, page 25.

52. C. B. Firth, An Introduction To Indian Church History. The Christian Literature Society, 1968, page 33.

53. മെനേസിസ് മെത്രാപ്പോലീത്തായുടെ ഗ്രന്ഥനശീകരണപ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്നത് ഇദ്ദേഹമാണ്. മൈലാപ്പൂരിൽനിന്നുള്ള കുടിയേറ്റത്തെക്കുറിച്ച് നിരവധി സുറിയാനിരേഖകൾ താൻ കണ്ടതായി റോസ് എഴുതിയിട്ടുണ്ട്. സ്വാർത്ഥപരമായ ചില ലക്ഷ്യങ്ങളോടെ, സ്വാഭിപ്രായസ്ഥാപനത്തിനായി റോസ് ഉദ്ധരിക്കുന്ന ഇത്തരം കാര്യങ്ങൾ മുഖവിലക്ക് സ്വീകരിക്കാൻ സാധ്യമല്ല.

പ്രബലപ്പെടുത്തുകയും ചെയ്തു. കേരളത്തിലെത്തിയ മൈലാപ്പൂർ ക്രിസ്ത്യാനികളും കൊല്ലത്തും കൊടുങ്ങല്ലൂരുമുണ്ടായിരുന്ന ക്രൈസ്തവസമൂഹങ്ങളിൽ ലയിച്ചുചേർന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. മൈലാപ്പൂരിൽനിന്നു കണ്ടെടുത്ത കൽക്കുരിശ് ഏഴാം നൂറ്റാണ്ടിലേതാകയാൽ ഇതിനുശേഷമായിരിക്കണം ഈ കുടിയേറ്റം നടന്നതെന്ന് അനുമാനിക്കാം.

മേൽ വിവരിച്ച കുടിയേറ്റങ്ങളുടെ ചരിത്രങ്ങളിൽനിന്ന് ഊറിക്കൂടുന്ന പരമാർത്ഥങ്ങൾ എന്തെല്ലാമാണ്? പേർഷ്യയിൽനിന്നും മൈലാപ്പൂരിൽനിന്നും കുടിയേറിപ്പാർത്തവരും കേരളക്രിസ്ത്യാനികളും കൂടിക്കലർന്നുണ്ടായ ഒരു സങ്കരസമുദായമാണ് മാത്തോമ്മാക്രിസ്ത്യാനികൾ. മറ്റുനാടുകളിൽനിന്നു വന്നെത്തിയവർ കേരളക്രിസ്ത്യാനികളുമായി കൂടിപ്പുലർച്ച തുടങ്ങിയതോടെ കേരളീയാചാരങ്ങൾ സ്വീകരിച്ചു. കുടിയേറ്റക്കാർ കേരളക്രൈസ്തവരെ അപേക്ഷിച്ചു വളരെ ചെറിയ ഒരു ന്യൂനപക്ഷമായിരുന്നതുകൊണ്ടാണ് ഈ അനുരൂപണം സാദ്ധ്യമായത്. പേർഷ്യൻ കുടിയേറ്റക്കാരുടെ പിൻബലം ലഭിച്ചതോടെ കേരളക്രൈസ്തവർ വാണിജ്യരംഗത്ത് ആധിപത്യം സ്ഥാപിച്ചു. അതോടെ കേരളക്രൈസ്തവസമുദായത്തിന്റെ പുരോഗതി ത്വരിതഗതിയിലായി.

പിൽക്കാലത്ത് മുസ്ലീങ്ങളും ക്രൈസ്തവരുംതമ്മിൽ വാണിജ്യകാര്യങ്ങളെച്ചൊല്ലി കൊടുങ്ങല്ലൂരിൽവച്ച് ചില കലാപങ്ങളുണ്ടായി എന്നും അതിനെത്തുടർന്നാണ് ക്രിസ്ത്യാനികൾ അങ്കമാലി, ഉദയംപേരൂർ, കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ ഉൾനാടുകളിലേക്ക് പോയതെന്നും ഒരു ഐതിഹ്യമുണ്ട്. കലാപകാലത്ത് ക്രൈസ്തവരും യഹൂദരും ഒന്നിച്ചുനിന്നാണ് മുസ്ലീങ്ങളെ എതിർത്തിരുന്നത് എന്നും പറയപ്പെടുന്നു. പോർത്തുഗീസുകാരുടെ കാലത്തെ പല ക്രൈസ്തവകേന്ദ്രങ്ങളിലും യഹൂദക്കോളനികൾ ഉണ്ടായിരുന്നു എന്ന ചരിത്രസത്യം അനുസ്മരിക്കുമ്പോൾ മേല്പറഞ്ഞ ഐതിഹ്യത്തിൽ എന്തോ കഴമ്പുണ്ടെന്ന് കരുതാവുന്നതാണ്. ഉൾനാടുകളിൽ ചെന്നെത്തിയതിനുശേഷമാവണം ക്രൈസ്തവർ കൃഷികാര്യങ്ങളിൽ ശ്രദ്ധിച്ചുതുടങ്ങിയത്. മുസ്ലീങ്ങളുമായുണ്ടായ കലാപത്തിന്റെ പശ്ചാത്തലത്തിലായിരുന്നിരിക്കണം ആയോധനവിദ്യയിൽ ക്രിസ്ത്യാനികൾക്ക് താല്പര്യം ജനിച്ചത്. പോർത്തുഗീസുകാരുടെ ആഗമനകാലത്ത് 'യോദ്ധാക്കളുടെ സമൂഹ'മായിരുന്ന ക്രൈസ്തവസമുദായം. പതിനാറാം നൂറ്റാണ്ടിൽ അറബികൾക്കായിരുന്ന കൊടുങ്ങല്ലൂരിൽ വാണിജ്യകുത്തക. ഇതു തകർത്ത് ക്രൈസ്തവരെ തൽസ്ഥാനത്തു കൊണ്ടുവരുവാൻ പോർത്തുഗീസുകാർ ചെയ്ത യത്നങ്ങൾ പ്രസിദ്ധമാണ്. ഇങ്ങനെയെല്ലാം ചിന്തി

ക്കുമ്പോഴും മേല്പറഞ്ഞ ഐതിഹ്യത്തിന്റെ വിശ്വസനീയത വീണ്ടും വർദ്ധിക്കുന്നു.

എ. ഡി. പതിമ്മൂന്നാം നൂറ്റാണ്ടുമുതൽ മാർക്കോപോളോ (1293) ജോൺ മരിങ്ങോളി (1346) തുടങ്ങിയ പ്രമുഖ വ്യക്തികളും കേരളം സന്ദർശിക്കുകയും കേരളക്രിസ്ത്യാനികളെക്കുറിച്ചുള്ള വിവരങ്ങൾ യൂറോപ്പിൽ പ്രചരിപ്പിക്കുകയും ചെയ്തു. (54) മാത്തോമ്മാക്രിസ്ത്യാനികളെക്കുറിച്ച് കൂടുതൽ വിവരങ്ങളൊന്നും അവരുടെ യാത്രാവിവരണങ്ങളിൽനിന്ന് ലഭിക്കുന്നില്ല. തുറമുഖപട്ടണങ്ങളിൽ കൊല്ലത്തിനാണ് ക്രൈസ്തവകേന്ദ്രമെന്ന നിലയിൽ കൂടുതൽ പ്രശസ്തി ഉണ്ടായിരുന്നതെന്നു തോന്നുന്നു. അക്കാലത്തെ സന്ദർശകരിൽ പലരും കൊല്ലത്തിന്റെ കാര്യമാണ് സവിശേഷമായി സൂചിപ്പിക്കുന്നത്. എ. ഡി. 1330 ൽ ജോൺ ഇരുപത്തിരണ്ടാം പാപ്പാ കേരളക്രിസ്ത്യാനികൾക്ക് ഒരു സന്ദേശമയയ്ക്കുകയുണ്ടായി. അതിൽ കേരളക്രിസ്ത്യാനികളുടെ 'നാഥനെ' (Dominus) ക്കുറിച്ച് പരാമർശം കാണുന്നു. ക്രിസ്ത്യാനികൾക്ക് സ്വന്തമായി ഒരു രാജാവുണ്ടായിരുന്നു എന്ന വിശ്വാസത്തെ കൂടുതൽ ഉറപ്പിക്കുന്ന ഒരു സംഭവം 1502 ൽ ഉണ്ടായി. ആ വർഷം കൊച്ചിയിലെത്തിയ വാസ്കോ ഡി ഗാമായെ കേരളക്രിസ്ത്യാനികൾ സന്ദർശിച്ച് 'വെള്ളി കെട്ടി വെള്ളിമണികൾ തൂക്കിയ ഒരു അധികാരദണ്ഡ്' അദ്ദേഹത്തിന് സമർപ്പിച്ചു. പഴയ രാജാവിന്റെ അധികാരചിഹ്നമാണ് അവർ ഗാമായെ ഏല്പിച്ചത് എന്നു പറയപ്പെടുന്നു. ബില്യാർട്ടെ (Biliarte) എന്നായിരുന്ന ആ രാജവംശത്തിന്റെ പേരെന്നു പോർത്തുഗീസുകാർ രേഖപ്പെടുത്തിയിട്ടുണ്ട്. 'വില്ലാർവട്ടം' എന്നതിന്റെ രൂപാന്തരമായിരിക്കണം ബില്യാർട്ടെ. വില്ലാർവട്ടം രാജാക്കന്മാർ എങ്ങനെ ക്രൈസ്തവരുടെ രാജാക്കന്മാരായി എന്നതിനു ചരിത്രരേഖകളൊന്നുമില്ല. ക്രൈസ്തവരെ സംരക്ഷിക്കുന്നതിൽ സവിശേഷതാല്പര്യം കാണിച്ചിരുന്നതുകൊണ്ടാവണം അവരെ ക്രൈസ്തവരുടെ രാജാക്കന്മാർ എന്ന് വിളിച്ചിരുന്നത്. പോർത്തുഗീസുകാരുടെ ആഗമനകാലത്ത് ഈ രാജവംശത്തിന്റെ ആസ്ഥാനം ഉദയംപേരൂരായിരുന്നു. അതിനും മുൻപ് ചേന്നമംഗലമായിരുന്ന ആസ്ഥാനമെന്നും മുസ്ലീങ്ങളും ക്രൈസ്തവരും തമ്മിൽ കൊട്ടങ്ങല്ലൂരിൽവച്ച് കലാപങ്ങൾ ഉണ്ടായതിനെത്തുടർന്നാണ് ആസ്ഥാനം ഉദയംപേരൂരിലേക്ക് മാറിയതെന്നും വിശ്വസിക്കപ്പെടുന്നു. ഈ രാജവംശം 15–ാം നൂറ്റാണ്ടിൽ അന്യംനിന്നുപോകയും കൊച്ചി രാജവംശത്തിൽ ലയിക്കുകയും ചെയ്തു എന്നാണ് പൊതുവേയുള്ള

54. കൂടുതൽ വിവരങ്ങൾക്ക്: L. W. Brown: Page. 81–85. C.B. Firth, Page. 37–43.

സങ്കല്പം. (55) വില്പാർവട്ടം രാജാക്കന്മാർ ക്രൈസ്തവരായിരുന്ന എന്ന അഭിപ്രായം ശ്രീ എം. ഒ. ജോസഫിനുണ്ട്. (56) ഇതൊരു ചരിത്രവസ്തുതയാകണമെങ്കിൽ ഇനിയും തെളിവുകളും ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്.

'....വത്തിക്കാൻ ഗ്രന്ഥാലയത്തിൽ (Vatic. syr. 204) സൂക്ഷിച്ചിട്ടുള്ള ഒരു കൈയെഴുത്തുരേഖയാണ് പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഇന്ത്യയിലെ ക്രിസ്ത്യൻസമുദായ പരിതസ്ഥിതിയെ വെളിപ്പെടുത്തുന്നത്. കൽദായ ലിപിയിൽ എഴുതിയതെങ്കിലും അറബിസ്വരിയാനി പാംഭേങ്ങളും ഉൾക്കൊള്ളുന്ന അസാധാരണ രചനയാണിത്.' (57)

പ്രസ്തുതരേഖയിൽനിന്ന് വെളിവാകുന്ന ചരിത്രസത്യങ്ങൾ താഴെക്കാണുന്നവിധം സംഗ്രഹിക്കാം. കേരളസഭയ്ക്ക് മെത്രാന്മാരെ ലഭിച്ചിരുന്നത് ബാബിലോണിൽനിന്നാണ്. എന്നാൽ വളരെക്കാലത്തേക്ക് മെത്രാന്മാരെ ലഭിക്കാതിരുന്നതുകൊണ്ട് നിരവധി ക്ലേശങ്ങൾ സഹിക്കേണ്ടിവന്ന കേരളക്രിസ്ത്യാനികൾ 1490 ൽ മൂന്നുപേരടങ്ങുന്ന ഒരു പ്രതിനിധിസംഘത്തെ ബാബിലോണിലേക്കയച്ചു. അവരിൽ രണ്ടുപേർ മാർ ശിമയോൻ പാത്രിയർക്കീസിന്റെ പക്കൽ എത്തിച്ചേർന്നു. അദ്ദേഹം അവർക്ക് വൈദികപട്ടം നൽകി. ടൈഗ്രീസ് നദീതീരത്തുള്ള ഗാസിറയിൽവച്ചാണ് പട്ടം കൊടുത്തത്. മാർ എവുളിന്റെ ആശ്രമത്തിൽ നിന്ന് മാർ തോമസ് മാർ ജോൺ എന്ന പേരുകളിൽ രണ്ട് സന്യാസികളെ തങ്ങളുടെ മെത്രാന്മാരായി അവർ തെരഞ്ഞെടുത്തു. മെത്രാന്മാർക്ക് അത്യുജ്ജ്വലമായ വരവേല്പാണ് കേരളത്തിൽ ലഭിച്ചത്. അവർ വൈദികരെ അഭിഷേചിക്കുന്നതിലും ദേവാലയങ്ങൾ കൂദാശ ചെയ്യുന്നതിലും വ്യാപൃതരായി. (58) കുറേക്കാലത്തിനുശേഷം നാട്ടിലേക്ക് മടങ്ങിയ മാർ തോമസ് മൂന്നു മെത്രാന്മാരെക്കൂടി കേരളത്തിലേക്ക് കൊണ്ടുവന്നു. പോർത്തുഗീസുകാരുടെ പീഡനങ്ങൾ സഹിച്ച് കേരളത്തിൽ വളരെക്കാലം താമസിച്ച മാർ യാക്കോബ് അവരിൽ ഒരാളാണ്.

മേൽപ്പറഞ്ഞ വിവരങ്ങളിൽനിന്ന് കേരളസഭയുടെ പഴയ മെത്രാന്മാരെക്കുറിച്ച് ചില കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കാൻ കഴിയുന്നുണ്ടല്ലോ. പോർത്തുഗീസുകാരുടെ ആഗമനത്തിനുമുമ്പ് കേരളത്തിലുണ്ടായിരുന്ന മെത്രാന്മാരെല്ലാം ബാബിലോണിൽനിന്നുള്ളവരായിരുന്നു. അവിടെയുള്ള സന്യാസാശ്രമങ്ങളിൽ നിന്നാണ് അവ

55. Ros, Barros, Dionysio, Gouvea എന്നീ വിദേശികളുടെ അഭിപ്രായങ്ങൾക്ക്: Mundadan, Traditions, Page. 125-129.

56. എം. ഒ. ജോസഫ്, പുറം 169–176.

57. കാർഡിനൽ തിസ്സ്രാങ്, പുറം. 24.

58. ഇക്കാര്യങ്ങൾ മെത്രാന്മാരുടെ മാത്രം അവകാശമാണ്.

രെ തെരഞ്ഞെടുത്തിരുന്നത്. മാത്തോമ്മാക്രിസ്ത്യാനികളുടെ പഴയ മെത്രാന്മാർക്ക് ആധ്യാത്മിക കാര്യങ്ങളിലല്ലാതെ ഭൗതിക കാര്യങ്ങളിലൊന്നും വലിയ പങ്ക് ഉണ്ടായിരുന്നില്ല എന്നതിന് വ്യക്തമായ തെളിവുകളും ധാരാളമുണ്ട്. സാമുദായികപ്രശ്നങ്ങളും പരിഹരിച്ചിരുന്നത് അല്മായനേതാക്കളോ 'ജാതിക്കു തലവനായിരുന്ന' അർക്കദ്യാക്കോനോ ആയിരുന്നു. പോർത്തുഗീസുകാരാണ് ഭൗതികകാര്യങ്ങളിലേക്ക് മെത്രാന്മാരെ വലിച്ചിഴച്ചത്. കുരുമുളകുവ്യാപാരം കൈയടക്കുന്നതിന് അവർ യാക്കോബ് മെത്രാനെ കരുവാക്കി. ഉദയമ്പേരൂർ സൂനഹദോസ് നടത്തിയ മെനേസിസ്മെത്രാൻ ഒരു പോർത്തുഗീസ് ഉദ്യോഗസ്ഥൻ കൂടിയായിരുന്നു.

കേരളക്രിസ്ത്യാനികളും 'ജാതിക്കു തലവനായി' കരുതിയിരുന്ന അർക്കദ്യാക്കോനേക്കുറിച്ച് ചില വിവരങ്ങളും അറിയേണ്ടതായിട്ടുണ്ട്.

'When the metropolitans used to come from Chaldea, the whole government of this Christianity was practically under the competence of the archdeacon, except, of course, in matters that needed episcopal order' (59).

എന്നു പറയുമ്പോൾ അവരുടെ അധികാരാവകാശങ്ങളുടെ വൈപുല്യം വ്യക്തമാകുന്നതാണല്ലോ.

'മുഖ്യസചിവൻ' എന്ന് അർത്ഥം കല്പിക്കാവുന്ന ഒരു ഗ്രീക്ക് പദമാണ് അർക്കദ്യാക്കോൻ. അർക്കദ്യാക്കോന്റെ പദവിയും പേരും പേർഷ്യൻ സഭയിലൂടെയാവണം കേരളത്തിൽ എത്തിയത്. പ്രായേണ വൈദികരായിരുന്ന ഈ സ്ഥാനം അലങ്കരിച്ചിരുന്നത്. 'ഇന്ത്യ മുഴുവന്റെയും അർക്കദ്യാക്കോൻ' (Archdeacon of all India) എന്നായിരുന്നു അവരുടെ ഔദ്യോഗികനാമം. പോർത്തുഗീസുകാരുടെ കാലംമുതലുള്ള അർക്കദ്യാക്കോന്മാരെക്കുറിച്ച് വിശദവിവരങ്ങളും ലഭിച്ചിട്ടുണ്ട്. അവരെല്ലാം പകലോമറ്റം കുടുംബാംഗങ്ങളായിരുന്നു. ഉദയമ്പേരൂർ സൂനഹദോസ് നടന്ന കാലത്ത് 'കുരിശിന്റെ ഗീവർഗീസ്' എന്ന അർക്കദ്യാക്കോനാണ് കേരളസഭ ഭരിച്ചിരുന്നത്. അദ്ദേഹത്തെ തൽസ്ഥാനത്ത് നിയമിച്ചത് മാർ എബ്രഹാം (1568–97) എന്ന മെത്രാനാണ്. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ അർക്കദ്യാക്കോന്റെ അധികാരാവകാശങ്ങളെക്കുറിച്ച് പരാമർശങ്ങളൊന്നും കാണുന്നില്ല. സൂനഹദോസ് തീരുമാനങ്ങളനുസരിച്ച് മെത്രാന്മാരുടെ അധികാരങ്ങളും വർദ്ധിക്കുന്നുണ്ട്. 1606-ൽ റോസ് മെത്രാൻ പ്രഖ്യാപിച്ച രൂപതാനിയമങ്ങളിൽ അർക്കദ്യാ

---

59. Jacob Kollaparambil, The Archdeacon of All India, The Syrian Churches Series Vol. V, Kottayam, 1972, Page 15.

ക്കോനെക്കുറിച്ച് ഏതാനും പരാമർശങ്ങളും കാണുന്നുണ്ടെങ്കിലും ആ സ്ഥാനത്തിനു ബാബിലോണിയൻ മെത്രാന്മാരുടെ കാലത്തുണ്ടായിരുന്ന പ്രാധാന്യമൊന്നും അതിൽ നൽകിയിട്ടില്ല. ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളക്രൈസ്തവർ ആദിമ നൂറ്റാണ്ടുകൾ മുതൽ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നെങ്കിലും അവരുടെ കേരളീയത്വം സാമൂഹ്യജീവിതത്തിൽ അഭംഗുരം നിലനിർത്തിയിരുന്നു. ഇതിനു സഹായകമായി വർത്തിച്ചിരുന്ന ഒരു സംവിധാനമാണ് അർക്കദ്യാക്കോൻ പദവി. പോർത്തുഗീസുകാരുടെ കാലത്ത് കേരളീയാചാരങ്ങളും അനുഷ്ഠാനങ്ങളോടുള്ള സഹവർത്തിത്വമനോഭാവവും ചോദ്യം ചെയ്യപ്പെട്ടു. ഉ. സ്. കാനോനകളിലൂടെ സർവ്വാധിപതികളായിത്തീർന്ന പറങ്കിമെത്രാന്മാരെ നിയന്ത്രിക്കാനുള്ള അധികാരങ്ങളൊന്നും അർക്കദ്യാക്കോന്മാർക്ക് ഇല്ലായിരുന്നു. എന്നിട്ടും അവർ നിരന്തരം പോരാടി. ആ പോരാട്ടത്തിന്റെ കഥകൾ അടുത്ത അധ്യായത്തിൽ കാണാവുന്നതാണ്. 1653-ൽ നടന്ന പ്രസിദ്ധമായ കൂനൻകുരിശു സത്യത്തെ തുടർന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച കേരള ക്രൈസ്തവർക്ക് നേതൃത്വം നൽകിയത് അന്നത്തെ അർക്കദ്യാക്കോനായിരുന്നു. ആ വർഷം തന്നെ ആലങ്ങാട്ടുവച്ച് അദ്ദേഹം മെത്രാനായി അഭിഷേചിക്കപ്പെട്ടു. ഈ ചരിത്രസംഭവവും ക്രൈസ്തവസമുദായത്തിൽ അർക്കദ്യാക്കോനുണ്ടായിരുന്ന നേതൃസ്ഥാനം വെളിപ്പെടുത്തുന്നു. പഴയമട്ടിലുള്ള അക്കദ്യാക്കോൻ പദവി ഇന്ന് കേരളസഭകളിലൊന്നിലും നിലവിലില്ല.

പോർത്തുഗീസുകാരുടെ മേൽക്കോയ്മയ്ക്കുമുമ്പ് കേരളക്രൈസ്തവർ ഏത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരായിരുന്നു എന്നതിനെക്കുറിച്ച് പല വിവാദങ്ങളും ഉണ്ടായിട്ടുണ്ട്. അവർ കത്തോലിക്കാ മതവിശ്വാസികൾ തന്നെയായിരുന്നു എന്ന് ചിലർ വാദിക്കുന്നു. മറ്റു ചിലർ അവരെ യാക്കോബായ മതവിശ്വാസക്കാരായിട്ടാണ് കണക്കാക്കുക. ഇനിയും ഒരു കൂട്ടർ അവരെ നെസ്റ്റോറിയൻ വിശ്വാസക്കാരായി കാണുന്നു. പോർത്തുഗീസുകാർ കേരളക്രിസ്ത്യാനികളെ നെസ്റ്റോറിയന്മാരായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഉ. സ്. കാനോനകളിൽ ഇതിനു ധാരാളം തെളിവുകൾ കാണാവുന്നതാണ്. പോരെങ്കിൽ, നിരവധി നെസ്റ്റോറിയൻ വിശ്വാസികളെ ഒറ്റയടിക്ക് റോമൻ സഭയിലേക്ക് ആനയിച്ച സംഭവമായിട്ടാണ് ഉ. സൂനഹദോസ് പാശ്ചാത്യ നാടുകളിൽ, വിശേഷിച്ച് റോമൻ കത്തോലിക്കാ ലോകത്ത് പ്രകീർത്തിക്കപ്പെട്ടത്. കേരളസഭയിൽ അധികാരം നടത്തിയിരുന്ന പേർഷ്യൻ മെത്രാന്മാരിൽ നെസ്റ്റോറിയൻ വിശ്വാസികളും കത്തോലിക്കാവിശ്വാസികളും ഉണ്ടായിരുന്നു. അത്തരം

ഭേദചിന്തകളൊന്നും കൂടാതെ കേരള ക്രൈസ്തവർ പേർഷ്യൻ മെത്രാന്മാരെ സ്വാഗതം ചെയ്തിരുന്നു എന്നതാണ് സത്യം. തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ വി. നാഗമയ്യാ ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്:

"During these centuries of absence of regular intercourse with the mother church, the syrians fell off in doctrinal purity to such an extent that they were ready to accept the help and counsels of any Christian Missionary or sect that came from the west and it is probable that, from time to time, Nestorian bishops, Jacobite patriarchs and Latin Missionaries found a tractable and obedient flock in Malabar. In fact almost every christian sect now flourshing in Malabar claims to be the legitimate representative of the ancient Syrian Church and for corroborative evidence point to some one or other of the several Christian Missionaries as having preached or propagated, during these centuries of unrecorded history, doctrines that form the distinctive cult of that particular sect" (60).

ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും എങ്ങനെ സമ്മേളിച്ചിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള അഭിപ്രായഭേദങ്ങളാണ് ആരംഭകാലത്ത് നെസ്തോറിയൻ, യാക്കോബായ, കത്തോലിക്കാ മതവിശ്വാസങ്ങളെ വേർതിരിച്ച് നിർത്തിയിരുന്നത്. ഈ താത്വികസംവാദത്തിൽ കേരള ക്രിസ്ത്യാനികൾക്ക് താല്പര്യമുണ്ടായിരുന്നില്ല.

"Theological disputations which delighted the Greek speculative genius, went over the heads of Malabar Christians" (61)
എന്നു കരുതുകയാണ് ഉത്തമം.

II

എ. ഡി. 1498 മെയ് മാസത്തിൽ വാസ്കോഡിഗാമ കോഴിക്കോട്ടെത്തിയതോടെ കേരള ക്രൈസ്തവരുടെ ചരിത്രത്തിൽ പുതിയൊരധ്യായം ആരംഭിച്ചു. പോർത്തുഗീസുകാരുടെ പര്യടനങ്ങൾക്ക് വാണിജ്യലക്ഷ്യങ്ങൾ മാത്രമല്ല മതപരമായ ലക്ഷ്യങ്ങളുമുണ്ടായിരുന്നു. ഒരു റോമൻ കത്തോലിക്കാ രാജ്യമായിരുന്ന പോർത്തുഗലിൽ ഭരണകൂടം തന്നെയാണ് വിദേശയാത്രകൾ സംഘടിപ്പിച്ചിരുന്നത്. ഭാരതത്തിലെവിടെയോ ശക്തനായ ഒരു ക്രൈസ്തവരാജാവുണ്ടെന്ന കഥകൾ പോർത്തുഗലിൽ പ്രചരിച്ചിരുന്നകാലത്ത് അവിടെനിന്നു പുറപ്പെട്ട ഗാമയും കൂട്ടുകാരും കരസ്റ്റിറങ്ങിയയുടൻ ക്രൈസ്തവദേവാലയമെന്നു ധരിച്ച് ക്ഷേത്രത്തിനുള്ളിൽ കടന്നു പ്രാർത്ഥിച്ച കഥ പ്രസി

60. V. Nagam Aiya, The Travancore State Manual, Vol II, Trivandrum, 1906 p. 123-124.

61. KA. NAA. Subramanyam, p. 11.

ദ്ധമാണല്ലോ(62a). കേരളഭാഷാനഭിജ്ഞതയാണ് അവരെ വഴി തെറ്റിച്ചതെന്നതിൽ തർക്കമില്ല. അക്കാലത്ത് വാണിജ്യഭാഷയെന്ന നിലയിൽ കോഴിക്കോട്ട് പ്രചാരത്തിലിരുന്ന അറബിയിലൂടെയാ വാം അവർ ആശയവിനിമയം നടത്തിയത്. മുസ്ലീങ്ങളെ അറബി ഭാഷയിലെ 'കാഫിർ' എന്ന പദംകൊണ്ടാണ് ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും വ്യപദേശിച്ചിരുന്നത്(62b). പോർത്തുഗീസ് മിഷ നറിമാരുടെ ആദ്യകാലപ്രവർത്തനങ്ങൾക്കെല്ലാം അറബിയായിരു ന്ന മാധ്യമം.

ആദ്യകാലബന്ധങ്ങൾ

കേരളത്തിലെ യഥാർത്ഥ ക്രിസ്ത്യാനികളിൽ ആരെയെങ്കിലും ഗാമാ പ്രഥമ സന്ദർശനത്തിനിടയിൽ കണ്ടതായി രേഖകളില്ല. 1500-ൽ കൊട്ടങ്ങല്ലൂരെത്തിയ കബ്രാളം നിരവധി മാർത്തോമ്മാക്രി സ്ത്യാനികളെ കാണുകയും അവരിൽ രണ്ടുപേരെ യൂറോപ്പിലേക്കു കൊണ്ടുപോകുകയും ചെയ്തു.

രണ്ടാംവട്ടം കേരളത്തിലെത്തിയ ഗാമാ 1502-ൽ കൊച്ചിയിൽ വച്ച് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രതിനിധികളെ കാണുകയും അവരിൽനിന്ന് അധികാരദണ്ഡ് സ്വീകരിക്കുകയുമുണ്ടായി(62c). അന്ന് ഔപചാരികമായി ആരംഭിച്ച പോർത്തുഗീസ്-ബന്ധം ആദ്യ മൊന്നും മാർത്തോമ്മാക്രിസ്ത്യാനികളെ സാരമായി സ്പർശിച്ചിരു ന്നില്ല. തികഞ്ഞ ക്രൈസ്തവസാഹോദര്യത്തോടെ അവർ പരസ്പ രമിടപഴകി. 1503-ൽ കേരളത്തിലെത്തിയ പേർഷ്യൻ മെത്രാന്മാ രെ സ്വീകരിച്ചുപചരിക്കാൻപോലും പോർത്തുഗീസുകാർ മുന്നോട്ട വന്നു. പേർഷ്യൻ മെത്രാന്മാരിൽ ഒരാളായിരുന്ന മാർ യാക്കോബ് വാണിജ്യകാര്യങ്ങളിൽ പോർത്തുഗീസുകാരെ സഹായിക്കാൻ തയ്യാ റായി. ഇടനിലക്കാരായിരുന്ന അറബികളെ ഉപേക്ഷിച്ച് പോർത്തു ഗീസുകാർക്കു നേരിട്ട് കുരുമുളകു വില്ക്കാൻ അദ്ദേഹം ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചു. ക്രൈസ്തവയോദ്ധാക്കളുടെ സഹകരണം പോർത്തുഗീ സ് സാമ്രാജ്യത്തിന്റെ സുസ്ഥാപനത്തിന് ഉപകരിക്കുമെന്ന പ്ര

62a. ഡോ. ഗുണ്ടർട്ട്, കേരളപഴമ, വിദ്യാർത്ഥിമിത്രം, കോട്ടയം, 1959. പു. 1-3.

62b. 'പുറജാതിക്കാരൻ' എന്ന് അർത്ഥമുള്ള ഈ പദത്തിന്റെ തദ്ഭവമാ ണ് 'കാവ്യർ'. ഉ. സൂ. കാനോനകളിലും റോമിന്റെ നിയമാവലിയിലും അക്രൈസ്തവർ എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു.

62c. ഇക്കാര്യം നേരത്തേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പുറം 44 കാണുക.

തീക്ഷ്ണപോലും പോർത്തുഗീസുകാക്കുണ്ടായി(62d). കൊടുങ്ങല്ലൂർ, കൊല്ലം, പാലയൂർ തുടങ്ങിയ ഇരുപതു പട്ടണങ്ങളിലായി മുപ്പതിനായിരം ക്രൈസ്തവകുടുംബങ്ങൾ അക്കാലത്ത് കേരളത്തിലുണ്ടായിരുന്നുവെന്ന് പേർഷ്യൻ മെത്രാന്മാരുടെ ഒരു കത്തിൽനിന്നു മനസ്സിലാക്കാം(62e). തുറമുഖപട്ടണങ്ങളിൽ താമസിച്ചിരുന്ന ക്രൈസ്തവർക്കു പോർത്തുഗീസ് സമ്പർക്കംകൊണ്ട് പല മേന്മകളുമുണ്ടായി. കൊച്ചിരാജാവിന്റെ അഭ്യർത്ഥനമാനിച്ച് 1505-ൽ പോർത്തുഗീസുകാർ കൊടുങ്ങല്ലൂർ ആക്രമിച്ചു. യഹൂദരുടെയും മുസ്ലീങ്ങളുടെയും വീടുകൾ കൊള്ളയടിക്കപ്പെട്ടു. ക്രൈസ്തവരുടെ ഭവനങ്ങളും ദേവാലയവും സംരക്ഷിക്കാൻ അവർ പരിശ്രമിക്കുകയും ചെയ്തു. 1510-ൽ കൊല്ലവുമായി സൗഹൃദ ഉടമ്പടിയുണ്ടാക്കിയ അൽബുക്കർക്ക് അവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് നിരവധി അവകാശങ്ങൾ വീണ്ടെടുത്തുകൊടുത്തു. സന്തുഷ്ടരായ ക്രിസ്ത്യാനികൾ തങ്ങളുടെ ദേവാലയത്തിലുണ്ടായിരുന്ന ഒരു വെള്ളിക്കുരിശ് അൽബുക്കർക്കിനു സമ്മാനിക്കുകയും ചെയ്തു. രണ്ടായിരത്തോളം ക്രൈസ്തവകുടുംബങ്ങൾ കൊല്ലത്തുണ്ടായിരുന്നു. അവരുടെ ആധ്യാത്മികപരിപാലനത്തിനായി ഒരു വിദേശീയ വൈദികനെ അവിടെ നിയോഗിക്കാൻ പോർത്തുഗീസുകാർ തീരുമാനിച്ചു(63). പോർത്തുഗീസുകാരും മാർത്തോമ്മാക്രിസ്ത്യാനികളും ദേഹചിന്തയില്ലാതെ ഉപയോഗിച്ചിരുന്ന പുരാതന ദേവാലയം 1500-ൽ മുഹമ്മദീയർ തീവച്ചുനശിപ്പിച്ചിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾ മറെറാരു സ്ഥലത്ത് പുതിയൊരു ദേവാലയം നിർമ്മിച്ചു. പഴയ ദേവാലത്തിന്റെ സ്ഥാനത്ത് പോർത്തുഗീസുകാർ പുതിയൊരു ദേവാലയം നിർമ്മിക്കുകയും ചെയ്തു. റോസ് മെത്രാന്റെ കാലത്ത് കൊല്ലം പട്ടണത്തിൽ ഈ രണ്ടു ദേവാലയങ്ങളുമുണ്ടായിരുന്നു. കൊച്ചി രാജാവും പോർത്തുഗീസുകാരും തമ്മിലുണ്ടായ ഉടമ്പടികളിലും മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പ്രയോജനകരങ്ങളായിരുന്ന ചില വ്യവസ്ഥകൾ കാണാവുന്നതാണ്. കായംകുളത്തുകാരനായിരുന്ന മത്യാസ് എന്ന മാർത്തോമ്മാ ക്രിസ്ത്യാനി കുരുമുളകു വ്യാപാരത്തിൽ പോർത്തുഗീസുകാരെ പല വിധത്തിൽ സഹായിച്ചിരുന്നതായി രേഖകളുണ്ട്. പോർത്തുഗീസ് രാജാവുതന്നെ മത്യാസിനു നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഒരു കത്തെഴുതുകയുണ്ടായി.

62d. അക്കാലത്ത് 25000 ക്രൈസ്തവയോദ്ധാക്കൾ കേരളത്തിലുണ്ടായിരുന്നുവെന്നു ചില രേഖകളിൽ കാണുന്നു.

62e. Brown, p. 17.

63 കൂടുതൽ വിവരങ്ങൾക്ക്: Mundadan, St. Thomas Christians, p. 74-80.

ചുരുക്കത്തിൽ പോർത്തുഗിസുകാരും കേരളക്രിസ്ത്യാനികളും തമ്മി ലുണ്ടായ ബന്ധം പ്രാരംഭകാലത്ത് ഇരുകൂട്ടർക്കും പ്രയോജനകരമായി രുന്നു.

ബന്ധങ്ങൾ വഷളാവുന്നു

16–ാം നൂറാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ നിരവധി പോർത്തുഗീസ് മിഷനറിമാർ കേരളത്തിൽ എത്തിയിരുന്നു. അവ രിൽ ചിലരെല്ലാം മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ പ്രവ ർത്തിക്കുകയും ചെയ്തു. ആരാധനക്രമത്തിലും സാമൂഹ്യാചാരങ്ങളിലും പാശ്ചാത്യ നാടുകളിലെ ക്രൈസ്തവരിൽനിന്ന് തികച്ചും വിഭിന്ന രായിരുന്ന കേരള ക്രൈസ്തവരോട് പോർത്തുഗീസ് മിഷനറിമാ ർക്കുണ്ടായിരുന്ന മനോഭാവം വ്യക്തമാക്കുന്ന ഒരു ഭാഗം ഇവിടെ ഉദ്ധ രിക്കാം:

> "The official attitude of the portuguese towards the Christians of St. Thomas (as towards all other christians) was one of sympathy and understanding but always motivated by a sense of superiority about their form of christianity which was, according to them, the true form and to which all christians should conform in order to be perfect christians. The local customs and the particular usages of the different rites were adulterations and abuses which should be suppressed. In short, the christians should conform to the portuguese in every thing" (64).

ആദ്യകാലമിഷനറിമാർക്ക് മാർത്തോമ്മാക്രിസ്ത്യാനികളുടെ വ്യവ ഹാരഭാഷയായിരുന്ന മലയാളമോ ആരാധനഭാഷയായിരുന്ന സുറി യാനിയോ വശമില്ലായിരുന്നു. തന്മൂലം ആചാരാനുഷ്ഠാനങ്ങളിലും സിദ്ധാന്തങ്ങളിലുമുള്ള അന്തരം പൂർണ്ണമായി ഗ്രഹിക്കാൻ ആദ്യമൊ ന്നും അവർക്കു കഴിഞ്ഞില്ല. ക്രമേണ അവർ സുറിയാനിയും മലയാ ളവും പഠിച്ചെടുത്തു. ഇക്കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിച്ച ത് ഈശോസഭാ വൈദികരാണ്(65). 1534-ൽ സ്ഥാപിക്കപ്പെട്ട

---

64. Mundadan, St. Thomas Christians, p. 82.

65. 1534-ൽ പാരീസിൽവച്ച് ആറു പേർ ചേർന്ന് സമാരംഭിച്ച ഒരു സം ഘടനയാണ് ഈശോസഭ (Society of Jesus). ഇഗ്നേഷ്യസ് ലയോള, ഫ്രാ ൻസീസ് സേവ്യർ തുടങ്ങിയവർ ഇതിലെ ആദ്യകാലാംഗങ്ങളാണ്. ഫ്രാൻ സീസ് സേവ്യറിന്റെ പ്രധാനപ്പെട്ട സേവനരംഗം ഭാരതമായിരുന്നു. അദ്ദേഹ ത്തെ പിൻതുടർന്നു നിരവധി ഈശോസഭാ വൈദികർ ഭാരതത്തിലെത്തി. ഫ്രാ ൻസീസ് സേവ്യറിന്റെ പ്രവർത്തനഫലമായി സമുദ്രതീരവാസികളായിരുന്ന പതിനായിരക്കണക്കിനാളുകളും ക്രൈസ്തവമാർഗ്ഗം സ്വീകരിച്ചു. ലത്തീൻ ഭാഷ യിലുള്ള ആരാധനക്രമം സ്വീകരിച്ചതിനാലാവണം ഇവരെ ലത്തീൻ ക്രിസ്ത്യാ നികളെന്നു വിളിച്ചു പോരുന്നത്. ലത്തീൻ ക്രിസ്ത്യാനികളെ കത്തോലിക്കാ മതവിശ്വാസികളായി തുടരുന്നു.

ഗോവ രൂപതയിലെ മെത്രാന്മാർ പോർത്തുഗീസ് രാജാവ് നേരിട്ട് നിയോഗിച്ചവരായിരുന്നു. ഭാരതത്തിലെ എല്ലാ മെത്രാന്മാരേയും നാമനിർദ്ദേശം ചെയ്യാനുള്ള അവകാശം തങ്ങൾക്കുണ്ടെന്ന് പോർത്തുഗീസുകാർ വിശ്വസിച്ചു(65a). മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനും ഗോവയിലെ മെത്രാന് വിധേയനായിരിക്കണമെന്ന അഭിപ്രായവും ഇക്കാലത്തുണ്ടായി. ഇതോടെ കുഴപ്പങ്ങൾ തലപൊക്കി. 1504-മുതൽ കേരളക്രിസ്ത്യാനികളുടെ മെത്രാനായിരുന്ന മാർ യാക്കോബ് 1549-ൽ അന്തരിച്ചതോടെ പോർത്തുഗീസ് മിഷനറിമാരുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെട്ടുതുടങ്ങി. കേരളക്രിസ്ത്യാനികളുടെമേൽ ആധിപത്യമുറപ്പിക്കുന്നതിനും പാശ്ചാത്യസമ്പ്രദായത്തിലുള്ള ആരാധനക്രമം അടിച്ചേൽപ്പിക്കുന്നതിനും അവർ പല തന്ത്രങ്ങളും പ്രയോഗിച്ചു. 1541-ൽ ഫാദർ വിൻസന്റ് എന്ന ഫ്രാൻസിസ്കൻ വൈദികൻ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ച സെമിനാരിയിൽ ലത്തീൻ ഭാഷയും പാശ്ചാത്യമായ ആരാധനക്രമങ്ങളുമാണ് അഭ്യസിപ്പിച്ചിരുന്നത്. അവിടത്തെ വിദ്യാർത്ഥികളും മാത്തോമ്മാക്രിസ്ത്യാനികളായിരുന്നു. സുറിയാനിഭാഷയും പരമ്പരാഗതമായ വേഷവും ഉപേക്ഷിച്ച് പുറത്തുവന്ന നവവൈദികരെ സ്വന്തം ദേവാലയങ്ങളിൽ സ്വീകരിക്കാൻ മാത്തോമ്മാക്രിസ്ത്യാനികൾ വിസമ്മതിച്ചു. അവരിൽ പലരും പുതിയതായി മതപരിവർത്തനം ചെയ്യപ്പെട്ട ക്രൈസ്തവരുടെ ഇടയിൽ പ്രവർത്തിച്ച് തൃപ്തിപ്പെടേണ്ടിവന്നു(66). സെമിനാരികളിലൂടെ മാത്തോമ്മാക്രിസ്ത്യാനികളെ വശപ്പെടുത്താനുള്ള ശ്രമവും ഇങ്ങനെ പരാജയപ്പെട്ടപ്പോൾ പോർത്തുഗീസുകാർ പുതിയ തന്ത്രങ്ങൾ ആലോചിച്ചുതുടങ്ങി. മാർ യാക്കോബ്

65a. 'പദ്രാദോ' (Padroado) എന്നറിയപ്പെടുന്ന അധികാരമാണ് വിവക്ഷിതം.

"The padroado means the right to present candidates to bishoprics and other ecclesiastical offices, and correspondingly an obligation to maintain staff and equip churches and missions". C. B. Firth, page 51.

ആഫ്രിക്കയിലും ഏഷ്യയിലും പോർത്തുഗീസുകാർ പിടിച്ചടക്കുന്ന പ്രദേശങ്ങളിൽ അവർക്ക് ഈ അധികാരം മാർപ്പാപ്പാ നൽകിയിരുന്നു (1514).

66. 1581-ൽ ഈശോസഭക്കാർ വൈപ്പിക്കോട്ടയിൽ ഒരു സെമിനാരി ആരംഭിച്ചു. അവിടെ സുറിയാനിഭാഷയും കേരളഭാഷയും അഭ്യസിപ്പിച്ചിരുന്നു. പരമ്പരാഗതമായ വൈദികവസ്ത്രം തന്നെ ഉപയോഗിക്കുന്നതിന് അനുവദിക്കുകയും ചെയ്തു. ഇക്കാലത്ത് യാക്കോബായ/ഓർത്തഡോക്സ് വൈദികർ ധരിക്കുന്ന തരത്തിലുള്ളതായിരുന്നു അന്നത്തെ വൈദികവസ്ത്രം. കത്തോലിക്കാ വൈദികർ ഇന്നു ധരിക്കുന്ന രീതിയിലുള്ള വസ്ത്രം പോർത്തുഗീസുകാരുടെ ഇറക്കുമതിയാണ്. റോ. നി. പുറം 159.

അന്തരിച്ച് ആറേഴ വർഷങ്ങൾ കഴിഞ്ഞിട്ടാണ് പുതിയൊരു മെത്രാൻ ബാബിലോണിൽനിന്ന് കേരളത്തിലെത്തുന്നത്. കേരള ക്രിസ്ത്യാനികൾക്ക് മെത്രാന്മാരെ നൽകിക്കൊണ്ടിരുന്ന ബാബിലോണിയൻ സഭയിൽ 1551–ൽ പിളർപ്പുണ്ടായതിനെത്തുടർന്ന് സഭാദ്ധ്യക്ഷന്മാർ രണ്ടുപേർ ഉണ്ടായിരുന്നു. അവരിൽ ഒരാളായിരുന്ന സുലാക്കാ പാത്രിയർക്കീസ് റോമിൽച്ചെന്ന് പോപ്പിന്റെ നേതൃത്വം ഏറ്റുപറയുകയുണ്ടായി. ഈ സുലാക്കായുടെ അനന്തരഗാമിയായിരുന്ന അബ്ദീശോയുടെ നിർദ്ദേശപ്രകാരം മാർ ജോസഫ് മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനായി ഗോവയിലെത്തി. പോർത്തുഗീസുകാർ അദ്ദേഹത്തെ അവിടെ തടഞ്ഞുവെച്ചു. ലത്തീൻ ക്രമത്തിൽ പരിശീലനം നൽകിയശേഷം പതിനെട്ടുമാസം കഴിഞ്ഞ് (1558) അദ്ദേഹത്തെ കേരളത്തിലേക്കയച്ചു. അക്കാലത്ത് പോർത്തുഗീസുകാരെ കബളിപ്പിച്ച് മറ്റൊരു മെത്രാൻ കേരളത്തിൽ കഴിഞ്ഞുകൂടുന്നുണ്ടായിരുന്നു. അദ്ദേഹത്തെക്കുറിച്ച് കൂടുതൽ വിവരങ്ങളൊന്നും അറിവില്ല. കേരളസഭയിൽ പാശ്ചാത്യസമ്പ്രദായത്തിലുള്ള കുമ്പസാരം, മുമ്പിലത്തെ ഒപ്പുശ്ലൂമാ, അന്ത്യകൂദാശ എന്നീ ചടങ്ങുകളും പൂജാവസ്ത്രങ്ങളും നടപ്പിലാക്കിയത് മാർ ജോസഫാണെന്ന് കരുതപ്പെടുന്നു. റോമൻ കത്തോലിക്കാസഭയോട് മാർ ജോസഫിനുള്ള വിധേയത്വത്തിൽ സംശയം തോന്നിയ പോർത്തുഗീസുകാർ അദ്ദേഹത്തെ അറസ്റ്റുചെയ്ത് പോർത്തുഗലിലേക്കയച്ചു. പോർത്തുഗലിലെ അധികാരികളെ പ്രീതിപ്പെടുത്താൻ കഴിഞ്ഞ മാർ ജോസഫ് വീണ്ടും കേരളത്തിലെത്തിയെങ്കിലും പോർത്തുഗീസുകാർ അദ്ദേഹത്തെ രണ്ടാം വട്ടവും അറസ്റ്റുചെയ്ത് യൂറോപ്പിലേക്കയച്ചു. റോമിലെത്തിയ മാർ ജോസഫ് 1569–ൽ അവിടെവച്ച് അന്തരിച്ചു. മാർ ജോസഫിനെ ആദ്യമായി അറസ്റ്റുചെയ്ത് കൊണ്ടുപോയകാലത്ത് കേരളക്രിസ്ത്യാനികൾക്ക് മാർ എബ്രഹാം എന്നൊരു പേർഷ്യൻ മെത്രാനെ ലഭിച്ചു. അദ്ദേഹം നെസ്റ്റോറിയൻ പാത്രിയർക്കീസിനാൽ (റോം അംഗീകരിക്കാത്ത പാത്രിയർക്കീസ്) അയയ്ക്കപ്പെട്ട ആളായിരുന്നു. മാർ ജോസഫ് മടങ്ങി വന്നപ്പോൾ പോർത്തുഗീസുകാർ മാർ എബ്രഹാമിനെ അറസ്റ്റുചെയ്ത് യൂറോപ്പിലേക്കു കൊണ്ടുപോയി. മൊസാംബിക്കിൽവച്ച് അദ്ദേഹം തടവുചാടി. അദ്ദേഹം നേരെ പോയത് മാർപ്പാപ്പായുടെ മേൽക്കോയ്മ അംഗീകരിക്കുന്ന പാത്രിയർക്കീസിന്റെ അടുക്കലേക്കാണ്. അവിടെനിന്നു ശുപാർശക്കത്തുകളും സമ്പാദിച്ച് മാർ എബ്രഹാം റോമിലെത്തി. അങ്കമാലി രൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന മാർപ്പാപ്പാ അദ്ദേഹത്തെ അഭിഷേചിച്ചു. ഗോവ മെത്രാപ്പോലീത്താ, കൊച്ചി മെ

ത്രാൻ(67), പാത്രിയ‌ക്കീസ് എന്നിവർക്കുള്ള കത്തുകളുമായി മാർ എബ്രഹാം കേരളത്തിലേക്ക് പുറപ്പെട്ടു(68). ഗോവയിലെത്തിയ അദ്ദേഹത്തെ പോർത്തുഗീസുകാർ തടങ്കലിൽ പാർപ്പിച്ചു. കുശാഗ്രബുദ്ധിയായിരുന്ന മാർ എബ്രഹാം ഒരിക്കൽകൂടി തടവുചാടി. സുരക്ഷിതനായി കേരളത്തിലെത്തിയ മാർ എബ്രഹാം 1597 വരെ മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനായി തുടരുകയും ചെയ്തു. പോർത്തുഗീസുകാരുമായി ഇണങ്ങിയും പിണങ്ങിയും അദ്ദേഹം തന്റെ ഭരണകാലം കഴിച്ചുകൂട്ടി. ഈശോസഭൈദികർ അദ്ദേഹവുമായി മൈത്രിയിലാണ് കഴിഞ്ഞുകൂടിയിരുന്നത്. ആ സൗഹൃദത്തിൽനിന്ന് മുതലെടുത്തുകൊണ്ടാണ് 1577-ൽ ചേന്ദമംഗലം (വെപ്പിക്കോട്ട) സെമിനാരി ആരംഭിച്ചത്. 1583-ൽ ഈശോസഭക്കാരുടെ സഹായത്തോടുകൂടി മാർ എബ്രഹാം അങ്കമാലിയിൽ ഒരു സൂനഹദോസ് നടത്തി. അതിന്റെ തീരുമാനങ്ങൾ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല.

പിടി മുറുക്കുന്നു

1575-ൽ ഗോവയിൽനടന്ന മെത്രാന്മാരുടെ പ്രാദേശിക സൂനഹദോസിൽ സംബന്ധിക്കാൻ മാർ എബ്രഹാം വിസമ്മതിച്ചു. ഗോ

---

67. 1558-ൽ ഗോവരൂപത അതിരൂപതയാക്കി; കൊച്ചിരൂപത സ്ഥാപിച്ചു.

68. പോർത്തുഗീസുകാക്ക് പദ്രാദോ അധികാരമുണ്ടായിരുന്ന കേരളത്തിലേക്ക് ഒരു പേർഷ്യൻ മെത്രാപ്പോലീത്തായെ മാർപ്പാപ്പാ നിയോഗിച്ചത് വിചിത്രമായി ചിലർക്ക് തോന്നിയേക്കാം. ഇതിനുള്ള കാരണങ്ങൾ 1565 ഫെബ്രുവരി 14-ന് മാർപ്പാപ്പാ പാത്രിയ‌ക്കീസിനയച്ച കത്തിൽനിന്നു വ്യക്തമാകുന്നതാണ്. കേരളത്തിലെ മാത്തോമ്മാ ക്രിസ്ത്യാനികളുടെ സവിശേഷമായ ആരാധനക്രമം നിലനിർത്തുന്നതിനും പ്രാദേശികസഭയുടെ സവിശേഷവ്യക്തിത്വം അംഗീകരിക്കുന്നതിനും മാർപ്പാപ്പാക്ക് വിസമ്മതമുണ്ടായിരുന്നില്ല. ഇക്കാര്യം അദ്ദേഹം പ്രസ്തുത കത്തിൽ വ്യക്തമാക്കുന്നു. അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ മാത്തോമ്മാക്രിസ്ത്യാനികൾക്ക് റോമൻസഭയുമായി ഐക്യമുണ്ടാകണമെന്നേ അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നുള്ളൂ. വത്തിക്കാനിൽ സൂക്ഷിച്ചിരിക്കുന്ന മേല്പറഞ്ഞ കത്തിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് C. B. Firth, Page 78 കാണുക. 'വൈവിധ്യത്തിൽ ഏകത്വം' ഇതാണ് റോമൻ സഭയുടെ കാതലായ നയം. നിർഭാഗ്യവശാൽ ഉദാരമായ ഈ നയത്തിനെതിരായിട്ടാണ് കത്തോലിക്കാരാജ്യമായിരുന്ന പോർത്തുഗൽ പെരുമാറിയത്. പദ്രാദോ ഭരണം സ്ഥാപിക്കുന്നതിലും ലത്തീൻ ആരാധനക്രമം നടപ്പിലാക്കുന്നതിലുമായിരുന്ന അവരുടെ ശ്രദ്ധ. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ ഈ മനോഭാവം പ്രകടതരമാക്കുന്നു. മാർപ്പാപ്പാ നൽകിയ അധികാരപത്രങ്ങളുമായി എത്തിയ പേർഷ്യൻ മെത്രാന്മാരെ ഗോവയിൽ തടഞ്ഞുവച്ചത് പോർത്തുഗീസുകാരുടെ സ്വാർത്ഥലക്ഷ്യങ്ങൾ വെളിവാക്കുവാൻ മതിയായ തെളിവുകളാണ്.

വ മെത്രാപ്പോലീത്തായെ ചൊടിപ്പിച്ച ഒരു സംഭവമായിരുന്നു ഇത്. മാത്തോമ്മാക്രിസ്ത്യാനികളുടെമേൽ ഗോവ മെത്രാപ്പോലീത്തായ്ക്കും പോർത്തുഗീസ് രാജാവിനും അധികാരം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹം മാർപ്പാപ്പായുമായി കത്തിടപാടുകൾ തുടങ്ങി. മാർ എബ്രഹാമും വിട്ടുകൊടുത്തില്ല. അദ്ദേഹം ഈശോസഭാ വൈദികരിലൂടെ സ്വന്തം നിലപാട് റോമിൽ വ്യക്തമാക്കി. ഒരു ഒത്തുതീർപ്പ് എന്ന നിലയിൽ 1585–ൽ ഗോവയിൽ നടന്ന പ്രാദേശിക സൂനഹദോസിൽ പങ്കെടുക്കാൻ മാർ എബ്രഹാമിനോട് മാർപ്പാപ്പാ അഭ്യർത്ഥിച്ചു. അദ്ദേഹം അതനുസരിക്കുകയും ചെയ്തു. പ്രസ്തുത സൂനഹദോസിലെ തീരുമാനമനുസരിച്ച് ഈശോസഭക്കാരനായിരുന്ന ഫ്രാൻസിസ് റോസ്, എബ്രഹാം മെത്രാന്റെ ഉപദേഷ്ടാവായി നിയമിതനായി. കേരളക്രിസ്ത്യാനികളുടെ മതഗ്രന്ഥങ്ങൾ തിരുത്താനുള്ള ചുമതല റോസിനു നൽകുകയും ചെയ്തു. 1579–ൽ മാർ ശിമയോൻ എന്നൊരു നെസ്തോറിയൻ മെത്രാൻ കേരളത്തിലെത്തി. അദ്ദേഹത്തെ ഇവിടെ നിന്ന് തുരത്താനുള്ള ശ്രമത്തിൽ മാർ എബ്രഹാമും പോർത്തുഗീസുകാരും തോളോടുതോൾ ചേർന്നുനിന്ന് പ്രവർത്തിച്ചു. ആ ശ്രമത്തിൽ അവർ വിജയിക്കുകയും ചെയ്തു. മാർ ശിമയോനെ അറസ്റ്റുചെയ്ത് പോർത്തുഗലിലേക്ക് കൊണ്ടുപോയി. മാർ എബ്രഹാം പങ്കെടുത്ത ഗോവയിലെ മൂന്നാം സൂനഹദോസിന്റെ തീരുമാനങ്ങൾ കേരളത്തിൽ നടപ്പിലാക്കേണ്ട ഘട്ടം വന്നപ്പോൾ ഈശോസഭക്കാരും മാർ എബ്രഹാമും തമ്മിൽ ഇടച്ചിൽ ആരംഭിച്ചു. ലത്തീൻ ആരാധനക്രമം സുറിയാനിഭാഷയിൽ കേരളത്തിൽ പ്രചരിപ്പിക്കാനായിരുന്നു സൂനഹദോസിന്റെ ഒരു തീരുമാനം. കൊച്ചിയിലെ ലത്തീൻ മെത്രാന്റെ അനുമതിയോടുകൂടി മാത്രമേ മാത്തോമ്മാക്രിസ്ത്യാനികളുടെ വൈദികർക്ക് പട്ടം നൽകാവൂ എന്നതായിരുന്നു മറ്റൊരു വ്യവസ്ഥ. മാത്തോമ്മാക്രിസ്ത്യാനികളുടെ വൈദികർ ബ്രഹ്മചര്യം അനുഷ്ഠിക്കണമെന്ന തീരുമാനവും സൂനഹദോസ് കൈക്കൊണ്ടിരുന്നു. ഇവ നടപ്പിലാക്കുന്നതിന് വിസമ്മതിക്കുന്ന മാർ എബ്രഹാം വേദവിരുദ്ധനാണെന്നു കാണിച്ച് ഈശോസഭക്കാർ റോമിലേക്ക് കത്തുകളെഴുതി. പകരം വീട്ടാൻ കിട്ടിയ അവസരങ്ങളും മാർ എബ്രഹാമും പാഴാക്കിയില്ല. വൈപ്പിക്കോട്ട സെമിനാരിയിൽ പഠിച്ചവർക്ക് പട്ടം കൊടുക്കാൻ അദ്ദേഹം വിസമ്മതിച്ചു. ഇതോടെ പ്രശ്നം ഗുരുതരമായി. മാർ എബ്രഹാമിന്റെ പ്രവൃത്തികളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഗോവമെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടുകൊണ്ട് ക്ലമൻറ് എട്ടാമൻ മാർപ്പാപ്പാ 1595 ജനുവരി 25ന് ഒരു 'തിരുവെഴുത്ത്' പുറപ്പെടുവിച്ചു. മാർ എബ്രഹാമിനെ ഗോവയിൽ കൊണ്ടുപോയി വി

സ്മരിച്ച് കുറെക്കാരനെന്നു കണ്ടാൽ തടവിൽ പാർപ്പിക്കാനുള്ള അധികാരങ്ങളും ആ 'തിരുവെഴുത്തി'ൽ കാണാവുന്നതാണ്.

രോഗാതുരനായിരുന്ന മാർ എബ്രഹാമിനെ നിർദ്ദിഷ്ടവിചാരണക്ക് വിധേയനാക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ അപകടനിലയെക്കുറിച്ച് റോമിൽ അറിവുലഭിച്ചതിനാലാവണം 1597 ജനുവരി 21-നു പുതിയൊരു 'തിരുവെഴുത്ത്' ഗോവമെത്രാപ്പോലീത്തായ്ക്കു നൽകിയത്. മാർ എബ്രഹാം മരിച്ചാലുടൻ അങ്കമാലി രൂപതയിൽ ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് ഗോവമെത്രാപ്പോലീത്തായെ പുമതലപ്പെടുത്തുന്നതായിരുന്നു പ്രസ്തുത 'തിരുവെഴുത്ത്'.

1597

1957ന്റെ പ്രഥമാർദ്ധത്തിൽ മാർ എബ്രഹാം മരിച്ചു. മരിക്കുന്നതിനു മുമ്പ് കേരളസഭയിലെ പാരമ്പര്യമനുസരിച്ച് അദ്ദേഹം അക്കാദ്യാക്കോനായിരുന്ന ഗീവറുഗീസിനെ മാത്തോമ്മാക്രിസ്ത്യാനികളുടെ ഭരണാധികാരിയായി നിയമിച്ചു. ആധുനിക അമേരിക്കയിലെ റെഡ് ഇൻഡ്യൻസിന്റെ ഗോത്രത്തലവന്മാരെപ്പോലെ വെള്ളക്കാരന്റെ തള്ളിക്കയറ്റത്തിൽനിന്ന് സ്വജനതയെ രക്ഷിക്കാനാവാതെ കണ്ണുനീരോടെ കീഴടങ്ങേണ്ടിവന്ന ഒരു നിർഭാഗ്യനായിരുന്നു ഗീവറുഗീസ് അക്കാദ്യാക്കോൻ. നൂറ്റാണ്ടുകളുടെ പഴക്കമുണ്ടായിരുന്ന കേരള ക്രൈസ്തവപാരമ്പര്യങ്ങളും ചവിട്ടിമെതിക്കപ്പെട്ട ഉദയംപേരൂർ സൂനഹദോസിൽ മാത്തോമ്മാക്രിസ്ത്യാനികളുടെ നേതാവെന്ന നിലയിൽ പങ്കെടുക്കേണ്ടിവന്ന അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ചരിത്രം ഇവിടെ പൂർണ്ണമായി അവതരിപ്പിക്കുവാൻ നിർവ്വാഹമില്ല. പ്രസിദ്ധമായ പകലോമറ്റം തറവാട്ടിലെ ഒരംഗമായിരുന്ന അദ്ദേഹം(70).

മാർ എബ്രഹാമിന്റെ മരണവൃത്താന്തം ഗോവയിലെത്തിയപ്പോൾ അവിടത്തെ മെത്രാപ്പോലീത്തായായിരുന്ന ഡോം ഫ്രേ അലക്സിസ് മെനേസിസ്(71) നഗരത്തിനുപുറത്തുള്ള ഡാമൻ എ

---

70. ഗീവറുഗീസ് അക്കാദ്യാക്കോനെ തന്റെ പിൻഗാമിയായി വാഴിക്കണമെന്ന് മാർ എബ്രഹാം ആഗ്രഹിച്ചിരുന്നു. ബാബിലോണിലെ പാത്രിയർക്കീസിൽനിന്ന് ഇതിനുള്ള അനുമതിപത്രവും അദ്ദേഹം സമ്പാദിച്ചു. ഈശോസഭക്കാരുടെ ഉപദേശപ്രകാരമാണ് ഈ നടപടി വേണ്ടെന്നു വച്ചത്. കൂടുതൽ വിവരങ്ങൾക്ക് J. Kollaparambil, p. 97-99.

71. കേരളക്രൈസ്തവരുടെ ചരിത്രത്തിൽ ഉദയമ്പേരൂർ സൂനഹദോസിന്റെ സംഘാടകൻ എന്ന നിലയിൽ അനുസ്മരിക്കപ്പെടുന്ന മെനേസിസ് 1595ലാണ് ഗോവയിലെത്തിച്ചേർന്നത്. പോർത്തുഗലിലെ പ്രസിദ്ധമായ മെനേസിസ് കുടുംബത്തിലെ ഒരംഗമായിരുന്ന അദ്ദേഹം ഇന്ത്യയിലേക്ക് വരുന്നതിനുമുമ്പ് ലിസ്ബണിലെ അഗസ്തീനിയൻ ആശ്രമത്തിന്റെ തലവനായിരുന്നു. 1609വരെ അദ്ദേഹം ഗോവയിൽ പ്രവർത്തിച്ചു. പോർത്തുഗലിൽ മടങ്ങിയെത്തിയ മെനേ

ന്ന പ്രദേശത്ത് പര്യടനം നടത്തുകയായിരുന്നു. അദ്ദേഹം ഉടനടി ഫ്രാൻസിസ് റോസ് എന്ന ഈശോസഭാവൈദികനെ അങ്കമാലി രൂപതയുടെ താൽക്കാലിക ഭരണാധികാരിയായി നിയമിച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചു. ഗോവയിലുണ്ടായിരുന്ന പക്വബുദ്ധികളായ ഈശോസഭാവൈദികർ ഇടപെട്ടതിനെത്തുടർന്ന് ആ കല്പന താൽക്കാലത്തേക്ക് പിൻവലിക്കാനും ചില വ്യവസ്ഥകളോടുകൂടി അർക്കദ്യാക്കോനെ ഭരണാധികിരിയായി അംഗീകരിക്കാനും മെനേസിസ് മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. അധികാരസ്ഥിരീകരണത്തിന് മെനേസിസ് ഉന്നയിച്ച വ്യവസ്ഥകളിൽ പരമപ്രധാനമായിരുന്നത് റോമൻ കത്തോലിക്കാസഭയോട് വിധേയത്വം പ്രഖ്യാപിക്കുന്ന ഒരു സത്യവാങ്മൂലം അക്ക്ദ്യാക്കോൻ നടത്തണമെന്നതായിരുന്നു. ഫ്രാൻസീസ് റോസിനെയും മറെറാരു ഈശോസഭാവൈദികനെയും അക്ക്ദ്യാക്കോൻ ഉപദേഷ്ടാക്കളായി അംഗീകരിക്കണമെന്നതായിരുന്നു വേറൊരു വ്യവസ്ഥ. ഇത്തരം വ്യവസ്ഥകളൊന്നും അംഗികരി

സിസ് ഫിലിപ്പ് മൂന്നാമൻ രാജാവിൻെറ ഭരണകൂടത്തിൽ ഉന്നതസ്ഥാനങ്ങളും നേടി. 1617 ൽ അന്തരിച്ചു. തികച്ചും അപമാനിതനായിട്ടാണ് മരിച്ചതെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. മെനേസിസിൻെറ സ്വഭാവത്തെക്കുറിച്ച് ഡോ. ജോനാസ് ഇങ്ങനെ എഴുതുന്നു.

'If we might single out a virtue that was characteristically his, it can be said without hesitation that it was zeal; and this zeal, though sometimes rather ill inspired, animated all his actions. He had the boldness to concieve big plans and the pluck and courage to execute them ..... To win lands and people for the church and the King was the ideal that motivated his career and action'. The Synod of Diamper, page 17.

ശ്രീ കെ. എൻ. ഡാനിയേൽ ഇങ്ങനെ എഴുതുന്നു: 'ഇദ്ദേഹം അനിതരസാധാരണമായ സാമർത്ഥ്യവും ശ്ലാഘനീയമായ ധീരതയും അജയ്യമായ കർമ്മോദ്യുക്തതയും എന്തുവന്നാലും വിചാരിച്ചകാര്യം സാധിച്ചേ മടങ്ങൂ എന്നുള്ള ദൃഢനിഷ്ഠയും ഉള്ള ആളായിരുന്നുവെന്ന് മാത്രമല്ല പരിപൂർണ്ണമായ ശരീരസൗഖ്യത്തോടും നല്ല രക്തത്തിളപ്പുള്ള പ്രായത്തോടും—വയസ്സ് മുപ്പത്തിയെട്ടുമാത്രം—കൂടിയ ആളായിരുന്നു. എന്നുമാത്രമല്ല ഉദ്ദിഷ്ടകാര്യപ്രാപ്തിക്കു ഇന്നമാർഗ്ഗത്തിലൂടെ മാത്രമേ സഞ്ചരിക്കാവൂ എന്ന അദ്ദേഹം നിർബന്ധം പിടിച്ചിരുന്നില്ല. അദ്ദേഹം ഉപയോഗിച്ച വ്യാജപ്രയോഗങ്ങളും അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രമാത്രമോ? ഗോവായിലെ ആർച്ചുബിഷോപ്പു ഒരു വൈദികപ്രമുഖൻ മാത്രമല്ല, ഇന്ത്യയിലെ പറങ്കി ഗവണ്മെൻറിൻെറ രണ്ടാമത്തെ ഉദ്യോഗസ്ഥനും കൂടെ ആയിരുന്നു. ഗവർണ്ണർമാർ മുതലായവരെല്ലാം അദ്ദേഹത്തിൻെറ കീഴിലായിരുന്നു. വൈസ്രോയി സ്ഥാനത്തിനു ഒഴിവുണ്ടായാൽ ആ സ്ഥാനം വഹിക്കേണ്ടതു ആർച്ചുബിഷോപ്പായിരുന്നു. ഈ മെനേസിസുതന്നെ വൈസ്രോയി ആയി ഏതാനുംകാലം ഇരുന്നിട്ടുണ്ട്. ശ്രീ കെ. എൻ. ഡാനിയേൽ, ഉദയമ്പേരൂർ സൂനഹദോസിൻെറ കാനോനാകയും, സി. എൽ. എസ്. തിരുവല്ല, 1952, പുറം 1-2.

ക്കാൻ അക്ദ്യോക്കോൻ ആഗ്രഹിച്ചില്ല. എങ്കിലും സമ്മർദ്ദം പെരുകിയപ്പോൾ വിശ്വാസപ്രഖ്യാപനം നടത്താമെന്ന് അദ്ദേഹം സമ്മതിച്ചു. അതിനുള്ള തീയതി ആവുന്നത്ര നീട്ടിക്കൊണ്ടുപോകാനാണ് അക്ദ്യോക്കോൻ ആഗ്രഹിച്ചത്. ഇതിനൊരു കാരണമുണ്ടായിരുന്നു. മാർ എബ്രഹാം രോഗാതുരനായ ഉടൻതന്നെ മറെറാരു മെത്രാനെ ആവശ്യപ്പെട്ടുകൊണ്ട് ബാബിലോണിലേക്ക് കത്തുകളയച്ചിരുന്നു. അതനുസരിച്ച് ഏതെങ്കിലും പേർഷ്യൻ മെത്രാൻ വന്നെത്തുമെന്ന ശുഭാപ്തിവിശ്വാസം അക്ദ്യോക്കോനുണ്ടായിരുന്നു. മെത്രാനുണ്ടായാൽ താല്ക്കാലിക ഭരണാധികാരിയായ അക്ദ്യോക്കോന്റെ വിശ്വാസപ്രഖ്യാപനം പ്രശ്നമല്ലാതായിത്തീരുമല്ലോ. പക്ഷേ അക്ദ്യോക്കോന്റെ പ്രതീക്ഷ അസ്ഥാനത്തായിരുന്നു. മാത്തോമ്മാക്രിസ്ത്യാനികളുടെ നിർഭാഗ്യമെന്നു പറയട്ടെ, മണത്തറിഞ്ഞ മെനേസിസ് ഭാരതത്തിലെ എല്ലാ തുറമുഖങ്ങളിലും പേർഷ്യൻ ഉൾക്കടലിലെ ഒർമുസ് (Ormuz) തുറമുഖത്തിലും കർശനമായ പരിശോധന ഏർപ്പെടുത്തി. പേർഷ്യയിൽനിന്നു കേരളത്തിലേക്ക് പുറപ്പെട്ട വൈദികരെയും മെത്രാന്മാരെയും തുറമുഖത്തുവച്ച് പോർത്തുഗീസുകാർ പിടികൂടി (72). ഇതൊന്നും അക്ദ്യോക്കോൻ അറിഞ്ഞിരുന്നില്ല. ബാബിലോണിൽനിന്നു മെത്രാന്മാർ വരാൻ കാലതാമസമുണ്ടായപ്പോൾ അക്ദ്യോക്കോൻ അങ്കമാലിയിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ബാബിലോണിൽനിന്നുള്ള മെത്രാന്മാരെ മാത്രമേ തങ്ങൾ അംഗീകരിക്കൂ എന്ന് സമ്മേളനം പ്രഖ്യാപിച്ചു. മാത്തോമ്മാസഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കാൻ ആളും അർത്ഥവും നൽകാൻ തങ്ങൾ തയാറാണെന്ന് പള്ളി പ്രതിപുരുഷന്മാർ അക്ദ്യോക്കോനെ അറിയിച്ചു. ഈ തീരുമാനം കേരളത്തിലുടനീളം അറിയിക്കുകയും ചെയ്തു. ഇതോടെ കേരളത്തിലെ പോർത്തുഗീസ് മിഷനറിമാരുടെ നില പരുങ്ങലിലായി. മാത്തോമ്മാക്രിസ്ത്യാനികളുടെ ദേവാലയങ്ങളിൽ നിർബാധം കടന്നുചെന്നു കുർബാശകളും നടത്തുകയും പ്രസംഗിക്കുകയും ചെയ്തിരുന്ന വിദേശീയ വൈദികർക്ക് പ്രാണഭയംകൂടാതെ സഞ്ചരിക്കാൻ നിവൃത്തിയില്ലെന്നു വന്നു. ഈശോസഭക്കാരുടെ സെമിനാരിയിൽനിന്നു പഠിച്ചിറങ്ങിയ ഒരു വൈദികൻ കടുത്തരുത്തിയിൽവച്ച് പരസ്യപ്രാർത്ഥനയ്ക്കിടയിൽ മാർപ്പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിച്ചതു മറ്റു വൈദികർക്കും ജനങ്ങൾക്കും അസഹനീയമായി തോന്നി. അവർ വൈദികനെ മർദ്ദിച്ചു. ആ വൃത്താന്തം മെനേസിസിനെ വല്ലാതെ ചൊടിപ്പിച്ചു. എന്തു ത്യാഗം സഹിച്ചും മാത്തോമ്മാക്രിസ്ത്യാനികളെ മാർപ്പാപ്പായുടെയും ഗോവമെ

---

72. Gouvea, Book 1, chapter IV കാണുക.

ത്രാപ്പോലീത്തായുടെയും നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് അദ്ദേഹം ഉറച്ചു. ഉടനടി കേരളത്തിലേക്ക് പുറപ്പെടാനായിരുന്ന മെനേസിസിന്റെ തീരുമാനം. സ്ഥിതിഗതികൾ കൂടുതൽ വഷളാകരുതെന്നു കരുതി അക്ദ്യോക്കോൻ ഒരു ഫ്രാൻസിസ്കൻ വൈദികന്റെ മുമ്പാകെ വിശ്വാസപ്രഖ്യാപനം നടത്തി. ഈശോസഭാവൈദികർക്ക് ഇതുകൊണ്ട് തൃപ്തിപ്പെടാൻ കഴിഞ്ഞില്ല (73). അവസാനം കൊച്ചിയിൽവെച്ച് പരസ്യമായി അക്ദ്യോക്കോൻ വിശ്വാസപ്രഖ്യാപനം നടത്തി പോർത്തുഗീസ് ഭാഷയിൽ വായിച്ച വിശ്വാസ പ്രഖ്യാപനത്തിന് അദ്ദേഹം 'ഉവ്' എന്ന് ഉത്തരം നൽകി. കൊച്ചിയിലെ പോർത്തുഗീസുകാർ ആഡംബരസമന്വിതം ഈ സുദിനം കൊണ്ടാടി. ഈശോസഭക്കാർ മാത്രം ഇതിൽനിന്നെല്ലാം ഒഴിഞ്ഞുമാറി നിന്നിരുന്നു. അങ്കമാലിയിൽ മടങ്ങിയെത്തിയ അക്ദ്യോക്കോൻ പഴയ മട്ടിൽതന്നെ പ്രവർത്തിച്ചു തുടങ്ങുന്നതു കണ്ടപ്പോഴാണ് പോർത്തുഗീസുകാർക്ക് വിശേഷിച്ച് ഈശോസഭക്കാർക്ക് അസഹിഷ്ണുത ഏറി. ഫാദർ ജോർജ്ജ് ക്രാസ്റ്റോ എന്ന ഈശോസഭാ വൈദികൻ ഗോവയിലെത്തി മെനേസിസിനെ വിവരങ്ങൾ ധരിപ്പിച്ചു. സാഹസികബുദ്ധിയായിരുന്ന മെനേസിസ് സിവിൽ അധികാരികളുടെ പ്രതികൂലാഭിപ്രായം പോലും വിഗണിച്ച് കൊച്ചിയിലേക്ക് ഉടനടി പുറപ്പെട്ടു.

മെനേസിസ് കേരളത്തിൽ

മെനേസിസിന്റെ കേരളത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചറിയാനുള്ള ഏക മാർഗ്ഗം ഉവയാ എന്ന സന്യാസിയുടെ 'ജൊർണാദ' എന്ന ഗ്രന്ഥം മാത്രമാണ്. (74) കേരളക്രൈസ്തവരുടെ ചരിത്രത്തിനും

---

73. കത്തോലിക്കാസഭയിലെ വിവിധ സന്യാസസമൂഹങ്ങൾ തമ്മിൽ നടന്നിരുന്ന കിടമത്സരം അപകീർത്തികരങ്ങളായ പല സംഭവങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്.

74. ഉവയായും മെനേസിസും അഗസ്തീനിയൻ സന്യാസസമൂഹത്തിലെ അംഗങ്ങളായിരുന്നു. ഉദയമ്പേരൂർ സൂനഹദോസിനുശേഷം മെനേസിസ് ഗോവയിൽ മടങ്ങിയെത്തിയ കാലത്ത് അധികാരികളുടെ നിർദ്ദേശമനുസരിച്ചാണ് ഉവയാ ഈ ഗ്രന്ഥം രചിച്ചത്. ഉവയായും മെനേസിസിനോടൊപ്പം കേരളം സന്ദർശിച്ചു എന്ന ധാരണ ശരിയല്ല. മെനേസിസിന്റെ ഡയറിക്കുറിപ്പുകൾ, വിശദീകരണങ്ങൾ, മെനേസിസിന്റെ കുമ്പസാരക്കാരനായി കേരളം സന്ദർശിച്ച വൈദികൻ നൽകിയ വിവരങ്ങൾ ഇവ മാത്രം ഉപയോഗിച്ചാണ് ഉവയാ ഗ്രന്ഥരചന നടത്തിയത്. അതിനാൽ ഈ ഗ്രന്ഥത്തിൽക്കാണുന്നതെല്ലാം കണ്ണുമടച്ചു വിശ്വസിക്കുന്നത് യുക്തിസഹമായിരിക്കുകയില്ല. മെനേസിസിന്റെ ധീരസാഹസികകഥകളും അദ്ദേഹം പോർത്തുഗീസ് രാജാവിനും മാർപ്പാപ്പാക്കും അർപ്പിച്ച സേവനത്തിന്റെ മഹത്വവും കൊട്ടിഘോഷിക്കാൻവേണ്ടിയാണ്

പൊതുവേ കേരളചരിത്രത്തിനും ഒരു മുതൽക്കൂട്ടാണ് ഈ ഗ്രന്ഥം. നിർഭാഗ്യവശാൽ ഈ ഗ്രന്ഥത്തിന് ഒരു മലയാളതർജ്ജമ ഇതുവരെ ഉണ്ടായിട്ടില്ല. (74a)

1599 ഫെബ്രുവരി ഒന്നിന് മെനേസിസ് കൊച്ചിയിലെത്തിച്ചേർന്നു. പോർത്തുഗീസുകാരുടെ കേന്ദ്രമായിരുന്ന കൊച്ചിയിൽ അദ്ദേഹത്തിന് ഗംഭീരമായ സ്വീകരണം നൽകപ്പെട്ടു. കൊച്ചി രാജാവ് മെനേസിസിനെ സന്ദർശിച്ചു. സന്ദർശനലക്ഷ്യം സാധിക്കുന്നതിൽ മെനേസിസിനു വേണ്ട ഒത്താശകളെല്ലാം കൊച്ചിരാജാവ് വാഗ്ദാനം ചെയ്തു. പോർത്തുഗീസുകാക്കു തലവേദനയായിരുന്ന കുഞ്ഞാലിമരയ്ക്കാരെ വകവരുത്തുന്നതിനുള്ള ചില തന്ത്രങ്ങൾക്കു രൂപം നൽകിയതിനു ശേഷം (75) ആർച്ചുബിഷപ്പ് അക്ദ്യൊക്കോനു് ആളയച്ചു. ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ലെന്നു വന്നപ്പോൾ അക്ദ്യൊക്കോൻ സ്വരക്ഷയെക്കരുതി മൂവായിരം നസ്രാണിയോദ്ധാക്കളെയും രണ്ടു പണിക്കർമാരെയും (76) കൂട്ടി കൊച്ചിയിലേക്ക് പുറപ്പെട്ടു. പോർത്തുഗീസ് ക്യാപ്റ്റൻ അദ്ദേഹത്തെ സ്വീകരിച്ച് ആർച്ചുബിഷപ്പ്

ഗ്രവയാ ഗ്രന്ഥരചന നടത്തിയതെന്ന കാര്യവും വിസ്മരിക്കരുത്. മറ്റ് പോർത്തുഗീസ് രേഖകളിലെന്നപോലെ ഈ ഗ്രന്ഥത്തിലും Serra എന്ന പേരിലാണ് കേരളം പരാമർശിക്കപ്പെട്ടിരുന്നത്. (Serra എന്ന പോർത്തുഗീസ് പദത്തിന് 'Mountain' എന്ന അർത്ഥമുണ്ടെന്നു് ഡോ. മുണ്ടാടൻ രേഖപ്പെടുത്തിയിരിക്കുന്നു. St. Thomas Christians, P. 4.) 1606-ൽ പ്രസ്തുത ഗ്രന്ഥം പോർത്തുഗലിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു.

74a. ജൊർണാദയുടെ രണ്ടധ്യായങ്ങളും ഈ പുസ്തകത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. പുറം. 199. കേരളത്തിലെ രാജാക്കന്മാർ, നാടുവാഴികൾ, കുഞ്ഞാലിമരയ്ക്കാർ, പോർത്തുഗീസ് ഉപജാപങ്ങൾ, സഞ്ചാരമാർഗ്ഗങ്ങൾ, സമുദായബന്ധങ്ങൾ എന്നിങ്ങനെ അനേകം വിഷയങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ജൊർണാദയിൽ കാണാവുന്നതാണ്. ആനുഷംഗികപരാമർശനങ്ങളിലൂടെ വിവൃതമാകുന്ന ചരിത്രസത്യങ്ങൾ അമൂല്യങ്ങളാണല്ലോ.

75. കുഞ്ഞാലിമരയ്ക്കാരുടെ പ്രവർത്തനങ്ങളെക്കുറിച്ചും സാമൂതിരിയും കൊച്ചി രാജാവും തമ്മിലുണ്ടായിരുന്ന അസ്വാരസ്യത്തെക്കുറിച്ചും പല വിവരങ്ങളും ജൊർണാദയിൽ കാണുന്നു. Chapter. IX, Book. I.

76. ആയോധനവിദ്യ അഭ്യസിപ്പിക്കുന്ന ഗുരുക്കന്മാരായിരുന്ന പണിക്കർമാർ. കേരളത്തിലെ നായന്മാരും ക്രിസ്ത്യാനികളും പത്തു വയസ്സുമുതൽ ഇരുപത്തിയഞ്ചു് വയസ്സുവരെ ഇവരുടെ മേൽനോട്ടത്തിൽ ആയുധവിദ്യ അഭ്യസിച്ചിരുന്നു. ശിഷ്യന്മാർ പണിക്കർമാരോടാണ് കൂടുപുലർത്തിയിരുന്നതു്. ഗുരുവിനെ നിന്ദിക്കുന്ന രാജാക്കന്മാർക്കെതിരായിപ്പോലും അവർ പടപൊരുതിയിരുന്നു. തന്മൂലം പണിക്കർമാർക്ക് സമുദായത്തിൽ സമുന്നതമായ പദവിയാണ് ഉണ്ടായിരുന്നതു്. ഹീനജാതിയിൽപ്പെട്ട ഗുരുക്കന്മാരോടുപോലും ശിഷ്യന്മാർ വിധേയത്വം പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യങ്ങൾ ജൊർണാദ ഒന്നാം പുസ്തകം ഒമ്പതാം അധ്യായത്തിൽ ഗ്രവയാ വിവരിക്കുന്നുണ്ട്.

താമസിച്ചിരുന്ന ഭവനത്തിലേക്ക് ആനയിച്ചു. അവിടെ ആർച്ചുബിഷപ്പും അക്ദ്യാക്കോനും ക്യാപ്റ്റനും രണ്ടു പണിക്കർമാരും ഒരു മുറിയിൽ പ്രവേശിച്ച് സംഭാഷണങ്ങളും തുടങ്ങി. സംഭാഷണം നടന്ന സമയമത്രയും രണ്ടു പണിക്കർമാരും ഉയർത്തിപ്പിടിച്ച വാളുകളുമായി ആർച്ചുബിഷപ്പിന്റെ ഇരുവശത്തുമായി നിന്നിരുന്നു. അക്ദ്യാക്കോനെ അപകടപ്പെടുത്താനുള്ള ഏതു നീക്കത്തെയും നേരിടാനുള്ള ഒരു മുൻകരുതലായിരുന്നു അത്. അവർ സംസാരിച്ചുകൊണ്ടിരുന്ന മുറിയുടെ വാതിൽ ആരോ അടച്ചു. ഇതു കണ്ട് പുറത്തുനിന്നിരുന്ന നസ്രാണിയോദ്ധാക്കൾ ക്ഷോഭിച്ചിളകി. അക്ദ്യാക്കോനു് അപകടമൊന്നും സംഭവിച്ചിട്ടില്ലെന്നു് ബോധ്യപ്പെടുവന്നപ്പോൾ മാത്രമാണു് അവർ ശാന്തരായതു്. അക്ദ്യാക്കോനോടു് കേരളക്രിസ്ത്യാനികൾക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾ വെളിപ്പെടുത്തുന്ന ഈ സംഭവം ഗ്രവയാ രേഖപ്പെടുത്തിയിട്ടുള്ളതാണു്. (77) അടുത്ത ദിവസം ആർച്ചുബിഷപ്പു് വൈപ്പിക്കോട്ടയിലേക്ക് പോകണമെന്നും അവിടെവച്ച് അക്ദ്യാക്കോനെയും മാത്തോമ്മാക്രിസ്ത്യാനികളുടെ മറ്റു നേതാക്കളെയും കാണാമെന്നും തീരുമാനിച്ചു് കൊച്ചിയിലെ കൂടിക്കാഴ്ച അവസാനിപ്പിച്ചു.

തീരുമാനമനുസരിച്ചു് അടുത്തദിവസംതന്നെ ഏതാനും വഞ്ചികളിൽ ആർച്ചുബിഷപ്പും സഹപ്രവർത്തകരും വൈപ്പിക്കോട്ടയിൽ എത്തിച്ചേർന്നു. ഈശോസഭക്കാർ അവിടെ സ്ഥാപിച്ചിരുന്ന സെമിനാരിയെക്കുറിച്ചു് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ സെമിനാരിയിൽ അദ്ദേഹത്തിനു നല്ല സ്വീകരണം നൽകപ്പെട്ടു. വൈപ്പിക്കോട്ട പള്ളിയിലെത്തിയതിനുശേഷം മെനേസിസു് റോമൻകത്തോലിക്കാസഭയിലെ ആർച്ചുബിഷപ്പിന്റെ ഔദ്യോഗികവേഷങ്ങളും ചിഹ്നങ്ങളും അണിഞ്ഞു് ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. കൗതുകകരമായ ഒരു കാഴ്ചയായിരുന്നിരിക്കണം അത്. അന്നും അതിനടുത്ത ദിവസങ്ങളിലും ജനങ്ങളോടു നടത്തിയ പ്രഭാഷണങ്ങളിൽ റോമൻസഭയുടെ ആചാരവിശേഷങ്ങളും സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. ഏതാനും ആളുകൾക്കു് മുമ്പിലത്തെ ഒപ്രൂമാ(confirmation) എന്ന കൂദാശ നൽകുകയും ചെയ്തു. ഈ പ്രകടനങ്ങളെല്ലാം കഴിഞ്ഞതിനുശേഷം മാത്രമാണു് അക്ദ്യാക്കോനും മാത്തോമ്മാക്രിസ്ത്യാനികളുടെ പ്രതിനിധികളും വൈപ്പിക്കോട്ടയിൽ എത്തിച്ചേർന്നതു്. മാത്തോമ്മാക്രിസ്ത്യാനികളുടെ കുമ്പിനയിലും സന്ധ്യാപ്രാർത്ഥനകളിലും ബാബിലോണിലെ പാത്രിയർക്കീസിനുവേണ്ടി പ്രാർത്ഥിക്കുന്ന ഭാഗങ്ങളും ഉള്ളതായി മെനേസിസു്

77. ജൊർണാദ, B. I, Chapt, IX.

കണ്ടുപിടിച്ചു. റോമയിലെ മാർപ്പാപ്പാ മാത്രമാണ് വിശ്വസഭയുടെ തലവനെന്നും മറ്റാർക്കുംവേണ്ടി തൽസ്ഥാനത്തു പ്രാർത്ഥിക്കുന്നത് അനവദനീയമല്ലെന്നും മെനേസിസ് കരുതി. അക്ദ്യോക്കോനെയും മറ്റു വൈദികരെയും സഹപ്രവർത്തകരെയും കാരണം പറയാതെ വിളിച്ചുകൂട്ടിയശേഷം അദ്ദേഹം തന്റെ പോക്കറ്റിൽനിന്ന് നാടകീയമായി ഒരു കടലാസ് പുറത്തെടുത്ത് ഉറക്കെ വായിച്ചു. ഉടനടി അതിന്റെ തർജ്ജമ ദ്വിഭാഷി നൽകി. പാവം അക്ദ്യോക്കോനും സുഹൃത്തുക്കളും നടുങ്ങിപ്പോയി. ബാബിലോണിലെ പാത്രിയർക്കീസിനുവേണ്ടി പ്രാർത്ഥിക്കുന്നവർക്ക് മഹറോൻ ശിക്ഷ(Excommunication) വിധിക്കുന്ന ഒരു കല്പനയായിരുന്നു അത്. പന്ത്രണ്ടു നൂറ്റാണ്ടുകളായി തങ്ങൾ പൂവിട്ടു പൂജിക്കുന്ന ബാബിലോൺ പാത്രിയർക്കീസിന്റെ നാമോച്ചാരണംപോലും ശിക്ഷാർഹമായി വിധിക്കപ്പെട്ടിരിക്കുന്നു എന്നറിഞ്ഞപ്പോൾ മാർത്തോമ്മാക്രിസ്ത്യാനികളുടെ നേതാക്കൾക്കുണ്ടായ നടുക്കവും ഹൃദയവ്യഥയും ഊഹിക്കാവുന്നതാണല്ലോ. ആ നടുക്കത്തിൽനിന്ന് അവർ മുക്തരാകുന്നതിനു മുമ്പുതന്നെ പ്രസ്തുത കല്പനയിൽ ഒപ്പുകൂത്താൻ മെനേസിസ് അക്ദ്യോക്കോനോടും മറ്റ് രണ്ടു വൈദികരോടും ആവശ്യപ്പെട്ടു. ചേതസ്സറിയുന്ന അക്ദ്യോക്കോനോട് ആർച്ചുബിഷപ്പ് അലറി: 'Sign priest, the axe must be laid at the root of the evil'. അനുസരിക്കാൻ മാത്രമേ അക്ദ്യോക്കോനു കഴിഞ്ഞുള്ളൂ. അവർ ഒപ്പുവച്ച കല്പന വൈപ്പിക്കോട്ട പള്ളിയുടെ പ്രധാനകവാടത്തിൽ പതിച്ചു. സുബോധം വീണ്ടുകിട്ടിയപ്പോൾ അക്ദ്യോക്കോനും കൂട്ടുകാരും വാവിട്ടുനിലവിളിച്ചു, (78) ഇവരുടെ വിലാപം കേട്ട് ജനങ്ങൾ ഓടിക്കൂടി. സംഭവിച്ചതെല്ലാം കേട്ടറിഞ്ഞ ജനങ്ങൾ പ്രതികാരോദ്യുക്തരായി. ഉത്തമക്രൈസ്തവനായിരുന്ന അക്ദ്യോക്കോൻ 'വാൾ ഉറയിൽ ഇടുവാൻ' ജനങ്ങളെ പ്രേരിപ്പിച്ചു. അങ്ങനെ വലിയൊരു രക്തച്ചൊരിച്ചിൽ ഒഴിവായി. പാശ്ചാത്യന്റെ അഹന്തയും ഭാരതീയന്റെ ദമവും തമ്മിലുള്ള അന്തരമാണ് ഈ സ്തോടകനിമിഷത്തിലും പ്രകടമായത്. ജീവനും സ്വത്തും ബലികഴിച്ചുപോലും മാർത്തോമ്മായുടെ നിയമങ്ങളും ബാബിലോൺ പാത്രിയ

---

78. അക്ദ്യോക്കോൻ കല്പനയിൽ ഒപ്പുവച്ചു എന്നത് ശരിതന്നെ. പോർത്തുഗീസുകാർ തിങ്ങിക്കൂടിയിരുന്ന വൈപ്പിക്കോട്ട സെമിനാരിയിലെ സമ്മേളനശാലയിൽവച്ച് മറ്റൊന്നും ചെയ്യാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല എന്നതാണ് കൂടുതൽ ശരി. പോരെങ്കിൽ പോർത്തുഗീസുകാരുടെ കിങ്കരനായി മാറാൻ വെമ്പൽപൂണ്ടു നിന്നിരുന്ന കൊച്ചിരാജാവിന്റെ അധികാരത്തിൽപ്പെട്ട പ്രദേശമായിരുന്നു വൈപ്പിക്കോട്ട. ഈ സത്യങ്ങൾ ജോർണാദയുടെ പത്താം അധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്ലീസിനോടുള്ള ബന്ധവും നിലനിൽക്കുമെന്ന് പ്രതിജ്ഞചെയ്തശേഷം ജനങ്ങൾ പിരിഞ്ഞുപോയി,

കൗശാഗ്രബുദ്ധിയും സാഹസികനുമായിരുന്ന ആർച്ചുബിഷപ്പ് മെനേസിസ് ഉപദേശങ്ങൾകൊണ്ടും സമ്മാനങ്ങൾകൊണ്ടും ഏതാനും വൈദികരെ പാട്ടിലാക്കി. മറ്റുള്ളവരെ പാട്ടിലാക്കാൻ ഇവരെ നിയോഗിക്കുകയും ചെയ്തു. അടുത്ത ദിവസം അദ്ദേഹം പറവൂക്ക് (79) പുറപ്പെട്ടു. മാത്തോമ്മാക്രിസ്ത്യാനികളുടെ പ്രമുഖകേന്ദ്രമായിരുന്ന പറവൂർ. മാത്തോമ്മാക്രിസ്ത്യാനികളുടെ അതിഥിയായി വന്നെത്തിയിരിക്കുന്ന ആർച്ചുബിഷപ്പിനെ സ്വീകരിക്കാൻ വിപുലമായ ഏർപ്പാടുകളാണ് അവിടെ നടത്തിയിരുന്നത്. എന്നാൽ അതിഥിയെന്നു കരുതിയ ആൾ ഭരണാധികാരിയായി ചമയുന്ന കഥ (വൈപ്പിക്കോട്ടയിൽ സംഭവിച്ചത്) കേട്ടറിഞ്ഞ ജനങ്ങൾ സ്വീകരണച്ചടങ്ങുകൾ വേണ്ടെന്നുവച്ചു. അക്ഷ്യോക്കോനടക്കം പത്താളുകൾ മാത്രമാണ് അദ്ദേഹത്തെ സ്വീകരിക്കാനുണ്ടായിരുന്നത്. ആർച്ചുബിഷപ്പ് ദേവാലയത്തിലെത്തിയപ്പോൾ ആയുധധാരികളായ ക്രൈസ്തവപുരുഷന്മാർ അവിടേയ്ക്കു പ്രവഹിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗം അവർ സശ്രദ്ധം ശ്രവിച്ചു. എന്നാൽ 'മുമ്പിലത്തെ ഒപ്പുശ്ലൂമാ' എന്ന കൂദാശ നൽകാൻ തുടങ്ങിയപ്പോൾ അവർ രോഷാകുലരായി. പെട്ടെന്ന്, ഔദ്യോഗികവേഷത്തിൽ നിന്നിരുന്ന മെനേസിസ് രണ്ടടി മുന്നോട്ടുവച്ച് നാടകീയമായ ഭാഷയിൽ സംസാരിക്കാൻ തുടങ്ങി. 'എന്റെ രക്തംകൊണ്ടോ വാക്കുകൾകൊണ്ടോ കത്തോലിക്കാസഭയുടെ സത്യങ്ങൾ നിങ്ങളെ ബോധ്യപ്പെടുത്തിയല്ലാതെ ഞാൻ പിന്മാറുകയില്ല' നിങ്ങൾ എന്നെ കൊന്നോളൂ. ഞാൻ നിരായുധനാണ്. എന്റെ തലയിൽ ആർച്ചുബിഷപ്പിന്റെ തൊപ്പിയും കൈയിൽ അംശവടിയും മാത്രമാണുള്ളത്. നിങ്ങൾക്ക് സ്വന്തം ഇടയന്റെ രക്തമാണ് വേണ്ടതെങ്കിൽ അതു സ്വീകരിച്ചോളൂ. കുന്തങ്ങൾകൊണ്ട് കുത്തൂ, വാൾത്തലയിൽ എന്റെ രക്തം പുരട്ടൂ, തോക്കുകൾ എന്റെ നേരെ നിറയൊഴിക്കൂ. അങ്ങനെ എന്റെ രക്തംകൊണ്ട് ഞാൻ സത്യമാണ് പറയുന്നതെന്ന് നിങ്ങൾ അറിയട്ടെ. സത്യത്തിനുവേണ്ടിയല്ലാതെ അസത്യത്തിനുവേണ്ടി ആരും മരിക്കുവാൻ തയ്യാറാവുകയില്ലല്ലോ, ആർച്ചുബിഷപ്പിന്റെ ആവേശനിർഭരമായ ഈ വാക്കുകൾ കേട്ട ജനങ്ങൾ ഇതികർത്തവ്യതാമൂഢരായി പിരിഞ്ഞുപോയി എന്നാണ് ഗ്രുവയാ പറയുന്നത്. മറ്റു തെളിവുകൾ ഇല്ലാത്ത നിലക്ക് ഗ്രുവയായെ വിശ്വസിക്കുകയേ തരമുള്ളൂ. ഈ തന്ത്രം മറ്റു പല സ്ഥലങ്ങളിലും മെനേസിസ് ഫലപ്രദമായി ഉപയോഗിച്ചതായി 'ജൊർണാദ'യിൽ കാണുന്നു. അസാധാരണമായ ധീരതകൊണ്ടും വി

79. 'Paru' എന്നാണ് ജൊർണാദയിൽ കാണുന്നത്.

ചിത്രമായ വേഷവിധാനങ്ങൾകൊണ്ടും നാടകീയമായ സംഭാഷണങ്ങൾകൊണ്ടും മാത്തോമ്മാക്രിസ്ത്യാനികളെ അമ്പരപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പറവൂരിലും ജനങ്ങളെ അമ്പരപ്പിക്കാനല്ലാതെ അനുസരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അക്ദ്യാക്കോൻ കൂട്ടിക്കൊണ്ടുവന്ന പത്തു കുട്ടികൾക്ക് മുമ്പിലത്തെ ഒപ്രൂശുമാ നൽകിയശേഷം ആർച്ചുബിഷപ്പ് വഞ്ചികളിലേക്ക് മടങ്ങി. അദ്ദേഹത്തെ കൊലപ്പെടുത്താനുള്ള പല ശ്രമങ്ങളും അവിടെവച്ചുണ്ടായതായി ഗ്രുവയാ രേഖപ്പെടുത്തിയിരിക്കുന്നു.

ആലങ്ങാട്ടേക്കാണ് (80) അദ്ദേഹം അടുത്തതായി പോയത്. പറവൂരും ആലങ്ങാടും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നതിനാൽ നിരവധി ആളുകൾ ദേവാലയത്തിൽ അഭയം പ്രാപിച്ചിരുന്നു. മെനേസിസ് അവരെ സമാശ്വസിപ്പിക്കുകയും അവരോട് ദീർഘമായി പ്രസംഗിക്കുകയുംചെയ്തു. അന്നു രാത്രി പറവൂർ രാജാവ് ആലങ്ങാട് ആക്രമിക്കുമെന്ന് ശ്രുതിപരന്നിരുന്നതിനാൽ മെനേസിസ് രാത്രിയിൽത്തന്നെ ചൊവ്വരയിലേക്ക് (81) പോയി. പ്രഭാതത്തിൽ അവിടെയെത്തിയ അദ്ദേഹത്തിനു പൂട്ടിക്കിടക്കുന്ന ദേവാലയമാണ് കാണാൻകഴിഞ്ഞത്. സന്ധ്യയായപ്പോൾ ആർച്ചു ബിഷപ്പ് സ്നേഹനിർഭരമായ ഒരു കത്ത് അർക്കദ്യാക്കോനു കൊടുത്തയച്ചു. ഒരു തുറന്ന ചാട്ടുള്ള ക്ഷണമായിരുന്നു അത്. അർക്കദ്യാക്കോൻ ക്ഷണം സ്വീകരിച്ചു. ഏതാനും വൈദികരും അക്ദ്യാക്കോനും നിരവധി യോദ്ധാക്കളുടെ അകമ്പടിയോടുകൂടി ബോട്ടുകടവിൽ എത്തി. അർക്കദ്യാക്കോനും രണ്ടു വൈദികരും ആർച്ചുബിഷപ്പിന്റെ വഞ്ചിയിലേക്ക് പ്രവേശിച്ചപ്പോൾ നസ്രാണിയോദ്ധാക്കൾ വഞ്ചികളുടെ ചുറ്റും അണിനിരന്നു. സുദീർഘമായ ചർച്ചനടന്നു. വിശ്വാസസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ സൂനഹദോസ് വിളിച്ചുകൂട്ടണമെന്ന് എല്ലാവരും സമ്മതിച്ചു. അതുവരെ ആർച്ചുബിഷപ്പ് ഒരു അതിഥിയുടെമട്ടിൽ മാത്രമേ ദേവാലയങ്ങൾ സന്ദർശിക്കാവൂ എന്നും തീരുമാനമുണ്ടായി. ആർച്ചുബിഷപ്പിനെ അർക്കദ്യാക്കോൻ അനുഗമിക്കണമെന്നതായിരുന്നു മറെറാരു തീരുമാനം. ചർച്ചകൾക്കുശേഷം മെനേസിസ് ജലമാർഗ്ഗമായും അക്ദ്യാക്കോൻ കരമാർഗ്ഗമായും കാ

---

80. 'mangate' എന്ന് ജൊർണാദയിൽ കാണുന്നു.

81. Cheguree എന്നു ജൊർണാദയിൽ കാണുന്നു.

പറവൂരിൽനിന്ന് നസ്രാണിയോദ്ധാക്കൾ തന്നെപിടികൂടാൻ പുറപ്പെട്ടിട്ടുണ്ട് എന്നു കേട്ടിട്ടാണ് മെനേസിസ് സ്ഥലംവിട്ടതെന്ന് Z. M. പറേട്ട് പറയുന്നു. മലങ്കര നസ്രാണികൾ, Vol II, പു. 286. ഇതിനു തെളിവുകളൊന്നും അദ്ദേഹം ഹാജരാക്കുന്നില്ല.

ഞ്ഞൂറിലേക്ക് (82) പുറപ്പെട്ടു. അവിടെ ആർച്ചുബിഷപ്പിനു ഗംഭീരമായ സ്വീകരണമാണ് ലഭിച്ചത്. പൊവ്വരയിൽവച്ചുണ്ടായ ഉടമ്പടി പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി ലംഘിക്കുന്നതരത്തിലുള്ള ഒരു പ്രസംഗം ആർച്ചുബിഷപ്പ് നടത്തി. ഇതു പന്തിയല്ലെന്നു തോന്നിയ അർക്കദ്യാക്കോൻ ഉടനടി യാത്രപറഞ്ഞ് പൊവ്വരയിലേക്ക്പോയി.

അക്കദ്യാക്കോനോട് ഉത്തരദേശങ്ങളിലെ ക്രിസ്ത്യാനികൾക്ക് ഉള്ളതുപോലെ ദക്ഷിണദേശങ്ങളിലെ ക്രിസ്ത്യാനികൾക്ക് ഇല്ലെന്നു മനസ്സിലാക്കിയ മെനേസിസ് ദക്ഷിണദേശങ്ങളിലെ പള്ളികൾ സന്ദർശിക്കാൻ തീരുമാനിച്ച് മാർച്ച് ഒന്നിന് കാഞ്ഞൂരിൽനിന്ന് കൊല്ലത്തേക്ക് പുറപ്പെട്ടു. കൊല്ലം സന്ദർശിക്കുന്നതിൽ മെനേസിസിനു മറ്റു ചില രാഷ്ട്രീയലക്ഷ്യങ്ങളും ഉണ്ടായിരുന്നു. (83) കൊച്ചിവഴി പ്രക്കാട്ടെത്തിയ (84) ആർച്ചുബിഷപ്പിനു എല്ലാ ഒത്താശകളും

---

82. Canhur എന്നു ജൊർണാദയിൽ.

83. കൊല്ലത്തെ പോർത്തുഗീസ് കോട്ടക്കു സമീപം തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ വീരഇരവിവർമ്മ ഒരു കോട്ട നിർമ്മിക്കുന്നുണ്ടായിരുന്നു. അതു തകർക്കാനുള്ള ചില ഗൂഢപദ്ധതികൾക്ക് അവസാന രൂപം നൽകാൻ മെനേസിസ് ആഗ്രഹിച്ചു. എന്നാൽ അറബിക്കടലിലുണ്ടായിരുന്ന പോർത്തുഗീസ് കപ്പൽപ്പട കുഞ്ഞാലിമരക്കാരുമായുണ്ടായ ഏറ്റുമുട്ടലിൽ തകർന്നുപോയി. പോർത്തുഗീസ് പടത്തലവനുപോലും മുറിവേറ്റു. കൊല്ലത്തുവച്ച് ഈ വിവരങ്ങൾ അറിഞ്ഞ മെനേസിസ് ഉടനടി കൊച്ചിയിലെത്തി. കുഞ്ഞാലിയുമായുണ്ടായ യുദ്ധത്തിൽ പോർത്തുഗീസുകാർക്ക് തോൽവി സംഭവിച്ചിട്ടില്ലെന്നും കുഞ്ഞാലിക്ക് വലിയ ആൾനാശം ഉണ്ടായിട്ടുണ്ടെന്നും കാണിച്ച് പോർത്തുഗീസ് ഗവൺമെൻറിനുവേണ്ടി അദ്ദേഹം കേരളത്തിലെ എല്ലാ രാജാക്കന്മാർക്കും കത്തുകളയച്ചു. മെനേസിസിൻെറ ബുദ്ധികൗശലം വെളിവാക്കാൻ ഈയൊരു സംഭവം മതിയെന്നു തോന്നുന്നു. സാമൂതിരിയുമായി സന്ധിയുണ്ടാക്കിയാലേ കുഞ്ഞാലിമരക്കാരെ വകവരുത്തുവാൻ കഴിയൂ എന്നു പോർത്തുഗീസ് അധികാരികളെ മെനേസിസ് ബോധ്യപ്പെടുത്തി. ഈ മാർഗ്ഗത്തിലൂടെ പ്രവർത്തിച്ചാണല്ലോ പിൽക്കാലത്തു പോർത്തുഗീസുകാർ കുഞ്ഞാലിയെ പരാജയപ്പെടുത്തിയതും വധിച്ചതും. കേരള ചരിത്രവിദ്യാർത്ഥികൾക്ക് താല്പര്യമുള്ള ഈ വിവരങ്ങൾ ജൊർണാദ ഒന്നാം പുസ്തകം പന്ത്രണ്ടാം അധ്യായത്തിൽ കാണാവുന്നതാണ്.

84. Porca എന്നാണ് ജൊർണാദയിൽ. പെമ്പകശ്ശേരി രാജാവിൻെറ ഉടയാടകളുടെ സുദീർഘമായ ഒരു വിവരണം ഗ്രുവയാ നൽകുന്നുണ്ട്. പൊതുവേ കേരളരാജാക്കന്മാരുടെ വിശേഷിച്ച് പെമ്പകശ്ശേരി രാജാവിൻെറ പ്രാർത്ഥനാനിരതമായ ജീവിതം ആർച്ചുബിഷപ്പിനെ ഹഠാദാകർഷിക്കുകയുണ്ടായി. Jornada, Book.I, Chapter. XII കാണുക.

ചെയ്യകൊടുക്കാൻ ചെമ്പകശ്ശേരി രാജാവ് തയ്യാറായി. അവിടെയുണ്ടായിരുന്ന ദേവാലയത്തിൽ ആർച്ചുബിഷപ്പ് കൂദാശകർമം നടത്തുകയും നിരവധിപേർക്ക് മുമ്പിലത്തെ ഒപ്രുശ്രമാ നൽകുകയുംചെയ്തു. പ്രക്കാട്ടുനിന്ന് കൊല്ലത്തേക്കുള്ള യാത്ര അപകടംനിറഞ്ഞതായിരുന്നു. പോർത്തുഗീസുകാരുടെ സൗഹൃദം സമ്പാദിക്കുവാൻ വെമ്പൽപൂണ്ടുനിന്നിരുന്ന ചെമ്പകശ്ശേരി രാജാവിന്റെ സൈനികരുടെ അകമ്പടിയോടെയാണ് മെനേസിസ് കൊല്ലത്തേക്കു പോയത്. കൊല്ലത്തുണ്ടായിരുന്ന പോർത്തുഗീസ് കോട്ടയുടെ അറ്റകുറ്റപ്പണികൾ നടത്താൻ നേതൃത്വം നൽകിയതിനുശേഷം അദ്ദേഹം അവിടെയുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ പള്ളി സന്ദർശിച്ചു. പെട്ടെന്നു കൊച്ചിയിലേക്ക് തിരിച്ചുവന്ന മെനേസിസ് വൈപ്പിക്കോട്ടയിൽ താമസിച്ച് രാഷ്ട്രീയചർച്ചകളിൽ മുഴുകി.

അടുത്തതായി മെനേസിസ് സന്ദർശിച്ചത് മുളന്തുരുത്തിപ്പള്ളിയാണ്. അവിടെ അദ്ദേഹത്തിനു തരക്കേടില്ലാത്ത സ്വീകരണം ലഭിച്ചു. അക്ക്യാക്കോനുമായി രസക്കേടിൽ കഴിഞ്ഞിരുന്ന ഒരു ഇടവകയായിരുന്നു അത്. ആർച്ചുബിഷപ്പിനു കേരളസഭയിൽ അധികാരങ്ങളൊന്നുമില്ലെന്നും അതിനാൽ അദ്ദേഹത്തെ ദേവാലയങ്ങളിൽ പ്രവേശിക്കാനോ കൂദാശകർമം നടത്താനോ അനുവദിച്ചുകൂടെന്നും അക്ക്യാക്കോൻ പുറപ്പെടുവിച്ചിരുന്ന കല്പന ലംഘിച്ചുകൊണ്ടാണ് മുളന്തുരുത്തിക്കാർ അദ്ദേഹത്തിനു സ്വീകരണം കൊടുത്തത്. അവിടെയും അക്ക്യാക്കോനെ അനുകൂലിക്കാൻ ആളുകളുണ്ടായിരുന്നു എന്ന് ഗ്രുവയാ സമ്മതിക്കുന്നുണ്ട്. എന്നാൽ അവരെ ആത്മാവിലും ശരീരത്തിലും കഷ്ടം ബാധിച്ചവരായിട്ടാണ് അദ്ദേഹം ചിത്രീകരിക്കുന്നത്! പറങ്കിപ്പുണ്ണിന്റെ പ്രചാരകന്മാർ ആത്മാഭിമാനികളായ കേരളക്രിസ്ത്യാനികളെ കുഷ്ഠരോഗികളായി കാണുന്നു! എണ്ണമറ്റ കേരളവനിതകളുടെ ചാരിത്ര്യം അപഹരിക്കയും കേരളത്തിലെ ക്ഷേത്രങ്ങൾ കൊള്ളയടിക്കയുംചെയ്ത പകൽക്കൊള്ളക്കാർ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആത്മാവിൽ കുഷ്ഠമുണ്ടെന്നു പറയുന്നു! മെനേസിസിന്റെ 'അത്ഭുത കഥകൾ' യൂറോപ്പിൽ പ്രചരിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ ഗ്രുവയാ പാദ്രിയിൽനിന്ന് സത്യം പ്രതീക്ഷിക്കുന്നതാണ് തെറ്റ്.

കൊച്ചിയിൽ മടങ്ങിയെത്തിയ മെനേസിസ് വൈസ്രോയിയിൽനിന്ന് ലഭിച്ച നിർദ്ദേശമനുസരിച്ച് സാമൂതിരിയുമായി സന്ധിയുണ്ടാക്കുമ്പോൾ അംഗീകരിക്കേണ്ട വ്യവസ്ഥകൾ തയ്യാറാക്കി. ഉടൻതന്നെ ആ വ്യവസ്ഥകൾ സാമൂതിരിയെ അറിയിക്കുകയുംചെയ്തു.

കൊച്ചിയിൽനിന്ന് ഉദയമ്പേരൂരെത്തിയ (85) ആർച്ചുബിഷപ്പ് നിരവധിപേർക്ക് പട്ടംകൊടുക്കാൻ തീരുമാനിച്ചു. ഓശാന ഞായറാഴ്ചയുടെ തലേശനിയാഴ്ച ഈ കർമ്മം നടത്തുന്നതാണെന്ന് കേരളം മുഴവൻ അറിയിക്കുകയുംചെയ്തു. മാത്തോമ്മാക്രിസ്ത്യാനികളുടെ യഥാർത്ഥ ഭരണാധികാരിയായിരുന്ന അർക്കദ്യാക്കോനെറ അനുവാദംകൂടാതെ ഈ കർമ്മം നടത്തുന്നതിന് അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നില്ല. എന്നിട്ടും വെള്ളക്കാരനെറ മുഷ്ക് കണ്ടുനിൽക്കാനെ കേരളത്തിലെ രാജാക്കന്മാർക്കും ജനങ്ങൾക്കും കഴിഞ്ഞുള്ളു. കൊച്ചിരാജാവിനെറയും അർക്കദ്യാക്കോനെറയും വിലക്കു കല്പനകളെ അതിലംഘിച്ചുകൊണ്ട് മുപ്പത്തിയെട്ടു പേർക്ക് മെനേസിസ് വൈദികപട്ടം നൽകി. സ്വാർത്ഥപരമായ ലക്ഷ്യങ്ങളോടെയാണ് ഇതു ചെയ്തത്. പട്ടം കിട്ടുന്നവരുടെയും അവരുടെ ബന്ധുക്കളുടെയും പിൻതുണ സമ്പാദിക്കുക എന്നതായിരുന്നു ഈ പ്രവൃത്തിയുടെ ലക്ഷ്യമെന്ന് ഗ്രുവയാ സമ്മതിക്കുന്നുണ്ട്. അത്യുദാത്തമെന്നു ക്രൈസ്തവർ കരുതുന്ന പൗരോഹിത്യംപോലും വിതരണംചെയ്ത് പാർശ്വവത്തികളെ സൃഷ്ടിക്കാൻ ശ്രമിച്ച മെനേസിസ് മെത്രാപ്പോലീത്തായുടെ മനസ്സാക്ഷി വിചിത്രംതന്നെ! മാത്തോമ്മാക്രിസ്ത്യാനികൾ മാത്രമല്ല ഉദയമ്പേരൂരെ നായന്മാരും മെത്രാപ്പോലീത്തായുടെ നടപടിയിൽ അമർഷം രേഖപ്പെടുത്തിയതായി ജൊർണാദയിൽ കാണുന്നു. മാത്തോമ്മാക്രിസ്ത്യാനികളും നായന്മാരും തമ്മിൽ നിലവിലിരുന്ന സൗഹൃദത്തിന് ഇതു മതിയായ തെളിവാണല്ലോ. സഹോദരസമുദായത്തിനെറ പാരമ്പര്യങ്ങൾ ധ്വംസിക്കാൻ മുതിരുന്ന മെത്രാപ്പോലീത്തായെ വകവരുത്തുമെന്നുപോലും നായന്മാർ ഭീഷണിപ്പെടുത്തുകയുണ്ടായി.

ഉദയമ്പേരൂർവച്ച് വൈദികപട്ടം സ്വീകരിച്ചവരെക്കൊണ്ടെല്ലാം മെനേസിസ് ഒരു പ്രതിജ്ഞചെയ്യിച്ചു. റോമൻ കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ റോമാ മാർപ്പാപ്പായുടെ കല്പനയാൽ കേരളത്തിൽ വരുന്ന മെത്രാന്മാരെ മാത്രമേ അവർ അംഗീകരിക്കൂ എന്നായിരുന്നു ആ പ്രതിജ്ഞയുടെ കാതൽ. മെനേസിസിനെറ പട്ടംകൊടുക്കൽ തന്ത്രം കറിക്കുകൊണ്ടു. അദ്ദേഹം പ്രതീക്ഷിച്ചതുപോലെതന്നെ നവാഭിഷിക്തർ അദ്ദേഹത്തോട് ആദ്യന്തം കൂറു പുലർത്തി. ഉദയംപേരൂരിലെ പട്ടംകൊടുക്കലിൽ ആരംഭിച്ച മെനേസിസിനെറ ജൈത്രയാത്ര പൂർണ്ണമായത് ഉദയമ്പേരൂർ സൂനഹദോസോടുകൂടിയാണ്.

---

85. പോർത്തുഗീസ് ഭാഷയിലും മറ്റു പാശ്ചാത്യഭാഷകളിലും DIAMPER എന്ന പേരിലാണ് ഉദയമ്പേരൂർ അറിയപ്പെടുന്നത്.

ഉദാ: 'SYNOD OF DIAMPER'

കടുത്തുരുത്തിയിലാണ് ആർച്ചുബിഷപ്പ് വിശുദ്ധവാരം (Holy week) കൊണ്ടാടിയത്. അവിടെയും നിരവധി എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ അദ്ദേഹം കൗശലത്തിൽ ഏതാനും പ്രമാണിമാരുടെ പിൻബലം സമ്പാദിച്ചു. ഇതിനുപയോഗിച്ച തന്ത്രം ഗ്രുവയാവിശദീകരിക്കുന്നുണ്ട്: ഓരോരുത്തരെയായി രഹസ്യത്തിൽ വിളിച്ച് സംസാരിക്കുക; അവരോട് രഹസ്യമെന്നമട്ടിൽ എല്ലാം പറയുക; അവരിൽ തനിക്ക് അസാധാരണമായ വിശ്വാസമുണ്ടെന്നു തോന്നിക്കുക; മറ്റുള്ളവരോട് ഇതൊന്നും പറയരുതെന്ന് നിഷ്കർഷിക്കുക. പ്രമാണിമാരെ മയക്കാൻ ഉപയോഗിച്ച ഈ വിദ്യ ഫലിക്കതെന്നചെയ്തു. ഇട്ടിമാത്തു മാപ്പിള, ഇട്ടിമാണി മാപ്പിള എന്നു രണ്ടു ധനാഢ്യന്മാർ ആർച്ചുബിഷപ്പിനു എല്ലാ പിന്തുണയും നൽകി. എങ്കിലും ഇതുകൊണ്ടൊന്നും സാധാരണജനങ്ങളെയും വൈദികരെയും തൃപ്തിപ്പെടുത്താൻ കഴിഞ്ഞില്ല. അവർ ക്ഷോഭിച്ചിളകി, ആർച്ചുബിഷപ്പിന്റെ ജീവൻതന്നെ അപകടത്തിലാണെന്ന് സഹയാത്രികർക്ക് ബോദ്ധ്യപ്പെട്ടു തുടങ്ങി. ആർച്ചുബിഷപ്പിനെ ഗോവയിൽനിന്നു കേരളത്തിലേക്കു കൂട്ടിക്കൊണ്ടുവന്ന ജോർജ് കാസ്ത്രോ എന്ന ഈശോസഭാ വൈദികൻ മാത്രമാണ് ഉറച്ചുനിൽക്കാൻ മെനേസിസിനെ പ്രേരിപ്പിച്ചത്. ഉദ്ദിഷ്ടകാര്യം സിദ്ധിച്ചേ മടങ്ങൂ എന്ന് മെനേസിസ് ഉറച്ചു. ക്രൈസ്തവപ്രജകളുടെ ഒരു നിവേദനം ലഭിച്ചതിനെത്തുടർന്ന് മെനേസിസിനോട് രാജ്യാതിർത്തിവിട്ടുപോകാൻ വടക്കുംകൂർ രാജ്ഞി (85) ആവശ്യപ്പെട്ടു. കല്പന കിട്ടിയയുടൻ മെനേസിസ് കൂട്ടത്തിലുണ്ടായിരുന്ന നിരവധി പോർത്തുഗീസുകാരെ കൊച്ചിയിലേക്ക് പറഞ്ഞയച്ചു. ക്രൈസ്തവരുടെ മതപരമായ കാര്യങ്ങളിൽ മാത്രമാണ് തനിക്ക് താല്പര്യം എന്നും ക്രൈസ്തവമേലധ്യക്ഷന്മാരുടെ പ്രവർത്തനങ്ങളിൽ ഇടപെടുക എന്നത് കേരളത്തിലെ രാജാക്കന്മാരുടെ പാരമ്പര്യത്തിനു വിരുദ്ധമാണെന്നും അതിനാൽ താൻ കല്പന അനുസരിക്കാൻ ഒരുക്കമല്ലെന്നും വ്യക്തമാക്കിക്കൊണ്ട് രാജ്ഞിക്ക് അദ്ദേഹം മറുപടി കൊടുത്തു. പോർത്തുഗൽ രാജാവിന്റെ പ്രതിനിധിയായ തന്നെ അപമാനിക്കുന്നതിന്റെ അപകടങ്ങളെക്കുറിച്ചുള്ള ചില സൂചനകളും ആ മറുപടിയിൽ ഉണ്ടായിരുന്നു. മന്ത്രിമാരുമായി ആലോചിച്ച് തീരുമാനമറിയിക്കാം എന്നായിരുന്നു രാജ്ഞിയുടെ മറുപടി. ഇതു തന്നെ തരമെന്നു മനസ്സിലാക്കിയ ആർച്ചുബിഷപ്പ് രാജ്ഞിയുടെ മന്ത്രിമാർക്ക് വൻതുകകളും സമ്മാനങ്ങളും കൈക്കൂലിയായി കൊടുത്തയച്ചു. ഇതിന്റെ ഫലമായി രാജ്ഞി ബഹിഷ്കരണകല്പന പിൻവലിച്ചു.

---

85. 'Queen of Pimenta', Jornada.

വിശ്വഭവാരാചരണത്തിൽ ആർച്ചുബിഷപ്പിനെ സഹായിക്കാൻ കൊച്ചിയിൽനിന്ന് വലിയൊരു ഗായകസംഘവും ഏതാനും വൈദികരും കടുത്തുരുത്തിയിൽ എത്തിച്ചേർന്നു. പെസഹാ വ്യാഴാഴ്ച ആർച്ചുബിഷപ്പിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങുകൾ കടുത്തുരുത്തി നിവാസികൾക്ക് പുതുമയുള്ളതായിരുന്നു. അദ്ദേഹം വൈദികരുടെ പാദങ്ങൾ കഴുകുകയും ചുംബിക്കുകയുംചെയ്തു. ദുഃഖവെള്ളിയാഴ്ചത്തെ ചടങ്ങുകൾകൂടി കഴിഞ്ഞപ്പോൾ ജനങ്ങൾക്ക് ലത്തീൻക്രമത്തോടും ആർച്ചുബിഷപ്പിനോടും എന്തെന്നില്ലാത്ത മമത തോന്നിയെന്നാണ് ഗ്രവയാ പറയുന്നത്. ഇട്ടിമാണി, ഇട്ടിമാത്തു തുടങ്ങിയവർ നടത്തിയ പ്രചാരവേലയും ശരിക്കു ഫലിച്ചു. അക്ദ്യാക്കോനെ അനുകൂലിച്ചു സംസാരിച്ച ഒരു വൈദികനെ ചിലയാളുകൾ ചേർന്നു ബലാൽക്കാരമായി ആർച്ചുബിഷപ്പിന്റെ മുമ്പിൽകൊണ്ടുവന്ന് മുട്ടുകുത്തിച്ചു. ആർച്ചുബിഷപ്പിനെ ദേവാലയങ്ങളിൽ പ്രവേശിക്കുന്നതിൽനിന്നു തടയുന്ന അക്ദ്യാക്കോനോ കല്പന ആ വൈദികന്റെ പക്കലുണ്ടായിരുന്നു. 'ബഹുമാനിയാ ഞാനാരെയും തുണവൽ' എന്നു കരുതുന്ന ആർച്ചുബിഷപ്പുണ്ടോ അതു വകവക്കുന്നു! ആ യുവവൈദികനും അനുകൂലികളും പള്ളിയിൽനിന്നു പുറത്താക്കപ്പെട്ടു. ശേഷിച്ചിരുന്നവരിൽ ഒരു വിഭാഗം ആർച്ചുബിഷപ്പിന്റെ കാലിൽപ്പിടിച്ച് സമസ്താപരാധങ്ങളും ഏറ്റുപറഞ്ഞു! മെനേസിസിനെ തങ്ങളുടെ ഇടയനായി അവർ അംഗീകരിച്ചു. ഇതോടെ ആർച്ചുബിഷപ്പിന്റെ ഉത്സാഹവും ശ്രദ്ധാപൂർവ്വം വിശ്വാസവും ഇരട്ടിയായി. ഗീവറുഗീസ് അക്ദ്യാക്കോനെ സ്ഥാനഭ്രഷ്ടനാക്കാനും അദ്ദേഹത്തിന്റെ ബന്ധുവും കുറവിലങ്ങാട് സ്വദേശിയുമായ തോമസ് കുര്യൻ കത്തനാരെ തൽസ്ഥാനത്ത് നിയമിക്കാനും ആർച്ചുബിഷപ്പ് തീരുമാനിച്ചു. കടുത്തുരുത്തിയിലെ വൈദികരും പള്ളിപ്രമാണിമാരും ഇരുപതു ദിവസത്തെ സാവകാശം ആവശ്യപ്പെട്ടു. ആർച്ചുബിഷപ്പ് അവരുടെ അഭിപ്രായം മാനിച്ചു. ഈസ്റ്റർ ദിവസം കാലത്ത് ജനങ്ങളും ആർച്ചുബിഷപ്പും ഘോഷയാത്രയായി കടുത്തുരുത്തിയിലെ മറെറാരു പള്ളിയിലേക്ക് (86) പോയി. അക്ദ്യാക്കോനെ അനുകൂലിക്കുന്ന ക്രൈസ്തവരും നായന്മാരും വഴിയിൽ പല പ്രതിബന്ധങ്ങളും സൃഷ്ടിച്ചു. നായന്മാരുടെ നിർദ്ദേശപ്രകാരം ആർച്ചുബിഷപ്പിനെ കൊല്ലാൻ മന്ത്രവാദം നടത്തിയ ഒരുവനെ ഘോഷയാത്രയിൽ പങ്കെടുത്തവർ പിടികൂടി. അയാളെ ശൂലത്തിൽ തറച്ച് കൊല്ലാൻ രാജ്ഞി ഉത്തരവിട്ടെങ്കിലും ആർച്ചുബിഷപ്പിന്റെ കാരുണ്യംകൊണ്ട് ഒരു തടവുകാരനായി കൊ

---

86. കടുത്തുരുത്തിയിൽ അക്കാലത്തുതന്നെ തെക്കുംഭാഗക്കും വടക്കുംഭാഗക്കും പ്രത്യേകം പള്ളികളുണ്ടായിരുന്നു.

ച്ചിയിലേക്ക് അയക്കപ്പെട്ട എന്ന് ഗ്രവയാ പറയുന്നു. ഘോഷയാത്ര ചെന്നെത്തിയ ദേവാലയത്തിനു മുമ്പിലുണ്ടായിരുന്ന പുതിയ കൽക്കുരിശ് മെനേസിസ് ആശീർവദിച്ചു. (87) അവിടെ പതിവുള്ള കർമ്മങ്ങളും പ്രസംഗങ്ങളും നടത്തിയതിനുശേഷം ദേവാലയ മണ്ഡപത്തിൽ നടന്ന നേർച്ചസ്സദ്യയിലും അദ്ദേഹം പങ്കുകൊണ്ടു. കടുത്തുരുത്തിയിൽ വച്ചും മെനേസിസ് നിരവധിപേർക്ക് അനധികൃതമായി പട്ടം കൊടുത്തു.

'അനൌചിത്യഫലമകാരണം
അനർത്ഥമോരോന്നേ വരുത്തിനാൻ'

ആർച്ചുബിഷപ്പ് കടുത്തുരുത്തിയിൽനിന്ന് മുളന്തുരുത്തിവഴി ഉദയമ്പേരൂരേക്കു പോയി. അവിടെവച്ച് ആർച്ചുബിഷപ്പ് കൊച്ചി രാജാവിന്റെ മന്ത്രിയെ കണക്കറെ ശകാരിക്കുകയും പോർത്തുഗീസുകാരനായ തന്നെ അനുസരിക്കാൻ ക്രിസ്ത്യാനികളെ നിർബന്ധിക്കുന്നമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉള്ളിന്റെ ഉള്ളിൽ അക്ക്യാക്കോനോട് കൂറു പുലർത്തിയിരുന്ന കൊച്ചി രാജാവിന്റെ മന്ത്രി മെനേസിസിന്റെ ആജ്ഞ അനുസരിച്ചു. എല്ലാ ക്രിസ്ത്യാനികളും ആർച്ചുബിഷപ്പിനെ അനുസരിക്കണമെന്നും അല്ലാത്തവരുടെ വസ്തുക്കൾ കണ്ടുകെട്ടുമെന്നും പെരുമ്പറയടിച്ച് വിളംബരംചെയ്തു. പോർത്തുഗീസുകാരുടെ ചങ്ങാത്തത്തിനു കൊതിച്ചു നടന്നിരുന്ന കൊച്ചി രാജാവിനു മനസ്സാക്ഷിയുടെ പ്രചോദനങ്ങൾ അംഗീകരിക്കാൻ കഴിയാഞ്ഞതിൽ അത്ഭുതമില്ല. പോർത്തുഗീസുകാരുടെ സമ്മർദ്ദം പെരുകിയപ്പോൾ ആർച്ചുബിഷപ്പിനെ അനുസരിക്കാൻ അക്ക്യാക്കോനോട് കൊച്ചി രാജാവ് ആവശ്യപ്പെട്ടു. ഇത് അക്ക്യാക്കോനെ വല്ലാത്തൊരു പതനത്തിലെത്തിച്ചു. പിന്നീടും എതിർത്തു നിൽക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എന്നാൽ ആ ചെറുത്തുനില്പ് കേരളക്രിസ്ത്യാനികളുടെ വിഭജനത്തിൽ കലാശിക്കുമെന്ന് അദ്ദേഹത്തിനു ബോധ്യമായി. കേരളക്രൈസ്തവസമുദായത്തിന്റെ ഐക്യം നിലനിർത്താൻ ചില വിട്ടുവീഴ്ചകൾക്ക് അക്ക്യാക്കോൻ സന്നദ്ധനായി. പ്രതിയോഗിയുടെ ദുർബലത മനസ്സിലാക്കിയ മെനേസിസ് പല വ്യവസ്ഥകളും മുന്നോട്ടുവച്ചു. അവ താഴെപ്പറയുന്നവയായിരുന്നു. 1. നെസ്തോറിയൻ വിശ്വാസങ്ങളും ആചാരങ്ങളും ഉപേക്ഷിക്കുക. (88) 2. മാ

87. ആ കൽക്കുരിശ് ഇന്നും കടുത്തുരുത്തിപ്പള്ളിയുടെ മുൻവശത്ത് കാണാവുന്നതാണ്.

88. കേരളക്രൈസ്തവർക്ക് സവിശേഷമായുണ്ടായിരുന്ന എല്ലാ വിശ്വാസാചാരങ്ങളും മെനേസിസിന്റെ ദൃഷ്ടിയിൽ നെസ്തോറിയൻതിന്മയുടെ ഫലങ്ങളായിരുന്നു. പാശ്ചാത്യക്രൈസ്തവസഭയിൽ കാണുന്നതു മാത്രമാണ് ഉത്തമക്രൈസ്തവാചാരങ്ങളെന്ന മിഥ്യാധാരണയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

ത്തോമ്മായുടെയും പത്രോസിന്റെയും നിയമങ്ങൾ ഒന്നാണെന്നു പ്രഖ്യാപിക്കുക. 3. അക്ദ്യാക്കോന്റെ അധികാര സ്ഥിരീകരണത്തിന് ഒരു വ്യവസ്ഥയെന്ന നിലയിൽ ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടിരുന്ന വിശ്വാസപ്രഖ്യാപനം പരസ്യമായി നടത്തുക. 4. പഴയ മെത്രാപ്പോലീത്താമാരുടെ കൈവശത്തിലുണ്ടായിരുന്ന എല്ലാ ഗ്രന്ഥങ്ങളും പരിശോധനക്കായി ഏല്പിക്കുക. 5. മാർപ്പാപ്പായുടെ അധികാരം ഏറ്റുപറയുക. 6. ബാബിലോണിലെ പാത്രിയക്കീസിനെ ശപിച്ചുപേക്ഷിക്കുക. 7. മാർപ്പാപ്പാ നിയമിക്കുന്നവരും ഗോവ മെത്രാപ്പോലിത്താ അംഗീകരിക്കുന്നവരുമായ മെത്രാന്മാരെ മാത്രമേ കേരളസഭയിൽ സ്വീകരിക്കൂ എന്ന് പ്രതിജ്ഞ ചെയ്യുക. 8. പുതിയൊരു മെത്രാൻ നിയമിക്കപ്പെടുന്നതുവരെ മെനേസിസിനെ സ്വന്തം മെത്രാനായി അംഗീകരിക്കുക. 9. ഒരു ശ്രുപതാ സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുക. 10. ആർച്ചുബിഷപ്പ് പോകുന്നിടത്തെല്ലാം ആയുധധാരികളായ അംഗരക്ഷകന്മാരില്ലാതെ അക്ദ്യാക്കോൻ അദ്ദേഹത്തെ അനുഗമിക്കുക. ഇരുപതു ദിവസത്തിനകം ഈ വ്യവസ്ഥകളെല്ലാം അക്ദ്യാക്കോൻ അംഗീകരിക്കണമെന്നായിരുന്നു ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടത്. അവയിൽ ഏതെങ്കിലും ഒരു വ്യവസ്ഥ അക്ദ്യാക്കോൻ നിരാകരിക്കുന്നപക്ഷം അദ്ദേഹം തന്നെ കാണാൻ വരേണ്ടതില്ല എന്നുകൂടി മെനേസിസ് അനുരഞ്ജകരോട് പറഞ്ഞു.

കൊട്ടങ്ങല്ലൂരിലേക്കു പോയ ആർച്ചുബിഷപ്പ് രാഷ്ട്രീയകാര്യങ്ങളിൽ വ്യാപൃതനായി. (89) ഇതിനിടയിൽ അക്ദ്യാക്കോന്റെ ഒരു കത്ത് ആർച്ചുബിഷപ്പിനു ലഭിച്ചു. കീഴടങ്ങാനുള്ള സന്നദ്ധത ആ കത്തിൽ അക്ദ്യാക്കോൻ പ്രകടമാക്കി. എന്നാൽ ഉടനടി കൊട്ടങ്ങല്ലൂരേക്കു വരാൻ നിവൃത്തിയില്ലെന്നും ആലങ്ങാട്ടുരാജാവുമായി ചില അത്യാവശ്യജോലികളിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ആ കത്തിൽ പറഞ്ഞിരുന്നു. ഉടനടി ആർച്ചുബിഷപ്പ് ആലങ്ങാട്ടുരാജാവിന് ഒരു കത്തെഴുതി. അക്ദ്യാക്കോനെ ഉടനടി കൊട്ടങ്ങല്ലൂരേക്ക് അയക്കു

89. പോർത്തുഗീസുകാരും സാമൂതിരിയും ചേന്ന് കുഞ്ഞാലിമരക്കാരെ എതിർക്കാൻ അവസരം പാർത്തു കഴിയുകയായിരുന്നു. പോർത്തുഗീസുകാരും സാമൂതിരിയും തമ്മിലുള്ള ഈ അടുപ്പം കൊച്ചിരാജാവിന് ഇഷ്ടമായില്ല. അദ്ദേഹം സൂത്രത്തിൽ സാമൂതിരിയുടെ സാമന്തന്മാരെ ആക്രമിക്കാൻ തുടങ്ങി. ഇത് സാമൂതിരിക്ക് അരോചകമായിത്തീർന്നു. കൊച്ചിരാജാവിനെ പ്രസ്തുത പരിശ്രമങ്ങളിൽനിന്ന് പിന്മാറണമെന്ന് സാമൂതിരി പോർത്തുഗീസുകാരോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തെക്കുറിച്ചുള്ള ചർച്ചകളാണ് കൊട്ടങ്ങല്ലൂരിൽ നടന്നിരുന്നത്. എ. ഡി. 1565 മുതൽ 1601 വരെ കൊച്ചി ഭരിച്ചിരുന്നത് കേശവരാമവർമ്മ എന്ന പ്രസിദ്ധനായ രാജാവാണ്.

ണമെന്ന് അതിൽ ആവശ്യപ്പെട്ടിരുന്നു. അനുകൂലമായി പ്രവൃത്തിക്കാതിരുന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും സൂചിപ്പിച്ചുകൊണ്ടുള്ള ഒരു ഭീഷണിക്കത്തായിരുന്നു അത്. കത്തിനു് ഉദ്ദേശിച്ച ഫലം തന്നെയുണ്ടായി. ആലങ്ങാട്ടരാജാവും അക്ക്ദ്യാക്കോനെ കൈവെടിഞ്ഞു. എന്നിട്ടും അക്ക്ദ്യാക്കോൻ കൊട്ടങ്ങല്ലൂരേക്കു് വരുന്നില്ലെന്നുകണ്ട ആർച്ചുബിഷപ്പു് അന്ത്യശാസനവുമായി രണ്ടു് ഈശോസഭാവൈദികരെ അങ്കമാലിയിലേക്കു് അയച്ചു. എട്ടു ദിവസത്തിനകം അക്ക്ദ്യാക്കോൻ കൊട്ടങ്ങല്ലൂരെത്തി ആർച്ചുബിഷപ്പിനെ കാണണമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി പുതിയ അക്ക്ദ്യാക്കോനെ നിയമിക്കുമെന്നുമായിരുന്നു കത്തിന്റെ സാരം. കൊട്ടങ്ങല്ലൂരിൽവച്ചു് കൊച്ചി രാജാവും ആർച്ചുബിഷപ്പും തമ്മിൽ ഒരു രഹസ്യസംഭാഷണം നടന്നു. അക്ക്ദ്യാക്കോനെ തടവിലാക്കണമെന്ന ആവശ്യം ആർച്ചുബിഷപ്പു് ഉന്നയിച്ചു. അപ്രകാരം പ്രവർത്തിക്കാത്തപക്ഷം പോർത്തുഗൽ രാജാവു് കൊച്ചി രാജാവിനോടു് പകരം വീട്ടുമെന്നു് മെനേസിസു് ഭീഷണിപ്പെടുത്തി. ഭയചകിതനായ രാജാവു് അക്ക്ദ്യാക്കോനോടു് കീഴടങ്ങാൻ കല്പിച്ചു. കൊച്ചി രാജാവിന്റെ അധികാരസീമയിൽപ്പെട്ട വൈപ്പിക്കോട്ടയിൽവച്ചു് അക്ക്ദ്യാക്കോൻ ആർച്ചുബിഷപ്പിനെ കണ്ടു. ആർച്ചുബിഷപ്പിന്റെ പത്തു വ്യവസ്ഥകളും അക്ക്ദ്യാക്കോൻ സ്വീകരിച്ചു. ആർച്ചുബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ വൈപ്പിക്കോട്ടയിൽ നടന്ന യോഗത്തിൽവച്ചു് സൂനഹദോസിന്റെ സ്ഥലവും തീയതിയും തീരുമാനിക്കപ്പെട്ടു. അങ്കമാലിയിൽവച്ചു് സൂനഹദോസു് നടത്തണമെന്നാണു് മാത്തോമ്മാക്രിസ്ത്യാനികളുടെ പ്രതിനിധികളും ആഗ്രഹിച്ചതു്. എന്നാൽ ആർച്ചുബിഷപ്പിനു് അതു സമ്മതമല്ലായിരുന്നു. ഉദയമ്പേരൂരാണു് അദ്ദേഹം തെരഞ്ഞെടുത്തതു്. ഇതിനു പല കാരണങ്ങളും കാണാവുന്നതാണു്. അങ്കമാലിയിൽ ആർച്ചുബിഷപ്പിനു് പിൻതുണക്കാരാരും ഉണ്ടായിരുന്നില്ല. അങ്കമാലിയിലെ ഭരണാധികാരികളും പോർത്തുഗീസുകാരുടെ ഉത്തമസുഹൃത്തുക്കളുമായിരുന്നില്ല. ഉദയമ്പേരൂർ കൊച്ചിരാജാവിന്റെ ഭരണസീമയിൽപ്പെട്ട പ്രദേശമായിരുന്നു. പോർത്തുഗീസു് സൈന്യം താവളമടിച്ചിരുന്നതു് കൊച്ചിയിലാണു്. അവിടെനിന്നു് ഉദയമ്പേരൂരേക്കു് യാത്രാസൗകര്യം ഏറെയുണ്ടായിരുന്നു. ഉദയമ്പേരൂരിൽ ആർച്ചുബിഷപ്പിനു കൂറെ പിൻതുണക്കാരുണ്ടായിരുന്നു എന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. അങ്ങനെ അതിരൂപതയുടെ തലസ്ഥാനമായിരുന്ന അങ്കമാലി ഉപേക്ഷിച്ചു് ഉദയമ്പേരൂർവച്ചു് സൂനഹദോസു് നടത്തുവാൻ ഭൂരിപക്ഷതീരുമാനമുണ്ടായി. ജൂലൈമാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച ഉദയമ്പേരൂർ പള്ളിയിൽവച്ചു് സൂനഹദോസു് കൂടുന്നതാണെന്നും എല്ലാ വൈദികരും നന്നാ

ലു് ഇടവകപ്രതിനിധികളും അതിൽ പങ്കെടുക്കേണ്ടതാണെന്നും കാണിച്ചു് എല്ലാ പള്ളികൾക്കും ഓല അയച്ചു. താല്പര്യമുള്ള ആക്കും സൂനഹദോസിൽ പങ്കെടുക്കാനുള്ള അനുവാദമുണ്ടായിരുന്നു. (90)

അക്ദ്യൊക്കോൻ കീഴടങ്ങിയെങ്കിലും മററു് നിരവധി വൈദികർ സൂനഹദോസിൽ പങ്കെടുക്കാതിരിക്കുകയോ പങ്കെടുത്താൽ എതിർപ്പു് പ്രകടിപ്പിക്കുകയോ ചെയ്യുമെന്നു് ആർച്ചുബിഷപ്പിനറിയാമായിരുന്നു. ഈ അപകടം മുൻകൂട്ടി കണ്ടു് അദ്ദേഹം പുതിയതായി അനേകം പേക്കു് പട്ടംകൊടുക്കാൻ തയ്യാറായി. പറവൂർ പള്ളിയിൽ വച്ചു് അൻപതുപേക്കു് പട്ടംകൊടുത്തു. ഉദയമ്പേരൂർവച്ചും കടുത്തുരുത്തിയിൽവച്ചും ഏതാനുംപേക്കു് പട്ടംകൊടുത്തിരുന്നല്ലോ. ആകെക്കൂടി നൂറിലധികംപേക്കു് മെനേസിസു് പട്ടംകൊടുത്തു. സൂനഹദോസിൽ പങ്കെടുത്ത വൈദികരുടെ എണ്ണം 'നൂററ അറുപത്തുമൂന്ന' എന്നു കാണുന്നു. (91) മെനേസിസു് പട്ടംകൊടുത്തവരെല്ലാം സൂനഹദോസിൽ പങ്കെടുത്തിരിക്കുമെന്നു തീർച്ചയാണു്. അതിനുവേണ്ടിയാണല്ലോ അവക്കു പട്ടംകൊടുത്തതു്. (92)

കൊടുങ്ങല്ലൂരിൽ താമസിച്ചുകൊണ്ടാണു് മെനേസിസു് സൂനഹദോസു് ഡിക്രികളും തയ്യാറാക്കിയതു്. രണ്ടു ഗ്രന്ഥകാരന്മാരുടെ മാത്രം സഹായത്തോടുകൂടി മെനേസിസു് സൂനഹദോസു് ഡിക്രികളെല്ലാം തയ്യാറാക്കിയതായി ഗ്രന്ഥകാരൻ പറയുന്നു. ഇതു് അതിശയോക്തികലർന്ന പ്രസ്താവനയാണെന്നതിൽ തർക്കമില്ല. കേരളഭാഷയും കേരളീയാചാരങ്ങളും വശമുണ്ടായിരുന്ന ഫാദർ റോസിന്റെ സഹായം അദ്ദേഹത്തിനുണ്ടായിരുന്നിരിക്കണം. പോർത്തുഗീസുഭാഷയിലായിരുന്ന മെനേസിസു് ഡിക്രികളും തയ്യാറാക്കിയതു്. അവ മലയാളത്തിലേക്കു് തർജ്ജമചെയ്തതു് കൊച്ചി രൂപതയിൽ ജോലിചെയ്തിരുന്ന കേരളീയ വൈദികരാണു്. (93) ഫാദർ ഫ്രാൻസിസു് റോസു് എസു്. ജെ.

---

90. ഈ അനുവാദത്തിന്റെ മറവിൽ കൊച്ചിയിലെ പോർത്തുഗീസുകാരുടെ പററനടക്കം നിരവധി പോർത്തുഗീസുകാർ ഉദയമ്പേരൂർ സൂനഹദോസിൽ പങ്കുകൊണ്ടു. ആർച്ചുബിഷപ്പിന്റെ അനുകൂലികളായിരുന്ന ഉദയമ്പേരൂർ നിവാസികളും ഈ അനുവാദം പ്രയോജനപ്പെടുത്തി. സൂനഹദോസിൽ പങ്കെടുത്ത 'യഥാർത്ഥപ്രതിനിധികളു'ടെ എണ്ണം നിർണ്ണയിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല.

91. ഉ. സൂ. കാനോനകളും, പുറം 106.

92. ഈ സത്യം ഗ്രന്ഥകാരൻ തന്നെ സമ്മതിക്കുന്നുണ്ടു്. Book. I. Chapter XVII. കേരളക്രിസ്ത്യാനികൾക്കു് ആവശ്യത്തിനു വൈദികരുണ്ടായിരുന്ന കാലത്തു് അനാവശ്യമായി ഇത്രയധികം വൈദികരെ വാഴിച്ചതിനുശേഷം മെനേസിസു്തന്നെ 'വൈദികപ്പെരുപ്പ'ത്തെ അപലപിക്കുന്നുണ്ടു്. ഉ. സൂ. പുറം 62.

93. ജൊർണാദ പതിനേഴാം അദ്ധ്യായത്തിൽ ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ സാഹിത്യചരിത്രകാരന്മാരാരും ഇതറിഞ്ഞിട്ടില്ല. സൂ

തർജമയുടെ മേൽനോട്ടം വഹിച്ചിരുന്നു. റോസിന്റെ മാതൃഭാഷ കറാലൻ (Catalan) എന്ന റൊമാൻസ് ഭാഷയായിരുന്നു. മാത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനഭാഷയായിരുന്ന സുറിയാനിയിൽനിന്നു നിരവധി പദങ്ങളും തർജമക്കാർ കടമെടുത്തു. തികച്ചും ക്ലേശകരമായിരുന്നിരിക്കണം റോസിന്റെയും സഹപ്രവർത്തകരുടെയും ജോലി. പോർത്തുഗീസ് ഭാഷയിൽനിന്നുള്ള തർജമയായതുകൊണ്ട് ആ ഭാഷയുടെ വാക്യഘടനാവിശേഷങ്ങളും മലയാളതർജമയിലേക്ക് കടന്നുകൂടിയൊക്കെ വ്യാപിച്ചിട്ടുണ്ടാവാം. കറാലന്റെ നേരിയ സ്വാധീനവും സംഭവിച്ചിരിക്കാം. സുറിയാനിയുടെ മുദ്രകളും കാനോനകളുടെ വാക്യഘടന (Syntax) യിൽ കാണാമെന്നു പറയുന്നതു പരമാബദ്ധമാണ്. (94) തർജമക്കാരുടെ മാതൃഭാഷ സുറിയാനിയായിരുന്നില്ല, മലയാളമായിരുന്നു. മാതൃഭാഷയുടെ കൈകടത്തൽ (Mother tongue interference) കൊണ്ട് സുറിയാനി സംക്രമണം സംഭവിച്ചിട്ടില്ലെന്നു വ്യക്തമാക്കാനാണ് ഇക്കാര്യം എടുത്തുപറഞ്ഞതു. (95)

സൂനഹദോസ് തുടങ്ങുന്നതിനു് ഏതാനും ദിവസങ്ങൾക്കുമുമ്പുതന്നെ ആർച്ചുബിഷപ്പ് ഉദയംപേരൂരിൽ എത്തിച്ചേർന്നു. അവിടെ താമസിച്ചുകൊണ്ട് അദ്ദേഹം പിൻതുണക്കാരെ വർധിപ്പിച്ചു. ധാരാളം പണം ഇക്കാര്യത്തിനു് ചിലവഴിച്ചതായി ഗ്രുവയാതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സൂനഹദോസ് ആരംഭിക്കുന്നതിനുമുമ്പായി എട്ടു വൈദികപ്രമുഖരെയും അർക്കദ്യാക്കോനെയും സ്വകാര്യമായി വിളിച്ചുവരുത്തി സൂനഹദോസ് ഡിക്രികളും അവരെ വായി

നഹദോസിൽ ദ്വിഭാഷിയായി വർത്തിച്ച യാക്കോപാദ്രിയാണ് തർജ്ജമക്കാരനെന്നു് അവരെല്ലാവരും എഴുതിയിരിക്കുന്നു.

'ഈ കാനോനകളും ലത്തീൻഭാഷയിൻനിന്നു മലയാളത്തിലേക്കു വിവർത്തനംചെയ്തതു് ആ യോഗങ്ങളിൽ ദ്വിഭാഷിയായിരുന്ന പള്ളരുത്തി യാക്കോബു കത്തനാരായിരിക്കാം.' ഉള്ളൂർ, കേരളസാഹിത്യചരിത്രം, വാല്യം രണ്ട്, കേരളസർവ്വകലാശാല, 1970, പുറം 716.

'ആ നിശ്ചയങ്ങളുടെ മലയാളവിവർത്തനം പള്ളരുത്തി സ്വദേശിയായ പാക്കോകത്തനാർ തയ്യാറാക്കിയതത്രെ.' എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, എസ്. പി. സി. എസ്, 1975, പുറം 242.

'ഉദയമ്പേരൂർ സൂനഹദോസിൽ വെച്ച നിശ്ചയങ്ങളെ അന്നത്തെ മലയാളത്തിലേക്കു വിവർത്തനംചെയ്തതു പള്ളരുത്തിക്കാരൻ യാക്കോക്കത്തനാരാണെന്നു പറയപ്പെടുന്നു.' സി. എൽ. ആൻറണി, ഭാഷാഗദ്യം, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്., 1973, പുറം 664.

94. നിരവധി സുറിയാനി വാക്കുകളും കാനോനകളിൽ കാണാം. ഇതു് വ്യാകരണസ്വരൂപത്തെ സ്പർശിക്കുന്നകാര്യമല്ലല്ലോ.

95. ശൈലി, വാക്യഘടന, പദബന്ധരചന (Phrase structure) എന്നിവയിലെല്ലാം മിഷനറി മലയാളം സുറിയാനിയോടു് കടപ്പെട്ടിരിക്കുന്നു എന്ന മിഥ്യാധാരണ ഡോ. എൽ. വി. രാമസ്വാമി അയ്യരെപ്പോലുള്ള മഹാ പണ്ഡിതന്മാർക്കുപോലും ഉണ്ടായിരുന്നു.

ച്ചുകേൾപ്പിച്ചു. അവരുടെ അഭിപ്രായങ്ങളും മാനിച്ച് ചില പരിഷ്കാരങ്ങളും വരുത്തിയതായി ജൊർണാദയിൽ കാണുന്നു(96). സാമൂഹ്യാചാരങ്ങളെക്കുറിച്ചുള്ള ഡിക്രികളുടെ ചർച്ചയിൽ നാല് അൽമായ പ്രമുഖരെയും പങ്കെടുപ്പിക്കുകയുണ്ടായി. മെനേസിസിന്റെ ഈ തന്ത്രം ഉദ്ദേശിച്ച ഫലം പുറപ്പെടുവിക്കുകയും ചെയ്തു. സ്വകാര്യചർച്ചയിൽ പങ്കെടുത്ത പ്രമുഖന്മാരെല്ലാം സൂനഹദോസിൽ മെനേസിസിന്റെ ഉറച്ച പിൻതുണക്കാരായി പെരുമാറി. അവർ പരസ്യമായി സൂനഹദോസ് ഡിക്രികളെ ന്യായീകരിച്ചു.

1599 ജൂൺ 20-ന ഞായറാഴ്ച സൂനഹദോസ്(97) ഔപചാരികമായി സമാരംഭിച്ചു. കൊച്ചിയിൽനിന്ന് പോർത്തുഗീസ് ക്യാപ്റ്റനടക്കം നിരവധി പോർത്തുഗീസ് പ്രമുഖരും, വൈദികരും, ഗായകസംഘവും ഉദയമ്പേരൂരിൽ എത്തിയിരുന്നു. ഒന്നാം ദിവസം നടന്ന കാര്യങ്ങളെ 'ഒന്നാംമൗതാ ഒന്നാം യൊഗവിജാര'ത്തിൽ വിവരിച്ചിരിക്കുന്നു. ആഘോഷമായി ദിവ്യബലി (Holy Mass) അർപ്പിച്ചതിനുശേഷം ആർച്ചുബിഷപ്പ് ചില നടപടിക്രമങ്ങളും പ്രഖ്യാപിച്ചു. സൂനഹദോസ് അവസാനിക്കുന്നതുവരെ ആരും സംഘം ചേർന്ന് ചർച്ചകളും നടത്തരുതെന്നും സ്ഥലംവിട്ടുപോകരുതെന്നും കല്പനയുണ്ടായി. സമ്മേളനത്തിന്റെ അംഗീകാരത്തോടെ പള്ളരുത്തി പള്ളിയിലെ 'യാക്കോപാദ്രി'യെ ദിഭാഷിയായി നിയമിച്ചു.

രണ്ടാം സമ്മേളനം അടുത്തദിവസം രാവിലെ ആരംഭിച്ചു. വിശ്വാസപ്രഖ്യാപനം നടത്തുന്നതിനാണ് അതു വിനിയോഗിച്ചത്. ആദ്യമായി ആർച്ചുബിഷപ്പ് ഔദ്യോഗികവേഷത്തിൽ വിശ്വാസപ്രഖ്യാപനം നടത്തി. തുടർന്ന് ഈ ചടങ്ങിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളോട് ദീർഘമായി പ്രസംഗിച്ചു. ഉത്തമ ക്രൈസ്തവ വിശ്വാസികളായ തങ്ങൾ വീണ്ടും വിശ്വാസപ്രഖ്യാപനം നടത്തേണ്ടതിന്റെ ആവശ്യകത സൂനഹദോസിൽ പങ്കെടുത്തവർക്ക് ബോധ്യപ്പെട്ടില്ല. അവരുടെ എതിർപ്പുകളൊന്നും ഫലിച്ചില്ല. അക്കാര്യത്തിലൊന്നും വൈദികരും ശെമ്മാശന്മാരും അല്മേനികളും ആർച്ചുബിഷപ്പ് നിർദ്ദേശിച്ചപോലെ തന്നെ വിശ്വാസപ്രഖ്യാപനം നടത്തി.

---

96. Jornada, Book I, Chapter XX.

97. മതാധികാരികളുടെ ഔദ്യോഗികസമ്മേളനമാണ് സൂനഹദോസ്. 'Synod' എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. ലത്തീനിൽ 'Synodus' എന്നും ഗ്രീക്കിൽ 'Synodos' എന്നും പറയുന്നു. ഗ്രീക്കുപദമാണ് മൂലരൂപം. SYN—+—ODE. SYN— = together;—ODE (← HODOS) Way, Path. *Synagoge, Syndicate*; *Anode, Cathode* എന്നീ പദങ്ങളും ശ്രദ്ധിക്കുക.

വിശ്വാസപ്രഖ്യാപനത്തിന്റെ പൂണ്ണരൂപം 'രണ്ടാം മൗത്വാ, രണ്ടാം യൊഗവിചാര'ത്തിൽ കാണുക. വിശ്വാസപ്രഖ്യാപനം നടക്കുന്നതിനിടയിൽ ഒരു വൈദികന്റെ നേതൃത്വത്തിൽ എഴുപതോളം ആളുകൾ സമ്മേളനശാലയിൽനിന്നു പുറത്തുകടന്നു് ബഹളം കൂട്ടാൻ തുടങ്ങി. ആർച്ചുബിഷപ്പിന്റെ പദ്ധതി തകർക്കാനായിരുന്നു അവരുടെ നോട്ടം. ആർച്ചുബിഷപ്പിന്റെ പ്രതിനിധികൾ പുറത്തുവന്നു് അവരോടു് സംസാരിച്ചപ്പോൾ ഇക്കാര്യം തുറന്നുപറയാൻ അവർക്കു കഴിഞ്ഞില്ല. പോർത്തുഗീസു് രാജാവിന്റെ സംരക്ഷണം തങ്ങൾക്കു് ലഭിക്കണം എന്നാണു് തങ്ങളുടെ ആവശ്യമെന്നു് അവർ ആർച്ചുബിഷപ്പിനോടു് പറഞ്ഞു. ഇതുതന്നെ തരമെന്നു കരുതിയ ആർച്ചുബിഷപ്പു് ആ ആഗ്രഹം നിറവേറ്റാൻ തയ്യാറായി. മാത്തോമ്മാ നസ്രാണികളുടെ സംരക്ഷണം പോർത്തുഗീസു് രാജാവിനുവേണ്ടി ഏറെറടുക്കാൻ കൊച്ചിയിലെ ക്യാപ്റ്റനോടു് അദ്ദേഹം ആവശ്യപ്പെട്ടു. ക്യാപ്റ്റനും മറ്റു് പോർത്തുഗീസു് സിവിൽ അധികാരികളും ആർച്ചുബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തി ആജ്ഞ അനുസരിച്ചു. ക്യാപ്റ്റന്റെ ഈ പ്രവൃത്തിയെക്കുറിച്ചു് ജൊർണാദയിൽ പറയുന്ന ഒരു കാര്യം ഏറ്റവും ശ്രദ്ധേയമായിരിക്കുന്നു. ക്യാപ്റ്റന്റെ പെരുമാറ്റം (മുട്ടുകുത്തലും മറ്റും) ആർച്ചുബിഷപ്പിനെക്കുറിച്ചുള്ള മതിപ്പു് ദൃഷ്ടാക്കളിൽ വർദ്ധിപ്പിച്ചു. ഈ ധാരണ സൂനഹദോസിന്റെ വിജയകരമായ സമാപ്തിക്കു് ഏറെ ഉപകരിച്ചു എന്നാണു് ഗ്രുവയാ പറയുന്നതു്. ആർച്ചുബിഷപ്പിന്റെ ശക്തിയും പ്രതാപവുമായിരുന്നു സൂനഹദോസിന്റെ വിജയത്തിനു കാരണമെന്നല്ലേ ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്? സത്യം അതായിരുന്നു. നിർഭാഗ്യവശാൽ ആ സത്യം പൂണ്ണമായി ഗ്രഹിക്കാൻ ഉതകുന്ന ചരിത്രരേഖകളൊന്നും നമുക്കു് ലഭിച്ചിട്ടില്ല(98).

മൂന്നാം ദിവസം മുതൽ പ്രതിദിനം രണ്ടു സമ്മേളനങ്ങളും നടത്തുകയുണ്ടായി. കാലത്തു് ഏഴുമണി മുതൽ പതിനൊന്നു മണിവരെ പ്രഭാത സമ്മേളനം, ഉച്ചകഴിഞ്ഞു് രണ്ടു മണിമുതൽ ആറുമണി വരെ സായാഹ്നസമ്മേളനം. മൂന്നാം ദിവസത്തെ ചർച്ചാവിഷയം മാത്തോമ്മാക്രിസ്ത്യാനികളുടെ മതവിശ്വാസത്തിൽ വരുത്തേണ്ട മാറ്റങ്ങളായിരുന്നു. എന്നാൽ പോർത്തുഗീസു് പ്രമാണിമാരുടെ സാന്നിദ്ധ്യ

---

98. മലയാളത്തിലുള്ള കാനോനകളും ഇക്കാര്യത്തിൽ പ്രയോജനപ്പെടുന്നില്ല. മെനേസിസിന്റെ കല്പനപ്രകാരം പോർത്തുഗീസു് ഭാഷയിൽനിന്നു് നേരത്തെതന്നെ തർജ്ജമ ചെയ്തവയാണു് ഇതിലുള്ള മിക്ക ഭാഗങ്ങളും. അവസാനത്തിൽ കാണുന്ന ചില വിവരണങ്ങളും അദ്ദേഹത്തിന്റെ ഏതോ ഒരു പാർശ്വവർത്തി (റോസു്?) സൂനഹദോസിനുശേഷം എഴുതിച്ചേർത്തതുമാണു്.

ത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള ഡിക്രികളും വായിക്കാൻ കേരളക്രിസ്ത്യാനികളും ഇഷ്ടപ്പെട്ടില്ല. തന്മൂലം ആ വിഷയം 24–ാം തീയതിയിലേക്ക് മാറ്റിവച്ചു. അന്നേ ദിവസം പോർത്തുഗീസുകാരെല്ലാം മറ്റൊരു പള്ളിയിലേക്കു പോകുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു(99). മൂന്നാം ദിവസം ചർച്ചക്കെടുത്തത് ക്രൂദാശകളെക്കുറിച്ചുള്ള ഡിക്രികളാണ്. 'മൂന്നാംയൊഗവിജാരം' എന്ന തലക്കെട്ടിൽ ഈ ഡിക്രികളും കാണുക. മാമ്മോദീസാ, മുമ്പിലത്തെ ഒപ്രൂശ്രമാ എന്ന രണ്ടു ക്രൂദാശകളെക്കുറിച്ചുള്ള ചർച്ച അന്നു സമാപിപ്പിച്ചു. അന്നും പലവിധത്തിലുള്ള എതിർപ്പുകളും സൂനഹദോസിൽ പങ്കെടുത്തിരുന്നവർ പ്രകടിപ്പിക്കുകയുണ്ടായി. പക്ഷെ അതെല്ലാം മറികടന്നു മുന്നോട്ടു പോകാൻ മെനേസിസിനു കഴിഞ്ഞു. നാലാം ദിവസം കർബാന, കുമ്പസാരം ഒട്ടുക്കത്തെ ഒപ്രൂശ്രമാ എന്നീ ക്രൂദാശകളെക്കുറിച്ചുള്ള ഡിക്രികളും പൂർത്തിയാക്കി. അഞ്ചാം ദിവസം വിശ്വാസസംബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള ഡിക്രികളും പരിഗണനക്കെടുത്തു. അന്നേ ദിവസം പോർത്തുഗീസ് പ്രമാണിമാരാരും സ്ഥലത്തുണ്ടായിരുന്നില്ല. ആറാം ദിവസം പെൺകെട്ട്, പട്ടം എന്നീ ക്രൂദാശകളെക്കുറിച്ചുള്ള ഡിക്രികളും സൂനഹദോസ് അംഗീകരിച്ചു. ഏഴാം ദിവസം പള്ളിക്കാര്യങ്ങളെക്കുറിച്ചുള്ള സുപ്രധാന തീരുമാനങ്ങളാണ് കൈക്കൊണ്ടത്. ഗ്രുവയാ എഴുതിയിരിക്കുന്നതനുസരിച്ച് എട്ടാം ദിവസം സാമൂഹ്യാചാരങ്ങളെക്കുറിച്ചുള്ള ഡിക്രികളും അംഗീകരിച്ചു. അയിത്തം, പുലകുളി, പിൻതുടർച്ചാവകാശം, വേഷവിധാനങ്ങളും ഇവയെക്കുറിച്ചുള്ള സുപ്രധാന കല്പനകളും ഇക്കൂട്ടത്തിൽ കാണാവുന്നതാണ്.

സൂനഹദോസ് നടപടികളും അവസാനിച്ച ഉടൻതന്നെ ഒപ്പുവക്കൽ ആരംഭിച്ചു. ആദ്യം മെത്രാപ്പോലീത്തായും പിന്നീട് അർക്കദ്യാക്കോനും ഒപ്പുകുത്തി. മലയാണ്മയിലും കർസോനിയിലുമുള്ള പകർപ്പുകളിലാണ് എല്ലാവരും ഒപ്പുവച്ചത്. അവയിൽ ഒന്ന് വൈപ്പിക്കോട്ട സെമിനാരിയിലും മറ്റൊന്ന് അങ്കമാലി അരമനയിലും സൂക്ഷിക്കുന്നതാണെന്ന് ആർച്ചുബിഷപ്പ് അറിയിച്ചു. ഒപ്പുവക്കാൻ വിസമ്മതിച്ചവരെ ശകാരിച്ചും പ്രീണിപ്പിച്ചും ഒപ്പുകുത്തിച്ചു. തുടന്ന് ആർച്ചുബിഷപ്പ് പുതിയ വികാരിമാക്ക് സമ്മാനങ്ങളും ഉപദേശങ്ങളും നൽകി. സമാപനച്ചടങ്ങുകളുടെ ഭാഗമായ പ്രദക്ഷിണം തുടങ്ങാൻ സമയമായപ്പോഴേക്കും ഒരു പേമാരി ഉണ്ടായി എന്നും അതു

---

99. Little Paru എന്ന സ്ഥലത്തെ പള്ളിയിൽ വിശുദ്ധ യോഹന്നാന്റെ പെരുന്നാൾ ആഘോഷിക്കാനാണ് പോർത്തുഗീസുകാർ പോയത്.

കണ്ട് ചിലയാളുകൾ അതൊരു അശുഭശകുനമാണെന്നു പിറുപിറുത്തു തുടങ്ങിയെന്നും എന്നാൽ ആർച്ചുബിഷപ്പിന്റെ നിർദ്ദേശപ്രകാരം പ്രദക്ഷിണം പള്ളിക്കു പുറത്തുകടന്നപ്പോൾ മഴ അത്ഭുതകരമായി മാറിപ്പോയി എന്നും ഗ്രുവയാ രേഖപ്പെടുത്തിയിരിക്കുന്നു. 'സ്വത്വത്തൊടുകൂടെ നമുക്കു പൊക' എന്ന് അക്ദ്യൊക്കോൻ പ്രഖ്യാപിച്ചതോടെ സൂനഹദോസ് സമാപിച്ചു.

സൂനഹദോസ് കഴിഞ്ഞ ഉടൻതന്നെ ആർച്ചുബിഷപ്പ് പള്ളികൾ സന്ദർശിക്കാൻ തുടങ്ങി. സൂനഹദോസ് തീരുമാനങ്ങൾ നടപ്പിലാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കേരളത്തിലെ മിക്ക പള്ളികളും അദ്ദേഹം സന്ദർശിച്ചു. ചെന്നിടത്തെല്ലാം അദ്ദേഹം ക്രൈസ്തവരെ സൂനഹദോസ് തീരുമാനങ്ങൾ അനുസരിക്കാൻ ഉപദേശിച്ചു. ഓരോ ദേവാലയത്തിലും ചെന്നാലുടൻ പഴയ സുറിയാനി ഗ്രന്ഥങ്ങൾ വരുത്തി പരിശോധനക്കായി അനുചരന്മാരെ ഏല്പിച്ചിരുന്നു. ഫാദർ റോസ് എസ്. ജെ. ആയിരുന്നു മുഖ്യ പരിശോധകൻ. ഓരോ സ്ഥലത്തും നിരവധി ഗ്രന്ഥങ്ങൾ അവർ അഗ്നിക്കിരയാക്കി. ഏറെറവുമധികം ഗ്രന്ഥങ്ങൾ നശിപ്പിക്കപ്പെട്ടത് അങ്കമാലിയിലാണ്. മാത്തോമ്മാക്രിസ്ത്യാനികളുടെ വിലപ്പെട്ട ചരിത്ര ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കിയ മെനേസിസിന് ചരിത്രം ഒരിക്കലും മാപ്പു കൊടുക്കുകയില്ല. എ. ഡി. 641–ൽ അലക്സാണ്ട്രിയ കീഴടക്കിയ മുഹമ്മദീയർ അവിടെയുണ്ടായിരുന്ന വിശ്രുത ഗ്രന്ഥാലയത്തിലെ പുസ്തകങ്ങൾ കുളിക്കടവുകളിൽ തീകൂട്ടാൻ ഉപയോഗിച്ച സംഭവത്തോടാണ് ഹക്സ് (p. 179–179) ഈ പ്രവൃത്തിയെ ഉപമിക്കുന്നത്. ദേവാലയ സന്ദർശനത്തിനിടയിൽ മെനേസിസ് കേരളത്തിൽ കണ്ടകാര്യങ്ങളാണ് ജൊർണാദ രണ്ടാം പുസ്തകത്തിൽ ഗ്രുവയാ വിവരിച്ചിരിക്കുന്നത്. കേരള ചരിത്രഗവേഷകന്മാർക്ക് വിലപ്പെട്ട പല അറിവുകളും ഈ ഗ്രന്ഥത്തിലുണ്ട്.

പറവൂർവച്ച് മെനേസിസ് കേരളസന്ദർശനം പൂർത്തിയാക്കി. മടങ്ങിപ്പോകുന്നതിനുമുമ്പ് അദ്ദേഹം അർക്കദ്യാക്കോനെ മാർത്തോമ്മാക്രിസ്ത്യാനികളുടെ താൽക്കാലിക ഭരണാധികാരിയായി നിയമിച്ചു. 1601–ൽ റോസ് എസ്. ജെ. അങ്കമാലി രൂപതയുടെ മെത്രാനായി അധികാരമേറെറടുത്തു. റോസ് മെത്രാന്റെ ഭരണകാലത്തേക്ക് കടക്കുന്നതിനുമുമ്പ് ഉദയമ്പേരൂർ സൂനഹദോസിനെക്കുറിച്ചതന്നെ ചില കാര്യങ്ങൾകൂടി പറയേണ്ടിയിരിക്കുന്നു.

'എന്തിതിന്നു കാരണം?'

ഗ്രുവയായുടെ വിവരണമനുസരിച്ച് ജൂൺ ഇരുപതു മുതൽ എട്ടു ദിവസത്തേക്ക് സൂനഹദോസ് സമ്മേളനങ്ങൾ നടന്നു. അതനുസ

രിച്ചാണെങ്കിൽ സൂനഹദോസ് സമാപിച്ചത് ജൂൺ 27 നായിരിക്കണം. (100) എന്നാൽ ജൂൺ 26ന സൂനഹദോസ് സമാപിച്ചതായിട്ടാണ് ഗ്രവയാതന്നെ പറയുന്നത്. ഈ വൈരുദ്ധ്യം എങ്ങനെ കടന്നുകൂടി? തീർന്നില്ല. മലയാളത്തിലുള്ള കാനോനകളിൽ രണ്ട സ്ഥാനങ്ങളിൽ സമാപനദിനത്തെക്കുറിച്ച് പരാമർശമുണ്ട്. ഒരിടത്ത് (പുറം. 105) 'മിധുന ഞായറ ഇരിപത്തആറാം ദിവസി ഒടുങ്ങി' എന്നും മറെറാരിടത്ത് (പുറം. 108) 'മിധിന ഞായറ ഇരിപത്തഅഞ്ചാം ദിവസി വെള്ളിയാഴ്ചനാൾ ഇങ്ങനെ യൊഗം പിരിഞ്ഞു' എന്നും പറഞ്ഞിരിക്കുന്നു. ഇതിൽ ഏതു തീയതിയാണ് സ്വീകരിക്കേണ്ടത്? 'ഇരുപത്തഅഞ്ചാം ദിവസി വെള്ളിയാഴ്ചനാൾ' എന്ന വ്യക്തമായി പറഞ്ഞിരിക്കുന്നതുകൊണ്ട് ആ തീയതി സ്വീകരിക്കാമെന്നുവച്ചാൽ ഗ്രവയായുടെ വിവരണങ്ങളെല്ലാം ഭാവനാസൃഷ്ടികളെന്നുവന്നുകൂടും. ഇക്കാര്യത്തിൽ അവസാനവാക്ക പറയാൻ ഇനിയും തെളിവുകൾ ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്.

സൂനഹദോസ് നടപടികളെക്കുറിച്ച് ഈ ഘട്ടത്തിൽ അല്പമൊന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. സൂനഹദോസിൽ പങ്കെടുക്കുന്നവക്കെല്ലാം അഭിപ്രായപ്രകടനത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നാണ് വയ്പ്. ഈ വ്യവസ്ഥ ഉദയമ്പേരൂർ സൂനഹദോസിൽ പാലിക്കപ്പെട്ടിട്ടില്ല എന്നു കരുതാൻ മതിയായ കാരണങ്ങളുണ്ട്. പരിമിതമായ സമയത്തിനുള്ളിൽ ഇത്രയധികം ഡിക്രികൾ പാസ്സാക്കിയതിൽനിന്നുതന്നെ ചർച്ചകൾ കുറവായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്. പരിമിതമായി ലഭിച്ച അവസരങ്ങളിൽതന്നെ ആർച്ചുബിഷപ്പിന്റെ പാർശ്വവത്തികളാണ് കൂടുതൽ സംസാരിച്ചത്. ബിഷപ്പ് ബ്രൗൺ ഉന്നയിക്കുന്ന മറെറാരു ആക്ഷേപം ശ്രദ്ധേയമാണ്.

'Many objections were raised, but in every case the archbishop's Partisans rose to speak in support and the opponents of the measures, leaderless as they were, lacked ability and courage to sustain their objections' (101)

സ്വതന്ത്രമായ ചർച്ചകൾ ഉണ്ടായില്ലെന്നു സാരം. പിൽക്കാലത്ത് ഈശോസഭാവൈദികർ റോമിലേക്കയച്ച ചില കത്തുകളിൽ

---

100. പ്രശസ്തരായ പല പണ്ഡിതന്മാരും ഇക്കാര്യം ശ്രദ്ധിച്ചിട്ടില്ലെന്നതോന്നുന്നു. ഉദാഹരണത്തിന L. W. Brown ന്റെ രണ്ട പ്രസ്താവനകൾ ശ്രദ്ധിക്കുക.

'Altogether eight days were spent in passing the decrees.' Page. 34

'...and so the synod ended on 26 June 1599.' Page. 34

ജൂൺ ഇരുപതിനാണ് സൂനഹദോസ് ആരംഭിച്ചത് എന്ന കാര്യത്തിൽ സംശയമില്ല.

101. L. W. Brown, Page. 34.

ഈ സത്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മെനേസിസിന്റെ ഉത്തമസുഹൃത്തും പിൽക്കാലത്ത് മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനുമായിരുന്ന ഫ്രാൻസീസ്‌റോസ് 1603 നവംബർ 20ന് ഈശോസഭാ ജനറലിനയച്ച കത്തിൽ ഇങ്ങനെ കാണുന്നു.

'..to tell you the entire truth, some of the canons of the above said synod the Archbishop himself added after the synod was over, not a single canon was discussed or altered, so much so that there was no form of a synod..... .....; they heard them without understanding what was being said, as I can myself bear ample witness as also the other Fathers who understood the language.'

1603 ഡിസംബർ 27 ന റോസ് റോമിലേക്കയച്ച മറെറാരു കത്തിൽനിന്ന് ഒരു ഭാഗംകൂടി ഉദ്ധരിക്കാം.

'...It was no synod since no consultation was made and the Christians were unaware of what was being enacted. If they put their signature, it was due to my importunity.'

സൂനഹദോസിന്റെ മറെറാരു ദൃക്സാക്ഷി, ജോൺകമ്പോറി, 1604 ജനുവരി ഒന്നിന റോമിലേക്കയച്ച കത്തിൽനിന്ന് ഒരു ഭാഗം:

'...And much of what was read, was done in such hurry and confusion that the Christians did not understand nor consequently accept it?' (102)

സൂനഹദോസ് നടപടികളം ജനങ്ങൾക്ക് മനസ്സിലാക്കാൻകഴിഞ്ഞില്ല എന്ന ആരോപണം മേലുദ്ധരിച്ച കത്തുകളിൽ കാണുന്നുണ്ട

---

102. മൂന്നുകത്തുകളുടെയും ഇംഗ്ലീഷ്പരിഭാഷ ഡോ. ജോനാസിന്റെ The synod of Diamper എന്ന പുസ്തകത്തിൽനിന്ന് ഉദ്ധരിക്കുന്നതാണ്. Pages 129-138.

ഇത്തരത്തിലുള്ള കത്തുകളെഴുതാൻ റോസ്മെത്രാനെയും മറ് ഈശോസഭക്കാരെയും പ്രേരിപ്പിച്ച സാഹചര്യം വിശദീകരണം അർഹിക്കുന്നു. 1601ൽ റോസ് അങ്കമാലി രൂപതയുടെ മെത്രാനായി. ഉദയമ്പേരൂർ സൂനഹദോസിനെക്കുറിച്ച് കേരളക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അമർഷം ലഘൂകരിക്കുന്നതിനായി 1603ൽ അദ്ദേഹം ഒരു സൂനഹദോസ് സംഘടിപ്പിച്ചു. അങ്കമാലിയിൽ നടന്ന ആ സൂനഹദോസിന്റെ കാനോനകൾക്ക് റോമിൽനിന്ന് അംഗീകാരം നേടാൻ അദ്ദേഹം ആഗ്രഹിക്കുകയുംചെയ്തു. ഗോവമെത്രാപ്പോലീത്തയായിരുന്ന മെനേസിസ് ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾക്ക് മാപ്പ്പ്രായുടെ അംഗീകാരംനേടാൻ പരിശ്രമം തുടങ്ങിക്കഴിഞ്ഞിരുന്നു. ഈ ആവശ്യത്തിലേക്ക് ജനങ്ങൾ ഒപ്പുകൾതിയകടലാസുകൾ മലയാളത്തിലുള്ള കാനോനകളിൽനിന്നു വേർപെടുത്തിയെടുത്ത് ഗോവയിലേക്ക് അയച്ചുകൊടുക്കാൻ മെനേസിസ് റോസിനോട് ആവശ്യപ്പെട്ടു. ഈ ആവശ്യം റോസ് സാധിച്ചുകൊടുത്തു. മെനേസിസ് ഗോവയിലിരുന്ന് എഴുതിത്തീർത്ത പുതിയ കാനോനകൾ ഒപ്പുകൾത്തിയ കടലാസുകളോടുകൂടി റോമിലേക്കയച്ചു. ഈ വഞ്ചന റോസിനേയും സുഹൃത്തുക്കളേയും പൊടിപ്പിച്ചു എന്നുവേണം കരുതാൻ. അനുബന്ധം – I, പു 181.

ല്ലോ. ഇതിനെ അടിസ്ഥാനമാക്കി സൂനഹദോസ് നടപടികളും പോർത്തുഗീസ് ഭാഷയിലായിരുന്ന എന്നൊരഭിപ്രായം ചില ചരിത്രകാരന്മാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആ അഭിപ്രായം സാധൂകരിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ദുർഗ്രഹത ഭാഷാപരമായിരുന്നു എന്നു കരുതേണ്ടതില്ല. ഡിക്രികളും വായിച്ച വേഗവും ഡിക്രികളുടെ വിഷയപരമായ നൂതനത്വവും ദുർഗ്രഹതയുണ്ടാക്കാൻ മതിയായ കാര്യങ്ങളാണല്ലോ. കേരളക്രിസ്ത്യാനികൾക്ക് അപരിചിതങ്ങളായിരുന്ന എത്രയെത്ര സങ്കല്പങ്ങളാണ് മെനേസിസ് വിവിധ ഡിക്രികളിലൂടെ അവതരിപ്പിച്ചത്. അവയെല്ലാം മനസ്സിലാക്കാനുള്ള ദൈവശാസ്ത്ര പരിജ്ഞാനമോ സാവകാശമോ സൂനഹദോസിൽ പങ്കെടുത്തവർക്ക് ഉണ്ടായിരുന്നില്ല എന്നു കരുതിയാൽമതി.

സൂനഹദോസിൽ മെനേസിസിന്റെ കിങ്കരനായി വർത്തിച്ച റോസിനെ ഒരു മാപ്പുസാക്ഷിയായി അംഗീകരിച്ചാൽ സൂനഹദോസിൽ പങ്കെടുത്തവർ കാനോനകളിൽ ഒപ്പുകൂത്തിയത് അദ്ദേഹത്തിന്റെ സമ്മർദ്ദംകൊണ്ടാണെന്നു വരുന്നു. ഇത് ഗുരുതരമായ നടപടിപ്പിശകാണ്. സൂനഹദോസിനുശേഷം കേരളക്രിസ്ത്യാനികൾ പ്രകടിപ്പിച്ച സാവ്രുതികമായ എതിർപ്പുകൾ പരിഗണിക്കുമ്പോൾ റോസിന്റെ വാക്കുകൾ വിശ്വസിക്കുകയാണ് ഉത്തമപക്ഷമെന്നു തോന്നുന്നു.

സൂനഹദോസിനുശേഷം മെനേസിസ് കൃത്രിമമായി അനേകം കാനോനകൾ എഴുതിച്ചേർത്തു എന്നാണു മറ്റൊരാരോപണം. ഈ സത്യം മനസ്സിലാക്കുന്നതിന് എളുപ്പമാർഗ്ഗം പോർത്തുഗീസ് ഭാഷയിൽ ഗ്രുവയാ പ്രസിദ്ധീകരിച്ച കാനോനകളും മലയാളത്തിലുള്ള കാനോനകളും താരതമ്യം ചെയ്യുകയാണ്. അവ തമ്മിലുള്ള അന്തരം പ്രകടതരമാണ്. മലയാളത്തിലില്ലാത്ത നിരവധി കാനോനകൾ പോർത്തുഗീസ് ഭാഷയിൽ കാണുന്നു. പോർത്തുഗീസ് ഭാഷയിൽനിന്നാണല്ലോ മറ്റു പാശ്ചാത്യഭാഷകളിലേക്കെല്ലാം സൂനഹദോസ് കാനോനകൾ തർജമചെയ്യപ്പെട്ടത്. ഉദയമ്പേരൂർ സൂനഹദോസിൽ വായിക്കുകപോലും ചെയ്തിട്ടില്ലാത്ത നിരവധി നിയമങ്ങൾ 'ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ' എന്ന പേരിൽ ലോകമെമ്പാടും പ്രചരിപ്പിച്ച ആർച്ചുബിഷപ്പിന്റെ മനസ്സാക്ഷി വിചിത്രമെന്നല്ലാതെ എന്താണു പറയുക. 'ദൈവരാജ്യം പ്രചരിപ്പിക്കാൻ' ഏതു മാർഗ്ഗവുമാകാം എന്നായിരുന്നല്ലോ പോർത്തുഗീസ് നയം! മലയാളത്തിലില്ലാത്തതും പോർത്തുഗീസ് ഭാഷയിൽ കാണുന്നതുമായ കാനോനകളുടെ ഇംഗ്ലീഷ് പരിഭാഷ ഈ ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. (പുറം. 181)

ഇന്നു നമുക്ക് ലഭിച്ചിട്ടുള്ള മലയാളം കാനോനകളെല്ലാം തന്നെ സൂനഹദോസിൽ പങ്കെടുത്തവർ ഒപ്പുകൂത്തിയ കാനോനകളുടെ സത്യസന്ധമായ പകർപ്പുകളല്ല. സൂനഹദോസിനുശേഷം നടന്ന കാര്യങ്ങളും വിവരിക്കുന്ന ഭാഗമെങ്കിലും പിന്നീട് കൂട്ടിച്ചേർത്തതാണ്. റോസിന്റെ സംഭാവനയാണ് ആ ഭാഗമെന്നു തോന്നുന്നു. സൂനഹദോസ് ഡിക്രികളുടെ പകർപ്പുകളും തയ്യാറാക്കി മാത്തോമ്മാക്രിസ്ത്യാനികളുടെ എല്ലാ ദേവാലയങ്ങളിലും, ഓരോ പ്രതി വീതം സൂക്ഷിക്കണമെന്ന് സൂനഹദോസ് തീരുമാനിച്ചിരുന്നു. ആ തീരുമാനം നടപ്പിലാക്കുന്നതിനുള്ള ചുമതല വൈപ്പിക്കോട്ട സെമിനാരി അധികൃതരെയാണ് ഏല്പിച്ചിരുന്നത്. സൂനഹദോസ് തീരുമാനങ്ങളുടെ മറ്റൊരു പകർപ്പ് അങ്കമാലിയിൽ സൂക്ഷിക്കുന്നതിനും സൂനഹദോസിൽ തീരുമാനിക്കുകയുണ്ടായി. ആ മൂലഗ്രന്ഥങ്ങളും ഇന്നു നമുക്ക് ലഭിച്ചിട്ടുള്ള പകർപ്പുകളും തമ്മിലുള്ള അന്തരം നിർണ്ണയിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. സൂനഹദോസിൽ പങ്കെടുത്തവർ ഒപ്പുകൂത്തിയ രണ്ടു പകർപ്പുകളിൽ ഒന്ന് മലയാണ്മയിലും മറ്റൊന്ന് കർസോനിലുമായിരുന്നു. അവ രണ്ടും കണ്ടുകിട്ടിയിട്ടില്ല. ഇന്നുള്ള എല്ലാ പകർപ്പുകൾക്കും ഒരു മൂലസ്രോതസ്സാണുള്ളത്.

സൂനഹദോസിനുശേഷം നടന്ന കാര്യങ്ങൾകൂടി കൂട്ടിച്ചേർത്ത് ഇവ വിതരണംചെയ്തത് വൈപ്പിക്കോട്ട സെമിനാരി അധികൃതരായിരിക്കണം. അങ്കമാലിയിലും മറ്റൊരു പകർപ്പ് ഉണ്ടായിരുന്നതുകൊണ്ട് കാനോനകളിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്നു വിശ്വസിക്കാം. റോസ് അങ്കമാലി ശ്ലൂപതയുടെ മെത്രാനായതോടെ ഈശോസഭക്കാർക്ക് ഉദയമ്പേരൂർ സൂനഹദോസിലുള്ള താല്പര്യം അവസാനിച്ചു. അതിനാൽ സൂനഹദോസ് കഴിഞ്ഞ ഉടൻതന്നെയാവണം ഇന്നത്തെ പകർപ്പുകൾക്കാധാരമായ മൂലഗ്രന്ഥം തയ്യാറാക്കപ്പെട്ടത്. പിന്നീട് ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ താല്പര്യം പ്രകടിപ്പിച്ചത് 1661 മുതൽ മാത്തോമ്മാക്രിസ്ത്യാനികളെ ഭരിച്ചിരുന്ന കർമ്മലീത്താ മിഷനറിമാരാണ്. അവരുടെ കാലത്തുണ്ടായവയാണ് ഇന്നു കണ്ടുകിട്ടിയിട്ടുള്ള പകർപ്പുകളും.

III

ഉദയമ്പേരൂർ സൂനഹദോസിന്റെ ഫലങ്ങൾ

കേരളത്തിലെ മാത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിൽ പരമപ്രധാനമായ സംഭവമായിരുന്നു ഉദയമ്പേരൂർ സൂനഹദോസ്. അന്നുവരെ കേരളത്തിലെ ക്രിസ്ത്യാനികൾ സാമൂഹ്യജീവിതത്തിലുടനീളം

പുലത്തിയിരുന്നത് കേരളീയത്വമാണ്. മതജീവിതത്തിലും അവർ ഉത്തമ പൗരസ്ത്യരായിരുന്നു. സാമൂഹ്യജീവിതത്തിലും മതജീവിതത്തിലും അവരെ പാശ്ചാത്യസാത്കരിക്കാനുള്ള ശ്രമമായിരുന്നു സൂനഹദോസ്.

സൂനഹദോസിനുമുമ്പ് കേരളക്രിസ്ത്യാനികളുടെ ആത്മീയപിതാക്കന്മാർ ബാബിലോണിൽ നിന്നുള്ള മെത്രാന്മാരായിരുന്നു. അവർ ആധ്യാത്മിക ശുശ്രൂഷയിലാണ് ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. സൂനഹദോസ് ബാബിലോൺ ബന്ധം വിച്ഛേദിച്ചു. മാത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനെ പോർത്തുഗീസ് രാജാവിന്റെ അനുമതിയോടെ റോമാ മാർപ്പാപ്പാ നിയമിക്കണമെന്ന് വ്യവസ്ഥയുണ്ടായി. അങ്ങനെ നിയമിക്കപ്പെട്ടവർക്ക് കേരളീയാചാരങ്ങളും പൗരസ്ത്യാരാധനക്രമവും വച്ചു പൊറുപ്പിക്കാൻ കഴിഞ്ഞില്ല. ബാബിലോണിൽ നിന്നുള്ള മെത്രാന്മാരെപ്പോലെ ആധ്യാത്മിക പരിപാലനത്തിൽ പരിമിതപ്പെട്ട നിൽക്കാനും അവർ തയ്യാറായില്ല. പാശ്ചാത്യസാമ്രാജ്യശക്തികളുടെ പ്രതിനിധികളെന്ന നിലയിൽ അവർ കേരളക്രിസ്ത്യാനികളിൽ 'പടിഞ്ഞാറൻ പ്രേമം' വളത്തിയെടുക്കാൻ അശ്രാന്ത പരിശ്രമം ചെയ്തു. വിദേശശക്തികളുടെ സാമ്രാജ്യലക്ഷ്യങ്ങൾക്ക് ക്രൈസ്തവരെ കരുക്കളാക്കുന്നതിനുപോലും അവർ ആഗ്രഹിച്ചിരുന്നു. പാശ്ചാത്യനാടുകളിൽ കാണുന്നതാണ് ഉത്തമക്രൈസ്തവാചാരങ്ങളെന്നു ധരിച്ചുവെച്ചിരുന്ന അവർ ആരാധനക്രമവും സാമൂഹ്യാചാരങ്ങളും പാശ്ചാത്യീകരിച്ചു. കേരളീയമായതിനോടെല്ലാം അവർക്ക് പുച്ഛമായിരുന്നു. സുറിയാനിഭാഷയോട് കേരളീയർക്കുണ്ടായിരുന്ന വൈകാരികബന്ധം ദുഢതരമാണെന്നു മനസ്സിലാക്കിയ മെത്രാന്മാർ ലത്തീൻ ആരാധനക്രമം സുറിയാനിഭാഷയിലാക്കി കേരളത്തിൽ പ്രചരിപ്പിച്ചു. റോസ് മെത്രാനെപ്പോലുള്ള സുറിയാനി പണ്ഡിതന്മാർ ഇക്കാര്യത്തിൽ തീവ്രശ്രമം നടത്തിയിട്ടുണ്ട്. ഒന്നര നൂറ്റാണ്ടുകാലം (കൂനൻകുരിശുസത്യം വരെ) കേരളക്രിസ്ത്യാനികളെ അടക്കി ഭരിക്കാൻ റോമൻ കത്തോലിക്കാമെത്രാന്മാർക്കു കഴിഞ്ഞു. അതിനുശേഷം ഒരു വിഭാഗം ആളുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അന്നത്തെ അർക്കദ്യാക്കോനെ അവർ മെത്രാനായി വാഴിച്ചു. എങ്കിലും റോമൻസഭയോട് വിശ്വസ്തത പുലത്തിയവർക്ക് നാട്ടുകാരായ മെത്രാന്മാരെ ലഭിച്ചതു 1896ൽ മാത്രമാണ്. അതുവരെ അവർ പടിഞ്ഞാറൻ സഭയുടെ നുകം ചുമക്കേണ്ടിവന്നു. കേരളക്രിസ്ത്യാനികളിൽ ഭിന്നിപ്പുണ്ടായതിനു മൗലികകാരണം ഉദയമ്പേരൂർ സൂനഹദോസായിരുന്നു. ഒന്നര നൂറ്റാണ്ടുകാലം അവർ നീറിപ്പുകഞ്ഞു. കൂനൻകുരിശുസത്യത്തോടെ കേരള ക്രൈസ്തവസമുദായം പൊട്ടിത്തെറിച്ചു.

ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് കേരള ക്രൈസ്തവരുടെ ഭരണത്തിൽ നേതൃസ്ഥാനം വഹിച്ചിരുന്നത് അക്ദ്യാക്കോനായിരുന്നു. സഭാഭരണത്തിൽ വൈദികർക്കും ജനപ്രതിനിധികൾക്കും നല്ല പങ്കാണുണ്ടായിരുന്നത്. സൂനഹദോസ് കഴിഞ്ഞതോടെ അധികാരമെല്ലാം മെത്രാന്മാരിൽ ചെന്നൊതുങ്ങി(103). വൈദികരും ഇടവക പ്രതിപുരുഷന്മാരുമടങ്ങിയ പള്ളിയോഗങ്ങൾക്ക് നിലയും വിലയും കെട്ടു. കേരളക്രൈസ്തവരുടെ ജനാധിപത്യഭരണസംവിധാനം നശിപ്പിച്ചത് ഉദയമ്പേരൂർ സൂനഹദോസും പിന്നീടുണ്ടായ യൂറോപ്യൻ ഭരണവുമാണ്.

സൂനഹദോസ് തീരുമാനങ്ങളിൽ ഏറ്റവും അപലപനീയമായ ഒരിനമായിരുന്നു വൈദികരെക്കുറിച്ചുള്ളത്. കേരളസഭയിൽ അന്നോളം നിലനിന്നിരുന്ന പാരമ്പര്യങ്ങളും സൂനഹദോസ് ഒറ്റയടിക്കു തകർത്തു. ഓരോ ഇടവകയിലും അതാതുദേശത്തെ പട്ടക്കാരാണ് ആധ്യാത്മിക ശുശ്രൂഷകളും നടത്തിയിരുന്നത്. കൂട്ടത്തിൽ ഏറ്റവും പ്രായംചെന്ന വൈദികൻ ദേശത്തുപട്ടക്കാരുടെ മൂപ്പനായി പ്രവർത്തിച്ചിരുന്നു. സൂനഹദോസ് ഈ സമ്പ്രദായം വേണ്ടെന്നുവച്ച് ഓരോ ഇടവകയ്ക്കും പ്രത്യേകം വികാരിമാരെ നിയമിച്ചു. ആർച്ച് ബിഷപ്പിനോട് കൂറുപുലർത്തിയവർക്കു മാത്രമാണ് വികാരി സ്ഥാനം നൽകിയത്. അവരിലൂടെ ജനങ്ങളെ വശപ്പെടുത്താനായിരുന്നു പോർത്തുഗീസുകാരുടെ നോട്ടം. ഈ തന്ത്രം വിജയിച്ചു എന്നു തോന്നുന്നു. വൈദികർക്ക് ബ്രഹ്മചര്യം നിർബന്ധിതമാക്കി എന്നതായിരുന്നു സൂനഹദോസ് നടപ്പിലാക്കിയ മറ്റൊരു പരിവർത്തനം. വിവാഹിതരായിരുന്ന വൈദികരോട് ഭാര്യമാരെ ഉപേക്ഷിക്കാൻ ആജ്ഞാപിച്ചു. പുത്രകളത്രാദികളോടുകൂടി സന്തുഷ്ടമായ കുടുംബജീവിതം നയിച്ചിരുന്ന പട്ടക്കാരുടെമേൽ അടിച്ചേൽപ്പിച്ച ഈ ബ്രഹ്മചര്യം സൃഷ്ടിച്ച വൈകാരിക വിക്ഷോഭം ഊഹനീയമാണല്ലൊ. ഭാര്യമാരെ ഉപേക്ഷിക്കാൻ വിസമ്മതിച്ച വൈദികരെ ശപിക്കാനും ഭീഷണിപ്പെടുത്താനും മെനേസിസ് മുതിർന്നു. റോമൻ കത്തോലിക്കാസഭയിൽ തന്നെ ആദിമനൂറ്റാണ്ടുകളിൽ വിവാഹിതരായ വൈദികരാണ് ഉണ്ടായിരുന്നത്. പൗരസ്ത്യസഭകളിൽ ഒരുകാലത്തും വൈദികർക്ക് വിവാഹം നിഷേധിക്കപ്പെട്ടിരുന്നില്ല. ഈ പശ്ചാത്തലത്തിൽ മെനേസിസിന്റെ പ്രവൃത്തി അതിരുകടന്നതായിപ്പോയി എന്നു പറയാതെ തരമില്ല. കേരളസഭയെ പാശ്ചാത്യസഭയുടെ മാതൃകയിൽ ഉടച്ചുവാർക്കുക എന്ന ലക്ഷ്യമായിരുന്നു ഈ ക്രൂരത പ്രവർത്തിക്കാൻ മെനേസിസിനെ പ്രേരിപ്പിച്ചത്.

---

108. കൂടുതൽ വിവരങ്ങൾക്ക്: ഉപോദ്ഘാതം, XLVI-XLVII

കേരളത്തിലെ പള്ളികളിൽ അന്ന് പ്രതിമകളും കുറവായിരുന്നു. കുരിശും വേദപുസ്തകവും മാത്രമായിരുന്ന ദേവാലയത്തിലെ പൂജ്യ വസ്തുക്കളും. ഇതൊരു പോരായ്മയാണെന്ന് ആർച്ചുബിഷപ്പിനു തോന്നി. വിശുദ്ധന്മാരുടെയും വിശുദ്ധകളുടെയും രൂപങ്ങളും ഉടനടി നിർമ്മിക്കണമെന്ന് സൂനഹദോസ് ആജ്ഞാപിച്ചു. അങ്ങനെയാണ് പാശ്ചാത്യശൈലിയിലുള്ള 'സ്വരൂപവണക്കം' കേരളക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിച്ചത്. മുമ്പിലത്തെ ഒപ്രൂശ്മാ (Confirmation) ഒടുവിലത്തെ ഒപ്രൂശ്മാ (Extreme Unction) എന്നീ കൂദാശകളും പാശ്ചാത്യശൈലിയിൽതന്നെ കേരളസഭയിൽ നടപ്പിലാക്കാൻ സൂനഹദോസ് തീരുമാനിക്കുകയുണ്ടായി. വൈദികനോട് പാപങ്ങൾ ഏറ്റു പറഞ്ഞു കുമ്പസാരിക്കുന്ന സമ്പ്രദായവും ഉദയമ്പേരൂർ സൂനഹദോസിനുശേഷമാണ് പ്രചരിച്ചത്. സൂനഹദോസിനുശേഷം കേരളത്തിലുണ്ടായ പള്ളികളിലെല്ലാം പോർത്തുഗീസ് ശില്പകലയുടെ സ്വാധീനംപ്രകടമായിക്കാണാം. കൂദാശവസ്ത്രങ്ങളും, കൂദാശവസ്തുക്കളും എന്നിവയിലെല്ലാം സൂനഹദോസ് മാറ്റങ്ങളും വരുത്തി.

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പ് കേരളത്തിലെ ക്രൈസ്തവരും ഹിന്ദുക്കളും തികഞ്ഞ സൗഹാർദ്ദത്തിലും പരസ്പര ബഹുമാനത്തിലുമാണ് കഴിഞ്ഞു കൂടിയിരുന്നത്. പോർത്തുഗീസുകാർക്ക് ഹിന്ദുമതത്തോടും ഹിന്ദുമതാചാരങ്ങളോടും കടുത്ത പുച്ഛമായിരുന്നു. ഹിന്ദുക്കളുടെ മതവികാരങ്ങളും വ്രണപ്പെടുത്തുന്നതിൽ പോർത്തുഗീസുകാർക്ക് സവിശേഷമായ താല്പര്യമാണുണ്ടായിരുന്നത്. കാവ്യർ, പുറജാതിക്കാർ, എന്നിങ്ങനെ അവജ്ഞകലർന്ന പേരുകളും അവർ ഹിന്ദുക്കൾക്കു നൽകി. ഈ മനോഭാവം കേരള ക്രൈസ്തവരിൽ അടിച്ചേല്പിക്കാൻ പോർത്തുഗീസുകാർ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. ഹിന്ദുക്കളുടെ മതവിശ്വാസങ്ങളെയും ആചാരങ്ങളെയും പുച്ഛിക്കുന്ന നിരവധിഭാഗങ്ങളും ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിലുണ്ട്. കേരളത്തിലെ പള്ളികളും ക്ഷേത്രങ്ങളും തമ്മിൽ പല തരത്തിലുള്ള കൊടുക്കൽ വാങ്ങലുകളും പഴയകാലത്തുണ്ടായിരുന്നു. മുത്തുക്കുട, ആന തുടങ്ങിയ ആഡംബരവസ്തുക്കളും കൈമാറുന്നത് സർവ്വ സാധാരണമായിരുന്നു. ഇതെല്ലാം വിദേശരേണകാലത്ത് നിഷേധിക്കപ്പെട്ടു.

നായന്മാരും മാർത്തോമ്മാക്രിസ്ത്യാനികളും തമ്മിലുണ്ടായിരുന്ന സൗഹാർദ്ദത്തിനു നിരവധി തെളിവുകൾ ജൊർണാദയിൽ തന്നെ കാണുന്നുണ്ട്. മാർത്തോമ്മാക്രിസ്ത്യാനികളെ പാശ്ചാത്യീകരിക്കാൻ ശ്രമിച്ച മെനേസിസിനെതിരെ നായന്മാർ പലപ്പോഴും ആയുധമെടുത്തതാ

യി ഗ്രഹയാ രേഖപ്പെടുത്തിയിട്ടുണ്ട്. അത്രത്തോളം ദൃഢതരമായിരുന്നു അവരുടെ ബന്ധം. കേരളക്രിസ്ത്യാനികളുടെ സാമൂഹ്യജീവിതത്തിലെ നലം തികഞ്ഞ ഭാരതീയാചാരങ്ങൾക്ക് ഉദയമ്പേരൂർ സൂനഹദോസ് വിലക്കു കല്പിക്കുകയുണ്ടായി. ഉദമ്പേരൂർ സൂനഹദോസ് നടക്കുന്ന കാലത്ത് നിരവധി ക്രിസ്ത്യാനികൾക്ക് കേരളീയ പേരുകൾ ഉണ്ടായിരുന്നു(103a). അതു പാടില്ലെന്ന് സൂനഹദോസ് നിശ്ചയിച്ചു. അക്രൈസ്തവർ ഉപയോഗിക്കുന്ന പേരുകളൊന്നും ക്രൈസ്തവർ സ്വീകരിക്കരുത് എന്നതായിരുന്നു മെനേസിസിന്റെ തീരുമാനം. ഭാരതീയ നാമങ്ങൾക്കുപുറമേ പഴയനിയമത്തിലെ പേരുകളും കേരളത്തിൽ പ്രചുരപ്രചാരം നേടിയിരുന്നു. അബ്രഹാം, യാക്കോബ്, സക്കറിയാ എന്നീ നാമങ്ങൾക്കായിരുന്നു കൂടുതൽ പ്രചാരം (104). ജനനം, വിവാഹം, മരണം എന്നിവയോടനുബന്ധിച്ചുണ്ടായിരുന്ന നിരവധി സാമൂഹ്യാചാരങ്ങളും സൂനഹദോസ് നിരോധിച്ചു.

> 'പെറ്റ നാല്പതുദിവസം കടക്കുന്നതിനു മുമ്പ് പള്ളിക്കൽ ചെല്ലുവാൻ അശുദ്ധം ഒണ്ടെന്നും പൊല്ലി പള്ളിക്കൽ ചെല്ലാതെ ഇരിക്കുന്ന മരിയാത ശുദ്ധമാന സൂനഹദൊസ ഉപെക്ഷിക്കുന്നു (105).'

സൂനഹദോസ് നിരോധിച്ചെങ്കിലും വളരെ അടുത്തകാലംവരെ മാത്തോമ്മാക്രിസ്ത്യാനികളും ഈ പതിവ് നിലനിർത്തിയിരുന്നു. ആൺകുട്ടികളെ പ്രസവിക്കുന്നവർ നാല്പതുദിവസവും പെൺകുട്ടികളെ പ്രസവിക്കുന്നവർ എൺപതു ദിവസവും 'വരത്ത ഇരിക്കുക' എന്നതായിരുന്നു അന്നത്തെ പതിവ്(105).

> 'മലംകരനസ്രാണികളുടെ എടയിൽ പെങ്കുട്ടിന്ന പൊരുത്തവും പൊഴുതും തണ്യദിവസവും പൊദിപ്പാറ എന്നും നെല്ലും നീരും വീഴ്ത്തുന്നതും മറ്റും മാർഗ്ഗത്തിൽ ചിതം അല്ലാത്ത പല വസ്തുക്കളും ചൈവാറ ഒണ്ട എന്ന സൂനഹദൊസ കെട്ട' (106).

ഇക്കാര്യങ്ങളും ആരും ചെയ്യരുതെന്നു സൂനഹദോസ് കർശനമായി വിലക്കി. നെല്ലും നീരും വീഴ്ത്തുന്നതിൽ എന്ത് അന്ധവിശ്വാസമാണ് മെനേസിസ് ദർശിച്ചതെന്നു മനസ്സിലാകുന്നില്ല.

103a. 'The naming of children not only reveals how diverse such cultural practices may be, but also indicates a number of fundamental social attitudes, which need to be known, if one is to understand the people'. Eugene A Nida, Customs, Culture and Christianity, The Tyndale Press, 1963, p. 111

104. ഉ. സൂ. കാനോനകളും, പുറം 92 കാണുക. കൂടുതൽ വിവരങ്ങൾക്ക് Hough, Page. 569

105. ഉ. സൂ. കാനോനകളും, പുറം. 92

106. ഉ. സൂ. കാനോനകളും. പുറം. 69–70 & അനുബന്ധം II കാണുക.

'പെണ്ണുകെട്ടിന്നും മറ്റും ചെലവിശെഷത്തിന്നും നെലൊണ വീഴ്ത്തുന്നതും, പൊടകമുറിക്കുമ്പൊഴും ഒര നൂൽ വെലങ്ങത്തിൽ വരുന്നത നന്ന എന്ന നെനക്കുന്നതും, നെല്ല അളന്നകൊട്ടത്താൽ ആ കൊട്ടത്തതിൽ രണ്ടുമണി നെല്ലെംകിലും വീണ്ട നുള്ളി ഇട്ടുന്നതും, തലനൊയമ്പിന്ന കുളിയാസ്സിൽ നൊയമ്പ കാര്യം അല്ല എന്ന നെനക്കുന്നതും (കെട്ടിയ നാലാംപക്കം കുളികഴിഞ്ഞെ പള്ളിക്കൽ പൊകാവു എന്നും പുളികുടി കല്യാണവും തീണ്ടാർന്ന കുളിയും) ഇത എപ്പെരും കാവ്യക്ക അടുത്ത തിമ്മെടെ കൃത്യങ്ങം ആയതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസിന്ന ഇതിനെ പൊറത്ത കളഞ്ഞ ഇത്തരം ആരും ചൈകയും അരുത എന്ന അപെക്ഷ ആകുന്നു' (107).

ഇവിടെ വില'ക്കപ്പെട്ടിരിക്കുന്ന ആചാരങ്ങളെല്ലാം കേരളീയങ്ങളാണെന്നതിൽ സംശയമില്ല. അവ ആചരിക്കുന്നവരെ ശിക്ഷിക്കുന്നതിന്ന സൂനഹദോസ് തീരുമാനിക്കുകയുണ്ടായി.

'നീക്കിക്കളയെണ്ടുന്ന തണ്യമരിയാതകെളീന്ന ഒന്ന ആകുന്നത-പെല കുളിക്കുന്നത; ഒരുത്തരമരിച്ചാൽ അവരുടെ ഒടയവര കുളിക്കായ്യിൽ ദൊഷം എന്ന കല്പിക്കുന്ന കുളി'(107a).

ഈ ആചാരം അന്ന ക്രിസ്ത്യാനികളുടെ ഇടയിൽ സവ്വസാധാരണമായിരുന്നു. ഇവയെല്ലാം പ്രാദേശികസംസ്കാരത്തിന്റെ ഭാഗമാണെന്ന മനസ്സിലാക്കാനുള്ള വിശാലമനസ്കത പോത്തുഗീസുകാക്കുണ്ടായിരുന്നില്ല. ഓണം തുടങ്ങിയ കേരളീയോത്സവങ്ങളിൽ ക്രിസ്ത്യാനികം പങ്കെടുക്കരുതെന്ന സൂനഹദോസ് കല്പിച്ചു. ഓണത്തോടനുബന്ധിച്ച് നടത്തിയിരുന്ന ഓണത്തല്ലിൽ പലക്കും ദേഹോപദ്രവവും ജീവനാശവും സംഭവിച്ചിരുന്ന എന്നതുകൊണ്ട മാത്രമല്ല ഈ നിരോധനം ഏർപ്പെടുത്തിയത്. ഹിന്ദുക്കളുടെ ദേവന്മാരെയും ദേവികളെയും അനുസ്മരിക്കുന്ന ഉത്സവങ്ങളിൽ പങ്കെടുക്കുന്നത് ക്രൈസ്തവവിശ്വാസത്തിന നിരക്കുന്ന കാര്യമല്ലെന്ന പോത്തുഗീസുകാർ വിശ്വസിച്ചു. മതസഹിഷ്ണുത തൊട്ടുതെറിച്ചിട്ടില്ലാത്ത പറങ്കി മെത്രാന്മാർ ഇത്തരം ആഘോഷങ്ങളിൽ പങ്കെടുക്കുന്നവക്ക് കഠിനമായ ശിക്ഷകം നൽകിയിരുന്നു. അവർ മരിച്ചാൽ പള്ളിവക ശ്മശാനത്തിൽ സംസ്കരിക്കരുതെന്നു് ഉദയമ്പേരൂർ സൂനഹദോസ് കല്പിച്ചു(108) കേരളത്തിലെ പല കലകളും ക്ഷേത്രങ്ങളിൽ നിന്നാണല്ലോ ഉദ്ഭവിച്ചിട്ടുള്ളത്. ഹൈന്ദവമായതെല്ലാം മ്ലേച്ഛമാണെന്ന കരുതിയ മി

---

107 & 107a ഉ. സൂ. കാനോനകം. പുറം. 90–91; Hough, Page 669

&

അനുബന്ധം II കാണുക.

108. ഓണാഘോഷം നിരോധിച്ചുകൊണ്ടുള്ള കാനോന മലയാളത്തിൽ കാണുന്നില്ല. ഗ്രന്ഥാ S. IX, D. IV, അനുബന്ധം I

ഷനറി മെത്രാന്മാർ ക്ഷേത്രകലകം പരിശീലിക്കുന്നതിൽനിന്ന് ക്രൈസ്തവരെ പിൻതിരിപ്പിച്ചു. കഥകളിയും കൂത്തും തുള്ളലും ക്രിസ്ത്യാനിക്ക് വിലക്കപ്പെട്ട കലകളായിത്തീർന്നു. ക്രിസ്ത്യാനികൾക്കു വേണ്ടി ചില കലകൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തെങ്കിലും അവയൊന്നും കേരളമണ്ണിൽ വേരോടിയില്ല. കേരളക്രൈസ്തവർ വേഷത്തിൽപോലും ഹൈന്ദവരിൽനിന്ന് വ്യത്യസ്തരായിരിക്കണമെന്ന് സൂനഹദോസ് തീരുമാനിച്ചു.

> 'ആണുങ്ങൾ ആരും ഇന്നി തൊടങ്ങി കാത കുത്തരുത എന്നും വളത്തരുത എന്നും'(108a) സൂനഹദോസ് കല്പിച്ചു.

കാതുവളർത്തുന്നവരെ ശിക്ഷിക്കാൻ പട്ടക്കാരെ സൂനഹദോസ് അധികാരപ്പെടുത്തുകയും ചെയ്തു. പട്ടക്കാർക്കു ലഭിച്ച പുതിയ ജോലി നന്നായിരിക്കുന്നു! ആരും കാതിൽ പൊന്നണിയരുതെന്നും പൊന്നണിയുന്നവരെ പള്ളിയിൽനിന്നു പുറത്താക്കണമെന്നും പ്രസ്തുത കാനോനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. പക്ഷേ ചെറിയൊരു ദാക്ഷിണ്യം അനുവദിച്ചു:

> 'കാത ഉള്ളവക്ക് കീഴിലെപോലെ വേണ്ടുന്നത കാതിലിട്ടുകൊള്ളാം'(108b).

മാത്തോമ്മാ ക്രിസ്ത്യാനികളുടെ മീശ പരിഷ്കരിക്കുന്ന ജോലി പിൽക്കാലത്ത് റോസ് മെത്രാൻ ഏറെറടുക്കുകയുണ്ടായി. റോസ് മെത്രാന്റെ നിയമാവലിയിൽ ഇതിനുള്ള നിർദ്ദേശങ്ങൾ കാണുന്നു. വൈദികരുടെ വേഷവും പോർത്തുഗീസുകാർ പരിഷ്കരിച്ചു.

ആധുനികദൃഷ്ടിയിൽ പുരോഗമനോന്മുഖങ്ങളെന്നു തോന്നാവുന്ന ചില പരിഷ്കാരങ്ങൾ ഉദയമ്പേരൂർ സൂനഹദോസ് നടപ്പിലാക്കുകയുണ്ടായി. എന്നാൽ നടപ്പിലാക്കിയ ദേശകാലപരിതഃസ്ഥിതികളിൽ കേരള ക്രിസ്ത്യാനികളെ സഹോദരസമുദായങ്ങളിൽനിന്ന് ഒറ്റപ്പെടുത്താനാണ് അവ ഉപകരിച്ചിട്ടുള്ളത്. മറ്റ് 'ഉന്നതജാതി'ക്കാരെപോലെതന്നെ മാത്തോമ്മാക്രിസ്ത്യാനികളും തീണ്ടലും തൊടീലും ആചരിച്ചിരുന്നു. ഈ ദുരാചാരം അപ്പാടെ വേണ്ടെന്നുവയ്ക്കാൻ മെനേസിസ് തീരുമാനിച്ചില്ല. അതിനു സ്വാർത്ഥപരമായ കാരണങ്ങളാണുണ്ടായിരുന്നത്. തീണ്ടലും തൊടീലും വർജിച്ചാൽ കേരള ക്രിസ്ത്യാനികൾക്ക് മറ്റ് ഉന്നത ജാതിക്കാരുമായുള്ള സമ്പർക്കം നഷ്ടപ്പെടും. പോർത്തുഗീസുകാരുടെ രാഷ്ട്രീയവും വാണിജ്യപരവുമായ

108a. & 108b. ഉ. സൂ. കാനോനകൾ, പുറം 97–98. അനുബന്ധം II കാണുക.

വികാസത്തെ അത് തടസ്സപ്പെടുത്തും. അതുകൊണ്ട് പുറമേ അയിത്തമാചരിക്കാനും അകമേ അയിത്തത്തെ നിന്ദിക്കാനും മെനേസിസ് കേരളക്രിസ്ത്യാനികളെ പഠിപ്പിച്ചു. കാര്യലാഭം കരുതി മനസ്സിലിരുപ്പും പ്രവൃത്തിയും രണ്ടു തരത്തിലാവട്ടെ എന്നാണല്ലോ ഈ കല്പനയുടെ സാരം.

> 'തീണ്ടുമരിയാതി ഇല്ലാത്ത നഗരികളീന്ന കീഴം അമിശക്കാരരിൽ മാഗ്ഗം പുക്കവരെ കണ്ടാൽ ഒക്കയും ഒന്ന എന്ന കണ്ട പ്രിയപ്പെട്ടകയും അനുസരിച്ചുകൊള്ളുകയും വെണം'(109).

പോർത്തുഗീസുകാർ മാനസാന്തരപ്പെടുത്തിയ 'ഹീനജാതി'ക്കാരോട് പെരുമാറേണ്ടതിനെക്കുറിച്ചാണ് ഈ കല്പന. തെക്കൻ കേരളത്തിൽ ക്രിസ്ത്യാനികൾ നായന്മാർക്കുപോലും അയിത്തം കല്പിച്ചിരുന്നു എന്നും ആ പതിവ് അപ്പാടെ ഉപേക്ഷിക്കണമെന്നും സൂനഹദോസ് നിർദ്ദേശിക്കുകയുണ്ടായി. മലയാളത്തിലുള്ള കാനോനകളിൽ അക്കാര്യം ഇങ്ങനെ പറഞ്ഞിരിക്കുന്നു:

> 'കീഴം അമിശക്കാരെ അല്ലാതെ തൊട്ടാൽ കുളിക്കണ്ടാത്തവരെ തൊട്ടാൽ ചെലടത്ത കുളിച്ചുണ്ണായം. ഒട്ടെറെയും തെക്കെ ദിക്കിൽ ഇത ആകുന്നു. ഇതിനെക്കൊണ്ട മലയാളക്ക മെനികെടും വെറുപ്പും ഒണ്ടുതാനും എന്ന ഇരിക്കുന്നെടത്ത അവരെ തൊട്ടാൽ കുളിക്കുന്നതിനെക്കൊണ്ട വഴിയെ കുറപ്പട്ടത്തിയെ മതിയാവു'(110).

മറ്റൊരുതരം അയിത്താചാരത്തെ സൂനഹദോസ് പൂർണ്ണമായി നിരോധിക്കുകയുണ്ടായി. അക്കാര്യം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

> 'ചെലടത്ത നസ്രാണി മാപ്പിളമാരിടെ കൊളം എംകിലും കിണറ എംകിലും കമ്മാളര തൊട്ട എംകിൽ മലയാളര ചൈയുന്ന ക്രിയ ചൈതെ പുണ്യമാകുമാറ ആകുന്നത പട്ടാങ്ങക്കും മാഗ്ഗത്തിന്റെറ വെടിപ്പിനും മറുത്ത ആകുന്നു എന്നതിനെക്കൊണ്ട അങ്ങിനെ ചൈയുന്നവരെ പള്ളിക്കും പള്ളിക്ക അടുത്ത വസ്തുക്കളീന്നും പൊറത്ത നിറുത്തണം'(111).

ഇക്കാര്യങ്ങളിൽ സംസ്കാരത്തിന്റെ ആപേക്ഷികസ്വഭാവം (Cultural Relativism) മറന്നുകൊണ്ടായിരിക്കരുത് നമ്മുടെ വിധിതീർപ്പ്(113).

---

109. ഉ. സൂ. കാനോനകം പുറം. 91.

110. Ibid പുറം 91.

111. Ibid പുറം 92

113. "Cultural relativism means that the values expressed in any culture are to be both understood and themselves valued only according to the way the people who carry that culture see things." Robert Redifield, The Primitive World And Its Transformations, Ithaca, N. Y., Cornell University Press, 1953, p. 144.

കേരള സമുദായത്തിൽ പ്രചാരമുണ്ടായിരുന്ന മറ്റനേകം വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും മാത്തോമ്മാക്രിസ്ത്യാനികളുടെ ജീവിതത്തിലും സ്ഥാനമുണ്ടായിരുന്നു. അവയിൽ മന്ത്രവാദം, ക്ഷുദ്രോത്രം എന്നിവ സൂനഹദോസ് കർശനമായി നിരോധിച്ചു.

> 'ചെല നസ്രാണികളം ചൈത്താന്റെറ പ്രവൃത്തി ആകുന്ന പ്രവൃത്തി ചൈയുന്നവരിടെ അവിടെ ചെല്ലുകയും പാക്കയും ചൈയുന്നതകൂടാതെ തണ്യപ്രവൃത്തിക്കാരരെ തങ്ങടെ സ്ഥലത്ത വരുത്തിക്കൊണ്ട മററ എണങ്ങരിടെ മെനിക്കെട വരുത്തുകയും മാറ്റത്തിന്ന അടാത്ത ചെല പ്രവൃത്തികളെ വെളിച്ചമെ ചൈയിപ്പിക്കുന്നതും, തുള്ളിക്കയും പാടിക്കയും കൊഴി അറുത്ത വെലി കൊടുപ്പിക്കയും ചൈയുന്നത'(114).

സൂനഹദോസ് പൂർണ്ണമായി നിരോധിച്ചു.

> 'ചൈത്താൻമാരുടെ മുക്കാൽ വട്ടത്ത ചെന്ന ഏതാനും നെല്ല നെരുകയും കണികളുടെ എന്തുങ്ങളെ എഴുതിച്ച തങ്ങൾക്ക എംകിലും തങ്ങടെ കൃഷിക്ക എംകിലും മൃഗജാതിക്ക എംകിലും മററ ആക്കാനും (എംകിലും) ഇപ്പറഞ്ഞതിന്ന കൊടുക്കയും കെടുകയും ചൈയുന്നവർക്കും'(115)

സൂനഹദോസ് ശിക്ഷ വിധിച്ചു.

> 'ശത്രുക്കൾക്ക സംകടം വരുത്തുവാനും പെണ്ണുങ്ങളെ എണക്കുവാനും രഹസ്യമായി ചൈത്താൻമ്മാരുടെ ചെല പെരുകളും പുണ്യവാളന്മാരുടെ പെരുകളൊടുകടെ കൂട്ടി ചമച്ച ചെല നമസ്കാരങ്ങളും എരപ്പുകളും'(116)

അന്നു പ്രചാരത്തിലുണ്ടായിരുന്നതായി കാനോനകളിൽ കാണുന്നു. അവ ഉപയോഗിക്കരുതെന്ന് സൂനഹദോസ് ആജ്ഞാപിച്ചു. ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള ചില മന്ത്രങ്ങൾ പിൽക്കാലത്തും കേരളക്രിസ്ത്യാനികൾക്കിടയിൽ പ്രചരിച്ചിരുന്നു. സുപ്രസിദ്ധ മാന്ത്രികനായിരുന്ന കടമറത്തച്ചൻ ഉപയോഗിച്ച മന്ത്രങ്ങളുടെ മാതൃകകൾ കേരളസംസ്കാരം(117) എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. സൂനഹദോസ് നിരോധിച്ച പറപൂമ്മാൻ (Parisman) എന്ന ഗ്രന്ഥത്തിൽ മന്ത്രവാദത്തിനുള്ള തന്ത്രങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. വധൂവരന്മാരുടെ ജാതകപ്പൊരുത്തവും മറ്റും നോക്കുന്നതിനും നല്ല ദിവസങ്ങളും മുഹൂർത്തങ്ങളും നിശ്ചയിക്കുന്നതിനും പ്രത്യേകം പ്രത്യേകം ഗ്രന്ഥങ്ങളുണ്ടായിരുന്നു. വൈദികരാണ് ഇത്തരം പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നത്. സൂനഹദോസിനുശേഷം മെനേസിസ് ദേവാലയങ്ങൾ സന്ദർശിച്ചപ്പോൾ ഈ ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുകയു

---

114. ഉ. സൂ. കാനോനകൾ, പുറം 93.
115. Ibid പുറം 93.
116. Ibid, പുറം 24 അനുബന്ധം II കാണുക
117. ഇടമറുക്, പുറം 731–736.

ണ്ടായി. 'കുടി'കളിൽ താമസിച്ചിരുന്ന ക്രൈസ്തവരുടെ ഇടയിലാണ് മന്ത്രവാദം വ്യാപകമായി ഉണ്ടായിരുന്നതെന്ന് കാനോനകളിൽ നിന്ന മനസ്സിലാവുന്നു.(119) ഇന്നും ഗ്രാമങ്ങളിലാണല്ലോ മന്ത്രവാദത്തിനും കൂടോത്രത്തിനും കൂടുതൽ പ്രചാരം.

ഉദയമ്പേരൂർ സൂനഹദോസ് പ്രഖ്യാപിച്ച ഏറ്റവും ശ്ലാഘനീയങ്ങളായ ചില പരിവർത്തനങ്ങളെക്കുറിച്ച് ഇനി ചിന്തിക്കാം. അവയിൽ പലതും പരിമിതമായ തോതിൽ മാത്രമേ നടപ്പിലായുള്ളൂ എന്നത് ഖേദകരമായ സംഗതിയാണ്. കേരളക്രൈസ്തവരുടെ പിൻതുടർച്ചാവകാശക്രമത്തിൽ സുപ്രധാനമായ ഒരു പരിഷ്കാരം സൂനഹദോസ് പ്രഖ്യാപിക്കുകയുണ്ടായി.

> 'മലംകര എല്ലാ ഞായത്തിന്നും എടത്തുട ഒര മരിയാത ഒണ്ടായിരുന്നു. അത ആയത ഇ എടവകയിലെ നസ്രാണികളിടെ ആൺമക്കൾക്ക അനന്തരപ്പാട ഒണ്ടായിരുന്നു. ഇത ആൺമക്കൾതന്നെ ഒള്ളെടത്ത തന്നെ അല്ല പിന്നെയൊ പെണ്ണുങ്ങൾതന്നെ ഒള്ളെടത്ത അവക്ക അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരിന്നു. അനെകം വലയുന്നവരും ക്ഷെയിച്ചുപൊകുന്നവരും ഒണ്ട. അവരുടെ കാന്വര ഒണ്ടാക്കിയതിനെ ആണുങ്ങൾ എംകിലും അടുത്ത ചെന്വര എംകിലും അടക്കി ഞായം. ....ഇതിന്ന ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു ഇത്രനാളത്തെ മരിയാത ഞായമായ മരിയാത അല്ല, എന്ന; അടുത്ത ചെന്വക്ക മരിക്കുന്നവക്ക പെൺമക്കൾ ഒണ്ടെംകിൽ, തങ്ങൾക്ക ഏതും എടുത്ത അടക്കിക്കൊള്ളരുത. അത അടക്കുകിൽ ദൊഷത്തിൽ ആകുന്നു താനും' (120)

തികച്ചും ശ്ലാഘനീയമായ ഈ നിർദ്ദേശം ഇന്നും പൂർണ്ണമായ രീതിയിൽ കേരളക്രൈസ്തവസമുദായത്തിൽ നടപ്പിലായിട്ടില്ല എന്നതാണ് ദുഃഖസത്യം.

'യുവജനഹൃദയം സ്വതന്ത്രമാണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ' എന്ന സിദ്ധാന്തം സൂനഹദോസ് അംഗീകരിക്കുകയുണ്ടായി എന്നതാണ് അഭിനന്ദനീയമായ മറെറാരുകാര്യം. കുടുംബങ്ങളുടെ സ്വത്തും ചാർച്ചയും സംരക്ഷിക്കുന്നതിനുവേണ്ടി ബാല്യകാലത്തുതന്നെ വിവാഹനിശ്ചയം നടത്തുന്ന സമ്പ്രദായം ക്രൈസ്തവസമുദായത്തിലുണ്ടായിരുന്നു. സൂനഹദോസ് ഈ സമ്പ്രദായം നിരുത്സാഹപ്പെടുത്തി. മാത്രമല്ല ഇങ്ങനെ തീരുമാനിച്ച് എഴുതിവച്ചാൽതന്നെയും

> 'പൈതങ്ങൾക്ക ദുഷത വന്നാൽ അവക്ക തങ്ങളിൽ കെട്ടുവാൻ മനസ്സു ഇല്ലെംകിൽ എഴുതിവച്ചതു കാര്യം അല്ല' (121)

---

119. ഉ. സൂ. കാനോനകൾ, പുറം 93.

120. Ibid, പുറം 93

121. Ibid, പുറം 70.

എന്നുകൂടി പ്രഖ്യാപിക്കുകയുണ്ടായി. ഇത് തികച്ചും ആരോഗ്യകരമായ ഒരു പരിവർത്തനമായിരുന്നു. വിവാഹപ്രായം സൂനഹദോസ് നിശ്ചയിച്ചതും പ്രശംസനീയംതന്നെ.

'ചെറുക്കന പതിന്നാൽ വയസ്സു തെകഞ്ഞ ആവു എന്നും പെണ്ണിന്ന പന്തിരണ്ട വയസ്സുതെകഞ്ഞ ആവു എന്നും' (121a)

സൂനഹദോസ് തീരുമാനിക്കുകയുണ്ടായി. പൊതുവേ പറഞ്ഞാൽ സൂനഹദോസിന്റെ വിവാഹസംബന്ധമായ എല്ലാ തീരുമാനങ്ങളും ക്രൈസ്തവസമുദായത്തിന്റെ പുരോഗതിയെ സഹായിച്ചിട്ടുണ്ട്.

വാണിജ്യരംഗത്ത് പ്രവർത്തിച്ചിരുന്ന ക്രിസ്ത്യാനികൾ അന്യായപ്പലിശ വാങ്ങരുതെന്നും സൂനഹദോസ് നിർബന്ധപൂർവ്വം അനുശാസിക്കുകയുണ്ടായി. പന്ത്രണ്ടു ശതമാനത്തിലധികം പലിശവാങ്ങുന്നവരെ മഹറോൻ ചൊല്ലി സഭയിൽനിന്ന് പുറത്താക്കണമെന്ന് സൂനഹദോസ് നിശ്ചയിച്ചു. (122) ബാങ്കിങ്ങ്, ചിട്ടി തുടങ്ങിയ കാര്യങ്ങളിൽ പിൽക്കാലത്ത് ക്രൈസ്തവർക്കുണ്ടായിരുന്ന സവിശേഷമായ താല്പര്യം അനുസ്മരിക്കുമ്പോൾ ഈ തീരുമാനത്തിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാകുന്നതാണ് 'വിപ്പാനും കൊള്ളുവാനും വെവ്വെറെ തൂക്കവും അളവും' (123) ഉപയോഗിക്കുന്ന ക്രൈസ്തവരെ ശിക്ഷിക്കുന്നതിനും സൂനഹദോസ് തീരുമാനിക്കുകയുണ്ടായി. 'പൊല്പാത്ത നാം പിറക്കുന്ന കിടാങ്ങളെ' കൊല്ലുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന ഒരു സമ്പ്രദായം പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്നു. ഇങ്ങനെയുള്ള കുഞ്ഞുങ്ങളെ കണ്ടുപിടിച്ച് രക്ഷിക്കണമെന്ന് സൂനഹദോസ് ക്രൈസ്തവരോട് ആവശ്യപ്പെട്ടു. (124) ഇന്നുകാണുന്ന അനാഥാലയങ്ങളുടെ ഉദ്ഭവം ഇങ്ങനെയായിരിക്കണമെന്നു തോന്നുന്നു. ജീവകാരുണ്യപരമായ ഈ തീരുമാനം പ്രശംസനീയംതന്നെ.

സൂനഹദോസിനുമുമ്പ് മാത്തോമ്മാ ക്രിസ്ത്യാനികൾ പ്രാർത്ഥനകളും മതതത്വങ്ങളും അഭ്യസിച്ചിരുന്നത് സുറിയിനിഭാഷയിലായിരുന്നു. 'അതിന്റെറ അർത്ഥം ഇന്നത എന്ന അറിയാതെ ചൊല്ലി ഞായം.' 'ഇത മലയാംഭാഷയിൽ വെണം' എന്നു സൂനഹദോസ് തീരുമാനിച്ചു. കഴുത കുങ്കുമം ചുമക്കുന്നതുപോലെ അർത്ഥമറിയാതെ പ്രാർത്ഥന ചൊല്ലുന്നതും വേദതത്വങ്ങൾ ഉരുവിടുന്നതും വിഡ്ഢിത്തമാണെന്നു തീരുമാനിച്ചത് ഉചിതമായി. ഇന്ന് ക്രൈസ്തവരുടെ ആരാധനഭാഷ മലയാളമാണ്.

121a. Ibid, പുറം 63.
122. Ibid, പുറം 94.
123. Ibid, പുറം 99.
124. Ibid, പുറം 31-32.

ഉദയമ്പേരൂർ സൂനഹദോസ് കേരളക്രൈസ്തവസമുദായത്തിൽ വരുത്തിയ നിരവധി മാറ്റങ്ങളിൽ ചിലതു മാത്രമാണ് മുകളിൽ സൂചിപ്പിച്ചത്. ക്രൈസ്തവനവീകരണമെന്നതിലുപരിയായി പാശ്ചാത്യീകരണമായിരുന്നു സൂനഹദോസിന്റെ ലക്ഷ്യമെന്ന് മേൽവിവരിച്ച കാര്യങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. സത്യത്തിൽ ഉദയമ്പേരൂർ സൂനഹദോസ് ഒരു ഒറ്റപ്പെട്ട സംഭവമല്ല. വെള്ളക്കാരായ മിഷനറിമാർ ചെന്നെത്തിയ പൗരസ്ത്യരാജ്യങ്ങളിലെല്ലാം ഈദൃശ പ്രവത്തനങ്ങൾ ഉണ്ടായി. യൂജിൻ നൈഡ ഇതിനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്:

> 'The Missionary's confusion of christendom with christianity, of western culture with the gospel of Jesus christ, has been the basis of tragic misunderstanding and frustrating endeavour. White supremacy and superiority have been assumed by many and even defended as Biblical. It has been hard for some to see why their own culture should not be carted bag and baggage to every part of the world and these imitated by devoted adherents of the way of life.' (125)

പോത്തുഗീസുകാരുടെ മതപരിവത്തനയത്നങ്ങളിൽ ഈ നയം പ്രകടതരമായിരുന്നു. ഇന്ത്യൻ ഗസറ്റിയറിൽ ഫാദർ ജറോം ഡിസൂസ എസ്. ജെ. പ്രസ്തുത നയത്തിന്റെ ദൂഷ്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്:

> 'But conversion at that time implied an undesirable break from the cultural and social traditions of India and the adoption of European names and ways of living which detached the christians from their social ambit. This method of 'Europeanizing' the converts was at variance with the earlier traditions of the christian church and compromised the purely religious character of christian Evangelism.' (126)

ഈ മനോഭാവത്തോടെ പോത്തുഗീസുകാർ മാത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പിലാക്കിയ പരിവത്തനങ്ങളാണ് ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിലും റോസിന്റെ നിയമാവലിയിലും കാണുന്നത്. ഈ സത്യം മനസ്സിലാക്കാതെ ചുരുക്കം ചില ചരിത്രകാരന്മാർ മെനേസിസിന്റെ പ്രവത്തനങ്ങളെ വിലയിരുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ

> 'അക്കാലത്തെ കേരളക്രൈസ്തവസഭയിൽ നടമാടിയിരുന്ന വികലാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ദൂരീകരിച്ച് സഭയെ ശുദ്ധീകരിച്ചെടുക്കുക എന്നതായിരുന്നു മെനേസിസിസ് മെത്രാപ്പോലീത്തായുടെ ആഗമനോദ്ദേശം.' (127)

---

125. Eugene, A. Nida, P. 255-256.

126. The Gazetteer of Indian, vol I. Publicaiions Division, Government of India, 1965, P. 489.

127. ഇ. പി. ആൻറണി, ലത്തീൻകത്തോലിക്കർ, കേരളചരിത്രം, രണ്ടാം വാല്യം, കേരളഹിസ്റ്ററി അസോസിയേഷൻ, 1974, പുറം 466.

'പഴകിയുറച്ച കേരളത്തിലെ കഷ്ടമായ ജാതിവ്യവസ്ഥകൾക്കെതിരായി നാലു നൂറ്റാണ്ടുകാലം മുമ്പ് സധൈര്യം ശബ്ദമുയർത്തുകയും നിയമങ്ങളുണ്ടാക്കുകയും ചെയ്ത ഡോ. അലക്സിസ് മെനേസിസ് മെത്രാപ്പോലീത്താ കേരളക്രൈസ്തവരുടെ മാത്രമല്ലാ മുഴുവൻകേരളത്തിന്റെയും ഇന്ത്യയുടെതന്നെയും മഹാനായ സാമൂഹ്യപരിഷ്കർത്താവായി അനുസ്മരിക്കപ്പെടേണ്ടതാണ്' (128)

എന്ന അഭിപ്രായം ചരിത്രസത്യങ്ങൾക്കും സാമാന്യബുദ്ധിക്കും നിരക്കാത്തതാണ്. പ്രഗത്ഭരായ ചരിത്രകാരന്മാർ മെനേസിസിനെ വേണ്ടവോളം തൊലിയുരിച്ചുകാണിച്ചിട്ടുള്ളതുകൊണ്ട് ഈ ലേഖകൻ ആയതിനു തുനിയുന്നില്ല. ഉദയമ്പേരൂർ സൂനഹദോസ് കേരളക്രൈസ്തവസമുദായത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിവുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നതാണ് സത്യം. അഭിമാനികളായ കേരളക്രൈസ്തവർ പല അവസരങ്ങളിലും ക്ഷോഭത്തോടുകൂടി ഇക്കാര്യം അനുസ്മരിച്ചിട്ടുമുണ്ട്. ഉജ്ജ്വലദേശാഭിമാനിയും ഉത്തമ കത്തോലിക്കനുമായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഒരു പരാമർശം ഉദ്ധരിച്ചുകൊണ്ട് ഈ പ്രകരണം സമാപിപ്പിക്കാം.

'ഉദയംപെരൂർ സൂനഹദോസ കൈക്കൊള്ളുവാൻ അയാംക്ക (തോമ്മാ മെത്രാനു) മനസ്സില്ലാ എങ്കിൽ എന്തു. പക്ഷെ ഇതെക്കുറിച്ചതന്നെ ശ്രദ്ധമാന വിശ്വാസത്തിൽ കൈക്കൊള്ളാതെ ഇരിക്കാമൊ. മെല. മെല. അതെന്തന്നാൽ ഉദയംപെരൂർ സൂനഹദൊസു വിശ്വാസത്തിന്റെ വകുപ്പ ആകുന്നു എന്നും മിശിഹായും ശ്ലീഹന്മാരും പഠിപ്പിച്ചുമില്ല. ശ്ര. പള്ളി ഇപ്പൊഴും പരസ്യപ്പെട്ടതിയതുമില്ല. പല പല നാട്ടകളിൽ ഉദയംപെരൂർ സൂനഹദൊസു എന്ന നാമംപൊലും കെട്ടിട്ടില്ലാത്ത ഏറിയ വിശ്വാസികളും ഉണ്ട. എന്നു തന്നെ അല്ല നമ്മുടെ മലങ്കരെ തന്നെയുള്ളതിൽ വടക്കുപുറത്തുള്ള പള്ളിക്കാർ മെൽപറഞ്ഞ സൂനഹദൊസു ഉണ്ടായ നാളുകളിൽതന്നെ ആയതു കൈക്കൊണ്ടതുമില്ല; ഇതിന്മണ്ണം ഈ സൂനഹദൊസു കൈക്കൊള്ളാത്ത നാട്ടകളും പലതുണ്ട എന്നു വരുമ്പൊഴും അവർ ഒക്കയും ഇടത്തുട്ടകാരൊ. അല്ല. (129)

പതിനെട്ടാം നൂറ്റാണ്ടിലെ ഒരു പ്രമുഖ കത്തോലിക്കാപുരോഹിതന്റെ പ്രതികരണമാണ് ഇതെന്ന് പ്രത്യേകം ഓർമ്മിക്കുക

IV

ഉദയമ്പേരൂർ സൂനഹദോസ് മുതൽ കേരളക്രൈസ്തവരിൽ വളർന്നു വികസിച്ച അസംതൃപ്തി ക്നാനൻകുരിശുസത്യത്തിൽചെന്നു കലാശിക്കുന്ന ചരിത്രമാണ് ഇനി രേഖപ്പെടുത്തേണ്ടത്. 1601ൽ റോസ് എസ്. ജെ. അങ്കമാലിരൂപതയുടെ മെത്രാനായി അധികാരമേറ്റെടു

123. Ibid, പുറം 467.

129. പാറേമ്മാക്കൽ തോമ്മാക്കത്തനാർ, വർത്തമാനപ്പുസ്തകം, അതിരമ്പുഴ, ഒന്നാം പതിപ്പ് (1933), പുറം 508-509.

ത്തു. ലത്തീൻ പക്ഷപാതിയായിരുന്ന അദ്ദേഹം മെനേസിസ് തുടങ്ങിവച്ച പാശ്ചാത്യീകരണം സമ്പൂർണ്ണമാക്കി. 1603ൽ അദ്ദേഹം അങ്കമാലിയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. ആ സൂനഹദോസിന്റെ തീരുമാനങ്ങളും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. 1606ൽ അദ്ദേഹം പ്രസിദ്ധീകരിച്ച അങ്കമാലി രൂപതാ നിയമങ്ങളിൽനിന്ന് വളരെ വ്യത്യസ്തങ്ങളായിരിക്കുകയില്ല പ്രസ്തുത സൂനഹദോസിന്റെ തീരുമാനങ്ങളും. ലത്തീൻ ആരാധനക്രമം സുറിയാനിഭാഷയിൽപ്പൊതിഞ്ഞ് വിതണംചെയ്യുന്നതിൽ റോസ് പരിപൂർണ്ണമായി വിജയിച്ചു. പാശ്ചാത്യസഭകളിലെ ഭരണക്രമം കേരളസഭയിൽ നടപ്പിലാക്കിയതിന്റെ ഉത്തമ സാക്ഷ്യമാണ് റോസിന്റെ നിയമാവലി. അതിനുമുമ്പുവരെ കേരളസഭയെ യഥാർത്ഥത്തിൽ ഭരിച്ചിരുന്നത് അക്ദ്യോക്കോന്മാരായിരുന്നു. പുതിയ നിയമാവലി വന്നതോടെ മെത്രാൻ യഥാർത്ഥ ഭരണാധികാരിയായി. നിയമപരതയും ആചാരാനുഷ്ഠാനങ്ങളും വർദ്ധിച്ചു. റോസ് മെത്രാന്റെ ഭരണകാലത്ത് കൊച്ചിയിലെ മെത്രാനും ചില യൂറോപ്യൻ സന്യാസസമൂഹങ്ങളും ഈശോസഭക്കാരുടെ മേൽക്കോയ്മയ്ക്കെതിരെ ശബ്ദമുയർത്താൻ അക്ദ്യോക്കോനെ സഹായിക്കുകയുണ്ടായി. ഈ അനുകൂല സാഹചര്യങ്ങളിൽ നിന്നു പരമാവധി ഫലമെടുക്കാൻ കേരളക്രിസ്ത്യാനികളും ശ്രമിച്ചു. റോസിന്റെ പിൻഗാമിയായിവന്ന സ്റ്റീഫൻ ബ്രിട്ടോ അക്ദ്യോക്കോനെ പ്രീണിപ്പിക്കാൻ നടത്തിയ ശ്രമങ്ങളും വിജയിച്ചില്ല. 1630ൽ മാർപ്പാപ്പായുടെ തീരുമാനമനുസരിച്ച് എല്ലാ സന്യാസസമൂഹങ്ങളും കേരളത്തിൽ പ്രവർത്തിക്കാൻ അനുവാദം ലഭിച്ചു. ഈശോസഭക്കാരായ മെത്രാന്മാർക്കെതിരെ ജനരോഷം വളർത്തിയെടുക്കുന്നതിൽ പുതിയതായി വന്നുചേർന്നസന്യാസസമൂഹങ്ങളും നല്ല പങ്കു വഹിച്ചിട്ടുണ്ട്. 1637ൽ ഗീവറുഗീസ് അക്ദ്യോക്കോൻ അന്തരിച്ചു. പകലോമറ്റം കുടുംബത്തിലെ തോമ്മാക്കത്തനാർ–മുപ്പതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഒരു യുവവൈദികൻ – അക്ദ്യോക്കോനായി നിയമിക്കപ്പെട്ടു. 1641ൽ ഫ്രാൻസീസ് ഗാർസിയാ എന്ന കുടംപിടുത്തക്കാരൻ ആർച്ചുബിഷപ്പായി അവരോധിക്കപ്പെട്ടതോടെ ക്രിസ്ത്യാനികളുടെ അസംതൃപ്തി ഇരട്ടിയായി. വൈദികരോടും അക്ദ്യോക്കോനോടും മര്യാദകെട്ടരീതിയിലാണ് അദ്ദേഹം പെരുമാറിയിരുന്നത്. മലയാളഭാഷപോലും വശമില്ലാതിരുന്ന ഗാർസിയാമെത്രാപ്പോലീത്താക്ക് കേരളീയമായതിനോടെല്ലാം എതിർപ്പായിരുന്നു. സഭാംഗങ്ങളുടെ പ്രവർത്തനങ്ങളെ സംശയബുദ്ധിയോടെയാണ് അദ്ദേഹം വീക്ഷിച്ചിരുന്നത്.

ഗതിമുട്ടിയ മാർത്തോമ്മാക്രിസ്ത്യാനികളും പൗരസ്ത്യദേശത്തുനിന്ന് ഒരു മെത്രാനെ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി. ഇവരു

ടെ അപേക്ഷ സ്വീകരിച്ചിട്ടാണെന്നു തോന്നുന്നു 1652ൽ അഹത്തുള്ളാ എന്നൊരു മെത്രാൻ സൂറത്തുവഴി മൈലാപ്പൂരിൽ എത്തിച്ചേർന്നു. പുതിയ മെത്രാനെ സ്വീകരിക്കുവാൻ മാത്തോമ്മാക്രിസ്ത്യാനികൾ തയ്യാറെടുക്കുന്നതായി വിവരം ലഭിച്ചയുടൻ ഈശോസഭക്കാർ പോർത്തുഗീസുകാരുടെ സഹായത്തോടുകൂടി അഹത്തുള്ളായെ അറസ്റ്റുചെയ്ത് കപ്പൽമാർഗ്ഗം ഗോവയിലേക്കു കൊണ്ടുപോകാൻ തുനിഞ്ഞു. അഹത്തുള്ളായെ കൊണ്ടുപോയിരുന്ന കപ്പൽ കൊച്ചിയിലെത്തിയപ്പോൾ അക്ദ്യാക്കോന്റെ നേതൃത്വത്തിൽ വലിയൊരു സംഘം മാത്തോമ്മാക്രിസ്ത്യാനികൾ അവിടെ എത്തിച്ചേർന്നു. ആയുധധാരികളായി കൊച്ചിയിലെത്തിയ നസ്രാണികൾ പോർത്തുഗീസുകാരുടെ ഉന്നം പിഴയ്ക്കാത്ത പീരങ്കികൾകണ്ട് പിന്മാറേണ്ടിവന്നു. അഹത്തുള്ളായെ ഒരു നോക്കു കാണുവാൻപോലും അവർക്ക് അനുവാദം ലഭിച്ചില്ല. അഹത്തുള്ളായുടെ അധികാരപത്രങ്ങൾ പരിശോധിക്കാനുള്ള അവസരമെങ്കിലും തരണമെന്ന് അക്ദ്യാക്കോൻ അഭ്യർത്ഥിച്ചു. പോർത്തുഗീസുകാർ ഇതൊന്നും ചെവിക്കൊണ്ടില്ല. അഹത്തുള്ളാ സഞ്ചരിച്ചിരുന്ന കപ്പൽ ഉടനടി ഗോവയിലേക്കു പുറപ്പെട്ടു. അഹത്തുള്ളായെ പോർത്തുഗീസുകാർ കടലിൽ മുക്കിക്കൊന്നുവെന്ന് ഒരു ശ്രുതി ജനക്കൂട്ടത്തിൽ പരന്നു. ജനങ്ങൾ ക്ഷുഭിതരായി. അവർ മട്ടാഞ്ചേരിപ്പള്ളിയുടെ മുമ്പിൽ സമ്മേളിച്ച് അവിടെയുണ്ടായിരുന്ന കൂനൻകുരിശിൽ ആലാത്തുകെട്ടി അതിൽപ്പിടിച്ച് ഒരു പ്രതിജ്ഞചെയ്തു. ഇതാണ് പ്രസിദ്ധമായ കൂനൻകുരിശുസത്യം. മേലാൽ ഈശോസഭക്കാരെ അനുസരിക്കുകയില്ല എന്നായിരുന്നു പ്രതിജ്ഞ. (130)

ഇത് നടന്നത് 1653 ജനുവരിമാസം മൂന്നാം തീയതിയാണ്. അമ്പത്തിനാലു വയ്യം, ഉദയമ്പേരൂർ സൂനഹദോസുമുതൽ, അവമാനിതരായി കഴിഞ്ഞുകൂടിയിരുന്ന മാത്തോമ്മാക്രിസ്ത്യാനികൾ വൈദേശികമേല്ക്കോയ്മയെ പരസ്യമായി വെല്ലുവിളിച്ച സംഭവമാണിത്.

---

130. റോമൻ കത്തോലിക്കാസഭയെ അനുസരിക്കുകയില്ല എന്നായിരുന്നു പ്രതിജ്ഞയെന്നു ചുരുക്കം ചില ചരിത്രകാരന്മാർക്ക് അഭിപ്രായമുണ്ട്. നിഷ്പക്ഷമതികളെന്നു കരുതാവുന്ന ചരിത്രകാരന്മാരാരും ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. കൂനൻകുരിശുസത്യത്തിലും തുടർന്നുണ്ടായ കലഹങ്ങളിലും കക്ഷികളല്ലാത്ത പ്രോട്ടസ്റ്റൻറ് മിഷനറിമാർ ഇത് ഈശോസഭക്കാർക്കെതിരെയുള്ള ഒരു നടപടിയായിട്ടാണ് കാണുന്നത്.

'When the St. Thomas Christians knew that Ahattalla was away and they had no chance of rescuing him they were very angry and meeting round the stone cross jin the churchyard at Mattancherri (Koonen Cross) they swore an oath to expel the esuits and to submit to no eclesiastical authority except that of the archdeacon, until they should get a bishop from the Eastern Church' L. W. Brown, p. 100

റോമൻകത്തോലിക്കാമതത്തോടുള്ള പ്രതിഷേധപ്രകടനമായി അതിനെ ചിത്രീകരിക്കുന്നത് ശരിയായിരിക്കുകയില്ല. വിഘടിതരിൽ ബഹുഭൂരിപക്ഷത്തിനും റോമൻ കത്തോലിക്കാസഭയോടായിരുന്നില്ല എതിർപ്പെന്ന് അനന്തരകാലസംഭവങ്ങൾ തെളിയിക്കുകയുണ്ടായി. സി. ബി. ഫിർത്ത് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്:

> 'It was the Jesuits who were the chief objects of the syrians' wrath; the course of events afterwards strongly suggests that the majority of the rebels cherished no deep hostility to the Roman Church as Such, though a minority may have done, having perhaps all along found the regime imposed at Diamper more irksome than the rest' (130 a)

ക്നാൻകുരിശു സത്യത്തിന്റെ വാത്ത കേരളത്തിലുടനീളം പ്രചരിച്ചതോടെ മാത്തോമ്മാക്രിസ്ത്യാനികൾ അക്കാദ്യാക്കോന്റെ നേതൃത്വം അംഗീകരിക്കുകയും ഗാർസിയാമെത്രാപ്പോലീത്തായെ ഉപേക്ഷിക്കുകയുംചെയ്തു. ആകെ നാന്നൂറാളുകൾ മാത്രമാണ് ഗാർസിയായുടെകൂടെ ഉറച്ചുനിന്നതെന്നു ചില ചരിത്രകാരന്മാർ പറയുന്നു. (130b) 1653 മെയ് 22 നു മാത്തോമ്മാക്രിസ്ത്യാനികളുടെ പ്രതിനിധികൾ ആലങ്ങാട്ടു സമ്മേളിച്ച് അക്കാദ്യാക്കോനെ മാർത്തോമ്മാ പ്രഥമൻ എന്ന ഔദ്യോഗികനാമത്തോടുകൂടി മെത്രാപ്പോലീത്തായായി വാഴിച്ചു. ക്രൈസ്തവസഭകളിൽ പൊതുവേയുള്ള പാരമ്പര്യത്തിനു വിരുദ്ധമായ രീതിയിലാണ് ഈ അഭിഷേകം നടന്നത്. ഒരു മെത്രാനു മാത്രമേ മറെറാരു മെത്രാനെ കൈവച്ച് വാഴിക്കാനാവൂ എന്നാണ് ക്രൈസ്തവസഭകളുടെ പാരമ്പര്യം. എന്നാൽ മറെറാരുമെത്രാനെ ലഭിക്കാഞ്ഞതുകൊണ്ടാവണം പന്ത്രണ്ടു വൈദികരുടെ കൈവയ്പോടെ പുതിയ മെനെ വാഴിക്കാൻ മാത്തോമ്മാക്രിസ്ത്യാനികൾ തീരുമാനിച്ചത്. കല്ലിശ്ശേരിക്കാരൻ ഇട്ടിത്തൊമ്മൻ കത്തനാരായിരുന്നു ഈ പദ്ധതിയുടെ സൂത്രധാരൻ

1655ൽ ഏതാനും കർമ്മലീത്താ സന്ന്യാസികൾ മാർപ്പാപ്പായുടെ നിർദ്ദേശമനുസരിച്ച് കേരളത്തിലെത്തിച്ചേർന്നു. അവർ മാത്തോമ്മാക്രിസ്ത്യാനികളുടെ പ്രതിനിധികളുമായി പലവട്ടം ചർച്ചകൾ നട

---

130 a. C. B. Firth, P. 102-103.

130 b. പോർത്തുഗീസുകാർ ഗോവയിലേക്കു കൊണ്ടുപോയ അഹത്തുള്ളായുടെ ഗതി എന്തായി എന്നറിയാൻ വായനക്കാർക്ക് താല്പര്യമുണ്ടായിരിക്കുമല്ലോ. ഗോവയിലെ മതദ്രോഹവിചാരണസമിതി (Inquisition) അഹത്തുള്ളായെ വിചാരണചെയ്ത കറുക്കാരനെന്നുകണ്ട് ലിസ്ബണിലേക്കയച്ചു. അവിടെനിന്ന് ഉപരിവിചാരണക്ക് റോമിലേക്കയച്ചെങ്കിലും മാർഗ്ഗമധ്യേ പാരീസിൽവച്ച് അദ്ദേഹം മരണമടഞ്ഞു. ഗോവയിൽവച്ച് അഹത്തുള്ളായെ ജീവനോടെ ദഹിപ്പിച്ചു എന്നൊരു കഥയുണ്ട്.

ത്തി. ഈശോസഭക്കാരല്ലാത്ത റോമൻ കത്തോലിക്കാവൈദികരോട് മാത്തോമ്മാക്രിസ്ത്യാനികൾക്ക് വിശേഷിച്ചൊരു വൈരവും ഉണ്ടായിരുന്നില്ല. തന്മൂലം കമ്മലീത്താക്കാർക്ക് അനുരഞ്ജകരെന്നമട്ടിൽ സുഗമമായി പ്രവർത്തിക്കാൻ സാധിച്ചു. ഫാദർ ജോസഫ് സെബസ്ത്യാനി എന്ന ഇറ്റലിക്കാരനായിരുന്നു അവരുടെ നേതാവ്. മാത്തോമ്മാമെത്രാന്റെ പദവിക്ക് കോട്ടംതട്ടാത്തനിലയിലുള്ള ഒത്തുതീർപ്പാണ് കേരളക്രിസ്ത്യാനികൾ ആഗ്രഹിച്ചത്. ഇത് സാധ്യമല്ലെന്നുവന്നപ്പോൾ നിരവധി മാത്തോമ്മാക്രിസ്ത്യാനികൾ നിരുപാധികമായി മിഷനറിമാരെ അനുകൂലിച്ചു. ഇതിനിടയിൽ റോമിലേക്കുപോയ ഫാ. ജോസഫ് സെബസ്ത്യാനി 1661ൽ മടങ്ങിവന്നത് മെത്രാനായിട്ടാണ്. മാർപ്പാപ്പായുടെ പ്രത്യേക പ്രതിനിധി എന്ന നിലയിൽ മാത്തോമ്മാക്രിസ്ത്യാനികളെ ഭരിക്കുവാനുള്ള അവകാശവും അദ്ദേഹത്തിനു ലഭിച്ചിരുന്നു. ഇതോടെ കമ്മലീത്താമിഷനറിമാരുടെ ശക്തി വർദ്ധിച്ചു. അവർ വിഘടിതരെ കത്തോലിക്കാസഭയിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ചതുരുപായങ്ങളും പ്രയോഗിച്ചു. അനേകർ ജോസഫ്മെത്രാന്റെ നേതൃത്വം അംഗീകരിച്ച് കത്തോലിക്കാ സഭയിലേക്ക് മടങ്ങി. തോമ്മാമെത്രാനെയും ജോസഫ്മെത്രാനെയും അനുകൂലിക്കുന്നവർ തമ്മിൽ നാട്ടിലുടനീളം സംഘർഷങ്ങളുണ്ടായി. നിയമസമാധാനം പാലിക്കാൻ ചുമതലപ്പെട്ടവർക്ക് ഈ തർക്കത്തിൽ ഇടപെടേണ്ടതായിവന്നു. കൊച്ചിരാജാവ് തൃപ്പൂണിത്തുറയിൽവച്ച് ഇരുകൂട്ടരുടെയും വാദം കേട്ട് ജോസഫ്മെത്രാന് അനുകൂലമായി വിധിയെഴുതി. ജോസഫ്മെത്രാന്റെ പിന്നീടുള്ള മുന്നേറ്റം ത്വരിതഗതിയിലായിരുന്നു. കൊച്ചിയിലെ ഒരു യുവരാജാവിന്റെ സഹായത്തോടുകൂടി അദ്ദേഹം മുളന്തുരുത്തിയിൽ താമസിച്ചിരുന്ന തോമ്മാമെത്രാനെ പിടികൂടുവാൻ വലവീശി. ഇട്ടിത്തൊമ്മൻ കത്തനാരുടെ സാമർത്ഥ്യംകൊണ്ട് തോമ്മാമെത്രാൻ രക്ഷപെട്ടു. ജോസഫ്മെത്രാനു കൈയിൽക്കിട്ടിയത് തോമ്മാമെത്രാന്റെ സ്ഥാനവസ്ത്രങ്ങൾ മാത്രമാണ്. അവ പരസ്യമായി ചുട്ടുകരിച്ച് അദ്ദേഹം സംതൃപ്തിനേടി! നാട്ടരാജാക്കന്മാരെ വശീകരിക്കാൻ ജോസഫ്മെത്രാനുകഴിഞ്ഞു. അദ്ദേഹം അങ്കമാലിപ്പള്ളി രാജാവിൽനിന്നു വിലകൊടുത്തു വാങ്ങി. ലന്തക്കാർ കേരളത്തിൽ ആധിപത്യമുറപ്പിച്ചതോടെ (130c) ഇവിടംവിട്ടു പോകേണ്ടിവന്ന ജോസഫ്മെത്രാൻ ചുരുങ്ങിയകാലംകൊണ്ട് 84 പള്ളികൾ റോമൻസഭയുടെ നിയന്ത്രണത്തിലാക്കി, മുപ്പത്തിരണ്ട് പള്ളികൾമാത്രമാണ് തോമ്മാമെത്രാ

130c. എ. ഡി. 1663ൽ ലന്തക്കാർ കൊച്ചി പിടിച്ചടക്കി.

ന്റെകൂടെ അവശേഷിച്ചത്. (131) അക്കാലംമുതൽ ജോസഫ്മെത്രാന്റെ അനുയായികളും 'പഴയകൂറുകാർ' എന്നും തോമ്മാമെത്രാന്റെ അനുയായികളും 'പുത്തൻകൂറുകാർ എന്നും അറിയപ്പെട്ടു. ബിഷപ്പ് ജോസഫ് കേരളത്തിൽനിന്നു പോകുന്നതിനു തൊട്ടുമുമ്പായി പറമ്പിൽചാണ്ടിത്തക്കനാരെ മെത്രാനായി വാഴിച്ചു. പകലോമറ്റം കുടുംബത്തിലെ അംഗമായിരുന്ന അദ്ദേഹം പഴയകൂറുകാരുടെ സംഖ്യാബലവും കെട്ടുറപ്പും വർദ്ധിപ്പിക്കാൻ പറ്റിയ ആളായിരുന്നു. Alexander De Campo എന്ന ലത്തീനീകരിക്കപ്പെട്ട പേരിലാണ് അദ്ദേഹം പാശ്ചാത്യലോകത്തിൽ അറിയപ്പെട്ടുന്നത്. 1663ൽ മാർ ഗ്രിഗറിയോസ് എന്ന യാക്കോബായ മെത്രാൻ കേരളത്തിലെത്തി പുത്തൻകൂർസമുദായത്തിൽ ഉണർവ്വും ഉന്മേഷവും പകർന്നു. പറമ്പിൽ ചാണ്ടിമെത്രാന്റെ കാലശേഷം വിദേശീയ മെത്രാന്മാർ പഴയകൂറുകാരെ ഭരിക്കാൻ തുടങ്ങി. റോമൻ സഭയുടെ നിയന്ത്രണം കർശനമായി അവർ നടപ്പിലാക്കി. ഇക്കാലത്ത് അന്ത്യോക്ക്യായിലെ യാക്കോബായ പാത്രിയർക്കീസും പുത്തൻകൂർ സമുദായവും ദൃഢമൈത്രിയിലായി. പുത്തൻകൂറുകാരും പഴയകൂറുകാരും തമ്മിലുള്ള വിവാഹബന്ധം നിരോധിക്കപ്പെട്ടു. മതവിശ്വാസങ്ങളിൽ മാത്രമല്ല സാമൂഹികജീവിതശൈലിയിലും അവർ ബഹുദൂരം അകന്നുപോകുന്നതിന് ഏറക്കാലം വേണ്ടിവന്നില്ല. പുത്തൻകൂറുകാർക്ക് പ്രോട്ടസ്റ്റൻറ് മിഷനറിമാരുമായുണ്ടായ സമ്പർക്കം ഒരു നൂതനജീവിതസമ്പ്രദായം കെട്ടിപ്പടുക്കുവാൻ സഹായകമായി. ഇന്ന് ബന്ധസൂചകപദങ്ങളുടെ കാര്യത്തിൽപോലും (Kinship terms) പുത്തൻകൂറുകാരും പഴയകൂറുകാരും തമ്മിൽ അന്തരമുണ്ട്. പുത്തൻകൂറുകാരുടെ 'മാവി' 'മാവൻ' (133) തുടങ്ങിയ ബന്ധുസൂചകപദങ്ങൾ പഴയകൂറുകാർക്ക് തികച്ചും അപരിചിതങ്ങളാണ്. പേരുകളുടെ കാര്യത്തിലും പ്രകടമായ അന്തരമുണ്ടായി. റോമൻകത്തോലിക്കാ സഭയിലെ അംഗീകൃതവിശുദ്ധന്മാരുടെ പാശ്ചാത്യനാമങ്ങൾ പഴയകൂർ സമുദായത്തിൽ പ്രചരിച്ചു. ആൻറണി, സേവ്യർ, സെബാസ്റ്റ്യൻ, ക്ലാര, ഫിലോമിന, ത്രേസ്യാ തുടങ്ങിയ പേരുകൾതന്നെ നല്ല ഉദാഹരണങ്ങൾ. പുത്തൻകൂറുകാർ ബൈബിൾ നാമങ്ങൾ ഉപയോഗിക്കുന്ന പഴയ പതിവ് തുടർന്നുപോന്നു.

---

131. കൂടുതൽ വിവരങ്ങൾക്ക്: Brown P. 107

132. പുത്തൻകൂറുകാർ, പഴയകൂറുകാർ – ഈ പേരുകളാണ് വ്യവഹാരഭാഷയിൽ കാണുന്നത്.

133. മാവി – പിതാവിന്റെ സഹോദരി
മാവൻ – പിതൃസഹോദരിയുടെ ഭർത്താവ്.

കേരളത്തിൽ ആധിപത്യമുറപ്പിച്ച ലന്തക്കാക്ക് മതകാര്യങ്ങളിൽ താല്പര്യമുണ്ടായിരുന്നില്ല. അവരുടെ അനുവാദത്തോടുകൂടിത്തന്നെ കേരളത്തിൽ പ്രവേശിച്ച ആഞ്ചലോ ഫ്രാൻസീസ് എന്ന കത്തോലിക്കാ മെത്രാൻ പുത്തൻകൂറും പഴയകൂറും ഒന്നിപ്പിക്കാൻ ചില ശ്രമങ്ങളും ചെയ്തു. മാർത്തോമ്മാമെത്രാൻ തന്നെ ഇക്കാര്യത്തിലുള്ള താല്പര്യം വ്യക്തമാക്കിക്കൊണ്ട് മാർപ്പാപ്പാക്ക് കത്തുകളെഴുതുകയുണ്ടായി(134). എന്നാൽ ആ ശ്രമം വിജയിച്ചില്ല. ഇക്കാലത്ത് മാർഗബ്രിയേൽ എന്നൊരു നെസ്തോറിയൻ മെത്രാൻ കേരളത്തിലെത്തിച്ചേർന്നു. ചുരുക്കം ചില അനുയായികളെ അദ്ദേഹത്തിനും ലഭിച്ചു. ഇതോടെ മാത്തോമ്മാക്രിസ്ത്യാനികളും മൂന്നു മതവിഭാഗങ്ങളിലായിത്തീർന്നു. മാത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയകാലത്ത് മാത്തോമ്മാക്രിസ്ത്യാനികൾക്ക് ഡെലനോയിയുടെ സഹായംകൊണ്ട് നിരവധി അപത്തുകളിൽനിന്നു രക്ഷപെടാൻ കഴിഞ്ഞു(135). എന്നാൽ ടിപ്പുവിന്റെ ആക്രമണകാലത്ത് നിരവധി ക്രൈസ്തവർ നിഷ്ഠുരമായി വധിക്കപ്പെട്ടു. അനേകം ക്രൈസ്തവദേവാലയങ്ങളും മൈസൂർ സൈന്യം നശിപ്പിച്ചു. അങ്കമാലിയിലെ പുരാതന ദേവാലയവും ഇക്കൂട്ടത്തിൽപ്പെടുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പഴയകൂറുകാരും പുത്തൻകൂറുകാരും തമ്മിൽ ഐക്യമുണ്ടാക്കുന്നതിനു സംഘടിതമായ ഒരു പരിശ്രമം നടക്കുകയുണ്ടായി. പഴയകൂറുകാരെ ഭരിച്ചിരുന്ന കർമ്മലീത്താ മിഷനറിമാർക്ക് ഈ നീക്കം ഹിതകരമായിരുന്നില്ല. കേരള ക്രൈസ്തവരുടെ നിവേദനം റോമിൽ നേരിട്ടു സമർപ്പിക്കുന്നതിനു കരിയാറ്റിൽ മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും പോർത്തുഗൽ വഴി റോമിലേക്കുപോയി. പ്രസിദ്ധമായ വർത്തമാനപ്പുസ്തകത്തിൽ ഈ വൃത്താന്തമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്ലേശകരമായ ഈ യാത്രകൊണ്ടും ഉദ്ദേശിച്ച ഫലമൊന്നും ഉണ്ടായില്ല. കരിയാറ്റിൽ മല്പാൻ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായി നിമിതനായെങ്കിലും അദ്ദേഹം കേരളത്തിലെത്തിച്ചേർന്നില്ല. മാഗ്ദലേന ഗോവയിൽവെച്ച് അദ്ദേഹം അന്തരിച്ചു. പോർത്തുഗീസുകാർ അദ്ദേഹത്തെ കൊലപ്പെടുത്തുകയാണ് ചെയ്തതെന്നു മാത്തോമ്മാക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

---

134. L. W. Brown p. 116

135. മാത്താണ്ഡവർമ്മയുടെ സേനാനായകൻ ഡെലനോയി ബൽജിയംകാരനും കത്തോലിക്കനുമായിരുന്നു.

കൊച്ചിയിലും തിരുവിതാംകൂറിലും ഇംഗ്ലീഷുകാർ ആധിപത്യ മുറപ്പിച്ചതോടെ പുത്തൻക്കൂർ സമുദായത്തിന്റെ ചരിത്രത്തിൽ പുതിയൊരധ്യായം ആരംഭിച്ചു. ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മൺറോ ഈ സമുദായത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിയിൽ അത്യന്ത തല്പരനായിരുന്നു. ക്ലോഡിയസ് ബുക്കാനൻ, ബഞ്ചമിൻ ബെയിലി, ജോസഫ് പീറ്റ് തുടങ്ങിയ പ്രഗല്ഭമിഷനറിമാർ പുത്തൻക്കൂറുകാരുമായി സഹകരിച്ചു പ്രവർത്തിച്ചവരാണ്.

ചർച്ച് മിഷനറി സൊസൈറ്റി (സി. എം. എസ്.) യുടെ സഹകരണത്തോടെ നിരവധി പുരോഗമന സംരംഭങ്ങളും പുത്തൻക്കൂർ സമുദായത്തിലുണ്ടായി. ബൈബിളിനു മലയാളതർജമയുണ്ടായത് പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേരണമൂലമാണ്. 1811ൽ ആദ്യമായി സുവിശേഷങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും സർക്കാർ ഉദ്യോഗങ്ങളിൽ ക്രൈസ്തവർക്ക് അർഹമായ സ്ഥാനങ്ങളും നൽകാൻ ഭരണാധികാരികളെ മൺറോ പ്രേരിപ്പിച്ചു. ക്ഷേത്രകാര്യങ്ങളിൽ ക്രൈസ്തവർക്കുണ്ടായിരുന്ന ചുമതലകളിൽനിന്ന് അവരെ വിമോചിപ്പിച്ചതും മൺറോ തന്നെ. പുത്തൻക്കൂറുകാരായ വൈദികർ വിവാഹം കഴിക്കുന്ന സമ്പ്രദായം സാധാരണമായത് ഇക്കാലത്താണ് (135). സി.എം.എസ്. മിഷനറിമാർ പുത്തൻക്കൂറുകാരുടെ ദേവാലയങ്ങളിൽ പ്രസംഗിക്കുന്ന പതിവ് മതവിശ്വാസത്തിൽ ഒരു നവോത്ഥാനത്തിനു വഴിതെളിച്ചു. പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ സഹായത്തോടെ കോട്ടയത്താരംഭിച്ച സെമിനാരി ആധുനിക ചിന്താഗതികളും വളർത്തിയെടുത്തു. എന്നാൽ പ്രോട്ടസ്റ്റന്റു മിഷനറിമാരുടെ ഉൽപതിഷ്ണുത്വവും പുത്തൻക്കൂറുകാരുടെ യാഥാസ്ഥിതിക സ്വഭാവവും പൊരുത്തപ്പെട്ടുപോകയില്ലെന്ന് അചിരേണ രണ്ടുകൂട്ടർക്കും ബോധ്യമായി. അതോടെ അവർ തമ്മിലുണ്ടായിരുന്ന ബന്ധം ഔപചാരികമായി അവസാനിച്ചു(136). സി. എം. എസ്. മിഷനറിമാരിൽനിന്ന് പ്രചോദനമുൾക്കൊണ്ട

---

135. വിവാഹിതരാകുന്ന വൈദികർക്ക് സാമ്പത്തിക സഹായം നൽകാൻ കേണൽ മൺറോ തയ്യാറായിരുന്നു. വിവാഹം ചെയ്യുന്ന ആദ്യത്തെ വൈദികനു പ്രോത്സാഹന സമ്മാനമായി 400 രൂപാ അദ്ദേഹം വാഗ്ദാനം ചെയ്തു.
Brown p. 133.

136. 1836ലെ മാവേലിക്കര സുനഹദോസ് സി. എം. എസ്. മിഷനറിമാർ നിർദ്ദേശിച്ചിരുന്ന പരിഷ്കാരങ്ങളും നിരാകരിച്ചതോടെയാണ് ഈ ബന്ധം അവസാനിച്ചത്.

ഏതാനും പുത്തൻകൂറുകാർ പ്രോട്ടസ്റ്റന്റ് സഭയിൽ അംഗങ്ങളായി ചേർന്നു. അവരുടെ പിൻഗാമികളും സി. എസ്. ഐ. സഭയിലെ അംഗങ്ങളാണ്. കോട്ടയം സെമിനാരിയിലെ സുറിയാനി പ്രഫസറും മാരാമൺ പള്ളി വികാരിയുമായിരുന്ന എബ്രഹാം മല്പാന്റെ നേതൃത്വത്തിൽ മറെറാരു വിഭാഗം ആളുകളും പരിവർത്തനോത്സുകരായി പുത്തൻകൂർ സമുദായത്തിലുണ്ടായിരുന്നു. ഇവരാണ് പിൽക്കാലത്ത് 'മാത്തോമ്മാസുറിയാനിസഭ'ക്ക് ജന്മം നൽകിയത്. യാക്കോബായ അഥവാ ഓത്തഡോക്സ് സഭയിൽനിന്നുകൊണ്ടുതന്നെ പരിവർത്തനങ്ങളും സൃഷ്ടിക്കണമെന്നായിരുന്നു എബ്രഹാം മല്പാന്റെ ആഗ്രഹം. പക്ഷേ അത് സഫലമായില്ല. പരിവർത്തനാഭിലാഷം വേർപെട്ട് പോരേണ്ടതായിത്തന്നെ വന്നു(137). യാക്കോബായ അഥവാ ഓത്തഡോക്സ് സഭയിൽ വീണ്ടും രണ്ടു വിഭാഗങ്ങളും തലയുയർത്തിയിട്ടുണ്ട്. അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസിനു കേരളസഭയുടെ മേലുള്ള അധികാരത്തെച്ചൊല്ലിയാണ് ഇപ്പോഴത്തെ കലഹം. കഴിഞ്ഞ രണ്ടു നൂറാണ്ടുകൾക്കിടയിൽ പുത്തൻകൂർ സമുദായത്തിലുണ്ടായ വിഭജനങ്ങളും നിരവധിയാണ്. അവയിൽ ചിലതുമാത്രമാണ് മുകളിൽ വിവരിച്ചത്. 1930ൽ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പതിനായിരത്തോളം പുത്തൻകൂറുകാർ ആരാധനക്രമവും പാരമ്പര്യങ്ങളും നിത്തിക്കൊണ്ട് റോമൻ കത്തോലിക്കാസഭയിൽ ചേർന്നു. ഇവർ മലങ്കരസുറിയാനിക്കത്തോലിക്കർ എന്ന പേരിലാണ് അറിയപ്പെടുക. 1960ൽ മാത്തോമ്മാ സുറിയാനിസഭയിലെ ഒരു വിഭാഗം ആളുകളും പുതിയൊരുസഭക്ക് രൂപം കൊടുത്തു. അതാണ് സെൻറ് തോമസ് ഇവാൻജലിക്കൽ സഭ.

പഴയകൂർ സമുദായത്തിൽ എടുത്തു പറയത്തക്ക ഭിന്നതകളൊന്നും ഉണ്ടായിട്ടില്ല. റോമൻസഭയുടെ കർശനമായ അച്ചടക്കനിയമത്തിനു വിധേയരായി അവർ കഴിഞ്ഞുകൂടുകയായിരുന്നു. മാത്തോമ്മാകത്തോലിക്കരും ലത്തീൻ കത്തോലിക്കരും ഒരു ഭരണത്തിൽ കീഴിൽ വളരെക്കാലംകഴിഞ്ഞുകൂടിയെങ്കിലും അവർ ഒരൊറ്റ സമുദായമായി പരിണമിച്ചില്ല. മാത്തോമ്മാക്രിസ്ത്യാനികളും വിദേശമിഷനറിമാരുടെ മേൽക്കോയ്മ വലിച്ചെറിയാൻ അവസരം പാർത്തുകഴിയുകയായിരുന്നു. ആരാധനക്രമത്തിലും മതപാരമ്പര്യത്തിലും അവർ തമ്മിൽ അന്തരമുണ്ടായിരുന്നു. സർവ്വോപരി ജാതിചിന്തയാണ് ആ രണ്ടു സമുദായങ്ങ

---

137. 1889ൽ ഈ വിഭജനം പൂർണ്ണമായി.

ളെയും വേർതിരിച്ചു നിർത്തിയിരുന്നത്. 1887ൽ മാർത്തോമ്മാക്രിസ്ത്യാനികൾക്കു മാത്രമായി മെത്രാന്മാരുണ്ടായി. സ്വന്തം ജാതിക്കാരും റീത്തുകാരുമായ മെത്രാന്മാരുണ്ടായതു 1896ലാണ്. ഭാരതീയസാഹചര്യങ്ങളുമായി അനുരൂപപ്പെടുവാനുള്ള തീവ്രശ്രമം ഇന്ന് എല്ലാ മണ്ഡലങ്ങളിലും കാണാവുന്നതാണ്. എങ്കിലും നൂറ്റാണ്ടുകളായി നിലനിന്നിരുന്ന വൈദേശികാധിപത്യം സൃഷ്ടിച്ച വിലക്ഷണതകളിൽ നിന്നു മോചനംനേടാൻ ഇനിയും ഏറെക്കാലം വേണ്ടിവരും.

V

ക്രൈസ്തവർ കേരളസമുദായത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന അവരുടെ വിദ്യാശാലകളാണ്. വിദേശമിഷനറിമാരാണ് ഈ രംഗത്തേക്ക് ക്രൈസ്തവരുടെ ശ്രദ്ധ ആകർഷിച്ചതു. പ്രാഥമിക വിദ്യാലയങ്ങളും മുതൽ ഉന്നതവിദ്യാശാലകളും വരെയുള്ള സ്ഥാപനങ്ങളും നിർമ്മിക്കാൻ വിദേശമിഷനറിമാർ നൽകിയ പ്രചോദനവും മാതൃകയും അവിസ്മരണീയം തന്നെ. ഉന്നത വിദ്യാഭ്യാസരംഗത്തു ആദ്യമായി പ്രവേശിച്ചതു പ്രോട്ടസ്റ്റൻറ് മിഷനറിമാരാണ്. അവരുടെ നേതൃത്വത്തിലുണ്ടായ കോട്ടയം സി. എം. എസ്. കോളജ് മാർത്തോമ്മാക്രിസ്ത്യാനികളുടെ സാംസ്കാരിക പുരോഗതിയെ ഗണ്യമായി സഹായിച്ചിട്ടുണ്ട്. ആലുവാ യു. സി. കോളജും മിഷനറിമാരുടെ സഹായത്തോടെ തലയുയർത്തിയ സ്ഥാപനമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാത്രമാണ് റോമൻ കത്തോലിക്കരായ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തു താല്പര്യമുദിച്ചതു. അവരുടെ ആദ്യകാലത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് തൃശ്ശൂർ സെൻറ് തോമസ് കോളജും, ചങ്ങനാശേരി സെൻറ് ബർക്കുമാൻസ് കോളജും. പിന്നീടു കന്യകാലയങ്ങളുടെയും സന്ന്യാസ സമൂഹങ്ങളുടെയും രൂപതകളുടെയും ഇടവകകളുടെയും നേതൃത്വത്തിൽ നിരവധി വിദ്യാശാലകളുണ്ടായി. ഇന്ത്യയിലെ ഏറ്റവുമധികം സാക്ഷരതയുള്ള സംസ്ഥാനമായി കേരളത്തെ വളർത്തിയെടുത്തതിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് നല്ലൊരു പങ്കുണ്ട്. വർണ്ണവർഗ്ഗഭേദമെന്യേ എല്ലാവരെയും സ്വീകരിക്കാൻ തയ്യാറായ ഈ വിദ്യാശാലകൾ അവർണ്ണരുടെ വിദ്യാഭ്യാസ പുരോഗതിയിലും സാരമായ പങ്കുവഹിച്ചു. ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രയോജനങ്ങൾ ആദ്യമായി നേടിയെടുത്തതു പുത്തൻകൂർ സമുദായക്കാരാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും പ്രോട്ടസ്റ്റൻറ് മിഷനറിമാരുടെ സ്ഥാപനങ്ങളോടും കത്തോലിക്കാ മിഷനറിമാർക്ക് എതിർപ്പുണ്ടായിരുന്നതുകൊണ്ടാണ് ആദ്യകാലത്തുതന്നെ ഈരംഗത്തു നിലയുറപ്പിക്കാൻ

കത്തോലിക്കർക്ക് കഴിയാതെ പോയത്. പ്രവർത്തനശൈലിയിൽ പ്രോട്ടസ്റ്റൻറ് മിഷനറിമാരുടെ സ്ഥാപനങ്ങളും കത്തോലിക്കരുടെ സ്ഥാപനങ്ങളും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു; ഇന്നും ആ അന്തരം നിലനിൽക്കുന്നു. ഉദാഹരണത്തിനു സഹവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിൽ വിശ്വസിക്കുന്നവരായിരുന്നു പ്രോട്ടസ്റ്റൻറ് മിഷനറിമാർ. കത്തോലിക്കരാകട്ടെ കന്യകാലയങ്ങളോടനുബന്ധിച്ച് ബാലികമാർക്കും യുവതികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിലാണ് താല്പര്യം പ്രകടിപ്പിച്ചിരുന്നത്. വളരെ അത്യാവശ്യമായ സാഹചര്യങ്ങളിൽമാത്രം സഹവിദ്യാഭ്യാസം അനുവദിച്ചിരുന്നു. പുത്തൻകൂർ സമുദായത്തിലും പഴയകൂർ സമുദായത്തിലുമുള്ള സ്ത്രീകളുടെ പദവിയെയും സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയും പ്രസ്തുത സ്ഥാപനങ്ങൾ സ്വാധീനിച്ചിട്ടുണ്ടെന്നത് തീർച്ച.

മാത്തോമ്മാക്രിസ്ത്യാനികളുടെ സമൂഹത്തിൽ സ്ത്രീകൾക്കുള്ള പദവിയെക്കുറിച്ച് അല്പമായിട്ടെങ്കിലും ചിലത് പറയേണ്ടിയിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിലെ ക്രൈസ്തവ സമുദായത്തിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനമെന്തായിരുന്നു എന്ന് മനസിലാക്കുന്നതിന് നിർവധി വിവരണങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. അവയിലെല്ലാം നസ്രാണിസ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെ സവിശേഷമായി പ്രശംസിച്ചിട്ടുണ്ട്. അവർ വേഷത്തിൽ അടക്കവും ഒതുക്കവും പാലിച്ചിരുന്നു. നമ്പൂതിരി സമുദായക്കാരെപ്പോലെതന്നെ ക്രൈസ്തവ സമുദായക്കാരും സ്ത്രീകളെ 'വിലപ്പെട്ട സ്വകാര്യസ്വത്തായിട്ടാണ്' പരിഗണിച്ചതെന്ന് ഊഹിക്കുന്നതിനു ന്യായങ്ങളുണ്ട്. ഓലക്കുടചൂടി മുഖംമറച്ച് നടക്കുന്ന നസ്രാണി സ്ത്രീകൾ ചുരുക്കം ചില പ്രദേശങ്ങളിലെങ്കിലും ഉണ്ടായിരുന്നു. സ്ത്രീപുരുഷസമത്വം അംഗീകരിക്കപ്പെട്ടിരുന്നില്ല. സാമൂഹ്യജീവിതത്തിൽ സ്ത്രീകൾക്ക് സാരമായ പങ്കുണ്ടായിരുന്നില്ല. എങ്കിലും അതിസാഹസികരായ ചില സ്ത്രീകൾ അക്കാലത്തും ഉണ്ടായിരുന്നു. അവരിൽ ഒരാൾ അങ്കമാലി അരമനക്കച്ചേരിയിൽ ഹാജരായി സ്വന്തം കേസ് വിശദീകരിച്ചുകൊണ്ട് മൂന്നുദിവസം വാദിക്കുകയുണ്ടായി(138).

വനിതാവിദ്യാഭ്യാസത്തിലുണ്ടായ പുരോഗതി ചുരുക്കം ചില സ്ത്രീകളുടെയെങ്കിലും വിമോചനത്തിനു വഴിതെളിച്ചിട്ടുണ്ട്. സാമ്പത്തിക സ്വാതന്ത്ര്യം മറെറല്ലാ സ്വാതന്ത്ര്യങ്ങൾക്കും വഴിയൊരുക്കുന്ന

---

138. അനുബന്ധം II കാണുക.

രംഗമാണ്. ഇവരുടെ കാര്യത്തിൽ പ്രകടമാകുന്നത്. ക്രൈസ്തവ വനിതകളെ തൊഴിൽ അന്വേഷിച്ച് വിദേശങ്ങളിലേക്കു പോകുന്നത് ഇന്നൊരു നിത്യദൃശ്യമാണ്. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഭാരതത്തിനുള്ളിൽ വനിതകൾക്കുള്ള തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടുണ്ടല്ലോ. ഈ പുതിയ കാലാവസ്ഥയിൽ വിദ്യാസമ്പന്നരായ നിരവധി നസ്രാണിസ്ത്രീകൾ സാമ്പത്തികസ്വാതന്ത്ര്യം നേടിയെടുത്തിരിക്കുന്നു.

അച്ചടി, പത്രപ്രവർത്തനം, നിഘണ്ടുനിർമ്മാണം, വ്യാകരണരചന എന്നിവയിൽ ക്രൈസ്തവ മിഷനറിമാർക്കുണ്ടായിരുന്ന താല്പര്യം സുവിദിതമാണല്ലൊ. ഇവരിൽനിന്നു നിരവധി മിശ്രോമ്മാക്രിസ്ത്യാനികൾ പ്രചോദനം ഉൾക്കൊള്ളുകയുണ്ടായി. കേരളത്തിലെ ഏറ്റവും പഴക്കംചെന്ന രണ്ടു പത്രങ്ങളാണല്ലൊ മലയാള മനോരമയും (നസ്രാണി) ദീപികയും. വിജ്ഞാനവിതരണ രംഗത്ത് മാർത്തോമ്മാക്രിസ്ത്യാനികൾ കൈവരിച്ച നേട്ടങ്ങൾക്ക് അവമതിയായ തെളിവുകളാണ്. റവ. ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണവും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപ്പുസ്തകവും ഭാഷാസാഹിത്യമണ്ഡലങ്ങളിൽ മാർത്തോമ്മാക്രിസ്ത്യാനികൾ വഹിച്ച പങ്കിന് ഉത്തമനിദർശനങ്ങളത്രെ. പഴയകാലത്ത് ദേവാലയങ്ങളിൽ ആലപിച്ചിരുന്നത് ഏറിയകൂറും സുറിയാനി ഗീതങ്ങളായിരുന്നു. കേരളത്തിന്റെ സംഗീതശൈലികൾ ഇന്നു ദേവാലയങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പോർത്തുഗീസുകാരുടെ കാലം മുതൽ പാശ്ചാത്യസമ്പ്രദായത്തിലുള്ള സംഗീതവും കേരളക്രിസ്ത്യാനികൾക്കിടയിൽ പ്രചരിച്ചിരുന്നു.

വാസ്തുശില്പത്തിന്റെ കാര്യത്തിൽ നിരവധി വൈദേശിക ശൈലികൾ കേരളത്തിൽ പ്രചരിപ്പിച്ചത് ക്രിസ്ത്യാനികളാണ്. ഇന്നു കേരളത്തിലുള്ള ദേവാലയങ്ങളിൽ ഏറിയകൂറും പതിനാറാം നൂറ്റാണ്ടിലോ അതിനുശേഷമോ ഉണ്ടായിട്ടുള്ളവയാണ്. അതുവരെ കേരളത്തിൽ പ്രചാരത്തിലിരുന്നത് പേർഷ്യൻ ശില്പനിർമ്മാണ ശൈലിയായിരുന്നുവെന്നു കരുതാം. പേർഷ്യയിൽനിന്നുള്ള കുടിയേറ്റക്കാരിലൂടെയാവണം അത് കേരളത്തിലെത്തിച്ചേർന്നത്. പിന്നീടിങ്ങോട്ട് പോർത്തുഗീസ്, ഇംഗ്ലീഷ് സ്റ്റൈലുകൾ പ്രചാരത്തിലായി. വളരെ അടുത്തകാലത്തായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മാതൃകകൾ ഉപയോഗിച്ച് ദേവാലയങ്ങൾ നിർമ്മിക്കുന്ന പതിവ് ഉണ്ടായിരിക്കുന്നു. ക്ഷേത്രങ്ങളുടെ മാതൃകയിൽദേവാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള കൗതുകം വിരളമായിട്ടെങ്കിലും ഇന്നും കാണാവുന്നതാണ്. കല്ലു

പ്പാറയിലെ പുരാതന ദേവാലയത്തിനും കൊടുങ്ങല്ലൂരിലെ ഭഗവതി ക്ഷേത്രത്തിനും പലകാര്യങ്ങളിലും സാദൃശ്യം കാണുന്നുണ്ടെന്നു. ചുവർ ചിത്രങ്ങളുടെ കാര്യത്തിൽ ക്രൈസ്തവ ദേവാലയങ്ങളും പിന്നിലല്ല. ഇടമറുക് ഇങ്ങനെ എഴുതുന്നു:

> 'ചേപ്പാട്ടുപള്ളിയിലെ ചുമരുകളിൽ ക്രിസ്തുവിന്റെ ജീവിതത്തിലെ ചില രംഗങ്ങളെയാണ് ഗ്രാമീണ കലാശൈലിയിൽ ആലേഖനം ചെയ്തിട്ടുള്ളത്. ടിപ്പു സുൽത്താന്റെ പട്ടാളവുമായി ഇ ഗ്ലീഷ് സൈന്യവും ഡിലനായിയുടെ നേതൃത്വത്തിലുള്ള സൈന്യവും ഏറ്റുമുട്ടുന്ന ചില രംഗങ്ങളാണ് കുഞ്ഞൂർ പള്ളിയിലെ ചുമർചിത്രങ്ങളിലെ പ്രതിപാദ്യവിഷയം. ചരിത്രപ്രധാനമായ യഥാർത്ഥ സംഭവങ്ങളെയാണ് ഈ പഴയപള്ളിയിലെ ചുമർചിത്രങ്ങളും വരയിലും വർണ്ണത്തിലും പ്രകീർത്തിക്കുന്നത്. കേരളീയകലയിലെ ഒറപ്പെട്ടതും ചരിത്രം രേഖപ്പെടുത്തുന്നതും ആയ ഒരു വ്യതിചലനമെന്ന നിലയ്ക്ക് ഈ ആലേഖ്യങ്ങളും പ്രാധാന്യമർഹിക്കുന്നു'(139)

ഇറാലിയൻ ചിത്രകലയുടെ സ്വാധീനത്തിലുണ്ടായ നിരവധി ചുമർ ചിത്രങ്ങളും റോമൻ കത്തോലിക്കാദേവാലയങ്ങളിൽ കാണാവുന്നതാണ്(140)

സാമ്പത്തികരംഗത്ത് മാത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായ വളർച്ചയെക്കുറിച്ചുകൂടി ഈ ഘട്ടത്തിൽ പറയേണ്ടിയിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിലെ മാത്തോമ്മാക്രിസ്ത്യാനികളിൽ ഏറിയ പങ്കും വാണിജ്യരംഗത്താണ് പ്രവർത്തിച്ചിരുന്നതെന്ന് ഗ്രുവയാ രേഖപ്പെടുത്തിയിട്ടുണ്ട്. കുരുമുളക്, കൊപ്രാ എന്നിവയുടെ കയറ്റുമതിയിലായിരുന്നു അവർക്കു താൽപര്യം(141). പിന്നീട് ക്രൈസ്തവർ കാഷ്ടികകാര്യങ്ങളിൽ കൂടുതൽ താൽപര്യം പ്രദർശിപ്പിച്ചുതുടങ്ങി. തുടർന്ന് തിരുവിതാംകൂറിലെ ക്രൈസ്തവർക്കുണ്ടായ പുരോഗതി സി. നാരായണപിള്ളയുടെ തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രത്തിൽ വിശദമാക്കിയിട്ടുണ്ട്. പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കാം.

> 'തിരുവിതാംകൂറിലെന്നല്ല, ഇൻഡ്യയൊട്ടുക്കുതന്നെ കൃസ്ത്യാനികൾ ഒരു ചെറിയ ന്യൂനപക്ഷമാണ്. ജനസംഖ്യകൊണ്ട് പൊതുജീവിതത്തിൽ എന്തെങ്കിലും സ്വാധീനശക്തി ചെലുത്തുവാൻ അവർക്കു കഴിവുള്ള ഏക സംസ്ഥാനം തിരുവിതാംകൂറായിരുന്നു. ഇന്നും അതങ്ങനെതന്നെയാണ്. സംസ്ഥാന തലത്തിലായാലും അഖിലേന്ത്യാ തലത്തി

---

139. കേരളസംസ്കാരം, പുറം 685–686.

140. കൂടുതൽ വിവരങ്ങൾക്ക്: The St. Thomas Christian Encyclopaedia of India, Vol II, Edited by George Menachery, Trichur-1, 1973.

141. അനുബന്ധം II കാണുക.

ലായാലും, ഒരു ന്യൂനപക്ഷം മാത്രമായ ക്രൈസ്തവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി എപ്പോഴും മതപരമായി സംഘടിച്ചുനിന്ന വർഗ്ഗീയമായ അവകാശവാദങ്ങളുന്നയിക്കുന്നതവിവേകമാണെങ്കിലും, അതിലസ്വാഭാവികമായി ഒന്നുംതന്നെയില്ല. ദേശീയ വീക്ഷണമോ. സാമ്പത്തികമായ ചേരിതിരിവുകളോ അറിയപ്പെട്ടിരുന്നില്ലാത്തൊരു കാലഘട്ടത്തിൽ, ക്രൈസ്തവരെല്ലാ പ്രശ്നങ്ങളെസംബന്ധിച്ചും ഏകാഭിപ്രായത്തോടുകൂടിയും, സംഘടിതമായും പ്രവർത്തിച്ചിരുന്ന ഒരു പാരമ്പര്യമാണ് നിലവിലുണ്ടായിരുന്നത്. ഇന്നും അവരുടെ വീക്ഷണകോടിയിൽ പരിവർത്തനാത്മകങ്ങളായ മാറ്റങ്ങളധികമൊന്നും തന്നെ സംഭവിച്ചിട്ടില്ല. പരിശ്രമശീലരും, ബുദ്ധിസമ്പന്നരും, വ്യാവസായികവും കാർഷികവുമായ കാര്യങ്ങളിൽ അതിവേഗത്തിലുയർന്നുകൊണ്ടിരുന്നവരുമായ ക്രൈസ്തവർ, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും വളരെയൊക്കെ പുരോഗമിച്ചിരുന്നു. മിഷ്യനറിമാരാണ് ആദ്യകാലത്ത വിദ്യാഭ്യാസരംഗത്ത, തിരുവിതാംകൂറിനു വൻപിച്ച നേട്ടങ്ങളുണ്ടാക്കിയത്. അതുകൊണ്ടു തന്നെ ഹിന്ദുമതത്തിലെ അവശസമുദായങ്ങൾ, വിദ്യാലയപ്രവേശനം പോലും ലഭിക്കാതെ, അലഞ്ഞുതിരിയുമ്പോൾ തിരുവിതാംകൂറിലെ ക്രൈസ്തവർക്ക്, വിദ്യാഭ്യാസപരമായി വളരെ ആനുകൂല്യങ്ങളും, സഹായങ്ങളും, സൗകര്യങ്ങളും, ലഭിച്ചിരുന്നു. തിരുവിതാംകൂറിലെ ഹിന്ദുരാജാക്കന്മാർ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അനുഗ്രഹവും പിന്തുണയുമുള്ള, ക്രൈസ്തവരോട് വിവേചനപൂർവ്വം, പെരുമാറുവാൻ ധൈര്യപ്പെട്ടിരുന്നില്ലെങ്കിലും, സർക്കാർ സർവ്വീസിലും ഗവർണ്മെൻറാനുകൂല്യങ്ങളുള്ള മറ്റു രംഗങ്ങളിലും, ബ്രാഹ്മണർക്കും നായന്മാർക്കുമുണ്ടായിരുന്ന പ്രാബല്യം ക്രൈസ്തവർക്കുണ്ടായിരുന്നില്ല. അതൊരുപക്ഷേ ക്രൈസ്തവർക്ക്, ഒരനുഗ്രഹവുമായിരുന്നു. കാട്ടും, മേട്ടും, വെട്ടിതെളിച്ചും, ദുഷ്ടമൃഗങ്ങളോട് യുദ്ധംചെയ്തും, മലമ്പനി മുതലായ രോഗങ്ങളോട് മല്ലിട്ടും, വിദ്യാലയങ്ങൾ വർദ്ധിപ്പിച്ച രാജ്യത്തെ സമ്പൽസമൃദ്ധമാക്കുവാനും, സ്വയം സാമ്പത്തികമായി ഉന്നമിക്കുവാനും അവർക്കു കഴിഞ്ഞിരുന്നു. സർക്കാർസർവ്വീസിലെ ശിപായിമാരുടേയും, ഡെഫേദാർന്മാരുടെയും ജോലികൾകൊണ്ട്, നായന്മാർ തൃപ്തിപ്പെടുകയും, ആ നിലയിൽ ക്രമേണ അധഃപതിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ക്രൈസ്തവർ സാമ്പത്തികമായി ഉയരുകയും, സംസ്ഥാനത്തെ സാമ്പത്തികരംഗങ്ങളിൽ നിർണ്ണായകമായ ഒരു ശക്തിയായിത്തീരുകയും ചെയ്തു'(142).

ആഗോളതലത്തിൽ തന്നെ ക്രൈസ്തവർ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നവരാണ്. കേരള ക്രിസ്ത്യാനികളും ഇതിനൊരപവാദമല്ല. ക്രിസ്തുവിന്റെ പഠനങ്ങളിൽനിന്നും ബുദ്ധമത പാരമ്പര്യങ്ങളിൽനിന്നും പ്രചോദനമുൾക്കൊണ്ട മാർത്തോമ്മാക്രിസ്ത്യാനികളുടെ പതിനാറാം നൂറ്റാണ്ടുവരെയുള്ള ജീവകാരുണ്യപ്രവ

142. സി. നാരായണപിള്ള, തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം, ഫാർവേഡ് പബ്ലിക്കേഷൻസ് തിരുവനന്തപുരം, 1972, പുറം 17-18.

ത്തനങ്ങളെക്കുറിച്ച് നമുക്കു കാര്യമായ അറിവൊന്നുമില്ല. പാശ്ചാത്യമിഷനറിമാരിൽനിന്നു ഉന്മേഷമാർജിച്ച് കേരളക്രൈസ്തവർ ഈ രംഗത്തു ചെയ്തിട്ടുള്ള സേവനങ്ങളും അവസ്മരണീയങ്ങളാണ്. ഉദയമ്പേരൂർ സൂനഹദോസിന്റെ തീരുമാനമനുസരിച്ച് കേരളത്തിലാരംഭിച്ച അനാഥാലയങ്ങളും പിൽക്കാലത്തും ക്രൈസ്തവരുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഒരു പ്രധാനപ്പെട്ട ഇനമായിരുന്നു. ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നതിനു മുന്നിട്ടിറങ്ങിയ ക്രൈസ്തവർ വിദേശസഹായത്തോടുകൂടി നാടിന്റെ നാനാ ഭാഗങ്ങളിൽ സ്ഥാപിച്ച രോഗിശുശ്രൂഷാകേന്ദ്രങ്ങളും പാശ്ചാത്യ ചികിത്സാസമ്പ്രദായങ്ങളും പ്രചരിപ്പിക്കുന്നതിൽ നല്ല പങ്കു വഹിച്ചിട്ടുണ്ട്. അർപ്പണമനോഭാവത്തോടുകൂടി ഈ രംഗത്ത് പ്രവർത്തിക്കുന്ന കന്യാസ്ത്രീകളും രോഗികളെ ശുശ്രൂഷിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധാകാന്തിയാണ് ഇന്ന് ഇത്തരം സ്ഥാപനങ്ങൾക്ക് അന്യാദൃശമായ ഒരു വ്യക്തിത്വം നൽകുന്നത്. കുഷ്ഠരോഗികളും, വികലാംഗർ, മന്ദബുദ്ധികളും എന്നിങ്ങനെയുള്ള നിർഭാഗ്യക്കുവേണ്ടി നടത്തപ്പെടുന്ന സ്ഥാപനങ്ങളും മതതീക്ഷ്ണതയിൽ നിന്നുദിക്കുന്ന സേവനമനോഭാവത്തിന്റെ കമ്മരംഗങ്ങളാണ്. ക്രൈസ്തവസഭകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ശുഭഭാവങ്ങളിൽ അടുത്തകാലത്ത് ചില പരിവർത്തനങ്ങളും സംഭവിച്ചിട്ടുണ്ട്. ദുർബലവിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിവും ആത്മവിശ്വാസവും പകർന്നുകൊടുക്കാനാണ് ഇന്ന് ഇത്തരം സ്ഥാപനങ്ങൾ ശ്രമിക്കുന്നത്. ദരിദ്രവിഭാഗങ്ങൾക്കുവേണ്ടിയുള്ള പാർപ്പിടനിർമ്മാണസംരംഭങ്ങളിൽ ക്രൈസ്തവസമുദായങ്ങളും മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. മതവികാരങ്ങളും മനുഷ്യന്റെ സാമൂഹ്യസാമ്പത്തിക പുരോഗതിക്കു പ്രയോജനകരമായി വിനിയോഗിക്കാൻ കഴിയും എന്നതിനു ഈദൃശ പ്രവർത്തനങ്ങളും ഉത്തമ ദൃഷ്ടാന്തങ്ങളത്രെ.

വിദേശമിഷനറിമാരുടെ പ്രവർത്തനഫലമായി കേരളക്രൈസ്തവസമുദായത്തിന്റെ വർഗ്ഗസ്വഭാവത്തിലുണ്ടായ പരിണാമം ശ്രദ്ധേയമാണ്. പോർത്തുഗീസുകാരുടെ ആഗമനകാലത്ത് ഉന്നതജാതിക്കാരെ മാത്രമാണ് ക്രിസ്തുമാർഗ്ഗത്തിൽ ചേർത്തിരുന്നത്. വിദേശമിഷനറിമാർ നിരവധി അവർണ്ണരെ ക്രിസ്തുമാർഗ്ഗത്തിലേക്കു സ്വീകരിച്ചു. വിശുദ്ധ ഫ്രാൻസീസ് സേവ്യർ ഈ രംഗത്തനുഷ്ഠിച്ച സേവനങ്ങളും അവിസ്മരണീയങ്ങളാണ്. ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽവന്ന സി. എം. എസ്. മിഷനറിമാർ മധ്യകേരളത്തിലും എൽ. എം. എസ്. മിഷനറിമാർ ദക്ഷിണകേരളത്തിലും ബാസൽ മിഷനിലെ അംഗങ്ങളും ഉത്തരകേരളത്തിലും മതപ്രചാരണം നടത്തുകയും നി

രവധി അവർണ്ണരെ ക്രിസ്തുമതത്തിലേക്കാനയിക്കുകയും ചെയ്തു. സഭാ ഹത്തിന്റെ അധസ്തലങ്ങളിൽനിന്നു ക്രൈസ്തവസഭകളിലേക്കു കടന്നു വന്ന ഇവർക്ക് വിദ്യാഭ്യാസസാംസ്കാരിക രംഗങ്ങളിൽ ഗണ്യമായ പുരോഗതി സിദ്ധിച്ചിട്ടുണ്ട്. ആധുനികകാലത്ത് മാത്തോമ്മാക്രിസ്ത്യാനികളുടെ പുരോഹിതന്മാരും മിഷനറിസംഘടനകളും മതപ്രചാരണ രംഗത്തേക്കു കടന്നു വന്നിരിക്കുന്നു(143). കേരളത്തിനുള്ളിൽ മാത്രമല്ല ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലും നിരവധി മാർത്തോമ്മാക്രിസ്ത്യാനികളും മിഷനറി പ്രവർത്തനം നടത്തുന്നുണ്ട്. നവാഗതരുടെ ആധ്യാത്മികവും ഭൗതികവുമായ ഉൽക്കർഷത്തിനുള്ള നിരവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവരെ സമ്പൂർണ്ണമായി സമുദായഗാത്രത്തിൽ ഉൾക്കൊള്ളുന്ന കാര്യത്തിൽ സാരമായ പുരോഗതി ഉണ്ടായിട്ടില്ല. സൂക്ഷ്മമായാലോചിച്ചാൽ ഇത്തരമൊരു സമ്പൂർണ്ണ സമീകരണം ഇന്നത്തെ സാമൂഹ്യസാമ്പത്തിക ചുറുപാടുകളിൽ അസാധ്യമാണെന്നു തന്നെ പറയണം. വർഗ്ഗീയതയും ജാതിചിന്തയും ഇല്ലായ്മ ചെയ്വാൻ മതാവേശത്തിനും സാധ്യമല്ലെന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹ്യസാംസ്കാരികചരിത്രത്തിന്റെ വിശാലപശ്ചാത്തലത്തിൽ മാത്രമേ ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളുടെയും റോസിന്റെ നിയമാവലിയുടെയും യഥാർത്ഥമൂല്യം വെളിവാകൂ എന്നു തോന്നിയതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ആമുഖരൂപേണ എഴുതിയത്. ഈ ലഘുപ്രബന്ധത്തിൽ മൗലികഗവേഷണത്തിന്റെ അംശങ്ങൾ കുറവാണ്. എങ്കിലും സാധാരണക്കാരായ വായനക്കാർക്ക് ഇത് പ്രയോജനപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

VI

ഭാഷാചരിത്രവും സാഹിത്യചരിത്രവും ഒന്നെന്നു കരുതുന്ന ഒരു ഉദാസീനബുദ്ധി നമ്മുടെ നാട്ടിലുണ്ട്. 'ഭാഷാചരിത്രം' എന്ന ലേബലിൽ മലയാളഭാഷയിലുണ്ടായിട്ടുള്ള സാഹിത്യചരിത്രങ്ങളൊന്നും ഈ തെറ്റിദ്ധാരണക്കു തെളിവുകളാണ്. സാഹിത്യത്തിന്റെ ഉപാധിമാത്രമാണ് ഭാഷയെന്നും സാഹിത്യത്തിൽനിന്നു സ്വതന്ത്ര

---

143. ഉദാഹരണത്തിനു 1956-ൽ ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച കന്യാകുമാരി മിഷന്റെ പ്രവർത്തനഫലമായി പതിനായിരത്തിലധികം ആളുകൾ ക്രിസ്തുമതത്തിൽ ചേർന്നിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്ക് പിന്നോക്ക സമുദായക്കാരാണ്.

മായ അസ്തിത്വം ഭാഷക്കുണ്ടെന്നും ഗ്രഹിക്കുന്നതിനു സാമാന്യബുദ്ധി മാത്രം മതി. യഥാർത്ഥ ജീവദ്ഭാഷ ജനങ്ങളുടെ വ്യവഹാരഭാഷയാണ്. സാഹിത്യഭാഷ, വിശേഷിച്ചും കാവ്യഭാഷ, ജീവദ്ഭാഷയിൽനിന്നു വ്യതിചലിക്കാറുണ്ട്(144). ഈ വ്യതിയാനത്തിനു വിവിധ കൃതികളിൽ, വിവിധ കാലഘട്ടങ്ങളിൽ, ഏറ്റക്കുറച്ചിലുകളുണ്ടാകാമെന്നത് മറ്റൊരു കാര്യം. ഈ പ്രസ്താവം എല്ലാത്തരം ലിഖിതഭാഷകൾക്കും ബാധകമാകാം. കേരളത്തിലെ ജനങ്ങളും ഇന്നു സംസാരിക്കുന്ന ഭാഷയും ഇന്നത്തെ ഗ്രന്ഥങ്ങളിൽ കാണുന്ന ഭാഷയും തമ്മിൽ സാരമായ അന്തരമുണ്ടെന്നുള്ളതു് അനുഭവവേദ്യമാണല്ലോ. നിർഭാഗ്യവശാൽ ഈ സത്യങ്ങളും വിസ്മരിച്ചുകൊണ്ടാണു് പലരും മലയാളഭാഷയുടെ ഉൽപത്തിവികാസങ്ങളെക്കുറിച്ചു് ചിന്തിച്ചിട്ടുള്ളതു്. രാമചരിതം, കണ്ണശ്ശരാമായണം, മണിപ്രവാളഗ്രന്ഥങ്ങളും, കൃഷ്ണഗാഥ, എഴുത്തച്ഛൻ കൃതികളും എന്നിങ്ങനെയുള്ള പ്രാമാണിക കവിതാഗ്രന്ഥങ്ങളിലെ ഭാഷാരീതിയെമാത്രം അടിസ്ഥാനമാക്കി കെട്ടിപ്പടുക്കുന്ന ഭാഷോത്ഭവസിദ്ധാന്തങ്ങൾക്കും ഭാഷാചരിത്രങ്ങൾക്കും സത്യത്തോടു് നീതി പുലർത്താനാവില്ല. ഭാഷാചരിത്രപഠനത്തിൽ സാഹിത്യകൃതികളും തീർത്തും നിഷ്പ്രയോജനങ്ങളാണെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. എല്ലാ സാഹിത്യകൃതികളിലും ജീവദ്ഭാഷയുടെ—വ്യവഹാരഭാഷയുടെ—ചില തലപ്പുകളും കണ്ടെന്നു വരാം. മറ്റു ഭാഷാചരിത്രസാമഗ്രികളും ഇല്ലാതെ വരുന്ന സാഹചര്യങ്ങളിൽ ഈ തലപ്പുകളും വിവേകപൂർവ്വം വിനിയോഗിച്ചു് ഏകദേശമായ ഒരു ഭാഷാചരിത്രം രചിക്കേണ്ടിവരും.

ലിഖിതഭാഷക്കു് ജീവദ്ഭാഷയിൽനിന്നുള്ള വ്യതിയാനങ്ങളും, പൊതുവേ പറഞ്ഞാൽ, പദ്യകൃതികളിൽ ഏറിയും ഗദ്യകൃതികളിൽ കുറഞ്ഞുമിരിക്കും. പദ്യഭാഷയിൽ കലാപരമായ കാരണങ്ങളാൽ ജീവദ്ഭാഷയിൽനിന്നുള്ള വ്യതിയാനങ്ങളും അനിവാര്യമാണു്. ഏതു പൊതുതത്വത്തിനും അപവാദങ്ങളുണ്ടാകാമല്ലോ. ഇവിടെയുമുണ്ടു് അപവാദങ്ങളും. കാവ്യഭാഷയിലെപ്പോലെയോ അതിലേറെയോ ജീവദ്ഭാഷയിൽനിന്നു വ്യതിചലിച്ചു് ഗദ്യമെഴുതാൻ കഴിയുമെന്നു ചിലർ തെളിയിച്ചിട്ടുണ്ടു്. പാശ്ചാത്യ ഭാഷാസമ്പർക്കത്തിനുമുമ്പു് മലയാളത്തിലുണ്ടായ ചില ഗദ്യകൃതികളുംതന്നെ ഉത്തമോദാഹരണങ്ങളും. എന്നാൽ ഇന്നത്തെ ഗദ്യകൃതികളും പരിശോധിച്ചാൽ ആദ്യം പറഞ്ഞ പൊതു തത്വങ്ങളും എളുപ്പത്തിൽ ബോധ്യപ്പെടും. ഭാഷാച

144. "Poetic language may violate or deviate from the generally observed rules of the language in many different ways, some obvious, some subtle". Geoffrey N. Leech, A Linguistic Guide to English Poetry, Longman, 1974, p. 5.

രിത്രപഠനത്തിൽ ഗദ്യകൃതികൾക്കുള്ള പ്രാധാന്യം ഇതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

ഗദ്യചരിത്രം

പതിനെട്ടാം നൂറ്റാണ്ടിനുമുമ്പ് മലയാളത്തിലുണ്ടായിട്ടുള്ള ഗദ്യകൃതികളിലൊന്നിലും പരിഗണനീയമായ സാഹിത്യാംശമില്ലെന്നതാണ് സത്യം. സാഹിത്യകൗതുകം മാത്രം കൈമുതലായുള്ളവർക്ക് അവയിൽനിന്ന് ഒന്നും നേടാനുമില്ല. ഭാഷാചരിത്ര വിദ്യാർത്ഥിക്കാകട്ടെ പ്രാചീനകാവ്യങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ മൂല്യം ഈ വിരസഗദ്യകൃതികൾക്കു കല്പിക്കാൻ കഴിയും. ചരിത്രരേഖകളെന്ന നിലയിലും പ്രായേണ പ്രാചീന കാവ്യങ്ങൾക്കല്ല ഗദ്യകൃതികൾക്കാണ് മുൻഗണന. പ്രാചീന ഗദ്യകൃതികളുടെ ഭാഷാപരവും ചരിത്രപരവുമായ പ്രാധാന്യം വെളിവാക്കാൻ മലയാളഭാഷാപണ്ഡിതന്മാർ ഏറെ മെനക്കെട്ടിട്ടില്ല. ചുരുക്കം ചിലർ മാത്രമേ ഈ രംഗത്തേക്ക് എത്തിനോക്കിയിട്ടുള്ളൂ. അവരിൽ ഡോ. എ. സി. ശേഖർ(145) പ്രഫ. ഇളംകുളം കുഞ്ഞൻപിള്ള(146) പ്രഫ. സി. എൽ. ആൻറണി(147), ഡോ. പി. വി. വേലായുധൻപിള്ള(148), ഡോ. കെ. എൻ. എഴുത്തച്ഛൻ(149), ഡോ. പി. കെ. നാരായണപിള്ള(150), ഡോ.എം. ലീലാവതി(151)എന്നിവർ സ്മരണീയരാണ്.

പ്രാചീന മലയാളഗദ്യത്തിന്റെ ആദിമ മാതൃകകളായി ഇന്നു നമുക്കു ലഭിച്ചിട്ടുള്ളത് എ. ഡി. ഒമ്പതു മുതൽ പതിമ്മൂന്നുവരെയുള്ള

---

145. Evolution of Malayalam, Deccan College Dissertation Series: 10, Poona, 1953—ശാസനഭാഷ.

146. കേരളഭാഷയുടെ വികാസപരിണാമങ്ങൾ, N. B. S.—ശാസനഭാഷയും കൗടലീയഭാഷയും.

147. ഭാഷാഗദ്യം, ഖണ്ഡം 11, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തകസഹകരണസംഘം, 1958—ഗദ്യചരിത്രം.

148. Early Malayalam Prose, Trivandrum, 1973—
ബ്രഹ്മാണ്ഡപുരാണം, നളോപാഖ്യാനം, അംബരീഷോപാഖ്യാനം, ദൂതവാക്യം എന്നിവയിലെ ഭാഷ.

149. ഭാഷാകൗടലീയം (അധികരണങ്ങൾ 4-7), മദിരാശി സർവകലാശാല, 1960, ആമുഖം.

150. പ്രാചീന മലയാളഗദ്യമാതൃകകൾ, തിരുവിതാംകൂർ സർവകലാശാല, 1951—അവതാരിക, നാളോപാഖ്യാനം, അംബരീഷോപാഖ്യാനം, ദേവീമാഹാത്മ്യം എന്നിവയിലെ ഭാഷ.

151. ഗവേഷണപ്രബന്ധം, അച്ചടിച്ചിട്ടില്ല, കേരള സർവകലാശാലാ ലൈബ്രറിയിൽ ഒരു കോപ്പി സൂക്ഷിച്ചിട്ടുണ്ട്—ആട്ടപ്രകാരങ്ങളിലെ ഭാഷ.

നൂറ്റാണ്ടുകളിലെ കേരളശാസനങ്ങളാണ്. ഡോ. എ. സി. ശേഖറും, പ്രഫ. ഇളംകുളം കുഞ്ഞൻപിള്ളയും ശാസനഭാഷയെ അക്കാലത്തു കേരളത്തിൽ നിലനിന്നിരുന്ന ഭാഷയുടെ ലിഖിതരൂപമായിട്ടാണ് പരിഗണിക്കുന്നത്. ഈ നിലപാട് ശരിയാണെന്നു തോന്നുന്നില്ല. ശാസനങ്ങൾപോലെയുള്ള ഔദ്യോഗികരേഖകളിലെ ഭാഷ ഒരിക്കലും വ്യവഹാരഭാഷയുടെ യഥാർത്ഥ സ്വരൂപം പ്രകടമാക്കുകയില്ല എന്നു മനസ്സിലാക്കുന്നതിന് എ. ഡി. 1743–ലെ പാലയൂർ ശാസനഭാഷ പരിശോധിച്ചാൽ മതിയാകും.

> 'കൊല്ലം 856 ആമത വിതിനഞായറാഴ്ചയിൽ എഴുതിയ പനെപ്പാട്ടോലക്കരണമാവത—പാലൈയൂർ പള്ളിക്കൽ മാർ കുറിചാക്കൊ സഹത പാലൈയൂർ ചാക്കുകത്തനാം വികാരിയും തെചത്തെ പട്ടക്കാരെരും പള്ളി പൊഴത്തിക്കാരെരും കൂടി കൈയാൽ 'നൂറ്റൊരുപത്തൊന്നു' പുതുപ്പണം കടങ്കൊണ്ടാർ.....'

എന്നിങ്ങനെ പോകുന്ന ആ ശാസനഭാഷ പതിനെട്ടാം നൂറ്റാണ്ടിലെ വ്യവഹാരഭാഷയാണെന്നോ ഗ്രന്ഥഭാഷയാണെന്നോ പറയാൻ ആരെങ്കിലും തുനിയുമോ? ഇതെല്ലാം പോകട്ടെ. ഇന്നത്തെ ആധാരങ്ങളിൽ കാണുന്ന മലയാളഭാഷ നോക്കുക. ഇത് ഇരുപതാം നൂറ്റാണ്ടിലെ മലയാളത്തിന്റെ ലിഖിതരൂപമാണെന്നുപറയാൻ ആരാണു തുനിയുക? ശാസനങ്ങളിൽ കടന്നുകൂടുന്ന ഭാഷയുടെ ചില സവിശേഷതകളും ടി. പി. മീനാക്ഷി സുന്ദരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്:

> "Some times, however, one gets only the style of a particular writer or the style popular in the public documents of the age..... These public records often preserve the old conventional legal jargon and technical terms, therefore, there is the danger of our assigning these jargon terms etc to an age contemporaneous with the documents"(152)

കേരളശാസനങ്ങളിലെ ഭാഷയിൽ മേൽപ്പറഞ്ഞ വികലതകളെല്ലാം ഉണ്ടെന്നതിനുപുറമേ അവ എഴുതപ്പെട്ടകാലത്ത് കേരളത്തിലെ ഔദ്യോഗിക ഭാഷ ചെന്തമിഴായിരുന്നു എന്നൊരു അപകടംകൂടിയുണ്ട്. ഇതെല്ലാം പരിഗണിച്ചിട്ട് പ്രഫ. ആൻറണി ശാസനഭാഷയെക്കുറിച്ച് പുതിയൊരു സിദ്ധാന്തം അവതരിപ്പിക്കുകയുണ്ടായി.

> 'പരമാർത്ഥത്തിൽ രാജഭാഷയായ ചെന്തമിഴിലേക്കു കേരളത്തിലെ വ്യവഹാരഭാഷയുടെ തള്ളിക്കയറ്റമാണ് 9 മുതൽ 13–ാം നൂറ്റാണ്ടുവരെയുള്ള ശാസനങ്ങളിൽ നാം കാണുന്നതു. സാഹിത്യഭാഷയുടെ വികാസപരിണാമങ്ങളല്ല മറിച്ചു, വ്യവഹാരഭാഷയുടെ സംക്രമണംമൂലം

---

152. T. P. Meenakshisundaram, A History of Tamil Language, Deccan College, Poona, 1965.

രാജഭാഷയായ ചെന്തമിഴിനെ കേരളത്തിൽ വന്നുകൂടിയ ശൈഥില്യമാണ ശാസനങ്ങളം വ്യക്തമാക്കുന്നതെന്നു് ഓക്കേണ്ടതാണു്'(153)

ശാസനഭാഷകളിൽ ഉടനീളം കാണുന്ന വ്യവസ്ഥാരാഹിത്യം പ്രഫ. ആൻറണിയുടെ അഭിപ്രായത്തെ പ്രബലമാക്കുന്നു. ശാസനഭാഷയുടെ വാക്യഘടനക്കു് (Syntax) ചെന്തമഴിനോടുള്ള കടപ്പാടു് പ്രകടമാണു്. ഇതും മേല്പറഞ്ഞ അഭിപ്രായത്തിനു് അനുകൂലമായ ഒരു കാര്യമാണല്ലോ. ശാസനഭാഷയുടെ സ്വഭാവം ഗ്രഹിക്കുന്നതിനു ചെറിയൊരു മാതൃക ഉദ്ധരിക്കാം. തരിസാപ്പള്ളി ശാസനത്തിലേതാണു് ഈ ഭാഗം.

'സ്വസ്തി. കോത്താണ ഇരവിക്കുത്തൻ പല നൂറായിരത്താണ്ടും മറുകതൊലെ ചിറന്തടിപ്പട്ടത്താളാനിൻറ യാണ്ടും ചെല്ലാനിൻറെ യാണ്ടെന്തു ഇവ്വാണ്ടു വേണാടു വാഴ്കിൻറ അയ്യനടികടിരുവടിയു(ം) മതികാരരും പിരകിരുതിയും (മണിക്കിരാമമു) മഞ്ചുവണ്ണമും പുന്നെത്തലൈപ്പുതിയു(ം) മുംവൈത്തു കുരക്കേണിക്കൊല്ലത്തു എശോദാതപീരായി ചെയ്വിത്ത തരിസാപ്പള്ളിക്ക ഐയ്യനടികടിരുവടി കൂട്ടത്ത വിട്ടപോറാവതു'(154)

പന്ത്രണ്ടാം ശതകത്തിലുണ്ടായ ഭാഷാകൗടലീയം സംസ്കൃതത്തിലെ കൗടലീയത്തിൻറെ മലയാളവ്യാഖ്യാനമാണു്. ഭാഷാവിഷയകമായി ഈ ഗദ്യഗ്രന്ഥത്തിനു ശാസനങ്ങളോടുള്ള സാദൃശ്യം എടുത്തുപറയേണ്ടിയിരിക്കുന്നു. ശാസനഭാഷയെക്കുറിച്ചു് പ്രഫ. ഇളംകുളവും പ്രഫ. ആൻറണിയും ഉന്നയിച്ചിട്ടുള്ള സിദ്ധാന്തങ്ങളം ഇതിലെ ഭാഷക്കും ബാധകമാണു്. ഡോ. കെ. എൻ. എഴത്തച്ഛൻറെ അഭിപ്രായവും പ്രത്യേക പരിഗണന അർഹിക്കുന്നു.

'പദം. ശൈലി, വ്യാകരണകാര്യം തുടങ്ങിയവയിൽ തമിഴമായുള്ള അടുപ്പം ശ്രദ്ധേയമാണെങ്കിലും മലയാളത്തിൻറെ സ്വന്തമായ സ്വഭാവങ്ങളം ധാരാളം ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. അടിസ്ഥാനപരമായ കെട്ടും മട്ടും എല്ലാം മലയാളത്തിൻറെതന്നെ. സംസ്കൃതത്തിൻറെ മൂശയിൽ ഭാഷാശൈലി വാർത്തെടുക്കാനുള്ള ശ്രമമുണ്ടു്.... നിയമങ്ങളുടെ ഉറപ്പുകൊണ്ടു കിട്ടുന്ന വ്യക്തിത്വവും ലാഘവവും ഭാഷയ്ക്കു മുഴുവൻ കിട്ടിക്കഴിഞ്ഞിട്ടില്ല. ആശയങ്ങളം വെളിച്ചംകാണാൻ പലപ്പോഴും വീർപ്പുമുട്ടുന്നപോലെ തോന്നും. കാലുഷ്യവും ദുർഗ്രഹതയും ഇതിൻറെ ഫലമാണു്. എന്നാൽ ഋജുവും കാര്യമാത്രപ്രസക്തവുമായ ഒന്നാന്തരം ഭാഷയുള്ള സ്ഥലങ്ങളം ഗ്രന്ഥത്തിൽ ചുരുക്കമല്ല. ഭാഷാകൗടലീയത്തിൻറെ കാലമായപ്പോഴേക്കും വ്യാകരണദൃഷ്ട്യാ മലയാളം ഗണ്യമായി പുരോഗതിപ്രാപിച്ചുകഴിഞ്ഞിരുന്നു; കനത്ത ഒരു ശാസ്ത്രം കൈകാര്യം

153. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, 1973, പുറം. 624.

154. ഇളംകുളം കുഞ്ഞൻപിള്ള, ചില കേരളചരിത്രപ്രശ്നങ്ങളം, സാഹിത്യപ്രവർത്തകസഹകരണസംഘം, 1963, പു. 118-119.

ചെയ്യാനുള്ള പദസംപത്തും അതിനു ഏറ്റക്കുറെ കിട്ടിക്കഴിഞ്ഞിരുന്നു.' (155)

സംസ്കൃതത്തിന്റെയും ചെന്തമിഴിന്റെയും അതിപ്രസരത്താൽ കലുഷമായ ഭാഷയാണ് കൗടലീയത്തിലുള്ളതെന്നു പ്രഥമദൃഷ്ട്യാതന്നെ ബോധ്യപ്പെട്ടും. കാരുകരക്ഷണം എന്നപ്രകരണത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കുന്നു:

'ഇനി ആടവാണിയരുടെ വ്യാപാരം ചൊല്ലിൻറിതു. ആടവാണിയർ പതിമ്പലം നൂല് കൊടുത്താൽ പതിനൊരുപലം കൂഴൊട്ടക്കെടുവിയർ. കൂഴമാനം വച്ചു കൊടാക്കാൽ ഒഴിഞ്ഞതിനിലിരുമടങ്കു ദണ്ഡും. നെയ്യുമതിനു കൂലി നൂൽ പെറും വിലകൊടുപ്പിതു ക്ഷൗമത്തിനും കൗശേയത്തിനും സൂത്രം പെറും വിലയും അതിൽ പാതിയും കൊടുപ്പിതു പത്രോണ്ണം, കംബളം, ഉകൂലം ഇവറിനു തന്നൂൽ പെറുമതിനിലിരുമടങ്കു ദണ്ഡും' (156).

ലീലാതിലകകാലത്തുതന്നെ കേരളത്തിൽ നിലനിന്നിരുന്ന ഒരു ഭാഷാരീതിയാണ് നമ്പ്യാർതമിഴ്. മണിപ്രവാളത്തെ അപേക്ഷിച്ച് കേരളഭാഷയോട് കൂടുതൽ അടുപ്പമുണ്ടായിരുന്ന ഈ ഭാഷാരീതിക്ക്. അതിന്റെ സവിശേഷതകളും ലീലാതിലകത്തിൽനിന്നു മനസ്സിലാക്കാം:

'നമ്പ്യാന്മാർ വിഭക്ത്യന്ത സംസ്കൃതപദങ്ങളും ഉപയോഗിക്കുന്നില്ല; പ്രാതിപദികം മാത്രമേ ഉപയോഗിക്കുന്നുള്ളു. വിഭക്തിപ്രത്യയങ്ങളും മറ്റും ഭാഷയിലേതുതന്നെ. അതുകൊണ്ടു മണിപ്രവാളം എന്നു പറയുന്നില്ല. മണിപ്രവാളത്തിനു വിഷയം വിഭക്ത്യന്തസംസ്കൃതപദങ്ങളുടെ യോഗമാണ്. ഭാഷാവിഭക്തി ചേർന്നിട്ടുള്ള സംസ്കൃതശബ്ദം ഭാഷയായിത്തന്നെ കരുതണം. കേരംക്കുമ്പോലെ ഭാഷയെന്നുള്ള പ്രതീതിയാണു കൂടുതൽ ഉണ്ടാകുന്നതു്. അതുകൊണ്ടു നമ്പ്യാന്മാർ കഥാപ്രസംഗത്തിനു് ഉപയോഗിക്കുന്ന ഭാഷയ്ക്കു തമിഴെന്നു പറയുന്നു. കഥാകഥനരൂപത്തിലെഴുതിയിട്ടുള്ള അഭിമന്യുവധം തുടങ്ങിയ ഭാഷാപ്രബന്ധങ്ങളെ മണിപ്രവാളം എന്നു പറയാതിരിക്കുന്നതിനും കാരണം ഇതുതന്നെ.' (157)

നമ്പ്യാന്മാർ പാഠകത്തിനുവേണ്ടി ചില പുരാണകഥകളും ഈ ഭാഷയിൽ രചിക്കുകയുണ്ടായി. സംസ്കൃതത്തിന്റെയും തമിഴിന്റെയും ആധിപത്യം അവയിൽ പ്രകടമായിക്കാണാം. ബ്രഹ്മാണ്ഡപുരാണം അംബരീഷോപാഖ്യാനം, ദേവീമാഹാത്മ്യം, നളോപാഖ്യാനം എന്നിവയാണ് ഈ പ്രസ്ഥാനത്തിലുണ്ടായ പ്രമുഖകൃതികളും. ഭാഷാരീതി വ്യക്തമാക്കുന്നതിനു ബ്രഹ്മാണ്ഡപുരാണത്തിൽനിന്ന് ഒരു ഭാഗം:

---

155. ഭാഷാകൗടലീയം (അധികരണങ്ങളും 4-7), പു. XLIX.

156. Ibid, പു. 4-5.

157. ഇളംകുളം കുഞ്ഞൻപിള്ള, ലീലാതിലകം, സാഹിത്യപ്രവർത്തകസഹകരണസംഘം, 1969, പുറം 28-29.

'എനെക്ക പണ്ട പിറന്ന നാഥം തുടങ്ങിയേ വിഷ്ണുഭക്തിയൊണ്ട എന്ന വെടമറിഞ്ഞു വിഷ്ണുദ്വേഷിയായിരിക്കിൻറ എന്നടെ പിതാവു ഹിര ണ്യകശ്യപു അതൊഴിപ്പാനായ്കൊണ്ട ഗുരുഗൃഹത്തിങ്കൽ ആക്കി അ വനാൽ ശിക്ഷപെറു ഇരുന്ന എന്ന 'പുത്രാ! നീ പഠിച്ചതു ചൊ ല്ലുക' എൻറ പിതാവു അരുളിച്ചെയ്ത കേട്ട നമസ്കരിച്ച വിഷ്ണുഭാവാ നുടേ തിരുനാമങ്ങളേച്ചൊല്ലിനേൻ. അനന്തരം കേംക്കിൻറ പിതാവു കോപിച്ച് അനേകം അസുരകിംകരന്മാരെ ഏകിയരുളിനാൻ എന്നെ കൊൽവാനായ്.' (158)

മധ്യകാലമലയാളത്തിൻറെ സവിശേഷതകളും ബ്രഹ്മാണ്ഡപുരാണാ ദിഗദ്യകൃതികളിൽ പ്രകടമായിക്കാണാവുന്നതാണ്. ഉണ്ണുനീലിസ ന്ദേശത്തിലും മറ്റുമുള്ള 'ൻറ' പ്രയോഗങ്ങളും അതേ അളവിൽതന്നെ ഈ ഗദ്യകൃതികളിലും കാണുന്നു. ഇത് വ്യവഹാരഭാഷയിൽനിന്നു സംക്രമിച്ചതല്ലെന്ന് ഊഹിക്കാം. നമ്പ്യാർതമിഴും സാഹിത്യഭാഷയു ടെ ചട്ടക്കൂടു നിലനിൽത്തിയിട്ടുണ്ടെന്നു ധരിച്ചാൽ മതി.

പ്രാചീനഗദ്യത്തിൻറെ മറെറാരു മുഖമാണ് ആട്ടപ്രകാരങ്ങളി ലും ക്രമദീപികകളിലും കാണുന്നത്. സംസ്കൃതസ്വാധീനം പ്രകടമാ ക്കുന്നതാണ് ഇതിലെ ഭാഷാരീതി. കൊല്ലം ഒമ്പതാംശതകത്തിലേ ധികം പഴക്കമില്ലാത്ത കൃതിയെന്നു ഉള്ളൂർ കരുതുന്ന അശോകവനി കാങ്കം ആട്ടപ്രകാരത്തിലെ ഒരു ഭാഗം.

'അല്ലേ ആര്യൻ, അങ്ങനെ കോപിക്കരുതേ, കോപിക്കരുതേ. അങ്ങേ കോപത്തിനു ആ മാനുഷൻ വിഷയനായിട്ടു ഭവിക്കയില്ല. അങ്ങനു് അസാരനല്ല. ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രൻറെ പരാക്രമത്തെ നി ന്ദിച്ചിരിപ്പൊരുത്തനാണ്. ഈവണ്ണമിരിക്കുന്ന അങ്ങു് യാതൊരു ഉപായംകൊണ്ടു് അവനം പ്രാണങ്ങളെ കളയാതെകണ്ടിരിക്കും, അ പ്രകാരം പിടിച്ചു വലിച്ചുകൊണ്ടു പോരണം. ആ സീത രാമൻറെ പ്രാണങ്ങളാണ്, നിശ്ചയം. (159)

തമിഴ്ഭാഷയിലുള്ള തിരുക്കുറൾ എന്ന ഗ്രന്ഥത്തിനു് എ. ഡി. 1595 ലുണ്ടായ മലയാളഗദ്യപരിഭാഷ പ്രാചീനഗദ്യത്തിൻറെ മറെറാരു മാതൃകയാണ്. തമിഴിൻറെ സ്വാധീനം വ്യക്തമായിക്കാണാവുന്ന ഭാഷാരീതി ശ്രദ്ധിക്കുക:

'ഒൻറിനാലും ഉപമ ഇല്ലാതവനടിയെ ചേരാതവർക്ക മനുഷമാനുതു. ധർമ്മക്കടലാകിയ ഭഗവാൻറെ പാദത്തിൻകൽ ചേർന്നവർക്ക പിറവി ക്കടൽ നീന്തുക ഇല്ല. പഞ്ചെലെ പൊതിപ്പാവെയില്ല ഗുണമില്ല

---

158. കെ, സാംബശിവശാസ്ത്രി(എഡിറർ), ബ്രഹ്മാണ്ഡപുരാണം, തിരു വനന്തപുരം, 1936 പുറം 18.

159. ശൂരനാട്ട കുഞ്ഞൻപിള്ള (പ്രസാധകൻ), അശോകവനികാങ്കം, ഹ സ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം, 1957, പുറം 13.

ഭഗവാന്റെ ശ്രീപാദത്തെ വണങ്ങാതെ തലെക്ക. ഇറെയവനടിയെ
ചേർന്തവർ പിറവിക്കടൽ നീന്താർ, ചേരാതവർ നീന്തുവർ. (160)

പാശ്ചാത്യഭാഷകളുടെ സമ്പർക്കമില്ലാതെ മലയാളത്തിൽ രൂപംകൊണ്ട വിവിധ ഗദ്യലിഖിതഭാഷാമാതൃകകളാണ് ഇവിടെ ഉദ്ധരിച്ചത്. കേരളത്തിൽ നിലനിന്നിരുന്ന സാഹിത്യഭാഷകളുടെ തണലിൽ തലയുയർത്താൻ ശ്രമിച്ച ആ ഗദ്യഭാഷാരീതികളിൽ മലയാളത്തിന്റെ ആത്മബലം കാണുന്നില്ല. (161)

'ചാരുകേരളഭാഷതന്നെ'

വ്യവഹാരഭാഷയുടെ ആത്മബലം പ്രകടമാക്കുന്ന ഒരു ഗദ്യഗ്രന്ഥഭാഷ മലയാളത്തിലുണ്ടായത് ക്രൈസ്തവമിഷനറിമാരുടെ (162) പരിശ്രമംമൂലമാണെന്നു തോന്നുന്നു. ഭാഷാപോഷണവ്യഗ്രതയാൽ അവർ വരുത്തിക്കൂട്ടിയ ഒരു മാറ്റമായിരുന്നില്ല ഇത്. വെണ്ണയും തിന്നാം മീശയും മിനുക്കാം എന്ന മട്ടിൽപ്പോലും ആദ്യകാലത്തെ മിഷനറിമാർ ഭാഷാപരിപോഷണം ലക്ഷ്യമാക്കിയിരുന്നോ എന്ന് സംശയമാണ്. (163) വെണ്ണ തിന്നപ്പോഴേ മീശയും മിനുങ്ങി എന്നേ പറയാൻ കഴിയൂ. സാധാരണക്കാരായ കേരളീയരിലേക്ക് ചില ആശയങ്ങളും സംക്രമിപ്പിക്കണമെന്ന് മിഷനറിമാർ ആഗ്രഹിച്ചു. അതിനുള്ള മാധ്യമമാണ് അവർ ആരാഞ്ഞത്. ഇക്കാര്യത്തിൽ 'ചാരു കേരളഭാഷതന്നെ ചിതം വരു' എന്ന് അവക്കു ബോധ്യപ്പെട്ടു. എന്നാൽ വ്യവഹാരതലത്തിൽ മാത്രം പരിമിതപ്പെട്ടു കഴിഞ്ഞിരുന്ന മലയാളഗദ്യഭാഷ അമ്മട്ടിൽത്തന്നെ ഉപയോഗിക്കുന്നതിൽ നിരവധി ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ക്രൈസ്തവമതസിദ്ധാന്തങ്ങളും പാശ്ചാത്യചിന്തകളും പ്രകാശിപ്പിക്കാൻ വേണ്ടുവോളം പദങ്ങളും മലയാളത്തിൽ ഉണ്ടായിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനു സുറിയാനി, പോർത്തുഗീസ്, ലത്തീൻ, അറബി, സംസ്കൃതം എന്നീ ഭാ

---

160. എൻ. വി. രാമസ്വാമി അയ്യർ (Ed),
Tirukkural in Malayalam, Bulletin Of The Rama Varma Research Institute, Vol. vi, Part ii, 1938, P. 139-140.

161. ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും പദ്യകൃതികളിൽ പ്രകടമാകുന്ന കേരളഭാഷാചൈതന്യംപോലും അക്കാലത്തെ ഗദ്യകൃതികളിൽ കാണുന്നില്ലെന്നുള്ളതു തികച്ചും വിചിത്രമായിരിക്കുന്നു.

162. മിഷനറി എന്ന പദം വളരെ വ്യാപകമായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുമതപ്രചാരണത്തിൽ തല്പരരായവരെല്ലാം മിഷനറിമാരാണ്; നാട്ടുകാരെന്നോ വിദേശീയരെന്നോ ഉള്ള വിഭാഗനം പ്രസക്തമല്ല. പാശ്ചാത്യഭാഷകളിൽ അവഗാഹമുള്ളവരായിരുന്നു മിഷനറിമാർ.

163. പിൽക്കാലത്ത് കേരളത്തിലെത്തിയ ഗുണ്ടർട്ട്, ബെയിലി തുടങ്ങിയ പണ്ഡിതന്മാർ ബോധപൂർവ്വംതന്നെ ഭാഷാപരിപോഷണത്തിനു മുതിർന്നിട്ടുണ്ട്.'

ഷകളിൽനിന്നു പദങ്ങളും കടമെടുത്തു. പോരാഞ്ഞിട്ട്, ശ്രുദ്ധദ്രാവി ഡഘടകപദങ്ങളും ഉപയോഗിച്ച് പുതിയ സമസ്തപദങ്ങളും ഉണ്ടാക്കി, അവക്കു സാങ്കേതികാർത്ഥങ്ങളും കല്പിച്ചു. മറെറാരു പോംവഴി, ചില മലയാള സംസ്കൃതപദങ്ങളിൽ മുഖ്യാർത്ഥത്തെ അവഗണിച്ച് നേയാർത്ഥത്തെ (Marginal Meaning) പ്രതിഷ്ഠിക്കുക എന്നതായിരുന്നു. വാക്യതലത്തിലും അവർ ചില പരിഷ്കാരങ്ങളും വരുത്തുകയുണ്ടായി. പാശ്ചാത്യഭാഷകളിലെ വാക്യമാതൃകകളാണ് അവർ പരീക്ഷിച്ചു നോക്കിയത്. ഇവിടെ പ്രസിദ്ധീകരിക്കുന്ന രണ്ടു പ്രാചീനഗദ്യകൃതികളുടെ സവിശേഷപശ്ചാത്തലത്തിൽ ഈ പൊതു തത്വങ്ങളും പിന്നീട് വിശദീകരിക്കുന്നതാണ്.

ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനം ത്വരിതഗതിയിലായിത്തീർന്ന പതിനാറാം നൂറ്റാണ്ടിലെ മലയാളത്തിന്റെ വ്യവഹാരസ്വരൂപം പൂർണ്ണമായി ഗ്രഹിക്കുവാൻ ഒരു മാർഗ്ഗവും ഇന്നില്ല. എങ്കിലും അന്നുണ്ടായിരുന്ന വ്യവഹാരഭാഷയിലും സാമുദായികപ്രാദേശിക ഭേദങ്ങളും ഉണ്ടായിരുന്നു എന്ന കാര്യം തീർച്ചയാണ്. ഏതു കാലത്തും വ്യവഹാരഭാഷ നിരവധി ഉപഭാഷകളുടെ(Dialects) സംഘാതമായിരിക്കുമെന്നത് അംഗീകൃതസിദ്ധാന്തമാണല്ലോ. സമ്പർക്കവും വിദ്യാഭ്യാസവും പുരോഗമിച്ചിരിക്കുന്ന ഇക്കാലത്തുതന്നെ വിവിധ ദേശക്കാരും വിവിധ സമുദായക്കാരും സംസാരിക്കുന്ന ഭാഷയിൽ എത്ര വലിയ അന്തരമാണ് നിലനില്ക്കുന്നത്. (164) പ്രാചീനകാലത്തെ കഥ ഊഹിക്കുകയേ വേണ്ടൂ. അങ്ങനെയെങ്കിൽ മിഷനറിമാർ സംസ്കരിച്ചുപയോഗിച്ച ഉപഭാഷ ഏതെന്ന ചോദ്യം പ്രസക്തമാണ്. മാത്തോമ്മാക്രിസ്ത്യാനികളിൽ ഏറിയപങ്കും മധ്യകേരളത്തിലാണ് നിവസിച്ചിരുന്നത്. തന്മൂലം അവരെ ഉദ്ദേശിച്ചെഴുതിയ കൃതികളിൽ ഈ പ്രദേശത്തെ ഉപഭാഷകൾക്കായിരുന്നു മുൻഗണന എന്നു കരുതാം. മധ്യകേരളത്തിലെ മാത്തോമ്മാക്രിസ്ത്യാനികളുടെ വ്യവഹാരഭാഷയിൽ ഉടൽപൂണ്ട ഗദ്യകൃതികളാണ് ഉ. സു. കാനോനകളും റോ. നിയമാവലിയും എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. പോർത്തുഗീസ് ഭാഷയിൽ മെനേസിസ് തയ്യാറാക്കിയ ഉ. സൂ. കാനോനകളും കൊച്ചി രൂപതയിൽ ജോലിചെയ്തിരുന്ന മാത്തോമ്മാ

---

164. കേരളത്തിലെ ഈഴവ/തീയസമുദായത്തിന്റെ ഭാഷയിൽ ദേശപരമായിക്കാണുന്ന അന്തരം കേരളസർവ്വകലാശാലാ ഭാഷാശാസ്ത്രവകുപ്പിന്റെ പഠനത്തിനു വിഷയമായിട്ടുണ്ട്. മലയാളഭാഷയിൽ ദേശപരമായി ഇന്നുള്ള അന്തരം ഏകദേശമായി ഗ്രഹിക്കുന്നതിന് ആ പഠനത്തിന്റെ റിപ്പോർട്ടിലൂടെ ഒന്നു കണ്ണോടിച്ചാൽ മതി.
V. I. Subramoniam, Dialect Survey of Malayalam, Department of Linguistics, 1974.

ക്രിസ്ത്യാനികളായ വൈദികരാണ് തർജമ ചെയ്തതെന്ന കാര്യം അനുസ്മരിക്കുമല്ലോ (165).

അന്നും ഇന്നും വ്യവഹാരഭാഷയിൽ ദ്രാവിഡപദങ്ങൾക്കാണ് പ്രാചുര്യം. എഴുത്തച്ഛന്റെ രംഗപ്രവേശത്തോടെ സാഹിത്യഭാഷയിൽനിന്നു ബഹിഷ്കൃതങ്ങളായ ശുദ്ധദ്രാവിഡപദങ്ങൾക്കും പ്രയോഗവിശേഷങ്ങൾക്കും പിന്നീട് വേണ്ടത്ര സ്ഥാനം ലഭിച്ചത് മിഷനറിമാരുടെ ഗദ്യകൃതികളിലാണ്. വ്യവഹാരഭാഷാസമ്പർക്കം കൊണ്ടുണ്ടായതാണ് ഈ സവിശേഷത. എങ്കിലും എഴുത്തച്ഛനെ 'ആധുനിക മലയാളഭാഷയുടെ പിതാവാ'യി കരുതുന്നവരുടെ ദൃഷ്ടിയിൽ അത്തരം പദങ്ങളും പ്രയോഗവിശേഷങ്ങളും തമിഴിന്റെ സവിശേഷതകളാണ്. തമിഴിനും മലയാളത്തിനും ഒന്നുപോലെ അവകാശപ്പെട്ട കുടുംബസ്വത്താണ് അവയെന്നകാര്യം പലരും വിസ്മരിച്ചുപോകുന്നു. ഉ. സു. കാനോനകളിലും റോ. നിയമാവലിയിലും ദ്രാവിഡീയത്വമാണുള്ളത്, തമിഴ്ച്ചുവയല്ല. തമിഴും മലയാളവും തമ്മിലുള്ള മൗലികവ്യത്യാസങ്ങളാണല്ലോ ആറു നയങ്ങൾ എന്ന പേരിൽ കേരളപാണിനി അവതരിപ്പിച്ചിട്ടുള്ളത്. അവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഈ രണ്ടു കൃതികളിലെ ഭാഷക്കും തമിഴിനോടുള്ള അടുപ്പം അത്യന്തനിസ്സാരമാണെന്നു ബോദ്ധ്യപ്പെടും. എഴുത്തച്ഛന്റെ കൃതികളിലൂടെ മാനകഭാഷാ (Standard language) പദവിയിലേക്കുയർന്ന സംസ്കൃതബഹുലമായ മലയാളലിഖിതഭാഷ നാലുനൂറാണ്ടുകളായി കേരളത്തിൽ നിലനില്ക്കുന്നു. എന്നിട്ടും ഇന്നത്തെ വ്യവഹാരഭാഷയിൽ ദ്രാവിഡപദങ്ങൾക്കും ദ്രാവിഡപ്രയോഗങ്ങൾക്കുമാണ് പ്രാചുര്യം. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിലെ ഭാഷ 'തമിഴിൽ കലിച്ച മലയാള' (166) മാണെന്നു പറയുന്നതിൽ അർത്ഥക്കാര്യം ശ്രദ്ധിച്ചിട്ടില്ലെന്നു തോന്നുന്നു.

ഇവിടെ അവതരിപ്പിക്കുന്ന രണ്ടു ഗദ്യകൃതികളാണ് പാശ്ചാത്യഭാഷാസമ്പർക്കത്തിനുശേഷം മലയാളത്തിൽ രൂപംകൊണ്ട നവീന ഗദ്യലിഖിതഭാഷയുടെ ആദിമമാതൃകകൾ. ഈ ഗദ്യകൃതികളിലെ ഭാഷാശൈലിക്ക് ഇന്നത്തെ ഗദ്യശൈലിയോട് ശ്രദ്ധേയമായ അടുപ്പമുണ്ട്. വാക്യഘടനയുടെ കാര്യത്തിൽ ഈ ഗദ്യകൃതികൾക്കുള്ള സവിശേഷതകൾ എന്തെല്ലാമാണെന്നു നോക്കാം. ദ്രാവിഡവാക്യഘടനയുടെ സവിശേഷതകളായി കാൾഡ്വൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉദ്ധരിക്കുന്നു:

---

165. ഉപോദ്ഘാതം, പു. LXXIII–LXXIV

166. ഡോ. പി. ജെ. തോമസ്, കേരളത്തിലെ ക്രിസ്ത്യീയസാഹിത്യം, 1935, പുറം. 149.

'ദ്രാവിഡഗോത്രത്തിലും സിഥിയൻ ഭാഷകളിലും നിയന്ത്രിതശബ്ദമായിരിക്കും മുൻപിൽ വരിക. ഇതിന്റെ ഫലമായി നിർദ്ദേശികാവിഭക്തിയിലുള്ള പദം വാക്യത്തിന്റെ ആരംഭത്തിലേ വരൂ ഈ ഭാഷകളിൽ, ഒരു പൂർണ്ണക്രിയ വാക്യാന്തത്തിലും. വിശേഷണശബ്ദം വിശേഷ്യത്തിനു മുൻപിൽ വരും; നാമവിശേഷണം ആദ്യം, പിന്നെ നാമം. ക്രിയാവിശേഷണം ആദ്യം, പിന്നെ ക്രിയ. ക്രിയയ്ക്കു മുൻപു വരുന്ന വിശേഷണവും അതിന്റെ വിശേഷണവും അതിനു വിധേയമായി വരുന്ന പദങ്ങളും ഒന്നിനൊന്നു മുൻപു മുൻപായി പ്രയോഗിക്കണമെന്നാണ് നിയമം. (ഇതിനൊരപവാദം ദ്രാവിഡഭാഷയിൽ പദ്യരചനയിൽ കാണുന്നു. യഥേച്ഛം, അർഥപ്രാധാന്യമനുസരിച്ച്, പദങ്ങളും പദ്യങ്ങളിൽ മാറിമറിക്കാം.) (167) അതുപോലെ പേരെച്ചം അതാശ്രയിക്കുന്ന നാമത്തിനു മുൻപു തന്നെ പ്രയോഗിക്കണം. ഒരു വാക്യത്തിന്റെ നിഷേധഭാഗം വിധി ഭാഗത്തിനു മുൻപുവരണം. സംബന്ധികാവിഭക്തിയിലുള്ള നാമം അതിന്റെ വിശേഷ്യനാമത്തിനു മുൻപായിരിക്കണം. ഒരു വിഭക്തിയെ നിയന്ത്രിക്കുമ്പോൾ പൂർവ്വസർഗം നാമത്തിന്റെ പിന്നിലേക്കു സ്ഥാനം മാറുന്നു. അവസാനമായി, വാക്യം ചെന്നു നിൽക്കുന്നതു് അതുവരെ എല്ലാ ശബ്ദങ്ങളെയും നിയന്ത്രിക്കുന്ന പൂർണക്രിയയിലാണ്'' (168).

ഈ വ്യവസ്ഥകളും പാലിച്ചുകൊണ്ടെഴുതിയ വാക്യങ്ങളാണ് ഉ. സ്മൃ. കാനോനകളിലും റോ. നിയമാവലിയിലും ധാരാളമായിക്കാണുന്നത്. വ്യവഹാരഭാഷയുടെ ശക്തി നിറഞ്ഞുനിൽക്കുന്ന ഹ്രസ്വവാക്യങ്ങളാണ് അവയിൽപ്പലതും. ഏതാനും ഉദാഹരണങ്ങൾ നോക്കുക:

'മലംകരെ എടവകയിലെ പള്ളികളും മിക്കതിലും മണി ഇല്ലാ. ചെലടത്ത ഒള്ളതിനെ പള്ളി അകത്തതന്നെ കെട്ടിത്തൂക്കി ഞായം. അതിനെക്കൊണ്ട വഴിയെമണി തട്ടിക്കൂടാതാനും. അങ്ങിനെ അകത്ത കെട്ടിത്തൂക്കുന്നതു യൊഗ്യം അല്ല' ഉ. സ്മൃ. കാ. പുറം 85

'വെടിപ്പുള്ള തൂവാലകൊണ്ട തൊണൊസ മൂടുകയും വെണം. കല്പിനമീതെ മൂന്ന ചീലകളും വെണം. ക്രുദാശചെയ്യുന്നെടത്ത ശുദ്ധമാനയവരിടെ അസ്ഥികളും വെണം. ശുദ്ധമാന വസ്തുക്കളെ തൊണൊസിന്റെറ മീതെ വൈക്കാവു. നിങ്ങളുടെ കുർബാന പൊസ്തകവും നമസ്കാര പുസ്തകവും മുഴുവനായി ഇരിക്കയും വെണം. നിങ്ങടെപള്ളികളും കെടകൂടാതെ വഴിയെ കെട്ടിച്ച കെടക്കയുംവെണം. ഉ. സ്മൃ. കാ. പുറം. 103

'വിശെഷിച്ച നെടി ഉണ്ണുന്ന സ്ത്രീകളും കുട്ടികളും നാലര അറിഞ്ഞ യാവരിക്കുന്ന പലിശക്കാരക്കും കെട്ടാതെ വച്ചിരിക്കുന്നവക്കും അപ്പൊളും അപ്പൊളും മതിമറന്നകുടിക്കുന്നവക്കും കുർബാന കൊടുക്കരുത —' റോ. നി. പുറം 131.

---

167. വലയത്തിനുള്ളിൽ കാണുന്ന ഭാഗം കാംഡ്വൽ അടിക്കുറിപ്പായി നൽകുന്നതാണ്.

168. കാംഡ്വൽ, ദ്രാവിഡഭാഷാവ്യാകരണം, (പരിഭാഷ, ഡോ. എസ്. കെ. നായർ), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1973, പു. 53-54.

'എന്നാൽ നമ്മുടെ എടവകയിൽ ഒള്ള ചെല പട്ടക്കാരുടെ കുടിമതം കൊണ്ട മാറ്റത്തിന്ന അനെകരം കുറച്ചിൽ ഒണ്ടെല്ലൊ. ഇതിനെക്കൊണ്ട ഇങ്ങനത്ത പട്ടക്കാരുടെമെൽ ഈ വണ്ണം കല്പിച്ചു. അപ്പൊളൊ അപ്പൊളൊ കുടിച്ച മതിമറന്ന പട്ടക്കാരക്ക തങ്ങടെ അമിശം പ്രവൃത്തിക്കരുത. വിഗാരിമാർ എങ്കിൽ ഒന്നുകിൽ ആ സ്വഭാവം മാറണം. അത അല്ല എങ്കിൽ വിഗാരിത്തം വെക്കണം—' രോ. നി. പുറം 161

ദ്രാവിഡഭാഷകളുടെ വാക്യഘടനയെക്കുറിച്ച് കാംഡ്വൽ അവതരിപ്പിച്ചിട്ടുള്ള സിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടാത്ത ധാരാളം വാക്യങ്ങളും ഈ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. വാക്യങ്ങളെല്ലാം പൂർണ്ണക്രിയയിൽ അവസാനിക്കണമെന്നും മറ്റും കാംഡ്വൽ പറയുന്നത് അപ്പാടെ സ്വീകരിക്കാൻ സാധ്യമല്ല. പൊതുവേ പറഞ്ഞാൽ പദക്രമത്തിന്റെ കാര്യത്തിൽ കൂടുത നിർബന്ധങ്ങളില്ലാത്ത ഭാഷകളാണ് ദ്രാവിഡഗോത്രത്തിലുള്ളത്. അതിനാൽ താഴെ ഉദ്ധരിക്കുന്ന തരത്തിലുള്ള വാക്യങ്ങളും മലയാള വാക്യഘടനക്കു നിരക്കുന്നവയായി കണക്കാക്കാമെന്നു തോന്നുന്നു. (169) ഇവയുടെ ഘടനയിൽ പാശ്ചാത്യഭാഷാസ്വാധീനം ദർശിക്കുന്നത് ബാലിശമായിരിക്കും.

'പ്രൊത്തുക്കാൽ രാജ്യത്തിന്ന കെഴക്ക ഒള്ള മെത്രാന്മാക്ക മൂപ്പൻ ആകുന്ന മാർ അല്ലെസൊസ, ഈ സൂനഹദൊസിന്ന തലവൻ ആകുന്നനാം, പഴക്കത്തിന്റെറ ശക്തിയാലയും നമ്മുടെ പ്രമാണം കടക്കരുപൊളെ മഹറൊൻ അവക്ക തട്ടുന്ന എന്നതിന്റെറ പ്രാശ്യത്വത്താലെയും പ്രമാണിക്കുന്നു; ഇ യൊഗത്തിന്ന വിളിക്കപ്പെട്ടവന്ന പട്ടക്കാരിലും എണങ്ങരിലും ആരും നമ്മുടെ അനുവാസംകൂടാതെ ഈ വിചാരമെല്ലാം ഒട്ടുങ്ങുമ്പെ പൊകരുതെന്ന.' ഉ. സൂ. കാനോനകം, പുറം. 3

'ഇത എപ്പെരും പറഞ്ഞൊത്ത നെരത്ത സത്യം ചൈയ്യന്നെൻ; സ്വവ്തും കൈയാണ്ട തംപുരാനയും ശുദ്ധമാന ഏവൻഗെലിയൊനെയും തൊട്ട.' ഉ. സൂ. കാ. പുറം. 10

'ഇ പറഞ്ഞ ചാർച്ചെടെ പന്തികം കൂടാതെ ആത്മാവിന്നടുത്ത ചെല ചാർച്ചെടെ പന്തികളും ഒണ്ട പെങ്കെട്ടിന്റെറ മൊടക്കത്തിന്നും ആ ചാർച്ചെടെ പന്തികളിൽ പെങ്കെട്ട ഒണ്ടായെങ്കിൽ അത വാസ്തും അല്ലായ്മാനും. അതായത മെൽപറഞ്ഞപൊലെ മാമ്മോദീസാ മുങ്ങുന്നവരും അവരുടെ തല തൊട്ടുന്നവരും മുങ്ങുന്നവരുടെ അപ്പനും അമ്മയും തല തൊട്ടുന്നവരും തങ്ങളിലും ഒള്ള ചാർച്ച. ഇവണ്ണംതന്നെ മുമ്പലത്തെ ഒപ്പുശ്രുമാസ്സും റുശ്രുമാ കൈക്കൊള്ളുന്നവരും റുശ്രുമാ കൈക്കൊണ്ടവരുടെ അപ്പനും അമ്മയും ഒള്ള ചാർച്ച. ഉ. സൂ. കാ. പുറം 67

'വിശെഷിച്ച നീളം ഒള്ള തൂവാല വിരിപ്പാൻ ഒര വക ഒണ്ട എങ്കിൽ നല്ല; അതുംമെൻ തൂവാല വിരിച്ച അതിന്റെറ അരികെ കുറുവാനകൊള്ളുവാൻ മുട്ടകുത്തുവാൻ —

---

169. ഇവിടെ ഉദ്ധരിക്കുന്നതരത്തിലുള്ള വാക്യങ്ങളും സാധാരണക്കാരുടെ വ്യവഹാരഭാഷയിൽ സുലഭമാണ്.

വിശെഷിച്ച വെള്ളം കുടിപ്പിക്കുന്നാ ചെമ്മാശീന്റെറ കൈയിൽ ചെറിയൊര ത്രുവാലയുംകൂടെ ഒണ്ടായിരിക്കണം വെള്ളം സെവിച്ചതിന്റെറ ശെഷം ചുണ്ട ത്രുപ്പാൻ — വിശെഷിച്ച രണ്ട മെഴുകുതിരി എറെ കത്തിക്കണം, കുറുവാന കൊട്ടുക്കുന്ന നെരത്ത — ' റോ. നി. പുറം. 133

പാശ്ചാത്യഭാഷകളുടെ സ്വാധീനം പ്രകടമാക്കുന്ന ചുരുക്കംചില വാക്യങ്ങളും ഈ കൃതികളിലുണ്ട്. അവ ഒറനോട്ടത്തിൽ തിരിച്ചറിയാം. മലയാളശൈലിക്കു നിരക്കാത്ത കമ്മണിപ്രയോഗങ്ങളും ഈ കൃതികളിൽ കാണുന്നു. അസ്വാഭാവികങ്ങളെന്നു തോന്നുന്ന വാക്യങ്ങൾക്കു ചില ഉദാഹരണങ്ങൾ:

'ശുദ്ധമാന മാപ്പ്പ്പാടെ കല്പനയാലെ മാർ അല്ലെസൊസ മെത്രാൻ ഉതിയംപെത്രൊ മത്തമറിയത്തുമ്മാടെ പള്ളിക്കൽ പട്ടക്കാരരയും എണങ്ങരയും അവുടെ യൊഗപെട്ടത്ത,

മാർത്തൊമാ നസ്രാണികളുടെ നന്മക്കും ഗുണത്തിനും ആയിട്ട, അങ്കമാലി എന്ന പെർ വിളിക്കപ്പെട്ട, മാർ അല്ലെസൊസമെത്രാൻ ഈ സൂനഹദൊസ കല്പിച്ചു —' ഉ. സൂ കാ. പുറം. 1

'ശുദ്ധമാനപള്ളിയുടെ കാനൊനകളിലും വല്ലിയ ചൊൽപ്പട്ട സൂനഹദൊസുകളിലും ഒട്ട എറെയും ത്രുതൊസ എന്നതിൽ കല്പിക്കപ്പെട്ട വഴങ്ങപ്പെട്ട സവ്തും ഒരു സംശയംകൂടാതെ വിശ്വസിച്ച വെളിച്ചമെ കൈക്കൊള്ളുന്നെൻ' റോ. നി. പുറം. 121

'....ആത്മാവൊടും ശരീരത്തൊടുകൂടെ ആകാശമൊക്ഷത്തിൽ ഈ ഉമ്മാകരെറി കന്യീശങ്ങളും മാലാകാമാരും ഒകെമെൽ ഉയരപ്പട്ട മൊക്ഷപ്പട്ടതും പുത്രൻ തംപുരാന്റെറ അമ്മാ എന്നന്നെക്കും ആകുന്നു എന്നും മത്തമറിയത്തുമ്മായെ കൊണ്ട ശുദ്ധമാന തംപുരാന്റെറ പള്ളി പഠിപ്പിക്കുചൈയുന്നത—' റോ. നി. പുറം 119

ആധുനിക മലയാളത്തിലില്ലാത്തതും ചെറുശ്ശേരി, എഴുത്തച്ഛൻ തുടങ്ങിയവരുടെ കൃതികളിൽ കാണുന്നതുമായ ചില വാക്യമാതൃകകൾ ഈ രണ്ടു പ്രാചീന ഗദ്യകൃതികളിൽ കാണുന്നുണ്ട്.

ഉദാ:

'വാണിഭം ചൈകാതെ ഇരിക്ക നല്ല' ഉ. സൂ. കാ. പുറം 59

'ബാവാടയും പുത്രന്റെറയും റൂഹാദക്കുദശാടയും നാമത്താൽ എന്ന ചൊല്ലുംപൊഴം കൈ നെറിമെലും നെഞ്ഞത്തും എടത്തെ ഉരത്തെലും അവുടെന്ന വലത്തെ ഉരത്തെലും തൊട്ടഞായം' ഉ. സൂ. കാ. പുറം. 88

'ചെലടത്ത ഹാനാൻ വച്ചു ഞായം മയിലാപ്പൂരുന്ന കൊണ്ടുവരുന്ന മണ്ണ വെള്ളത്തിൽ ഇട്ട.' ഉ. സൂ. കാ. പുറം. 77–78

'കുദാശയാൽ ഒന്നിച്ച ഇരുവരിൽ ഒരുത്തര മരിപ്പൊളും നീങ്ങാ'

ഉ. സൂ. കാ. പു 63

'ശെമ്മാശമ്മാരിൽ പലക്കും ഓത്ത പൊകാ' ഉ. സൂ. കാ. പു. 79

വികല്പ നിപാതമായ 'ഓ' ഉപയോഗിക്കുന്നതിനു പകരം 'എങ്കിൽ', 'താൻ' ഇവ ചേർക്കുന്ന സമ്പ്രദായം കാണുന്നു:

'പള്ളിക്ക അരികെ ഒള്ള വീട്ടുകളിൽ താൻ പള്ളിയിടെ മൊണ്ടകത്തിൽ താൻ പൊറുത്തുകൊള്ളണം' ഉ. സൂ. കാ. പുറം. 86

'അനന്തരവരെക്കൊണ്ട എംകിലും അതിനെ തെകപ്പാൻ ആയിട്ട ഒള്ളവരെകൊണ്ട എംകിലും തെകക്കണം'. ഉ. സൂ. കാ. പുറം. 87

'എല്ലാവരുംകൂടെ ചെല്ലൊണ്ടന്നതിനെ ഇരുവരതാൻ മൂവരതാൻ നാലരതാൻ ചൊല്ലിയാൽ മതി.' രോ. നി. പുറം. 163

'വിശെഷിച്ച കടം വീട്ടാഞ്ഞിട്ട എങ്കിലും ആക്കാനുംചെതം വരുത്തിട്ട എങ്കിലും, മഹരൊൻ എറ്റ ഇരിക്കുന്ന ക്ലെശക്കാരൻ'

രോ. നി. പുറം 114

രണ്ട കൃതികളിലും വിഷയ സ്വഭാവംകൊണ്ട് വിധായക പ്രകാരത്തിലുള്ള ക്രിയകൾക്ക കൂടുതൽ പ്രചാരം ലഭിച്ചിരിക്കുന്നു.

'വിധായകാനുജ്ഞായകങ്ങളിൽ അനുപ്രയോഗധാതുവിനെ പ്രാക്പ്രയോഗധാതുവിൽനിന്നു വേർതിരിച്ചു സ്വതന്ത്രമായിട്ടും പ്രയോഗിക്കാം' (170)

ഈ സിദ്ധാന്തത്തിന് വേണ്ടുവോളം ഉദാഹരണങ്ങളും ഈ കൃതികളിലുണ്ട്. എന്നാൽ ഇങ്ങനെ പിരിച്ചുപ്രയോഗിക്കുമ്പോൾ പ്രാക്പ്രയോഗധാതുവിനോട് 'ഉം' ചേർക്കുന്ന രീതി പൊതുവേ കാണുന്നു.

ഉദാ:

'മുക്കുകയും വെണം'
'ചൈകയും വെണം'
'മുക്കിക്കൊള്ളുകയും ആം'
'അടക്കിക്കൊള്ളുകയും ആം'

'അണം' എന്നതിനു പകരം 'അരുത' അനുപ്രയോഗിച്ചാലും പ്രാക് പ്രയോഗധാതുവിൽ 'ഉം' ചേക്കും

ഉദാ:

'ഇരിക്കയും അരുത'
'ഇരുത്തുകയും അരുത'

'വിശെഷിച്ച', 'എന്നാൽ' — ഇവയിൽ ഏതെങ്കിലും ഒരു പദം കൊണ്ടാണ് രോ. നിയമാവലിയിലെ മിക്ക വാക്യങ്ങളും ആരംഭിക്കുക. ഒരു ശൈലീവിശേഷം എന്ന് ഇതിനെ പരിഗണിച്ചാൽ മതി.

ചുരുക്കം ചില വിചിത്ര ശൈലികളും ഈ കൃതികളിൽ കാണുന്നുണ്ട്.

ഉദാ:

'മാനം കാൽ ഊന്നിയതിന്ന അകത്തൊള്ള പള്ളികയം'
'കുറം ചൊല്ലി കിടക്കുന്നു'
'അനുവാദം ചൈത കിടക്കുന്നു'

170. കേരള പാണിനീയം, എസ്. പി. സി. എസ്, 1969, പു. 223

കാര്യകാരണബന്ധമുള്ള വാക്യങ്ങൾക്കിടയിൽ 'അതെ എന്തെ' എന്ന ചേർത്തുകാണുന്നു.

> 'തംപുരാന്റെറ തിരുമുമ്പിൽ നല്ല കൊലം എന്നും തണ്യകൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല. അത എന്തെ? എല്ലാവക്കും ഒടയവനും തമ്പുരാനും താൻ ആയതിനെക്കൊണ്ട.' ഉ. സ്വ. കാ. പു. 91
>
> അവ്വണ്ണം കന്ദീശാകളുടെ അസ്ഥികളെയും അവരുടെ ദെഹത്തെൽ തൊട്ട വസ്തുക്കളെയും ആശരിക്കുന്നത അനെകം ഫലമുള്ള വസ്തു ആകുന്നത എന്നറിയണം - ഇത എന്തെ? കന്ദീശങ്ങളുടെ ദെഹങ്ങളും വസ്തുക്കളും റൂഹാദക്കുദിശാടെ ഇരിപ്പിടം ആകുന്നതിനെക്കൊണ്ടും....'
>
> റോ. നി. പു. 116

വിശേഷണങ്ങളും പ്രയോഗിക്കുന്ന രീതിയിൽ ചില വ്യതിയാനങ്ങളും കാണുന്നുണ്ട്.

ഉദാ:

> 'കുദാശ സൈത്ത പഴയത' (= പഴയ കുദാശ സൈത്ത്), 'ചെറിയ ഒട്ടക്കത്തെ പട്ടം'(= ഒട്ടക്കത്തെ ചെറിയ പട്ടം)

'കൂടുക', 'പോകുക' തുടങ്ങിയ ക്രിയകളും മലയാളത്തിലില്ലാത്തതും തമിഴിലുള്ളതുമായ അർത്ഥങ്ങളിൽ പ്രയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

ഉദാ:

> 'കുർബാന കൂടിയാൽ' (= കുർബാന അവസാനിച്ചാൽ)
> 'സുറിയാനി പൊകുന്നവർ' (= സുറിയാനി അറിയാവുന്നവർ)

ചുരുക്കം ചില ഭാഗങ്ങളിൽ കാണുന്ന ഇത്തരം ചില വ്യത്യസ്തങ്ങളും പെരുക്കിക്കാണിച്ച് മിഷനറി മലയാളഗദ്യത്തെ 'വികൃതമലയാള'മെന്ന മുദ്രകുത്തുന്നതു ശരിയല്ല. വാക്യരചനയുടെ കാര്യത്തിൽ മിഷനറി മലയാളത്തിനു സുറിയാനിയോട് കടപ്പാടുണ്ടെന്ന അഭിപ്രായം നിരാസ്പദമാണ്. പോർത്തുഗീസ്, ലത്തീൻ തുടങ്ങിയ ഇൻഡോയൂറോപ്യൻ ഭാഷകളുടെ നേരിയ സ്വാധീനം മാത്രമാണ് ഉദയമ്പേരൂർ സൂനഹദോസിന്റെറ കാനോനകളിലും റോസിന്റെറ നിയമാവലിയിലും കാണുന്നത്. മിഷനറിമാരുടെ മാതൃഭാഷ സുറിയാനിയായിരുന്നില്ല, പോർത്തുഗീസ് തുടങ്ങിയ ഇൻഡോ യൂറോപ്യൻ ഭാഷകളായിരുന്നു. കേരളത്തിൽ വന്നതിനുശേഷം ഒരു വിദേശഭാഷ എന്ന നിലയിൽ മാത്രമേ അവർ സുറിയാനിയിൽ പരിചയം നേടിയിരുന്നുള്ളു. മാത്തോമ്മാക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്ന സുറിയാനിപ്പദങ്ങളും മാത്രമാണ് അവർ ഈ കൃതികളിൽ പ്രവേശിപ്പിച്ചത്.

പദതലത്തിൽ വ്യവഹാരഭാഷയുടെ മുദ്രകളും പ്രകടമായിക്കാണുന്നു. പദാവലിക്കു മൊത്തത്തിൽ ദ്രാവിഡീയത്വമാണുള്ളത്. ഇന്ന

ത്തെ വ്യവഹാരഭാഷയിൽക്കാണുന്ന മിക്ക സംസ്കൃതപദങ്ങളും ഈ കൃതികളിൽ കാണുന്നുണ്ട്. അവ പതിനാറാം നൂറ്റാണ്ടിലെ വ്യവഹാരഭാഷയിൽ ഉണ്ടായിരുന്നു എന്നു വിശ്വസിക്കാം. മാത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനഭാഷയായിരുന്ന സുറിയാനിയിൽനിന്നുള്ള നിരവധി നാമപദങ്ങളും ഈ കൃതികളിലുണ്ട്. അവയിൽപ്പലതും ഇന്നും മാത്തോമ്മാക്രിസ്ത്യാനികളുടെ ഭാഷയിൽ പ്രചാരത്തിലിരിക്കുന്നു. റോ. നിയമാവലിയിലാണ് സുറിയാനിപ്പദങ്ങളും കൂടുതലായിക്കാണുന്നത്. (171) പോർത്തുഗീസ്, ലത്തീൻ, അറബിപദങ്ങളും ഈ കൃതികളിൽ കണ്ടെത്താവുന്നതാണ്. വിദേശഭാഷാപദങ്ങളുടെ ലിപ്യങ്കനത്തിൽ നിരവധി പരിമിതികളും മിഷനറിമാർക്ക് അനുഭവപ്പെട്ടിരിക്കാം. എന്നാൽ മലയാള സംസ്കൃതപദങ്ങളുടെ കാര്യത്തിൽ, ലിപിപരിമിതികളും അവക്കുണ്ടായിരുന്നില്ല. അച്ചടി പ്രചാരത്തിലില്ലാതിരുന്ന അക്കാലത്ത് ഓരോ പദവും എങ്ങനെ എഴുതണം എന്നതിനെക്കുറിച്ച് പൊതുവായ ധാരണകളും(Conventions) ഉണ്ടായിരുന്നിരിക്കാൻ സാധ്യത കുറവാണ്. ആയതിനാൽ ഉച്ചാരണത്തോടു നീതിപുലർത്തുന്ന ലിപികളാണ് മിഷനറിമാർ ഉപയോഗിച്ചതെന്നു വിശ്വസിക്കാം. ഇവിടെ പ്രസിദ്ധീകരിക്കുന്ന രണ്ടു കൃതികളിലും പലതരത്തിലുള്ള വ്യത്യാസങ്ങളും കാണുന്നുണ്ട്. അവയിൽപ്പലതും ഇന്നത്തെ വ്യവഹാരഭാഷയിലും കാണാവുന്നവയാണ്. വ്യത്യാസം സംഭവിച്ച രൂപങ്ങളും സംഭവിക്കാത്ത രൂപങ്ങളും ഇടകലർന്നു പ്രത്യക്ഷപ്പെടുന്നു എന്നുള്ളതു പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ചില പദങ്ങളും പല രീതികളിൽ എഴുതിക്കാണുന്നുണ്ട്. ഇത് വിവിധ ഉപഭാഷകളുടെ സ്വാധീനം മൂലമായിരിക്കണം.

ഈ കൃതികളിൽക്കാണുന്ന ചില വ്യത്യാസങ്ങളും ശ്രദ്ധിക്കുക.

I സ്വരവികാരം

(1) അവിടെ — ഔടെ
ചവുട്ടാതെ — ചൌട്ടാതെ
അവ്വണ്ണം — ഔവ്വണ്ണം

(2) കച്ചവടം — കച്ചൊടം
പ്രവൃത്തി — പ്രൊത്തി

(3) ദ്രവ്യം — ദ്രൌവ്യം
ഗർഭം — ഗൌർഭം
അപ്പൻ — അപ്പൌൻ
ഒടയവൻ — ഒടൌയവൻ

(4) അഗതി — അകൃതി
പരദേശി — പരുദേശി

(5) കിടക്കുന്നു — കെടക്കുന്നു
ദിവസം — ദെവസം

(6) പരീക്ഷ — പർുക്ഷ
അവിടെ — അവുടെ

(7) മുതൽ — മൊതൽ
കുറഞ്ഞത — കൊറഞ്ഞത

171. സുറിയാനിഭാഷയിലുള്ള ചില പ്രാർത്ഥനകളും റോ. നിയമാവലിയിൽ കാണുന്നുണ്ട്.

പുസ്തകം — പൊസ്ഥകം
ചൂമട — ചൊമട
സുഖം — സൊഹം / സൊകം
ഉപകാരം — ഒപകാരം
ഉടൽ — ഒടൽ
ആയുധം — ആയിധം

(8) പൈശുന്യം — പൈശന്യം
(9) ഔഷധം — അവുഷതം

II സ്വരഭക്തി (Anaptyxis)

ഓത്ത — ഓറത്ത
സംസാരം — സമുസാരം
മയ്യാദ — മരിയാതി
അംശം — അമിശം

III വർണ്ണലോപം

(1) ഹൊമം — ഓമം
ഋധിരം — ഉതിരം
(2) ആത്മാവ — ആത്മം
വാസ്തവം — ബാസ്തം / വാസ്തം
(3) പ്രായശ്ചിത്തം — പ്രാച്യത്തം
യാത്രയാക്കി — യാത്രാക്കി
(4) വീഴ്ത്തി — വീത്തി
(5) താഴ്ത്തി — താത്തി
(6) ഏല്പുക — ഏക്കുക

IV അന്ത്യാഗമം

ഭായ്യ — ഭായ്യാവ
ഭക്തി — ഭക്തിമ

V വ്യഞ്ജനവികാരം

(1) സ്തുതി — സുദി
ഹെത്തു — ഹെദു
വിചാരം — വിജാരം
എടവക — എടവഗ
വികാരി — വിഗാരി
(2) ആദി — ആതി
പദവി — പതവി
ഭേദം — ഭെതം
മാഗ്ഗം — മാക്കം
ദണ്ഡം — തെണ്ടം
(3) വിചാരം — വിശാരം
ചണ്ഡാളം — ശണ്ടാളം
ചാച്ച് — ശാച്ച്
ചൊദ്യം — ശൊദ്യം
ചരട — ശരട
(4) പുസ്തകം — പുസ്ഥകം
സ്ഥാനം — സ്താനം
(5) ഉയരം — എകരം(172)
ചുവട — ചുകട
ശവം — ചകം
(6) വ്യാപരിക്ക — യാവരിക്ക
നിരൂപിക്ക — നിരുവിക്ക
താവരം — താപരം
(7) പ്രാർത്ഥിക്ക — പ്രാത്തിക്ക
ശബ്ദം — ശത്തം
(8) ഓഹരി — ഓകരി / ഒഗരി / ഒവകരി
(9) പടാർത്ത — പാാത്ത
വർത്തമാനം — വർധമാനം
വാസ്തം — ബാസ്തം
കാതം — കാസം
വാർത്തപ്പെട്ട — വാസ്തുപ്പട്ട
പിഴ — പിഷ
തിട്ടതി — ദിഷ്ടതി / ദിഷ്ടദി
(10) സാദൃശ്യം — ശാതിരിയം
(11) വിലസി — വെളസി

172. ദേശ്യപദങ്ങളാണെന്നതിൽ സംശയമില്ല.

ഈ കൃതികളിൽ നിരവധി പോർത്തുഗീസ് പദങ്ങളും കാണുന്നുണ്ട്. പോർത്തുഗീസുകാരുടെ ആഗമനത്തിനുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടാണല്ലോ ഈ കൃതികളും രചിക്കപ്പെട്ടത്. അതിനോടകം തന്നെ നിരവധി പോർത്തുഗീസ് പദങ്ങളും മലയാളത്തിലേക്കു സംക്രമിച്ചിരുന്നിരിക്കണം. അവയുടെ പ്രചാരം വർദ്ധിപ്പിക്കാൻ ഈ കൃതികളും ഉപകരിച്ചിട്ടുണ്ടാവും. ഈ കൃതികളിൽ ഉപയോഗിച്ചിട്ടുള്ള ഏതാനും പോർത്തുഗീസ് പദങ്ങൾ:

കത്തൊലിക്ക-, കുരിശു, പാതിരി, പാപ്പാ, കാസ, കട്ടാശ, വീഞ്ഞു, കുമ്പസാരം, കടെര (= കസേര), തുവാല, ചെരിപ്പു, പ്രാക്കു (= ശാപം).

ഈ കൃതികളിൽ പ്രത്യക്ഷപ്പെടുന്ന സുറിയാനിപ്പദങ്ങളും പ്രാചീനകാലംമുതൽതന്നെ മാത്തോമ്മാക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നുവെന്ന ന്യായമായി വിശ്വസിക്കാം. എന്നാൽ പോർത്തുഗീസ് പദങ്ങളെപ്പോലെ സാവ്വ്ജനീനമായ അംഗീകാരം നേടാൻ ഇവക്കു കഴിഞ്ഞില്ല. ക്രൈസ്തവരുടെ മതഭാഷയിൽ മാത്രമാണ് അവക്കു പ്രചാരമുള്ളതു്. ഏതാനും ഉദാഹരണങ്ങളും നോക്കുക:

ക്ലാശ, റൂഹാദക്കുദശാ, സ്ലീവ, ശ്ലീഹ, മഹറൊൻ, കുറുബാന, ഏവൻഗെലിയൊൻ, കന്ദീശ, ശൈത്താൻ, കശീശ, റമ്പാൻ, മല്പാൻ.

മാത്തോമ്മാക്രിസ്ത്യാനികളുടെ ഭാഷയിൽ സവിശേഷാർത്ഥത്തോടുകൂടി നിലനിൽക്കുന്ന ചില പദങ്ങളും ഈ കൃതിയിലും കാണുന്നുണ്ട്.

ഉദാ: തെറുക (= പശ്ചാത്തപിക്കുക), പറഞ്ഞൊക്കുക (= വാക്കു പറയുക), ഉടയതംപുരാൻ, ഒരിംപാട (=Communion), എരുപ്പനമസ്കാരം(=യാചനാരൂപത്തിലുള്ള പ്രാർത്ഥന),പെരുന്നാൾ(=Church Festivel)), ഉപവി (= Charity), കത്തനാർ (= പുരോഹിതൻ), കുരുന്തല (= Generation), കുറി (= letter), കെട്ടുപാട (= ബന്ധം, alliance), കൈയ്യാളിക്കുക (= to hand over), ചമയപ്പുര (= vestry), ചാവദോഷം (= മാരകമായ പാപം, mortal sin), പാപദോഷം (= venial sin), തലപ്പുട്ട (= പ്രധാനപ്പെട്ട), പട്ടാങ്ങ (= സത്യം), പട്ടക്കാരൻ (= പുരോഹിതൻ), പൊക്കുക (= Absolve)

പ്രസാധനചരിത്രം, കൈയെഴുത്തുഗ്രന്ഥങ്ങൾ

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളും ഇതാദ്യമായിട്ടല്ല അച്ചടിയിലെത്തുന്നതു്. മലയാളത്തിലുള്ള കാനോനകളും ഇദംപ്രഥമമായി 1952ൽ പ്രസിദ്ധീകരിക്കപ്പെട്ടു. പണ്ഡിതനും ചരിത്രഗവേഷണ ചതുരനുമായിരുന്ന ശ്രീ കെ. എൻ. ഡാനിയേലായിരുന്ന

പ്രസാധകൻ. ഈ പുസ്തകത്തിന്റെ കോപ്പികളും വിറ്റുതീർന്നിട്ട് ഏതാണ്ടും വർഷങ്ങളായി. (173) മലയാളത്തിലുള്ള മൂലകൃതിക്ക് അച്ചടിയിലെത്താൻ 353 വർഷങ്ങളും വേണ്ടിവന്നുവെങ്കിലും സൂനഹദോസിനു ശേഷം മെനേസിസ് പോർത്തുഗീസ് ഭാഷയിൽ തയ്യാറാക്കിയ പരിഷ്കരിച്ച പതിപ്പ് 1606ൽ തന്നെ ലിസ്ബണിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ജൊർണാദ എന്ന ഗ്രന്ഥത്തിന്റെ അനുബന്ധമായി പ്രത്യക്ഷപ്പെട്ട ഈ കാനോനകളും പല യൂറോപ്യൻ ഭാഷകളിലേക്കും വളരെവേഗം സംക്രമിച്ചു. 1694ൽ ഇംഗ്ലീഷിലുണ്ടായ പരിഭാഷ പല ഗ്രന്ഥങ്ങളിലും അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇംഗ്ലീഷിലും ലത്തീനിലുമുള്ള പരിഭാഷകളെ ആധാരമാക്കിയാണ് പലരും സൂനഹദോസിനെക്കുറിച്ച് പഠിക്കുകയും എഴുതുകയും ചെയ്തിട്ടുള്ളത്. മലയാളത്തിലുള്ള മൂലകൃതിയെ ചരിത്രവിദ്യാർത്ഥികളും കാര്യമായി ഗണിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. മൂലകൃതിയും മെനേസിസിന്റെ പരിഷ്കരിച്ച പതിപ്പും തമ്മിൽ ഉള്ളടക്കത്തിലുള്ള അന്തരം വ്യക്തമായതോടെ (174) ചരിത്രപണ്ഡിതന്മാരും ഇപ്പോൾ മൂലകൃതി അന്വേഷിക്കുവാൻ തുടങ്ങിയിരിക്കുന്നു.

കർമ്മലീത്താ മിഷനറിമാരുടെകാലത്തു തയ്യാറാക്കിയ കൈയെഴുത്തു കോപ്പികളിൽ ഒരെണ്ണം മാന്നാനം സി. എം. ഐ. ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്നു. 1768 ലുണ്ടായ കോപ്പിയാണിത്. ക്രമനമ്പർ: $\frac{6\ E\ 9}{299}$. പിൽക്കാലത്തുള്ള ഒരു പകർപ്പും ആശ്രമലൈബ്രറിയിലുണ്ട്. ക്രമനമ്പർ: $\frac{6\ E\ 10}{1780}$. അതിന് ഒരു നൂറു വർഷത്തിലധികം പഴക്കം തോന്നുന്നില്ല. ശ്രീ കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥശേഖരത്തിൽനിന്ന് ഒരു കൈയെഴുത്തു ഗ്രന്ഥം എനിക്കു ലഭിക്കുകയുണ്ടായി. (ഇതിനു ബി. എന്നു പേരിട്ടുന്നു) ശ്രീ കെ. എൻ. ഡാനിയേൽ 1952ൽ അച്ചടിച്ചുപ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന് അഞ്ച് ആധാരഗ്രന്ഥങ്ങളാണുണ്ടായിരുന്നത്. അവയിൽ ഏറ്റവും പഴക്കംചെന്നത് മാന്നാനം ആശ്രമത്തിലെ $\frac{6\ E\ 9}{299}$ എന്ന കോപ്പിയാണ്. അദ്ദേഹം ഉപയോഗിച്ച മറ്റു കോപ്പികളൊന്നും കണ്ടെടുക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. ബി. എന്ന കോപ്പി അദ്ദേഹം ഉപയോഗിച്ചിട്ടില്ലെന്നു തീർച്ച. 1952നു ശേഷമാവാം അത് അദ്ദേഹത്തിനു ലഭിച്ചത്. ബി. യിലെ

173. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, The Malayalam Branch of Christian Literature society for India, Tiruvalla, 1952.

174. ഡോ. ജോസാസാണ് ഇവ തമ്മിലുള്ള അന്തരം പണ്ഡിതലോകത്തെ ബോധ്യപ്പെടുത്തിയത്.

ആദ്യത്തെ ഏതാനും താളുകളും നഷ്ടപ്പെട്ടിരിക്കുന്നു. മാന്നാനംആശ്രമത്തിലെ $\frac{6\,E\,9}{299}$ എന്ന കോപ്പിയും ബി. യും ഉപയോഗിച്ചാണ് ഈ പ്രസാധനം തയ്യാറാക്കുന്നത്. പകർത്തിയെഴുതിയ കാലം കൃത്യമായി അറിയാവുന്ന മാന്നാനം കോപ്പിതന്നെ ആധാരഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്നു. ബി. യിലും കെ. എൻ. ഡാനിയേലിന്റെ 1952 ലെ പതിപ്പിലും കാണുന്ന സാരമായ വ്യത്യാസങ്ങളും യഥാസ്ഥാനം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1952ൽ കെ. എൻ. ഡാനിയേൽ പ്രസിദ്ധീകരിച്ച പതിപ്പ് അന്നത്തെ പ്രസാധനസമ്പ്രദായംവച്ചുനോക്കിയാൽ ഉന്നതനിലവാരം പുലർത്തുന്നതാണ്. കാനോനകളുടെ ഭാഷാപരമായ പ്രാധാന്യം അദ്ദേഹത്തിനറിയാമായിരുന്നു. അവതാരികയിൽ ഇക്കാര്യം അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്:

> 'അക്ഷരത്തെറ്റുകളും എന്നു നാം ഇന്നു വിചാരിക്കുന്ന 'അനുവാസം (അനുവാദം), വിയ്യാരം, വിശാരം, (വിചാരം), ദിവസി (ദിവസം), എടവകേടെ (എടവകയുടെ), അമിശം (അംശം), പള്ളിക്കെന്നു (പള്ളിക്കൽനിന്നു) മുതലായവ യഥാസ്ഥിതിയിൽ അച്ചടിപ്പിച്ചിരിക്കുന്നു. ഇതെല്ലാം അന്നത്തെ സാമാന്യ നസ്രാണികളുടെയും നായന്മാരുടെയും മറ്റും ഇടയിലെ ഉച്ചാരണ രീതിയാണ്. പുരാതനകാലത്തു വിരാമങ്ങളോ കെട്ടുപുള്ളികളോ മീത്തലോ ഇല്ലായിരുന്നു. എങ്കിലും വായനക്കാർക്കു സംഗതികരം സുഗ്രാഹ്യമാകുന്നതിനു വിരാമങ്ങളും കെട്ടുപുള്ളികളും ആവശ്യാനുസരണം ചേർത്തിട്ടുണ്ട്. അച്ചടിക്കാർക്കു ഒഴിച്ചുകൂടാത്ത ആവശ്യം വന്നെങ്കിലെ മീത്തൽ ഉപയോഗിക്കയുള്ളൂ.
>
> ഇത്ര ദീർഘമായതും ഇത്ര പഴക്കമുള്ളതുമായ മലയാള ഗദ്യകൃതി മറ്റില്ല. അതുകൊണ്ടു ഇതു ഭാഷാപരമായി അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഒരു ഗ്രന്ഥമാണ്. ഭാഷയുടെ വികാസം പഠിക്കുന്ന പണ്ഡിതന്മാർക്കു ഇതെത്രയും പ്രയോജനപ്രദമാണ്.....
> ഇന്നു നാം ഉപേക്ഷിച്ചിരിക്കുന്ന 'പട്ടാങ്ങ', 'പടാത്ഥ' മുതലായ പദങ്ങളും ഇതിലുള്ളതുപോലെ ഹൈന്ദവ രേഖകളിലും കാണുന്നുണ്ട്. ഇതിലെ ഭാഷ പതിനാറാം നൂറ്റാണ്ടിലെ നല്ല മലയാളം തന്നെ ആണ്.'

മീത്തലും കെട്ടുപുള്ളിയും ഉപയോഗിച്ചതിനു പുറമേ അറിഞ്ഞോ അറിയാതയോ മറ്റു ചില മാറ്റങ്ങളും ഡാനിയേലിന്റെ അച്ചടിഗ്രന്ഥത്തിൽ കടന്നുകൂടിയിട്ടുണ്ട്. സന്ധിയില്ലാത്തിടത്ത് സന്ധി ചെയ്യുക, സന്ധിയുള്ളിടത്ത് പിരിച്ചെഴുതുക, അർത്ഥവ്യക്തതക്കുവേണ്ടി ചില പദങ്ങളും പരിഷ്കരിക്കുക എന്നിങ്ങനെ ചില മാറ്റങ്ങളും

കാണുന്നുണ്ട്. മുഖ്യമായും ചരിത്രവിദ്യാർത്ഥികളെ മുന്നിൽക്കണ്ടുകൊണ്ട് അദ്ദേഹം തയ്യാറാക്കിയ ആ പതിപ്പ് സ്റ്റെല്ലിംഗിന്റെ കാര്യത്തിലും മൂലകൃതിയോട് പൂർണ്ണമായി നീതി കാണിക്കുന്നില്ല. ആ പോരായ്മകൾ പരിഹരിച്ച് ഭാഷാചരിത്രവിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്നമട്ടിലാണ് ഈ പകർപ്പ് പ്രസിദ്ധീകരിക്കുന്നത്. കാനോനകളുടെ മൂന്നു മലയാളം പതിപ്പുകൾ വത്തിക്കാനിലെ ഗ്രന്ഥാലയത്തിലുണ്ടെന്ന് അറിയുന്നു. അവയുടെ ഫോട്ടോ പകർപ്പുകളെങ്കിലും കാണാൻ സാധിച്ചിരുന്നെങ്കിൽ നന്നായിരുന്നു. ഇക്കാര്യത്തിൽ എന്റെ പരിശ്രമങ്ങൾ വിജയിച്ചിട്ടില്ല. മാന്നാനത്തുള്ള കൈയെഴുത്തു ഗ്രന്ഥങ്ങൾ പരിശോധിക്കാനും പകർത്തിയെടുക്കാനും അനുവദിച്ച ആശ്രമാധികൃതരോട് എനിക്കു പ്രത്യേകമായ കടപ്പാടുണ്ട്. ശ്രീമാൻ കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നു വിലപ്പെട്ട ചില ഗ്രന്ഥങ്ങൾ എനിക്കു വിട്ടുതന്ന സെൻറ് തോമസ് ഇവാൻജലിക്കൽ ചർച്ച് അധികൃതരോടും അവരുമായി ബന്ധപ്പെടാൻ എന്നെ സഹായിച്ച ശ്രീ മാത്യു ചാക്കോ പൈനുമ്മൂട്ടിൽ അവർകളോടും എനിക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

റോസിന്റെ നിയമാവലി എന്ന വിശിഷ്ട പ്രാചീന ഗദ്യഗ്രന്ഥം ഇതാദ്യമായിട്ടാണ് അച്ചടിയിലെത്തുന്നത്. 1606ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ശ്ലൂപതാനിയമാവലിക്കു കൂനൻകുരിശുസത്യംവരെ കേരളസഭയിൽ പ്രാബല്യമുണ്ടായിരുന്നു. എന്നാൽ ഈ ഗ്രന്ഥത്തിന്റെ പകർപ്പുകൾ കേരളത്തിൽ വിരളമാണ്. അവ തേടിപ്പിടിക്കാൻ ഞാൻ നടത്തിയ ശ്രമങ്ങൾ വിഫലമാകയാണുണ്ടായത്. അവസാനം വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്ന പകർപ്പിന്റെ (Codex Borgiano Indiano, n. 18) ഒരു ഫോട്ടോ കോപ്പി എനിക്കു കിട്ടി. ഭാഗ്യവശാൽ വത്തിക്കാനിലെ പകർപ്പിനു സാരമായ കേടുപാടുകളൊന്നുമുണ്ടായിരുന്നില്ല. ചുരുക്കം ചില പദങ്ങൾ മാത്രമേ മാഞ്ഞുപോയിട്ടുള്ളൂ. കടലാസ് ദുർല്ലഭമായിരുന്ന കാലത്ത് എഴുതിയ പകർപ്പാണ്. നേരത്തേ എന്തോ എഴുതിയിരുന്ന കടലാസിലെ അക്ഷരങ്ങൾ മായിച്ചുകളഞ്ഞിട്ടാണ് ഈ പകർപ്പ് എഴുതിയിരിക്കുന്നതെന്നു തോന്നുന്നു. പഴയഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ അവിടവിടെ കാണുന്നുണ്ട്. 1792നു മുമ്പുതന്നെ ഈ പകർപ്പ് റോമിലെത്തിച്ചേർന്നുവെന്ന് തീർച്ചയുണ്ട്. 1792ൽ റോമിലുണ്ടായിരുന്ന കൈയെഴുത്തുഗ്രന്ഥങ്ങളുടെ പട്ടികയിൽ ഈ കൃതിയും ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ് ഇക്കാര്യം ഉറപ്പിച്ചു പറഞ്ഞത്. അങ്കമാലിദേവാലയം വിലയ്ക്കുവാങ്ങിയ കമ്മലീത്താമിഷനറിമാരാ

യിരിക്കണം ഈ പകർപ്പ് റോമിലേക്കു കൊണ്ടുപോയത്. അങ്കമാലി ഭദ്രാസനദേവാലയത്തിൽ വലിയൊരു ഗ്രന്ഥശേഖരമുണ്ടായിരുന്നു എന്ന കാര്യം അനുസ്മരിക്കുമല്ലോ. വത്തിക്കാനിലുള്ളത് മൂലഗ്രന്ഥം (autograph)തന്നെയാണെന്ന് എനിക്കു തോന്നുന്നു. ആശയപരമായ ചില തിരുത്തലുകൾ ഇതിൽ വരുത്തിയിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ ഊഹിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ഫോട്ടോ പകർപ്പു തന്നു സഹായിച്ച റവ. ഡോ. സേവ്യർ കൂടപ്പുഴയോട് എനിക്കു പ്രത്യേകമായ നന്ദിയുണ്ട്. ഈ ഗ്രന്ഥത്തിന്റെ പകർപ്പുകൾക്കുവേണ്ടിയുള്ള അന്വേഷണത്തിൽ എന്നെ സഹായിച്ച റവ. ഫാ. സി. ററി. വയലിൽ, റവ. ഫാ. ജോർജ് മടത്തിപ്പറമ്പിൽ, റവ. ഡോ. നാഗത്തുർ എന്നിവരേയും ഞാൻ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

VII

പ്രാചീനകാലത്ത് വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ആയ്യ് എഴുത്ത് എന്നിങ്ങനെ നാലു ലിപിസമ്പ്രദായങ്ങൾ കേരളത്തിൽ പ്രചരിച്ചിരുന്നു. വട്ടെഴുത്തിനും ആയ്യ് എഴുത്തിനുമായിരുന്നു കൂടുതൽ പ്രചാരം. വട്ടെഴുത്തിനു ബഹുസ്വനത്വം (i.e. ഒരു ലിപികൊണ്ട് പല വർണ്ണങ്ങൾ സൂചിപ്പിക്കുക) എന്ന പരിമിതിയുണ്ടായിരുന്നു. പ,വ,യ,ന എന്നീ വർണ്ണങ്ങൾ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടാണ്. ക,ച എന്നീ വർണ്ണങ്ങളുടെ കാര്യവും തഥൈവ. 'ഊട്ടുള്ളവനേ ഏട്ടുവായിക്കാവൂ' എന്ന പഴഞ്ചൊല്ല് അനുസ്മരിക്കുക. സംസ്കൃതവർണ്ണങ്ങൾ മലയാളത്തിൽ പ്രചരിച്ചതോടെ നടപ്പിലായതാണ് ആയ്യ് എഴുത്ത്. 1251-ലെ ആറൂർ ശാസനം ഈ ലിപിയിലാണ്.

ഉ. സൂ. കാനോനകളിലും റോസിന്റെ നിയമാവലിയിലും ആയ്യ് എഴുത്താണ് ഉപയോഗിച്ചിരിക്കുന്നത്. 'മലയാഷ്മയിലും കുസോനിയിലും' എഴുതപ്പെട്ട എന്നു ഉ. സൂ. കാനോനകളിൽ കാണുന്നുണ്ടെങ്കിലും ഇവിടെപ്പറയുന്ന 'മലയാഷ്മ' തെക്കൻ തിരുവിതാംകൂറിൽമാത്രം പ്രചരിച്ചിരുന്ന മലയാണ്മയാണെന്നു കരുതാവുന്നതല്ല. മലയാളം എഴുതാൻ ഉപയോഗിക്കുന്ന ലിപി എന്ന വ്യാപകാർത്ഥത്തിലാവണം 'മലയാഷ്മ' എന്ന പേര് ഉപയോഗിച്ചിരിക്കുന്നത്. ഉ. സൂ. കാനോനകളുടെ ഇന്നുള്ള പകർപ്പുകളെല്ലാം ആയ്യ് എഴുത്തിലാണ്. തിരുക്കുറൾ പരിഭാഷയിലും (1595-ൽ കൊച്ചിരാജ്യത്തുണ്ടായ കൃതിയാണല്ലോ ഇത്) ആയ്യ് എഴുത്താണ് കാണുന്നത്. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ മധ്യകേരളത്തിലെ പ്രചാര

മേറിയ ലിപിയായിരുന്ന ആയ്ത്ത എഴുത്ത് എന്ന ന്യായമായി അനുമാനിക്കാം.

ഈ ഗ്രന്ഥങ്ങളിലെ ലിപിവ്യവസ്ഥയെപ്പറ്റി ചില കാര്യങ്ങൾ ഇവിടെ പറയാം(174).

(I) തമിഴ് ലിപികളുടെ വടിവിൽ മലയാള ലിപികൾ എഴുതാനുള്ള ശ്രമം ഈ ഗ്രന്ഥങ്ങളിൽ കാണുന്നു. ക,ത—ഇവയുടെ ലിപികൾക്കു തമിഴ് ലിപികളോടുള്ള സാദൃശ്യം ശ്രദ്ധേയമാണ്.

(II) പഴയ മലയാളത്തിലും സ്വരങ്ങൾക്കു ഹ്രസ്വദീർഘഭേദം ലിപിമാലയിൽ അവഗണിച്ചിരിക്കുന്നു. ഏ,ഓ എന്നീ ലിപികൾ ഈ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. എന്നാൽ അവ ഉപയോഗിക്കേണ്ട പല സ്ഥാനങ്ങളിലും എ,ഒ എന്നീ ഹ്രസ്വചിഹ്നങ്ങൾ തന്നെ ഉപയോഗിച്ചിരിക്കുന്നു. ദീർഘസ്വരങ്ങൾ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന കെട്ടുപുള്ളി(േ)കൾക്കു നൂറു വർഷത്തിലധികം പഴക്കമില്ല. പഴയ കൃതികളിലെല്ലാം അവയുടെ സ്ഥാനത്ത് ഹ്രസ്വചിഹ്നങ്ങൾ (െ,ൊ) ഉപയോഗിച്ചിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിലും കെട്ടുപുള്ളികൾ കാണുന്നില്ല.

ഉദാ: തെറി—തേറി
കെട്ട—കേട്ട
പൊക—പോക
ലൊകം—ലോകം

(III) സംവൃതോകാരത്തിന് ഇന്നുപയോഗിക്കുന്ന ചന്ദ്രക്കല(്) വളരെ ആധുനികമായ ഒരു ലിപിയാണ്.

'ഇത' (ഇത്), 'കണ്ട' (കണ്ട്) എന്നിങ്ങനെ അകാരചിഹ്നം കൊണ്ടു സംവൃതോകാരം രേഖപ്പെടുത്തുന്ന സമ്പ്രദായമാണ്(175) ഈ ഗ്രന്ഥങ്ങളിൽ ധാരാളമായിക്കാണുന്നത്.

'അതു' (അത്) പോലെ ഉകാരചിഹ്നവും ഉപയോഗിച്ചുകാണുന്നുണ്ട്.

(IV) ദീർഘസ്വരമായ 'ഈ' രേഖപ്പെടുത്തുന്നതിന് ഇന്നു നാം ഉപയോഗിക്കുന്ന ലിപികൾക്കു പുറമേ 'ംരം' എന്ന ലിപിയും കാണുന്നു. എന്നാൽ അതിന്റെ പ്രയോഗം വിരളമാണ്.

---

174. മുഖ്യമായും റോസിന്റെ നിയമാവലിയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ നിരീക്ഷണങ്ങൾ.

175. അകാരാന്തത്തിനും സംവൃതാന്തത്തിനും പ്രത്യേകം ലിപികളില്ല.

(V) 'ൻറ' യുടെ ലിപി സവിശേഷശ്രദ്ധ അഹ്വിക്കുന്നു. 'ൻറ' —രണ്ടു 'റ' എഴുതുന്ന സമ്പ്രദായമാണു കാണുന്നതു്. കേരളപാണിനീയത്തിന്റെ പീഠികയിൽ ഇങ്ങനെ കാണുന്നു:

'ഉച്ചാരണത്തിൽ നിർബന്ധമുള്ളവർ 'ൻറ' എന്നു് ഇരട്ടിച്ചുതന്നെ എഴുതിയിരുന്നുവോ എന്നു നിണ്ണയിപ്പാനും ഇപ്പോൾ സാധ്യമല്ല'(176)

ശരിയായ ഉച്ചാരണം വ്യക്തമാക്കുന്നു ലിപി പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നുവെന്നതിനു് ഈ ഗ്രന്ഥങ്ങൾ തെളിവുകളാണു്. 1595-ലെ തിരുക്കുറൾ പരിഭാഷയിലും 'ൻറ' കാണുന്നുണ്ടു്(177).

(VI) ങ, ഞ—ഈ കൂട്ടക്ഷരങ്ങൾ രണ്ടു തരത്തിൽ എഴുതിക്കാണുന്നു.

ങ—ംക

ഞ—ംച(178)

(VII) ഇന്നത്തെ ലിപിമാലയിൽ 'പ്പ' പോലെ താഴെയും മുകളിലുമായി വ്യഞ്ജനം ഇരട്ടിച്ചെഴുതുന്ന രീതിയിൽ 'മ്മ', 'ച്ച' എന്നീ കൂട്ടക്ഷരങ്ങളും ഈ ഗ്രന്ഥങ്ങളിൽ എഴുതിക്കാണുന്നു(179).

(VIII) വിസർഗ്ഗം ചേർത്തും ചേർക്കാതെയും 'ദുഃഖം' എന്ന പദം എഴുതിക്കാണുന്നു.

(IX) രേഫം കലർന്ന കൂട്ടക്ഷരങ്ങളിൽനിന്നു് രേഫം വേർപെടുത്തിയെഴുതുന്ന സമ്പ്രദായവും കാണുന്നുണ്ടു്.

ഉദാ. മാർക്കം —മാർക്കം

തർപ്പ —തർപ്പ

(X) പദമധ്യത്തിൽ താലവ്യസ്വരങ്ങൾക്കു പിൻപു വരുന്ന യകാരച്ഛായയുള്ള 'ക്യ' യകാരം ചേർക്കാതെതന്നെ എഴുതിക്കാണുന്നു.

ഉദാ. ബൊധിപ്പിക്ക, പള്ളിക്കൽ, അങ്കമാലിക്കലെ

മേൽവിവരിച്ച ലിപിപരമായ സവിശേഷതകളും മനസ്സിലാക്കിക്കൊണ്ടുവേണം ഈ ഗ്രന്ഥങ്ങൾ വായിക്കാൻ. 'ഉദയനേരൂർ സൂനഹദൊസ' എന്നു് എഴുതിക്കണ്ടാൽ 'ഉദയനേരൂർ സൂനഹദോസു്' എന്നുതന്നെ വായിക്കാം.

---

176. കേരളപാണിനീയം, എസ്. പി. സി. എസ്., 1969, പുറം. 88


177. എൽ. വി. രാമസ്വാമി അയ്യർ, Editor, Tirukkural In Malayalam, Bulletin Of The Ramavarma Research Institute, Vol. VI, Part II, 1938, p. 135.

178. മ്മ—ംമ

179. 'ണ്മ'— 'ൺ്മ' പോലെ താഴെയും മുകളിലുമായി എഴുതിക്കാണുന്നു. കൈയെഴുത്തുഗ്രന്ഥത്തിന്റെ പകർപ്പ് കാണുക. പുറം. CXXXIII

അച്ചടിച്ചപ്പോൾ വരുത്തിയിരിക്കുന്ന ലിപിവ്യത്യാനങ്ങൾ ശ്രദ്ധിക്കുക:

റോസിന്റെ നിയമാവലി, കൈയെഴുത്തുഗ്രന്ഥം, പുറം 8



അച്ചടിച്ചപ്പോൾ:

'വിശെഷാൽ നക്ഷത്രങ്ങൾക്ക വെളിവുകൊണ്ട തമ്മിൽ തമ്മിൽ ഏറക്കുറവ ഉണ്ട എന്നപൊലെ അവ്വണ്ണം തന്നെ മൊക്ഷത്തിൽ ഇരിക്കുന്ന ആത്മാവുകടെ യൊഗ്യത്തിന്ന തക്കവണ്ണം തംപുരാനെ അവർ കാണുന്നതിന്റെറ മുഴപ്പാകുന്നു–വിശെഷിച്ച ചാവദൊഷം പിഴച്ച തെറാതെ ചാകുന്നവരിടെ ആത്മാവുകളും ദെഹത്തിൽനിന്ന വെർപിരിഞ്ഞാൽ ഉടൻതന്നെ നരകപ്പട്ട എന്നന്നെക്കുമുള്ള തിയടെ ദുഷ്ടന്മത്തിൽ അകപ്പട്ട തപുംരാനെ ഒരു നാളും കാണ്മാൻ വശമല്ലാത്തവണ്ണം ചമഞ്ഞ നരകത്തിൽ അകപ്പടുമാറാകുന്നു—വിശെഷിച്ച ഒവിയും തംപുരാന്റെറ തിരുവിള്ളവും ഉള്ളവർ ചിലർ തങ്ങൾ ചൈത പിഴകൾക്ക മുഴവൻ ആയാ പ്രാശ്യത്വം ചൈത'

കൈയെഴുത്തുഗ്രന്ഥങ്ങളിൽ കാണുന്ന ലിപിപരമായ സവിശേഷതകളും ഈ അച്ചടിച്ച പതിപ്പിൽ നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്(180) ചുരുക്കം ചില സന്ദർഭങ്ങളിൽ പ്രസ്സുകാരുടെ അഭ്യർത്ഥനമാനിച്ച് ചില കൂട്ടക്ഷരങ്ങളും ചന്ദ്രക്കലയിട്ട് പിരിച്ചിട്ടുണ്ടെന്ന കാര്യം ഖേദപൂർവ്വം രേഖപ്പെടുത്തട്ടെ. പ്രധാനപ്പെട്ട മാറ്റങ്ങളും താഴെക്കാണുന്നവയാണ്:

കൈയെഴുത്തുഗ്രന്ഥത്തിൽ	അച്ചടിയിൽ
	——പ്പ് ള
	——പ്പ് റ
	——ശ് വ
	—— ഷ്ട
കൂട്ടക്ഷരത്തിന്റെ ഭാഗമായി വരുന്ന 'ക്ക' 	——സ്ക
	——ഴ്മ


---

180. പ്രാചീന ഗ്രന്ഥങ്ങളും അച്ചടിക്കുമ്പോഴും പ്രാചീന ലിപിസമ്പ്രദായം ഉപേക്ഷിക്കുന്ന അനാശാസ്യപ്രവണതയെക്കുറിച്ച് ശ്രീ ശൂരനാട്ട് കുഞ്ഞൻപിള്ള ഇങ്ങനെ എഴുതുന്നു: 'പല പഴയ കൃതികളുടേയും മുദ്രിതരൂപങ്ങളും പഴയ ലിപിവ്യവസ്ഥയെ പൂർണ്ണമായും അനുപോലെ കൈക്കൊണ്ടിട്ടില്ല. ക്രി.വ. 14-15-ാം നൂറ്റാണ്ടിലെ കൃതിയായ ബ്രഹ്മാണ്ഡപുരാണം ഗദ്യം ഈ വിഷയത്തിൽ നല്ലൊരു തെളിവാണ്. ആ ഗദ്യഗ്രന്ഥത്തിന്റെ മുദ്രിതമാതൃകയിൽ ആധുനിക ലിപിവ്യവസ്ഥകളും പലതും സ്വീകരിച്ചു കാണുന്നു. 'ഉ'കാരയുക്തമായ വ്യഞ്ജനത്തിനു മുകളിൽ ചന്ദ്രക്കലയുടെ ചിഹ്നം ഇട്ട് അദ്ധ്'ഉ'കാരത്തെ അടയാളപ്പെടുത്തുന്ന നവീനരീതിപോലും അതിൽ കാണ്മാനുണ്ട്. പഴയ ലിപിവ്യവസ്ഥയെ മുറുകെപ്പിടിച്ചാൽ അതു് അബദ്ധധാരണയുളവാക്കുമെന്നുള്ളതുകൊണ്ട് ഗ്രന്ഥങ്ങളുടെ പ്രചാരത്തെത്തന്നെ ബാധിക്കുമെന്നു സമ്മതിക്കണം. എന്നാലും മുദ്രിതപ്രസാധനങ്ങളും പഴയ ലിപിസമ്പ്രദായത്തെ കുറെയൊക്കെ ബലികഴിച്ചിട്ടുണ്ടെന്നുള്ള വസ്തുത അവശേഷിക്കുന്നു'. Malayalam Lexicon, Vol. I, അവതാരിക, പുറം. LXVIII—LXIX.

കൈയെഴുത്തുഗ്രന്ഥത്തിൽ കാണുന്ന ഖണ്ഡികകൾ അതേമട്ടിൽത്തന്നെ ഇവിടെ അച്ചടിച്ചിരിക്കുന്നു. വിരാമചിഹ്നങ്ങളുടെ സ്ഥാനത്ത് നേർവരകൾ (—) ഇടുന്ന രീതി ഈ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. അവയും അപ്പാടെ നിലനിർത്തിയിരിക്കുന്നു. ഇന്നത്തെ മാനദണ്ഡംവച്ചു നോക്കിയാൽ അനാവശ്യങ്ങളെന്നു തോന്നുന്ന നിരവധി നേർവരകൾ അക്ഷരത്തിൽപ്പെട്ടതും. പൂർണ്ണവിരാമചിഹ്നങ്ങൾ ആവശ്യമുള്ള ചില സ്ഥാനങ്ങളിൽ നേർവരകൾ കാണുന്നതുമില്ല. അവിടെയെല്ലാം പൂർണ്ണവിരാമചിഹ്നങ്ങൾ ചേർത്തിട്ടുണ്ട്. അർത്ഥം വ്യക്തമാക്കാൻ കൂടിയേ തീരൂ എന്നു തോന്നിയിട്ട് മറ്റു ചില സ്ഥാനങ്ങളിൽ കോമ്മാ, കോളൺ, സെമിക്കോളൺ, ചോദ്യചിഹ്നം തുടങ്ങിയവ ചേർത്തിരിക്കുന്നു. ഉദ്ധാരണചിഹ്നങ്ങളും ഇപ്പോൾ കൂട്ടിച്ചേർത്തതാണ്.

വൃത്തിയായി ഖണ്ഡികകൾ തിരിച്ചെഴുതുന്ന സമ്പ്രദായമാണ് കൈയെഴുത്തുഗ്രന്ഥങ്ങളിൽ കാണുന്നത്. റോസിന്റെ നിയമാവലിയിൽ വിശദമായ വിഷയവിവരപ്പട്ടിക (Table of Contents) എഴുതിച്ചേർത്തിരിക്കുന്നു. ഇതെല്ലാം മലയാളത്തെ സംബന്ധിച്ചിടത്തോളം മിഷനറിമാർ നടപ്പിലാക്കിയ പുതുമകളാണല്ലോ.

സ്കറിയാ സക്കറിയാ





ഉദയമ്പേരൂർ
സൂനഹദോസിന്റെ
കാനോനകൾ

എ. ഡി. 1599

തിരുനാരായണപുരം
ദർശനപ്രസാദസഭാഗ്രന്ഥ
പ്രകാശനസമിതി

൧൯൨൧ മാർ ൫൦

ഉദിയമ്പെരൂർ സൂനഹദോസ

ശുദ്ധമാന മാപ്പ്പ്പാടെ കല്പനയാലെ(1) മാർ അല്പൈസൊസ മെത്രാൻ ഉദിയം പെരൂര മത്തമറിയത്തുമ്മാടെ(2) പള്ളിക്കൽ പട്ടക്കാരരയും എണങ്ങരയും അവുടെ യൊഗപെട്ടത്ത,

മാർത്തൊമാ നസ്രാണികളുടെ നന്മക്കും ഗ്രണത്തിന്നും ആയിട്ട, അങ്കമാലി എന്ന പെർ വിളിക്കപ്പെട്ട(3), മാർ അല്പൈസൊസ മെത്രാൻ ഈ സൂനഹദൊസ കല്പിച്ചു—

തമ്പുരാന്റെറ പള്ളി അടക്കി വാഴ്ന്ന ശുദ്ധമാന മാർ ക്ലമ്മീസ എന്ന പാപ്പാടെ പ്രമാണത്താലെ പൊത്തുക്കാൽ രാജ്യത്തിന്ന കെഴക്കൊള്ള മെത്രാന്മാക്കു ഒക്കെക്കും തലവൻ ആകുന്ന(4) മാർ അല്പൈസൊസ മെത്രാൻ മലംകര പണ്ട പണ്ടെ ഒള്ള മാർത്തൊമ്മ നസ്രാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും യൊഗം കൂട്ടി കല്പിച്ച സൂനഹദൊസ ഇത.(5)

---

1. ക്ലമൻറ് എട്ടാമൻ പാപ്പാ 1595 ജനുവരി 27 നും 1597 ജനുവരി 21 നും ഗോവ മെത്രാപ്പോലീത്താക്ക നൽകിയ രണ്ട തിരുവെഴുത്തുകളുടെ കാര്യമാണ സൂചിപ്പിക്കുന്നത്. ഒരു സൂനഹദോസ് നടത്തുന്നതിനുള്ള അധികാരമോ നിർദ്ദേശമോ ആ തിരുവെഴുത്തുകളിലില്ല എന്ന അഭിപ്രായമാണ് ഡോ. ജോനാസിനുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 'The Synod of Diamper' കാണുക.

2. സകല വിശുദ്ധരുടെയും ദേവാലയം (All Saints Church)എന്ന പോർത്തുഗീസ് ഭാഷയിലുള്ള കാനോനകളിൽ കാണുന്നു. മാർ സപോർ മാർ പ്രോത് എന്ന രണ്ട 'കദീശാ'കളുടെ നാമത്തിൽ കേരളത്തിലുണ്ടായിരുന്ന ദേവാലയങ്ങളെല്ലാം സൂനഹദോസിന്റെ തീരുമാനപ്രകാരം മെനേസിസ് സകല വിശുദ്ധരുടെയും പേരിലാക്കി. അക്കൂട്ടത്തിൽ ഉദയംപേരൂർ പള്ളിയുടെയും പേരു മാറിയതായി മെനേസിസിന്റെ 'സ്വന്തം ചരിത്രകാരനായ' ഗ്രുവയാ (Gouvea) എഴുതിയിരിക്കുന്നു. "This Church was dedicated to two Nestorians, Mar Xabrus and Mar Prod, who had come from Babylon 700 years ago. They called them 'Quadijagal' which in their dialect means 'the two saints'. Many other churches all over the serra had been dedicated to them, but this was the chief one. The archbishop dedicated it to 'All the saints' so as to adapt himself to a certain extent to the previous name." Gouvea, Book II, chapter II. കദീശാകളുടെ ആഗമനത്തിനു മുമ്പ് (എ ഡി. 900ത്തിനു മുമ്പ്) മത്തമറിയത്തുമ്മാടെ പള്ളി എന്ന നാമത്തിലായിരുന്നിരിക്കണം ഉദയമ്പേരൂർ പള്ളി അറിയപ്പെട്ടിരുന്നത്.

3. 'അങ്കമാലി എന്ന പേർ വിളിക്കപ്പെട്ട ഈ സൂനഹദോസ' എന്നു അന്വയിക്കണം. 'വിളിക്കപ്പെട്ട'(ട്ട്) വിനയെച്ചമെന്നും കരുതാം. 'യൊഗപ്പെട്ടത്ത' (ത്ത്) എന്ന മൻവിനയെച്ചം 'കല്പിച്ചു' എന്ന പൂർണ്ണക്രിയയിൽ അന്വയിക്കണം.

4. പോർത്തുഗീസുകാർ പിടിച്ചടക്കിയ ദേശങ്ങളിലെല്ലാം മെത്രാന്മാരെ നാമനിർദ്ദേശം ചെയ്തിരുന്നത് പോർത്തുഗീസ് രാജാവായിരുന്നു. അങ്ങനെ 1534-ൽ സ്ഥാപിക്കപ്പെട്ട ഗോവരൂപതയുടെ മെത്രാൻ 'കെഴക്കൊക്കെക്കും' മെത്രാൻ ആയി. 1558-ൽ ഗോവ അതിരൂപതയായി ഉയർത്തപ്പെട്ടു. കൊച്ചി മലാക്ക എന്നീ രണ്ട സാമന്തരൂപതകളും സൃഷ്ടിച്ചു. അതോടെ ഗോവ മെത്രാപ്പോലീത്ത 'കെഴക്കൊള്ള മെത്രാന്മാക്കു ഒക്കെക്കും തലവൻ' ആയിത്തീർന്നു. അല്പൈസൊസ — അലക്സിസ്.

ഒന്നാം മൈതപാ. (6) ഒന്നാം യൊഗവിജ്ഞാരം. (7)

നസ്രാണികളുടെ ഒരിംപാട്ടിനുവെണ്ടിമെത്രാൻ താൻ റാസ കൎവ്വാനയും ചെയ്ത പൊരുൎം പടാത്തയും (8) കടന്നാൽ മെല്പട്ടക്കാരന്റെറ അമിശത്തിന്ന തക്കവണ്ണം ഒള്ള ശമയങ്ങളും ചമഞ്ഞ തന്റെറ സിംഹാസനത്തിന്മൽ ഇരുന്ന തക്കസായിൽ എഴുത്തുപെട്ട അപ്പ്ളത്തെ ക്രിയകളും ചെയ്ത തെകച്ച ഈ യൊഗത്തിന്ന ഈ എടവകയിലെ മരിയാതെക്ക തക്കവണ്ണം വിളിക്കപ്പെട്ടവന്ന പട്ടക്കാരും എണങ്ങരും ക്രമത്താലെ ഒരിമിച്ച ഇരുന്നാറെ അനെകം ബഹുമാനപ്പട്ട മാർ അല്പെശ മെത്രാൻ ചൊല്ലിയത ഇത. തനിക്ക മലയാം പച്ച അറിയപ്പെടകായ്ക്കൊണ്ട വിശ്വാസവും പള്ളിക്കട്ടത്ത വസ്തുക്കളമെൽ അറിവും ഒള്ള ഒരുത്തൻ താൻ പറയുന്നതു കൂടിയ യൊഗത്തൊട പറഞ്ഞ അറിപ്പാനും ആ യൊഗം പറയുന്നത തന്നൊട അറിയിപ്പാനും അതിന്ന ഏത ഒര അന്തരം കൂടാതയും ഇതുമ്മെൽ മനസു ചെല്ലുന്നവനും ഒരുത്തൻ വെണമെന്ന കല്പിച്ചാറെ പള്ളരുത്തിലെ പള്ളിക്കൽ ഇരുന്ന യാക്കൊപാതിരി(9)യെനെ വിളിപ്പിച്ച ഇപ്രവൃത്തിക്ക ആക്കുകയും ചൈതു. ഇ പ്രവൃത്തിക്ക അന്തരം കൂടാതെ ഇരിപ്പാൻ എന്ന യൊഗത്തുംകെന അയാളെകൊണ്ട സത്യവും ചൈയിപ്പിച്ചു. എന്നാൽ മൂവരുടെ വായാൽ ഒള്ളതിന്ന പട്ടാങ്ങക്ക ഒറപ്പ ഒണ്ട എന്ന മിശീഹ കൎത്താവു അരുളിചൈതതിനെക്കൊണ്ട ഈ എടവകയിൽ ഇരിക്കുന്ന സംപാളകൂട്ടത്തിൽ(10) മലയാണ്മക്ക തെളിവൊള്ള അമ്പ്രനാസീസ ക്രൊസ പാതിരിയും അന്തൊന്നിസു സകനു പാദ്രിനെയും(11)യാക്കൊബു പാതിരിയും സാക്ഷിപ്പെടുവാൻ കൂടെ കല്പിച്ചു; മററും പ്രത്തുക്കാൽ ഭാഷയും മലയാണ്മയും അറിഞ്ഞൊര യൊഗത്തുംകൽകൂടെ ഉണ്ടായിരുന്നു. ഇത ഇങ്ങനെ ആയാൽ യൊഗത്തിന്ന വിളിക്കപ്പെട്ടവന്ന പട്ടക്കാരരയും എണങ്ങരയും ഒരൊരുത്തരുടെ പെര വെവ്വെറെ തിരിച്ചു വിളിച്ച എല്ലാവരും അവുടെ ഉണ്ടന്ന അറിഞ്ഞു.

ഒന്നാം കാനൊനാ [*S. i D.i*]

എല്ലാവരുംകൂടെ യൊഗമായാറെ മെത്രാൻ തന്റെറ സിംഹാസനത്തുംമെൽ ഇരിന്ന, മറെറല്ലാവരും തങ്ങടെ എടങ്ങളിൽ ക്രമത്താലെ ഇരുന്നാറെ, മെത്രാൻ ചൊല്ലിയത ഇത, ബാവാടയും പുത്രന്റെറയും റൂഹാദക്കുദെശാടയും മൂവരൊരുവൻ

---

5. 6. & 7 ഈ പൂൎണ്ണവിരാമചിഹ്നങ്ങളുടെ സ്ഥാനത്ത് കൈയെഴുത്തുഗ്രന്ഥത്തിൽ കരിശടയാളങ്ങം കാണുന്നു. മൈതപാ, യൊഗവിജ്ഞാരം ഇവ സമാനാൎത്ഥകങ്ങളായ പദങ്ങളാണ്. മൈതപാ (സുറിയാനി) = Sitting, യൊഗവിജ്ഞാരം = Consultation എന്ന ഡോ. ജോനാസ് ഇവ തർജമചെയ്തിരിക്കുന്നു.

8. പൊരുൎം പടാത്ത (വിശദീകരണപ്രസംഗം) നടത്തിയത് റോസ് എസ്. ജെ.

9. // .... Jacob, a priest, and curate of the church of Pallurte in the said bishopric, a Person well skilled both in the Portuguese and malabar languages, ...Hough, Page 514. നാട്ടുകാരനായ വൈദികനെ പാതിരി എന്ന വിളിക്കുമോ? നാട്ടുകാർ കത്തങ്ങളും വിദേശിയർ പാതിരിമാരുമായിരുന്നു എന്നാണല്ലോ പൊതുവേയുള്ള ധാരണ.

10. പൌലസ്സ്യർ എന്ന പേരിലാണ് റൊപ്പിക്കോട്ട സെമിനാരിയിലെ ഈശോസഭാ വൈദികർ അറിയപ്പെട്ടിരുന്നത്. നിരവധി ഈശോസഭാവൈദികർ താമസിച്ചിരുന്ന അമ്പഴക്കാടിനു സംപാളർ (Town of St. Paul) എന്ന പേരുണ്ടായിരുന്നു.

11. Francisco Ros & Antonio Toscano.

തമ്പുരാന്റെറ നാമത്താൽ ആമ്മെൻ(12) എന്ന. അതിന്റെറ ശെഷം എല്ലാവരൊട്ടും കൂടെ ചൊദിച്ചത ഇത: 'തമ്പുരാന്റെറ പെരിമസൊകത്തിനും പൊകഴ്ചക്കും ശുദ്ധമാന കാതൊലിക്കാവിശ്വാസത്തിനും അതിന്റെറ മുഴപ്പിനും തെളിവിനും ഇ എടവകയിലെ പട്ടക്കാരുടെയും എണങ്ങരുടെയും മരിയാതകൾക്ക വെണ്ടുന്ന വെടിപ്പിനും ഒറെപ്പിനും സൂറിയാനി പുസ്തകങ്ങടെ തുമക്കും മാനം കാൽ ഊന്നിയതിന്ന അകത്തൊള്ള പള്ളികളൊട ഇപ്പള്ളി ഐമൊസ്യപ്പട്ട ഒന്നിപ്പാനും നസ്രായികൾ ഒക്കെക്കും തലയായ ശുദ്ധമാന പാപ്പാനെ വെണ്ടുന്ന മുഴവനാകുന്ന വഴക്കത്തിനും വെണ്ടി ഈ സൂനഹദൊസ തൊടങ്ങണം എന്ന മിശിഹായാലെ സ്നേഹിക്കപ്പെട്ട എന്റെറ പുത്രരും ജെഷ്ടൻ അനുജന്മാരും ആകുന്ന തങ്ങൾക്ക തൊന്നുന്നതൊ?' ഇത എല്ലാവരൊട്ടുംകൂടെ ചൊദിച്ചാറെ അവണ്ണമെന്ന അവര ചെല്ലുകയും ചൈതു.

അപ്പൊൾ മെത്രാൻ അവരൊട ചൊല്ലി: 'ബഹുമാനപ്പെട്ട പട്ടക്കാരരെ, സ്നെഹപ്പെട്ട ജെഷ്ടൻ അനുജെൻമാരെ, തംപുരാന്റെറ ലൊകരെ, ഈ സൂനഹദൊസ തുടങ്ങണം എന്ന നിങ്ങൾക്ക തൊന്നിയതിനാംപക്ക തമ്പുരാനൊട അനെകം നൊസ്സരിച്ച എരുന്നുംകൊണ്ട വെണം(13). ഈ സൂനഹദൊസ കല്പിക്കുന്നതൊക്കെയും മാർഗ്ഗത്തിന്റെറ മുഴിപ്പിനും നമ്മുടെ ലൊകരുടെ നന്മക്കും ആയതിനെക്കൊണ്ട, ഇവുടെന്ന കല്പിക്കുന്നത ഒക്കെയും പ്രിയത്തൊട്ടുകൂടെ കൈക്കൊൾകയും വെണം. തമ്പുരാന്റെറ മനഗ്രണംകൊണ്ട അതെല്ലാം തെകപ്പാൻ, എല്ലാവരും തന്നാൽ തന്നാൽ ആകുംവണ്ണം നെറിവുകെട ആകുന്നത ഏതാനും ഒണ്ടെങ്കിൽ അതിന്റെറ നെറിവ വരുത്തുവാൻ ഉത്സാഹിക്കയും വെണം. ആക്കാനും ഗ്രണമായ വസ്തു ഏതാനും പറവാൻ ഒണ്ടെങ്കിൽ അതിനെ ഏതിനെ ഏതും അറിയാതെ(14) വെളിച്ചമെ പറകയും ആം. പട്ടാങ്ങ എന്നതിനെ അറിവാൻ എല്ലാവരും തങ്ങളിൽ തങ്ങളിൽ ഐമൊസ്യപ്പട്ടം നെലയല്ലാത്ത ഉത്സാഹവും കൂടാതെ തെരഞ്ഞു അന്വെഷിച്ച ഉണ്ടാക്കുകയും വെണം.'

രണ്ടാം കാനൊന [*S, i D. ii*]

'പ്രൊത്തുക്കാൽ രാജ്യത്തിന്ന കെഴക്ക ഒള്ള മെത്രാന്മാക്ക മൂപ്പൻ ആകുന്ന മാർ അല്പൈസൊസ, ഈ സൂനഹദൊസിന്ന തലവൻ ആകുന്ന നാം, പഴക്കത്തിന്റെറ ശക്തിയാലയും നമ്മുടെ പ്രമാണം കടക്കുമ്പൊളെ മഹറൊൻ അവക്ക തട്ടുന്ന എന്നതിന്റെറ പ്രാശ്യത്വത്താലെയും പ്രമാണിക്കുന്നു; ഇ യൊഗത്തിന്ന വിളിക്കപ്പെട്ട വന്ന പട്ടക്കാരരിലും എണങ്ങരിലും ആരും നമ്മുടെ അനുവാസം കൂടാതെ ഈ വിചാരമെല്ലാം ഒട്ടങ്ങുമ്പെ പൊകരുതെന്ന.

വന്ന കാര്യത്തെക്കൊണ്ട വിജാരിക്കെണ്ടത എപ്പൊരും വിജാരിച്ച അതിന്ന എഴുതി ഓരൊരുത്തെര ഇടെങ്ങുന്ന ഒപ്പും ഇട്ടച്ച എല്ലാവരും പൊകുമ്പൊൾ ഒരുമിച്ച പൊയിക്കൊള്ളുകയും ആം. വിശെഷിച്ച ഈ എടവകെടെ നന്മക്ക

12. 'ത്രിത്വസ്തുതി' എന്ന പ്രാർത്ഥന. സൂറിയാനിപ്പുങ്ങളുടെ അർത്ഥം ഗ്ലോസറിയിൽ കാണുക.

13. വ്യവഹാരഭാഷയിൽ ഇത്തരം അപൂർണ്ണവാക്യങ്ങൾ സ്വാഭാവികമാണല്ലോ.

14. ഏതിനെ ഏതും അറിയാതെ = നിസ്സങ്കോചം (with out any scruple) എന്ന അർത്ഥത്തിലുള്ള ഒരു ശൈലി (idiom).

വെണ്ടി ഏതാനും ആക്കാനും വിചാരിക്കേണ്ടും വസ്തു ഉണ്ടെങ്കിൽ, തങ്ങടെതന്നെ എങ്കിലും എഴുതീട്ട എങ്കിലും പറഞ്ഞിട്ടും(15) നമ്മൊട അറീയ്ക്കണം.'

മൂന്നാം കാനൊന [S. i D. iii]

'ഇപ്പൊഴം ഇവിടെ വന്നവരും വരാത്തവരും വഴിയെ അറിഞ്ഞിരിക്കണം; അമിശങ്ങടം കൊണ്ടും അവർക്ക അവർക്ക അടുത്ത എടങ്ങടംകൊണ്ടും ഒരുത്തൻ ഒര ഏറക്കുറയുവും കുറച്ചിലും ഒണ്ടാകയില്ല. മലങ്കര എടവകയിലെ മരിയാദക്ക തക്കവണ്ണം തങ്ങടെ എടം എല്ലവക്കും ഉണ്ടായിരിക്കും ഇതുമ്മെൽ എങ്കിലും മറു വല്ലതുമ്മെൽ എങ്കിലും ഏതാനും സംശയം ആക്കാനും ഉണ്ടെങ്കിലും മെത്രാനൊട പറഞ്ഞാൽ വെണ്ടും വണ്ണം വിധിക്കയും ചൈയും..'

നാലാം കാനൊന [S. i D. iv]

'തമ്പുരാനിൽനിന്ന അത്രെ നന്മകടം ഒക്കയും മുഴവനായ ഗ്രഹണങ്ങടം ഒക്കയും ബൊധജ്ഞ്യാനവും എളിമയൊട്ടകൂടെ എരക്കുന്നവക്ക വന്ന ഞായം എന്നു ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ടും അറിവിനടെ തുടർമാനം തമ്പുരാനെ ഒള്ള ഭയം ആയതിനെക്കൊണ്ടും ശ്രുദ്ധമാന സൂനഹദൊസ ഇ യൊഗം കൂടിയ പട്ടക്കാരരൊട്ടം എണങ്ങരൊട്ടംകൂടെ അപെക്ഷിക്കുന്നു; എല്ലാവരും മനസ്സഴിഞ്ഞ കുമ്പസാരിച്ച കർബാന പട്ടമുള്ളവര കുവ്വാന ചൈയ്യണം, കുറബാന ചെയ്യാത്ത വര കുവ്വാന കൊള്ളുകയും വെണം എന്ന. ഈ ശ്രുദ്ധമാന സൂനഹദൊസ മുഴവനായി തെകയപ്പെട്ടവാൻ തമ്പുരാൻ തുണക്കണമെന്ന ഭക്തിമയൊട്ടകൂടെ അപെക്ഷിക്കയും വെണം. ഇതിന്ന ദിവസം രണ്ട കുവ്വാന ചൈയണം; ഒന്നു റൂഹാദക്കുദശാടെ കുവ്വാന ലത്തീനിൽ, ഒന്നു സുറിയാനി മത്തമറിയത്തുമ്മാടെ കുറബാന. ഇക്കുവ്വാന രണ്ടും വെളുത്ത രണ്ടരനാഴിക പുലരുംപൊഴെക്ക ചൈത ഒട്ടുണ്ടകയും വെണം, യൊഗം കൂടിയാൽ പ്രതലിച്ചാർ പൊകാസ്സാൻ. അവണ്ണംതന്നെ വയികിൽ ലത്തീനിലും സുറിയാനിയിലും ലുത്തിനിയാ എന്ന എരുപ്പനൊസ്സാരം നൊസ്സരിക്കയും വെണം.

അഞ്ചാം കാനൊന [S. i D. v]

'പഴക്കത്തിന്റെറ ശക്തിയാലയും ഇ പ്രമാണം കടക്കുംപൊളെ മഹറൊൻ തട്ടും എന്നതിന്റെറ പ്രാശ്യത്വത്താലയും (16) ഇ സൂനഹദൊസ എല്ലാവരൊട്ടകൂടെ പ്രമാണിക്കുന്നു: ഇക്കൂടിയ യൊഗത്തിന്നു സങ്കടമായ അവകാശങ്ങടം ഏതും ഉണ്ടാകാസ്സാൻ ആരും ഇ വിചാരം കൊണ്ട വെറെ നിരുവിപ്പാൻ തങ്ങളിൽ തങ്ങളിൽ വെവ്വെറെ യൊഗംകൂടി നിരുവിക്കരുത; മെത്രാന്റെ അനുവാസം അതിനായിട്ട വെറെ വാങ്ങാതെ. ഇതിന്മെൽ ഏതാനും വിചാരിക്കേണ്ടത ഒണ്ട എംകിൽ യൊഗത്തുംകെന്നു തന്നെ ആവുതാനും. മെത്രാന്റെ കല്പനയാലെ ഏതാനും വെണ്ടത വെറെ നിരുപിച്ചുംകൊണ്ട യൊഗത്തിന്ന വരണം എന്ന വരികിൽ അതിന്മെൽ തന്നെ വെറെ നിരുവിക്കയും ആം.'

രണ്ടാം മൌതപാ. രണ്ടാം യൊഗവിചാരം

ശ്രുദ്ധമാന റൊമ്മാ പള്ളിയുടെ തക്കസായിൽ എഴുത്തുപട്ടപൊലെ രണ്ടാം ദിവസത്തിലെ നൊസ്സാരം കടന്നാറെ മെത്രാൻ യൊഗത്തൊട്ട ചൊല്ലിയത ഇത:

15. //.... 'either by word or writing, or by some third person'

16. കുറം ചെയ്യുന്നവർ അതിനാൽത്തന്നെ (ipsofacto) മഹറോൻ ശിക്ഷയിലാകും എന്നു സാരം. മഹറോൻ തട്ടുക = മഹറോൻ ശിക്ഷയിലാവുക.

'മശീഹായാലെ സ്നേഹപ്പട്ട ബഹുമാനപ്പെട്ട നമ്മുടെ ജേഷ്ഠൻ അനജൻമ്മാരെ, ഉത്സാഹത്തൊട്ടുകൂടെ തമ്പുരാനൊട എരക്കണം എന്ന ഇങ്ങന തങ്ങളൊട അപെക്ഷിച്ചതിൻെറ ശെഷം ഇന്ന ഇ എടവകെടെ നന്മെടെ മുഴപ്പിന്നും മശീഹാടെ സുതിപ്പിനും വിചാരിക്കണം എന്ന തങ്ങൾക്ക തൊന്നുന്നത പറഞ്ഞാലും എന്ന അപെക്ഷിക്കുന്നു.'

ഒന്നാം കാനൊന [S. ii D.i]

പഴെ സൂനഹദൊസുകടെ കല്പനകൾക്ക തക്കവണ്ണം നടപ്പാനും ത്രെന്തൊസ എന്ന സൂനഹാദൊസിലെ (17) കല്പനകൾക്ക തക്കവണ്ണം ഇരിപ്പാനും വിശ്വാസത്തിൻെറ വെടിപ്പിനും ഇ എടവകയിൽ ഒള്ള ക്രിതികെടുകളെ തീപ്പാനും മെത്രാനും ഇക്കൂടിയ സൂനഹാദൊസും കല്പിച്ച വിശ്വാസത്തുംമെൽ, മെത്രാനും അക്ദ്യൊക്കൊനും ശെഷം പട്ടക്കാരും എണങ്ങരും കൂടെ സത്യം ചൈയ്യണം എന്ന — എന്നാൽ ഉടനെ അത തികപ്പനായിട്ട മെത്രാൻ തൻെറ അംശത്തിന്ന അടുത്ത കുപ്പായങ്ങളും ഇട്ട, മുടി കൂടാതെ, ത്രൊണൊസുംകെൽ മുട്ടുകുത്തി ഏവൻ ഗൊലി പുസ്തകവും തൊട്ട മലങ്കരെ ലൊകക്കുവെണ്ടി താൻ വിശ്വാസത്തുംമെൽ മുമ്പിൽ താൻ സത്യവും ചൈത ഇന്നതിന്ന സത്യം ചെയ്യ എന്ന ലൊകരൊട അറിയിക്കയും വെണം. (18). അതിൻെറ ശെഷം താൻ തൻെറ സിംഹാസനത്തുംമെൽ ഇരിന്ന (19) മുടിയും വച്ച ഏവൻഗൊലി പുസ്തകവും തൻെറ കയ്യിൽ പിടിച്ച. മലംകരക്ക അക്ദ്യൊക്കൊൻ ആകുന്ന ബഹുമാനപ്പെട്ട ഗീവറഗീസ തൻെറ സാക്ഷാലുള്ള മലയാംദേശയിൽ എല്ലാവക്കും കെൾപ്പാൻ തക്കവണ്ണം ശത്തത്താലെ മെത്രാൻെറ കയ്യിൽ ഇരുന്ന ശുദ്ധമാന പുസ്തകം തൊട്ട വിശ്വാസത്തുംമെൽ സത്യം ചൈത. അതിൻെറ ശെഷം കൂടിയ പട്ടക്കാരും എണങ്ങരും കൂടെ മദബഹായിൽ മുട്ടുകുത്തി. പള്ളരുത്തി പള്ളിയിലെ യാക്കൊവുപാദ്രി വിശ്വാസത്തിന്മെൽ വെണ്ടുന്നത എല്ലാം മലയാണ്മയിൽ വായിച്ച മുട്ടുകുത്തിയവർ അത കൂടെ ചൊല്ലി. മെത്രാൻെറ പക്കലെ പുസ്തകം തൊട്ട സത്യം ചൈത അവര. അപ്പൊഴെ മെത്രാൻ ഓരൊരുത്തരൊട ചൊതിച്ചത ഇത: വിശ്വാസത്തുംമെൽ മലയാണ്മയിൽ വായിച്ച കെട്ടതെല്ലാം വിശ്വസിക്കുന്നതൊ എന്നും നെസ്തൊറീസിൻെറയും(20) അവൻെറ കൂട്ടത്തിൻെറയും പഠിതം ഉപെക്ഷിക്കുന്നതൊ എന്നും എല്ലാ പള്ളികൾക്കും അമ്മയും തലയും മല്പാനുമാകുന്നത റൊമ്മാ പള്ളി എന്ന വിശ്വസിക്കുന്നതൊ എന്നും ഭൂമിയിൽ മശീഹാടെ എടത്തിലും ശെമഒൻ കെപ്പായ്ക്ക അനന്തരവനും (21) നസ്രാണികളും ഒക്കെക്കും തലവനും

---

17. Council of Trent (A. D. 1546)

18. സൂനഹദോസ് തുടങ്ങുന്നതിന മുമ്പുതന്നെ കാനോനകൾ തർജമ ചെയ്തിരുന്ന എന്ന ഗ്രുവയായിൽ കാണുന്നു. ആ ഘട്ടത്തിൽ ഉപയോഗിച്ച ഭാവികാലപ്രയോഗങ്ങളായിരിക്കാം ഇവിടെ കാണുന്നത്.

19. 'ഇരിന്ന' എന്നായിരിക്കണം മൂലരൂപം. ശ്രീ കെ. എൻ. ഡാനിയേൽ 'ഇരുന്ന' എന്ന തിരുത്തിയിരിക്കുന്നു. ഡാനിയേൽ, പുറം 20.

20. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയക്കീസ് ആയിരുന്ന നെസ്റ്റോറിയൂസ് (എ ഡി. 428—431). അദ്ദേഹത്തിൻെറ അനുയായികളും നെസ്റ്റോറിയന്മാർ എന്ന് അറിയപ്പെടുന്നു. റോമൻ കത്തോലിക്കാ സഭ അവരെ വേദവിപരീതക്കാരായി ഗണിക്കുന്നു.

21. ക്രിസ്തു ശിഷ്യസമൂഹത്തിന നേതാവായി പത്രോസിനെ (=ശെമഒൻ കെപ്പാ, Peter) നിയമിച്ച എന്നും റോമിലെ മാർപ്പാപ്പാമാർ പത്രോസിൻെറ പിൻതുടർച്ചക്കാർ (അനന്തരവർ) ആണെന്നും റോമൻ കത്തോലിക്കർ വിശ്വസിക്കുന്നു. പത്രോസിന നേതൃസ്ഥാനമുണ്ടായിരുന്നതായി മറ്റു ക്രൈസ്തവസമൂഹങ്ങളും സമ്മതിക്കുന്നില്ല.

ആകുന്ന ശ്രേഷ്ഠമാന പാപ്പാസ്സു പട്ടാങ്ങയാലെ വഴക്കം ചെയ്യുന്നതൊ എന്നും. ഈ വഴക്കം ശ്രേഷ്ഠമാന റൊമ്മാ പള്ളിയൊട മറുത്ത നിക്കുന്ന നെസ്റ്റോറീസകാരനാകുന്ന വകദാശിലെ പാത്രിയക്കീസിന്ന (22) ഒത്തവണ്ണം അല്ലാതെ ആകണം.

റൊമ്മാ പള്ളിയുടെ കല്പന അല്ലാതെ ഇപ്പൊഴും എങ്കിലും പിന്ന മററ ഒരിക്കൽ എംകിലും മലംകരക്ക മെത്രാൻ ആയി വരുന്നവരെ കൈക്കൊള്ളുകയില്ലെന്ന സത്യം ചൈയ്യുന്നതൊ? റൊമ്മാ പള്ളിയുടെ കല്പനയായിട്ട മലംകരക്ക വരുന്ന മെല്പട്ടക്കാരരെ നിങ്ങടെ മെല്പട്ടക്കാരനായിട്ട ഒരുമയാലെ വഴക്കംചൈയുന്നതൊ? ഈ ചൊദ്യങ്ങൾക്ക ഒത്തവണ്ണം ഇരിപ്പാൻ എന്ന ഒരൊരുത്തരെ വെവ്വെറെ വഴിയെ മൂളി ഏവൻഗാലിയും സ്സീവായും തൊട്ട സത്യം ചൈതാൻ. കവ്വാനപട്ടം ഒള്ളവര ഇങ്ങനെ ചൈതാറെ ആറു പട്ടക്കാരരും ചൈതു. പിന്നെ അഞ്ചു പട്ടക്കാരരും ചൈതു. അതിന്റെറ ശെഷം മററുള്ള ശമ്മാശ്രൂമാര ഒക്കയും അത അത ദെശത്തിന്ന വന്നവര നന്നാലുപെരും ചൈതു.

വിശ്വാസത്തുംമെൽ വെണ്ടുന്ന സത്യത്തിന്റെറ വചനം — ബാവായും പുത്രനും റൂഹാദക്കുദശാ പട്ടാങ്ങ ആയ മൂവരൊരുവൻ തംപുരാന്റെറ നാമത്താൽ മശിഹാ പിറന്നിട്ട ആയിരത്ത അഞ്ഞൂറിൽ തൊണ്ണൂറെറാൻപതാം കാലം നസ്രാണികളം ഒക്കെക്കും തലയാകുന്ന ക്ലെമ്മീസ എന്ന ശ്രേഷ്ഠമാന മാപ്പാപ്പാടെ ഏഴാം ആണ്ടിൽ മലംകര രാജ്യത്തെ ഉതിയംപെരുരെ മത്തമറിയം പള്ളിക്കെന്ന മിഥുനഞായർ 21 ന പ്രത്തുക്കാൽ രാജ്യത്തിന്ന കെഴക്ക ഒള്ള മെത്രാൻമാക്ക ശ്രേഷ്ഠമാന പാപ്പാടെ അനുവാസത്താലെ തലവൻ ആയ മാർ അല്ലെസൊസ മെത്രാൻ ഇ എടവകയിൽ കൂടിയ സൂനഹദൊസിംകെന്ന ഞാൻ ഇന്ന ഒരുത്തരുടെ വെലത്താൽ അല്ലാതെ എന്റെറ ആത്മാവിന്റെറ നന്മക്ക എന്റെറ മനസ്സിലെ ഒറപ്പൊട്ടുകൂടെ ശ്രേഷ്ഠമാന റൊമ്മാപള്ളി പെരുമാറുന്ന മ്മഹൈമ്മനീനായിൽ എഴുത്തുപെട്ടത ഒക്കയും വിശ്വസിക്കുന്നെൻ. മാനങ്ങളും ഭൂമിയും കാണപ്പെട്ടതും കാണപ്പെടാത്തതും സൃഷ്ടിച്ച സർവ്വും കയ്യാണ്ട വാവാതംപുരാൻ ഒരുവൻ മെൽ വിശ്വസിക്കുന്നെൻ. കാലങ്ങം ഒക്കയിലും മുൻപെ വാവായിൽ നിന്ന പിറക്കപ്പെട്ട തംപുരാന്റെറ ഒരുവൻ പുത്രൻ നമ്മുടെ കർത്താവ ഒരുവൻ ഈശൊമിശിഹാമെലും വിശ്വസിക്കുന്നെൻ. തംപുരാനിൽനിന്ന തംപുരാനും വെളിവിൽ നിന്ന വെളിവും പട്ടാങ്ങയായ തമ്പുരാനിൽനിന്ന പട്ടാങ്ങയായ തമ്പുരാനും, പടെക്കപ്പെട്ടത അല്ല പിറക്കപ്പെട്ടവൻ, അത്രെ. ബാവായ്ക്ക കാതലാലെ സമം തന്നാലെ സർവ്വും പടെക്കപ്പെട്ട(23). എന്നാൽ താൻ നമ്മെക്കുറിച്ചും നമ്മുടെ രക്ഷയെക്കുറിച്ചും ആകാശത്തിൽനിന്ന എറങ്ങി കന്നി ആയ മറിയത്തിൽനിന്ന

22. അക്കാലത്തെ ബാബിലോൺ പാത്രിയക്കീസിനെക്കുറിച്ച് ഡോ. പ്ലാസിഡ് ഇങ്ങനെ എഴുതുന്നു: "The Patriarch thus condemned was Denha simon who was in explicit communion with Rome being also honoured with the Sacred Pallium.' The Thomas christians, Page. 138. കൂടുതൽ വിവരങ്ങൾക്ക്: Synod of Diamper, page 94-95; ഇൻഡ്യയിലെ പൗരസ്ത്യക്രൈസ്തവരുടെ കഥ, പുറം. 56-57; മലങ്കരനസ്രാണികളം രണ്ടാം വാല്യം, പുറം. 281-282. മെനേസിസിന്റെറ ലക്ഷ്യങ്ങളം കേവലം മതപരമായിരുന്നോ എന്ന സംശയിക്കാൻ ഇതു മതിയായ കാരണമാണ്. കേരളക്രിസ്ത്യാനികളെ പോർത്തുഗീസ് രേണത്തിൻകീഴിൽ കൊണ്ടുവരിക എന്നതായിരുന്നിരിക്കണം അദ്ദേഹത്തിന്റെറ പ്രധാനപ്പെട്ട ലക്ഷ്യം.

23. തംപുരാനിൽനിന്ന.....പടെക്കപ്പെട്ട. // 'God of God, Light of Light, very God of very God, begotten not made, being of one substance with the Father, by whom all things were made.' Hough, page 519.

ൂഹാദക്കദീശായാലെ മാനുഷനായി. വിശെഷിച്ച പന്തിയൊസ പീലാത്തൊ സിന്റെറ നാളുകളിൽ കുരിശുംമെൽ പതിക്കപ്പെട്ട പാടുപെട്ട അടക്കപെട്ട എഴ ത്തുപെട്ടപൊലെ മൂന്നാം നാളം ഉയിർത്ത ആകാശത്തിൽ കരെറി വാവാടെ വലത്ത ഭാഗത്ത ഇരിക്കുന്നെൻ. അവുടെനിന്ന മരിച്ചവരയും ഉയിരവരയും വിധിപ്പാൻ സ്സദിയൊടുകൂടെ വരും. തൻെറ രാജിതത്തിന്ന ഒടുക്കം വരാ എന്ന വിശ്വസിക്ക ന്നെൻ. വിശെഷിച്ച വാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പടുന്ന ജീവിപ്പി ക്കുന്ന കർത്താവ ൂഹാദക്കദശാമെലും വിശ്വസിക്കുന്നെൻ; വാവായൊടും പുത്ര നൊടുംകൂടെ വന്നിക്കപെട്ട സുദിക്കപ്പെടുന്നവൻ നിവിയെൻമാരാലെ പറഞ്ഞ വെൻ എന്നും വിശ്വസിക്കുന്നെൻ. വിശെഷിച്ച ശുദ്ധമാന ശ്ലീഹെൻമ്മാക്ക അടുത്ത കാസൊലിക്കാ ഒരു പള്ളിയെനെ വിശ്വസിക്കുന്നെൻ.

പെഷകളുടെ പൊറുതിക്ക ഒര മാമൊദിസായും മരിച്ചവരുടെ ഉയിർപ്പും എന്നെന്നെക്കുമുള്ള ആയുസ്സും പാക്കുന്നെൻ, ആമ്മെൻ.

എഴുത്താലയും വചനത്താലയും ശ്ലീഹന്മാര പഠിപ്പിച്ച മരിയാതകളും പള്ളീ ടെ ക്രിയകളും കല്പനകളും മനസ്സിലെ ഒറപ്പൊടുകൂടെ കൈക്കൊള്ളുന്നെൻ. ൂഹാദ ക്കദശാടെ അരുളപ്പാട്ടാൽ എഴുത്തുപെട്ട പുസ്തകങ്ങള ഒക്കയും ശുദ്ധമാന പള്ളി അതിന്റെറ അത്ഥം കയിക്കൊണ്ട പൊലയും ഇപ്പൊഴം ഒള്ള പൊലെയും ഞാൻ കൈക്കൊള്ളുന്നെൻ.

തമ്പുരാന്റെറ ശാസ്ത്രത്തിനുടെ മൊഴിയുടെ അത്ഥം പട്ടാങ്ങായ അത്ഥം ഇന്നത എന്ന വിധിപ്പാൻ ശുദ്ധമാന പള്ളിക്കെ ആവൂ എന്ന വിശ്വസിക്കുന്നെൻ—പണ്ടെ ശുദ്ധമാന വാവാന്മാര ശാസ്ത്രത്തിലെ അത്ഥം തിരിച്ച വണ്ണം എന്നിയെ ഞാൻ അത്ഥം തിരിപ്പാൻ അല്ല. പുത്തൻ മാർക്കത്തിൽ മിശിഹാ കർത്താവിനാൽ കല്പി ക്കപ്പെട്ട പട്ടാങ്ങയായ കൂദാശകളം ഏഴന്നും വിശ്വസിക്കുന്നെൻ. ഇ കൂദാശ ഏഴും കൂടെ ഒരുത്തക്ക തന്നെ വെണം എന്നില്ല. മാനുഷരുടെ വഗ്ത്തിന്ന ഏഴും കൂടിയെ മതിയാവൂ. ഇ കൂദാശകളം ആകുന്നത ഇത —

1. മാമ്മൊദീസാ 2 ഒപ്പുശ്ലൂമാ 3. കുവ്വാന 4. കുംപസാരം 5. ഒടുക്ക പ്പുശ്ലൂമ 6. പട്ടം 7. പെങ്കെട്ട.

യൊഗ്യത്തൊടുകൂടെ ഇ കൂദാശ കൈക്കൊള്ളുന്നവക്ക പെഴകളെ പൊറുപ്പി ക്കുന്ന നന്മ കൂദാശകളം തരുന്നു. ഇ ഏഴ കൂദാശകളിൽ മൂന്ന ഒണ്ട വീണ്ട ഏൽക്ക രുതാത്തത. അതായത മാമ്മൊദീസായും മുൻപിലത്ത ഒപ്പുശ്ലൂമായും പട്ടവും എന്ന വിശ്വസിക്കുന്നെൻ.

ഇ കൂദാശകളം ചൈയുംപൊളം ശുദ്ധമാന മാതാവായ പള്ളിയിൽനിന്ന കല്പിച്ച കൈക്കൊണ്ട ക്രിയകളും മരിയാദകളും കൈക്കൊള്ളുന്നെൻ. വിശെഷിച്ച ഉത്ഭവദൊഷംകൊണ്ടും ആത്മാവിനെ ശുദ്ധമാക്കുന്ന നന്മകൊണ്ടും ത്രെന്തൊസ എന്ന സൂനഹാദൊസിൽ കല്പിക്കപ്പെട്ടത ഒക്കയും ആകുനാലും അതിൽ വെവ്വെറെ തിരിച്ചുള്ളതിനെയും (24) കൈക്കൊള്ളുകയും വിശ്വസിക്കയും ചൈയുന്നെൻ.

പെഴകളുടെ പൊറുതിക്കും മരിച്ചവക്കും ഇരിക്കുന്നവക്കും വെണ്ടി പട്ടാങ്ങ ആയാ പൂശകുവ്വാനയിൽ തംപുരാൻ പൂശപെടുന്ന എന്ന വിശ്വസിക്കുന്നെൻ— വിശെഷിച്ച നമ്മുടെ കർത്താവ മാറാനീശൊമിശിഹാടെ ദൈവസുഖവും ആത്മാവും ശരീരവും ചൊരയുംകൂടെ കാതലാലെ പട്ടാങ്ങ ആയാ, കുവ്വാനയിൽ അടങ്ങപെ ടുന്ന എന്നും വിശ്വസിക്കുന്നെൻ. കൂദാശവചനങ്ങളുടെ ശക്തിയാലെ അപ്പ

24. 'all in general and every thing in particular' Ibid, page 520.

ത്തിന്റെറ കാതലൊക്കെയും മിശിഹാടെ ശരീരം ആയി തിരിയുന്ന എന്നും വീ ഞ്ഞിന്റെറ കാതലൊക്കെയും മശിഹാടെ ചൊരയായി തിരിയുന്ന എന്നും (എന്നാൽ ഈ തിരിവിനു ശുദ്ധമാന പള്ളി വഴിയെ വിളിക്കുന്ന കാതൽ തിരിവ എന്ന) (25) അപ്പത്തിന്റെറ സാദൃശ്യത്തിൽ മശിഹാകത്താവ മുഴവ നായി അടങ്ങുന്ന എന്നും വീഞ്ഞിന്റെറ സാദൃശ്യത്തിലും മശിഹാകത്താവു മുഴവെ നായി അടങ്ങുന്ന എന്നും ഇവുത്താൽ ഒന്നു കൊള്ളുന്നവൻ മുഴവൻ ക്രുദാശ കൈക്കൊ ള്ളുന്നു എന്നും പിഴകളുടെ പ്രാശ്യത്വം വഴിയെ തെകക്കാതെ മരിക്കുന്നവരുടെ ആത്മാവിന്റെറ കറകെട പൊക്കുവാൻ ഒള്ള എടമുണ്ട എന്നും അതിൽ ഞെരുങ്ങു ന്ന ആത്മാവുകൾക്ക വിശ്വാസക്കാരുടെ നമസ്സാരങ്ങൾകൊണ്ടും അവക്ക തണുപ്പ ഉണ്ടാകുന്നത എന്നും വിശ്വസിക്കുന്നെൻ—

ഇഹലൊകത്തിന്റെറ തങ്ങടെ ദൊഷത്തിന്റെറ പ്രാശ്യത്വംവഴിയെ പൊ ക്കിക്കൊണ്ട മരിക്കുന്നവരിടെ ആത്മാവും കാക്കപ്പെട്ടന്ന കറകെടെ പൊകുന്ന എട ത്തിൽനിന്ന തങ്ങടെ പെഴെടെ പ്രാശ്യത്വം തെകച്ച ആത്മാവുകളും മാമ്മൊദീസാ മുങ്ങിയാൽ ഒട്ടും പിഴയാതെ മരിക്കുന്നവരുടെ ആത്മാവുകളും ഉടനെ ആകാശമൊ ക്ഷത്തിൽ കരെറി വെളിച്ചമെ ദൈവസുഖത്തെ കാണുന്ന എന്നും വിശ്വസി ക്കുന്നെൻ.

നല്ലവരുടെ ആത്മാവുകൾ വിധിപ്പിനുടെ ദിവസത്തൊളം തംപുരാനെ കാണാതെ പറദീസായിൽ ഇരിക്ക അത്രെ എന്ന വിശ്വാസത്തൊട മറുത്തു പറ യുന്നത ദുഷിച്ച ഉപെക്ഷിക്കുന്നെൻ. ആകാശത്ത മിശിഹായൊട കൂടെ ഇരി ക്കുന്ന പുണ്യവാളരെ വന്ദിക്കണം എന്നും അവരൊട എരക്കണം എന്നും അവര തംപുരാനൊട നമുക്കവെണ്ടി അപെക്ഷിക്കുന്നു എന്നും അവരുടെ ശുദ്ധമാന ഉടൽ എംകിലും അസ്ഥി എംകിലും ആശരിക്കണം എന്നും ഒള്ള കല്പനകളും ഒക്കയും കൈക്കൊണ്ട മതിയാവു എന്നും വിശ്വസിക്കുന്നെൻ.

വിശെഷിച്ചും മശിഹാടയും മത്തമറിയത്തുമ്മാടെയും ശെഷം പുണ്യവാളരു ടെയും രൂപങ്ങളും ഒണ്ടാക്കണം എന്നും അതിനെ അവരെ ഓറത്ത വന്നിക്കണം എന്നും ഒള്ള കല്പനകളും കൈക്കൊണ്ട വിശ്വസിക്കുന്നെൻ.

കന്യാസ്ത്രീഉമ്മാ തംപുരാന്റെറ പട്ടാങ്ങയായ അമ്മ എന്നും വിശ്വാസകാരര ഈ വണ്ണം ഉമ്മാനെ വിളിക്കുന്നത യൊഗ്യമത്രെ എന്നും വിശ്വസിക്കുന്നെൻ;

പട്ടാങ്ങയായ മാനുഷൻ ദൈവസുഖത്തിനുടെ പുത്രനെ ഏതും ഒര നൊവും നൊൻപരവും കൂടാതെ പട്ടാങ്ങയാലെ പൊറു എന്നതിനെക്കൊണ്ടും. എന്നാൽ ഇ ഉമ്മാ പെറും മുൻപെയും പെററപ്പൊഴും പെററതിൽ പിന്നയും എപ്പൊഴും കന്യാ ഉമ്മാ ആകുന്നത എന്നും നിരൂപണംകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടും ദൊഷത്തിന്റെറ കറ ഏതുംഇ ഉമ്മാസ്സു ഒരുനാളും ഉണ്ടായില്ല എന്നും വിശ്വസിക്കു ന്നെൻ.

ദൊഷങ്ങളുടെ പ്രാശ്യത്വത്തിന്റെറ പൊറുതിക്കുവെണ്ടി പള്ളിക്ക കല്പിക്ക പ്പെട്ട കഴിവുകളെ അത്ര മശിഹായാലെ കൽപിക്കപെട്ട എന്നും അതിനെക്കൊ ണ്ട പെരുമാറുന്നത അനെകം ഉപകാരമുള്ളത എന്നും വിശ്വസിക്കുന്നെൻ — (26) ഇഹലൊകത്തിലുള്ള പള്ളികളൊക്കെക്കും അമ്മയും തലയും മൽപാനുമാകുന്നത ശ്രീ ഹന്മാക്ക് അടുത്ത ശുദ്ധമാന കാതൊലിക്കാ റൊമ്മാ പള്ളിക്ക വഴക്കംചെയ്യുന്നെൻ.

---

25. വലയത്തിനുള്ളിൽ കാണുന്ന ഭാഗം ഒരു ഗർഭവാക്യമായി പരിഗണിച്ചാലെ വാക്യഘടന ശരിയാവു.

26. ദണ്ഡവിമോചനങ്ങൾ (Indulgences) നൽകാനുള്ള അധികാരമാണ് സൂചിതം.

ഇ പള്ളിയെ വഴക്കം ചെയ്യാത്ത പള്ളികളൊക്കെയും വിശ്വാസത്തിന്ന അന്തരം ഒള്ളവര എന്നും തംപുരാന്റെറ കാഴ്ചവഴങ്ങാത്തവര എന്നും മൊക്ഷത്തിന്ന അവക്ക് കുറ ഇല്ലന്നും വിശ്വസിക്കുന്നെൻ.

നസ്രാണികൾക്ക ഒക്കെക്കും മെല്പട്ടക്കാക്കും മല്പാനും കാന്നവരും തലയും ഭൂമിയിൽ മശിഹാടെ എടത്തിൽ ഇരിക്കുന്ന, ശ്രീഹന്മാക്ക് തലവൻ ആയ ശെമഹൊൻ കെപ്പാടെ അനന്തരക്കാരൻ ആകുന്ന ശ്രുഡമാന പാപ്പാഞ്ഞ വഴക്കംചെയ്യുന്നെൻ.

ശ്രുഡമാന പാപ്പാനെ വഴങ്ങാത്തവക്ക് മൊക്ഷം ഇല്ല എന്നും മിശിഹായൊട മുത്ത അവര നിക്കുന്ന എന്നും വിശ്വസിക്കുന്നെൻ.

പണ്ടത്തെ സൂനഹദൊസുകളിൽ കൽപിക്കപെട്ടത എല്ലാം, അതിലും തെന്തൊസ എന്ന സൂനാഹാദൊസിലെത ഒട്ട ഏറെയും, ഞാൻ നന്ന എന്ന കല്പിച്ചു കൈക്കൊള്ളുന്നെൻ. ഇപ്പറഞ്ഞ സൂനഹാദൊസുകളിൽ ദൂഷിക്കുന്നത എല്ലാം ദൂഷിക്കുന്നെൻ. ഒട്ടെറെയും ഫൈത്താൻമാക്ക് അടുത്ത നെസ്റ്റൊറിസിന്റെറ ശാസ്ത്രവും നെസ്റ്റൊറിസിനെതന്നെയും തിന്മയുടെ മല്പാന്മാരാകുന്ന നഥെത്തൊറീശീനെയും ദിയൊക്രൊസിനെയും (27) ദൂഷിച്ച ഉപെക്ഷിക്കുന്നെൻ. ഇപ്പറഞ്ഞ തണ്യവര മിശിഹാ പട്ടാങ്ങയായ തംപുരാൻ അല്ല പിന്നെയൊ തംപുരാന്റെറ ഇരിപ്പടം അത്രെ എന്നും മത്തമറിയത്തുമ്മാ തംപുരാന്റെറ അമ്മ അല്ല എന്നും അവര ചൊല്ലിയത ദൂഷിക്കയും ഉപെക്ഷിക്കയും ചെയ്യുന്നെൻ. നെസ്റ്റൊറിസിനൊട മുത്ത ശ്രുഡമാന പാപ്പാടെ പ്രമാണത്താലെ അപ്പെ സൊസ എന്ന നകരിയിൽ (28) നിന്ന ഇരുനൂറ മെത്രാൻമ്മാരും അവക്ക് തലവനായിരിന്ന മാർ കെവുറൊളൊസ (29) എന്ന പാത്രിയക്കീസുംകൂടെ കല്പിച്ചത എല്ലാം ഞാൻ കൈക്കൊള്ളുന്നെൻ. ഇ മാർകെവുറെളൊസ ആകാശമൊക്ഷത്തിൽ തംപുരാനെയും കണ്ടിരിക്കുന്ന എന്നും അയാളെക്കൊണ്ട ദൂഷിപദം പറയുന്നവക്ക മൊക്ഷം ഇല്ലന്നും വിശ്വസിക്കുന്നെൻ. മിശിഹാകത്താവിനാൽ ശ്രീഹൻമ്മാര പഠിപ്പിക്കപ്പെട്ട നടത്തിയ മാറ്റും ഒന്നത്രെ എന്നും ശെമഹൊൻ കൊപ്പാടെയും മത്തൊമ്മാടെയും മാക്കവും വഴിപാടും ഒന്ന അത്രെ എന്നും വിശ്വസിക്കുന്നെൻ. അത രണ്ടിച്ച പറയുന്നത ഉപെക്ഷിക്കുന്നെൻ.

പട്ടാങ്ങ എന്ന കാതൊലിക്കാ വിശ്വാസംകൂടാതെ ആക്കും മൊക്ഷം കിട്ടാ എന്നതിനെക്കൊണ്ട ഇ വിശ്വാസം എന്റെറ മനസ്സിൽ ഗ്രഹിച്ച മനസ്സാലെത തന്നെ അതുംമെലിപ്പൊം പട്ടാങ്ങ പറയുന്നെൻ.

വിശെഷിച്ച ഞാൻ മരിപ്പൊളും തംപുരാന്റെറ മനഗ്രണംകൊണ്ട അത എന്റെറ മനസ്സിൽ ഗ്രഹിച്ച എന്നാൽ ആകുംവണ്ണവും എന്റെറ ഇരിപ്പിന്ന തക്ക വണ്ണവും എന്റെറ കീഴ് വഴങ്ങുന്നവരൊട ഇത അറിയിക്കുന്നതും ഉണ്ട. ഇത എല്ലാം ഞാൻ, ഇന്നാര, ശ്രുഡമാനാ ശ്രീവായാലെയും തംപുരാന്റെറ എവൻ

---

27. 'ദിയൊക്രൊസിനെയും' എന്ന ഭാഗം മാന്നാനം കോപ്പിയിലില്ല. കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥത്തിൽ കാണുന്നു. മാന്നാനം കോപ്പിയിൽ വിട്ടുപോയതായിരിക്കണം.

ദിയൊക്രൊസ — Diodorus of Tarsus
തെസൊറിസ — Theodorus of Mopsuestia

28. & 29. സെലസ്റ്റിയൻ ഒന്നാമൻ എന്ന പോപ്പിന്റെ കല്പനയനുസരിച്ച് എഫേസൂസ് (=അപ്പൈസൊസ) എന്ന നഗരത്തിൽ സെൻറ് സിറിൾ (=മാർ കെവുറൊളൊസ) എന്ന പാത്രിയക്കീസിന്റെ അദ്ധ്യക്ഷതയിൽ 200 മെത്രാന്മാർ യോഗം ചേന്ന (A. D. 431). നെസ്റ്റോറിയൻ വിശ്വാസത്തിനു വിലക്ക കല്പിച്ചത് ഈ സമ്മേളനമാണ്.

ഗാലിയൊനാലയും സത്യം ചൈയ്യന്നെൻ. ഇപ്പൊഴം എങ്കിലും മെലിൽ എങ്കിലും ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ എന്നിയെ വരുന്ന മെല്പട്ടക്കാരെയും എൻെറ മെല്പട്ടക്കാരൻ ആയി കൈക്കൊള്ളുവൻ അല്ല. വിശെഷിച്ച ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ മലംകരക്ക മെല്പട്ടക്കാരനായി വല്ലവരും വരികിൽ അവരെ പട്ടാങ്ങയായ എൻെറ മെല്പട്ടക്കാരനായി കൈക്കൊള്ളുവൻ. ഇപ്പൊഴം വകദാശിയിൽ പാത്രിയക്കീസ ആയി വാഴുന്ന ശരീരം നെസ്തൊറിസിൻെറ കൂട്ടത്തിലുള്ള വര ആയിട്ടും റൊമാപ്പള്ളിയൊടെ മുത്ത ഇരിക്കുന്നതിനെക്കൊണ്ടും ആ ശരീരത്തിൻെറ പ്രമാണത്തിന്ന ഒത്തവണ്ണം ഇരിപ്പാനും അല്ല ഇത എപ്പൊളും പറഞ്ഞൊത്തു നെരന്ത സത്യം ചൈയ്യന്നെൻ; സവ്തും കൈയാണ്ട തംപുരാനയും ശുദ്ധമാന ഏവൻഗെലിയൊനെയും തൊട്ട.

രണ്ടാം മൈതപാ. രണ്ടാം യൊഗവിശാരം

വിശവസിക്കെണ്ടുന്നതുമ്മെൽ ഒന്നാം കല്പന [*S.iii D.i Intr.*]

വിശ്വാസംകൂടാതെ ആക്കം തംപുരാൻെറ തിരുവുള്ളം വാങ്ങകൂടാ എന്നതിനെകൊണ്ടും ശുദ്ധമാന കാതൊലിക്കാവിശ്വാസം കൂടാതെ ആക്കം സൊഗ്രത്തിൽ പൊയികൂടാ എന്നതിനെക്കൊണ്ടും പട്ടാങ്ങ എന്ന ആയുസ്സിനടെ ചുകട്ടം നമ്മുടെ നന്മകം ഒക്കെക്കം അടിസ്ഥാനവും വിശ്വാസം ആകുന്നതിനെകൊണ്ടും വിശെഷിച്ച കവ്യരെന്നും യൊനകരെന്നും യൂദന്മാരെന്നും വിശ്വാസക്കെടുകാരെന്നും ശുദ്ധമാന പാപ്പാടെ കീഴവഴങ്ങുന്നവര കാതലിക്കാവിശ്വാസത്തിൻെറ ഉമയാലെ വെർതിരിയുന്നതിനെക്കൊണ്ടും വിശ്വസത്തിന്ന അന്തരമുള്ളവരാൽ സുറിയാനിയിൽ പുസ്തകങ്ങളിൽ വിശ്വാസത്തൊട മുത്ത ചെല വസ്തുക്കം എഴുത്തപ്പട്ട അറിവ കുറഞ്ഞ ലൊകരിൽ ചിലര അത അനുവസിച്ച വിശ്വസിച്ച എന്നും ശുദ്ധമാന സൂനഹാദൊസ അറിഞ്ഞതിനകൊണ്ടും പട്ടാങ്ങയായ വിശ്വാസത്തിൻെറ തലപ്പെട്ട വസ്തുക്കം എല്ലാവരൊടും അറിയിപ്പാനും സുറിയാനി പുസ്തകങ്ങളിൽ എഴുത്തുപ്പട്ടിട്ടുള്ള പൈണക്കങ്ങം തീർപ്പാനായിട്ടും നല്ല പാലകുടിക്കുന്ന എന്നും ചൊല്ലി നഞ്ച ആരും കുടിക്കായീവാനും മുൻപിൽ വിശ്വാസത്തുംമെൽ സത്യം ചൈതത കൂടാതെ പിന്നെയും വിശ്വാസത്തിൻമ്മെൽ ചെല കല്പനകം കല്പിച്ചെ മതിയാവൂ എന്ന ശുദ്ധമാന സൂനഹാദൊസിന്ന തൊന്നി. ഇ കല്പിക്കുന്ന കല്പനകളെ എഴുതണം എന്നും വായിക്കണമെന്നും പലയുടക്കയും ലൊകരൊട പറയണം എന്ന ശുദ്ധമാന സൂനഹാദൊസ എടവകയിലെ മൂപ്പൻമ്മാര ആകുന്ന പട്ടക്കാരരൊട പ്രമാണിക്കുന്നു—

ഒന്നാം സഹാ [*S. iii D.i C. i*]

മാനം വളഞ്ഞതിന്ന അകത്ത പതറപ്പെട്ട നസ്രാണികളുടെ കൂട്ടം ഒക്കയും കൂടെ ഏകമനസ്സാലെ അഴിഞ്ഞ പട്ടാങ്ങയാലെ വിശ്വസിക്കുന്നത ഇവണ്ണം: വാവായും പുത്രനും റൂഹാദക്കുദശായും മൂവര ഒരു കാതെൽ തംപുരാൻ എന്നും ഇ തംപുരാന ആദിയും അവതിയും ഇല്ലാത്തവൻ എന്നും വശനംകൊണ്ട പറഞ്ഞാൽ ഒപ്പിച്ചുകൂടാത്തവൻ എന്നും പകർച്ച ബുദ്ധി വിസ്ഥാരംകൊണ്ട ഒള്ള നിരുവണയിൽ അടക്കികൂടാത്തവൻ പകർച്ച ഒണ്ടായി കൂടാത്തവൻ എന്നും സവ്തും ആകുന്നവൻ ഒരുവൻ തംപുരാൻ എന്നും വിശ്വസിക്കുന്നെൻ.

ബാവാ പിറപ്പിക്കുന്നവൻ അത്രെ ആയത എന്നും ഒരു വാവായിൽനിന്ന അത്രെ പെറക്കപ്പെട്ട വാവ തനിക്ക സമം ആയവൻ പുത്രൻ എന്നും വാവായിൽ

നിന്നും പുത്രനിൽനിന്നും റൂഹാദക്കുദശ പുറപ്പെട്ടന്ന എന്നും, (എന്നാൽ ഇപ്പറപ്പാട രണ്ടാദികളെന്ന വശത്തിനടെ പ്രവൃത്തികളം രണ്ടിൽനിന്നായിട്ടും അല്ല. പിന്നെയൊ ഒര ആദിയിൽനിന്നും വശത്തിനടെ ഒര പ്രവൃത്തിയിൽനിന്നും അത്രെ), റൂഹാദക്കുദശാ വാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ടന്ന എന്നും വിശ്വസിക്കുന്നെൻ.

വാവാ പുത്രനും അല്ല റൂഹാദക്കുദശായും അല്ല. പുത്രൻ വാവായും അല്ല റൂഹാദക്കുദശായും അല്ല. റൂഹാദക്കുദശാ വാവായും അല്ല പുത്രനും അല്ല. വാവാ വാവാതന്നെ അത്രെ പുത്രൻ പുത്രൻതന്നെ അത്രെ. റൂഹാദക്കുദശാ റൂഹാദക്കുദശാതന്നെ അത്രെ. എന്നാൽ ഇ മൂവരിലും മുന്നും പിന്നും ഇല്ല; പെരുമെക്കും വചനത്തിനും മുഷ്ടരത്വത്തിനും തങ്ങളിൽ ഏതും ഭെദമില്ല. തൊടക്കവും ഒട്ടക്കവും കൂടാതെ ഒരുവൻ തംപുരാൻ ഇ മൂവെരാകുന്നത.

ബാവാ പെറപ്പിക്കുന്നൊവൻ, പുത്രൻ പെറക്കപ്പെട്ടന്നവെൻ, റൂഹക്കുദശാ പൊറപ്പെട്ടന്നവെൻ, മൂവരും സമം അത്രെ. സവ്വതും കൈയാണ്ടവരും തൊടക്കവും ഒട്ടക്കവും ഇല്ലാത്തവരും. എന്നാൽ മൂവര തംപുരാക്കൻമ്മാർ അല്ല. പിന്നയൊ ഒരുവൻ തംപുരാൻ അത്രെ. ഒര ഏകസ്വരൂപവും ഒരു കാതലും അറുതി ഇല്ലാത്ത ഒര മെകച്ചവനും രൂപിയും അരൂപിയും സവ്വതും സൃഷ്ടിച്ച ഒര ആതി ആകുന്നത തംപുരാൻ. എന്നാൽ തന്നെറ തിരുമനസ്സുകൊണ്ട തനിക്ക ഒത്തപ്പൊഴം തന്നെറ ദ്യാവാലെ എപ്പെരും പടെച്ച അനെകം നന്നാകണം എന്ന കല്പിച്ച.

രണ്ടാം സഹാ [*S. iii D. i C. ii*]

ബാവാക്കും റൂഹാദക്കുദശാക്കും ശരിയാകുന്ന, ബാവായൊട്ടും റൂഹാദക്കുദശായൊട്ടും കൂടെ എപ്പൊളും ഒണ്ട എന്ന, അവരൊട്ടുകൂടെ ഒരു കാതൽ ആകുന്ന, തംപുരാന്റെറ ഒരുവൻ പുത്രൻ, ആദത്തിന്റെറ ദൊഷത്തിൽനിന്നും ശെഷം പെഴകളിൽനിന്നും മാനുഷരെ രക്ഷിപ്പാനായിട്ട തംപുരാന്റെറ അനുഗ്രഹത്തിനടെ മെൽപട്ട വിചാരം കല്പിച്ചപ്പൊഴം ശുദ്ധമാന എപ്പൊളും കന്നി ആയ മറിയത്തുമ്മാടെ വയററിൽ റൂഹാദക്കുദശായാൽ മാനുഷസുഖം എടുത്ത മാനുഷനായി എന്നതിന്റെറ അത്ഥം ആയത ദ്വതയ ഒള്ള ആത്മാവും ശരീരവും കൂടെ തംപുരാന്റെറ പുത്രൻ എടുത്ത തന്നിൽത്തന്നെ ഒന്നിക്കയും ചൈതു.

ഇതിനെക്കൊണ്ട മിശിഹാ ഒരുവനായിട്ട പട്ടാങ്ങയായ തംപുരാനും പട്ടാങ്ങയായ മാനുഷനും തംപുരാന്റെറ പുത്രനും മത്തമറിയത്തുമ്മാടെ പുത്രനും. എന്നാൽ ദൈവസുഖവും മാനുഷസുഖവും തനിക്ക ഒണ്ട എംകിലും എന്നാലും തങ്ങളിൽ കല്പിച്ച പൊയതും ഇല്ല (30).

എന്നാൽ ദൈവസുഖവും മാനുഷസുഖവും രണ്ടും തങ്ങടെ സ്വഭാവങ്ങളൊട്ടുകൂടെ മുഴവനായി തംപുരാന്റെറ പുത്രനിൽ ഒന്നിച്ചിരിക്കുന്നു. ദൈവസുഖത്തിനും മാനുഷസുഖത്തിനും രണ്ട മനസ്സും രണ്ട പ്രവൃത്തിയും ഒണ്ട. എന്നാൽ മിശിഹാ ഒരുവൻതന്നെ അത്രെ താനും. ദൈവസുഖം മാനുഷസുഖത്തെ ക്ഷയിപ്പിച്ചില്ല എന്നപൊലെ മാനുഷസുഖം ദൈവസുഖത്തിന്ന കുറച്ചിൽ വരുത്തിയില്ല. അത എന്തെ? പട്ടാങ്ങയായ തംപുരാൻ ആകുന്ന ആ ശരീരംതന്നെ പട്ടാങ്ങയായ മാനുഷനും ആയതിനെക്കൊണ്ട. പട്ടാങ്ങയായ തംപുരാൻ എന്നതിനെ

30. മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്ന എന്ന ന്യായമായി വിശ്വസിക്കാവുന്ന താഴെക്കാണുന്ന ഭാഗം കെ. എൻ. ഡാനിയേലിന്റെ പുസ്തകത്തിൽ കാണുന്നു. ''ഒന്ന ഒന്നിൽ തിരിയപ്പെട്ടുന്നതുമില്ല. അവറാൻ ഒന്ന ക്ഷയിച്ചുപോയതുമില്ല''. പുറം 34.

ഏവൻഗെലിയൊനിൻ എഴുത്തപ്പെട്ട ഈ വചനംകൊണ്ടറിയാം: ''പൂവ്വത്തുംകൽ വചനം ഉണ്ടായിരിന്നു. ഇ വചനം തംപുരാൻ പക്കൽ ഇരുന്നു. ഇ വചനം തംപുരാൻതന്നെ ആഇരുന്നു.'' എന്നാൽ പട്ടാങ്ങയായ മാനുഷൻ എന്നറിയാം ഇ വചനങ്ങംകൊണ്ട: ''വചനം മാംസമായി നമ്മിൽ കുടിഇരുന്നു.'' എന്നാൽ വിശെഷിച്ച അഞ്ച അപ്പവും രണ്ട മീനുംകൊണ്ട അയ്യായിരം ജനത്തിൻെറ സംപൂൎണ്ണം വരുത്തിയതിനെക്കൊണ്ടും എന്നെന്നെക്കും ഉയിൎപ്പിനുടെ വെള്ളം നിനക്ക തരുവാൻ എന്ന ശത്രായെക്കാരത്തി സ്ത്രീക്ക ഒത്തതിനെക്കൊണ്ടും മരിച്ച നാലാംപക്കം ലാസ്രനെ ഉയൎപ്പിച്ചതുകൊണ്ടും കുരുടക്ക കാഴ്ച കൊടുത്തതിനെക്കൊണ്ടും ദ്രൊഹകാരുടെ രൊഗം പൊറുപ്പിച്ചതിനെക്കൊണ്ടും കാറ്റും പെരുംകടലീന്ന അടക്കിയതിനെക്കൊണ്ടും പട്ടാങ്ങയായ തംപുരാൻ താൻ എന്ന അന്തരം ഏതും കൂടാതെ അറിഞ്ഞുകൊള്ളണം.

തനിക്ക പൈച്ചതിനെക്കൊണ്ടും ദാഹിച്ചതിനെകൊണ്ടും വഴിനടന്ന അലുത്തതിനെക്കൊണ്ടും ആണികയംകൊണ്ട കുരിശ്ശുമെൽ നിന്ന തൻെറ കൈകളിലും കാലുകളിലും തറച്ചതുകൊണ്ടും പട്ടാങ്ങയായ മാനുഷൻ താൻ എന്നും അറിയാം. ഒരുവൻ ആയ മിശിഹാ തൻെറ ദൈവസുഖത്തിൽ തൻെറ ബാവായിക്ക ശരി; മരിപ്പും ദീനതപ്പാട്ടും കൂടാത്തവൻ. എന്നാൽ തൻെറ മാനുഷസുഖത്തിൽനിന്ന ബാവായെക്കായിൽ ചെറുത; ദീനപെടുവാനും മരിപ്പാനും വശമാകുന്നവൻ താനും.

മൂന്നാം സഹാ [*S. iii D. i C. iii*]

ദൈവത്തിനുടെ പുത്രൻ പട്ടാങ്ങയായ മാനുഷസുഖം എടുത്ത എപ്പൊളും കന്യാസ്ത്രീമറിയത്തിൽനിന്ന പട്ടാങ്ങയാൽ പിറന്ന എന്ന വിശ്വസിക്കുന്നെൻ. എന്നാൽ ദൈവസുഖത്തിനുടെ പുത്രൻ ഉമ്മാടെ പട്ടാങ്ങയായ പുത്രൻ ആയതിനെക്കാണ്ടും തംപുരാൻെറ പട്ടാങ്ങയായ അമ്മ മത്തമറിയത്തുമ്മാ എന്ന വിശ്വസിക്കുന്നെൻ. ഇ ഹെറ്റവിനാൽ പട്ടാങ്ങയായ നസ്രാണികയം ഒക്കെക്കും മത്തമറിയത്തുമ്മാനെ തംപുരാൻെറ അമ്മ എന്ന വിളിച്ച ന്യായം. അങ്ങനെ അതെ വിളിക്കെണ്ടതാനും. ദൈവത്തിനുടെ പുത്രൻതാൻ മാനുഷനായി പിറന്ന നമ്മെക്കുറിച്ച പട്ടാങ്ങയായി പാട്ടപെട്ടും പട്ടാങ്ങയായി മരിച്ചും പട്ടാങ്ങയായി അടക്കപ്പെട്ട പട്ടാങ്ങയായി ആത്മാവുകൊണ്ട പാതാളത്തിൽ എറങ്ങി അവുടെ ഇരുന്ന വാവാന്മാരുടെ ആത്മാവുകളെ രക്ഷിച്ച മൂന്നാം നാളം പട്ടാങ്ങയായി ഉയിൎത്തും നാൽപതു ദിവസത്തിന്ന എടെക്ക തൻെറ ശ്രീഹന്മാക്ക തംപുരാൻെറ രാജിതത്തുംമെൽ വെണ്ടുന്നത പഠിപ്പിച്ച ഉടനെ തൻെറ ശക്തിയാലെതന്നെ ആകാശത്ത എഴുന്നെള്ളി വാവാടെ സുദിയുടെ വലത്തഭാഗത്ത ഇരിക്കുന്നു. അവുടെനിന്ന മരിച്ചവരയും ഉയൎക്കുന്നവരയും (ഉയിരവരെയും?) വിധിപ്പാൻ വരും. അവൻ അവൻെറ പ്രവൃത്തിക്ക തക്കവണ്ണം കൂലി കൊടുക്കയും ചൈയ്യും.

നാലാം സാഹാ [*S. iii D. i C. iv*]

ആദത്തിൻെറ വിത്താലെ ഉല്പാദിച്ച പിറക്കപ്പെട്ട മാനുഷൎക്ക ആൎക്കും കീഴിൽ മൊക്ഷം ഉണ്ടായതുമില്ല, ഇനി ഉണ്ടാകയും ഇല്ല; തംപുരാൻെറയും മാനുഷരുടെയും എടയിൽ നടവനാകുന്ന മിശിഹാടെമെൽ വെണ്ടുന്ന വിശ്വാസം കൂടാതെ. രക്ഷപെട്ടവരും രക്ഷപെടുവാൻ ഇരിക്കുന്നവരും തൻെറ വാവായൊടനൊമ്മെ പ്രതി നമ്മുടെ ദൊഷങ്ങടെ കണക്ക എഴുത്തും മായിച്ച മിശിഹാടെ

ചൊരയാലെയും മരണത്താലെയും അത്രെ. മിശിഹാ ഇഹലൊകത്തിൽ നമുക്ക വെണ്ടി വരുംമുമ്പെ താൻ മാനുഷരെ രക്ഷിപ്പാൻ വരും എന്നതുംമെൽ വിശ്വാസം ഉണ്ടായിരുന്നു. താൻ വന്ന രക്ഷിച്ചതിൽ പിന്നെ നമ്മെ രക്ഷിപ്പാൻ വന്ന രക്ഷി ച്ചു എന്നും ഇപ്പളത്തെ വിശ്വാസം ആകുന്നു.

അഞ്ചാം സഹാ [S. iii D.i C. v]

ആദത്തിന്റെറ വിത്താലെ പെറക്കുന്ന നാം മാനുഷര എല്ലാവരും ചൈത്താ നുടെ പുത്രരും പിഴയാളരും ആയി അത്രെ പിറക്കുന്നു. അതെന്തെ? മാനുഷവർക്ക ത്തിന്ന ആദം തലവൻ ആഇതിനെക്കൊണ്ട അയാളം പെഴച്ചതിനെക്കൊണ്ട നമുക്ക ഒക്കെക്കും പിഴയുണ്ട. അയാളം തനിക്കും നമുക്കുമായിട്ട തംപുരാൻ അയാളം ക്ക കൊടുത്ത പ്രമാണത്തിന്റെറ നന്മ അയാളം കളഞ്ഞതിനെക്കൊണ്ട നമുക്കും കൂടെ അത ഇല്ലന്ന വന്നു. ഇതിന്ന പൗലൊസുശ്ലീഹാ പൊല്ലുന്നു; ''ഒരു പുരു ഷന്റെറ ദൊഷത്തിന്റെറ ഹെദുവിനാൽ ഇഹലോകത്തിൽ ദൊഷം പുക്ക അതി നാലെ മരണം എല്ലാവരുടെമെലും കടന്നു; മുമ്പിലത്തെ പുരുഷന്റെറ മൂലത്താൽ മാനുഷര ഒക്കയും പിഴച്ചമൂലം'' എന്ന. ആദത്തിന്റെറ വിത്താൽ നാം പിറക്ക പ്പെട്ടന്നതിനെക്കൊണ്ടും ആ ദൊഷവും നമ്മുടെ മെൽ അനുഭവിക്കുന്നു. ആ ദൊഷം നമുക്ക ഒള്ളപ്പൊം മൊക്ഷത്തിൽ നമുക്ക ചെന്നുകൂടാ. ഇതിനെക്കൊണ്ട തംപു രാൻ മാമ്മൊദീസാ എന്ന കൂദാശ കല്പിച്ചു; ഇക്കൂദാശയാൽ ഉല്പനദൊഷം പൊ വാനും തംപുരാന്റെറ സ്നെഹപ്പെട്ട പുത്രരും മൊക്ഷത്തിലെ അനന്തരവര നാം ആവാൻ.

ആറാം സഹാ [S. iii D. i C. vi]

മാമ്മൊദീസാ മുങ്ങിയതിന്റെറ ശെഷം ദൊഷം ഒന്നും ഒണ്ടാകാത്തവരുടെ ആത്മാവുകളും പിഴച്ചാറെ തങ്ങടെ പെഴടെ മുഴവനായ പ്രാശ്യത്വം ചൈതവ രുടെ ആത്മാവുകളും ഉടലിൽനിന്ന വെർതിരിഞ്ഞ ഉടനെ ആകാശമൊക്ഷ ത്തിലും ചെന്ന ഒള്ളവണ്ണംതന്നെ ദൈവസുഖത്തെ വെളിച്ചമെ കാണുന്നു. എന്നാൽ ഒരൊരുത്തരുടെ യൊഗ്യത്തിന്ന തക്കവണ്ണം കാഴ്ചക്ക ഏറക്കുറച്ചിൽ ഒണ്ടുതാനും. ഉല്പവദൊഷത്തൊടുതന്നെ മരിക്കുന്നവര മരിച്ചാൽ ഒടനെ ഒരിക്കലും തംപുരാനെ കാണാൻ വശമല്ലാത്ത പാതാളം എന്ന എടത്തിൽ ആകയും ചൈ യും(31). തന്റെറ ശാവദൊഷത്തൊടുകൂടെ മരിക്കുന്നവര മരിച്ചാൽ ഒടനെ അവ രുടെ ആത്മാവുകളും എന്നന്നെക്കുമുള്ള നരകത്തിൽ ആകയും ചെയ്യും. തന്റെറ ദൊഷത്തിന്റെറ വലിപ്പത്തിന്ന തക്കവണ്ണം അതിലെ തീയിൽ കെടന്ന പാട പെടുകയും ചൈയും—

ഏഴാം സാഹാ [S. iii D. i C. vii]

മാമ്മൊദീസാ മുങ്ങിയതിന്റെറ ശെഷം പെഴച്ച പെഴകളുംമെൽ തെറി തമ്പുരാന്റെറ തിരുവുള്ളവും വാണ പിഴകളുടെ പ്രാശ്യത്വം മുഴവനായി തെക ക്കുംമുന്നെൽ മരിക്കുന്നവരുടെ ആത്മാവുകളും ഉടലിൽനിന്ന പുറപ്പട്ടാൽ ഉടനെ തംപുരാന്റെറ നെറിവാലെ കറകെടെ പൊക്കുന്ന എടത്തിൽ ചെന്ന അതിലെ

31. പാതാളത്തെക്കുറിച്ചുള്ള പരാമർശം മലയാളത്തിലുള്ള കാനോനകളിൽ മാത്രം കാണുന്നു. പാശ്ചാത്യഭാഷകളിലുള്ള കാനോനകളിൽ ഉത്ഭവദോഷമുള്ളവർക്കും ചാവദോ ഷമുള്ളവർക്കും നരകശിക്ഷതന്നെ വിധിച്ചിരിക്കുന്നു!

തീകൊണ്ടും മറ്റുള്ള ഞെരിക്കങ്ങൾകൊണ്ടും ദുരിതപ്പെട്ട പ്രാശ്യതപം തീരുവോളം അതിൽ കിടക്കും അത്രെ- പ്രാശ്യതപം മുഴുവനായി തെകച്ചാൽ തംപുരാൻ ആത്മാവുകളെ മൊക്ഷത്തിൽ കൊണ്ടുപൊയി വെളിച്ചമെ തൻറെറ ദൈവസുഖം കാട്ടുന്നതാനും. കറകെട പൊക്കുവാൻ ഒള്ള എടത്തിലെ ഞെരിക്കങ്ങളിൽനിന്ന തണുപ്പിക്കുന്നതും രക്ഷിച്ചുകൊണ്ടുപൊകുന്നതും കുവ്വാനയും അവക്കുവെണ്ടി ഇഹലൊകത്തിൽനിന്ന നസ്രാണികയം ധമ്മം ചൈയുന്നതും നമസ്കരിക്കുന്നതും മറാ നന്മ പ്രവൃത്തി അവക്വെണ്ടി ചൈയ്യുന്നതും—

എട്ടാം സാഹാ [S. iii D. i C. viii]

ഇപ്പൊം നമുക്കുള്ള നമ്മുടെ ദെഹം നാം മരിച്ചാൽ മണ്ണായി തിരിയും എംകിലും ചൊദ്യത്തിനുടെ ദിവസത്തിൽ വീണ്ടും ഉരുതിരിഞ്ഞു നമ്മുടെ ആത്മാവുകളൊട കൂടെ ചെന്ന ഉയിൎത്ത എഴുന്നെക്കും. എന്നാൽ നല്ലവരുടെ ഉടൽക്ക സ്ഥതിയും പ്രഭല്ല്യവും ഉണ്ടാം. പിന്നെ മരിപ്പാനും ദീനതപ്പെടുവാനും വശമാകയും ഇല്ലാ. മിശിഹായൊടുകൂടെ എന്നന്നെക്കും ആകാശമൊക്ഷത്തിൽ ഇരുന്ന സൊയിരിയാപെടുകയും ചൈയും. വിശെഷിച്ച തിന്മയുടെ ഉടലുകളും ആത്മാവുകളും കൂടെ കാലന്മാരുടെ കൂട്ടത്തിലെക്ക ആയി എന്നന്നെക്കും ഒള്ള നരകത്തിൽ കിടന്ന ദുഷ്ടമ്മപെടുകയും ചൈയും.

ഒൻപതാം സാഹാ [S. iii D. i C. ix]

പൂവ്വത്തുംകൽ ആദികാലത്ത കാണപ്പട്ടതും കാണപ്പടുകടാത്തും അരുപിയും രുപിയും മാലാഖന്മാർ നിറയപ്പെട്ട ആകാശമൊക്ഷത്തെയും തംപുരാൻ പടച്ചു. എന്നാൽ തംപുരാനെ വഴങ്ങി തിരിവിള്ളവും വാണ മാലാഖമാര നന്മമെൽ ഒറച്ച പെഴപ്പാൻ വശമല്ലാത്തവണ്ണം ആയിച്ചമഞ്ഞു. അവര തംപുരാൻ സൃഷ്ടിച്ച വക്ക അവക്ക കൊടുത്ത നന്മകളൊടുകൂടെ മൊക്ഷവും അവക്ക കൊടുത്തു. എന്നാൽ തംപുരാനൊട മുതലിച്ചുനിന്ന മാലാഖമാരെ നരകത്തിൽ തംപുരാൻ തൻറെറ നെറിവിനുടെ കടുമയാലെ കളഞ്ഞു, അതിലെ തീകൊണ്ടും പാട്ടപെടുത്ത ഒരിക്കലും തംപുരാനെ കാണ്മാൻ വശമല്ലാതെ ആകയും ചൈതു. അവരുടെ ദുഷ്ടമ്മത്തിന്ന ഒട്ടക്കവും വരാ. അങ്ങനെ ആയിപ്പൊയ ചൈത്താൻമ്മാര മാനുഷരുടെമെൽ അവക്ക ഒള്ള പൈശന്യംകൊണ്ടും ഉള്ളിലെ ദുഷ്തമെൽ ഒറച്ചതിനെക്കൊണ്ടും മാനുഷരെ പരുക്ഷിച്ച പെഴപ്പിച്ച നരകത്തിൽ കളുവാൻ ഉത്സാഹിക്കയും ചൈയുന്നു.

പത്താം സാഹാ [S. iii D. i C. x]

ആകാശത്തിൽ തംപുരാനൊടുകൂടെ ഇരിക്കുന്ന പുണ്യവാളരെ നെനച്ച അവരുടെ യൊഗ്യം കൊണ്ട തംപുരാൻ നമുക്ക തരണം നന്മ എന്ന തംപുരാനൊട അപെക്ഷിക്കണം. നമ്മുടെ ആവലാധിക്ക അവരെ നെനച്ചും വിളിച്ചും നമുക്കവെണ്ടി തംപുരാനൊട അപെക്ഷിക്കണം എന്ന അവരൊട നാം എരക്കയും വെണം. നമ്മുടെ എരപ്പും നമസ്കാരവും അവര തംപുരാന കാഴ്ചവൈക്കുന്നതിനെക്കൊണ്ടും വിശെഷിച്ച അവരുടെ ഉടലുകയം മിശിഹാടെ ജീവനായ സന്ധുക്കയം ആയതിനെക്കൊണ്ടും ആ ഉടലുകയം റൂഹാക്കുദശായുടെ ഇരിപ്പടം ആയതിനെ

ക്കൊണ്ടും ശൊദ്യത്തിനുടെ ദിവസത്തിൽ ഉയിത്ത സ്ലീഹായൊട്ടുടെ ആകാശമൊക്ഷത്തിൽ കരെറി തംപുരാനൊട്ടുടെ ഇരിക്കും എന്നതിനെക്കൊണ്ടും ആപ്പുണ്യവാളരുടെ ഉടലുകൾ എംകിലും അസ്ഥികൾ എംകിലും നാം ആശരിക്കയും വന്ദിക്കയും പള്ളികളിൽ ത്രൊനൊസുമെലും ശ്രുദ്ധമാന എടങ്ങളിലും അതിനെ സൂക്ഷത്തൊട്ടുടെ സംഗ്രഹിക്കയും വെണം എന്നതുംമെൽ നാം വിശ്വസിക്കുന്നു.

പതിനൊന്നാം സാഹാ [*S. iii D. i C. xi*]

മിശിഹാടയും മത്തമറിയത്തുംമാടയും ശ്രുദ്ധമാന പള്ളി ആശരിക്കുന്ന കന്തീശങ്ങളടയും രൂപങ്ങളെ ഒണ്ടാക്കുകയും പള്ളിയിൽ അതിനെ വച്ച വന്ദിക്കണം എന്നും നമുക്ക വിശ്വാസം. എന്നാൽ കാവ്യര തങ്ങടെ ഭഗവതികളെയും ദെവൻമ്മാരെയും വച്ച അതുംമെൽ ശരണപ്പെട്ട വിശ്വസിച്ച ആശരിക്കുന്ന എന്നപൊലെ അല്ല നാം പുണ്യവാളരുടെ രൂപങ്ങടം ആശരിക്കുന്നു. രൂപങ്ങടംക്ക ഏതാനും ഒര ശക്തി ഒണ്ടെന്നിട്ടല്ല അതിനെ നാം വന്നിക്കുന്നു. പിന്നെയൊ പുണ്യവാളരെ അത നമുക്ക കാട്ടുന്ന എന്നതിനെക്കൊണ്ട ഇ രൂപങ്ങടം വന്ദിക്കുന്നതും പുണ്യവാളരെ വന്ദിക്കുന്നതും രണ്ട അല്ല. ഇതിനെക്കൊണ്ട മിശിഹാടെ രൂപം മിശിഹാനെ നമുക്ക കാട്ടുന്ന എന്നതിനെക്കൊണ്ടും മാർ സ്ലീവാ കുരിശുമെൽ തൂങ്ങപ്പെട്ട കത്താവിനെ നമുക്ക കാട്ടുന്നതിനെകൊണ്ടും മിശിഹാകത്താവിനെ വന്ദിക്കെണ്ടംവണ്ണം തന്നെറ രൂപത്തെയും മാർ സ്ലീവായയും വന്ദിക്കണം. മത്തമറിയത്തുംമായയും പുണ്യവാളരെയും വന്ദിക്കുംവണ്ണം അവരുടെ രൂപങ്ങളയും വന്ദിക്കണം. മിശിഹാകത്താവ മത്തായിയുടെ അറിയിപ്പിൽ അരുളിചൈതു 'മാർ സ്ലീവായെ പൊദ്യത്തിനുടെ ദിവസത്തിൽ എല്ലാവക്കും എടവിടാനത്തും കുൽ കാണ്മാറാകും' എന്ന —

പന്ത്രണ്ടാം സാഹാ [*S. iii D. i C. xiii*]

മാനം വളഞ്ഞതിനകത്ത ആകനാൽ ഒരു പള്ളിയെ ഒള്ള. ഇപ്പുള്ളിക്ക തലവനും എടയനും ആയത ശ്രുദ്ധമാന പാപ്പാ അത്രെ. എന്നാൽ ശ്ലീഹന്മാക്ക തലവനായ ശെമഹൊൻ കെപ്പാടെ പക്കൽ നസ്രാണികളെ എല്ലാവരെയും വഴങ്ങി പട്ടക്കാരക്കും മെൽപ്പട്ടക്കാരക്കും മററ എല്ലാവക്കും തലവൻ ആക്കിയപൊലെ ഇവണ്ണംതന്നെ കെപ്പായാലെ അനന്ത്രക്കാരൻ ആകുന്ന ശ്രുദ്ധമാന പാപ്പാ നസ്രാണികടം ഒക്കക്കും തലവനും കാന്നവനും മെല്പട്ടക്കാരനും ആകുന്നത (ശ്രുദ്ധമാന പാപ്പാ) (32). ഇവണ്ണംതന്നെ പള്ളികടം ഒക്കക്കും തലയും അമ്മയും ആകുന്നത ശ്രുദ്ധമാന റൊമ്മാപ്പള്ളി. ഇതിനെക്കൊണ്ട പട്ടക്കാരും മെത്രാപ്പൊലീത്തരും അപ്പസ്തൊപ്പന്മാരും മെത്രാന്മാരും പാത്രിയക്കീസൻമ്മാരും കാസൊലിക്കാമാരും മാടംപികളും കത്താക്കളും രാജാക്കളും ശെഷം മാമ്മൊദീസാ ഒള്ളവരും ഒക്കയും ശ്രുദ്ധമാന പാപ്പാടെ കീഴം അടങ്ങുന്നു. ഇതിനെക്കൊണ്ട പാപ്പാടെ കീഴം വഴത്താത്തവക്ക മൊക്ഷം ഇല്ല. പിന്നയൊ നരകത്തിൽ പൊയി ഉഷ്ടപ്പെട്ടുപൊര.

പതിമ്മൂന്നാം സാഹാ [*S. iii D. i C. xiv*]

ഏവൻഗെലിക്കും നിവിയെൻമാക്കും ഒടെ(ൻ) ഒരുവെൻ തംപുരാൻ അത്രെ. പഴെ മാക്കത്തിലെ നിവിയൻമ്മാരും പുത്തൻ മാർക്കത്തിലെ ശ്ലീഹൻമ്മാരും പു

32. വലയത്തിനുള്ളിൽ കാണുന്ന ഭാഗം അനാവശ്യമായ ആവർത്തനമാണു. ഇത്തരം തെറ്റുകളും ഈ കൃതികളിൽ വിരളമല്ല.

ണ്യവാളരും റൂഹാദക്കുദശാ ഒരുവനാൽ അത്രെ എല്ലാവരും പറഞ്ഞ അറിയിച്ചതി നെക്കൊണ്ട. എന്നാൽ റൂഹാദക്കുദശായാൽ എഴുത്തുപെട്ട പൊസ്തകങ്ങളെ കതൊലിക്കാപള്ളി കൈക്കൊണ്ടത ഇത: പഴെ ശാസ്ത്രത്തിൽ ഒറൈത്താൽ അ ഞ്ച – ഒന്നാമത – ബ്രീസാ – രണ്ടാമത – മക്കപ്പാനാ – മൂന്നാമത – കഹനെ – നാ ലാമത - മെനിയാന – അഞ്ചാമത – തെനിയൻ നാമ്മൊസ - ഈശൊ വഞ്ഞ്ലാൻ – എസറാ 2 – രാജാക്കടെ പൊസ്തകത്തിൽ 4 – എസറാ – ത്രുവിസ 1 – യൂദിത്താ, എസ്ത്രാ, ഇയൊവുക്കെനാ 1, ഹലാലാ - ശ്ലെമ്മൊൻെറ ഒപ്പാരികം 1 – കൊഹ ലാസ – ശീറസശീറിൻ 1 – ഹെഖമസാറബസാ 1 – ഈശൊബറസീറാ – വല്യ നിവിയൻമ്മാരനാലരും ഇതാകുന്നത: ഏശയ്യാ ബൂഹൊട്ടക്കുടെ എറമിയാ, ഹെ സകിയെൽ, ദാനിയെൽ. പന്നിരണ്ട ചെറിയ നിവിയമ്മാര 1: ഹൊശാ – ഇയൊയൽ – ഈ ആമ്മൊസ, ഊവദിയാ, യൊവനൻ – ഊമിഖാ, നാഹൊം. – ഹൌകൊക്ക, സപ്പനിയാ, ഹഗി, സക്കറിയാ, മാലാഖിൽ – മക്കവായാ രണ്ടും. പുത്തെൻ ശാസ്ത്രത്തിലെ പുസ്തകങ്ങളും ഇത്ര: ഏുവൻഗെലിനാല അറിപ്പും – മ ത്തായി – മക്കൊസ – ലൂക്കാ – യൊഹന്നൻ – ലൂക്കാ ഏുവൻഗാലിസ്ത എഴുതിയ പ്രക്കസെസ ശ്ലീഹായും പൗലൊസുശ്ലീഹാടെ എംകത്താ പതിനാലും, അതായ്ത– റൊമ്മാക്കാരക്ക ഒന്ന, പിലിപ്പിസായെക്കാരക്ക ഒന്നും, തെസലൊനിക്കായെ ഒന്ന, കൂറെന്തായക്കാരക്ക ഒന്ന, ഗലാത്തയക്കാരക്ക ഒന്നും, കൂൽസായക്കാരക്ക ഒന്നും, അപ്പ സായെക്കാരക്ക 1, തിമ്മാത്തെയൊസിന്ന രണ്ട, തെത്തൊസിന്ന ഒന്ന, പിലി മ്മൊനിന്ന ഒന്ന, എവുറായെക്കാരക്കാക്ക ഒന്ന, ശെമഹൊൻ കെപ്പാ എംകത്താ രണ്ട, യൊഹന്നാൻെറ എംകത്താ മൂന്ന, യൂദാടെ എംകത്താ ഒന്ന, യാക്കൊ വിൻെറ എംകത്താ, ഗെലിയാനെദ യൊഹന്നാൻ എന്ന പുസ്തകവും— (33)

രണ്ടാം കല്പനാ [*S. iii D. ii*]

തംപുരാൻെറ പുത്തെൻ ശാസ്ത്രത്തിലെ സുറിയാനി(യിൽ) (34) പുസ്തക ത്തിൽ സാക്ഷാൽ എഴുത്തുപെട്ടവുത്താൽ ചെല വസ്തുക്കളും ഇല്ല. ഇ ഏടവക യിൽ അത ഇന്നത എന്ന ശ്രദ്ധമാന സുനഹാദൊസ അറിയിക്കുന്നു. ഒന്നാമത യൊഹന്നാൻെറ അറിയിപ്പിൽ മറ്റ എല്ലായിലും അവരാസപ്പട്ട സ്ത്രീയെടെ വിശെഷം എഴുത്തപ്പട്ടത ഇല്ല. 2. ലൂക്കാടെ അറിയിപ്പിൽ പത്താം സഹായിൽ എഴുത്തുപ്പട്ടത: എഴുപത്ത രണ്ട ശിഷ്യരെ തംപുരാൻ കഴലപ്പെട്ടത്തി എന്ന എല്ലാ പാഷയിലും എഴുത്തുപ്പട്ടവണ്ണം ഇല്ല; എഴുപത എന്നെ ഒള്ള. 3. മത്തായിടെ അറിയിപ്പിൽ ആവുൻന്തവശമൈയ്യ എന്ന നമസ്കാരത്തിൽ അതിൻെറ ഒട്ടക്കത്ത മറെറാന്നിലും എഴുത്തുപെടാത്ത വശനങ്ങളും ചെലത ഒണ്ട എഴുത്തുപെട്ടിട്ട. അ തായത 'മെത്തൊൽ ദദീലാഹൈ മൽക്കുസ ഉഹൈലാ ഉതെശ്രബൊഹത്താ ല്ല ആലംഅൽമ്മീൻ' എന്നത്ര. 4. യൊഹന്നാൻെറ രണ്ടാമതവും മൂന്നാമതവും ഒള്ള എംകത്താ ഇല്ല. യൂദാടെ എംകത്തായും ഇല്ല. യാക്കൊവിൻെറ (35) ഒന്നാം എംകത്തായിൽ അഞ്ചാം സഹായിൽ മറ്റ എല്ലാത്തിലും എഴുത്തുപെട്ടപൊലെ ഇല്ല. അതായത 'ആകാശത്ത സാക്ഷിപെട്ടന്നവര മൂവര, വാവായും പുത്രനും

33. ബൈബിളം ഗ്രന്ഥങ്ങളുടെ പട്ടിക റോസിൻെറ നിയമാവലിയിൽ കാണുക.

34. 'സുറിയാനിയിൽ' എന്ന മാന്വാനം കോപ്പിയിൽ കാണുന്ന. 'സുറിയാനിപുസ്ത കത്തിൽ' എന്നതായിരിക്കണം ശരിയായ രൂപം.

35. 'യോഹന്നാൻെറ ഒന്നാം എംകത്താ' എന്നായിരുന്ന വേണ്ടിയിരുന്നത്. കെ. എൻ. ഡാനിയേൽ ശരിയായ പേര് ഉപയോഗിച്ചിരിക്കുന്ന.

റൂഹാദക്കുദശായും, എന്നാൽ ഇ മൂവര ഒന്ന' എന്ന വചനം. നാലാം സഹായിൽ എല്ലാത്തിലും എഴുത്തുപെട്ട ഇ വശനങ്ങളം സുറിയാനിയിൽ ഇല്ല. അതായത 'ഇശൊനെ അയെക്കുന്നവെൻ തംപുരാനെന്നവൻ അല്ല'ന്ന — ഹെഹമസാറബ സാ (36) എന്ന പുസ്തകം സുറിയാനിയിൽ സാമാന്യം ഇല്ല. ഇതിനെക്കൊണ്ട പണ്ട ശ്ലീഹന്മാരുടെ കാലത്ത എഴുത്തുപെട്ട പുസ്തകങ്ങളം സുറിയാനിയിൽ ഇല്ലാത്തത എല്ലാം ലത്തീനിൽനിന്ന സുറിയാനിയിൽ പെത്ത ഒണ്ടാക്കണം എന്ന പെണ്ണാപീസക്രൊസ (37) പാദ്രിയൊട ഇ സൂനഹദൊസ അപെക്ഷിക്കുന്ന-(38)

മൂന്നാം കല്പന [*S. iii D. iii*]

റൂഹാദക്കുദശയാൽ എഴുത്തുപെട്ട പുസ്തകങ്ങളം വിശ്വാസത്തിന്റെറ തുണകളും ഒറെപ്പും ആകുന്നതിനെക്കൊണ്ട വിശ്വാസക്കെട്ടകാരര തങ്ങടെ തണ്യതാല്പര്യം തെകപ്പാൻ തക്കവണ്ണം അതിൽ ചെലത പകത്തുകയും ചെലത മാച്ചുകളകയും ചൈതാര. ഇതിനെക്കൊണ്ട തംപുരാൻ മാനുഷ്ക്കവെണ്ടി പിറക്കയും മരിക്കയും ചൊര ചിന്തിയതുമില്ലന്ന നെസ്റ്റോറിസും അവന്റെറ കൂട്ടവും ഉണ്ടാക്കി അതിന്റെറ മുഴുപ്പിനായിട്ട ഇതിന്ന മറുത്തുള്ളത മാച്ചുകളഞ്ഞു. തംപുരാന്റെറ ചൊരയാലെ പള്ളിയെനെ നെടി എന്ന പ്രക്കൈസസ ശ്ലീഹാ പുസ്തകത്തിൽ ഇരുപതാം സാഹായിൽ എഴുത്തുപെട്ടത തംപുരാന്റെറ പെക്ക പകരം മിശിഹാ എന്ന മരിച്ച എന്ന എഴുതിയാ(ര). യൊഹന്നാന്റെറ എംകത്തായിൽ മൂന്നാം സാഹായിൽ തംപുരാൻ നമുക്കവെണ്ടി തന്റെറ ആയിസ്സം ഉപെക്ഷിച്ച എന്ന എഴുത്തുപെട്ട അരുളപ്പാടുകളെ പകത്തി തംപുരാൻ എന്ന പെരിന്ന പകരം അവൻ എന്ന എഴുതിയാര.

വിശെഷിച്ച തംപുരാനും ഈശൊയും എന്നിരുവരത്രെ എന്ന വരുത്തുവാൻ പൌലൊസ ശ്ലീഹാടെ എംകത്തായിൽ മറൊന്നിലും എഴുത്തുപെടാത്ത ഇ വചനങ്ങളെ കൂട്ടിയാര. വചനങ്ങളം ആയത ഇത — 'തംപുരാനെ കൂടാതെ ഈശൊതാൻ മരണം രസിച്ച' എന്ന. വിശെഷിച്ച 'ഈശൊവെ വെറുതിരിക്കുന്നവൻ തമ്പുരാൻ അവൻ അല്ല'ന്ന, യൊഹന്നാന്റെറ അറിയിപ്പിൽ നാലാം സാഹായിൽ എഴുത്തുപെട്ടത, നെസ്റ്റൊറിസ കുത്തിക്കളഞ്ഞു എന്ന കംക്കിടൊൻ എന്ന സൂനഹദൊസിൽ എഴുത്തുപെട്ടിട്ടുണ്ട. സാക്ഷാൽ റൂഹാദക്കുദശായാൽ എഴുത്തുപെട്ടത ഒക്കെയും വഴിയെ സുറിയാനിയിൽ എഴുതി വായിക്കണം എന്ന സൂനഹദൊസ കൽപിക്കുന്നു. (39)

നാലാം കല്പനാ [*S. iii D. iv*]

കാവ്യരുടെ എടയിൽ മാത്തൊമ്മാ നസ്രാണികളം ഇരിക്കുന്നതിനെക്കൊണ്ട കാവ്യര വിശ്വസിക്കുന്ന ഇവുത്താൽ ചെലത നസ്രാണികളിലും ചെലര വിശ്വസിക്കുന്ന എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട ഇത അറിയി

36. 'Book of Wisdom', 'ജ്ഞാനം' എന്ന ഗ്രന്ഥം.

37. Francisco Ros

38. Esther, Tobit എന്നീ ഗ്രന്ഥങ്ങളം സുറിയാനിയിൽ ഇല്ലെന്ന പോത്തുഗീസ് കാനോനകളിൽ കാണുന്നു. Hough, Page 583.

39. ലൂക്കായുടെ സുവിശേഷത്തിലെ 'Lend, hoping for nothing again' എന്ന വാക്യം 'Lend, and from thence hope for something' എന്ന തിരുത്തിയിരുന്നതായി പോ. കാനോനകളിൽ കാണുന്നു. Hough, P. 534.

ക്കുന്നു. മറുപൊറവി ഒണ്ടന്നെ വിശ്വസിക്കുന്നത പട്ടാങ്ങയുടെ വിശ്വാസത്തിന്നെ എടത്തുട ആകുന്നത. അതെന്തെ? മെൽ എഴുത്തുപെട്ട പൊലെ ഉടലിൽനിന്നെ ആത്മാവ പൊറപ്പെട്ടംപൊളെ ആകാശമൊക്ഷത്തിൽതാൻ പാതാളത്തിൽതാൻ എറങ്ങും. വിധിപ്പിന്നടെ ദിവസത്തിൽ ഓരൊരൊ ആത്മാവുകയം തന്നെറ തന്നെറ (ആത്മാവിൽ) ഉടൽ ചെരും എന്നത്രെ തംപുരാന്നെറ അരുളപ്പാട. വിശെഷിച്ചും ഇഹലൊകത്തിലെ മാനുഷര ചെയ്യുന്ന ഗ്രണവും ദൊഷവും ശെഷം എല്ലാം തങ്ങടെ മനസ്സാലല്ല ചൈയ്യുന്നു, പിന്നയൊ തലയൊട്ടിയിലെ എഴുത്തും വിധിയും അത്രെ എന്നു ചൊല്ലുന്നതും ഒന്നയാണാ വിശ്വാസത്തിന്നെ മറുത്ത അത്രെ ആകുന്നു—

അത എന്തെ? നന്മയും തിന്മയും ചൈയ്യുന്നതു തംപുരാൻ മാനുഷന്നെറ പക്കൽ ആക്കിയത അത്രെ എന്ന തംപുരാന്നെറ അരുളപ്പാട. തന്നെറ തന്നെറ മാർഗ്ഗത്തിന്നെ തക്കവണ്ണം ഇരിന്നാൽ മൊക്ഷം കിട്ടും എന്ന ചൊല്ലുന്നതും വിശ്വാസത്തൊട മറുത്ത അത്രെ ആകുന്നു. അതെന്തെ? ഗുഹാദക്കദശായാൽ എഴുത്തുപെട്ടതിൽ പലടത്തും എഴുത്തുപെട്ടിട്ടുണ്ട മിശിഹാടെ മാർഗ്ഗം വിശ്വസിച്ച പൂകാത്തവക്ക മൊക്ഷം ഇല്ലന്നു. ഇതിനെക്കൊണ്ട എടവകയിലെ മൂപ്പൻമ്മാരും കംപസാരിപ്പിക്കുന്ന പട്ടക്കാരും പൊരുതം പറയുന്ന പട്ടക്കാരും അറിവില്ലാത്തവരൊട അത്തരം വസ്തുക്കളെ വിശ്വസിക്കരുത എന്ന പല ഊട്ടുക്കവും പറെഞ്ഞ അറീക്കണം എന്ന ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു.

അഞ്ചാം കല്പനാ [*S. iii D. v*]

നമ്മുടെ കത്താവെ മാറാനീശൊമിശിഹാ നമുക്കുവെണ്ടി പാട്ടപെട്ടതും മരിച്ചതും ഓർത്ത നിരുപിക്കുന്നതിനെക്കൊണ്ട നമ്മുടെ പെഴകളും മെൽ ദൊഷിച്ച പിന്നെ പിഴക്കണ്ടാ എന്നു ഒറപ്പും നല്ല പ്രവ്രുത്തിമെൽ ഉത്സാഹവും സൊർഗ്ഗത്തിൽ പൊകണമെന്നതുംമ്മെൽ ശരണവും മറ്റ പലപല ഉപകാരങ്ങളും നമുക്ക ഉണ്ടാകുന്നതിനെക്കൊണ്ട ഏവൻഗാലിയൊനും ശ്രീഹായിലും അതിനെ ഒക്കണം എന്ന എഴുത്തുപെട്ടതിനെക്കൊണ്ടും മിശിഹാടെ ദീനതപാടും മരണവും ഒക്കുന്നത തംപുരനൊട ഏറക്കുറയം ആകുന്നതിനൊക്കും എന്ന ചൊല്ലുന്നത വിശ്വാസത്തിന്നെ മറുത്ത അത്രെ ആകുന്നു. ഇതിനെകൊണ്ട പൊരുതം പറയുന്നവരും കംപസാരിക്കുന്നവരും ദുഃഖവും സുഖവും ചൊല്ലി നമസ്കരിക്കുന്നത (40) അനെകം നന്മയുള്ള വസ്തു എന്ന എല്ലാവരെയും പറഞ്ഞ ബൊധിപ്പിക്കണം.

ആറാം കാനൊനാ [*S. iii D. vi*]

സുറിയാനിയിൽ ചെല പുസ്തകങ്ങളിൽ വിശ്വാസത്തിന്നെ മറുത്തുള്ള പെണക്കങ്ങളിൽ മർത്തമറിയത്തുമ്മായെക്കൊണ്ടും ചെല പെണക്കങ്ങളൊണ്ട. ആ പെണക്കങ്ങളെ പെണക്കങ്ങം എന്ന അറിഞ്ഞ അതിനെ വിശ്വസിക്കാസ്സാൻ ശുദ്ധമാന കാത്തൊലിക്കാവിശ്വാസം മർത്തമറിയത്തുംമായെക്കൊണ്ട പഠിപ്പിക്കുന്നതാകുന്നത ഇത: ദൊഷത്തിന്നെറ കറ ഒരു നാളും ഉമ്മാസ്സു ഉണ്ടായില്ലന്നും പെറുമുൻപെയും പെറുന്നപ്പൊളും പെറാറെയും ഒരിക്കലും കന്യാസുഖം അഴിഞ്ഞില്ല എന്നും നൊവും വെടിപ്പുകെടും ആയി ഒള്ള പ്രസമം ഉമ്മായിക്ക ഉണ്ടായില്ലന്നും താൻ മരിച്ചപ്പൊഴതന്നെ ആകാശമൊക്ഷത്തിൽ ആയി എന്നും ഉയിത്ത ആത്മാവൊടും ശരീരത്തൊടുംകൂടെ ആകാശത്തിൽ ഇരിക്കുന്നു എന്നും. അതെന്തെ?

40. 'ജപമാല' എന്നു പോർത്തുഗീസ് കാനോനകളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ദൈവത്തിനടെ പുത്രനെ ചൊമന്ന പെററ ഉമ്മാടെ ശ്രുദ്ധമാന ഉടൽ മററ എപ്പാ വരുടെയും ഉടൽ പൊലെ പൊടി ആയിപ്പൊകുന്നത ചെതം അല്പാസ്സുകൊണ്ട തംപുരാൻ ഉമ്മാനെ ഉയിപ്പിച്ച ആകാശമൊക്ഷത്തിൽ മാലാഹമാക്ക ഒക്കെക്കും മീതെ എടത്തിൽ ഉമ്മാന ഇരുത്തുകയും ചൈതു എന്ന ശ്രുദ്ധമാന പള്ളി പഠിപ്പിക്കുന്നു. ഇവണ്ണം നാം എല്പാവരും വിശ്വാസിക്കയും വെണം.

ഏഴാം കാനൊനാ [*S. iii D. vii*]

ഒരുവൻ തംപുരാൻ തന്നെറ ശ്രുദ്ധമാന ഒരു മാർഗ്ഗം ആകുന്നതിനെ (നൊം) ശെമഹൊൻ കെപ്പാടെയും മത്തൊമ്മാടയും വഴിപാട്ടും മാർഗ്ഗവും രണ്ട എന്ന വിശ്വാസത്തിനെറെറ അന്തരം ഒള്ളവര ഒണ്ടാക്കിചമച്ചതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ ആകുന്ന ഈ യൊഗത്തിന്ന സൂക്ഷം പെരികെ ഒണ്ട. എന്നാൽ പട്ടാങ്ങയുടെ നസ്രാണികൊംക്ക ഒക്കെക്കും മിശിഹാകത്താവിനാൽ ശ്രീഹന്മാര പഠിപ്പിക്കപ്പട്ട പഠിച്ച മാർഗ്ഗവും വിശ്വാസവും മാമ്മൊദീസായും ഒന്നെ ഒള്ള. ഇതിനെക്കൊണ്ട മാനം കാൽ ഊന്നിയതിന്ന അകത്ത ശ്രുദ്ധമാന കത്തൊലിക്കാപള്ളി ആയിട്ട ഒന്നെ ഒള്ള. ഇപ്പള്ളിയുടെ തലയാകുന്നത ആകാശത്ത മിശിഹാകത്താവ; ഭൂമിയിൽ ഇപ്പള്ളിയെ വാണ രക്ഷിപ്പാനായിട്ട ശെമഹൊൻ കെപ്പാടെ അനന്തരവൻ ആകുന്ന ശ്രുദ്ധമാന പാപ്പാ. എന്നാൽ ഇതിന്ന മറുത്ത പറയുന്നവര ശ്രുദ്ധമാന എവൻഗാലിക്ക എടത്തുട അത്രെ ആകുന്ന എന്ന അറിക. ഇതിനെക്കൊണ്ട ഓരൊരെ പള്ളി രക്ഷിപ്പാൻ ആകുന്ന പട്ടക്കാരും പൊരുൊം പറയുന്ന പട്ടക്കാരും ഇപ്പറഞ്ഞതിനെ പല കുറിയും എണങ്ങരൊട പറഞ്ഞ അറിക്കണം എന്ന ഇ യൊഗം കല്പിക്കുന്നു—

എട്ടാം കാനൊനാ [*S. iii D. viii*]

ഗൊവയിൽനിന്ന ബഹുമാനപ്പെട്ട മെത്രാപ്പൊലിത്താ വരുവൊളം ഇങ്ങ ഒള്ളവര നിത്തലത്തെ രണ്ട നെരത്തെ നമസ്കാരത്തിലും കുറുവാനയിലും വ്രുദാശീലെ പാത്രിയക്കീസിനെ കത്തൊലിക്കാ എന്ന ചൊല്ലി വാഴ്ത്തി ന്യായം. കത്തൊലിക്കാ എന്ന മൊഴിയുടെ അത്ഥം ആകുന്നത നസ്രാണികൊംക്ക ഒക്കെക്കും തലവൻ എന്ന. നസ്രാണികൊം ഒക്കെക്കും തലവൻ എന്ന പാപ്പാസ്സു എന്നിയെ മറൊരുത്തരെമെൽ ചൊല്ലപ്പടരുത. ഇതിനെക്കാണ്ട ശ്രുദ്ധമാന സൂനഹദൊസ വഴക്കത്തിനെറെറ ശക്തിയാലെയും ശ്രുദ്ധമാന പാപ്പാടെമെൽ എന്നിയെ മറൊരുത്തരമെൽ കത്തൊലിക്കാ എന്ന മൊഴി ചൊല്ലുംപൊളെ മഹരൊൻ തട്ടും എന്നതിനാലെയും പട്ടക്കാരരൊട്ടും എണങ്ങരൊട്ടും കത്തൊലിക്ക എന്ന പെര കുവ്വാനയിലും നമസ്കാരത്തിലും വിശെഷിച്ച മറൊരിക്കലും ശ്രുദ്ധമാന പാപ്പാടെമെൽ എന്നിയെ മറൊരുത്തരമെൽ കൂടി ചൊല്പരുത എന്ന പ്രമാണിക്കുന്നു—

എന്നാൽ ഇപ്രമാണം ആരാനും കടക്കിൽ അപ്പൊളെ അവക്ക മഹരൊൻ വിളിച്ച ചൊല്ലുകയും വെണം. എല്പാവരും അവരെ ശ്രുദ്ധമാന പാപ്പാടെ വഴക്കത്തിന്ന ഒള്ളവര അല്പന്നും വിശ്വാസത്തിന്ന അന്തരം ഒള്ളവരും എന്ന അറിഞ്ഞ പള്ളിയുടെ കല്പനകൊംക്ക തക്കവണ്ണം അവരെ ശിക്ഷിക്കയും വെണം — വിശെഷിച്ച ഇപ്പൊം വാഴുന്ന പാത്രിയക്കീസ ശ്രുദ്ധമാന പാപ്പാടെ വഴക്കത്തിൽ അല്ലാത്തതിനെക്കൊണ്ടും നെസ്റൊറിസിന്റെ കൂട്ടത്തിൽ ഒന്ന ആയതിനെക്കൊണ്ടും മഹരൊൻ ഏററിരിക്കുന്ന ശരീരത്തെ ചൊല്ലി പള്ളിയിൽ നമസ്കാരത്തിൽ നമസ്കരിക്കയും അരുത. വാസ്തുകയും അരുത. അയാടെ ചൊല്ലിന്ന ഒത്തവണ്ണം ഇരിക്കുന്നത ദൊഷവും അതിനാൽ നരകവും അത്രെ. എന്നാൽ പാത്രിയക്കീസിനെ വാസ്തിയ എടത്തിൽ ശ്രുദ്ധമാന പാപ്പാനയും മലംകരെക്ക വരുന്ന മെല്പട്ട

ക്കാരെയും വാസ്തുകെ ആവു. ഇതിന്ന എടുത്തുട അറിഞ്ഞുംകൊണ്ട പ്രവൃത്തിക്ക ന്നവര അവക്ക മഹറൊൻ ഒണ്ടന്ന വിളിച്ച ചൊല്ലുകയും വെണം. അവരുടെ പ്രതിജ്ഞക്ക തക്കവണ്ണം ഇ എടവകയിലെ മെല്പട്ടക്കാരന്റെറ കല്പനക്ക തക്ക വണ്ണം ശിക്ഷിക്കയും വെണം.

ഒൻപതാം കാനൊനാ [S. iii D. ix]

തെത്തൊറൊസ എന്നും തെത്തൊറാ എന്നും പെരുള്ളവര (41) എപ്പൊ ളും ചെലെടെത്ത അവരെ വാഴ്ത്തുന്ന എന്നതിനെക്കൊണ്ടും മറന്ന ചൈയ്യ ന്ന. (42) മാർ അവ്റാഹം എന്നും മാർ ആവാ കത്തൊലിക്കാ എന്നു (43) പെർപ്പെട്ട മല്പാന്മാരെയും മറും ചെല മല്പാൻമ്മാരെയും നിത്തലും എല്ലാടത്തും ഇപ്പൊം വാസ്തുന്ന. അവരെ നെസ്തൊറീസിന്റെറ കൂട്ടര ആയി വിശ്വാസത്തിന്ന അന്തരം വന്ന മഹറൊന്നും പ്രാക്കും ഏററ മരിച്ച നരകത്തിൽ പൊയവര ആയ തിനെ ക്കൊണ്ട ശുദ്ധമാന സൂനഹദൊസ വഴക്കത്തിന്റെറ ശക്തിയാലെയും അ വരെ വാസ്തുംപൊംതന്നെ മഹറൊന്റെറ പ്രശ്യതും ആകുന്നതിനെക്കൊണ്ട പട്ട ക്കാരര ആകുന്ന കത്തങ്ങളും ശമ്മാശ്രുംമാരും അവരെ വാഴ്ത്തരുത എന്ന പ്രമാ ണിക്കുന്ന. എന്നാൽ ഇ ചൊൽപ്പെട്ട പെരുള്ളത നീക്കി ആ പെരുകളിടെ എട ത്തിൽ മാർ ഗ്രറിഗൊറീസ എന്നും മാർ ആതാനാസീസു എന്നും മാർ വസ്സെ ലിയൊസ എന്നും മാർ യൊആനീസ എന്നും മാർ അഗ്രസ്തീനൊസ എന്നും മാർ അംപ്രൊസിസ എന്നും മാർ ഈറാനീമ്മൊസ എന്നും (44) ഇ ശുദ്ധമാന മല്പാൻമ്മാരിടെ പെരുകളെ വായിച്ച വാസ്തുണം എന്ന കല്പിക്കുന്ന. എന്നാൽ ഇപ്രമാണം കടന്ന ചൈയ്യന്നവക്ക മഹറൊൻ ഉടനെ വിളിച്ച ചൊല്ലുകയും വെ ണം. പട്ടക്കാരുടെ അമിശംആയി ഒള്ളത ഏതും പ്രവൃത്തിക്കരുത എന്ന വെല ക്കുകയും വെണം. പള്ളിയുടെ പ്രമാണത്തിന്ന തക്കവണ്ണം അവരെ ശിക്ഷിക്കയും വെണം—

പത്താം കാനൊനാ [S. iii D. xi]

മഹൈമ്മീനാൻ എന്ന വിശ്വാസം ശ്രീഹന്മാര ഒണ്ടാക്കി നമ്മുടെ മാശ്ശിഹി ലെ കാതല്യകം അതിൽ ഒള്ളതിനെക്കൊണ്ട പണ്ട ഒന്നായ സൂനഹദൊസു കളിൽ കൂടിയ പുണ്യവാളരും മെല്പട്ടക്കാരരും മല്പാൻമ്മാരും അറിവാക്കൻമ്മാരും അതിന്റെറ അത്ഥം തിരിച്ചതിനെക്കൊണ്ടും അതിൽ ആക്കും ഏതും ഒര വസ്തു കൂട്ടി ഒണ്ടാക്കുകയും നീക്കുകയും അരുത. എന്നാൽ 'ആലാഹാദ്ദമിൻ ആലാഹാന പഹറാദമിൻ നഹറാ' എന്ന മൊഴികളെ സുറിയാനിയിലെ മ്മഹൈമ്മിനീ നായിൽ ഇല്ലാത്തതിനെകൊണ്ട ആ മൊഴികം ചെർപ്പിക്കയും വെണം. വി ശെഷിച്ച ഏററ (45) 'എസ്സീലദപെസബത്തൻ' എന്ന ഒള്ള മൊഴികളെ നീക്കുകയും വെണം.

---

41. Theodorus, Diodorus.

42. മാന്നാനം കോപ്പിയിൽ 'മാർ ചൈയ്യന്നു' എന്ന തിരുത്തിയിരിക്കുന്നു.

43. Mar Abraham, Mar Abba Catholicos. പോ. ഭാഷയിലുള്ള കാനോനകളിൽ താ ഴെക്കാട്ടുന്ന പേരുകളും ചേത്തിരിക്കുന്നു: Hormisda, Joseph, Michael, Johanan, Barchauma, Barimada, Rabba Hedsa, Machai, Hixoiau, Caurixo, Avahixo, Lixo, Xaulixo, Barnun Lixo, Metidor, Cohada, Israel, Esekola Lixo, David Lixo, Barai Israel, Julianus Haudixo.

44. St. Gregory, St. Athanasius, St. Basil, St. Gregory St. Austine, St. Ambrose, St Cyril, St. Ephrem എന്നീ പേരുകളാണു പോ. കാനോനയിൽ കാണുന്നതു.

45. 'ഏററം ഒള്ള' എന്ന പാഠമാണു ബി. യിൽ കാണുന്നതു. 'കൂട്ടലുള്ള' എന്ന അത്ഥം ഇതിന്ന കല്പിക്കാം.

പതിനൊന്നാം കാനൊനാ [S. iii D. xii]

യാതൊരു വസ്തുവും ചെറുപ്പത്തിൽ പഠിച്ചാൽ പിന്നെ അതിനെ മനസ്സിൽ നിന്ന നീക്കുവാൻ അരിമയായിരിക്കും എന്നതിനെക്കൊണ്ട പണ്ട നസ്രാണികളും ആരും മാർഗ്ഗം അല്ലാത്ത ആജാൻമ്മാരൊട്ടും കൂരിക്കൻമ്മാരൊട്ടും പഠിക്കരുത എന്ന വെലക്ക പെട്ടിട്ടുണ്ട. എന്നാൽ കാവ്യരുടെ എടയിൽ മലംകരനസ്രാണികളും അകപ്പട്ടതിനാം പക്കം അതിൽ ചെലരൊട വെണ്ടുന്നത പഠിക്കരുത എന്ന വരുന്നത വിഷമം എല്ലൊ. എന്നാൽ നമുക്ക വെണ്ടുന്നത അവരൊട പഠിക്കിലും അവരുടെ പരദെവരെ കുംപിട്ടുകയും മറ്റും മാർഗ്ഗത്തിൽ അടാതെ ഒള്ള കൃത്യം ഒന്നും ചൈയാതെ തൻെറ തൻെറ ആജാന്മാരെ തന്നെ വന്ദിച്ചുംകൊണ്ടും പഠിച്ചുകൊള്ളുകെ ആവു —

വിശെഷിച്ച പരദെവരെ കുംപിട്ടുകയും മറ്റും മാറ്റത്തിൽ അടാത്ത ക്രിയകളെ ചൈയാതെ ഇരുന്നെ മതിയാവു എന്ന നമ്മുടെ കിടാങ്ങളൊട പറയണം. നമ്മുടെ കിടാങ്ങളെ മുട്ടിക്കുന്ന ആജാന്മാരൊട നമ്മുടെ കിടാങ്ങളെ ആരും പഠിക്കരുത എന്ന വിലക്കുകയും വെണം. വെലക്ക കടന്നുപൊകുന്ന കിടാങ്ങളുടെ കാന്നവരെ മഹരൊനും ചൊല്ലി കുറപ്പെട്ടുക്കയുംവെണം.

12–ാം കാനൊനാ [S. iii D. xiii]

നസ്രാണികളിൽ ചെല ആജാന്മാര പരദെവരെ വച്ച കുംപിട്ടുന്നു എന്നു ശ്രുദ്ധമാന സൂനഹദൊസ കെട്ട. എന്നാൽ അവുണ്ണും ആരാനും ചൈയുന്നവരുണ്ടുംകിൽ പട്ടക്കാരരും എണങ്ങരും കൂടെ അവിടെക്ക ചെന്ന അവരൊട അതു അരുതെന്ന വെലക്കണം. അത അവര കെളാസ്സിൽ അവക്ക മഹരൊനും ചൊല്ലണം. അവര അങ്ങനെ ഇരുന്നു മരിക്കിൽ അവരുടെ ചകം ശ്രുദ്ധമാന എടത്തിൽ എങ്ങും അടക്കുകയും അരുത. അവക്കുവെണ്ടി നമസ്കരിക്കയും അന്നദാ ചൊല്ലുകയും അരുത എന്ന ശ്രുദ്ധമാന സൂനഹദൊസ വിലക്കുന്നു.

പതിൻമൂന്നാം കാനൊനാ [S. iii D. xiv]

ശ്രുദ്ധമാന നല്ല പഠിതവങ്ങളെ പഠിപ്പിപ്പാനുള്ള പുസ്തകങ്ങളെ വിശ്വാസത്തിൻെറ മുഴുപ്പ വരുത്തുന്നപൊലെതന്നെ ദൊഷമാകുന്ന വസ്തുക്കളെ പഠിപ്പിക്കുന്ന പൊസ്തകങ്ങളും വിശ്വാസത്തിൻെറ അന്തരവും നല്ല മരിയാദകളെ മാറുകയും ചൈയുന്നു.

എന്നാൻ സുറിയാനിയിൽ പല പുസ്തകങ്ങളിൽ വിശ്വാസത്തിന്നു മുത്തു പല വസ്തുക്കളും എഴുത്തുപെട്ടിട്ടുണ്ട എന്ന ഇ ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞ മൂലം ഇത്താഴെ ഓരൊന്നിൻെറ പെര തിരിച്ച എഴുത്തുപെട്ടുന്ന പുസ്തകങ്ങളും അതിൽ പിണക്കങ്ങളും തീക്കാതെ ആരും അവുത്താൽ ഒന്നും വച്ചുകൊള്ളുകയും ആരും വായിക്കയും കണ്ട പെട്ടു എഴുതുകയും മററ ആരാനും വായിച്ച കെൾക്കയും അരുത എന്ന വഴക്കത്തിൻെറ ശക്തിയാലയും ഇപ്രമാണം കടക്കുംപൊളെ ഒള്ള മഹരൊൻ എന്ന പ്രാശ്യത്വത്തിൻെറ ശക്തിയാലെയും എല്ലാവരൊട്ടും ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു — പുത്തകങ്ങളും ഇത: പ്രമ്മസ; മത്തമറിയത്തുമ്മാടെ വിശെഷങ്ങളെ എഴുത്തുപെട്ട പുസ്തകം. ഇ പുസ്തകത്തിൽ എഴുത്തുപെട്ടത ഇത — ഗൊറിയെൽ മാലാഖാ ഉമ്മായൊട വശനിപ്പാൻ വന്നപ്പൊളും ഉമ്മാ ഒറിശലെത്തു ഇരുന്ന അവുടെന്ന മാലാഹാ വശനിച്ചു എന്ന. ഇത ലൂക്കാടെ അറിയിപ്പിൽ എഴുത്തുപെട്ടതിന്ന എടത്തുട. നസറാസ എന്ന നകരിയിൽ നിന്ന വചനിച്ചു എന്ന അത്രെ ആകുന്നു. യൌസെപ്പ എന്ന പുരുഷന്ന മത്തമറിയത്തുമ്മാ

യെ വഴങ്ങപ്പെട്ടപ്പോൾ യൌസെപ്പിന്നു മറെറാര കെട്ടിയവളും മക്കളും ഉണ്ടായിരുന്ന എന്നും ഈശൊമിശിഹാകത്താവിനെ ചെറുപ്പത്തിൽ യൌസെപ്പ 'എന്തെ നീ ഇ ദുഷ്ടതയായ വസ്തുക്കളെ ചൈയുന്നു' എന്ന (മിശിഹാ കത്താവിനെ) കുറ പ്പെടുത്തി എന്നും യൊഹന്നാൻെറ അറിയിപ്പിൽ എടുത്തുട. റബിമാരൊട പറിച്ചു എന്നും മത്തായിയെടെ അറിയിപ്പിനു എടുത്തുട. മിശിഹാകത്താവ നാല്പത നൊയെംപ എത്തിക്കും മുമ്പെ സാത്താനാ വന്ന പരീക്ഷിച്ച എന്നും മത്ത മറിയത്തുമ്മാസ്സു അവരാസമൊണ്ടൊ ഇല്ലയൊ എന്നും യൌസെപ്പ സംശയിച്ച അതിന്നു പരീക്ഷിപ്പാൻ പഴെ മാശ്ശത്തിൽ ഉണ്ടായിരുന്ന ഒരു വെള്ളം (46) അന്നത്തെ പട്ടക്കാരരൊട്ട പറഞ്ഞ ഉമ്മായെക്കൊണ്ട ആ വെള്ളം കുടിപ്പിച്ച എന്നും മത്തമറിയത്തുമ്മാ നൊമ്പരത്തൊട്ടുടെ പൊറു എന്നും മത്തമറിയത്തുമ്മായും മററ പുണ്യവാളരാകുന്നവര ആരും മൊക്ഷത്തിൽ പൊയില്ല, വിധിപ്പിനുടെ ദിവസത്തൊളം പുരീസായിൽ ഇരിക്കും അത്രെ എന്നും ഇവണ്ണം മററും പല അറിവുകെട്ടം പൊളിയും ആകുന്നതകൊം ഒണ്ട.

യൊഹന്നാൻ വറ കൽദൊൻ എന്ന പെർപെട്ടപുസ്തകത്തിൽ എഴുത്തുപെട്ടതിൽ മിക്കതും വിശ്വാസത്തിന്നു എടുത്തുട. അതിൽ തലയാകപ്പട്ടത ഇത: ഈശൊ കത്താവും ദൈവത്തിനുടെ പുത്രനും രണ്ട പെരത്രെ ആകുന്നത എന്നും ബാവായും പുത്രനും റൂഹാദക്കുദശായും (47) മാനുഷസുഖവും പ്രിയവും സ്നെഹവുംകൊണ്ട തങ്ങളിൽ ഒന്നിച്ച ഐമൊന്സ്യപ്പട്ടതെ ഒള്ള എന്നും —

റൂഹാദക്കുദശൊമെൽ എഴുത്തുപെട്ട പുസ്തകത്തിൽ എഴുത്തുപെട്ടത ഇത — റൂഹാദക്കുദശാ തംപുരാൻ വാവാതംപുരാനിൽനിന്നും പുത്രൻതംപുരാനിൽനിന്നും ഉഷെക്കുന്നു അല്ല പിന്നെയൊ വാവാതംപുരാനിൽനിന്നതന്നെ അത്രെ എന്നും. മാശ്ശാനിസാ എന്ന പുസ്തകത്തിൽ വിശ്വാസത്തൊട മറുത്ത എഴുത്തുപെട്ടത ഇത— മത്തമറിയത്തുമ്മാ തംപുരാൻെറ അമ്മ അല്ല പിന്നയൊ മിശിഹാടെ അമ്മയത്രെ എന്നും മിശിഹാ ഇരുവരാകുന്നു എന്നും ഇരുവരും ഐമൊന്സ്യംകൊണ്ട അത്രെ ഒന്നിച്ച എന്നും വിശ്വാസം തന്നെ മൂന്നായി തിരിഞ്ഞിട്ട ഒണ്ടെന്നും: ഒന്നാമത — നെസ്തൊറീസ്യാരരിടെത, യാക്കൊവായക്കാരുടെതും റൊമ്മായെക്കാരരിടെതും. വിശെഷിച്ച ശ്ലീഹന്മാര പഠിപ്പിച്ച പട്ടാങ്ങയായ വിശ്വാസം നെസ്തൊറീസ്യാരുടെ വിശ്വാസം എന്നും റൊമ്മയെക്കാരര തങ്ങടെ വിശ്വാസം രാജാക്കടെ മുഷ്ടരത്വംകൊണ്ട അത്രെ നടത്തി എന്നും.

നെസ്തൊറീസിന്ന മഹരൊൻ പൊല്ലിയത മാശ്ശത്തിന്നും നിവിയൻമ്മാക്കും ശ്ലീഹന്മാക്കും പൊല്ലിയതിന്ന ഒക്കും എന്നും നെസ്തൊറീസ പഠിപ്പിച്ചത വിശ്വസിക്കാത്തവക്ക മൊക്ഷം ഇല്ല എന്നും. വാവാക്കുടെ പുസ്തകം എന്ന പെർപെട്ട പുസ്തകത്തിൽ വിശ്വാസത്തിന്ന മറുത്ത ഒള്ളത ഇത: മത്തമറിയത്തുമ്മാ തംപുരാൻെറ അമ്മ അല്ല എന്നും നെസ്തൊറിസകാരുടെ പാത്രിയക്കീസ മാനംകാൽ

---

46. 'Water of Jealousy'

47. ടെക്സ്ചൽ ക്രീട്ടിസിസത്തിൽ 'Homoioteleution' എന്ന വ്യപദേശിക്കുന്ന ഒരു പിഴയാണു ഈ ഭാഗത്തു കാണുന്നതു. ഒരു വാക്യത്തിന്റെ രണ്ടു സ്ഥാനങ്ങളിൽ ഒരേ പദംതന്നെ പ്രത്യക്ഷപ്പെടുമ്പോൾ അവസ്സാടയിലുള്ള ഭാഗം ഉപേക്ഷിക്കുക എന്നതാണു ഈ പിഴ. ഈ പ്രകരണത്തിൽ 'റൂഹാദക്കുദശായും' എന്ന കഴിഞ്ഞിട്ട താഴെക്കാണുന്ന ഭാഗം ചേർക്കണം: ....''മാനുഷസുഖം എടുത്ത മാനവനായി പിറന്നു എന്നും ഈശൊകത്താവ മററ പുണ്യവാളരുടെ കൂട്ട ഉത്തായ പുത്രൻ അത്രെ എന്നും ദൈവസുഖവും''.... ബി. യിൽ ശരിയായ രീതിയിൽതന്നെ കാണുന്നു. കെ. എൻ. ഡാനിയേൽ ശേഖരിച്ച എല്ലാ പകർപ്പുകളിലും ഈ പിഴ ഉണ്ടായിരുന്നു.

ഊന്നിയതിന്ന അകത്ത ഒള്ള നസ്രാണികൾക്ക ഒക്കെക്കും തലവൻ എന്നും ആ പാ
ത്രിയക്കീസ ശ്രുദ്ധമാന പാപ്പായെ വഴങ്ങണ്ടാ എന്നും എല്ലാ നസ്രാണികൾക്കുമാ
യിട്ട പല തലവൻ ഉണ്ടെന്നും നരകത്തിലെ തീ പട്ടാങ്ങയായ തീയല്ലന്നും. ആവാ
എശൈയ്യാ എന്ന പെർപ്പെട്ട പുസ്തകത്തിൽ എഴുത്തുപെട്ടതിന്റെറ അത്ഥം തി
രിച്ച എഴുതിയത — നെസ്തോറീസക്കാരരിൽ ഒരുത്തൻ, അയാം അത്ഥം തിരി
ച്ചതിൽ വിശ്വാസത്തൊട മറുത്ത എഴുതിയത ഇത — വാവായും പുത്രനും റൂഹാ
ദക്കുദശായും മാനുഷ്സുഖം എടുത്ത മാനുഷ്യൻ ആയന്നും ശ്രുദ്ധമാന പാപ്പാടെ പ്ര
മാണത്താലെ നെസ്തോറിസിന്ന മഹറൊൻ ചൊല്ലിയ ശ്രുദ്ധമാന കെവുറൊ
ളൊസ എന്ന പുണ്യവാളനെ ശണ്ടാളൻ എന്ന വിളിക്കപ്പെട്ടുകയും നെസ്തോറിയ
സും തെത്തൊറീസും എഴുതിവച്ച ശാസ്ത്രംകൊണ്ട താൻ എഴുതിചമച്ചതിന്ന സാ
ക്ഷിപെടുത്തവരുത്തുകയും അവരുടെ ചൊൽ വെളസിയടത്ത ഒക്കെയും അവരെ
ഭാഗ്യക്കാരര എന്നും വിളിക്കയും പുണ്യവാളരുടെ ആത്മാവുകൾ വിധിപ്പിനുടെ
ദിവസത്തൊളം ആകാശമൊക്ഷത്തിൽ പൊകയില്ലന്നും —

നുഹറാ എന്ന പുസ്തകത്തിൽ പലടത്തും വിശ്വാസത്തിന്ന മറുത്ത ഉണ്ട. അ
തിൽ തലയാകപ്പെട്ടത ഇത: മത്തായി എവൻഗെലിസ്റ്റാ നെരെ ഒള്ളവണ്ണംതന്നെ
മിശിഹാടെ കരിന്തലകൊണ്ട എഴുതി ഇല്ലന്നും — ഇഗ്രശെ എന്ന രാജാക്കൾ ഒരു
നാളും തംപുരാനെ വിശ്വസിച്ചില്ലന്നും മിശിഹായെ അവർ ചെന്ന കമ്പിട്ടതി
നെക്കൊണ്ട അവക്ക ഏതും ഒരു പലം ഉണ്ടായില്ലന്നും മിശിഹാ ഇരുവര ആകുന്ന
എന്നും —

മാർതൊമ്മാ എന്റെറ കർത്താവ എന്നും എന്റെറ തംപുരാൻ എന്നും ചൊല്ലി
യത ഈശൊ മിശിഹാ കർത്താവിനൊട അല്ല അത ചൊല്ലി എന്നും മിശിഹാ
യിക്ക ക്രമത്താലെ അതെ അറിവ ഉണ്ടായി എന്നും മിശിഹാ മനുഷ്യൻതന്നെ
അതെ എന്നും ഇഹലൊകത്തുകൾ മുഷ്ടരത്തൊട്ടുടെ രാജാവായി വാഴുമെന്നും
യുദന്മാര വിശ്വസിക്കയും നെനക്കയും ചൈതവണ്ണംതന്നെ അതെ മത്തമറിയ
ത്തുമായും മിശിഹാമെൽ വിശ്വസിക്കയും നെനക്കയും ചൈതു എന്നും —
ആകാശരാജിതത്തിന്റെറ താക്കൊലുകൾ നെനക്ക തരുവൻ എന്ന ശെമഹൊൻ
കെപ്പായൊട അരുളി ചൈതതിനെക്കൊണ്ട ശെമഹൊൻ കെപ്പായ്ക്ക വെറെ ഒര
അംശം കിട്ടിയില്ല പിന്നെയൊ അമിശം നസ്രാണികളുടെ കൂട്ടത്തിന്ന ആയി
കൊടുത്തു അതെ എന്നും മറും ഇവണ്ണം പല പല പിണക്കങ്ങൾ ആ പുസ്തക
ത്തിൽ അവുടെ അവുടെ ഉണ്ട — സൂനഹദൊസ എന്ന പുസ്തകത്തിൽ വിശ്വാസ
ത്തിന്ന മറുത്ത ഒള്ളത പത്തിന ഒന്ന പലിശ കൊള്ളുന്നത ദൊഷമല്ലന്നും —

കെട്ടിയവനും കെട്ടിയവളും സ്വഭാവംകൊണ്ട തങ്ങളിൽ നെരസ്സായ്തിൽ തങ്ങ
ളിൽനിന്ന വെർപിരിഞ്ഞ മററ കെട്ടുകയും കെട്ടിക്കെയും ആം എന്നും വകദാശി
യിലെ പാത്രിയക്കീസ ശ്രുദ്ധമാന പാപ്പാനെ വഴങ്ങണ്ടാ എന്നും തന്റെറ കെട്ടി
യവളെ നീക്കുന്ന പട്ടക്കാരനെ മഹറൊൻ ചൊല്ലണമെന്നും ശ്രീഹന്മാരുടെ കല്പ
നകളിൽ ഒന്ന അതെ എന്ന പൊളിയും അതിൽ എഴുത്തുപെട്ടിട്ടുണ്ട. മാർ തീമ്മാ
ത്തെ ഒസ എന്ന പുസ്തകത്തിൽ കൂവ്വാനയിൽ മിശിഹാടെ പട്ടാങ്ങയായ ശ്രുദ്ധ
മാന ശരീരവും ചൊരയും ഇല്ല എന്ന—

ഞാറാച്ചടെ എംഗത്താ എന്ന ചെല്ലുന്ന പുസ്തകത്തിൽ ഒമ്മാ പള്ളിക്കാരര
പട്ടാങ്ങയായ വിശ്വാസം ഉപെക്ഷിച്ച എന്നും ഞായറാച്ച ശ്രുദ്ധമെ കൊള്ളുന്ന അ
ല്ലന്നും എഴുത്തുപെട്ട. ഇ എംഗത്താ മാനത്തിൽനിന്ന എറങ്ങി എന്നും. മകമ്മാസ
എന്ന പുസ്തകത്തിൽ വിശ്വാസത്തിന്ന മറുത്തു ഒള്ളതു ഇത — മിശിഹാ കർത്താവ

ഇരുവര എന്നും ദൈവത്തിനുടെ പുത്രനും ഈശൊ കത്താവും സ്നേഹംകൊണ്ടും പ്രിയംകൊണ്ടും അത്രെ ഐമൊസ്ത്യപ്പെട്ട എന്നും വിശ്വാസത്തിന്ന മുത്ത ഒള്ളത ഒപ്പാരികൾകൊണ്ട ഇത സാക്ഷിപ്പെട്ടകയും. കാമീസ എന്ന പുസ്തകത്തിൽ വീ ശ്വാസത്തിന്ന മുത്ത ഒള്ളത ഇത — മത്തമറിയത്തുമ്മാ നൊമ്പരത്തൊട്ടുടെ പൊറു എന്നും ഉമ്മാ ഒപറ ശരീരവും ദൈവത്തിനുടെ പുത്രനും ഇരുവര അത്രെ ആകുന്ന എന്നും.

(48) എംഗത്താ ഒക്കയും വിശ്വാസത്തിന്ന മുത്തത അത്രെ ആകുന്നത. മത്ത മറിയത്തുമ്മാ തംപുരാന്റെറ അമ്മ അല്ലന്നും അതിന്ന പല പല ശാട്ടശങ്ങളും ഒപ്പാരികളുംകൊണ്ട സാക്ഷിപെട്ടക്കയും —

പറപൂമ്മാൻ എന്ന പുസ്തകത്തിലുള്ള പെണക്കങ്ങടം ആകുന്നത ഇത —

ശത്രുക്കടംക്ക സംകടം വരുത്തുവാനും പെണ്ണുങ്ങളെ എണക്കുവാനും രഹസ്യമായി ചൈത്താൻമ്മാരുടെ ചെല പെരുകളും പുണ്യവാളന്മാരുടെ പെരുകളൊട്ടുടെ കൂട്ടി ചമച്ച ചെല നമസ്കാരങ്ങളും എരപ്പുകളും. സംകടത്തിന്ന രക്ഷപ്പെട്ടവാൻ ചൈത്താന്മാരുടെ ഏഴപെര എഴുതി ശരസിക്കണം എന്നും മറും പൊളിയായ ചെല കഥകളെ എഴുത്തുപെട്ടിട്ടുണ്ട.

ഇതുംമെൽ എഴുത്തുപെട്ട പെണക്കങ്ങടം എല്ലാംപൊലെ പല പല പെണക്കങ്ങടം സുറിയാനിയിലെ മല്പാന്മാരുടെ പുസ്തകങ്ങളിൽ എഴുത്തുപെട്ടിട്ടുണ്ട. അത ഒക്കയും അതിൽ എഴുതാത്തത വാശകം ഏറെ പെരുകാസ്താൻ. എന്നാൽ ഇത്തരം പെണക്കങ്ങടം ഉള്ള പുസ്തകങ്ങളെ ശരസിക്കുന്നവക്കും കണ്ട എഴുതുന്നവക്കും വായിക്കുന്നവക്കും മഹറൊൻ ഒണ്ടന്ന ശ്രുദ്ധമാന സൂനഹദൊസ ചൊല്ലിയതും എത്ര ന്യായം എന്നത പെണക്കങ്ങടം ഓത്ത കാണുന്നവക്ക അറിയാം.

പതിന്നാലാം കാനൊനാ [*S. iii D. xv*]

നമസ്കാരപുസ്തകങ്ങളിലും മെൽ എഴുത്തുപെട്ട പെണക്കങ്ങടംപൊലെ പലപല പെണക്കങ്ങടം അവുടെ അവുടെ കാണ്മാൻ ഉണ്ട — ഹുദാറ എന്ന പുസ്തകത്തിൽ ഉള്ള പെണക്കങ്ങടം ഇത — നൊസ്താറീസിനെയും തൈത്തൊറീസിനെയും മറും നെസ്തൊറീസിന്റെറ കൂട്ടത്തിലെ മല്പാന്മാര പലരുടയും പെരുകടം ചൊല്ലി പല സ്തൊസാകളും ഒണ്ട.

തംപുരാൻ മാനുഷ്ക്ക വെണ്ടി മാനുഷസുഖം എടുത്തില്ലന്നും മിശിഹാകത്താവ തംപുരാന്റെറ ഒര ഹൈക്കായും ഇരിപ്പടവും അത്രെ ആയത എന്നും ഇവണ്ണം വിശ്വസിക്കാത്തവര ചൊല്ലുവിളിയും വഴക്കവും ഇല്ലാത്തവര എന്ന വിളിക്കപ്പെട്ടകയും ഇവണ്ണും പലപല പെണക്കങ്ങടം സൂബാടെ നമസ്കാരത്തിലും ഉണ്ട —

നെസ്തൊറിസിന്റെറ കൂട്ടക്കാരരായ മല്പാന്മാര നമസ്കാര പുസ്തകങ്ങടം വകഞ്ഞ ഉണ്ടാക്കിയതിനെക്കൊണ്ട ഇത്തരം പിണക്കങ്ങടം ഉണ്ടാകെണ്ടിവന്ന. പട്ടക്കാരക്ക ചൊല്ലുന്ന അന്നദാ പുസ്തകത്തിൽ ഉള്ള പിണക്കം ഇത — കുവ്വാനയിൽ മിശിഹാകത്താവിന്റെറ ശക്തിയെ ഒള്ള തന്റെറ പട്ടാങ്ങ എന്ന ശരീരവും ചൊരയും ഇല്ലുന്ന. അൻപത്ര നൊയംപ തിന്റെറ ഉദരിൽ ചൊല്ലുന്ന, ശ്രുദ്ധമാനമാർ അപ്രെം മറു പുണ്യവാളരായവര പലരും നെസ്തൊറിസിന്റെ കൂട്ടകാരരെന്ന. ഇ പെണക്കങ്ങളും ശെഷം മെൽഎഴുത്തുപെട്ട പെണക്കങ്ങളും എല്ലാ പള്ളികളിലും നമസ്കാരപുസ്തകങ്ങളിലെ പെണക്കങ്ങളെ പൊക്കിയെക്കണം എന്ന ശ്രുദ്ധമാന

48. 'മാർ നസരസിയുടെ എംഗത്താ' എന്ന ബി. യിൽ കാണുന്നു.

സൂനഹദൊസ മെത്രാനൊട അപെക്ഷിക്കുന്നു. എന്നാൽ ശ്രുദ്ധമാന സൂനഹദൊസ കത്തങ്ങളൊടും ശമ്മാശിമ്മാരൊടുംകൂടെ പ്രമാണിക്കുന്ന തനിക്ക തനിക്ക ഒള്ള പുസ്തകങ്ങളും തങ്ങടെ പള്ളികളിലുള്ള പുസ്തകങ്ങളും മെത്രാൻ തനിക്ക എംകിലും മെത്രാൻ കല്പിച്ച ആക്കുന്ന ശരീരത്തിന്ന എകിലും അതിനെ ഒട്ടും വൈകാതെ കാട്ടണം എന്ന. അത കാട്ടിക്കൊണ്ട കുറം പൊക്കിപ്പാൻ മടിക്കുന്നവക്ക ആ മടി ഉണ്ടാകുംപൊംതന്നെ മഹറൊന്നും ഉണ്ട.

പതിനഞ്ചാം കാനൊനാ [*S. iii D. xvi*]

ശ്രുദ്ധമാന വിശ്വാസത്തിന്റെറ തുമെക്കുംവെണ്ടി ശ്രുദ്ധമാന സൂനഹദൊസ വഴക്കത്തിന്റെറ ശക്തിയാലയും മഹറൊന്റെറ പ്രാശ്യത്വത്താലയും സുറിയാനി പുസ്തകങ്ങം ഒള്ളവര ഒക്കയും ഇ പ്രമാണം അറിഞ്ഞാൽ രണ്ട തിങ്ങംക്ക അകത്ത അനെകം ബഹുമാനപ്പെട്ട മെത്രാനെ എംകിലും മെത്രാൻ കൽപിച്ച സംപാളരകൂട്ടത്തിലെ ചെന്നൊത്തു പഠിപ്പിക്കുന്ന മല്പാൻ പ്രണ്ണ്സീസ്കൊസ പാദ്രിക്ക എംകിലും തന്റെറ പക്കൽ ഒള്ള സുറിയാനി പുസ്തകങ്ങളും ക്രാസുകളും കൊണ്ട വന്ന കാട്ടി പൊണക്കം തീർപ്പിച്ചകൊള്ളണം എന്ന പ്രമാണിക്കുന്നു — വിശെഷിച്ചും വഴക്കത്തിന്റെറ ശക്തിയാലയും മഹറൊന്റെറ പ്രാശ്യത്വത്താലെയും ശ്രുദ്ധമാന സൂനഹദൊസ കൽപിക്കുന്നു, രൂഹാദക്കുദശായാലെ എഴുത്തുപ്പട്ട പുസ്തകങ്ങം എന്നിയെ മറ്റുള്ള സുറിയാനി പുസ്തകം ഒന്നും മലംകര മെല്പട്ടക്കാരന്റെറ വെവ്വെറെ തിരിച്ച വിധിവാചകം വാങ്ങിക്കൊള്ളാത കണ്ട പെത്ത എഴുതരുത്ത — എന്നാൽ മലംകരക്ക ശ്രുദ്ധമാന പാപ്പ വിധിച്ച ഒരു മെത്രാൻ വരുവൊളം സുറിയാനി വഴിയെ അറിഞ്ഞിരിക്കുന്ന പ്രസിസക്രൊസ പാദ്രിക്ക കണ്ട എഴുതുവാനുള്ള വിധിവശം കൊടുപ്പാൻ ഇപ്പളത്തെ അനെകം അനെകം ബഹുമാനപ്പെട്ട മെത്രാൻ കല്പിച്ചു.

പതിനാറാം കാനൊനാ [*S. iii D. xvii*]

പട്ടക്കാരര നന്മകം ആകുന്ന പാഠത്ത പറഞ്ഞ ലൊകരെ കെംപ്പിക്കുന്നതിനെക്കൊണ്ട ലൊകരുടെ വിശ്വാസത്തിന്റെറ ഉറപ്പും നല്ല സ്വഭാവങ്ങളുടെ മുഴുപ്പും വരുന്ന എന്നതിനെക്കൊണ്ടും മലംകര അറിവും കൊറഞ്ഞ ചെല പട്ടക്കാരര ഓരൊര കഥകം പറഞ്ഞു കെംപ്പിക്കുന്നു എന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ടും ഇന്നി തുടങ്ങി മലംകരമെൽപട്ടക്കാരന്റെറ പ്രമാണം എഴുതിവാങ്ങിക്കൊള്ളാതെ ആരും പൊരുതം പറയരുത എന്ന ഇ സൂനഹദൊസ പ്രമാണിക്കുന്നു. വിശെഷിച്ച മറെറാരു മെത്രാൻ മലംകരക്ക വരുവൊളം പൊരുതം പറയെണ്ടുന്ന പട്ടക്കാരക്ക ത്രെന്തൊസ എന്ന സൂനഹദൊസിന്റെറ കല്പനകളുടെ വണ്ണം പഠിത്വം ചൊധിച്ച അറിവാൻ ചെന്നൊത്ത മൂപ്പൻ (49) ബഹുമാനപ്പെട്ട മെത്രാൻ വിധിച്ചു. എന്നാൽ പഠിത്വംകൊണ്ട പരുക്ഷയിൽ പെടാതെയും മലംകര മൂപ്പന്റെറ പ്രമാണം എഴുതി വാങ്ങിക്കൊള്ളാതയും ആരാനും പൊരുതം പറകിൽ പറയുന്ന പട്ടക്കാരന്ന ആറുമാസത്തെക്കു തന്റെറ പട്ടത്തിന്റെറ അംശം ഏതും പ്രവൃത്തിക്കയും അരുത, അംശംകൊണ്ട ഉണ്ടാകുന്ന ഉപകാരവും അരുത. ഇത ഇവണ്ണം എംകിലും ഒരൊരെ എടവക രക്ഷിപ്പാൻ ആകുന്ന പട്ടക്കാർക്ക നല്ല പുസ്തകത്തിൽ നല്ല വസ്തുക്കളെ ലൊകരൊടു കെംപ്പിപ്പാൻ തക്ക പുസ്തകങ്ങളെ

---

49. ചേന്ദമംഗലം (വൈപ്പിക്കോട്ട) സെമിനാരിയിലെ റെക്ടർ.

മലയാം പെച്ചിൽ ഉണ്ടാക്കണം എന്ന പെരികപെരിക ബഹുമാനപ്പെട്ട മെത്രാ നൊട ഇ സൂനഹദൊസ അപെക്ഷിക്കുന്നു. (50)

പതിനെഴാം കാനൊനാ [S. iii D. xx]

മലംകരെ ഒള്ള പട്ടക്കാരും എണങ്ങരും ഇ ശ്രുദ്ധമാന സൂനഹദൊസും കൂടെ ശ്രുദ്ധമാന മാതാവായ പള്ളി കൈക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസുകളും അതി ലെ കൽപ്പനകളും നാം കൈക്കൊള്ളുന്നു. ആ സൂനഹദൊസുകൾ ഉപെക്ഷിച്ചതും മഹറൊൻ ചൊല്ലിച്ചതും നാം അവണ്ണംതന്നെ ഉപെക്ഷിക്കയും മഹറൊൻ ചൊ ല്ലുകയും ചൈയുന്നു. വിശെഷിച്ച ഇരുന്നൂറ മെത്രാൻമ്മാരുടെ യൊഗംകൂടി ഉണ്ടാ ക്കിയ ശ്രുദ്ധമാന അപ്പൈസൊസ എന്ന സൂനഹദൊസ (51) നാം കൈക്കൊള്ള കയും വഴങ്ങുകയും ചൈയ്യുന്നു. ആ സൂനഹദൊസ കല്പിച്ചത ഒക്കയും നാം കൽപി ക്കുന്നു, അതു ഉപെക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചൈതത നാം ഉപെക്ഷി ക്കയും മഹറൊൻ ചൊല്ലുകയും ചൈയ്യുന്നു. വിശെഷിച്ചും മത്തമറിയുള്ളമാ തംപുരാന്റെറ അമ്മ അല്ലുന്നും മിശിഹാ തംപുരാന്റെറ ഹൈക്കാ അത്രെ എന്നും മററും തംപുരാനെക്കാണ്ട പലപല ദ്രുഷിപദവും പറഞ്ഞ തണ്യ നെസ്റ്റൊറീസിന യും അവന്റെറ കൂട്ടത്തയും അവന്റെറ ചൈത്തനായ പാതിത്രെത്തയും ഉപെ ക്ഷിക്കയും മഹറൊൻ ചൊല്ലുകയും ചൈയുന്നു. പള്ളികൾക്ക ഒക്കെക്കും അമ്മയും തലയും ആകുന്ന ശ്രുദ്ധമാന റൊമ്മാപ്പള്ളിയെനെ വെടിപ്പൊട്ടുകൂടെ കൈക്കൊ ള്ളുന്നു. ശ്രുദ്ധമാന കത്തൊലിക്കാവിശ്വാസം ഔവണ്ണംതന്നെ നാം കൈക്കൊള്ള ന്നു. വിശെഷിച്ചും അപ്പൈസൊസ എന്ന സൂനഹദൊസിൽ ശ്രുദ്ധമാന പാപ്പാടെ പ്രമാണത്താൽ തലവനായിരുന്ന മാർ കെവുറൊളൊസ എന്ന മെത്രാൻ കന്തീശ ആകുന്നത എന്നും ആകാശമൊക്ഷത്തിൽ തംപുരാനെയും കണ്ട ഇരിക്കുന്നു എന്നും നെസ്റ്റൊറിസിനൊട മറുത്ത ആ പുണ്യവാളൻ എഴുതിവച്ചത ഒക്കയും നെരെ ഉള്ള പട്ടാങ്ങ എന്നും വിശ്വസിക്കുന്നെൻ.

പതിനെട്ടാം കാനൊനാ [S. iii D. xxi]

മലംകര മെല്പട്ടക്കാരന്റെറ എടവകയിലുള്ള പട്ടക്കാരും എണങ്ങരും ഇ ശ്രുദ്ധമാന സൂനഹദൊസും കൂടെ ശ്രുദ്ധമാന തെന്തൊസ എന്ന സൂനഹദൊസ കൈ ക്കൊള്ളുന്നു. വിശെഷിച്ചും നസ്രാണികളുടെ കൂട്ടത്തിന്ന നന്മയായ അതിൽ കൽപിച്ച കല്പനകളും കൈക്കൊള്ളുന്നെൻ. അതിൽ ദ്രുഷിച്ച ഉപെക്ഷിച്ചത ഒക്ക യും നാം അവണ്ണംതന്നെ ദ്രുഷിച്ച ഉപെക്ഷിക്കുന്നെൻ. വിശെഷിച്ചും ഗൊവയി ലെ എടവകയിലെ നസ്രാണികളുടെ കൂട്ടത്തിന്റെറ നന്മയ്ക്ക തെന്തൊസ എന്ന സൂനഹദൊസിന്ന തക്കവണ്ണം ഇരിക്കുംവണ്ണം നാം ഇരിക്കും എന്ന സത്യം ചൈ യുന്നെൻ. (52) ഇവണ്ണംതന്നെ ആ സൂനഹദൊസിന്ന എത്രത്തൊള്ള ആസവുട്ടം

---

50. Gouvea ലെ ഡിക്രി XVIII ന സമാന്തരമായി ഒന്നും മലയാളത്തിൽ കാണു ന്നില്ല. XVII ന സമാന്തരമായി ഒന്നും മലയാളത്തിലില്ല എന്ന ഡോ. ജോനാസ് രേ ഖപ്പെടുത്തിയിരിക്കുന്നത ശരിയല്ല. മറുചില ഡിക്രികളുടെ കാര്യത്തിലും ഡോ. ജോ നാസിന തെറുപററിയിട്ടുണ്ട്. Synod of Diamper, Page 220.

51. Council of Ephesus

52. // '.... Promising and Swearing ... to observe the same forms that are observed in the Catholic Church, and as are observed in this Province of the Indies, and in all the other Provinces and suffragans to the metropolis of Goa, ...' Hough, page. 556.

അല്ലാത്ത മരിയാദകളും ഒക്കയും നാം കൈ അയക്കുന്നേൻ. (53) വിശേഷിച്ച പള്ളിയുടെ വാഴിച്ചക്കും നസ്രാണികളുടെ നല്ല സ്വഭാവത്തിൻറെറ ഉറെപ്പിനും ആ സൂനഹദൊസിൽ എഴുത്തുപെട്ടവണ്ണം നാം ഒക്കയും വ്യാപരിക്കുന്നതും ഉണ്ടു.

പത്തൊമ്പതാം കാനൊനാ [*S. iii D. xix*]

മാർ അവുറാഹം മെത്രാൻ മരിച്ചതിൽ പിന്നെ മലംകരക്ക ശ്രുദ്ധമാന പാപ്പാടെ പ്രമാണത്താലെ ഒര മെല്പട്ടക്കാരൻ വരികിൽ വഹ്രദാശിലെ പാത്രിയക്കീസിൻെററ കല്പനയാൽ വരികിലെ നമുക്ക കയിക്കൊണ്ട കൂട്ട എന്നും ഇന്നാര ഇരിക്കുന്നതിന തക്കവണ്ണമെ ഇരിന്നകൂട്ട എന്നും ചെലര സത്യം ചൈതു എന്ന ഇ സൂനഹദൊസ കെട്ട. ആ സത്യം വാസ്തവവും അല്ല (54) ശ്രുദ്ധമാന റൊമ്മാപള്ളിയൊട്ടും ശ്രീഹന്മാരുടെ പ്രമാണത്തൊട്ടും മറുത്ത അത്രെ. ഇ സത്യത്തിന്ന ഒത്തവണ്ണം ഇരിക്കുന്നത ചണ്ടാളത്വം അത്രെ. ഇവണ്ണം സത്യം ചൈയിപ്പിക്കുന്നത അവക്കും ചൈയ്യുന്നവക്കും മഹറൊൻ ഉണ്ടാം എന്ന എല്ലാവരും അറിക. വിശെഷിച്ച ശ്രുദ്ധമാന പാപ്പാടെയും റൊമ്മാ പള്ളിയിടെയും പ്രമാണത്തിന്ന ഒത്തവണ്ണം ഇരിക്കുന്നൊണ്ട; ശ്രുദ്ധമാന പാപ്പാടെ പ്രമാണം കൂടാതെ വരുന്ന മെല്പട്ടക്കാരനെ കൈക്കൊള്ളുക ഇല്ലന്നും ശ്രുദ്ധമാന പാപ്പാ മലംകലക്ക മെല്പട്ടക്കാരനായി യാത്രയാക്കുന്നവരെ അന്തരംകൂടാതെ കൈക്കൊള്ളുന്നെൻ എന്ന സത്യം ചൈയ്യുന്നെൻ —

ഇരുപതാം കാനൊനാ [*S. iii D. xxiii*]

വിശ്വാസത്തിന്ന ഏതും ഒര അന്തരം വരായ്വാൻ ഒള്ള കഴിവ ആകുന്നത ഇത: നെരെ ഉള്ള വിശ്വാസത്തിന്ന എടുത്തുട ആരാനും ഏതാനും പറകതാൻ ചൈയ്തുവെങ്കിലും അങ്ങനത്തവക്ക ആരാനും തുണ ചൈയ്തുവെന്ന ആരാനും അറികിൽ അപ്പൊഴെ തങ്ങടെ മെല്പട്ടക്കാരനൊട്ട രഹസ്യത്താലെ അറിയിച്ച മതിയാവു. മെല്പട്ടക്കാരനെ തന്നെ അതും അല്ലെങ്കിൽ തങ്ങടെ എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരനൊട അറിയിക്കണം. എന്നാൽ അവര അതിന്ന കഴിവനൊക്കുകയും ചൈയ്യും —

---

53. ബി-യിൽ 'ആസവുട്ടം' എന്നതിന്ന പകരം 'സൌഷ്ം' കാണുന്നു: 'സൗഷ്ടം' → 'ആസവുട്ടം'. 'കൈ അയയ്ക്കുക': ഉപേക്ഷിക്കുക എന്നു അർത്ഥമുള്ള ഒരു ശൈലി.

54. മാർ അബ്രഹാമിൻെറ മരണത്തിനുശേഷം മലങ്കരസഭയുടെ ഭരണാധികാരിയായിത്തീർന്ന അക്ദ്യാക്കോൻ റോമൻ കത്തോലിക്കാസഭയുടെ പ്രമാണങ്ങൾംക്കനുസരിച്ചു ഒരു വിശ്വാസപ്രഖ്യാപനം നടത്തണമെന്ന ഗോവമെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. സമ്മർദ്ദം വർദ്ധിച്ചപ്പോൾ അക്ദ്യാക്കോൻ ഇടവകപ്രമാണികളെയും, വൈദികരുടെയും ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൻെറ തീരുമാനമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ബാബിലോണിലെ പാത്രിയക്കീസു അയയ്ക്കുന്ന മെത്രാന്മാരെ മാത്രമേ തങ്ങളം സ്വീകരിക്കൂ എന്നും ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളിലും അക്ദ്യാക്കോൻ കൈക്കൊള്ളുന്ന നിലപാട് മാത്രമേ തങ്ങളം അംഗീകരിക്കൂ എന്നും യോഗത്തിൽ പങ്കെടുത്തവർ സത്യം ചെയ്തു. യോഗതീരുമാനം നടപ്പിലാക്കൻ പണം മാത്രമല്ല ജീവൻപോലും നൽകാനും തങ്ങളം തയ്യാറാണെന്ന യോഗം പ്രഖ്യാപിച്ചു. യോഗതീരുമാനം രേഖപ്പെടുത്തിയ ഓല മലങ്കരയിലു നിളം പരസ്യപ്പെടുത്തുകയും ചെയ്തു Couvea, Book I, Chapter V.

മൂന്നാം യൊഗവിജാരം

ഏഴ ക്രുദാശമെലുംക്രുടെ അടക്കീട്ട

നമ്മുടെ രക്ഷ ഉടയവൻ ആകുന്ന മിശിഹാ തന്റെറ ശ്രുദ്ധമാന നന്മയുടെ മാർഗ്ഗത്തിൽ മനുഷ്യരുടെ രക്ഷെക്കുറിച്ച ഒണ്ടാക്കിയ ക്രുദാശകൊം ഏഴ. പട്ടാങ്ങയായ നന്മെനെ തുടങ്ങിക്കുന്നതും നന്മെനെ പഠിപ്പിക്കുന്നതും ആ നമ്മ പൊയിക്കളഞ്ഞാൽ വീണ്ടുവരുത്തുന്നതും ക്രുദാശകൊം ഏഴും കൊണ്ടത്രെ ആകുന്നത. ക്രുദാശകൊം ആകുന്നത ഇത: ഒന്നാമത മാമ്മൊദീസാ രണ്ടാമത്തു ഒപ്രൂശുമാ മൂന്നാമത്തു കുർബാന നാലമത കുംപസാരം അഞ്ചാമത ഒട്ടുക്കത്തെ ഒപ്രൂശുമ ആറാമത്തു പട്ടം ഏഴാമത പെങ്കുട്ട. എന്നാൽ പഴെ മാക്കത്തിലെ ക്രുദാശകളിലും മിശിഹായുടെ മാർഗ്ഗത്തിലെ ക്രുദാശകളിലും ഒള്ള ഭെദം ആകുന്നത ഇത: പഴെ മാർഗ്ഗത്തിലെ ക്രുദാശകൊം മിശിഹായാലെ മനുഷ്യക്ക നന്മ വരുമെന്ന കാട്ടുവാനുള്ള ഒര അടയാളം ആയിരുന്നു അത്രെ. വിശെഷിച്ച മിശിഹാടെ പുത്തൻ മാർഗ്ഗത്തിലെ ക്രുദാശകൊം തങ്ങൊംതന്നെ നന്മ അടക്കുകയും ഇവുത്താൽ ഒന്ന കൈക്കൊള്ളുന്നവക്ക നന്മ കൊട്ടുക്കുകയും ചൈയുന്ന. എന്നാൽ ക്രുദാശകൊം ഏഴിലും മുൻപാകുന്ന ക്രുദാശ അഞ്ചും ഒരുത്തക്കും തന്നെ ഒള്ള നന്മക്ക ആകുന്ന. ശെഷം ക്രുദാശ രണ്ടും ലൊകരെ വാഴവാനും ലൊകരെ പെരുക്കവാനും ആകുന്നു.

ഒന്നാം ക്രുദാശയാകുന്ന മാമ്മൊദീസായാൽ മനുഷരെ തംപുരാന്റെറ മാർഗ്ഗത്തിൽ പൊറക്കപ്പെട്ടുന്നു.

രണ്ടാം ക്രുദാശയാകുന്ന ഒപ്രൂശുമായാലെ വിശ്വാസത്തിലും മാർഗ്ഗത്തിലും നാം ഒറക്കപ്പെട്ടുവാൽ ഒള്ള നന്മെടെ ഏററം നമുക്ക ഒണ്ടാകുന്നു.

മൂന്നാം ക്രുദാശയാകുന്ന കുർബാനയാലെ നമ്മുടെ ആത്മാവിന്റെറ യാവന നമുക്ക ഒണ്ടാക്കുന്നു.

നാലാം ക്രുദാശയാകുന്ന കുംപസാരത്തിലെ നമ്മുടെ ആത്മാവുകൊം പൊഴകളീന്ന നാം രക്ഷപ്പെട്ടുന്നു.

അഞ്ചാം ക്രുദാശയാകുന്ന ഒട്ടുക്കത്തെ ഒപ്രൂശുമായാലെ നമ്മുടെ ദൊഷത്തിന്റെറ ശെഷങ്ങളെ എല്ലാം പൊറുപ്പിക്കും; ശരീരത്തിന്റെറ പെറുതിവരെണ്ടും പൊം അതിനെ വരുത്തുകയും.

ആറാം ക്രുദാശയാകുന്ന പട്ടത്താലെ പള്ളി വാഴുകയും ലെക്ഷിക്കപ്പെട്ടുകയും(55) ചൈയുന്നത്രു.

ഏഴാം ക്രുദാശയാകുന്ന പെങ്കുട്ടാലെ തംപുരാന്റെറ ലൊകരെ പെരിക്കപ്പെട്ടുന്നു. ഈ ക്രുദാശകളിൽ ഒന്ന മുഴവൻ ആക്കപ്പെടണം എംകിൽ മൂന്നു വസ്തുക്കൊം കൂടിയെ മതിയാവൂ. ഒന്നാമത സാതനം — രണ്ടാമത കാതൽ — മൂന്നാമത പള്ളി ചൈയുന്നത ചൈയണം എന്ന ഒള്ള നിരൂപണം. ഇ മൂന്നിൽ ഒന്ന കൂടാസ്സിൽ ക്രുദാശ മുഴവൻ ആകയില്ല. വിശെഷിച്ച ഓരൊര ക്രുദാശകൊംക്കു ഒള്ള ശ്രുദ്ധമാന ക്രിയകളും നമസ്കാരങ്ങളും ഒള്ളവണ്ണും ചൈയുന്നത നന്മയായൊര വസ്തു എംകിലും ക്രുദാശ മുഴവൻ ആവാൻ ആ ക്രിയകളും നമസ്കാരങ്ങളും കൂടെ കൂടിയെ മതിയാവൂ എന്നില്ല. വിശെഷിച്ച ഒരൊരൊ ക്രുദാശകൊംക്കു ഒള്ള നന്മയായ ക്രിയക

55. 'രക്ഷിക്കപ്പെട്ടുകയും' എന്നു ബി. യിൽ കാണുന്നു.

ളെയും നമസ്കാരങ്ങളെയും ആക്ഷം ദൊഷം കൂടാതെ മാറ്റിയും പകൎത്തിയും കൂടാ. ഈ ഏഴുകൂദാശകളിൽ മൂന്നു കൂദാശകളും ഒണ്ടു വീണ്ടു ഏറ്റുകൂടാത്തതു. അതു എന്തൊ? ആ കൂദാശകളും ഏൎപ്പെടുന്നവരുടെ ആത്മാവിൽ ഒപ്പു ഒണ്ടാകുന്നതകൊണ്ടു. ഇ കൂദാശകളും ആകുന്നതു മാമ്മൊദിസയും മുമ്പിലുള്ള ഉപ്പുശുദ്ധമായും പട്ടവും. ഇ കൂദാശകളും മൂന്നും എന്നിയെ ഒള്ള കൂദാശകളും നാലും പള്ളിയുടെ കല്പനകളു തക്കവണ്ണം വീണ്ടും വീണ്ടും കൈക്കൊള്ളാം. അതു എന്തൊ? ഈ കൂദാശകളും നാലും അതിനെ കൈക്കൊള്ളുന്നവരുടെ ആത്മാവിൽ ഒപ്പ ഒണ്ടാക്കാത്തതകൊണ്ടു. യൊഗ്യത്തൊടുകൂടെ ഇ കൂദാശകളും കൊള്ളുന്നവൎക്ക കൂദാശകളിൽ നന്മയുണ്ടാകുന്നു മിശിഹായുടെ ദീനതപാടിനെറ്റയും ദുഃഖത്തിനെറ്റയും ശക്തിയിടെ അവകാശത്താൽ. എന്നാൽ കൂദാശകളും ഏഴും തംപുരാൻ താൻ ഉണ്ടാക്കി എംകിലും തങ്ങളിൽ ഒള്ള ഭെദങ്ങളും കൊണ്ടു ചെലതിനെ ഏറെ ബഹുമാനിച്ച ഭക്തിമയൊടുകൂടെ ആശരിക്കയും വെണം.

മാമ്മൊദീസ എന്ന കൂദാശമെല്പുള്ള പൊരുൾ

മാനുഷരുടെ ആത്മാവുകളുടെ ആയുസ്സിനെറ്റ വാതിൽ മാമ്മൊദീസ ആയതിനെക്കൊണ്ടും നാം മിശിഹായുടെയും പള്ളിയുടെയും സന്തൊഷം ഇ കൂദാശയാൽ ആകുന്നതിനെക്കൊണ്ടും ഇ കൂദാശ ഒന്നാം കൂദാശയായി വന്നു. മുൻപിനാൽ പുരുഷനാൽ മരണം ഇഹലൊകത്തിൽ പുക്കു എന്നതിനെക്കാണ്ടു രൂഹാദക്കുദശയാലും വെള്ളത്താലും നാം വീണ്ടും പൊക്കപ്പെടുകിൽ മൊക്ഷം നമുക്കു ഇല്ല എന്ന മിശിഹാകത്താവു അരുളിചെയ്തു. ഇ കൂദാശെടെ സാതനം ആയതു പട്ടാങ്ങു എന്ന വെള്ളം. കാതൽ ആകുന്നതു ബാവാടെയും പുത്രനെറ്റയും രൂഹാദക്കുദശാടെയും നാമത്താൽ നിന്നെ ഞാൻ മുക്കുന്നെൻ എന്ന മൊഴികളും. എന്നാൽ ഇ കൂദാശെടെ ചിറ്റാണ്മക്കാരെ കൎബാനപട്ടം ഒള്ളവരെ എംകിലും ദിഷ്ടതി നെരത്തു ശമ്മാശമ്മാക്കും അമ്മെനികൊംക്കും സ്ലീകൊംക്കും മാത്രം അല്ലാത്തവൎക്കു. വിശ്വാസത്തിന്ന അന്തരം ഒള്ളവൎക്കും മുക്കാം മെൽത്തരം ആയിട്ടു കൂടിയെ മതിയാവു എന്ന വസ്തുക്കൊം മൂന്നിന്നും അന്തരം വരാതെകുണ്ടു. ഇ കൂദാശ എല്ലാവൎക്കും കൂടിയെ മതിയാവു എന്നതിനാംപക്കം അതിനെറ്റ സാതനവും എല്ലാ എടത്തും എത്തുമെന്നത ആക്കി വെള്ളം എന്ന കല്പിച്ചു. ഇ കൂദാശയാൽ ഒണ്ടാകുന്ന ഒപകാരം ആകുന്നതു ഉത്ഭവ ദൊഷവും മറൊള്ള ദൊഷങ്ങളും അതിനെറ്റ പ്രാശ്യത്വങ്ങളും പൊറുക്കുന്നതു. ഇതിനെക്കൊണ്ടു മാമ്മൊദിസ മുങ്ങുന്നവരുടെ ദൊഷത്തിന്ന മുക്കുന്നവരെ പ്രാശ്യത്വം കല്പിക്കുന്നു. ഇതിനെക്കൊണ്ടു യൊഗ്യത്തൊടെ ഒരുത്തരെ മാമ്മൊദീസായും മുങ്ങി ഒടനെ മരിച്ചു എംകിൽ അപ്പൊഴെ ആകാശമൊക്ഷത്തിൽ ചെന്ന വെളിച്ചമെ ദൈവസൊഹത്തെ കണ്ടു ഇരിക്കയും ചെയ്യും.

ഒന്നാം കാനൊനാ [S. iv D. v]

മലംകര മാമ്മൊദീസ മുക്കുന്നിടത്തു ഒരൊരൊ കാലത്തു വചനങ്ങളെ പകൎത്തി ചൊല്ലി മുക്കിയെന്ന ഇ ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞു. അങ്ങനെ മുങ്ങുന്നതു കാൎയ്യം അല്ലെന്ന വരുമല്ലൊ. ഇതിനെക്കൊണ്ടു മലംകരെ നസ്രാണികളുടെ എടയിൽ കിടാങ്ങളെ പൊറന്ന ഒണ്ടായാൽ എട്ടാംപക്കം പള്ളികളിൽ കൊണ്ടുവന്ന മാമ്മൊദീസാ മുക്കിപ്പാൻ ഉത്സാഹം ഇല്ലായ്കു ഒണ്ടു എന്ന ഇ ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ടു മറൊല്ലാ ദിക്കിലെ മരിയാതിക്കു തക്കവണ്ണം എട്ടാംപക്കംതന്നെ കിടാങ്ങളെ കൊണ്ടുവന്ന മാമ്മൊദിസ മുക്കണം എന്ന അനെകം ദുഃഖ

ത്തൊട്ടക്കൂടെ ഇ സുനഹദൊസ കല്പിക്കുന്നു. എട്ടദിവസം പൂകുന്നതിന്ന എടക്ക കിടാങ്ങെംക്ക ഏതാനും അരുതായ്ക്കയുണ്ടെംകിൽ എട്ടാംപക്കം പാക്കാതെ ഒടനെ മുക്കിക്കയും വെണം. വിശെഷിച്ച പള്ളി അട്ടക്കെ ഇല്ലാതെ കുടികളിൽ ഇരിക്കുന്നവരുടെ കിടാങ്ങളെ എട്ടാം പക്കംതന്നെ കൊണ്ടവരുവാൻ ഒട്ട അരിപ്പും ഒണ്ടെ എംകിൽ ഇരുപത ദിവസത്തിനകത്ത താൻ മുപ്പതു ദിവസത്തിനകത്ത താൻ പള്ളിക്കൽ വച്ച മുക്കിച്ചകൊള്ളുകയും വെണം. മുപ്പത ദിവസത്തിനകത്ത തങ്ങടെ കിടാങ്ങളെ പള്ളിക്കൽ കൊണ്ടവന്ന മാമ്മൊദിസാ മുക്കിച്ചില്ലാ എംകിൽ അവരെ മഹരൊൻ ചൊല്ലി പൊറത്ത നിറുത്തുകയും വെണം. അവരുടെ അവുടെ പട്ടക്കാരരും എണങ്ങരും പൊകയും അരുത.

രണ്ടാം കാനൊനാ [S. iv D. vi]

മഹരൊൻ ഒള്ളവരുടെ കിടാങ്ങളെ മാമ്മൊദിസാ മുക്കാതെ നിറുത്തിയെക്കുന്നത എന്ന മരിയാത ഇ എടവകയിൽ ഒള്ളത ശുദ്ധമാന സുനഹദൊസ ഉപെക്ഷിക്കുന്നു കാന്നവക്ക മഹരൊൻ ഒണ്ടെംകിലും, അവരുടെ ഏതുനാൽ കിടാങ്ങെംക്ക മാമ്മൊദീസാ മുങ്ങാതെ ഒര സംകടം വരായിവാൻ മറെറല്ലാവരുടെയും കിടാങ്ങടെ കൂട്ട എട്ടാം പക്കം പള്ളിൽ കൊണ്ടവന്ന മാമ്മൊദിസ മുക്കിച്ചെ മതിയാവു എന്ന ഇ സുനഹദൊസ പ്രമാണിക്കുന്നു. എന്നാൽ മഹരൊൻ ഒള്ളവരുടെ കിടാങ്ങളെ അവരുടെ വീട്ടിൽചെന്ന എട്ടത്ത പള്ളിക്കൽ കൊണ്ടവന്ന മാമ്മൊദിസ മുക്കിച്ച വീണ്ടെ വീട്ടിൽകൊണ്ടെ ആക്കിന്നവക്ക മഹരൊൻ തട്ടാ. മഹരൊൻ ഒള്ളവർ കൂടെ കൂടാതെ ഇരിക്ക നല്ല.

മൂന്നാം കാനൊനാ [S. iv D. xiv]

മാമ്മൊദീസാ മുങ്ങുന്നവക്ക രണ്ടെ കൂട്ടം സൈത്തകൊണ്ടെ പൂശെണ്ടുന്നത അവ്വണ്ണം ഇല്ലെന്നും ഒര സൈത്ത പൂശുന്നത മെൽപട്ടക്കാരൻ കൂടാശ ചൈയാത്ത സൈത്തകൊണ്ടെ പെരുമാറി ഞായമെന്നും ബഹുമാനപ്പെട്ട മെത്രാൻ അറിഞ്ഞാറെ നസ്രാണികംക്ക വെണ്ടുന്ന സൈത്ത എല്ലാം കൂടാശ ചൈത്തു. എന്നാൽ ശുദ്ധമാന ഇ സുനഹദൊസ മാമ്മൊദീസാ മുക്കുന്ന പട്ടക്കാരരൊട പ്രമാണിക്കുന്നു മെൽപട്ടക്കാരൻ കൂടാശ ചൈത സൈത്തകൊണ്ടെ പെരുമാറാവു എന്ന. എന്നാൽ ഒരുത്തരെ മുക്കുപൊം തുൽമ്മാറ എന്ന സൈത്ത കൊണ്ടെ നെഞ്ഞത്തും പുറത്തും പൂശണം. മൂറാൻ എന്ന സൈത്തകൊണ്ടെ നിറുകയിലും പൂശണം. എന്നാൽ സൈത്ത പൂശിയാൽ തൊടപ്പാൻ ചീല എംകിലും നല്ല പഞ്ഞി എംകിലും സൈത്ത ഇരിക്കുന്ന ചെപ്പിൽ കൂടെ ശരസിക്കയും വെണം. സൈത്ത തൊടെണ്ടുന്നെടത്തെല്ലാം ചൊല്ലെണ്ടുന്ന മൊഴികം റൊമ്മപ്പള്ളി കൽപിച്ച മരിയാതക്ക തക്കവണ്ണം സുറിയാനിയിൽ പെത്ത ട്ടു ഒണ്ടെ. വിശെഷിച്ചും മാമ്മൊദിസാ മുക്കുംപൊം മുക്കുന്ന പട്ടക്കാരൻ സ്ലീവിലിസ എന്ന വെള്ളക്കുപ്പായവും ഊറാറെയും ഇട്ടകയും വെണം.

നാലാം കാനൊനാ [S. iv D. xv]

മാമ്മൊദീസാ മുങ്ങുംപൊം മുങ്ങുന്നവരുടെ തലതൊട്ടുന്നത (56) പള്ളിയുടെ പണ്ടെ ഒള്ള മരിയാത, ഇ എടവകയിൽ ഇല്ല എന്നതിനെക്കൊണ്ടും ആ തല

55. തലതൊട്ടപ്പനും (God Father) തലതൊട്ടമ്മയും (God Mother) മാമ്മോദീസാ സ്വീകരിക്കുന്ന ശിശുവിനുവേണ്ടി വാഗ്ദാനങ്ങൾ നടത്തുന്നു. ശിശുവിന്റെ ആധ്യാത്മികപരിപോഷണത്തിനുള്ള ചുമതല ഏറെറടുക്കുന്നു.

തൊട്ടവരും മുണ്ടുന്നവരും തങ്ങളാലുണ്ടാക്കുന്ന ശാർച്ച എത്ര എന്നും ഇവിടെ അറിയാത്തതിനെക്കൊണ്ടും ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു ഒരുത്തര മുണ്ടുംപൊയം അവരുടെ തല തൊട്ടവാൻ ഇരുവരെ താൻ, ഒരുത്തനും ഒരുത്തിയും കൂടെ താൻ, ഒരു പുരുഷൻ തന്നെ താൻ, മുണ്ടുന്നവൻറെറ തല തൊട്ടവാൻ. ഇ തല തൊട്ടവാൻ പറഞ്ഞ പുരുഷക്ക പതിനാൽ വയസ്സു തികയണം. സ്ത്രീകയം പന്നിരണ്ടു വയസ്സു തെകയണം. മുണ്ടുന്നവരും തല തൊട്ടവരും തങ്ങളിൽ ആത്മാവിന്നടുത്ത വലിയ ഒര ചാർച്ച ഒണ്ട. അത ആകുന്നത – തല തൊട്ടവര മുണ്ടുന്നവരുടെ വാവായും ഉമ്മായും ആയിരിക്കും. മുണ്ടുന്നവര അവരുടെ പുത്രൻ ആയിരിക്കും. വിശെഷിച്ചും മുണ്ടുന്നവരുടെ അപ്പനും അമ്മയും തലതൊട്ടവ പുരുഷനും സ്ത്രീയുംകൂടെ മുണ്ടുന്നവൻറെറ വാവാന്മാരും ഉമ്മാമാരും ആയിരിക്കും. ആയതിനെക്കൊണ്ട ഇങ്ങിനത്തവര തങ്ങളിൽ ശുദ്ധമാന പാപ്പാടെ താൻ അവുടുത്തെ വിധിവചമുള്ളവരുടെ താൻ പ്രമാണം കൂടാതെ പെണ്ണു കെട്ടുകയും അരുത. കെട്ടുകിൽ അത വാസ്തവും അല്ല. മുണ്ടുന്നവരുടെ തല തൊട്ടവാൻ വിളിക്കപ്പെട്ടവന്ന തൊട്ടവരെ മുണ്ടുന്നവക്കും അവരുടെ കാന്നവക്കും ശാർച്ച ഒന്നാകും, മററ അനെകം ജെനം കൂടെ തൊട്ടുകിൽ.

അഞ്ചാം കാനൊനാ [*S. iv D. xiii*[

മാക്കം അല്ലാത്തവരിൽ ആരാനും മാർഗ്ഗം കൂടുവാൻ വരുകിൽ ദുഷ്ത അവക്ക ഒണ്ടെങ്കിൽ മാഗ്ഗത്തിലെ കാതൽ ആകുന്ന വസ്തുക്കളെ അവക്ക പറഞ്ഞു ബൊധിപ്പിക്കാതെയും ബബനീശെനയ്യായും ആബൂൻ എവശ്ചയായും ശ്ശാമെക മറിയവും മഹൊമ്മനീനാനും പഠിപ്പിക്കാതെയും മാഗ്ഗം പൂകിക്കരുതു. ഇ പറഞ്ഞ ഒത്തുകയം ഒക്കെയും പഠിക്കുംമുന്നെ അവക്ക ഒര സംകടം വരുവാൻ പൊരും എന്ന തൊന്നുകിൽ മാർഗ്ഗത്തിലെ തലയാകപ്പെട്ടതുംമെൽ അവക്ക വിശ്വാസം ഉണ്ട മാമ്മൊദീസാ മുങ്ങന്നം എന്ന അവര അപെക്ഷിക്കയും ചൈകിൽ മുമ്പെ മുക്കുകയും ആം. (57)

ആറാം കാനൊനാ [*S. iv D. xi*]

മലനാട്ടിൽ കാവ്യരുടെ എടയിൽ ഒരു മര്യാദ ഉണ്ട. അത ആകുന്നത, പൊല്ലാത്ത നാടം പിറക്കുന്ന കിടാങ്ങളെ കൊന്നകളക താൻ ആക്കാനും കൊട്ടത്തു കളകതാൻചൈയ്യും. അങ്ങനത്ത കിടാങ്ങളെ നമ്മുടെ മാഗ്ഗത്തിൽ വരുവാൻ തക്ക വണ്ണം അനെകം ഉത്സാഹത്തൊടും സൂക്ഷത്തൊടുംകൂടെ ശ്രമിച്ചവരുത്തുവാൻ തക്കവണ്ണം നസ്രാണികയം ശ്രമിക്കണം എന്ന തംപുരാനെക്കുറിച്ച ഇ ശുദ്ധമാന സൂനഹെദൊസ അപെക്ഷിക്കുന്നു. എന്നാൽ ശ്രമിച്ച വരുത്തുന്നവക്ക മാമ്മൊദീസായും മുക്കിച്ച വഴിയെ വളത്തുവാൻ വെണ്ടുന്ന സൽഭാവം(58a)പൊരായ്മയിൽ പള്ളിക്കൽ ശ്രമിക്കുന്ന പട്ടക്കാരരൊട്ട അറിയിക്കണം. എന്നാൽ പട്ടക്കാരും ദൈശത്ത തലയാകപ്പട്ട എണങ്ങുംകൂടെ വഴിയെ അന്തരം വന്ന പൊകാതെ കണ്ട വളത്തുകയും

---

57. അക്രൈസ്തവരെ മതപരിവർത്തനം ചെയ്യിക്കുന്നതിൽ കേരളക്രിസ്ത്യാനികൾക്കുള്ള ഉത്സാഹക്കേടിനെ പറ്റി. കാനോന നിശിതമായി വിമർശിക്കുന്നു. Hough Page. 567.

58 a. 'തല്പാകം' എന്ന ബി. യിൽ കാണുന്നു. 'Condition to breed them up' എന്നാണ Hough ൽ കാണുന്നത്. Page. 566.

വെണം. ആരും ഉടയവര ഇല്ലാത്ത കിടാങ്ങളെയും വാച്ച(58 b) എടുത്തുംവച്ച കണ്ട എത്തിയാൽ അവരയും മെൽപറഞ്ഞ കിടാങ്ങളെയും അതുപൊലെ ശ്രമിച്ചുകൊള്ളണം. (59)

ഏഴാം കാനൊനാ [S. iv D. vii)

ഒരുത്തരുടെ പ്രസമത്തും നെരത്തു അവുടെ കൂടെ കൂട്ടുന്നവരൊട്ടും പെറുന്നവരൊട്ടും ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു. എന്തെന്ന പെറക്കപ്പെട്ടന്ന പൈതൽക്ക കെൽപ്പുകെട പെരികയുണ്ടെങ്കിൽ ഉടനെ വാവാടയും പുത്രൻറെറയും ഗുഹാദ്ധ്യക്ഷരുടെയും നാമത്തിൽ നിന്നെ ഞാൻ മുക്കുന്നെൻ എന്ന പള്ളിയുടെ മൊഴികളെയും ചൊല്ലി പൈതലിടെ തലയിൽ വെള്ളം വീത്തി മുക്കണം എന്ന. വിശെഷിച്ച അനെകം സംകടമായിട്ട ഒരുത്തർ പെറുംപൊൾ ആ പൈതൽ വഴിയെ പൊറപ്പെട്ടുവാൻ മടിച്ച എട(യിരി)ക്ക ഇരിന്ന പൈതൽ മരിച്ചുപൊകുമെന്ന നിക്കുന്നവക്ക തൊന്നുകിൽ മുൻപിൽ പുറത്തു കണ്ട സന്ധുവുന്മെൽ മെൽ ചൊല്ലിയ വചനങ്ങളും ചൊല്ലി വെള്ളം വീഴത്തണം. വിശെഷിച്ചും എടയിൽ ഇരിക്കലെ വശനവും ചൊല്ലി വെള്ളം വീഴത്തി മുങ്ങുന്ന പൈതൽ ആകെനാൽ പുറത്തു പുറക്കപ്പെട്ടുകിൽ തലയിൽ ആ വെള്ളം വീഴ്ത്തി എകിൽ വീണ്ട മുക്കണ്ട.

മറ ഒര സന്ധുവിനു വീഴത്തി എംകിൽ വീണ്ട തലയിൽ വെള്ളം വീഴത്തി മുക്കിയെ മതിയാവു അപ്പൊൾ ചെല്ലുന്നുന്ന വചനം ആകുന്നത ഇത. മാമ്മൊ

---

58 b. 'വല്ല' എന്ന ബി. യിൽ കാണുന്ന സാധാരണയായി കുഞ്ഞുങ്ങളെ ഉപെക്ഷിക്കാറുള്ള സ്ഥലങ്ങളം പോ. കാനോനകളിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

59. ചരിത്രവിദ്യാത്ഥികൾക്ക വിലപ്പെട്ട പല വിവരങ്ങളും സമാന്തര പോ. കാനോനയിൽ കാണുന്നതുകൊണ്ട് അതിൻറെ ഇംഗ്ലീഷ് പരിഭാഷ ചുവടെ ചേർക്കുന്നു. പോർത്തുഗീസ്, മലയാളം കാനോനകളം തമ്മിലുള്ള അന്തരം സ്ഥാലീപുലാകന്യായേന ഗ്രഹിക്കുന്നതിനും ഇതുപകരിക്കും.

'The heathens of these parts being so strangely addicted to auguries, and superstitions, as sometimes to kill their children which are born on those days which they reckon to be unlucky, imagining they must be miserable if they live, the mothers, that they may not murder them with their own hands, leaving them in heaths, or at the bottom of some tree, or in a ditch, there to perish: wherefore the Synod doth command all the faithful Christians of this bishopric, That whereas living among such heathens, and being their neighbours, they cannot for the most part but know what passes in their houses, to be very watchful in this case; and whensoever they shall know of any infants being thus exposed, or shall find them at any time in the heaths, to carry them home to their houses, and cherish them with Christian charity, either baptizing them themselves, or procuring it to be done; and if when they find them, they shall apprehend them to be near dying, notwithstanding they may know that their parents will take it ill of them, who by thus exposing them have lost their dominion over them, they shall baptize them immediately, whereby the church will acquire a right in them, and as a holy mother, is glad to receive them: and if it should so happen that those by whom they are found, are not in a condition to breed them up, they shall then carry them to the vicar, and the other curates of the church, whom we command in the name of Christ, to call together the chief men of the parish, to take some course about the bringing up of the child; and if there is no well-disposed person that will for the love of God, take the charge thereof upon him, they shall then procure a nurse, and whatsoever else is necessary, if there can be no other way found, out of the alms and fabric of the church.'

Hough, P. 566

ദീസാ മുങ്ങി എംകിൽ വീണ്ട ഞാൻ മുക്കുന്നില്ല. നീ മാമ്മൊദീസാ മുങ്ങിയില്ലം കിൽ വാവാടെയും പുത്രന്റെറയും റൂഹാദക്കുദശാടയും നാമത്താൽ ഞാൻ മുക്ക ന്നെൻ എന്ന ചൊല്ലിയ വചനങ്ങാം ചൊല്ലി മുക്കണം, മാമ്മൊദീസാ മുങ്ങി യൊ ഇല്ലയൊ എന്ന സംശയമുള്ളവരുടെ മെൽ. എന്നാൽ ദിഷ്ടതിക്ക താല്പര്യമാ യ വചനങ്ങളം ചൊല്ലി വെള്ളം തലയിൽ വീഴത്തി മുക്കിയാൽ പിന്നെ കാല ത്ത എത്രുംപൊം പള്ളിയിൽ ആ മുങ്ങിയവരെ കൊണ്ടുന്ന ശെഷം മാമ്മൊദി സാസ്ക്ക വെണ്ടുന്ന ക്രിയകളെ പട്ടക്കാരരെ കൊണ്ട ചൈയിക്കണം, മുക്കിക്കെ ണ്ടാ താനും.

എട്ടാം കാനൊനാ [S. iv D. viii]

നസ്രാണികളായി കല്പിച്ചവര ഒക്കയൊട്ടുകൂടെ ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു. എന്തെന്ന ഓരൊരൊ ആണ്ടിൽ മാമ്മൊദീസാ ഉള്ളവരിൽ ഒര സ്ത്രീയെ പിള്ള വാങ്ങുവാൻ ഒണ്ടാക്കണം എന്ന. അവക്ക വെണ്ടുന്ന ക്രിയകാം, മാമ്മൊദീസാ കൂടാതെ മരിച്ചുപൊകായ്യാൻ അവക്ക മാമ്മൊദീസാടെ വചനങ്ങ ളയും ചൊല്ലി വെള്ളം തലയിൽ വീഴത്തി മുക്കുവാൻ വെണ്ടുന്നത, അറിയിച്ചെ ക്കയും വെണം. വിശെഷിച്ചും മാമ്മൊദിസ ഇല്ലാത്തവര പിള്ള വാങ്ങുമ്പൊം മാർഗ്ഗത്തിന്നടാത്തത ഏതാനും ചൈയ്യുവാൻ പള്ളിക്കലെ ചെറമക്കാരൻ പട്ട ക്കാരൻ തന്റെറ എടവകയിലുള്ളവക്ക മെൽപറഞ്ഞവണ്ണം മാമ്മൊദീസാ മുക്ക വാൻ പഠിപ്പിക്കണം.

ഒൻപതാം കാനൊനാ [S. iv D. xvi]

നമ്മുടെ കത്താവ മാറാനീശൊമിശീഹാടെ ശുദ്ധമാന മരണംകൊണ്ട പഴെ മാർഗ്ഗത്തിൽനിന്ന നാം രക്ഷപെട്ടതിനാംപക്കം ആകനാൽ എല്ലാത്തിനെക്കൊ ണ്ടും രക്ഷപെട്ടവര നാം ആയിരിക്കണം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹ ദൊസ എല്ലാവരൊട്ടുകൂടി പ്രമാണിക്കുന്ന മാമ്മൊദീസ മുങ്ങുന്നവക്ക ഇപ്പൊം സാമാന്യം വിളിക്കുന്ന പെരകം എന്നിയെ മററ പഴെ മാർഗ്ഗത്തിലെ പെര ഒന്നും വിളിക്കരുത എന്ന(60). എന്നാൽ ഈശൊ എന്ന പെര നമ്മുടെ തംപുരാന്റെറ പെ ര ആയതിനെകൊണ്ടും, ഇപ്പുരിന്റെറ ശത്തം കെംക്കുമ്പൊം ആകാശമൊക്ഷത്തി ലും ഭൂമിയിലും നരകത്തിലും ഒള്ളവര ഒക്കയും മുട്ടുകുത്തി വന്ദിക്കണം എന്ന ശുദ്ധമാ നപൗലൊസശ്ലീഹാ എഴുതിവച്ചതിനെക്കൊണ്ടും ഇശൊ എന്ന ഇ തിരുനാമം മാന ഷ്ക്ക ആക്കം വിളിക്കരുത എന്ന ഇ ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു(61).

---

60. ക്രിസ്ത്യാനികാംക്ക അന്ന സാധാരണമായിരുന്ന പേരുകാം പഴെ മാർ ത്തിലെ (=പഴയനിയമത്തിലെ) Abraham, Jacob, Zacharia എന്നിവ ആയിരുന്ന എന്നു പോ. കാനോനകളിൽ കാണുന്നു. ശുദ്ധ കേരളീയ നാമങ്ങളെക്കുറിച്ചുള്ള സൂനഹദോ സിന്റെറ തീരുമാനം മലയാളത്തിൽ കാണുന്നില്ല. പോ. കാനോനകളിൽ ഇങ്ങനെ കാ ണുന്നു: '....and as for the common names of the country, they may still retain them, if they are such as have been used only among christians, but not among the heathens, for as those names which the heathens have in common with christians, the synod will not have them to be given in baptism, charging the vicars and priests, that baptize, to take care thereof' Hough, p. 569.

61. 'Francisco Roz and the other members of the, society of Jesus, ought to have had their order excepted here; for if the synod's reason why none ought to be called by that blessed name holds good, it will reach their order, no less than particular persons.' Geddes, p. 205.

ഇപ്പെര ഒള്ളവര മുൻപിലത്തെ ഒപ്പ്രുമാ കൈക്കൊള്ളുമ്പൊം മാററി മറെറാര പെര വിളിച്ചുകൊള്ളണം.

പത്താം കാനൊന [S. iv D. ix]

നസ്രാണികളം ഒക്കയൊട്ടുംകൂടെ ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന എന്തെന്ന മാമ്മൊദീസാ ഇല്ലാത്ത വെള്ളാട്ടികളം ആകുന്ന കിടാങ്ങളെ തങ്ങടെ സ്ഥലത്ത നിറുത്തരുത എന്നും തങ്ങടെ വെള്ളാട്ടികളാകുംപൊളെ അവരെ മാമ്മൊദീസാ മുക്കണം എന്നും അറിവും ബൊധവും ഒള്ള വെള്ളാട്ടികളെ വെലത്താലെ അവരെ മാമ്മൊദീസാ മുക്കരുത എംകിലും പ്രിയത്തൊട്ടുകൂടെ അവരെ പറഞ്ഞ അനുസരിച്ചകാലത്തെ മാമ്മൊദീസാ മുക്കുവാൻ ശ്രമിക്കണം എന്നും. വിശെഷിച്ച കിടാങ്ങളം എംകിലും വലിയവര എംകിലും മാമ്മൊദീസാ മുങ്ങുവാൻ മനസ്സു ഉണ്ടംകിൽ അവരെ മാമ്മൊദീസാ മുക്കാതെ വീട ഉടയവര നിറുത്തുകിൽ ആ വീട ഉടയവരെ മെല്പട്ടക്കാരൻ കുറാപ്പെട്ടക്കയും വെണം. (61b)

പതിനൊന്നാം കാനൊനാ [S, iv D. xviii]

മാമ്മൊദീസാ മുങ്ങുവാൻ ഉള്ള കിടാങ്ങളെ കാന്നവര തങ്ങളിൽ തന്റെറ തന്റെറ മക്കളെ മുമ്പിൽ മുക്കണം എന്ന പെശകി ഏറെ ഏറെ പണം വൈക്കുന്നവര ചിലര ഇ എടവകയിൽ ഉണ്ടന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട എല്ലാവരൊട്ടുംകൂടെ പ്രമാണിക്കുന്ന അങ്ങനെത്ത പിണക്കം ഉണ്ടാകരുത എന്നും അങ്ങനെ പിണങ്ങി വൈക്കുന്ന മുതൽ പട്ടക്കാരര വാങ്ങരുത എന്നും. സിമ്മുനായക്കാരക്ക് ശ്രുദ്ധമാന പള്ളി കല്പിച്ച പ്രാശ്യതം ഇങ്ങനത്ത മുതൽ വാങ്ങുന്നവക്ക് അനുവദിപ്പതും ചൈയും. പല കിടാങ്ങളെ ഒരുമിച്ച മുക്കുവാൻ ഉണ്ടംകിൽ കൊഴപ്പം കൂടാതെ പ്രമാണത്തൊട്ടുകൂടെ മുക്കുവെ ആവു.

പന്ത്രണ്ടാം കാനൊന [S. iv D. xix]

എല്ലാ പള്ളികളിലും തന്റെറ തന്റെറ തല്പാകത്തിന്ന തക്കവണ്ണം ഓരൊരെ മാമ്മൊദിസാകഴി പള്ളിയിൽ അതിനു യൊഗ്യമായ എടത്തിൽ പണിയിച്ച ഒണ്ടാക്കണം. അതിലെ വെള്ളം താഴത്തൊട്ട വാററി പൊവാൻ നടുവിൽ ഒര ഒവ വെണം, മെൽ ഒര പലക കൊണ്ട അടച്ച മൂടുവാനും വെണം — പള്ളി പണ്ടാരത്തിലെ മുതൽ അഴിച്ച പണിയിക്കയും വെണം എന്ന ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന. അതിലെ വെള്ളം പൊറത്ത എങ്ങും വീണ ആരും ചൌട്ടാതെ ഇരിക്കയും വെണം. മൂറാൻ എന്ന സൈത്തകൊണ്ട ആ വെള്ളം രുശ്മാ ചൈത ഇരിക്കയും വെണം.

പതിമ്മൂന്നാം കാനൊനാ [S. iv D. xx]

ശ്രുദ്ധമാന ത്രെന്തൊസ എന്ന സൂനഹദൊസിലും എല്ലാ പള്ളികളുടെ മര്യാദക്കും തക്കവണ്ണം ഇരിപ്പാൻ എല്ലാ പള്ളികളിലും ഓരൊരെ പുസ്തകം ഒണ്ടായിരിക്കണം എന്ന ഇ സൂനഹദൊസ പ്രമാണിക്കുന്ന. അതിൽ അത അത എടവകയിൽ മാമ്മൊദീസാ മുക്കുന്നവരുടെയും മുങ്ങുന്നവരുടെയും അപ്പന്റെറ അമ്മെടെയും തലതൊട്ടുന്നവരുടയും കാലവും മാസവും ഇട്ട എഴുതി വൈക്കയും വെണം. വാശകം ഇവണ്ണം: ഞാൻ ഇന്നാര ഇന്ന പള്ളിയുടെ മുപ്പൻ ഇന്ന കാലം ഇത്രാം ദിവസത്തിൽ ഇന്നടത്ത പിറന്ന ഇന്നാരുടയും ഇന്നാരുടയും മകനെ താൻ മകളെ

61b. 'മാമ്മൊദീസാ മുങ്ങുവാൻ മനസ്സുള്ളവരെ കാവ്യക്ക വിലൂയും അരുത. വിറാമൽ വിറാവരെ കുറപ്പെട്ടുത്തുകയും വെണം.' എന്ന ബി. യിലും കെ. എൻ. ഡാനിയേലിന്റെ പുസ്തകത്തിലും (പുറം 81) കാണുന്നു.

താൻ മാമ്മൊദീസാ മുക്കിയെൻ. തല തൊട്ട ഇന്നാരും ഇന്നാരും എന്നും അതിൻെറ ശെഷം പട്ടക്കാരൻ തൻെറ ഒപ്പും ഇട്ടകാ. പള്ളിയിലെ മൂപ്പൻ ആ പുസ്തകം ശൗസിച്ച മെല്പട്ടക്കാരക്ക് കണക്ക കൊടുക്കയും വെണം. അത കണ്ട നി ശ്ചയമായി ഓരൊത്തരുടെ വയസ്സിന്ന സാക്ഷിപെടുക്കയും ആം.

മുൻപിലത്തെ ഒപ്പ്രുശ്രുമാ ആകുന്ന രണ്ടാം കൂദാശെടെ പൊരുൾ

രണ്ടാം കൂദാശയാകുന്ന മുമ്പിലത്തെ ഒപ്പ്രുശ്രുമാ. ഇതിൻെറ സാധനമായത മൂറാൻ. ഇത സൈത്ത എന്ന വൃക്ഷത്തിൻെറ കാ ആട്ടി ഉണ്ടാക്കുന്ന സൈത്തും അനെകം സ്വാര്യഭ്യം ഉള്ളൊരെ വസ്തു അൽവെലസം എന്ന ചൊല്ലുന്നതും കൊണ്ട ഉണ്ടാക്കി ന്യായം. സൈത്ത എന്നതിൻെറ അത്ഥം ആയത നസ്രാണികൾക്ക ഉണ്ടാകെണ്ടുന്ന മനസ്സിലെ വെടിപ്പും വെളിവും. അൽവെലസം എന്നതിൻെറ അത്ഥം നസ്രാണികൾക്ക ഉണ്ടായിരിക്കെണ്ടുന്ന നല്ല നാമം. എന്നാൽ മൂറാൻ എ ന്ന സൈത്തിന്ന മെത്രാൻമ്മാരിടെ രുശ്രുമ കൂടിയെ മതിയാവു. ഇ കൂദാശെടെ കാതൽ വചനങ്ങൾ ആകുന്നത മെത്രാൻ വലത്തെ കൈയടെ പെരുവിരൽകൊ ണ്ട മൂറാൻ എന്ന സൈത്തും തൊട്ട ഒപ്പ്രുശ്രുമാ കൈക്കൊള്ളുന്നവൻെറ നെററി മെൽ സ്ലീവാ വരച്ച ചൊല്ലുന്ന ഇ മൊഴികൾ: സ്ലീവാടെ അടയാളത്താൽ നിനക്ക ഞാൻ അടയാളം ആക്കുന്നെൻ, രക്ഷയുടെ മൂറാൻകൊണ്ട നിന്നെ ഉറപ്പിക്ക ുന്നെൻ, വാവാടെയും പുത്രൻെറയും റൂഹാദക്കുദശാടെയും നാമത്താൽ എന്ന. ഇ കൂദാശ മെത്രാൻമാക്കെ ചൈയാവു. അനെകം വല്യതായിട്ടുള്ള ദിഷ്ടതിക്കും അവകാശത്തിനും ശ്രുദ്ധമാന പാപ്പാടെ പ്രമാണത്താൽ കർബാന പട്ടക്കാരക്കും ഇ കൂദാശ ചൈയാം. എന്നാൽ ശ്രീഹന്മാര ഒരുത്തരുടെ തലയിൽ കൈകൾ വൈക്കുംപൊൾ കൈകളെ കൈക്കൊള്ളുന്നവക്ക റൂഹാദക്കുദശായെ കൊടുത്ത ന്യായം. ശ്രീഹന്മാക്കെ പകരം ആകുന്ന ഇപ്പളത്തെ മെത്രാന്മാര ഇ കൂദാശകൊണ്ട അതിനെ കൈക്കൊള്ളുന്നവക്ക റൂഹാദക്കുദശാടെ നെറിവ കൊടുത്ത ന്യായം. പൻതെകുസ്ത എന്ന ദിവസത്തിൽ ശ്രീഹൻമാരുടെ മെൽ റൂഹാദക്കുദശാ എറങ്ങി അവക്ക അറെപ്പുകൂടാതെ മാർഗ്ഗം നടത്തുവാനും അതിനെക്കൊണ്ട പറവാനും ശക്തിയും ബലവും കൊടുത്തവണ്ണം ഇ കൂദാശയാൽ നസ്രാണികൾക്ക ചങ്കയും പെടിയും കൂടാതെ വെളിച്ചമെ തംപുരാൻെറ നാമവും മാർഗ്ഗവും കൊണ്ട പറ വാനും ചെല്ലുവാനും റൂഹാദക്കുദശാടെ നെറിവ ഉണ്ടാക്കുന്നു. പിറക്കപ്പെടുകയും വളരുകയും ചൈയുന്നതിനൊളം ഭെദംപൊലെതന്നെ മാമ്മൊദീസാ എന്ന കൂദാ ശയും ഇ ഒപ്പ്രുശ്രുമായും തങ്ങളിൽ ഭെദമുണ്ട. മാമ്മൊദീസായാൽ മാർഗ്ഗത്തിൽ പിറക്കപ്പെടുന്നു. ഒരുത്തര ആയിട്ടു ഉപെക്ഷിക്കെണ്ടുകിലും മാർഗ്ഗം ഉപെക്ഷി ക്കാറുണ്ടാനും വാശ്വാസത്തിൻെറ ഉറപ്പിനും വെണ്ടുന്ന വളർച്ച ഇ കൂദാശയാൽ അത കൈക്കൊള്ളുന്നവക്ക ഉണ്ടാകുന്നു. ഇതിനെക്കൊണ്ട ഇ സൈത്ത നെറിവി മെൽ പിരട്ടുന്നു.

ഒന്നാം കാനൊനാ [*S. iv D. i*]

മലംകരെയിൽ മുമ്പിൽ ഒണ്ടായ മെല്പട്ടക്കാര ഇ രണ്ടാം കൂദാശെടെ അവസ്ഥ വഴിയെ അറിയാത്തതിനെക്കൊണ്ട മലംകരെ ഇ കൂദാശകൊണ്ട ഏറെ പെരുമാ റ്റം ഇല്ലാത്തതിനെക്കൊണ്ട ഇ ശ്രുദ്ധമാന സൂനഹദൊസ എല്ലാവരൊടുംകൂടെ അറി യിക്കുന്നു. എന്തന്ന ഈ കൂദാശ കൊടുപ്പാൻ ആസ്തമായി ഇരിക്കുന്ന മെത്രാൻ

ഉള്ളപ്പൊഴം ദുഷ്ടത ഒള്ളവര ഒക്കയും ഇക്കൂടാശ കൈക്കൊണ്ട മതിയാവൂ എന്ന പ്രമാണം ഒണ്ട. വിശെഷിച്ച വീട്ടിൽ കാന്നവരുതന്നെ ഇ കൂടാശ കൈക്കൊണ്ടാൽ പൊരാ. പിന്നയൊ തങ്ങളുടെ മക്കളെയും പിള്ളെരയും ഇ കൂടാശ കൈക്കൊള്ളുവാൻ അയച്ചുട്ടെ മതിയാവുതാനും. വിശെഷിച്ചും ഇ കൂടാശെനെ ദുഷിച്ചും ഉപെക്ഷിച്ചും കൈക്കൊള്ളാത്തവക്ക വലിയൊര ശാവദൊഷം ഒണ്ട. ഇതിനെക്കൊണ്ട ഇ സൂനഹദൊസ കല്പിച്ച. ഇ കൂടാശ തരുവാൻ മെത്രാൻ വന്നതിനാം പക്കം അഞ്ച വയസ്സു തികഞ്ഞവര ഒക്കയും ഈ കൂടാശ കൈക്കൊള്ളണമെന്ന. ദുഷിപദംകൊണ്ടുതാൻ പ്രതിജ്ഞകൊണ്ടുതാൻ ഇക്കൂടാശ കൈക്കൊള്ളാത്തവക്ക മഹറൊൻ ചൊല്ലി കുറപെടുക്കയും വെണം (62).

രണ്ടാം കാനൊനാ [*S. iv D. ii*]

ഇ സൂനഹദൊസ അനെകം ദുഃഖത്തൊടുകൂടെ കെട്ട ബഹുമാനപ്പെട്ട മെത്രാൻ മലംകരക്ക വന്നാറെ ചെല പള്ളികളിൽനിന്ന ഇക്കൂടാശ കൊടുക്കുന്നപ്പൊം വെണ്ടുന്നൊര വശമല്ലാത്തപൊലെ അതിനെ കൈക്കൊള്ളുന്നയും കൈക്കൊണ്ടവരെക്കൊണ്ട മാറ്റും അല്ലാത്തവരെപൊലെയും വിശ്വാസത്തിന്ന അന്തരം ഉള്ളവരെപ്പൊലയും മനസ്സിൽ ചൈത്താനെ നെറച്ച വച്ചിരിക്കുന്നവരെപൊലെയും ദുഷിക്കയും പറകയും ചൈതു എന്ന — എന്നാൽഇങ്ങനെ പറഞ്ഞവര പറഞ്ഞത പിഴ എന്നറിഞ്ഞ ശുദ്ധമാന റൊമ്മാപ്പള്ളിക്ക ഒത്തവണ്ണം ഇരിക്കാം എന്ന കല്പിച്ച അവരൊട ഏതും ഒര ചൊദ്യമില്ല. വിശെഷിച്ച മെലിൽ ആരും ആകാത്തവണ്ണം ഇ കൂടാശകൊണ്ട പറവാൻ (63) ആരാനും അങ്ങനെ പറകിൽ അവക്ക മഹറൊൻ ചൊല്ലി പുറത്ത കളയണം; ശുദ്ധമാന റൊമ്മാപള്ളിക്ക ഒത്തവണ്ണം എന്ന അവൻ മനസ്സുഴിഞ്ഞ പ്രാശ്യതവും ചൈവൊളം. വിശെഷിച്ചും ശുദ്ധമാന പള്ളി കൈക്കൊണ്ട കൂടാശകളെ ഉപെക്ഷിക്കുന്നവര വിശ്വാസകെടുകാരര എന്നും മാർഗ്ഗം ഉപെക്ഷിക്കുന്നവര എന്നും ശുദ്ധമാന തെയ്തൊസ എന്ന സൂനഹദൊസ കല്പിച്ച വണ്ണംതന്നെ എന്ന എല്ലാവരും അറിക—

മൂന്നാം കാനൊനാ [*S. iv D. iii*]

പള്ളിയുടെ പഴെ മര്യാതയ്ക്ക തക്കവണ്ണം ഇക്കൂടാശ കൈക്കൊള്ളുവാൻ വരുന്നവരെക്കൊണ്ടുവന്ന കൂടാശ കൈക്കൊള്ളിപ്പാൻ മാമ്മൊദീസായിലെപൊലെ ഇതിന്നും കാന്വരായിട്ട ചെലരവെണം എന്ന ഇ സൂനഹദൊസ അറിയിക്കുന്നു. ഇ കൂടാശ ഉള്ളവക്കെ കാന്വര ആകാവൂ ഒരുത്തൻതാൻ ഒരുത്തിതന്നെ ആവൂതാനും. മാമ്മൊദീസാ മുങ്ങുന്ന അവന്ന തല തൊട്കുനവരും ഉള്ള ചാർച്ച ഇ കൂടാശ ഏല്കുക്കുന്നവരും കൊണ്ടുവന്ന ഏല്പിക്കുന്നവരും തങ്ങളിൽ ഉണ്ട. കൂടാശ ഏല്കുക്കുന്നവരുടെ അപ്പനും അമ്മയും ഏല്പിക്കുന്നവര തങ്ങളിലും അവ്വണ്ണംതന്നെ. ഇ കൂടാശ കൊണ്ടുവന്ന ഏൽപിക്കുന്നവര ആണങ്ങളം എംകിൽ പതിനാൽ വയസ്സു തികഞ്ഞ ഇരിക്കണം. പെണ്ണുങ്ങളം എംകിൽ പന്നിരണ്ട വയസ്സു തികഞ്ഞ മതിയാവൂ.

---

62. മാന്നാനം കോപ്പിയിൽ മാമ്മോദീസായെക്കുറിച്ചുള്ള ഏതാനും കാനോനകളം വീണ്ടും ഇവിടെ പകൎത്തിയിരിക്കുന്നു. ഇത്തരം പിഴകളം കൈയെഴുത്തുഗ്രന്ഥങ്ങളിൽ സാധാരണമാണെന്നു ടെക്സ്റ്റ്വൽ ക്രീട്ടിസിസത്തിന്റെ വക്താക്കളം രേഖപ്പെടുത്തിയിട്ടുണ്ടു. **'Mechanical errors of copysts'** എന്ന ഇനത്തിൽ ഇതിനെ ഉൾപ്പെടുത്താവുന്നതാണു.

63. 'പറയായ്വാൻ' എന്നു ബി. യിൽ കാണുന്നു. ശരിയായ പാഠം അതാണു.

കുവ്വാന എന്ന മൂന്നാം കുദാശെടെ പൊരുൾ

മൂന്നാം കുദാശയാകുന്ന അത കുർബാന. ഇ കുദാശ മറ്റ എല്ല കുദാശകളിലും പെരിമയും ശുദ്ധതയും ഉള്ള കുദാശ. അത എന്തെ? മറ്റ എല്ല കുദാശകളിലും മിശിഹാടെ ശക്തിയെ ഉള്ള. ഇ കുദാശയിൽ പട്ടാങ്ങയായ തംപുരാനും പട്ടാങ്ങയായ മാനുഷനുമാകുന്ന മിശിഹാടെ പട്ടാങ്ങയായ ശരീരവും ചൊരയും ആത്മാവും ദൈവസുകവും കാതലാൽ ഇ കുദാശയിൽ അടങ്ങുന്ന എന്നതിനെക്കൊണ്ട. ഇ കുദാശെടെ സാധനമായത കൊതംപകൊണ്ടതന്നെ ഉള്ള അപ്പവും മുന്തിരിങ്ങാപഴംകൊണ്ടതന്നെഒള്ള വീഞ്ഞും. എന്നാൽ വീഞ്ഞു-മെൽ കുദാശ ചൈയും മുന്നൽ അതിൽ അനെകം കുറഞ്ഞൊരു വെള്ളം വീഴുത്തണം. മിശിഹാകത്താവ അതിംവണ്ണം ചൈത എന്ന പഴെ മാറ്റ മല്പാന്മാര ചൊല്ലിയതിനെക്കൊണ്ടും മിശിഹാകത്താവ താൻ മരിച്ചതിൻെറ ശെഷം തൻെറ വിലാവിൽനിന്ന ചൊരയും വെള്ളവും പൊറപ്പെട്ടതിനെക്കൊണ്ടും മിശിഹായും പള്ളിയും തമ്മിലുള്ള ഒന്നിപ്പ അറിയിപ്പാനും. ഇ കുദാശെടെ കാതലായ വചനങ്ങ്ം ആകുന്നത തംപുരാൻ താൻ അരുളിചൈതത —

വിശെഷിച്ച മിശിഹാടെ എടത്തിൻ ഇഹലൊകത്തിൽ ആകുന്ന പട്ടക്കാരര കുദാശ ചൈയുംപൊൽ അരുളപ്പാടിൻെറ ശക്തിയാൽ അപ്പത്തിൻെറ കാതൽ ഒക്കയും മിശിഹാടെ ശരീരം ആയി തിരുയുന്ന. വീഞ്ഞിൻെറ കാതൽ ഒക്കയും മിശിഹാടെ ചൊരയുമായി തിരിയുന്ന. ഇതിനെക്കൊണ്ട കുദാശ ചൈതതിൻെറ ശെഷം അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദ്ശ്യവും രസവും നിറവും അളവുംതന്നെ അതിൽ ശെഷിക്കും അത്രെ; കാതൽ ഏതും അതിൽ ശെഷിക്കാതെ. ഇതിനെക്കൊണ്ട അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദ്ശ്യത്തിലും ഒസ്സി ചെറുക ച്ചെറുകെ നുറുക്കിയാലും ആ കണ്ടിക്കപ്പെട്ട നുറുകളിലും എല്ലാടത്തിലും വീഞ്ഞിൻെറ സാദ്ശ്യത്തിലെ ഓരൊരൊ തുള്ളിയിലും മിശിഹാകത്താവ മുഴവനായി അടങ്ങുന്ന. ഇതിനെക്കൊണ്ട കുദാശ വചനം ചൊല്ലപ്പെട്ട ഒസ്സി എംകിലും വീഞ്ഞ എംകിലും കൊള്ളുന്നവര മിശിഹാകത്താവിനെ മുഴവനെ കൊള്ളുന്ന. ഇതിനെകൊണ്ട കുവ്വാന ചൈത പട്ടക്കാരരും അന്യെനികളും ഒരു സാദ്ശ്യത്തിൽതന്നെ കുവ്വാന കൈക്കൊള്ളുന്നതിനെക്കൊണ്ട ഏതും കുറഞ്ഞ പൊകയില്ല. മുഴവനെ മിശിഹാതന്നെ കൈക്കൊള്ളുന്ന അത്രെ. വിശെഷിച്ച പട്ടാങ്ങയായ മിശിഹാതംപുരാൻ ഇ കുദാശയിൽ അടങ്ങുന്ന എന്നതിനെക്കൊണ്ട തംപുരാനെ കുമ്പിട്ട വഴങ്ങുകയും വന്ദിക്കുകയും ചൈയുംവണ്ണം തന്നെ ഇ കുദാശനയും വെണം. ഇകുദാശെക്കൊണ്ട ഒണ്ടാകുന്ന ഒപകാരം ആകുന്നത: യൊഗ്യതയൊടുകൂടെ കൈക്കൊള്ളുന്നവക്ക് മിശിഹാടെകൂടെ ഐമൊസ്സ്യപ്പെട്ട ഒന്നിക്കുന്നതും നന്മെടെ ഏറ്ററം ഉണ്ടാകുന്നതും. വിശെഷിച്ചും ശരീരത്തിന്ന യാവ്യംകൊണ്ടുണ്ടാകുന്ന ഒപകാരം ഏറ്ററം ആത്മാവിന്ന ഇ കുദാശകൊണ്ട ഉണ്ടാകു(ന്ന)താനും.

ഒന്നാം കാനൊന [*S. v D. i*]

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദ്ശ്യത്തിൽ തംപുരാൻ നമ്മുടെ ആത്മത്തിന്ന യാവനയും തണുപ്പും ആയി തന്നെത്താൻ തന്നതിനാംപക്കം ആവല്യ ഉപകാരം ഓത്ത നിത്തലും നിത്തലും ശുദ്ധമാന പള്ളി അതിനെ ഓത്ത തംപുരാനെ സ്തുതിക്കുന്ന. എംകിലും ആണ്ടിൽ ഒരിക്കൽ വെറ അതിനെ ചൊല്ലി സ്തുതിക്കയും പുകഴ്കയും ചൈതെ മതിയാവു. എന്നിട്ട ശുദ്ധമാന പള്ളി ഒരു ദി

വസം കൊള്ളുവാൻ കല്പിച്ചു. പുതിഞായറാഴ്ച കടന്ന മുമ്പിൽ വന്നുന്ന വ്യാഴാഴിച്ച നാം അനെകം ഘൊഷത്തൊട്ടുകൂടെ കുവ്വാന സ്തുതിച്ച പെരുന്നാം കൊള്ളണം. കുവ്വാന കടന്നിട്ട താൻ കടക്കുംമുമ്പെ താൻ കൊടിയും സ്ലീവായും എടുക്കയും വെണം. (64)

രണ്ടാം കാനൊന [S. v D. ii]

ശുദ്ധമാന സൂനഹദൊസ അറിയിക്കുന്നു മുഴുവൻ ആയ ദുഷ്ടത ഒരുത്തക്ക ഒണ്ടായാൽ (അത ആൺ പിറന്നവക്ക ഒട്ട ഏകദെശം പതിന്നാല വയസ്സിൽ സ്ത്രീകംക്ക പന്തിരണ്ട വയസ്സിൽ ആകുന്നു എന്ന) തങ്ങടെ എടവകയിലെ മൂപ്പ ന്റെറ എംകിലും അയാളുടെ വിധിവശമുള്ള പട്ടക്കാരന്റെറ എംകിലും കയാൽ അമ്പതു നയംപിൽതന്നെ താൻ അതിന്റെറ പെരുനാംക്ക താൻ കുവ്വാനകൊ ണ്ട മതിയാവു എന്ന. എന്നാൽ അൻപതനൊയംപിന്റെറ തലെ നൊയംപ തൊട്ട പുതു ഞായറാഴ്ചു അകത്ത കുംപസാരിച്ച കുർബാന കൊള്ളുവാൻ എത്താ ത്തവക്ക അൻപത പെരുന്നാളൊളം അവധി ഉണ്ട. ആ പൊരുനാം കടക്ക ന്നതിന അകത്ത കുർബാന കൊള്ളാത്തവക്ക വെളിച്ചമെ മഹറൊൻ വിളിച്ച ചൊല്ലണം. അങ്ങനെ ഒരുത്തക്ക മഹറൊൻ ചൊല്ലിയാൽ ആ മഹറൊൻ കുംപ സാരിച്ച കുർബാന കൊള്ളുകിലെ അവരുടെ മഹറൊൻ പൊക്കാവു. വിശെഷി ച്ച പള്ളികംക്ക ദൂരെ കുടികളിൽ ഇരിക്കുന്നവക്കും തംപുരാന്റെറ കാര്യത്തുംമെൽ അറിവ കുറഞ്ഞവക്കും മഹറൊൻ ചൊല്ലും മുംപെ വെണ്ടത്തക്കവരെക്കൊണ്ട പ റെച്ച അവരുടെ മനസ്സ അഴിച്ചാലും വെണ്ടുംവണ്ണും വരാകിൽ അതിന്റെറ ശെഷം വെണം അങ്ങനത്തവക്ക മഹറൊൻ ചൊല്ലുവാൻ. വിശെഷിച്ചും ആണ്ടിൽ ഒരി ക്കൽ കുംപസാരിച്ച കുവ്വാനകൊള്ളണം എന്ന പള്ളിയുടെ കല്പനയുള്ള എംകിലും എടവകയിൽ മൂപ്പൻ ആകുന്ന പട്ടക്കാരൻ തന്റെറ എടവകക്കാരൊട പല ഊ ഷവും കുംപസാരിച്ച കുർബാന കൊള്ളണമെന്ന തന്റെറ എടവകക്കാരൊട പറഞ്ഞു ചൊല്ലിയും ഇരിക്കണം. ആണ്ടിലെ വലുതായിട്ടുള്ള പെരുനാളുകളിലും കുംപസാരിച്ച കുവ്വാന കൊള്ളുമാറ ആകണം.

മൂന്നാം കാനൊനാ [S. v D. iii & iv]

ശുദ്ധമാന സൂനഹദൊസ എല്ലാവരെയും പഠിപ്പിക്കയും അറിയിക്കയും ചൈയുന്നു എന്തന്ന ഒരുത്തര തങ്ങടംക്കുള്ള ചാവദൊഷത്തിൽ അനെകം മുഴുവൻ ആയ നൊൻപരം ഉണ്ടാകിൽ തങ്ങടെ ദൊഷങ്ങളെ വഴിയെ ഒരൊന്ന വെറതി രിച്ച കുംപസാരിപ്പാൻ വിധിവശം ഒള്ള പട്ടക്കാരൊട കുംപസാരിച്ച ശുദ്ധമാ ചൈയിച്ചുകൊള്ളാതെ കുർവ്വാന കൊള്ളരുത എന്ന. ഇതിനെക്കൊണ്ട ശുദ്ധമാന പൌലൊസ ശ്ലീഹാ രൂഹാദക്കുദശായാൽ എഴുതിവച്ച ഏന്തന്ന കുർബാനകൊള്ള ന്നവൻ തന്നെത്താൻ വഴിയെ ശിക്ഷിച്ചും സൂക്ഷിച്ചുംകൊണ്ടുവെണം കുർബാന കൊള്ളുവാൻ. അത എന്തെ? യെഗ്യം കൂടാതെ കുർവ്വാന കൊള്ളുന്നവൻ തനിക്ക ശൊദ്യവുമായ നാശവും മുടിവും കൈക്കൊള്ളുന്നതുത്രെ എന്ന. തന്നത്താൻ ശിക്ഷി ച്ച നൊക്കണം എന്ന ചൊല്ലിയതിന്റെറ അത്ഥം ശുദ്ധമാന പള്ളി ചൊല്ലുന്ന കുംപസാരിക്കുന്നു എന്നതിനെക്കൊണ്ട. പലര അറികെ ഉള്ള കൂടൊഴുവക്കാരക്കും നെടി ഉണ്ണുന്ന സ്ത്രീകംക്കും പലിശ കൊള്ളുന്നവക്കും കെട്ടാതെ വച്ച പുലത്തുണ വക്കും തങ്ങളിൽ തങ്ങളിൽ ഉള്ള വൈരാഖ്യം കളഞ്ഞു നെരക്കാത്തവക്കും നെല

64. കൊടിയും കുരിശും എടുത്തു പ്രദക്ഷിണം (Procession) നടത്തണം.

അല്ലാതെ സാമാന്യമായി കൂടിച്ച തിക്ക കെട്ട നടക്കുന്നവക്കും ഇത്തരം ദൊഷം ഉള്ളവരെ അതിനെ നീക്കാതെ അവക്ക കർവ്വാന കൊടുക്കരുത. വിശെഷിച്ച ഇ ശ്രുദ്ധമാന സൂനഹദൊസ പാറിപ്പിക്കുന്ന എന്ത എന്ന ഇ ശ്രുദ്ധമാന കർവ്വാന വെറുംവയററിലെ കൊള്ളാവു എന്ന. അതാകുന്നത കർബാന കൊള്ളുന്നതിന മുമ്പിലുത്തെ അന്തിക്ക പാതിരാ ചൊന്നാൽ ഏതും ഒരു വസ്തു തിൻകയും കുടിക്കയും അരുത, അനെകം കൊറഞ്ഞൊര വസ്തു എംകിലും ശ്രുദ്ധമാന മാതാവായ പള്ളി കല്പിച്ചതിൻവണ്ണം. എന്നാൽ ക്ലെശം പ്രമാസമായിട്ട ഒള്ളവക്ക വൈദ്യക്കാരുടെ ചൊല്പാൽ ഔഷദങ്ങളം ഏതാനും സെവിക്കാതെ പൊറത്തുകൂടായ്കയിൽ ആ (65) സെവിച്ചതിൻെറ ശെഷം കർബാന കൊണ്ടുകൊള്ളാം.

നാലാം കാനൊന [S. v D. v]

നസ്രാണികളം ഒക്കയും ആണ്ടിൽ ഒരിക്കൽ കുവ്വാന കൊള്ളണം എന്ന തന്നെ അല്ല പ്രമാണം ആകുന്നു. പിന്നെയൊ മരിക്കും എന്ന അവകാശം വരുംപൊളം എപ്പൊളും കുവ്വാനകൊണ്ട മതിയാവു. അതെന്തെ? കർവ്വാന എന്ന അതിൻെറ നെര ആകുന്നത ഇ മരണത്തിൽ മരണലൊകത്തിന്ന ഉയിർപ്പിനുടെ ലൊകത്തെ പൊകുന്നവക്കുള്ള തണ്ണീർകുടി എന്ന. ഇതിനെക്കൊണ്ട പ്രമാദമായിട്ട ഒള്ള ക്ലെശക്കാരര ഒക്കയും കർവ്വാനകൊള്ളണം എന്ന ഇ ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു — ഇതിനെക്കൊണ്ട ക്ലെശക്കാരരെ നൊക്കുന്നവര തങ്ങടെ എടവക മൂപ്പനൊട ഇന്നാര ക്ലെശമായി കിടക്കുന്നു എന്ന അറീക്കണം. മൂപ്പൻതാനും തൻെറ എടവകയിൽ ക്ലെശക്കാരര ഒണ്ടൊ എന്ന ചൊദിച്ച അറിഞ്ഞ കെല്പുകെട അവക്ക എറെ വന്ന പൊകും മുന്നെ എടുപ്പിച്ച പള്ളിക്കൽ വരുത്തി കുംപസാരിച്ച കർവ്വാന കൊടുക്കണം. ഇതിനെക്കൊണ്ട ക്ലെശക്കാരരെ സംകടം കൂടാതെ വഴിയെ എടുപ്പിച്ച കൊണ്ട വരുവാൻ തക്കത ഒന്ന പണീപ്പിച്ച അതിന്ന വിരിപ്പാനും തലൊണയും ഒണ്ടാക്കണം; പള്ളിമുതൽ അഴിച്ച ഇ അവസ്ഥ കെട്ടാൽ ഒരു മാസം കടക്കും മുന്നെ. ഇത പള്ളിക്കൽ മൂപ്പൻ ആയി നിക്കുന്ന പട്ടക്കാരുടെ പ്രവൃത്തി ആയതിനെക്കൊണ്ട എല്ലാ പള്ളികളിലും നിക്കുന്ന പട്ടക്കാരുടെ മൂപ്പൻമ്മാരൊട ശ്രുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു. എന്നാൽ എടവകയിലെ മൂപ്പൻ ആയിരിക്കുന്ന ഒരു പട്ടക്കാരൻെറ കുറംകൊണ്ട തൻെറ എടവകയിൽ ഒരുത്തര കർവ്വാന കൊള്ളാതെ മരിക്കിൽ മൂന്ന മാസത്തെക്ക ആ പട്ടക്കാരന്ന പട്ടത്തിൻെറ അമിശം പ്രവൃത്തിക്കയും അരുത. ആ മൂന്ന തിങ്ങളിലെ ഉഭയം അടക്കുകയും അരുത.

അഞ്ചാം കാനൊന [S. v D. vi]

പൊററിന്ന ചെലര മരിച്ചുപൊകും എന്നതിനെക്കൊണ്ട ഗർഭം ഒള്ള സ്ത്രീകളം തങ്ങടെ പെറ അണഞ്ഞു എന്ന അറിഞ്ഞാൽ കുംപസാരിച്ച കർവ്വാന കൊള്ളണം എന്ന ഇ സൂനഹദൊസ പ്രമാണിക്കുന്നു. എന്നാൽ ഇററൊവും തുടങ്ങും മുൻപെ ഇ പ്രമാണത്തിന്ന ഒത്തവണ്ണം ഇരിക്കയും വെണം. ദൂരെ വഴി ഉള്ള കടലൊട്ടത്തിനും സംകടം ഒണ്ടാം എന്ന തൊന്നുന്ന പടെക്ക പൊകുന്നവരും ഇ പ്രമാണത്തിന്ന ഒത്തവണ്ണം ഇരിക്കണം.

---

65. 'അത' എന്ന ബി. യിൽ കാണുന്നു. ഈ പാഠമാണ കൂടുതൽ സ്വീകാര്യം.

ആറാം കാനോന [S. v D. viii]

ചാവദോഷം ഒള്ളവര തങ്ങടെ ദോഷത്തിൽ അനെകം ഒനാൻപരം ഒണ്ടെകിലും കുംപസാരിച്ച കൊള്ളാതെ കുർവ്വാന കൊള്ളരുതെന്ന മെൽ എഴുത്തുപെട്ടല്ലൊ. എന്നാലും കുർവ്വാന ചൈയുന്ന പട്ടക്കാരൻ തനിക്ക കുർവ്വാന ചൈതെ മതിയാവു എന്ന വരികിലും ചാവദോഷം തനിക്ക ഒണ്ടെന്നറിഞ്ഞാൽ തന്നെ കുംപസാരിപ്പിച്ചിപ്പാൻ പട്ടക്കാരൻ വിദെയത്തിൽ ഉണ്ടംകിൽ കുംപസാരിച്ചകൊണ്ടെ കുർവ്വാന ചൈയാവു. ചാവദൊഷം ഇല്ലെന്ന തൊന്നുകിലും കുർവ്വാന ചൈയുന്ന പട്ടക്കാരൻ തൻെറെ ആത്മാവിൻെറെ എറെ വെടിപ്പിന്ന കൊറഞ്ഞത ആഴ്ചവട്ടത്തിൽ ഒരിക്കൽ കുംപസാരിച്ചകൊള്ളണം എന്ന ഇ ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു.

ഏഴാം കാനോന [S. v D. vii]

മലംകരെ കത്തങ്ങളിൽ പലരും ഏതാനും മുടക്കംകൊണ്ടും വയസ്സു പൊരാസ്സുകൊണ്ടും കവ്വാന ചൈയാതെ നിൽക്കുന്നവര ഞാറാഴ്ചതൊറും കുംപസാരിച്ച കുർവ്വാന കൊള്ളണം എന്ന ശ്രുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നു. എന്നാലും തിങ്ങളിൽ ഒരിക്കൽ താൻ ആണ്ടിൽ വലുതായിട്ട വരുന്ന പെരുനാളുകളിൽ താൻ കുംപസാരിച്ച കുർവ്വാനകൊള്ളണം എന്ന ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. കുർവ്വാന പട്ടം ഒള്ളവര തങ്ങടെ പട്ടത്തിനൊറ അമിശത്തിന്ന തക്കവണ്ണം കുർവ്വാന കൊള്ളുംപൊഴെ സൂർപ്പെശ എന്ന വെള്ളക്കുപ്പായവും നെഞ്ചത്ത സ്ലീവാ അടയാളത്തുംവഴി വരുവാൻ തക്കവണ്ണം ഊറാറെയും ഇട്ടകൊണ്ടവെണം കുർവ്വാന കൊള്ളുവാൻ.

എട്ടാം കാനോന [S. v D. ix]

ഞാറാഴ്ചകളിലും പെരുനാളുകളിലും റാസകുർവ്വാനക്ക ചിറാണമക്ക നിക്കുന്ന ഹെവുപ്പസയക്കായും ശമ്മാശിനെയും കുർവ്വാനകൊള്ളണം എന്ന സൂനഹദൊസ പ്രമാണിക്കുന്നു. വിശെഷിച്ചു മ്ശിഹാടെയും മത്തമറിയത്തുമ്മാടയും ശ്ലീഹന്മാരുടെയും പെരുനാളുകളിൽ പള്ളീക്കൽ കൂടുന്ന ശമ്മാശന്മാരൊക്കയും കുർവ്വാനകൊള്ളുകയും വെണം.

നാലാംമൌതപാ

കുർബാന ചൈയ്യുന്നതിന്മെലും കുംപസാരത്തുംമെലും ഒട്ടുക്കത്തെ ഒപ്പുംശ്രുമാമെലും — കുർബാന ചൈയുന്നു എന്നതിൻമെൽ ഒള്ളപൊരുൾ

തംപുരാന മാനുഷരെ ഒള്ളപ്രിയംകൊണ്ട തൻെറെ ശ്രുദ്ധമാന ശരീരവും പൊരയും അപ്പത്തിൻെറയും വീഞ്ഞിൻെറെയും അകത്ത മറച്ചു തന്നത പൊരാഞ്ഞ നമ്മുടെ പെഴകളെ പൊക്കുവാനും പെഴകളാൽ നമുക്കുണ്ടാകുന്ന തിരിവാളക്കെട പൊക്കുവാനും ആയിട്ട എന്നന്നെക്കും ഇ ക്രുദാശ കാണപ്പെട്ട പൂശയായി കല്പിക്കയും ചൈതു. ഇതിനെക്കൊണ്ട പട്ടാങ്ങയായ മിശിഹാതംപുരാൻ മരിച്ചവക്കും ഇരിക്കുന്നവർക്കുവെണ്ടി പെഴകളിടെ പൊറുതിക്കപട്ടാങ്ങയാലെ പൂജിക്കപെട്ടുന്നു.

ഇ പൂജെടെ ശക്തിയാലെദൊഷത്താളര തങ്ങളിടെ ദൊഷത്തിൽ നിന്ന തെറി നല്ല വഴിയിൽ നടപ്പാനുള്ള ഗ്രണവും അനെകം വലിയ പെഴകളുടെ പൊറുതിയും ഇ ക്ലുദാശെടെ ശക്തിയാലെ ദൊഷത്താളക്ക കിട്ടുന്ന-അത എന്തെ? മാനുഷരുടെ ദൊഷത്തെ പ്രതി താൻ തന്നെ കുരിശ്ശുമ്മെൽ പതിക്കപ്പെട്ട തന്നെ താൻ പൂജിച്ച കത്താവ ഇപ്പൊഴം പട്ടക്കാരരുടെ കൈയാൽ കുവ്വാനയിൽ പൂജിക്കപ്പെടുന്ന. പ്രകാരം രണ്ട ജാതി എംകിലും അന്നും ഇന്നും പൂജയും കാഴ്ചയും ഒന്ന തന്നെ. ഇതിനെ ക്കൊണ്ട ഇപ്പൊഴം ഇരിക്കുന്ന നസ്രാണികളുടെ പെഴകളുടെ പൊറുതിക്കും അതിൻെറ പ്രാശ്യതപ്രതിനും അവരുടെ ദിഷ്ടതികൊക്കും തന്നെ അല്ല കുവ്വാന ചൈയുന്ന പിന്നയൊ തങ്ങളിടെ പിഴകളുടെ പ്രാശ്യതപം വഴിയെ തികച്ച കൊള്ളാതെ പൊറുക്കാത്തൊരിൽ കിടക്കുന്ന ആവിശ്യക്കാരുടെ ആത്മാവുകളെ ക്കുറിച്ചും കുവ്വാന ചൈയുന്ന. വിശെഷിച്ച അനെകം വെടിപ്പുകെട്ടും ദൊഷവും ഒള്ള പട്ടക്കാരരുടെ കൈയാലെ ഈ കുവ്വാന ചൈയപ്പെട്ടകിലും ആ കുവ്വാനയ്ക്ക എതും ഒര അശുദ്ധവും കുറയും തട്ടുകയില്ല. എന്നാൽ താൻ മാനുഷർക്ക വെണ്ടി ഒരിക്കൽ താൻ പൂജിക്കപ്പെട്ട മരിച്ചതിനെക്കൊണ്ട നിത്തലും നാം ഒട്ടക്കത്തെ ദിവസത്തൊളം ഒർപ്പാനും അതിനാലെ നസ്രാണികളും ഒരൊക്കും ഉപകാരം ഉണ്ടാകുവാനും കാണപ്പെട്ട ഇ പൂജ തംപുരാൻ നമുക്ക ഒണ്ടാക്കിതന്ന. എന്നാൽ ഇ പൂജ പുണ്യവാളൎക്ക അല്ല പൂജിക്കുന്ന പിന്നെയൊ തംപുരാന തന്നെ അത്രെ പൂജിക്കുന്ന.

എന്നാൽ പുണ്യവാളരുടെ നാമം ചൊല്ലി കുവ്വാന ചൈയ്യും എംകിലും അവക്ക തംപുരാൻ നല്ല നന്മകളും, മൊക്ഷവും കൊട്ടുത്തതിന്മെൽ തംപുരാനെ സുദിപ്പാനും അവര മൊക്ഷത്തിൽ നിന്ന തംപുരാനൊട നമുക്കുവെണ്ടി അപെക്ഷിപ്പാനായിട്ട അത്രെ കുർബാന ചൈയ്യുന്ന. എന്നാൽ ഇക്ലുദാശ ആത്മാവിൻെറ യാവനയും പൂജയും ആയിട്ട ഒള്ളത എംകിലും കുവ്വാന ചൈയുംപൊളെ പൂജെടെ പ്രകാരം അതിന്ന ഒള്ള.

ഒന്നാം കാനൊന [*S. v D. i & D. ii*]

ശുദ്ധമാന പൂജയാകുന്ന കുവ്വാനയിലെ ക്രിയകളും അവസ്തകളും അനെകം താല്പൎയം ആയാ വസ്തുക്കളും ആയതിനെക്കൊണ്ടും മെല്പട്ടക്കാരക്ക തങ്ങളുക്ക തങ്ങളുക്ക ഒത്തവണ്ണം പകുത്തുകയും മറിച്ച ഒണ്ടാക്കുകയും വശമല്ല. എന്നാൽ സുറിയാനിലെ പഴെ കുവ്വാനെടെ അടവുകളും കൃത്യങ്ങളും വചനങ്ങളും കൂടിയെ മതിയാവു എന്ന സൂക്ഷം കൂടാതെ ചില വസ്തുക്കളെ നീക്കുകയും ചെൎക്കുകയും ചൈതതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ ഇപ്പൊഴം എഴുത്തുപെട്ടുന്ന വസ്തുക്കളെ കല്പിക്കുന്ന (66). ക്ലുദാശചൈയുന്ന പട്ടക്കാരൻ തൻെറ വചനങ്ങളം കൊണ്ടല്ലൊ ക്ലുദാശചൈയുന്ന. പിന്നെയൊ തംപുരാൻെറ അരുളപ്പാടകംകൊണ്ട അത്രെ ഇ ക്ലുദാശ ചൈയുന്ന ഇതിനെക്കൊണ്ട സുറിയാനിയിൽ കാസാ ക്ലുദാശ ചൈയുന്ന വചനങ്ങളം ഒട്ടക്കത്തെ ഇ വചനങ്ങളം 'ഊഹാനാ നെഹവെല്ലുവൊൻ റ ഹപൊന ല്ല ആലം അൽമീൻ' എ്വൻഗാലീലും തംപുരാനാൽ എഴുത്തുപെട്ട

66. ഇങ്ങനെ കല്പിക്കുന്നതിന വളരെ പ്രധാനപ്പെട്ട ഒരു കാരണം, ക്ലുദി പേട. കാനോനകളിൽ കാണുന്നുണ്ട. ..'and where as this church has been for 1200 years from under the obedience of the holy Roman Church .. Hough; p 583. ശ്രദ്ധെയമായ ഒരു പ്രസ്താവനയാണിത. ഇതാണ സത്യമെങ്കിൽ കെരളസഭയുടെ ദെവാലയങ്ങളിൽ പ്രവെശിച്ച കൎമ്മങ്ങളം നടത്താൻ മെനെസിസിനെ എന്തവകാശം? റൊമൻസഭയുടെ നിയമങ്ങളംതന്നെ അതനുവദിക്കുമൊ?

പുസ്തകങ്ങളിൽ ഒന്നിലും മിശിഹാ ഇ മൊഴികളെ അരുളിചെയ്ത എന്ന എഴുത്തുപെട്ടിട്ട ഇല്ല. എന്നാൽ വിശ്വാസവും ന്യായവും നമുക്ക അനുവസിക്കുന്ന എന്നതും മെൽ പഴെ മര്യാദക്ക ഒത്തവണ്ണം ഇരിക്കെണ്ടിട്ട ശുദ്ധമാന ഇ സുനഹദൊസ കല്പിക്കുന്നു; മെൽ എഴുത്തുപെട്ട വചനങ്ങളെ കാസാ എടുത്തപൊക്കി വീണ്ടും ത്രൊനൊസുംമെൽ വച്ച മുട്ടുകുത്തി എഴുന്നെറ്റ ആ വചനങ്ങളെ ചൊല്ലാവു എന്ന. കാസാമെൽ ചൊല്ലെണ്ടുന്ന ക്ലദാശവചനങ്ങളിൽ എവൻഗെലിൽ മിശിഹാ അരുളിചെത അരുളപ്പാടുകം ഒക്കയും ഇല്ല അത ആയ്ക്ക 'ദിയാസെക്കൊക്കെ ഹദത്താ വമസൊമ്മയിത്താ റാസാദ ഹൈമ്മാനുസാ'. സുറിയാനിയിൽ എഴുത്തുപെട്ട വചനങ്ങളം കീഴിൽ ഇല്ലാത്തതിനെക്കൊണ്ട ക്ലദാശെടെ വചനങ്ങളിൽ ഇനി തുടങ്ങി കൂടിയെ മതിയാവു. എന്നാൽ മാറാനീശൊമിശിഹാടെ വചനങ്ങളെതൊട്ട ക്ലദാശെടെ വചനങ്ങളം ഒക്ക എഴുത്തുവൊളം പണ്ട ലത്തീനിന്ന പെത്തവര വഴിയെ പെക്കാത്തമൂലം ഇന്നി വഴിയെ പെത്ത ഒണ്ടാക്കണം എന്ന സുനഹദൊസ കല്പിക്കുന്നു. വിശെഷിച്ച ന്നക്കുശപ്പീറ എന്ന നമസ്കാരത്തിൽ രണ്ട മൂന്ന എടത്ത വല്ലദാശിലെ പാത്രിയക്കീസിനെ വാസ്തം എന്നെടത്ത ശുദ്ധമാന പാപ്പായെ ചൊല്ലി വാസ്തിയെ മതിയാവു. മത്തമറിയത്തുംമായെ മിശിഹാടെ അമ്മ എന്ന വിളിക്കുന്നിടത്ത തംപുരാൻറെറ അമ്മ എന്ന വിളിക്കണം. തെഒ ദൊറൊസും തെദറൊസും എന്നൊരും അവുറാഹം എന്ന വിശ്വാസത്തിന്ന അന്തരം ഉള്ളവരെ നീക്കി മെൽ എഴുത്തുപെട്ടപൊലെ ഒള്ള പുണ്യവാളരുടെ പെരുകയം ചൊല്ലി വാസ്തണം. മ്മഹൈമ്മനീനാനിൽ എഴുത്തുപെട്ടപൊലെ എറ്റം ഒള്ള മൊഴികളെ കുത്തികളകയുംവെണം. പൊരാത്ത മൊഴികളെ കൂട്ടുകയുംവണം. സാക്ഷാൽ ശ്രീഹന്മാരും വാവാന്മാരും ഒണ്ടാക്കിയവണ്ണും വഴിയെപെത്ത എഴുതുകയും വെണം. മ്മഹൈമ്മനീനാൻ ചൊല്ലിയാൽ ഇന്നസല്ലെ എന്ന നമസ്കാരത്തിൽ ശ്രീഹന്മാരെക്കുറിച്ചും ശെഷം പുണ്യവാളരെക്കുറിച്ചും. മരിച്ചവരുടെ എടയിൽ നിന്ന അവരെ ഉയർപ്പിക്കണമെന്ന തംപുരാനൊട നമസ്കരിച്ച എരക്കുന്ന ആ എരപ്പുചൊല്ലി നമസ്കരിക്കരുത – ആകാശത്തിലെ പുണ്യവാളന്മാർക്കനമ്മക്കൊണ്ട ഒള്ള നമസ്കാരം വെണ്ടുവതില്ലാ. അവരുടെ നമസ്കരം നമുക്ക വെണ്ടുവതെ ഒള്ള. ഇതിനെക്കൊണ്ട അവക്ക്വെണ്ടി നാം നമസ്കരിക്കുന്നത അവരെക്കൊണ്ട പാഷിക്കുന്ന അത്രെ. വിശെഷിച്ച ചെല കുവ്വാന തക്സായിൽ നെസ്റൊറീസിൻെറയും തെവുദൊരീസിൻെറയും കുവ്വാന എഴുത്തുപെട്ടിട്ടുള്ളത കുത്തിക്കളയണം. മഹറൊൻെറ പ്രാശ്യത്വത്താൽ ആ കുവ്വാന ചൈകയും അരുത. (67)

രണ്ടാം കാനോന *[S. v D. iv]*

സാമാന്യം നിത്തലും കുർബാനചൈയെണ്ടുന്നവക്ക സുറിയാനീലെ കുവ്വാനെടെ നീളംകൊണ്ട ഒട്ട അരിമ ആകുന്നതിനെക്കൊണ്ട ലത്തീനിലെ കുറുബാന സുറിയാനിയിൽ പെത്ത ഒള്ളതിനെ മനസ്സ ഒള്ളവര പഠിച്ച ചൈത കൊണ്ടാലും എന്ന ശുദ്ധമാന സുനഹദൊസ അനുവസിക്കുന്നു. വിശെഷിച്ച ലൊകക്ക ചൈയെണ്ടുന്ന കുർബാന ഇപ്പൊഴം സാമാന്യം ചൈയുന്ന കുർബാന. വിശെഷിച്ച ലത്തീനിലും സുറിയാനിയിലും കുർബാനപഠിച്ച ഇരിക്കുന്നവര ലത്തീൻ എടവക

---

67. പോ. കാനോനകളിൽ കുർബാനക്രമത്തിനു നാല്പത്തിയൊന്നു പരിഷ്ക്കാരങ്ങളാണു നിർദ്ദേശിച്ചിരിക്കുന്നത്. സുനഹദോസിനുശേഷം മനസ്സിൽത്തോന്നിയതെല്ലാം കൂട്ടിച്ചേർത്താണു പോ. കാനോനകം പ്രസിദ്ധീകരിച്ചത് എന്ന ആക്ഷേപം അനുസ്മരിക്കുക.

യിൽ ചെല്ലുംപൊഴം ലത്തീനിൽ ചൈതു കൊള്ളാം. മലംകര എടവകയിൽ സുറിയാനിയിൽ ചൈയണം.

വിശെഷിച്ച ഇങ്ങെദിക്കിലെ മെല്പട്ടക്കാരരൊട (68) സുനഹദൊസ അപെക്ഷിക്കുന്നു. മലംകരെ ഉള്ള പട്ടക്കാരര തങ്ങടെ എടവകയിലെ മൂപ്പന്റെ എഴുത്തുപെട്ട അനുവാസം കാട്ടിയാൽ സുറിയാനിയിലെ കുർബാന തങ്ങടെ എടവകയിൽ ചൈവാൻ അനുവാസം കൊടുക്കണം എന്ന; ലത്തീനിൽ നിന്ന സുറിയാനിയിൽ പെത്ത കുർബാനചൈയുന്നവർക്ക ഒട്ട ഏറയു. ഇതിനെക്കൊണ്ട അനെകം ബഹുമാനപ്പെട്ട മെത്രാനൊട ഇ സുനഹദൊസ അപെക്ഷിക്കുന്ന ഗൊവയിൽ നിന്ന മുൻപ ഉണ്ടാകുന്ന സുനഹദൊസ കൂട്ടംപൊഴം ഇതുംമെൽ ഒര കല്പന കല്പിക്കണമെന്ന.

മൂന്നാം കാനൊന [S.v D. iii]

സുറിയാനിയിലെ കുവ്വാന തക്കസായിൽ ഒര കൃത്യം എഴുത്തു പെട്ടിട്ടുണ്ട. അതായത – കൂദാശ ചൈയപ്പെട്ട ഓസ്സീമെൽ കൂദാശ ചൈയപ്പെട്ട ചൊര പെരിവിരലിൽ പിരട്ടി ഉത്തണം എന്ന. അത വിശ്വാസത്തിന്ന മുത്തുള്ളത എന്നറിഞ്ഞ ആരും ചൈയ്യരുത. അത എന്തെന്ന? ശരീരത്തും മെൽ ചൊര ഇല്ല എന്നും ചൊരയിൽ ശരീരം ഇല്ല എന്നും വിശ്വാസക്കെടുകാരെര ഒണ്ടാക്കിയതിനെക്കൊണ്ട.

നാലാം കാനൊന [S. v D. v]

കൂദാശപ്പെട്ട വസ്തുക്കളം കൂദാശപട്ട ഉള്ളവക്കെ ചൈയാവു എന്നതിനെക്കൊണ്ട കുർബാന ചൈയുന്ന പട്ടക്കാരരൊട ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു കൂദാശപട്ടം ഇല്ലാത്ത ശെമ്മാശമ്മാരെക്കൊണ്ട അതിനെ തൊടിയിക്കരുത എന്ന.

അഞ്ചാം കാനൊനാ [S. v D. vi]

ആറുപട്ടം ഒള്ളവക്കെ ഊറാറ ഇടാവു എന്ന പള്ളിയുടെ മര്യാത ആയതിനെക്കൊണ്ട ആറുപട്ടം ഇല്ലാത്തവര ആരും ഊറാറാ ഇടരുത കുവ്വാനക്ക നിക്കിലും. ആറുപട്ടം ഒള്ളവര കുവ്വാനക്ക നിക്കുംപൊഴം കുവാനക്കപ്പായത്തിന്റെ വെള്ളക്കപ്പായവും ഊറാറയും കൈമെലെ ഊറാറയും ഇട്ട നിക്ക അത്രെ യൊഗ്യമാകുന്നത.

ആറാം കാനൊനാ [S. v D. xii]

ഞാറാഴ്ചക്കം പെരുനാൾക്കം മുഴവനെ കുവ്വാന കാണാത്തത ചാവദൊഷം എന്ന ഇത്രനാളം എല്ലാവരും ഒരു പൊലെ അറിയാഞ്ഞതിനെക്കൊണ്ട ഇപ്പൊഴം ശുദ്ധമാന സുനഹദൊസ അറിയിക്കുന്നു. എന്തന്ന മാനം കാൽ ഉന്നിയതിന്ന അകത്ത ഉള്ളകത്തൊലിക്കൊപ്പള്ളിയുടെ പ്രമാണം ആയത നസ്രാണികളം ഒക്കെയും ഞാറാഴ്ചക്കം പെരുനാൾക്കം ഞായമായ മുടക്കം ഇല്ലാത്തവര മുഴവനെ കുവ്വാന കാണണം എന്ന. അത കാണാത്തവക്ക ചാവദൊഷം ഉണ്ട. ഇതിനെക്കൊണ്ട വീട്ടകാരണവര ആകുന്നവര തങ്ങടെ കീഴ്വഴങ്ങീട്ട ഒള്ളവരെ തങ്ങടെ ഇടവകയിൽ ആകുന്ന പള്ളിക്കൽ യാത്രാക്കി കുവ്വാന കാണിക്കണം എന്ന. അത ചൈയാത്തവക്ക ചാവദൊഷം ഒണ്ട. എന്നാൽ എടവകയിലെ മൂപ്പൻ ആകുന്ന പട്ട

68. ഗൊവയിലെ പ്രാദേശിക കൗൺസിലിൽ പങ്കെടുക്കുന്ന മെത്രാന്മാർ. അവരെല്ലാം ലത്തീൻക്രമത്തിൽപെട്ടവരായിരുന്നു.

ക്കാരൻ തന്റെറ എടവകയിൽ ആക്ക അതിന്ന മടി ഒള്ള എന്ന സൂക്ഷിച്ച അറി ഞ്ഞ അവക്ക നല്ല ബുദ്ധി ചൊല്ലികൊട്ടക്കയും വെണം. കുറപ്പെട്ടക്കെണ്ടന്നവ രെ തനിക്കവഴിയെ തോന്നംവണ്ണം കുറപ്പെട്ടക്കയും വെണം. എല്ലാവരുംകൂടെ കുറുവാനകണ്ടെ മതിയാവു എന്ന ദിവസത്തിൽ വെണ്ടന്ന പട്ടക്കാരരയും കൂട്ടി ക്കൊണ്ട വഴിയെ സവത്തും (69) ചൊല്ലി കുർബാന ചൈകയും വെണം. അന്നന്ന എണങ്ങരൊട പറഞ്ഞ അറീക്കെയുംവെണം. ഇത പറെഞ്ഞ അറിയിക്കയും വെണം (70)

ഏഴാം കാനൊനാ [*S. v D. xiii*]

പള്ളികമ്മക്ക ദൂരെ കുടികളിൽ ഇരിക്കുന്നവര ആണ്ടിൽ ഒരിക്കൽ മൂന്നൊ യംപിന്നതന്നെ പള്ളിക്കൽ വരുന്നവരെ ആത്മാവിന്നടുത്തത അവരെ പറഞ്ഞ ബോധിപ്പിച്ച കൂടാത്തതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ എടവകയ്ക്ക മൂപ്പൻ ആകുന്ന പട്ടക്കാരരൊട പ്രമാണിക്കുന്ന. പള്ളികമ്മക്ക ദൂരെ രണ്ട കാസം വഴി ഇരിക്കുന്ന എണങ്ങരെ കുറഞ്ഞത തിങ്ങളിൽ ഒരിക്കലും മിശിഹാടെ പെരു നാളുകളിലും മത്തമറിയത്തമ്മായെകൊണ്ട ഉള്ള വല്യ പെരുനാളുകളിലും അവര വന്നെ മതിയാവു എന്ന അവരെക്കൊണ്ട തൊന്നിച്ച പള്ളിക്കൽ വരുത്തി കുറു വാന കാണിക്കണം എന്ന കല്പിക്കണം. കാസം വഴി ദൂരെ ഇരിക്കുന്നവര തി ങ്ങളിൽ രണ്ടകുറി അതിന്നും അടുത്തിരിക്കുന്നവര ഞായറാഴ്ചതൊറും വന്നെ മതി യാവു എന്ന തൊന്നിച്ച പള്ളിക്കൽ വരുത്തിക്കൊള്ളണം. എന്നാൽ ഇ കല്പനക്ക മറുത്ത ആരാനും വരാതിരിക്കിൽ പട്ടക്കാരൻ മൂന്ന കുറി നല്ല ബുദ്ധി ചൊല്ലി അറിയിച്ചതിന്റെറ ശെഷം നല്ലവണ്ണം നടക്കായ്കിൽ അവരെ പൊറത്ത നിത്ത ണം. അവക്ക കൈകസ്സരിയും കൊട്ടക്കരുത. പട്ടക്കാരരും എണങ്ങരും അങ്ങ നത്തവരുടെ അവുടെ ചാത്തത്തിന്ന പൊകരുത. മലംകരക്ക മൂപ്പൻ ആകുന്നവ രും തനിക്ക ഒത്തവണ്ണം അങ്ങനത്തവരെ കുറപ്പെട്ടപ്പതും ചൈയും.

എട്ടാം കാനൊനാ

ചെല പള്ളിക്കൽ കുറുവാന പട്ടക്കാരര ഇല്ലാത്തതിനെക്കൊണ്ട ആ പള്ളി കളിൽ യെഗ്ഗം കൂടുന്ന എണങ്ങര ഞായറാഴ്ചക്കും പെരുനാളുംക്കും കുറുവാന കാണ്മാൻ ഇല്ല എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞു. ഇതിനെക്കൊണ്ട എല്ലാ പള്ളി കളിലും കുറുവാന ചൈവാൻ തക്ക ഓരൊരൊ പട്ടക്കാരര നിന്നെ മതിയാവു എന്ന ഇ ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. എന്നാൽ മലംകര മൂപ്പൻ ഓരൊരൊ പള്ളികളിൽ പട്ടക്കാരരെ നിർത്തുവാൻ ശ്രമിക്കയും വെണം. (71)

---

69. 'തപസ്സും' എന്ന പാഠമാണ് ബി. യിൽകാണുന്നത്. സവം, സവനം (=സ്തുതി, സ്തോത്രം) എന്ന പദത്തിന്റെ രൂപാന്തരമല്ലേ 'സവത്തും' എന്ന സംശയിക്കണം. ടെക് 'സ്വചൽ ക്രീട്ടിസത്തിൽ Deliberate Simplification' എന്ന വ്യപദേശിക്കുന്ന ഇനത്തി ൽപ്പെട്ട പിഴയാണ ബി. യിൽ സംഭവിച്ചിരിക്കുന്നതെന്ന തോന്നുന്നു.

70. 'അന്നന്ന ഇണങ്ങരൊട പറഞ്ഞ അറിയിക്കെണ്ടത പറഞ്ഞ അറിയിക്കയും വെണം' എന്നാണ ബി. യിൽ കാണുന്നത്.

71. Gouvea, S. VIII, D. IV കാണുക. അതിന്റെറ ഉള്ളടക്കവും ഈ കാനോന യിൽ കാണുന്നതുതന്നെ. മലയാളം കാനോനയിൽ മൗത്വാ അഞ്ചു (ആറ്), നാലാം കാ നോന കാണുക. അതിന്റെറ ഉള്ളടക്കവും ഈ കാനോനയിൽ കാണുന്നതുതന്നെ.

ഒൻപതാം കാനൊനാ [S. v D.xv]

പുറകത്തൊരി എന്ന എടത്തിൽ കിടന്ന പാട്ടപട്ടന്ന ആത്മാവുകൾക്ക തണ്ണപ്പും തുണയും കൊട്ടപ്പാൻ കുറുവാനെക്കായിൽ ഏറെ വല്യതായിട്ട മററ ഒന്നുമില്ല എന്നതിനെക്കൊണ്ട നസ്രാണികളൊട ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്ന മരിച്ചവരുടെ ആത്മാവുകൾക്കുവെണ്ടി കുറുവാന പൈയിക്കെണമെന്നും. ഒരുത്തര മരിപ്പാൻ തുടങ്ങുംപൊൾ തങ്ങടെ അനന്ത്രപാട്ടചൊല്ലുമ്പൊൾ തങ്ങൾക്ക വെണ്ടി കുറുവാന പൈയിക്കണമെന്നും ഒള്ള മര്യാത ഒണ്ടാക്കണം. ഇതിനെക്കൊണ്ട കൂംപസാരിപ്പിക്കയും പൊരുൾ പറകയും പൈയ്യുന്ന പട്ടക്കാരര എണങ്ങരൊട ഇ അവസ്ഥ പറഞ്ഞ ബൊധിപ്പിച്ച അവരെക്കൊണ്ട അനുവതിപ്പിക്കണം എന്ന ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. വിശെഷിച്ചും പുറഗത്തൊരിലെ ആത്മാവുകൾക്ക തൊണ ഒണ്ടാകുവാൻ കുറുവാന വെണം. എന്നിട്ട ശുദ്ധമാന സൂനഹദൊസ കല്പിക്കുന്നു എന്തന്ന-ഒരു മൂവായിരം പണം ഒള്ളവര മരിച്ചാൽ അവർ തങ്ങൾക്കവെണ്ടി മരിക്കും മുംപെ ഇത്ര കുറുവാന പൈയണമെന്ന കല്പിച്ച ഇല്ലുംകിൽ അവരുടെ അനന്ത്രവര കൊറഞ്ഞത അഞ്ച കുറുവാന അവൎക്ക വെണ്ടി കാലത്തെ പൈയിച്ചെ മതിയാവു. ഇതിന്ന കൊട്ടുന്ന മുതൽ പള്ളിയുടെ കിഴിപ്പടിക്കാരനെററ പക്കൽ കൊട്ടത്താൽ അയാം പട്ടക്കാരൎക്ക കൊട്ടത്ത പൈയിക്കയുംവെണം.

കൂംപസാരം എന്ന നാലാം കൂദാശെടെ പൊരുൾ

നാലാം കൂദാശയാകുന്നത കൂംപസാരം. അതിനെററ സാധനമാകുന്നത കൂംപസാരിക്കുന്നവനെററ പ്രവൃത്തികളും. മൂന്ന ജാതി ഉണ്ട ഇ പ്രവൃത്തികളും: ഒന്നാമത മനസ്സിലെ നൊൻപരം, രണ്ടാമത ചൊല്ലി കൂംപസാരിക്കുന്നത, മൂന്നാമത പെഴപൊക്കുന്ന പട്ടക്കാരൻ ചൊല്ലുന്ന പ്രാശ്യത്വം തെകക്കുന്നത.

പെഴകളുമെൽ ഒള്ള നൊമ്പരത്തൊട്ടുടെ ചെരെണ്ടത ആകുന്നത മെലിൽ പിഴക്കയില്ലുന്ന മനസ്സിലെ ഒറപ്പ. എന്നാൽ പട്ടക്കാരൊട പിഴ മൂളും മുമ്പെ തങ്ങടെ ദൊഷത്തുംമെൽ മുഴുവനായി നൊൻപരപ്പട്ടതിനെക്കൊണ്ട തംപുരാനെററ തിരുമുന്നലെക്ക പെഴകളും പൊയി തിരുവിള്ളം വാഴുന്ന എംകിലും എനെററ പെഴ പട്ടക്കാരനൊട മൂളുവാൻ എന്നും മെലിൽ പിഴയ്യുയില്ലുന്നും കൂടെ ഒള്ള മനസ്സിലെ ഉറെപ്പ ഇല്ല എംകിൽ വാസ്തുമാകാ. കൂംപസാരിക്കുന്നത ആകുന്നത തനെററ പെഴകളെ വഴിയെ ഓർപ്പാൻ വെണ്ടുന്ന എട ഉണ്ടാക്കി വഴിയെ ഒത്ത ഒരൊരൊ പെഴയും അതിനെററ കണക്കും പിഴകളെ കനം വരുത്തുന്നതും അനെകം രഹസ്യമായാ ചാവദൊഷം എംകിലും തണ്യനിരുപണയും അപെക്ഷയും ഇതപ്പൊരും വെവ്വെറ വഴിയെ അനുവാസം ഒള്ള കുറുബാന പട്ടക്കാരൊടെ രഹസ്യത്താലെ ചൊല്ലിയെ മതിയാവു എന്നത. എന്നാൽ ഇത തംപുരാനെററ പ്രമാണം അത്രെയാകുന്നു. എന്നാൽ ലൊകരുടെ ന്യായകാരരാക്കി പെഴകളെ പൊറുപ്പാനും അടക്കുവാനുമുള്ള അമിശ പട്ടക്കരെക്ക തംപുരാൻ കൊട്ടത്തിനാംപക്കം ദൊഷത്തിനെററ രക്ഷപൊടണ്ടുന്നവര പട്ടക്കാരൻ പക്കൽ ചെന്നെ മതിയാവു എന്ന വന്നു. വിശെഷിച്ച ന്യായക്കാരന്ന വഴിയെ ന്യായം വിധിക്കണം എംകിൽ കാര്യം ഒള്ളവരുടെ കാര്യം ഒക്കയും വഴിയെ കൂററുത്ത തിരിച്ച അറിയണം. അറിയാഞ്ഞാൽ ന്യായം വെണ്ടുവണ്ണം വിധിച്ചും അതിന്ന പ്രാശ്യത്വം കല്പിച്ചുകൂടാ എന്നപൊലെ തന്നെ പട്ടക്കാരൊടെ വഴിയെ തനെററ പെഴകളെയും അതിനെററ കണക്കും വർഗ്ഗവും അതിനെ കനംവരുത്തുന്നതും കൂടെ തിരി

ച്ചു ചൊല്ലുകിലെ പട്ടക്കാരക്കും പെഴക്കു തക്കവണ്ണം പ്രാശ്യത്വം കൊടുത്ത പെഴ പൊക്കിക്കളട.

ഇതിനെക്കൊണ്ടു ആകെനാൽ അടക്കി പിഴച്ചെൻ എന്ന ചൊല്ലിയാൽ പൊരാ. വിശെഷിച്ചും പല ഊഷം നാം പെഴക്കുന്ന ഭാവദൊഷം അല്ലാത്ത സാരമായ പെഴകളെ പൊറുപ്പാൻ പല കഴിവുകളെ പള്ളി ഉണ്ടാക്കി എംകിലും ആ പെഴകളെക്കൊണ്ടു തംപുരാന്റെറ തിരുവിള്ളക്കെട ഒണ്ടാകയില്ലുംകിലും ആത്മാവിന്റെറ ത്രുക്കും വെടിപ്പിനുംവെണ്ടി ആ പെഴകളെ കുംപസാരിക്കുന്നത അനെകും നന്മയായൊര വസ്തു. പിഴകുംക്ക തക്കവണ്ണും പ്രാശ്യത്വം കല്പിക്കുത പെഴ പൊക്കുന്ന പട്ടക്കാരന്റെറ കല്പനക്ക തക്കവണ്ണും അത്രെ. പല പ്രകാരങ്ങളും കൊണ്ടു പെഴകളുടെ പ്രാശ്യത്വം തെകക്കാം. എംകിലും തലയാകപ്പട്ട വസ്തുക്കളും മൂന്ന ആകുന്നു; നൊയമ്പും നമസ്കാരവും ധമ്മവും. ഇതിനെക്കൊണ്ടു തംപുരാന്റെറ എടത്തിൽനിന്ന ന്യായക്കാരനെപൊലെ തരുന്ന പ്രാശ്യത്വം പഴ മൂളുന്നവൻ കൈക്കൊണ്ടു അത തികച്ചു മതിയാവു. ഇ ക്രുദാശെടെ കാതൽ ആയ വശനങ്ങൾ ആകുന്നത 'ബാവടെയും പുത്രന്റെറയും റൂഹാക്കുദശായുടെയും നാമത്താൽ നിന്റെറ ദൊഷങ്ങളിൽനിന്ന നിന്നെ അഴിക്കുന്നെൻ' എന്നത. എന്നാൽ ഈ വചനങ്ങളുടെ ശക്തിയാൽ മൂളുന്ന ദൊഷങ്ങളും ദൊഷങ്ങളെ ഒർപ്പാൻ ഉത്സാഹിച്ചിട്ട മറന്നു പൊയതും ക്രുടെ രക്ഷപ്പടുന്നു. ഇ ക്രുദാശെടെ ചിറാണ്മക്കാരൻ ആകുന്നത പിഴകളെ പൊക്കുവാൻ അമിശമുള്ള പട്ടക്കാരന്റെറ താൻ മെല്പട്ടക്കാരന്റെറ പ്രമാണം ഒള്ള പട്ടക്കാരന്റെറ താൻ അനുവാസം ഒള്ള കുറുബാന പട്ടക്കാരൻ (72). ഇ ക്രുദാശകൊണ്ടു ഒണ്ടാകുന്ന ഉപകാരം ആകുന്നത പിഴകളെ പൊറുക്കുന്നത.

ഒന്നാം കാനൊന [*S. vi D. i*]

മാമ്മൊദീസാ മങ്ങിയതിന്റെറ ശെഷം പിഷുക്കുന്ന പിഴകള ഒക്കയും കുംപസാരിച്ചെ മതിയാവു എന്ന തംപുരാന്റെറ പ്രമാണം. ആയതിനെക്കൊണ്ടു പഴെ ശുദ്ധമാന മല്പാന്മാരും പുണ്യവാളന്മാരും കുംപസാരമെന്ന പൊ വിളിക്കുന്ന — കപ്പൽ മുറിഞ്ഞുപൊയാൽ രക്ഷപെടുവാനുള്ള പലക എന്ന. അത എന്തെ? മാമ്മൊദീസായാലെ മാനുഷ്യക്കിട്ടുന്ന നന്മ ദൊഷംകൊണ്ടു പൊയിട്ടുള്ളഞ്ഞാൽ അതിനെ വീണ്ടു വരുത്തുന്നതും തംപുരാന്റെറ തിരുവിള്ളം വീണ്ടു വാഴിക്കുന്നതും.

---

72. ഇ ക്രുദാശെടെ....പട്ടക്കാരൻ // 'The minister of this sacrament is a priest, who hath authority to absolve, and is either the ordinary, as the prelates, or such as are commissioned and approved of by them.' Hough, p 600. തർജമക്കാരനു സംപോച്ച പിഴയായിരിക്കാം.

''ഇ ക്രുദാശെടെ ചിറാണ്മക്കാരൻ ആകുന്നത പിഴകളെ പൊക്കുവാൻ അമിശമുള്ള പട്ടക്കാരൻ താൻ: മെല്പട്ടക്കാരന്റെറ താൻ മെല്പട്ടക്കാരന്റെറ പ്രമാണം ഒള്ള പട്ടക്കാരന്റെറ താൻ അനുവാസം ഒള്ള കുറുബാനപ്പട്ടക്കാരൻ—'' എന്നോ മറോ ആയാലേ അർത്ഥവ്യക്തതയുണ്ടാവു. ഇത്തരം തിരുത്തലുകളും 'Emendations' എന്ന പേരിലാണു് അറിയപ്പെടുക. (Textual Criticism). കൈയെഴുത്തു ഗ്രന്ഥങ്ങളിലെ പാഠങ്ങളും (Readings) തൃപ്തികരമാവാതെ വരുമ്പോഴാണു തിരുത്തലുകളും വേണ്ടിവരുന്നതു.

ബി. യിലെ പാഠം: 'ഈ ക്രുദാശയുടെ ചിറാണ്മക്കാരൻ ആകുന്നത പിഴകളെ പൊക്കുവാൻ അംശമുള്ള പട്ടക്കാരതാൻ മെല്പട്ടക്കാരന്റെറ പ്രമാണമുള്ള പട്ടക്കാരൻ താൻ അനുവാദമുള്ള കുറ്റാനപട്ടക്കാരൻ.'

കുംപസ്സാരം എന്ന കൂദാശയാകുന്നതിനെക്കൊണ്ട. ഇത ശ്രുദ്ധമാന പള്ളി അറിഞ്ഞ തിനെക്കൊണ്ട കല്പിച്ചു; നസ്രാണികം ഒക്കെക്കും മുഴവനായ ദുഷ്ടത ഉണ്ടായാൽ കൊറഞ്ഞത ആണ്ടിൽ ഒരിക്കൽ അൻപതനൊയംപിൽ കുംപസ്സാരിക്കണം എന്ന. ഇത ഇവണ്ണം ചെയ്യത്തെവക്ക ചാവദൊഷം ഒണ്ട, മഹറൊൻ പൊല്ലി ന്യായം താനും. എന്നാൽ ഇത്ര കാലവും ഈ കല്പന ഈ എടവകയിൽ നടക്കാത്തതിനെ കൊണ്ട ശ്രുദ്ധമാന ഇ സൂനഹദൊസ അറിയിക്കുന്ന. നസ്രാണികം ഒക്കയും ത ങ്ങൾക്ക നന്മതിന്മ അറിവാൻ ദുഷ്ടത ഉണ്ടായാൽ ആണ്ടിൽ ഒരിക്കൽ അമ്പത നൊയംപിൽ കുംപസ്സാരിച്ചെ മതിയാവു എന്ന. ഇതിനെക്കൊണ്ട അമ്പത നൊ യംപിന്റെറ തല നൊയമ്പ തൊട്ട പുത്ത ഞാറാഴ്ചക്ക അകത്ത കുംപസ്സാരിച്ച കുറ ബാന കൈക്കൊള്ളാത്തവക്ക ചാവദൊഷം ഒണ്ട. എന്നാൽ ന്യായമായ മുടക്കം ആയിട്ട ഇ കല്പനക്ക തക്കവണ്ണം പുത്തഞാറാഴ്ചകത്ത എത്തിയില്ലെങ്കിൽ അൻ പതാം പെരുന്നാൾക്ക അകത്ത എത്തിച്ചെ മതിയാവു. ഇതിനെക്കൊണ്ട ഇപ്പ മാണത്തിന്ന തക്കവണ്ണം ഇരിയാത്തവക്ക എടവകയിലെ മൂപ്പൻ ആകുന്ന പട്ട ക്കാരൻ അവക്ക പള്ളിയിൽനിന്ന വെളിച്ചമെ മഹറൊൻ ഒണ്ടെന്ന അറിയിക്ക ണം. പള്ളിക്കടുത്തെ കുടികളിൽ ഇരിക്കുന്നവക്ക മഹറൊൻചൊല്ലുംമുൻപെ വെണ്ട ത്തക്കവരെക്കൊണ്ട അവക്ക നല്ല ബുദ്ധി പറയിച്ചുകൊടുത്താൽ അത കൈക്കൊ ള്ളായ്കയിൽ അവക്കും മഹറൊൻ ഉണ്ടെന്ന പള്ളിയിൽനിന്ന അറിയിക്കണം. വിശെ ഷിച്ച മലംകര മൂപ്പൻ കല്പിച്ച പ്രാശ്യതപംകൊണ്ട അവരെ കുറപ്പടുക്കയും വെണം.

എന്നാൽ ഇ കല്പനക്ക ഏതും ഒര അന്തരം വരാസ്സാൻ എടവകയിലെ മൂപ്പൻ മ്മാര ആകിന്ന പട്ടക്കാരര അമ്പതനൊയമ്പ തുടങ്ങുന്നതിനു ഒരു മുപ്പത ദിവസ ത്തിന്ന മുമ്പെ തന്റെറ എടവക ആകുന്നടത്ത ഉള്ള എണങ്ങരുടെ സ്ഥലത്ത എ ല്ലാം ചെന്ന ഒയമ്പത വയസ്സു തികഞ്ഞവരെ ഒക്കയും ഒരു ക്രൂസിൽ ഓരൊരുത്ത രുടെ പെര തിരിച്ച ഇട്ട എഴുതണം. തങ്ങൾക്കതന്നെ അതിന്ന എത്താഴ്ചയിൽ വിശ്വാസം ഉള്ളൊര പട്ടക്കാരനെ അതിന യാത്രയാക്കി എഴുതിക്കണ്ണം. അങ്ങ നെ എഴുത്തുപ്പട്ടാൽ പിന്നെ കുംപസ്സാരിക്കുമ്പൊൾ ആവന്ന കുംപസ്സാരിക്കുന്ന വരുടെ പെരുകയം മെൽ ഒര അടയാളം ഇടണം. അതുകൊണ്ടറിയാം ഇന്നാര കുംപ സ്സാരിച്ച എന്നും ഇല്ലന്നും. തന്റെറ എടവകയിൽ ഒള്ളവര മറെറാര എടവക യിൽ ചെന്ന കുംപസ്സാരിച്ച എങ്കിൽ ആ കുംപസ്സാരിപ്പിച്ച പട്ടക്കാരന്റെറ കുറി കൊണ്ടവന്ന കാട്ടണം. എന്നാൽ അവരുടെയും പെരിൽ അടയാളം ഇടണം. മറെറാരു എടവകയിൽ പൊയി കുംപസ്സാരിക്കിലും ആണ്ടിൽ ഒരിക്കൽ കല്പന ആയിട്ട കുറുബാന കൊള്ളുന്നത തന്റെറ എടവകയിലെ പട്ടക്കാരനൊടെ ആവു.

രണ്ടാം കാനൊന [*S. vi D. ii*]

ദുഷ്ടത ഒള്ളവര ഒക്കെയും തങ്ങൾക്ക ചാവദൊഷം ഉണ്ടെന്നറിഞ്ഞാൽ കുംപ സ്സാരിച്ചെ മതിയാവു എന്നല്ലൊ ആകുന്ന. എന്നാൽ ദുഷ്ടത എല്ലാവക്കും ഒര പ്രകാ രത്തിൽ അല്ലല്ലൊ വന്ന ന്യായം. ഇതിനെക്കൊണ്ട ഇ ശ്രുദ്ധമാന സൂനഹദൊസ ഒര കഴിവ കല്പിക്കുന്ന. അതായത പന്നിരണ്ട വയസ്സു തെകഞ്ഞാൽ അവര കുംപ സ്സാരിച്ചെ മതിയാവു. (73) പന്നിരണ്ട വയസ്സു തികയും മുന്നെ ഒരുത്തക്ക ദുഷ്ടത ഒണ്ടെന്നറിഞ്ഞാൽ അവരെ കുംപസ്സാരിപ്പിക്കരുത എന്ന ഇല്ല. ഇത മൂപ്പൻ ആയ പട്ടക്കാരന്റെറ ബുദ്ധിവിസ്താരത്തിൽ കൈയ്യാളിക്കുന്ന.

73. // ....'that at eight years old and upward, all people shall confess themselves,...' Hough, p. 603,

മൂന്നാം കാനൊന [S. vi D. iii]

മലംകരെ നസ്രാണികളിടെ എടയിൽ വിട്ടകാരണവര തങ്ങടെ വെള്ളാട്ടി കളെയും പിള്ളെരെയും കല്പനസ്സ തക്കവണ്ണം കംപസാരിക്കാറ ഇല്ലന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട എടവകയിലെ മൂപ്പൻ ആയ പട്ടക്കാരരൊട്ടം വീട്ടകാ രണവരൊട്ട കൂടെ കല്പിക്കുന്നു: ആണ്ടിൽ ഒരിക്കൽ മററ എല്ലാവരയും എഴുതും വണ്ണം എഴുതുകയും പള്ളികളിൽ അവരെ യാത്രയാക്കി കംപസാരിപ്പിക്കയും പ ട്ടക്കാരര അതിന ഉത്സാഹിച്ചും ശ്രമിച്ചും കംപസാരിപ്പിക്കയും വെണം എന്ന. തങ്ങടെ വെള്ളാട്ടികളെ യാത്രയാക്കി കംപസാരിപ്പിക്കാത്ത വീട്ടകാരണവക്ക ചാവദൊഷവും ഒണ്ട. അടിമ ആയവരെ കംപസാരിപ്പിപ്പാൻ ശ്രമിക്കാത്ത പട്ട ക്കാരന്ന തംപുരാന്റെറ ചൊദ്യത്തുംപക്കൽ ചൊല്ലുമ്പൊം അനെകം ഞെരിക്ക ത്തൊട്ടുകൂടെ ചൊദ്യം ചൊദിച്ച കുറപ്പട്ടക്കയും ചൈയും. അത എന്തെ? മിശിഹാ കത്താവ തങ്ങടെ പക്കൽ വഴങ്ങിയ ആട്ടമാട്ടകളെ (74) വഴിയെ നൊക്കാഞ്ഞ തിനൊക്കൊണ്ട. എന്നാൽ ശ്രമിച്ചാൽ കംപസാരിച്ച കൊള്ളാത്ത അടിമപ്പട്ടവക്ക മഹറൊൻ ഒണ്ടന്ന വിളിച്ച ചൊല്ലുകയും വെണം. ഇ കല്പനകം എല്ലാം പട്ടക്കാ രൻ അവരൊട അറിയിക്കയും വെണം.

നാലാം കാനൊന [S. vi D. iv]

ആണ്ടിൽ ഒരിക്കലെ കുംപസാരിക്കെണ്ട എന്നതന്നെ അല്ല പള്ളിയുടെ പ്ര മാണം. പിന്നെയെ മരിപ്പാന്നുള്ള അവകാശം പലതും വരുമ്പൊം കുംപസാരി ച്ചെ മതിയാവു. അത അല്ലുംകിൽ ചാവദൊഷം ഒണ്ട. ഇതിനെക്കൊണ്ട സംകട മായ ക്ലെശമുള്ളവരും അവരെ നൊക്കുന്നവരും ഉത്സാഹിച്ച തങ്ങടെ പട്ടക്കാരരൊട അറിയിച്ച വരുത്തി കുംപസാരിച്ച കൊള്ളണം. അങ്ങാടിയിലുംകിലും കുടിക ളിൽ എുംകിലും ഇരിക്കുന്നവര ഇത വെണം. എന്നാൽ എടവകയിലെ പട്ടക്കാര ന്റെറ കുറം ആയിട്ട ആരാന്നും കുംപസാരിച്ചുകൊള്ളാതെ മരിച്ച എന്നന്നെക്കു മുള്ള നരകത്തിൽ പൊകിൽ ആ ഹെതുവാകുന്ന പട്ടക്കാരന്ന ആറുമാസത്തെസ്സ തന്റെറ പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കയും അരുത. അമിശംകൊണ്ടുള്ള ഉപകാരം ആ ആറുമാസത്തെസ്സ അടക്കുകയും അരുത. വിശെഷിച്ച ക്ലെശക്കാരെ നൊക്കുന്നവര തങ്ങടെ ശ്രമം പൊരാസ്സകൊണ്ട ക്ലെശക്കാര ആരാന്നും കുംപസാ രിക്കാതെ മരിച്ച എുംകിൽ മലംകര എടവകയിലെ മെൽ പട്ടക്കാരന്റെറ കല്പ നസ്സ തക്കവണ്ണം കുറപ്പെട്ടക്കയും വെണം. അങ്ങാടിയിൽ എുംകിലും കുടികളിൽ എുംകിലും ഇരിക്കുന്നവര ഇട്ടപൊട്ടക്കുന്ന മരിക്കുന്ന മരണം അല്ലാതെ ഒള്ള മര ണത്തുംമുന്നെ പട്ടക്കാരരെ വിളിച്ച കുംപസാരിച്ച കൊള്ളാതയും അതു വെണം എന്ന അപെക്ഷിക്കാതയും മരിക്കുന്നവരുടെ ചകം ശ്രുദ്ധമാന എടത്തിൽ എങ്ങും അടക്കുകയും അരുത. അവക്കവെണ്ടി പട്ടക്കാരു അന്നദാ ചൊല്ലുകയും അരുത.

അഞ്ചാം കാനൊന [S. vi D. vi]

വസൂരി ക്ലെശം ഒണ്ടായി മരിക്കുന്നവരിൽ മിക്കവരും കുംപസാരം കൂടാതെ മരിക്കുന്ന എന്നും കാവ്യർക്ക അടുത്ത വണ്ണം അവരുടെ ചകം അടക്കപ്പെടുന്ന എ ന്നും ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞമൂലം എടവക രക്ഷിക്കുന്ന പട്ടക്കാരരൊട അങ്ങനെ ഇന്നി ആരും മരിച്ചുപൊകാസ്സാൻ തങ്ങംതന്നെ എുംകിലും മറെറാരു

74. ആട്ടമാട്ടകം: ക്രിസ്തു ഇടയൻ, വിശ്വാസികം അജഗണം, പുരൊഹിതന്മാർ അജപാലനത്തിൽ ക്രിസ്തുവിനെ സഹായിക്കുന്നവർ — ഈ സങ്കല്പം ഗ്രഹിക്കുക.

ത്തരെ യാത്രാക്കി എംകിലും അവരെ കൂംപസാരിക്കണം എന്ന അപെക്ഷിക്കയും പ്രമാണിക്കയും ചൈയ്യുന്നു. തങ്ങളെ കാത്തുകൊണ്ട ഇത ചൈകയും വെണം. വിശെഷിച്ച വസൂരിക്കുശം ഒള്ളവര കൂംപസാരിച്ചുകൊണ്ട മരിക്കിലും കൂംപ സാരിച്ചകൊള്ളാതെ കൂംപസാരിക്കണം എന്ന അപെക്ഷയൊട്ടുടെ മരിക്കിലും ശുദ്ധമാന എടത്ത ൽ അവരെ ഇട്ടകയും വെണം. അവക്വൈണ്ടി അന്നിരാ ചൊ ല്ലുകയും വെണം. തങ്ങളെ എപ്പൊളും കാത്തുകൊള്ളുകയും വെണം.

ആറാം കാനൊന [S. vi D. v]

ഗെർഭമുള്ള പെണ്ണുങ്ങം തങ്ങംക്ക പ്രസമത്തിനുടെ നൊവു തുടങ്ങു മുൻപെ കൂംപസാരിച്ചകൊള്ളണം. കുറുബാനകൊള്ളുവാൻ ആമെംകിൽ അത കൊണ്ട മ തിയാവു താനും. എന്നാൽ തങ്ങടെ കുറംകൊണ്ട കൂംപസാരിച്ചുകൊള്ളാതെ മരി ക്കിൻ മെൽ തങ്ങടെ കുറംകൊണ്ട മരിക്കുന്നവരൊട വ്യാപരിക്കണം എന്ന ചൊ ല്ലിയവണ്ണം ഇങ്ങനെത്തവരൊട്ടം വ്യാപരിക്കണം.

ഏഴാം കാനൊന [S. vi D. viii]

യാതൊരുത്തക്കും കുറുബാനപ്പട്ടം ഏൂംക്കുമ്പൊംതന്നെ പെഴകും പൊക്ക വാൻ എന്നതിനുമെൽ അമിശംക്കുടെ കിട്ടുകിലും അതിൻെറ പ്രവൃത്തിയുടെ മുഴ പ്പ വരുവാൻ വെറെ പിന്നെ മെല്പട്ടക്കാരൻെറ അനുവാസംക്കുടിയെ മതിയാവു. എന്നാൽ ഇ പ്രവൃത്തി ന്യായക്കാരൻെറ പ്രവൃത്തിപൊലെ ആകുന്നു എന്നതി നെക്കാണ്ട ഇ പ്രവൃത്തിയുടെ സാധനമായിട്ട തൻെറ പക്കൽ ചെലരെ വഴങ്ങ പ്പെട്ടെ മതിയാവു. (75) അവരെ വഴങ്ങുന്നത മെല്പട്ടക്കാരൻ കൂംപസാരിപ്പാൻ പട്ടക്കാരന്ന അനുവാസം തരുമ്പൊം. വിശെഷിച്ച മെല്പട്ടക്കാരൻ തങ്ങടെ എട വകയിലുള്ളവരുടെ നന്മെക്കുറിച്ച ഇന്നാരെ കൂംപസാരിപ്പിക്കാമെന്നും ഇന്നാ രെ അരുത എന്നും ഇന്ന ദൊഷം പൊക്കാമെന്നും ഇന്നത പൊക്കരുത എന്നും പട്ടക്കാരരൊട വിധിച്ചാൽ ആ വിധി വചനത്തിന്ന ഒത്തവണ്ണം ഇരിന്നെ മതി യാവു. ഇതിനെക്കൊണ്ട പട്ടക്കാരന്ന വെലക്കപ്പെട്ട ദൊഷത്തെൽ ഗുരുമ ചൈ കിൽ അത വാസ്തവും അല്ല. പിഴ മൂളിയവൻ വീണ്ടും അത ചൊല്ലി പൊക്കിച്ചെ മതിയാവു.

എട്ടാം കാനൊന [S. vi D. ix]

ശുദ്ധമാന പള്ളിയുടെ ക്രമം ആയ വാഴ്ചക്ക യൊഗ്യമായത സാമാന്യം എ ന്നിയെ ഒള്ള വല്ലിയ ദൊഷങ്ങളുടെ വിധിപ്പുകാരര മെല്പട്ടക്കാരര ആകുന്നത— ആ ദൊഷങ്ങളുംമെൽ ലൊകക്ക ഏറെ അറെപ്പ ഉണ്ടാകുവാനും വഴിയെ അതി നെ രക്ഷിപ്പാനും. അതിനെക്കൊണ്ട പള്ളിയുടെ പഴെ മര്യാത ആകുന്നത ചെല പെഴകളെ മെല്പട്ടക്കാരര തങ്ങടെ പക്കൽ തന്നെ വിതെയം ആക്കി ന്യായം. ഇതി നെക്കൊണ്ട ശുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. എന്തന്ന— ഇ എടവക

75- കൂംപസാരിപ്പിക്കാനുള്ള അധികാരത്തിനു 'സാധനമായിട്ട' (=വിധെയമായിട്ട്) ചെലരെ 'വഴങ്ങപ്പെട്ടെ' (=വിധെയപ്പെട്ടതിയെ) മതിയാവു. ആരെയും എവിടെയും കൂമ്പസാരിപ്പിക്കാനുള്ള അവകാശം ആക്കം നൽകുക സാധ്യമല്ല എന്നു സാരം.

പ്രയോജകാത്ഥത്തിൽ കേവലരൂപം ഉപയോഗിക്കുന്ന സമ്പ്രദായം ഈ കൃതിയിൽ കാണുന്നു. അടുത്ത വാക്യത്തിലെ 'കൂംപസാരിപ്പാൻ നോക്കുക'. കൂംപസാരിപ്പിക്കാൻ എന്ന അത്ഥത്തിലാണ് ഇത് പ്രയോഗിച്ചിരിക്കുന്നത്.

യിലെ മെല്പട്ടക്കാരര തങ്ങം പൊക്കാവു എന്ന കല്പിച്ച പെഴകളെ മറൊരു പ ട്ടക്കാക്കും പൊക്കിക്കൂടാ എന്ന.

ഇ എടവകയിലെ മെല്പട്ടക്കാരനെ പൊക്കാവൂ എന്ന ദൊഷം ഇത. മഹ റൊൻ തട്ടന്ന പെഴ ശുദ്ധമാന പാപ്പാ തനിക്കതന്നെ പൊക്കാവു.

ഫ്സീഹെ എന്ന പെഴ കട്ടദാശിൽ (76) എഴുത്തപെട്ടത അത ഇന്നത എന്ന റിവാൻ പട്ടക്കാരര ഉത്സാഹിക്കയും ചൈയും. ഒട്ട എറയും പട്ടക്കാരക്ക പൊക്കരു താത്ത ദൊഷം ഹെറസയുത്ത എന്ന ദൊഷവും (77) വിശ്വാസത്തിന്ന അന്തരം വരുത്തുന്ന പെഴയും. ഇത്തരം ദൊഷത്തെ വിശ്വാസത്തിന്ന അന്തരം വരുത്തുന്നവരെ ശിക്ഷിപ്പാൻ ഒള്ള ഇങ്കിശിദൊറ എന്ന അമിശക്കാരക്കും (78) അവരിടെ പ്രമാ ണം ഒള്ളവക്കും മെത്രാന്മാക്കും ത്രെന്തൊസ എന്ന സൂനഹദൊസ കല്പിച്ചവണ്ണം അവക്കമെ ആവു. ഒരുത്തര നെർച്ച നെന്നാൽ അത പിന്നെ കൊട്ടക്കണ്ട എന്ന അനുവദിക്കെണ്ടുകിൽ അത അനുവസിപ്പാനും ആ നെച്ച്ക പകരം മറൊന്ന കല്പിപ്പാനും ശുദ്ധമാന പാപ്പാടെ അനുവാസം ഉള്ളവക്ക താൻ മെല്പട്ടക്കാരക്കതാൻ അവരുടെ അനുവാസമുള്ളവക്ക താൻ ആവു. വിശെഷിച്ച ഒരുത്തരുടെ മരണത്തും നെരത്ത അനുവാദം ഒള്ള പട്ടക്കാരക്ക തന്നെയല്ല അവരുടെ ദൊഷങ്ങളെയും മഹ റൊൻ ഒണ്ടുകിൽ മഹറൊനും പൊക്കാം. പിന്നെയൊ കുബാനപ്പട്ടം ഒള്ളവക്ക ഒക്കെക്കും അന്നെരത്ത എല്ലാ ദൊഷത്തെയും പൊക്കാം.

ഒൻപതാം കാനൊനാ [*S. vi D. x*]

പട്ടക്കാരര തങ്ങൾക്ക ഇന്ന ദൊഷങ്ങളെ പൊക്കാവു എന്നും ഇന്നത പൊ ക്കരുതെന്നും അറിഞ്ഞിരിപ്പാൻ ഫ്സീഹെ എന്ന കട്ടദാശ മലയാഷ്മയിൽ പെത്ത എഴുതി മദബഹായിൽ ചമയപ്പുരയിൽ താൻ പറഞ്ഞിച്ച അത കണ്ട യാവരിച്ചുകൊ ള്ളുന്നും എന്ന ശുദ്ധമാന സൂനഹദൊസ കല്പിക്കുന്നു.

വിശെഷിച്ചും എടവകയിൽ പട്ടക്കാരക്ക തന്നെ പൊക്കരുത എന്ന വിലക്ക പെട്ട ദൊഷങ്ങളും കൂടെ മലയാഴ്മയിൽ പെത്ത എഴുതിവച്ചുകൊള്ളണം. ഇ എടവകയിൽ പൊക്കരുതാത്ത ദൊഷങ്ങളും ആകുന്നത മഹറൊൻ ഒള്ള ദൊഷ ങ്ങളും: രഹസ്യമായ അറുകുല പരഹസ്യമാക്കുന്നതും ആ കൊലക്ക കൂടെ കൂട്ടുന വക്കും പട്ടം ഉള്ളവരുടെ മെയിത്തലെ കരെറുന്നതും (79) പള്ളിമുതലാൽ അൻ പത പണത്തിന്ന തക്കത കക്കുന്നതും മനസ്സുഴിഞ്ഞ ഒര എണങ്ങരുടെ സ്ഥലം ചുട്ടുന്നതും അവരുടെ വസ്തുവിനെ ചുട്ടുന്നതും കാവ്യരുടെ കൂട്ട മൂത്തികളെ താൻ പരദെവന്മാരെ താൻ വെച്ച പൂജിക്കുന്നതും പരഹസ്യമായി പട്ടക്കാരരൊട മറു തലിക്കുന്നതും കെട്ടാതെ ഒരിത്തിയെ വച്ചിരിക്കുന്നതും സീമ്മൊനായ എന്ന പിഴയും, അതാകുന്നത കൂദാശകൾക്കും കൂദാശയായ വസ്തുക്കൾക്കും വെല വാങ്ങു ന്നതും കൊട്ടക്കുന്നതും, പട്ടക്കാരനും രണ്ട സാക്ഷിയും കൂടാതെ ഒള്ള പെങ്കെ

---

76. പോപ്പിനെ മാത്രം വിമോചിപ്പാക്കാവുന്ന പിഴകളെ എഴുതിയ കടലാസ്, Bulla Coenae Domini.

77. 'The Crime of heresy'

78. അംഗീകൃത മതസിദ്ധാന്തങ്ങളെ എതിർക്കുന്നവരെ വിചാരണചെയ്യുന്നതിനും ശി ക്ഷിക്കുന്നതിനും റോമൻ കത്തോലിക്കാസഭ ഏർപ്പെടുത്തിയ സമിതി. ചരിത്രത്തിൽ കുപ്രസിദ്ധിനേടിയ ഒരു അധികാരസമിതിയാണിത്.

79. // 'That wilfull murder, publicly committed with violence on the person of an ecclesiastic'. പോർത്തുഗീസ് മലയാളം കാനോനകളും തമ്മിലുള്ള അന്തരം ശ്രദ്ധി ക്കുക.

ട്ടും വിശ്വാസത്തിന്ന മറുത്ത ഒള്ള പൊസ്തകങ്ങടം അതിന്റെറ പെണക്കങ്ങടം പൊക്കാതെ വച്ചിരിക്കുന്നതും പരഹസ്യമായി തുള്ളിക്കയും പാടിക്കയും (80) ചൈയുന്നത—

പത്താം കാനൊന [S. vi D. xi]

ശ്രുദ്ധമാന പള്ളിയുടെ ഒട്ടക്കത്തെ ശിക്ഷ മഹറൊൻ എന്നതിനെക്കൊണ്ട അനെകം സൂക്ഷിച്ച കനമായ വസ്തുവും മെലെ മഹറൊൻ ചൊല്ലാവു. അത അല്ലാകിൽ അതൊര ആക്ഷെപമായി തിരിയും താനും. വിശെഷിച്ച ഒരുത്തക്ക അവൻ മരിപ്പൊളത്തെക്ക ആയി ഒരു മഹറൊൻ ചൊല്ലുകയും അരുത. അത എന്തെ? നമ്മുടെ വർഗ്ഗത്തിനും ശാസ്ത്രത്തിൽ എഴുത്തുപെട്ടതിനും മാർഗ്ഗത്തിൽ ഒള്ള ഒവിക്കും മറുത്ത ആകുന്നതിനെക്കാണ്ട. ഒരുത്തര അനെകം വലുതായി പിഴച്ചു എംകിലും അവക്ക തങ്ങടെ പെഴമെൽ അനെകം നൊൻപരവും പെഴച്ചത വെണ്ടി ഇരുന്നില്ല എന്ന മനസ്സിലെ അഴിവും അതിന ചെയ്യെണ്ട പ്രാശ്യത്വം ചൈകിൽ പ്രിയത്തൊട്ടുള്ളടെ അവരെ കൈക്കൊണ്ട ഉള്ളെള്ള അവരുടെ പെഴ പൊക്കണം. എന്നാൽ ഇന്ന പെഴക്ക ഇങ്ങനെ കുറപ്പെട്ടക്കണ്ട എന്ന എല്ലാവരും അറിഞ്ഞ അത്തരം പെഴ ചെയ്യാൻ ഏറ്റം എല്ലാവക്കും പെടിയും ഭയവും ഒണ്ടാവാൻ പൊറമെ അവരൊട മഹറൊൻ ഒള്ളവരൊട വ്യാപരിക്കുംവണ്ണം വ്യാപരിച്ച അവരിടെ അവുടെയ്യു പട്ടക്കാരും എണങ്ങരും പൊകയും അരുത. കൈ കസ്സരി കൊടുക്കയും അരുത. ഇത മലംകരെ മറെറാരു കുറപ്പാടുകൊണ്ട കുറപ്പാടുകാണാൻ ഇല്ലായ്കകൊണ്ട. (81)

പതിനൊന്നാം കാനൊന [S. vi D. xii]

പട്ടക്കാരന്റെറ അറിവില്ലായ്കകൊണ്ട തന്നൊട കുംപസാരിക്കുന്നവരുടെ മുടിവ ഉണ്ടാകുന്നതിനെക്കൊണ്ട മലംകരെ കുംപസാരിപ്പാൻ വെണ്ടുന്ന അറിവില്ലാത്ത പട്ടക്കാരര കുംപസാരിപ്പാൻ ഒണ്ട എന്ന ഇ സൂനഹദൊസ അറിഞ്ഞിട്ട ഇന്നു തുടങ്ങി മെലിൽ പട്ടക്കാരര ആരും പഠിതവം ചൊദിപ്പാൻ അറിവുള്ളവരെ ചൊദിച്ച പഠിതവവും ഇരിപ്പും അറിഞ്ഞ മുളിയെ കുംപസാരിക്കാവു (82) എന്ന പ്രമാണിക്കുന്നു. എന്നാൽ മലംകരക്ക മറെറാരു മെത്രാൻ വരുവൊളം പഠിതവവും ഇരിപ്പും ഗുണവും ചൊദിച്ച അറിവാൻ മലംകര മെത്രാന്റെറ എടവകയിൽ ഇരിക്കുന്ന സാംപാളരപാത്രിമാരുടെ പക്കൽ ഇ സൂനഹദൊസ വഴക്കുന്നു. എന്നാൽ അങ്ങനെ പാദ്രിമാര ചൊദിച്ച അറിഞ്ഞാൽ അവക്ക കൊള്ളാമെന്ന തൊന്നിയതിന്റെറശെഷം മെത്രാന്റെറ എഴുത്തുപെട്ട അനുവാദംകൊണ്ട കുംപസാരിക്കാവു. മെത്രാൻ മലംകര ഇല്ലാത്തപ്പൊം മലംകരക്ക മൂപ്പൻ ആകുന്ന ശരീരത്തിന്റെറ എഴുത്തുപെട്ട അനുവാദം വെണം. അതല്ലാതെ പട്ടക്കാരര ആരും ആരെയും കുംപസാരിക്കരുത. വിശെഷിച്ചും മലംകരക്ക മൂപ്പൻ ആകുന്ന ശരീരത്തിന്ന പാദ്രിമാര പഠിതവം ചൊദിച്ച അറിഞ്ഞുവന്ന എന്ന അവര ചൊല്ലാതെ ആക്കും കുംപസാരിപ്പാൻ

---

80. പിശാചുബാധയുള്ളവരുടെ 'ബാധ ഒഴിക്കാൻ' തുള്ളിക്കുകയും പാടിക്കുകയും ചെയ്യുന്ന കാര്യമാവാം സൂചിപ്പിക്കുന്നത്.

81. ക്രൈസ്തവരാജ്യങ്ങളിൽ ഇത്തരക്കാരെ ശിക്ഷിക്കുന്നതിനു മറ്റു പല മാർഗ്ഗങ്ങളും ഉണ്ടായിരുന്നു. ഗലീലിയോവിനു നൽകിയ തടവുശിക്ഷതന്നെ നല്ല ഉദാഹരണം.

82: 'കുംപസാരിപ്പിക്കാവു' എന്ന അർത്ഥത്തിലാണു പ്രയോഗിച്ചിരിക്കുന്നത്. ഇത്തരം പ്രയോഗങ്ങൾ തുടർന്നും കാണാവുന്നതാണ്.

അനുവാദം കൊടുക്കയും അരുത. എന്നാൽ ഇപ്പൊഴെ കുംപസാരിപ്പിക്കുന്ന പട്ടക്കാരൊട മെത്രാൻ താൻ എംകിലും മെൽ എഴുത്തുപെട്ടതിൻവണ്ണം പാദ്രിമാര എംകിലും പഠിതവം ചൊദിച്ച പരുക്ഷിച്ച കുംപസാരിക്കാം എന്ന വരുത്തുകയും വെണം. അതിന്ന ആറുമാസത്തെ അവധി ഉണ്ടതാനും. ആറു മാസത്തിന്ന അകത്ത ഇവണ്ണം പൈതുകൊള്ളാത പട്ടക്കാരക്ക് പിന്നെ കുംപസാരിക്കയും അരുത. എടവകയിലെ മൂപ്പൻമാര ആകുന്ന പട്ടക്കാരര ഇ പ്രമാണത്തിൽ കൂടെ വഴങ്ങുന്ന ഇല്ല. അത എന്തെ? അവരുടെ പ്രവൃത്തി കുംപസാരിക്കുന്നത ആയതിനെ ക്കൊണ്ട. വിശെഷിച്ച മെൽ എഴുത്തുപെട്ടവണ്ണം പഠിതവും ചൊദിച്ച അനുവാദവും (വാങ്ങിക്കൊള്ളാത്തവർ) (83) അങ്ങനത്തവര ആരയും എടവകയിലെ തലവൻ ആക്കുകയും അരുത. ഇവണ്ണം എല്ലാം കല്പിച്ചുകൊള്ളാതെ ആരാനയും ഒരു പട്ടക്കാരൻ കുംപസാരിച്ച എംകിൽ ആ കുംപസാരിച്ചവരൊട വീണ്ട കുംപസാരിച്ചുകൊള്ള എന്ന ചൊല്ലണം. അങ്ങനെ കുംപസാരിച്ച പട്ടക്കാരന്ന മെല്പട്ടക്കാരൻ പിന്നെ മുളവെളം പട്ടത്തിൻെറ അമിശം പ്രവൃത്തിക്കയും അരുത. അതിനെക്കൊണ്ട ഒള്ള ഉപകാരം അടക്കുകയും അരുത.

പന്ത്രണ്ടാം കാനൊന [S. vi D. xiii]

കുംപസാരിപ്പാൻ വെണ്ടുന്ന അറിവുള്ള പട്ടക്കാരര ഇ എടവകയിൽ പെരികെ ഇല്ല എന്നതിനെക്കൊണ്ട മറൊരു മെത്രാൻെറ എടവകയിൽ കുംപസാരിപ്പിപ്പാൻ അനുവാദം ഒള്ള പട്ടക്കാരക്ക് മലയാണ്മ പൊമെംകിൽ അവരൊട കുംപസാരിച്ചുകൊള്ളാം എന്ന ഇ സുനഹദൊസ അറിയിക്കുന്നു.

പതിമ്മൂന്നാം കാനൊന [S. vi D. xv]

കുംപസാരത്തിൻെറ കുദാശ ആയ വചനം ഒരുത്തരുടെ പെഴ അവര മൂളാതെ അവരുടെമെൽ ആ വചനം ചൊല്ലുന്നത വലിയ ചാവദൊഷം ആയതിനെക്കൊണ്ട ക്ലെശക്കാരുടെമെൽ പട്ടക്കാരരുടെ കൃത്രമാ പൈയ്യുമ്പൊഴം ഏവൻഗൊലിയൊനിലെതും മററ നല്ല ശുദ്ധമാന വചനങ്ങളുടെ കൃത്രമാപൈയ്യെ ആവു. കുംപസാരത്തിൻെറ വചനം ചൊല്ലരുത.

അഞ്ചാം കുദാശആകുന്ന ഒട്ടക്കത്തെ ഒപ്രുശ്രുമാമെൽ ഒള്ള പൊരുൾ

അഞ്ചാം കുദാശയാകുന്നത ഒട്ടക്കത്തെ ഒപ്രുശ്രുമാ. ഇതിൻെറ സാധനം മെത്രാൻ കൃത്രമാ പൈതൈസെത്ത. ഒട്ടക്കത്തെ ഒപ്രുശ്രുമാ എന്ന അതിനെ ചൊല്ലുന്നു. മിശിഹ കത്താവ പൂശുവാൻ ആയി കല്പിച്ചതിൽ ഒക്കയിലും ഒട്ടക്കത്തെ പൂജ ഇത ആകുന്നതിനെക്കൊണ്ട മുഴുവനായ ദുഢത ഒണ്ടായി ഇരിക്കുന്നവക്ക ക്ലെശം പ്രമാസമായി മരിക്കും എന്നും തൊന്നുംപൊളെ ഇ കുദാശ പൈയാവു. ഇ കുദാശെടെ ചിറാഴ്മക്കാരൻ ആയത കുർബാന പട്ടക്കാരൻ. മാനുഷരുടെ പൂതിയങ്ങടെ എടം അഞ്ചെടത്തും സ്ലീവാഅടയാളത്തിൽ പൂജനം. കണ്ണുകൊണ്ട കണ്ട പെഴച്ചതിനെക്കൊണ്ട കണ്ണുകെ മെൽ പൂശുന്നു. പെവികൊണ്ട കെട്ട പെഴച്ചതിനെക്കൊണ്ട പെവികളിൽ പൂശുന്നു. മണത്താലെ പെഴച്ചതിനെക്കൊണ്ട മൂക്കുമ്മെൽ പൂശുന്നു. വാകൊണ്ട രസിച്ച പെഴച്ചതിനെക്കൊണ്ട വാമെൽ പൂശുന്നു. തൊട്ട

83. വലയത്തിനുള്ളിൽ കാണുന്ന ഭാഗം മാന്നാനം കോപ്പിയിലില്ല; ബി. യിൽ കാണുന്നു.

പെഴച്ചതിനെക്കൊണ്ട കൈകളിൽ പൂശുന്നു. നടന്ന പെഴച്ചതിനെക്കൊണ്ട കാലുക
ളിലും പൂശുന്നു. മൊഹത്താലെ പെഴച്ചതിനെക്കൊണ്ട പൊറത്ത തണ്ടലിന്റെറ
താഴത്ത പൂശുന്നു. ഇ പറഞ്ഞ എടങ്ങളിൽ ഒക്കെയും പൂശുന്നത വലത്തെ കൈയി
ലെപെരുവിരൽ കൊണ്ട സ്നെത്തൊട്ട പൂശണം. അപ്പൊം പൊല്ലെണ്ടന്നെ വച
നങ്ങം ആകുന്നത ഇത: 'ശുദ്ധമാന പൂശയാലയും ദ്യാവൊള്ള തന്റെറ മനഗ്രണ
ത്താലെയും ഇന്ന പൂതികൊണ്ട നീ പെഴച്ചത എല്ലാം നിന്നൊട തംപുരാൻ പൊറു
ക്കണം' എന്ന വചനങ്ങം. ഇ കൂദാശകൊണ്ട ഉണ്ടാകുന്ന ഒപകാരം ആകുന്നത ആ
ത്മാവിലെ പൊറുതിയും ആത്മാവിന്ന വെണ്ടി ശരീരത്തിന്റെറ പൊറുതിയും
വരെണ്ടുകിൽ ആ പൊറുതിയും കിട്ടുന്നത. ഇതിനെക്കൊണ്ട ദൊഷത്താൽ മനുഷ്യ
ന്റെറആത്മാവുകളിൽ ഒണ്ടാകുന്ന കനവും ഖെദവും നീക്കി മരിക്കുംനെരത്തെ അ
നെകം പ്രുക്ഷകം പ്രൈത്താന്മാരാൽ ഉണ്ടാകുന്ന അതിനൊട മുത്ത നിപ്പാ
നും ക്ലെശത്തിന്റെറ സംകടങ്ങളെ ക്ഷമിപ്പാനും തരുന്ന ശക്തി. ഇതിനെ നമ്മെ
പഠിപ്പിക്കെണ്ടീട്ട ശുദ്ധമാന മാർയാക്കൊവ്ശ്ലീഹാ തന്റെറ എംകത്തായിൽ
ഇ കൂദാശകൊണ്ട ഇ വചനങ്ങളെ എഴുതിവച്ചു. 'നിങ്ങളിൽ ഒരുത്തര കെല്പുകെട
ആയ രൊഗത്തിൽ വീഴുകിൽ പള്ളിയുടെ കുബാനപട്ടം ഒള്ളവരെ വിളിച്ച അ
വര ക്ലെശക്കാരുടെ മെൽ നമസ്കുരിച്ച കത്താവിന്റെറ നാമത്താൽ അവനെ
സ്നെത്തകൊണ്ട പൂശണം. എന്നാൽ വിശ്വാസത്തിനുടെ നമസ്കാരം (84) ക്ലെശ
ക്കാരന രക്ഷിക്കയും കത്താവ അവനെ എളുപ്പിക്കയുംചെയും. ദൊഷങ്ങം
ഒണ്ടംകിൽ പൊറുക്കയും ചെയും' എന്ന. ഇ കൂദാശയാൽ പെഴ പൊറുക്കപ്പെടുന്നു
എന്ന പൊല്ലിയതിനെക്കൊണ്ട അറിയാം ഏഴ കൂദാശകളിൽ ഒന്ന ഇത എന്ന.
നിങ്ങളിൽ ഒരുത്താര കെല്പുക്ഷയം ആയി രൊഗത്തിൽ വീഴുംപൊം എന്ന
പൊല്ലിയത ആയത ദ്രൊഹംകൊണ്ട മരിക്കും എന്ന തൊന്നുംപൊളെ ഇ കൂദാശ
ചെയാവു എന്നത. കുബാനപട്ടം ഒള്ളവരെ വിളിക്കണം എന്ന പൊല്ലിയത
ഇകൂദാശെടെ ചിറാണ്മക്കാരൻ കുബാന പട്ടക്കാരൻ എന്ന. സ്നെത്തകൊണ്ട
പൂശണം എന്ന പൊല്ലിയത ആയത ഇ കൂദാശെടെ സാധനം സ്നെത്ത എന്നത.
ക്ലെശക്കാരൻ മെൽ നമസ്കുരിക്കണം എന്ന പൊല്ലിയത ആയത ഇ കൂദാശെടെ വ
ചനങ്ങം എരുപ്പാൻ ഒള്ളത. കത്താവ അവനെ എളുപ്പിക്കും എന്ന പൊല്ലിയത
ആയത, ഇ കൂദാശെടെ ഒപകാരം, ആയത വെണ്ടുംപൊം ശരീരത്തിന്റെറ പൊറു
തിയും കൂടെ കിട്ടുന്നത എന്ന–

ഒന്നാം കാനൊന [*S. vi D. i*]

മലംകര നസ്രാണികളുടെ എടയിൽ ഇ കൂദാശെടെ ശക്തിയും ഉപകാരവും
വഴിയെ അറിയാഞ്ഞതിനെകൊണ്ട ഇ കൂദാശകൊണ്ട സാമാന്യം ആയി പെരു
മാറുമാറ ഇല്ല. ഇതിനെകൊണ്ട ശുദ്ധമാന സൂനഹദൊസ എല്ലാവരൊടുംകൂടെ അ
പെക്ഷിക്കുന്നു ഇ കൂദാശ കൊണ്ട പെരുമാറണം എന്ന; പ്രമാണിക്കുന്നു താനും.
വിശെഷിച്ച എടവകയിൽ മൂപ്പൻമാര ആകുന്ന പട്ടക്കാരരൊട പ്രമാണിക്കുന്നു
ക്ലെശക്കാരരമെൽ സൂക്ഷം ഒണ്ടായിരിന്ന അവര മരിക്കും എന്ന തൊന്നുംപൊം
ലത്തീനിന്ന സുറിയാനിയിൽ പെത്ത അടവിന്ന തക്കവണ്ണം ഇ കൂദാശ ചൈയ
ണം എന്ന. അടെക്കപ്പെട്ട കണ്ണുകളുമെലും ചെവികളിലും രണ്ട കൈകളിലും മു
ക്കിലും അടെക്കപ്പെട്ട വായിമെലും കാലുകളും രണ്ടിലും അരയിലും സ്ലീവാ അട
യാളത്താൽ പൂശണം. ഓരൊന്നുമെൽ പൂശുംപൊം ഒള്ള അവുടെ ചെല്ലെണ്ടുന്ന

84. // 'Prayer of faith'

വചനങ്ങളുംകൂടെ കൂടെ ചൊല്ലണം. എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരന്റെറ കുറവു കൊണ്ട ഒരുത്തര ഇ ക്രമാശ കൈക്കൊള്ളാതെ മരിച്ചു പൊകിൽ ആ പട്ടക്കാരൻ രണ്ട തിങ്ങളിലെക്ക പട്ടത്തിന്റെറ അമിശം ഏതും പ്രവൃത്തിക്കയും അരുത. അതിനെക്കൊണ്ട ഒള്ള ഉപകാരം അടക്കുകയും അരുത.

രണ്ടാം കാനൊന [S. vi D. ii]

ശ്രദ്ധമാന സുനഹദൊസ കുംപസാരിപ്പിക്കുന്ന പട്ടക്കാരരൊട അപെക്ഷിക്കുന്നു. എന്തന്ന. ക്രൈശക്കാരര കുംപസാരിക്കുംപൊം ഇ ക്രമാശെടെ നന്മയും വലിമയും ഉപകാരവും അവരൊട പറഞ്ഞ കെംപ്പിച്ച ബൊധിപ്പിക്കണം എന്ന പ്രമാണിക്കുന്നു. വിശെഷിച്ച ക്രൈശക്കാരരെ നൊക്കുന്നവര ക്രൈശം അവക്ക മുഴുത്ത ബൊധക്കെടെ വന്നുപൊകും മുന്നെ ഇക്കള്ളമാശ കൈക്കൊണ്ടും കൊള്ളുവാൻ പട്ടക്കാരരൊട വന്ന അറിയിക്കണം. അത അവണ്ണം അറിയാത്തവക്ക ദൊഷവും ഒണ്ട. മെല്പട്ടക്കാരൻ കുറപ്പട്ടക്കയും ചൈയും.

മൂന്നാം കാനൊന [S. vi D. iii]

ഇ ക്രമാശ ചൈയിപ്പാൻ പട്ടക്കാരര ക്രൈശക്കാരുടെ അവുടെ പൊകുമ്പൊം സ്ലൂപ്പിലീസ എന്ന വെള്ളക്കുപ്പായവും ഇട്ട അതും മെൽ ഊറാലയും ഇട്ട ശ്രദ്ധമാനസ്തെത്ത വച്ചിരിക്കുന്ന പാത്രം ഒരു പട്ട ചീലകൊണ്ട മൂടി തന്റെറ കൈകൊണ്ട തന്നെ എടുത്തുകൊണ്ട പൊകണം. ഒര ശെമ്മാശ്രം ഒര കുരിശ്രംകൊണ്ട മുമ്പിവെണം. ഹാനാൻ വെള്ളം ഒര പാത്രത്തിൽ വീത്തി അതും ഒരു ശെമ്മാശ എടുത്തകൊണ്ടകൂടെ വെണം. രായെംകിൽ ഒര വെളക്കും വെണം ഇന്നത പ്രവൃത്തിപ്പാൻ പൊണെന്ന എല്ലാവക്കും അറിയിപ്പാൻ. കുംപസാരം എന്ന ക്രമാശ എന്നിയെ ഒള്ള ക്രമാശ ഒക്കയും പ്രവൃത്തിക്കും പൊം മെല്പറഞ്ഞ കുപ്പായവും ഊറാലയും വെണം.

അഞ്ചാം മൗത്ര

അഞ്ചാം യൊഗവിജാരം

പട്ടമെന്ന ക്രമാശമെൽ ഒള്ള പൊരുൾ

ആറാം ക്രമാശയാകുന്നത പട്ടം. അതിന്റെറ സാധനമാകുന്നത ഓരൊരൊ പട്ടത്തിന്റെറ അമിശം പ്രവൃത്തിപ്പാനുള്ളത മെത്രാൻ പട്ടം ഏക്കുന്നവരുടെ പക്കൽ കൈയാളിക്കുന്നത. വിശെഷിച്ച കുറുബാനപട്ടത്തിന്റെറ സാധനമായത വീഞ്ഞൊട്ടകൂടെ കാസായും ഒസ്തിയൊട്ടകൂടെ പീലാസയും കയ്യാളിക്കുന്നത. ആറാം പട്ടത്തിന്ന ഏവൻഗാലിയും കൈയാളിക്കുന്നത. അഞ്ചാം പട്ടത്തിന്ന വെറും കാസായും പീലാസായും. ഇ വണ്ണം തന്നെ ഓരൊരൊ പട്ടത്തിന്റെറ അമിശത്തിന്ന ഒള്ളതിനെ കൈയാളിക്കുത പട്ടത്തിന്റെറ സാധനം ആയത. ഇ ക്രമാശെടെ കാതൽ ആകുന്ന വശനങ്ങളും മെത്രാൻ ചൊല്ലുന്ന വചനങ്ങളും. ഇതിനെകൊണ്ട ഒള്ള ഉപകാരം ആയത പട്ടം ഏക്കുന്നവൻ പട്ടത്തിന്റെറ അമിശം പ്രവൃത്തിപ്പാൻ യൊഗ്യൻ ആകുന്നത. പള്ളിയുടെ വലിയ ദിഷ്ടതിയെക്കുറിച്ച മിശിഹാകത്താവ പട്ടം എന്ന ക്രമാശ കല്പിച്ചു. അതെന്തെ? പൂജയും പട്ടവും ഒരിമിച്ച അത്രെ

ആകുന്നു. ഇതിനെക്കൊണ്ടു പഴെ മാറ്റത്തിലെ പൂജകളെയും കാഴ്ചകളെയും മാററി പുത്തൻ മാറ്റത്തിലെ പൂജ അപ്പത്തിൻെറയും വീഞ്ഞിൻെറയും അകത്തു തന്നെ മറച്ച പൂജയാക്കി ചമച്ചതിനെക്കൊണ്ടു ഇ പൂജ പൂജിപ്പാൻ മെല്പട്ടക്കാരുടെ കൈയാൽ ക്രിസ്തുശൈത ചിറിറാണ്മക്കാരൻ ആകുന്ന പട്ടക്കാരരെ ഒണ്ടാക്കണം എന്ന കല്പിച്ചു. എന്നാൽ കല്പനക്ക തക്കവണ്ണം കുറുബാനപട്ടം ഏറെ പട്ടക്കാരക്ക് രണ്ടു അമിശം മിശിഹാകത്താവു കല്പിച്ചു. ഒന്നാമത പട്ടാങ്ങയായ തൻെറ ശരീത്തെ ക്രിസ്തുശൈവാനും പൂജിപ്പാനും അതിനെ കൊടുപ്പാനും വിശെഷിച്ചു തംപുരാൻെറ ശരീരത്തിന്ന ശാസ്ത്രശ്യം ആയ പള്ളിമെൽ അമിശം കൊടുത്ത പെഴകളെ പൊക്കുവാനും അതിനെ അടക്കുവാനും നസ്രാണികളുടെ കൂട്ടത്തെ വാഴ്വാനും രക്ഷിപ്പാനും. എന്നാൽ അനെകം വലിമയുടെ പട്ടം കുറുബാനപ്പട്ടം ആയതിനെക്കൊണ്ടു അതിൻെറ ശിറിറാണ്മയ്ക്കു നിൽപ്പാൻ പലപല പതവികളും കല്പിച്ചു ഇതിനെക്കൊണ്ടു ചെറിയ പട്ടം നാലുണ്ടു: ഒന്നാമത വാതിൽക്കാരൻ രണ്ടാമത വായിക്കുന്നവൻ മൂന്നാമത ശൈത്താൻ ക്രിശത്തിന്ന പ്രൊത്തിക്കുന്നവൻ നാലാമത കുറുബാനക്ക ചിറിറാഴ്മ ചൈയുന്നവൻ. ക്രിസ്തുശപട്ടം മൂന്നു ആകുന്നതു: ഒന്നാമത ശ്രീഹാ വായിക്കുന്നവൻ രണ്ടാമത ഏവൻഗാലിയൊൻ വായിക്കുന്നവൻ. മൂന്നാമത കുർബാനപട്ടം. വിശെഷിച്ചും ശ്രീഹന്മാരുടെ എടത്തിൽ നിക്കുന്ന മെൽപട്ടക്കാരര ഒക്കെയും ഇതിൽ കൂടെ അടങ്ങുന്നു. മെൽപട്ടക്കാരര എന്നു പറഞ്ഞതു ആകുന്നതു അപ്പസ്തൊപ്പാൻമാരും മെത്രാൻമാരും പാത്രിയക്കീസന്മാരും ശ്രുദ്ധമാന പാപ്പായും. ഇ മെല്പട്ടക്കാരര ഒക്കെയും കുറുബാനപട്ടത്തിൽകൂടെ അടങ്ങുന്നു എങ്കിലും കുർബാനപട്ടക്കാരരെക്കായിൽ ഏറെ അമിശങ്ങളും ഒണ്ടു. ഇ മെല്പട്ടക്കാരര ഒക്കെയും പള്ളിയെ വാഴുവാൻ റൂഹാദക്കുദശായാലെ കല്പിക്കപ്പെട്ടു—

ശ്രുദ്ധമാന പൗലൊസ്ശ്രീഹാ ചൊല്ലിയവണ്ണം വിശെഷിച്ചും ക്രിസ്തുശപട്ടം ഒള്ളവക്ക സുല്ലുത്തം മൊടക്കം (86) കല്പിക്കപ്പെട്ടു, തങ്ങടെ അമിശത്തുംമെൽ താനെ വെടിപ്പൊട്ടുകൂടെ നിരുപിപ്പാനും പ്രവൃത്തിപ്പാനും. എന്നാൽ വെലകൊള്ളികം ആയിരിക്കുന്നവരെയും ഉത്തിര പക ഒള്ളവരെയും സാക്ഷിയാൽ നെര കെട്ടി പെറക്കാത്തവരെയും ഒടലിൽ എങ്ങാനും കനമായ ഒര കുറവ ഒള്ളവരെയും രണ്ടാം വട്ടം കെട്ടിയവരെയും ചരട പറിച്ചു ഇരിക്കുന്നവരയും കെട്ടിയവരയും (87) മൂഴവനായ പ്രായം ഇല്ലാത്തവരയും ശ്രുദ്ധമാന പള്ളിയുടെ പട്ടത്തിന്ന കൈക്കൊള്ളുന്നെൻ അല്ല.

ഒന്നാം കാനൊന [*S. vii D. i & ii*]

ശ്രുദ്ധമാന മാതാവായ പള്ളിയുടെ കല്പനക്ക മുത്ത ഇ എടവകയിൽ വെണ്ടുന്ന വയസ്സു കൂടാതെയും പട്ടത്വം പരുക്ഷിച്ചു അറിയാതെയും യാവ്യത്തിൻെറ കഴിവു കൂടാതെയും വെലയും കൊടുത്ത ക്രിസ്തുശപട്ടം ഒന്നിച്ചു ഒരു ദിവസംതന്നെ ഏറെവര പലരും ഇ എടവകയിൽ ഒണ്ടെന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ടു ശ്രുദ്ധമാനത്തൊന്തൊസ എന്ന സൂനഹദൊസിലെ കല്പനക്ക തക്കവണ്ണമെ പട്ടം ഏൽക്കാവുഎന്ന ഇ സൂനഹദൊസ കല്പിക്കുന്നു. ഇതിനെക്കൊണ്ടു മെത്രാൻ താൻ എങ്കിലുംമെത്രാൻെറ അനുവാദം ഒള്ളവര എങ്കിലും പട്ടം ഏൾപ്പാൻ

86 സുല്ലുത്തം മൊടക്കം: — വിവാഹമൊടക്കം.

87. ചരട പറിച്ച ഇരിക്കുന്നവർ = വിധവകളെ; വിധവകളെ വിവാഹംകഴിച്ചവർക്കും പട്ടം നൽകുന്നതല്ല. 'ഇരിക്കുന്നവരയും' എന്നതിലെ 'ഉം' അനാവശ്യമാണു. 'വിധവ' എന്ന അർത്ഥത്തിൽ 'ചരടറവവം', 'ചരടു വാങ്ങിയവം' എന്നീ പ്രയോഗങ്ങളും പഴയ മലയാളത്തിലുണ്ടായിരുന്നു. ഗുണ്ടർട്ടു കാണുക.

വരുന്നവരൊട്ട പഠിതപംകൊണ്ടും ഇരിപ്പുകൊണ്ടും വയസ്സുകൊണ്ടും ചൊദിച്ചെ മതി യാവു. ഇതിനെക്കൊണ്ട ഇരിപത്തൊന്ന വയസ്സു തെകഞ്ഞ ഇരിപത്തിരണ്ടിൽ നടന്നുതുടങ്ങിയെ അഞ്ചു പട്ടം കൊട്ടക്കാവു. ഇരിപത്തിരണ്ട വയസ്സു തെകഞ്ഞ ഇ രിപത്തമൂന്നിൽ നടന്നുതുടങ്ങിയെ ആറുപട്ടം കൊട്ടക്കാവു. ഇരിപത്തിനാല വയസ്സു തെകഞ്ഞ ഇരിപത്തഞ്ചിൽ നടന്നുതുടങ്ങിയെ കുറുബാനപ്പട്ടം ഏൽക്കാവു. ഇവണ്ണം വയസ്സു വെണ്ടുന്നത തെകയാതെ പട്ടം ഏറ്റവര തങ്ങൾക്കുള്ള പട്ടത്തിന്ന വെണ്ട ന്ന അവസ്ഥ തെകവൊളം തങ്ങടെ പട്ടത്തിൻറെറ അമിശം പ്രവൃത്തിക്കരുത എന്ന ശുദ്ധമാന സൂനഹദൊസ കല്പിക്കുന്നു. എന്നാൽ കുറുബാനപ്പട്ടം ഒള്ളവര അതിന്ന വെണ്ടുന്ന വയസ്സു തെകഞ്ഞ കുറുബാന ചൈയാവു — ആറു പട്ടത്തിന്ന വെണ്ടുന്ന വയസ്സു തെകഞ്ഞ ഏവൻഗാലിയൊൻ യൊഗത്തിന്നെ അമിശമായി വായിക്കാവു. അഞ്ചു പട്ടത്തിന്ന വെണ്ടുന്ന വയസ്സു തെകഞ്ഞ ശ്രീഹാ പൊസ്തക ത്തിൻറെറ അമിശമായി വായിക്കാവു. മററ എല്ലാം കീഴിലെപൊലെ പ്രവൃത്തി ച്ചും കൊള്ളാം. വെലകൊട്ടത്ത പട്ടം ഏറ്റവക്ക ശുദ്ധമാന പള്ളിയുടെ കല്പന കയം അനുവസിച്ച മഹറൊനും മറും പല പല പ്രാശ്യത്വങ്ങളും അനുവദിച്ചതി നെ അറിയാതെ ആ പെഴ ചൈതു എന്നതിനെക്കൊണ്ട ശുദ്ധമാന പാപ്പാടെ പ്രമാണത്താലെ മെത്രാൻ ആ പെഴ പൊക്കുന്നു. മററ ആരും അതുമ്മെൽ ഇനി ചൊതിക്കയും അരുത. (88)

രണ്ടാം കാനൊന [*S. vii D. iii*]

മലംകരെ കഷ്ടവും വ്യാധിയും ഒള്ള ചെല പട്ടക്കാരര കുറുബാന ചൈയുന്ന എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. എന്ത ന്ന പഴെ സൂനഹദൊസിലെ കല്പനകയംപൊലെ ഇത്തരം ദ്രൊഹം ഒള്ളവര കുറു ബാന ചൈയരുത എന്ന.

മൂന്നാം കാനൊന [*S. vii D. iv*]

എല്ലാവരും തങ്ങളിൽ ഒള്ള ഐകമാസ്യവും ഒരിംപാടും ഒണ്ട എന്നതിൻറെറ അടയാളം കാട്ടുവാനുള്ള കൈകസ്സരി കൊട്ടുകയും കൊള്ളുകയും ചൈയുന്ന എന്ന തിനാംപക്കം ചെല പട്ടക്കാരൻ ആരാനൊട്ടം വൈരാഖ്യപ്പെട്ട കൈകസ്സരി അ വക്ക കൊട്ടപ്പ ഇല്ലുന്ന ഇ സൂനഹദൊസ കെട്ട. എന്നാൽ അങ്ങനത്തെ പട്ടക്കാ രൻ വൈരാഖ്യമുള്ളവരൊട നെരന്ന കസ്സരി കൊട്ടപ്പൊളം കുറുബാന ചൈയരുത. കുറുബാന ചൈവാൻ വെണ്ടുന്ന സാധനങ്ങളെ ആരും കൊട്ടക്കയും അരുത. മെൽ പട്ടക്കാരര അവരെ കുറപ്പെട്ടക്കയും വെണം.

നാലാം കാനൊന [*S vii D. ix*]

പറസുമാൻ എന്ന പൊസ്തകത്തിൽ (89) തിന്മ ആയ ഒള്ള വചനങ്ങളെകൊ ണ്ട ചൈത്താൻ ക്ലെശത്തിന്ന പ്രവൃത്തിപ്പാനും അത കണ്ട ക്ലെശത്തിന്ന കട്ടതാശ എഴുതുകയും ഒണ്ട എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട പ്രമാണിക്കുന്നു;

88. ലത്തീനോ സുറിയാനിയോ പഠിച്ചിട്ടില്ലാത്തവക്ക പട്ടം നൽകരുതെന്നും പോ. കാനോനയിൽ കാണുന്നു.

89. 'The word PARISMAN Probably comes from PRASANAM, astrological calculations.' Brown, p. 201. 'persian Medicine' എന്ന ഈ ഗ്രന്ഥനാമം തർജമചെയ്തു കണ്ടിട്ടുണ്ട. എതായാലും ഒരു കാര്യം മാത്രം നമുക്ക തീർച്ചപ്പെടുത്താം: ആഭിചാരകർമ്മങ്ങ ളുടെ വിവരണങ്ങളായിരുന്ന ഈ ഗ്രന്ഥത്തിനാ ഉള്ളടക്കം. രണ്ടാം മൗത്വാ പതിൻമൂന്നാം കാനോനയിൽ ഈ ഗ്രന്ഥത്തെക്കുറിച്ച പറഞ്ഞിരിക്കുന്നതു നോക്കുക (പുറം, 24) പോ. കാനോനയിലെ സമാന്തരഭാഗം കൂടുതൽ വിവരങ്ങം നൽകുന്നു. Hough p. 549.

ശുദ്ധമാന ഏവൻഗാലിലെ അരുളപ്പാടുകൊണ്ടു പുണ്യവാളൻ ആയ മല്പാന്മാര ചമച്ച നമസ്കാരങ്ങൾകൊണ്ടും ലത്തിനിന്ന സുറിയാനിയിൽ പെത്ത രൊമ്മാപള്ളി കല്പിച്ച നമസ്കാരങ്ങൾകൊണ്ടും ചൈത്താൻ ക്ലെശത്തിന്നും മറും പല ക്ലെശത്തിന്നും പ്രവൃത്തിക്കാവു എന്ന. ഇ പ്രമാണം കടന്ന പ്രവൃത്തിക്കുന്ന വര ഒര ആണ്ടെക്ക തങ്ങടെ പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കയും അരുത. അമിശത്തെക്കൊണ്ട ഉണ്ടാകുന്ന ഒപകാരങ്ങൾ അടക്കുകയും അരുത. ഇതിനെ ക്കൊണ്ട മാറാന്മ്മിൽ മഹറൊൻ വിളിച്ച അവക്ക ചൊല്ലണം.

വിശെഷിച്ച ചൈത്താൻമ്മാരൊട എതാനും രഹസ്യം ഒണ്ടായിട്ട ആരാനും മെൽ പറഞ്ഞ തണ്യവചനങ്ങൾകൊണ്ട വ്യാപരിക്കിൽ അവക്ക മഹറൊനും ചൊ ല്ലണം. മരിപ്പൊളം അവര പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കയും അരുത.

അഞ്ചാം കാനൊന [S. vii D. v]

ശുദ്ധമാന പള്ളിയുടെ പ്രമാണം ആയത കൂടാശപട്ടം ഒള്ളവര തങ്ങടെ അമി ശത്തിന്ന കൽപ്പന ആയ നമസ്കാരം ദിവസം എത്തിക്കണം എന്ന. എന്നാൽ ഇ എടവകയിൽ ഒള്ള പട്ടക്കാരര പള്ളിക്കൽ ചെല്ലുകിലെ മിക്കവരും നമസ്കരിപ്പൂ പള്ളിക്കൽ ചെല്ലുംപൊയം ആരാനും ഒട്ട നമസ്കരിച്ച എംകിൽ അവുടെ കൂടെ തൊട്ട നമസ്കരിക്കും അത്രെ. ശെഷം തെകക്കയും ഇല്ല. അതുകൊണ്ട മതി എന്ന അവക്ക തൊന്നി ഞായം. മററ ചെലക്ക പൊസ്തകം ഇല്ലാഞ്ഞിട്ട നമസ്കരിപ്പാറ ഇല്ല. അവക്കും അതിനെക്കൊണ്ട സംകടം ഇല്ലാ എന്ന തൊന്നി ഞായം. ഇതിനെക്കൊ ണ്ട ശുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. എന്തന്ന കൂടാശപട്ടം ഒള്ളവര ഒക്കയും കല്പന ആയ നമസ്കാരം നിത്തലും എത്തിക്കായിൽ ശാവദൊഷം ഒണ്ട. ഇതി നെക്കൊണ്ട മററ ആരാനും നമസ്കാരം തൊടങ്ങിയതിന്റെറ ശെഷം പള്ളിക്കൽ വന്നാൽ അവരൊടകൂടെ നമസ്കരിച്ച കൂടിയതിന്റെറ ശെഷം മുൻപി ചൊല്ലാ ത്തത എല്ലാം ചൊല്ലി എത്തിച്ചകൊണ്ട മതിയാവു എന്ന. പള്ളിക്കൽ ചെന്ന നമസ്കരിപ്പാൻ എത്തിയില്ലാ എംകിൽ വീട്ടീന്ന തങ്ങടെ നമസ്കാരം എത്തി ക്കണം. അതിന്ന പുസ്തകം ഇല്ലാ എംകിൽ കൊന്ത നമസ്കാരം എത്തിച്ചുകൊള്ള ണം എന്ന പ്രമാണിക്കുന്നു.

ആറാം കാനൊന [S. vii D. viii]

നല്ലവക്കും തീയവക്കും ഒരുപൊലെ കൂലി അരുത എന്നതിനെക്കൊണ്ട ശുദ്ധ മാന സൂനഹദൊസ കല്പിക്കുന്നു നിത്തലത്തെ കല്പന ആയ നമസ്കാരത്തിനും ഞാറാഴ്ചക്കും പെരുനാൾക്കും ലൊകക്ക ചൈയ്യന്ന കുറുബാനയും ഞായമായ മൊ ടക്കം അവകാശമുള്ള മൊടക്കം കൂടാതെ പട്ടക്കാരരിൽ ആരാനും വരാത്തിൽ എടവ കക്ക മൂപ്പൻ ആകുന്ന പട്ടക്കാരൻ താൻ അത അല്ലുംകിൽ ദെശത്തെ മൂത്ത പട്ടക്കാരെൻ താൻ ഇത്ര ദിവസം ഒണ്ട ഇന്നാര വരാഞ്ഞു എന്ന സൂക്ഷിച്ച കണക്ക കണ്ട അ റിഞ്ഞ ആ പെഴക്കവൈണ്ടി ഇത്രനാൾ വരാഞ്ഞു എന്നാൽ അതിന്ന വെണ്ടുന്നത പട്ടത്തിന്റെറ അമിശം കുറിച്ച ഒണ്ടാക്കുന്ന മൊതലിൽ കൊറെ അവക്ക കൊട്ട ക്കാവു. ശെഷം ഒക്കെയും മററ ഒള്ളവര തങ്ങളിൽ തങ്ങളിൽ പകുത്തുകൊടുക്കയും വെണം. ഒര പട്ടക്കാരൻ ക്ലെശമായിട്ട വരാഞ്ഞു എംകിൽ ആ ക്ലെശം കൊണ്ട വരാഞ്ഞ മൊടങ്ങിയ ദിവസം ഒക്കെയുംകൂടെ കണ്ക്കവെച്ച തെകച്ച അയാളുടെ ഒകരി കൊട്ടത്തക്കയും വെണം; മടിയരുടെ കണക്കിൽ ക്ലെശക്കാരര കൂടാ എന്ന തിനെക്കൊണ്ട—

ഏഴാം കാനൊന [S. vii D. x]

വിശ്വാസം കൊറഞ്ഞ ചെല പട്ടക്കാരര ഇന്നതിന്ന ഇന്ന ദിവസം കൊള്ളാം എന്നും കൊള്ളരുത എന്നും അറിയാൻ പല പൊസ്തകങ്ങളും കുത്തുകയും തണ്യ ദിവസം ഒണ്ട എന്നും ആ ദിവസത്തിൽ പെണ്ണുകെട്ട അരുതെന്നും മറും ചെല അറിവ ഇല്ലായ്ക വിശ്വാസത്തൊട്ട മറുത്ത ചൈയ്യുമാറുണ്ട (90) എന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട റൂഹാദക്കുദശായുടെ ശക്തിയാലെയും മഹറൊൻറെറ പ്രാശ്യത്വത്താലെയും ഇനി പട്ടക്കാരരും മറും ആരും അത ഒന്നും ചൈകയും വിശ്വസിക്കയും അരുത എന്ന പ്രമാണിക്കുന്നു. ഇതിന്ന ഒത്തവണ്ണം ഇരിയാത്ത പട്ടക്കാരക്ക മഹറൊൻ വിളിച്ച ചൊല്ലുകയും വെണം. തൻറെറ പട്ടത്തിൻറെറ അമിശം ഒരാണ്ടെക്ക പ്രവൃത്തിക്കയും അരുത. അമിശം കൊണ്ട ഒണ്ടാകുന്ന ഉപകാരം ഒന്നും അടക്കുകയും അരുത. വിശെഷിച്ച തംപുരാൻറെറ തിരുമുന്നിലെക്ക തണ്യ ദിവസം ഇല്ല എന്നും നന്മയായ വസ്തുക്കളെ എല്ലാ ദിവസത്തിലും കൈക്കൊണ്ട കൊള്ളാം എന്നും ക്രുദാശകളെ ഞാറാഴ്ചക്കും പെരുന്നാൾക്കും കൈക്കൊണ്ട കൊള്ളാം എന്നും പട്ടക്കാരര ലൊകരൊട അറിയിക്കയും വെണം.

എട്ടാം കാനൊന [S. vii D. xi]

ലൊകരുടെ മല്പാന്മാരെ ആകുന്നത പട്ടക്കാരര ആയതിനെക്കൊണ്ട പട്ടക്കാരര ലൊകൎക്ക നല്ല ഇരിപ്പും ഗുണവും കാട്ടണം. എന്നാൽ ചെല പട്ടക്കാരരുടെ കുടികൊണ്ട തങ്ങടെ പട്ടത്തിൻറെറ വലിമ കൊറെക്കുന്നതിനെക്കൊണ്ടും അതുകൊണ്ട മറ്റുള്ളവരെ പെഴപ്പിക്കുന്നതിനെക്കൊണ്ടും മാർഗ്ഗം ഇല്ലാത്തവരെക്കൊണ്ട തങ്ങളെ ആക്ഷെയിപ്പിക്കയും ചിരിപ്പിക്കയും ചൈയുന്നതിനെക്കൊണ്ടും ശ്രുദ്ധമാന സൂനഹദൊസിന്ന പെരികെ ദുഃഖമുണ്ട. ഇതിനെക്കൊണ്ട പട്ടക്കാരരൊട അപെക്ഷിക്കുന്നു കുടിമെൽ നില വെണമെന്ന. അതിന്ന നെലയില്ലാത്തവരെ കട്ടമയൊട്ടുകൊട മെല്പട്ടക്കാരൻ കുറപ്പെടുക്കയും വെണം. പട്ടക്കാരരിൽ ആരാനും ചെലപ്പൊം കുടിച്ച ബൊധം കെടുകിൽ മെല്പട്ടക്കാരൻ

---

90. പറസുമാൻ (Parisman) എന്ന പുസ്തകത്തിന്ന തുല്യം കേരളത്തിൽ പ്രചാരം നേടിയിരുന്ന ഗ്രന്ഥമാണു 'Book of Lots'. പാൽപുസ്തകം വാപുസ്തകം, എന്നിങ്ങനെയുള്ള പേരുകളിൽ അല്പാല്പഭേദത്തോടെ അവ പ്രചരിച്ചിരുന്നു. ആ ഗ്രന്ഥങ്ങം ഉപയോഗിച്ചിരുന്ന സമ്പ്രദായത്തെക്കുറിച്ചു ബിഷപ്പു ബ്രൗൺ ഇങ്ങനെ എഴുതുന്നു.

വാപുസ്തകം: 'It was opened any where and the kind of Passage or Picture that met the eye decided whether a course of action about to be undertaken would be wise or not.

A book kept in the churches and consulted when arranging marriage was called palpustakam. The priests would make the sign of the Cross, recite the pater and Ave and the Creed and then get some one to say any number up to forty nine. In the book, written in syriac, were fortynine Statements of a rather general and moralizing character and it was believed that guidance would be given through the statement with the number thus Selected' Brown, p. 20[1].

പല വൈദികരുടെയും പക്കൽ തണ്യദിവസങ്ങളുടെയും നല്ല ദിവസങ്ങളുടെയും പട്ടികകളും ഉണ്ടെന്നും അവ ഉപയോഗിക്കുന്നതിൽ വൈദികർ തല്പരരാണെന്നും അവരിൽനിന്നു നല്ല ദിവസങ്ങളും അറിയുന്നതിന്ന ക്രൈസ്തവർ മാത്രമല്ല അക്രൈസ്തവരും വരാറുണ്ടെന്നും പോ. കാനോനയിൽ കാണുന്നു. Hough, p. 620-621.

വിധിപ്പൊളം തൻെറ പട്ടത്തിൻെറ അമിശം ഒന്നും പ്രവൃത്തിക്കരുത. പള്ളി ക്കൽ ചെന്ന കീഴിലെപൊലെ നമസ്കരിച്ചു കൊള്ളാം, തൻെറ അമിശം കൊണ്ട ഒണ്ടാകുന്ന ഉപകാരം അടക്കിക്കൊള്ളുകയും ആം (91).

ഒൻപതാം കാനൊന [S. vii D. xii]

പട്ടക്കാരക്കും അൽമെനികം തങ്ങടംക്കും ദെതം ഒണ്ട എന്നപൊലെ ഔവ ണ്ണം തന്നെ ചമയത്തിന്നും ദെതം ഒണ്ടായിരിക്കണം – ഇതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന പട്ടക്കാരരിൽ ആരാനും മുഴുക്കപ്പായം താൻ മാറുക്ക പ്പായം താൻ കൂടാതെ കമ്മീശും കാക്കപ്പായവും താനെ ഇട്ട വീട്ടിന്ന പുറപ്പെട രുത എന്നു. മീൻകൊലക്ക എംകിലും നായാട്ടിന്ന എംകിലും രായെംകിലും വഴി യെ ഉടക്കാതെ പൊറപ്പടരുത. സ്ത്രീകം കളിക്കുന്ന എടത്ത കൂടെ കളിക്കരുത എന്നും. (92)

പത്താം കാനൊന [S. vii D. xiii]

ശ്രുദ്ധമാന പൌലൊസ ശ്ലീഹാ ചൊല്ലി തംപുരാൻെറ കാര്യത്തുംമെൽ ഏറെ മനസ്സു ചെലുത്തെണ്ടുന്നവര ഇഹലൊകത്തെ മൊതലുമ്മെൽ മനസ്സു ചെലു ത്തരുത എന്ന. ഇതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ കല്പിക്കുന്നു. വാണിഭം ചൈകാതെ ഇരിക്ക നല്ല. (93) എന്നാൽ യാവനസ്സു വാണിഭം ചൈതെ മതിയാവു എന്ന വരികിൽ തങ്ങടെ അമിശത്തിന്ന തക്കവണ്ണം മെനിക്കെട വരാ തെ കണ്ട വാണിഭം ചൈതുകൊംകയും ആം.

---

91. പോ. കാനോനയിൽ (Gouvea, S. VIII, D. XI) താഴെക്കാണുന്ന ഭാഗംകൂടി കാണുന്നു.

"The Synod doth like wise Command, that no priest shall dare to eat or drink in a tavern or Public eatinghouse, it being very unbecoming the gravity of the sacerdotal office so to do, and is therefore forbidden the priests by law: it doth like wise prohibit all priests to eat with infidels, whether heathens, Mahometans, or Jews, upon pain of being suspended for four months, from their office and benefice" Hough, p. 621-622.

92. // '...neither shall they wash themselves, or if they do, it shall not be in the company of women, according to the custom of the country, it being a thing very unbecoming the gravity of the ministers of the Church'. അത്ഥത്തിലുള്ള അന്ത രം ശ്രുദ്ധിക്കുക.

പോ. കാനോനയിലെ താഴെക്കാണുന്ന ഭാഗം ശ്രദ്ധേയമായിരിക്കുന്നു. "...and as for their beards, they shall be left to their liberty to do what they shall think fit, only such as are young shall not suffer their beards to good, but shall still keep them shaved, and they that wear them very long, shall take care to cut off the hair, that grows near their lips, that so they may not be a hinderance to their receiving the blood of the cup in the mass, by being so long as to touch it." Hough, p. 622

93. 'The Jesuits were among the most active at several Customhouses in transacting business about sugars, tobbacco, and other articles of merchandise; and with what grace could the Archbishop himself execute this decree, who five years after, held the secular office of supreme governor of India?' Geddes, p.303.

പതിനൊന്നാം കാനൊന [S. vii D. xvi]

ക്ലാശപട്ടം ഒള്ളവര ശ്രുദ്ധതയൊട്ടുടെ വ്യാപരിക്കണം എന്ന കല്പന ശ്രീഹന്മാരുടെ കാലത്തും ശ്രീഹന്മാരുടെ കല്പനകളിലും പഴെ സുനഹദൊസുകളിലും ഒക്കയിലും ഒള്ളത അത്രെ ആകുന്നു. നമ്മുടെ വഴ്ത്തിന്റെറ തുടർമാനത്തുംകൽ കുബാന ചൈയ്യുന്ന പട്ടക്കാരര ചുരുക്കം ആയതിനെക്കൊണ്ട അനെകം അറിവും പഠിതവും ബൊധജ്ഞാനവും ഒള്ളവര ആരാനും ഇരിവക്കും കന്നിക്കെട്ട ആയ കെട്ട ഒള്ളവര ചെലര മാർഗ്ഗം പുക്കാൽ ഇരിവരുടെയും മനസ്സിന്ന ഒത്തവണ്ണം തങ്ങളിൽ പിരിയിച്ച ആ കൊള്ളാകുന്ന പുരുഷന്ന കുബാന പട്ടവും ചെലക്ക മെത്രാൻ പട്ടവും കൊടുത്തു ന്യായം. വിശെഷിച്ച കനക്കെട്ടകൊണ്ടും മാനുഷരുടെ അടക്കം പൊരാഞ്ഞുകൊണ്ടും വിശ്വാസത്തിന്ന കൊഴപ്പവും യൊനായക്കാരുടെ എടയിൽ ഒണ്ടായാറെ അതിൽ ചെലര മെൽപറഞ്ഞവണ്ണം കെട്ടുകയും ചൈതു. കെട്ടിയവളെ നീക്കിക്കളയാതെ വച്ച പെലത്തിയും കൊണ്ട പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കുന്നു. എന്നാൽ ശ്രീഹന്മാരുടെയും പള്ളിയുടെയും പ്രമാണങ്ങളും കല്പനകളും അറിയാഞ്ഞതിനെക്കൊണ്ട മലങ്കരെ ഒള്ളവര പട്ടം ഏറ്റാൽ പെണ്ണ കെട്ടി ഞായം. ഇത വിശ്വാസത്തിന്ന മുത്ത ഒള്ളവരുടെയും മറെറങ്ങും ഇല്ലാത്ത മരിയാതി ഇവിടെ ഒണ്ട എന്നതിനെക്കൊണ്ട ശ്രുദ്ധമാന സുനഹദൊസിന്ന അനെകം ദുഃഖം ഒണ്ട. ഇങ്ങനെ പെണ്ണും കെട്ടി ചെലര തംപുരാനെ പെടിച്ച കുബാന ചൈയാതെ ഇരിക്കിലും മററ ചെല ക്ലാശ ചൈയുമാറും ഒണ്ട. ചെലര കുബാനയും ശെഷമെല്ലാം ചൈയുന്ന താനും. ഒരിക്കൽ കെട്ടുന്നത കൂടാതെ ആ കെട്ടിയവനും മരിച്ചാൽ പിന്നെയും രണ്ടാം കെട്ടും മൂന്നാം കെട്ടും കെട്ടുന്നവരുണ്ട. ശ്രീഹന്മാരുടെയും പള്ളിയുടെയും കല്പനക്ക മുത്ത ചരട വാങ്ങിയിരിക്കുന്നവരയും കെട്ടുവാറ ഒണ്ട. എന്നാൽ ശ്രീഹന്മാരുടെയും പള്ളിയുടയും പഴെ സുനഹദൊസുകളുടയും കല്പനകൊക്ക എടത്തൂടെ ഇത ആയതിനെക്കൊണ്ട ഇ ശ്രുദ്ധമാന സുന്നഹദൊസ വഴക്കത്തിന്റെറ ശക്തിയാലെയും മഹറൊന്റെറ പ്രാശ്യത്യത്താലെയും പെണ്ണുകെട്ടി പെലത്തുന്ന പട്ടക്കാരര കുബാനയും മററ ക്ലാശ ഒന്നും ചൈയരുത എന്ന പ്രമാണിക്കുന്നു. വിശെഷിച്ചും പെണ്ണുകെട്ടി പെലത്തുന്ന പട്ടക്കാരൊട ശ്രുദ്ധമാന സുനഹദൊസ അപെക്ഷിക്കുന്നു തങ്ങളിൽ പിരിഞ്ഞു തങ്ങടെ അമിശത്തിന്ന തക്കവണ്ണം പ്രവൃത്തിച്ചുകൊള്ളണം എന്ന. വിശെഷിച്ചും വഴക്കത്തിന്റെറ ശക്തിയാലെയും ഇ പ്രമാണം കടക്കും പൊളെ മഹറൊൻ തട്ടും എന്നതിന്റെറ പ്രാശ്യത്വത്താലെയും ശ്രുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു ക്ലാശ പട്ടം ഒള്ളവര ആരും പെണ്ണുകെട്ടരുതെന്നും അതിന്ന ആരും സഹായം ചൈയരുതെന്നും കൂടെ കൂടെരുതന്നും. ഇതിന്ന മുത്ത ചൈയുന്നവക്ക വെളിച്ചമെ മഹറൊൻ ചൊല്ലണം എന്നും അങ്ങനെ കെട്ടുന്നത വാസ്തം അല്ല എന്നും കെട്ടാതെ ഒരുത്തിയെ വച്ച ഇരിക്കുംവണ്ണം വച്ചിരിക്ക അത്രെ ആകുന്നു എന്നും ശ്രുദ്ധമാന സുനഹദൊസ എല്ലാവരൊടും അറിയിക്കുന്നു.

പന്ത്രണ്ടാം കാനൊന [S. vii D. xvii]

മെൽ എഴുത്തുപ്പട്ടവണ്ണം കെട്ടിയവരെ പിരിഞ്ഞ വഴിയെ നടപ്പാൻ മനസ്സ ഒള്ള പട്ടക്കാരക്ക കുബാന ചൈകയും ശെഷം തങ്ങൾക്ക അടുത്ത ക്ലാശകളെയും ചൈതുകൊള്ളാം. രണ്ടാം വട്ടം കെട്ടി എംകിലും ശാടവാങ്ങിയവരെ കെട്ടിയെങ്കിലും കണക്കെ ഇത അറിയാതെ പെഴച്ച എന്നതിനെ ശ്രുദ്ധമാന സുനഹദൊസ അറിഞ്ഞിട്ട പള്ളിയുടെ കല്പനകൊ ആകുന്നത ഇങ്ങനത്തവരെ പിന്നെ ക്ലാശകളിൽ ഒന്നും ചൈയരുത എന്ന എംകിലും ഇത അനുവസിച്ചു.

പതിമ്മൂന്നാം കാനൊന [S. vii D. xx]

ശ്രുദ്ധമാന വസ്സുക്കളെ അതിൻെറ അതിൻെറ ശ്രുദ്ധതക്ക വെലപറഞ്ഞുകൊള്ളുകയും വിക്കയും ചൈയ്യുന്നത വലിയ തിന്മയായ ശാവദൊഷം ഒണ്ട. എന്നാൽ മലംകര നസ്രാണികളുടെ എടയിൽ ക്രുദാശയായ മാമ്മൊദീസാസ്സും പട്ടത്തിനും ഒരുത്തരുടെ മഹറൊൻ പൊക്കുന്നതിനും ചാർച്ച ഒള്ളവര തങ്ങളിൽ കെട്ടുവാൻ മൂളുന്നതിനും കല്യ ക്രുദാശ ചൈയ്യുന്നതിനും ഇത്തരങ്ങൾ ഒക്കെയും വെല പറകയും വിക്കുകയും കൊള്ളുകയും ചൈയും വണ്ണം ഇരുന്ന എന്നതിനെ ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട അനെകം ദുഃഖം ഒണ്ട. അതെന്തെ? മിശിഹാ കൎത്താവ തൻെറ ചിക്ഷ വഗ്ഗങ്ങളൊട ഇതുമെൽ അരുളി ചൈതു 'നിങ്ങൾ വെലകൂടാതെ വാങ്ങിയതിനെ വെലകൂടാതെ കൊടുക്കണം' എന്ന. ശ്രുദ്ധമാന വസ്സുവിന്ന മുമ്പിൽ വെല പറഞ്ഞ സീമൊനൊട ശെമഒൻകെപ്പാ ചൊല്ലി 'ശ്രുദ്ധമാന വസ്സുവിന്ന വെല പറഞ്ഞ മൊതലും നീയും കൂടെ അശെഷപ്പട്ട മുടിഞ്ഞുപൊകാ' എന്ന. ഇതു തിന്മയും കുറവും ആയ വസ്സു ആയതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ ഇതിനെക്കൊണ്ട പ്രമാണിക്കുന്ന ക്രുദാശയായ വസ്സു ഒന്നിനും വെല പറകയും വെല ആയിട്ട ഏതും വാങ്ങരുതന്ന. എണങ്ങരൊട ഇതിനെക്കൊണ്ട ഏതാനും തരണം എന്ന എരക്കയും അരുത. ഇതിന്ന മുത്ത ആരാനും പ്രവ്രുത്തിക്കിൽ അതിനാൽ തന്നെ മഹറൊൻ ഒണ്ട. ഒരു മൂവാണ്ടെക്ക പട്ടത്തിൻെറ അമിശം ഒന്നും പ്രവ്രുത്തിക്കയും അരുത. അമിശംകൊണ്ട ഒണ്ടാകുന്ന ഉപകാരം അടക്കുകയും അരുത. എന്നാൽ എണങ്ങക്ക പട്ടക്കാരെ ഒള്ള പ്രിയംകൊണ്ട അവരുടെ യാവ്യത്തിന ഏതാനും കൊടുക്കിൽ അത വാങ്ങുന്നത കുറ്റം അല്ല. അങ്ങിനെ ആരും ഏതും തന്നില്ലെന്ന ചൊല്ലി ലൊകക്ക ചൈയെണ്ടുന്ന ക്രുദാശക്ക മൊടക്കം വരുത്തുകയും അരുത. വിശെഷിച്ച ചാർച്ച ഒള്ള പെങ്കെട്ടിന്ന അന്നവാദം ചൈയ്യുന്നതിനും മഹറൊൻ പൊക്കുന്നതിനും പട്ടത്തിൻെറ അമിശം പ്രവ്രുത്തിപ്പാൻ മൂളുന്നതിനും ഇത്തരം ഒന്നിനും മെൽ എഴുത്തുപെട്ടപൊലെ ഏതും മൊതൽ വാങ്ങരുത. എന്നാൽ ഒരുത്തരുടെ മഹറൊൻ പൊക്കുമ്പൊൾ ആ മഹറൊൻ ഒള്ളവൻെറ ദൊഷത്തിനും അവൻെറ ധൎമ്മത്തിനും തക്കവണ്ണം അവരെക്കൊണ്ട കഴിവ ചൈയിപ്പിക്കണം. എന്നാൽ അവര കഴിവ ചൈയുന്ന ദ്രെവ്യം മഹറൊൻ പൊക്കുന്ന പട്ടക്കാരര അടക്കരുത. ആ ദ്രെവ്യം പള്ളി പണിക്ക എങ്കിലും അതിൻെറ ചമയത്തിന്ന എങ്കിലും ആക്കുകെ ആവു.

പതിനാലാം കാനൊന [S. vii D. xxi]

മിശിഹാകൎത്താവിൻെറ മാഗ്ഗത്തിലെ കല്പനയും എല്ലാ ദിക്കിലെ മരിയാതയും ആകുന്നത തങ്ങടെ ആത്മാവിന്ന തക്ക യാവ്യം തരുന്ന പട്ടക്കാരക്ക അവരുടെ ശരീരത്തിന്നടുത്ത യാവ്യം എണങ്ങരെക്കൊണ്ട ഒണ്ടാകണം എന്നതിനെക്കൊണ്ടും സീമൊനിയാ എന്ന ദൊഷം ഒണ്ടാകായ്വാനും ഇ ശ്രുദ്ധമാന സൂനഹദൊസ എല്ലാവരൊടുകൂടെ അപെക്ഷിക്കുന്ന. തങ്ങടെ തങ്ങടെ എടവകക്കുമൂപ്പൻ ആയി നിന്ന തങ്ങടെ ആത്മാവിന്ന യാവ്യം ആയ ശ്രുദ്ധമാന വസ്സുക്കളെ പ്രവ്രുത്തിക്കുന്ന പട്ടക്കാരക്ക ആണ്ടതൊറും തങ്ങടെ ശക്തിക്ക തക്കവണ്ണം എതാനും കല്പിച്ച കൊടുക്കണം എന്ന.

പതിനഞ്ചാം കാനൊന [S. vii D. xxii]

ഇ മലംകര എടവകയിലെ പട്ടക്കാരുടെ തെണ്ടത്തെ പൊക്കുവാൻ അനെകരും ചെറുത്ത ഇ ശ്രുദ്ധമാന സൂനഹദൊസിന്ന ഒണ്ട. അതിനെക്കൊണ്ട മാർഗ്ഗ

ത്തിൽ ഇപ്പൊഴും ഒള്ള പ്രൊത്തുക്കാൽ രാജാവിന്നൊട മലംകര ഒള്ള പട്ടക്കാരക്ക മാസപ്പടി ആയിട്ട ആണ്ടിൽ കൊറഞ്ഞത ഒര പതിനായിരം പണം തരണം എന്ന ഇ സൂനഹദൊസ അപെക്ഷിക്കുന്നു. എന്നാൽ രാജ്യത്ത അറിയിച്ച കല്പിച്ച വരുവൊളം മലംകരക്ക ഇപ്പൊഴും ശുദ്ധമാന പാപ്പാടെ പ്രമാണത്താൽ വന്ന മാർ അല്ലെസൊസു മെത്രാൻ തനിക്ക ഒള്ള മാസപ്പടിയിൽ നിന്ന പതിനായിരം പണം എടുത്ത മലംകരെ ഒള്ള പട്ടക്കാക്ക കൊടുക്കുമാറ കല്പിച്ചു. അതിന്ന കടുതാശ്രം എഴുതി തന്നെറ ഒപ്പു ഇട്ട തരീക്കയും ചൈതു.

പതിനാറാം കാനൊന [S. ix D. xiv]

മലംകര മിക്ക ദെശത്തും സ്ത്രീധനം മൊതലിൽ പത്തിനൊന്ന പള്ളിക്കും പട്ടക്കാരക്കും ആയിട്ട എടുത്തു കൊടുക്കുമാറുണ്ടന്നതിനെക്കൊണ്ട അനെകം കൊള്ളാകിന്നൊരു മരിയാതി എന്ന ഇ സൂനഹദൊസ അനെകരും സുതിച്ചു കൊണ്ടാടുന്നു. എന്നാൽ പണ്ട അങ്ങനെ ഒള്ള എടുത്തും ശെഷം ഇല്ലാത്ത എടുത്തും ഒരുപൊലെ ഇ മരിയാതി ആകുണം എന്ന ശുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു; പ്രമാണിക്കയും ചൈയുന്നു. (94) ഇപ്പൊഴും അത അത ദെശത്തിന്ന വന്ന പട്ടക്കാരും എന്നങ്ങും കൂടെ അതിനെറ തെളിവ വരത്തിക്കൊണ്ട പൊകണം എന്ന അത്രെ സുന്നഹദൊസിന്ന അപെക്ഷ ആകുന്നു.

പതിനെഴാം കാനൊന [S. vii D. xxiii]

പഴെ ശുദ്ധമാന സൂനഹദൊസുകളിലെ കല്പന ആകുന്നത അത അത എടവകയിൽ ഒള്ള പള്ളികൊക്കും വെണ്ടുന്ന ശരീരങ്ങൾക്കെ പട്ടം കൊടുക്കാവു. എന്നാൽ മലംകര എടവകയിൽ കണക്കിൽ ഏറാം പട്ടക്കാരര ഒണ്ട. (95) എന്നതിനെക്കൊണ്ട മലകരക്ക തന്നെ ഇനി ഒര മെത്രാൻ വരുവൊളം ആരും കൂദാശ പട്ടം ഏൽക്കരുതെന്ന ഇ സൂനഹദൊസ കൽപിക്കുന്നു. എടവകയിലെക്ക മൂപ്പനാകുന്നവര അതിന അനുവാദം ചൈകയുമരുത. വിശെഷിച്ച കൂദാശപട്ടത്തിൽ ഏതാനും ഇപ്പൊഴും ഏറുനിൽക്കുന്നവക്ക ശെഷം വെണമെങ്കിൽ പഠിതവും ഇരിപ്പും വഴിയെ പരുക്ഷിച്ചറിഞ്ഞെ പട്ടം കൊടുക്കാവു. ഇതിനെക്കൊണ്ട കൂദാശകളെക്കൊണ്ട ഒള്ള പൊരുളും പെഴകളെ പൊക്കുവാനുള്ള വജനങ്ങളും മഹറൊൻ പെഴകടെ മുമ്പെ പൊക്കെണ്ടുന്നതിനെ വെണ്ടുന്നതിനുള്ള വജനങ്ങളും മറും ദിഷ്ടതി ആയ്ട്ട പട്ടക്കാരര അറിഞ്ഞെ മതിയാവു എന്ന പഠിതവങ്ങളും എല്ലാ പട്ടക്കാരും വഴിയെ ശ്രമിച്ചു പഠിക്കണം.

പെംകെട്ട എന്ന കൂദാശമെൽ ഒള്ള പൊരുൾ

ഏഴാം കൂദാശ ആകുന്നത പെംകെട്ട. മിശിഹാടെ എടുത്തും ലൊകരുടെ എടുത്തും ഒള്ള ഐമൊസ്യത്തിനെറ (96) ശാദൃശ്യം ഇക്കൂദാശ എന്ന ശുദ്ധമാന പൌലൊസ ശ്ലീഹാ ചൊല്ലി. പെങ്കട്ട എന്ന കൂദാശനെ മുഴവൻ ആക്കുന്നത കെട്ടംപൊയം മണ

---

94. തെക്കൻ നാട്ടുകളിൽ ഈ സമ്പ്രദായം നിലവിലില്ലായിരുന്നു.

95. സൂനഹദോസു തുടങ്ങുന്നതിനു മുമ്പു മെനേസിസു നാറോളം പേർക്കു പട്ടം കൊടുത്തു. അതുകൊണ്ടാവണം ആവശ്യത്തിലധികം വൈദികരുണ്ടായതു.

96. // 'The union betwixt christ and his church'

വാളനും മണവാട്ടിയും തങ്ങടെ മനസ്സിലെ അനുവാസം നിക്കുന്ന കാലം അറിയിക്കുന്ന വചനങ്ങൾകൊണ്ട. എല്ലാ വഗ്ഗത്തിലും പുരുഷനും സ്ത്രീയും ആയി ഒള്ള പെലർച്ചമെൽ ഇ ക്രുദാശ മിശിഹാകത്താവ കല്പിച്ച ഒണ്ടാക്കി. ഇതിനെക്കൊണ്ട ഇ ക്രുദാശക്ക തെകയാൻ രണ്ട പ്രകാരങ്ങളും ഒണ്ട. സാമാന്യം ആയി മാനുഷരുടെ വർഗ്ഗത്തിൻെറ പെലർച്ചയും ക്രുദാശയും. ഇ പെലർച്ചമെൽ മിശിഹാ കത്താവ അരുളിചൈതു. ഏററം കല്പിച്ചത ആയത മരിപ്പൊളം തങ്ങളിൽ പിരിയരുത എന്ന. ഇതിനെക്കൊണ്ട ശുദ്ധമാന ഏവൻഗാലിയിൽ മിശിഹാ കത്താവ അരുളിചൈതു: 'തംപുരാൻ ഒന്നിച്ചതിനെ മാനുഷൻ പിരിക്കരുത'. ഇതിനെക്കൊണ്ട ഇ പെങ്കട്ട ക്രുദാശ ആയതിനെക്കൊണ്ട മിശിഹാടെ ദുഃഖത്തിൻെറ ശക്തിയാലെ ഇത കൈക്കൊള്ളുന്നവക്ക നന്മ കൊട്ടുക്കുന്നു. ഇ നന്മയാലെ കെട്ടുന്നവര ശുദ്ധം ആകെപ്പെട്ടുന്നു, തങ്ങളിൽ ഒള്ള പ്രീയവും എന്നെന്നുക്കും ഒള്ള ഐമൊസ്ത്യവും മുഴവൻ ആകുന്നു. എന്നാൽ പണ്ട ചെലക്ക പല സ്ത്രീകളെ കെട്ടുവാൻ തംപുരാൻ അനുവാസംചൈതു. പഴെ മാർഗ്ഗത്തിൽ ചെല അവകാശം കുറിച്ച കെട്ടിവര തങ്ങളിൽ പിരിഞ്ഞ മറെ കെട്ടുകയും കെട്ടിക്കയും ആം എന്ന വന്നത ഇ ലൊകം രക്ഷിപ്പാൻ മിശിഹാകത്താവ ഭ്രമിയിൽ വന്നാറെ പെണ്ട സാക്ഷിയാൽ ഒള്ള വെടിപ്പിനുടെ പെങ്കട്ടിൻെറ സ്ഥാനത്തുംകൽതന്നെ ഇപ്പളത്തെ പെങ്കട്ട കൽപിച്ച. അതിനെ ക്രുദാശ ആക്കുകയും ചൈതു. ഇതിനെക്കൊണ്ട തംപുരാൻെറ പ്രമാണം ആയി കല്പിച്ചു. ഒരു പുരുഷന്ന ഒര സ്ത്രീയും ഒരു സ്ത്രീക്ക ഒരു പുരുഷനുമെ ആവു എന്ന. ഇ പെങ്കട്ട ക്രുദാശെടെ നന്മകളും മൂന്ന: ഒന്നാമത പട്ടാങ്ങായ തംപുരാന ചിററാണ്ട ചൈവാൻ ലൊകര ഉണ്ടാവാൻ മക്കളെ പെറപ്പിക്കുന്നത, രണ്ടാമത കെട്ടിയവനും കെട്ടിയവളും തങ്ങളിൽ വെണ്ടുന്ന വിശ്വാസം, മൂന്നാമത മരിപ്പൊളം തങ്ങളിൽ ഒള്ള ഒരിംപാട. അവരാസം ഹെതുവിനാൽ മെൽപ്പട്ടക്കാരുടെ പ്രമാണംകൊണ്ട പിരിഞ്ഞ വെറെ രണ്ട എടത്ത ഇരിക്കാം. എംകിലും ഒരു പുരുഷൻ മറെ ഒരുത്തിയെ കെട്ടുകയും സ്ത്രീ മറൊരുത്തനെകൊണ്ട തന്നെ കെട്ടിക്കയും അരുത എന്ന. അത എന്തെ? ക്രുദാശയാൽ ഒന്നിച്ച ഇരുവരിൽ ഒരുത്തര മരിപ്പൊളം നീങ്ങാ എന്നതിനെക്കൊണ്ട.

ഒന്നാം കാനൊന [*S. vii D. i*]

പെങ്കെട്ട എന്ന ക്രുദാശ ശുദ്ധമാന വസ്തു ആയതിനെക്കൊണ്ട ശുദ്ധതയൊടുകൂടെ അതുംമെൽ വ്യാപരിക്കണം. എന്നിട്ട ശുദ്ധമാനപള്ളി കല്പിച്ചു പെണ്ണുകെട്ടുന്നവരിടെ തങ്ങടെ എടവകയുള്ള തലവനാകുന്ന പട്ടക്കാരൻ എംകിലും ആ തലവനൻെറ അനുവാസത്താലെ കുറുബാനപ്പട്ടം ഒള്ളൊര പട്ടക്കാരൻ എംകിലും മെൽപ്പട്ടക്കാരനൻെറ വിധിവചനത്താൻ ഉള്ളൊര പട്ടക്കാരൻ എംകിലും മറെ ഇരിവരെ എംകിലും മൂവരെ എംകിലും നട്ടക്കാരെ എംകിലും കൂട്ടി മെൽപറഞ്ഞ ഒര പട്ടക്കാരും കൂടെ പള്ളിൽനിന്ന കെട്ടണം എന്നും ഇ പറഞ്ഞവണ്ണം കെട്ടാത്തത വാസ്തു അല്ല എന്നും. നട്ടവര ഇരുവര വെണ്ടുന്നതിൽ ഒന്ന കൊറകിൽ കൈപിടിപ്പിക്കുന്ന എടവകക്ക തലവൻ പട്ടക്കാരനെ മെൽപട്ടക്കാരൻ വലുതായിട്ട കുറപ്പെട്ടുക്കണം എന്നും അനുവാദം കൂടാതെയും മറൊരു പട്ടക്കാരൻ കൈപിടിപ്പിച്ച എംകിലും ആ ശരീരത്തെയും വഴിയെ കുറപ്പെട്ടുക്കണം എന്ന ശുദ്ധമാന പള്ളിയുടെ കല്പനയായത. എന്നാൽ ഇ മലംകര ചെല പെങ്കെട്ട ഇവണ്ണം അല്ലാതയും ഒണ്ട എന്നതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ എല്ലാവരൊട്ടും പ്രമാണിക്കുന്ന മെൽ എഴുത്തുപ്പെട്ടവണ്ണം അല്ലാതെ കെട്ടുന്നത കാര്യം അല്ല പിന്നെയൊ കെട്ടാതെ ഒരുത്തിയെ വച്ചിരിക്ക അത്രെ എന്ന. കൂടിയെ മതി

യാവു എന്ന നടവര ഇരുവരെയും കൂട്ടാതെ ഒരു നടുവൻ തന്നെ കൂട്ടി കൈപിടിപ്പിക്കുന്ന പട്ടക്കാരരയും അനുവാസംകൂടാതെ കൈപിടിപ്പിക്കുന്ന പട്ടക്കാരരും ഒര സംവത്സരം തങ്ങടെ പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കയും അരുത. അംശം കൊണ്ട ഒള്ള ഉപകാരം അടക്കുകയും അരുത. വിശെഷിച്ച മണവാട്ടീടെ എടവ കയിലെ പട്ടക്കാരൻ അത്രെ സാമാന്യം കൈപിടിപ്പിക്കുന്നു. എംകിലും മണ വാളന്റെറ എടവകയിലെ പട്ടക്കാരനും ചെലപ്പൊം കൈപിടിപ്പിക്കാം. (97)

രണ്ടാം കാനൊന [*S. vii D. ii*]

മലംകര പെണ്ണുകെട്ടമ്പൊം നിക്കുന്ന കാലം അറിയിക്കുന്ന വചനങ്ങം കൊണ്ട അല്ല എല്ലാടത്തും ചെ്ല്ലി കെട്ടിച്ച ഞായം. എന്നതിനെക്കൊണ്ട ശുദ്ധ മാന സൂനഹദൊസ കല്പിക്കുന്നു. മണവാളനും മണവാട്ടിയും പള്ളിക്കൽവന്നാൽ മെൽ എഴുത്തുപെട്ടപൊലെ കൂടെണ്ടുന്നവരെക്കൂട്ടി പട്ടക്കാരൻ വെള്ളക്കുപ്പായവും ഊറാലയും ഇട്ട അവരൊട ചൊതിക്കണം നിങ്ങം തമ്മിൽ കെട്ടുവാൻ മനസ ഉണ്ടൊ എന്ന. അത അങ്ങനെ എന്ന അവര ുവെളിച്ചമെ അറിയിച്ചാൽ പട്ട ക്കാരൻ തന്റെറ കഴുത്തിൽ ഇട്ട ഊറാലെടെ എടത്തെ തല എടുത്ത തന്റെറ എട ത്തെ കയി മലത്തിവച്ച ആ ഉള്ളൻ കൈയിൽ ഇടണം. എന്നാൽ മണവാട്ടീടെ വലത്തെ കയി തന്റെറ കൈയിൽ ഊറാലെടെമെലെ മലത്തി മണവാളന്റെറ കൈ സ്ലീവാ അടയാളത്താൽ മണവാളന്റെറ മണവാട്ടിയുടെ കൈയിൽ കമത്തി വെക്കണം. അതിന്റെറ മെൽ ഊറാലെടെ മറെറ തലകൊണ്ട മൂടി അതുംമെൽ തന്റെറ വലത്തുകൈ കുമുത്തിവച്ച വീണ്ട തന്റെറ വലത്തെ കൈ എടുത്ത മറെ വച്ച ഇരിക്കുന്ന കൈകംമെൽ 'ബ്രംശെം ആവാവൗറാ റൂഹാദക്കുദശാ ആമ്മെൻ' ചൊല്ലി റുശ്മാ ചൈയണം. അതിന്റെറ ശെഷം പെണ്ണിനെക്കൊണ്ട ചൊല്ലി ക്കണം, ഇ വചനങ്ങളെക്കൊണ്ട (98) 'ഞാൻ ഇന്നവം നിന്നെ ഇന്നാര എന്റെറ ഭത്താവായി ശുദ്ധമാന റൊമാപ്പള്ളി കല്പിച്ചവണ്ണം കൈക്കൊള്ളുന്നെൻ'. പിന്നെ ചെറുക്കനെക്കൊണ്ടും ചൊല്ലിക്കണം 'ഞാൻ ഇന്നവൻ നിന്നെ ഇന്നവളെ എന്റെറ ഭാര്യവം ആയി ശുദ്ധമാന റൊമ്മാപ്പള്ളി കല്പിച്ചവണ്ണം കൈക്കൊള്ള ന്നെൻ' എന്ന. ഇരുവരും ഇങ്ങിനെ ചൊല്ലിയതിന്റെറ ശെഷം പട്ടക്കാരൻ ഇ വചനങ്ങം ചൊല്ലണം. 'എന്റെറ അമിശത്താൽ നിങ്ങം ഇരിവരയും ഞാൻ ഒന്നിപ്പിക്കുന്നെൻ ബാവാടെയും പുത്രന്റെറയും റൂഹാദക്കുദശാടെയും നാമത്താൽ' എന്നും ചൊല്ലി റുശ്മായും ചൈത അവരുടെമെൽ ഹാനാൻവെള്ളം തളിക്കയും വെണം. ഇ പെങ്കെട്ട പള്ളിയുടെ വല്യവാതുക്കൽനിന്ന അത്രെ വെണ്ടു. ഇക്രിയ എല്ലാം അവുടെന്ന കടത്തിയാൽ ഇരിവക്കും കന്നികെട്ട എംകിൽ മദുവായിൽ വരുത്തി തൊണൊസിന്റെറ നെരെ മുട്ടംകത്തി അവരുടെമെൽ ബുറുക്കാ എന്ന നമസ്കാരം ചൊല്ലി റുശ്മാ ചൈയണം. ഇരിവക്കും കന്നികെട്ട അല്ല എംകിൽ വാതിക്കൽനിന്ന പറഞ്ഞ ക്രിയകം എല്ലാം ചൈതാൽ മതി. പള്ളിയകത്ത

97. താഴെക്കാണുന്ന വാക്യങ്ങം ബി. യിലും കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥ ത്തിലും കാണുന്നു. മാന്നാനം കോപ്പിയിലില്ല. ''എന്നാൽ മലംകര എടവകയിലെ മര്യാ ദക്കു തക്കവണ്ണം പെണ്ണിന്റെറ എടവകയിലെ വികാരിമാരത്രെ കൈപിടിപ്പിക്കെണ്ടതു. പസാരവും പെണ്ണിന്റെറ എടവകയിലെ പള്ളിക്കെ കൊടുക്കാവു. വിശെഷിച്ചും പെ ണ്ണിന്റെറ എടവകയിലെ പള്ളിയിൽനിന്നും കെട്ടുവാൻ വശമല്ലായ്കയിൽ അവുടത്തെ വികാ രിയുടെ അനുവാദത്തോടുകൂടെ മറെറാരു പള്ളിയിൽ ചെന്ന കൈപിടിച്ചുകൊള്ളാം. എ ന്നാലും പസാരം പെണ്ണിന്റെറ എടവകയിലെ പള്ളിക്കെ കൊടുക്കാവു.'' ശ്രീ കെ. എൻ. ഡാനിയേൽ പരിശോധിച്ച മറു പകർപ്പുകളിലും ഈ ഭാഗം ഉണ്ടായിരുന്നിരിക്കണം.

98. 'ഇ വചനങ്ങളെ' എന്ന പാഠമാണു ബി.യിൽ കാണുന്നതു.

കടന്ന കമ്പിട്ടംകൊണ്ട പൊകെവെണ്ട. ബുറുകാ എന്ന നമസ്സാരം അവരുടെ മെൽ ചൊല്ലെരുത. എന്നാൽ ഇരിവരിൽ ഒരുത്തക്ക കന്നികെട്ട എംകിൽ മററവക്ക കന്നികെട്ട അല്പന്നം വരികിൽ ആ കന്നികെട്ട ആകുന്നവരുടെ മെൽ ബുറുകാ എന്ന നമസ്സാരം ചൊല്ലണം.

മൂന്നാം കാനൊന [S. vii D. iii]

പെങ്കെട്ടിന്ന ശക്തി ഉണ്ടാവാനും അതിന്ന ഒള്ള മുടക്കം അറിവാനും ത്രെന്തൊസ എന്ന സൂനഹദൊസിൽ എഴുത്തുപെട്ടതിന്ന ഒത്തവണ്ണം ഇരിപ്പാനും ആയിട്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. കെട്ടുന്നവര ഇരിവരുടെയും എടവകയീന്ന മൂന്ന കുറി ഞാറാഴ്ചക്ക എംകിലും പെരുനാൾക്ക എംകിലും കുറുബാന കാണ്മാൻ യൊഗം ഒക്കയും വന്നാൽ കുറുബാന നെരത്ത എടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരൻ എംകിലും അയാളുടെ ചൊല്പാൽ മററ ഒരു പട്ടക്കാരൻ എംകിലും വിളിച്ചുചൊല്ലണം. 'ഇന്ന ദെശത്ത കുടിയിരിക്കുന്ന ഇന്നവരുടെ മകൻ ഇന്ന ദെശത്ത കുടിയിരിക്കുന്ന ഇന്നവരുടെ മകളെ കെട്ടുവാൻ ആയിട്ട ഇരിക്കുന്നു. ഇതിന്ന കെട്ടരുതാത്ത മൊടക്കം ഏതാനും ഒണ്ടന്ന ആരാനും അറിഞ്ഞിരിക്കിൽ രഹസ്യത്തിൽ വന്ന അറിയിച്ചെക്കണം. അറിഞ്ഞിരുന്ന അറിയിക്കാത്തവക്ക മഹറൊൻ ഒണ്ടാം.' ഇവണ്ണം മണവാളന്റെറയും മണവാട്ടിടെയും എടവകയിൽ കെട്ടും മുമ്പെ മൂന്ന കുറി വിളിച്ച ചൊല്ലുകയും വെണം. ഇങ്ങനെ വിളിച്ച ചൊല്ലിയാൽ കെട്ടരുതാത്ത മൊടക്കം ഏതാനും ഒണ്ടെന്ന പട്ടക്കാരൻ അറിഞ്ഞാൽ അതുംമെൽ എങ്ങിനെ വെണ്ട എന്ന നിരുപിപ്പാനും കല്പിപ്പാനും മെൽപട്ടക്കാരനൊട പട്ടക്കാരൻ അറിയിക്കയും വെണം. ഇത അറിയിക്കാത്ത പട്ടക്കാരൻ കെട്ടിക്കയും അരുത. നിച്ചിരിയതും ആയി ഒര പെങ്കെട്ട മൊടക്കുവാൻ ആരാനും ഒണ്ടന്ന തൊന്നുകിൽ മെല്പട്ടക്കാരന്റെറ എംകിലും ആ ശരീരത്തിന്റെറ എംകിലും പ്രമാണം ഒള്ള ശരീരത്തിന്റെറ എംകിലും പ്രമാണത്താൽ മെൽ പറഞ്ഞ വണ്ണം വിളിച്ചുചൊല്ലാതെ കെട്ടിക്കയും ആം.

നാലാം കാനൊന [S. vii D. iv]

എല്ലാ എടവഗയിലെ പള്ളികളും ഒക്കയിലും എഴുത്തുകൂടാതെ ഓരൊ പൊസ്തകം കുത്തിച്ച വയ്ക്കണം. അതിൽ ഇത്ര കട്ടദാശ ഒണ്ടന്നത കണക്കപെട്ടകയും വെണം. ആ പൊസ്തകത്തിൽ തന്റെറ തന്റെറ എടവകയിൽ കെട്ടുന്നവരെ ഇവണ്ണം കണക്ക എഴുതുകയും വെണം. 'ഇന്ന എടവകയിലെ ഇന്ന പെരുള്ള പള്ളിക്കൽ മൂപ്പൻ ആകുന്ന പട്ടക്കാരൻ ഇന്നകാലത്ത ഇന്ന തിങ്കളും ഇത്രാം ദിവസി ഇന്നവരുടെ മകനെക്കൊണ്ട ഇന്ന എടവകയിൽ കുടിയിരിക്കുന്ന ഇന്നവരുടെ ഇന്ന മകളെ ഇന്ന പള്ളിക്കെന്ന ഇന്നാരെയും ഇന്നാരെയും സാക്ഷിപ്പെടുത്തി ത്രെൻന്തൊസ സൂനഹദൊസിലെ കല്പനക്ക തക്കവണ്ണം കെട്ടിച്ചു' എന്ന വാശകം ഇട്ട എഴുതിയാൽ അതിന്റെറ അറത്ത കെട്ടിച്ച പട്ടക്കാരൻതാനും പിന്നെ സാക്ഷിക്കാരര ഇരിവരും കൂടെ ഒപ്പ ഇടുകയും വെണം. എന്നിട്ട ഇവണ്ണം എഴുത്തുപെട്ടന്ന പൊസ്തകം മെല്പട്ടക്കാരൻ ചൊദിക്കുമ്പൊൾ അതിന്റെറ കണക്ക ഒപ്പിക്കെണ്ടന്ന പട്ടക്കാരൻവഴിയെ സംഗ്രഹിച്ചുകൊള്ളുകയും വെണം.

അഞ്ചാം കാനൊന [S. vii D. v]

ഇ കുദാശ കൈക്കൊള്ളുന്നവക്ക നന്മകിട്ടും എന്നതിനെക്കൊണ്ട ആത്മാവിലെ ശുദ്ധതയൊടും ശുമയൊടും ഇതിനെ കൈക്കൊള്ളണം. വിശെഷിച്ച ശുദ്ധ

മാന ത്രെൻന്തൊസ എന്ന സൂനഹദൊസിലെ കല്പനക്കതക്കവെണ്ണം ഇ സൂനഹദൊസ കല്പിക്കുന്നു. എന്തന്ന കെട്ടന്നതിന മൂന്ന ദിവസത്തെക്ക മുമ്പെ മണവാളനും മണവാട്ടിയും കുംപസാരിച്ചുകൊള്ളണം എന്നും കുറുബാനകൊള്ളുവാൻ തക്കവര എംകിലും കുറുവാന കെള്ളുകയും വെണം. ഇവണ്ണം പൈയാത്തവരെകൊണ്ട പട്ടക്കാരൻ കെട്ടിക്കയും അരുത. വഴിയെ ഇത എല്ലാം പൈത പട്ടക്കാരൻ കെട്ടിപ്പാൻ അനെകം സൂക്ഷിച്ചുകൊള്ളുകയും വെണം. (99)

ആറാം കാനൊന [S. vii D. vi]

ശ്രുദ്ധമാന വിശ്വാസം ഒണ്ടായിരിക്കുന്നവക്കും പഴെ മാക്കത്തിലും പെങ്കെട്ടിന്ന മൊടക്കം ഒള്ള ചാർച്ചെടെ പന്തികം ഒണ്ടായിരുന്നു. ആ പന്തികം ആയ ചാർച്ചയിൽ പെണ്ണുകെട്ടുന്നത വാസ്തം അല്ലാതെയും ഇരുന്നു. എന്നാൽ ഞായത്താലയും തമ്പുരാന്റെറ പ്രമാണത്താലെയും പെങ്കെട്ടിന്ന വെലക്കപ്പെട്ട ചാച്ച് ആയത ഇത: ഒരുത്തരെ തൊട്ട നെരെ മെല്ലൊട്ടും കീഴ്പ്പൊട്ടും ആയ കാന്വരും അനന്തരവരും നെരെ ആങ്ങളമാരു പെങ്ങൻമാരും ആയിട്ട ഒള്ള ചാർച്ച താനെ അല്ല പിന്നെയൊ പെങ്കെട്ടിന്ന മൊടക്കമായ ചാർച്ചകം ഒണ്ടായിരുന്നു. എന്നാൽ ഇപ്പൊഴം ശ്രുദ്ധമാന ത്രെൻന്തൊസ എന്ന സൂനഹദൊസിൻറെറ കല്പനയാലെ പെണ്ണുകെട്ടിന്ന മൊടക്കം ഒള്ള ചാർച്ചകളെ ആകുന്നത നാല: ഒന്നാമത നെരെയുള്ള ജെഷ്ടൻ അനുജൻമാര. രണ്ടാമത ജഷ്ടൻ അനുജൻമാരുടെ മക്കളും അപ്പന്റെറ വഴിക്കും അമ്മെടെ വഴിക്കും ഒള്ള അമ്മാവന്മാരും. മൂന്നാമത ജഷ്ടൻ അനുജൻമാരുടെ മക്കടെ മക്കളും അപ്പന്റെറ താൻ അമ്മെടെ താൻ ജെഷ്ടൻ അനുജന്മാരുടെ എംകിലും ആങ്ങളമാരുടെ എംകിലും ആകുന്ന അമ്മാവൻമാരുടെ മക്കളെയും. നാലാമത ജെഷ്ടൻ അനുജന്മാരുടെ മക്കടെ മക്കടെ മക്കളെയും ആങ്ങളെടെയും പെങ്ങടെയും മക്കടെ മക്കടെ മക്കളെയും. അപ്പന്റെറ താൻ അമ്മെടെ താൻ ജെഷ്ടൻ അനുജന്മാരുടെ എംകിലം ആങ്ങളമാരുടെ എംകിലും മക്കടെ മക്കടെ മക്കളെയും മുത്തപ്പന്റെറ താൻ മുത്തീടെതാൻ ജെഷ്ടൻ അനുജന്മാരുടെ എംകിലും ആങ്ങളമാരുടെ എംകിലും മക്കളെയും, ഇത്രനെരവും തങ്ങളിൽ നെരെ ഒള്ള ചാർച്ച കൊണ്ട പറഞ്ഞു. ഇപ്പൊഴം ബന്ധുവഴി ഒള്ള ചാർച്ചകൊണ്ട പറവാൻ തൊടങ്ങുന്നു.

എന്നാൽ ഒരുത്തൻ ഒരുത്തിയെ കെട്ടിയാൽ അവം മരിച്ചുപൊയാൽ അവളുടെ നാലാം കുന്തലയിൽ ഒള്ള ചാർച്ച ഒള്ള അവൻ കെട്ടരുത. (100). അവണ്ണം അവൻ മരിച്ചുപൊയി എംകിൽ അവൻറെറ നാലാം കുന്തലയിലൊളം ഒള്ള ചാർച്ചയിൽ അവളയും കെട്ടരുത. ഈവണ്ണംതന്നെ ഒരുത്തൻ ഒരുത്തിയൊട കെട്ടാതെ പെഴച്ചുവെംകിൽ രണ്ടാം ചാർച്ച കടന്ന മൂന്നാം ചാർച്ചയിൽ കെട്ടാവു. ഇത ആണിൻറെറയും പെണ്ണിൻറെറയും വഴിക്ക ഒരുപൊലെ ആകുന്നു. ഇ മെൽ പറഞ്ഞ ചാർച്ചകം കൂടാതെ മററ ചാർച്ചകം ഇല്ല പെങ്കെട്ടിന്ന മൊടക്കം ഒള്ളത. എന്നാൽ മെൽപ്പറഞ്ഞ മൊടക്കം ചങ്കീരാതെ ആരാനും കെട്ടുകിൽ ചാവു

---

99. എല്ലാ വിവാഹങ്ങളും ദേവാലയത്തിൽവച്ചുതന്നെ നടത്തണമെന്നും അത്യാവശ്യ സാഹചര്യങ്ങളിൽ ദേവാലയത്തിനു പുറത്തുവച്ചു വിവാഹം നടത്താൻ അനുവദിച്ചാൽത്തന്നെ പുരോഹിതന്റെ സാന്നിധ്യമുണ്ടെങ്കിലെ വിവാഹം സാധുവാകൂ എന്നും പോ. കാനോനയിൽ കാണുന്നു.

100. '... നാലാം കുന്തലയിൽ ഒള്ള ചാർച്ചയിൽ അവൻ കെട്ടരുത'— ബി. യിൽ കാണുന്ന ഈ പാഠമാണു കൂടുതൽ സ്വീകാര്യം. അടുത്ത വാക്യം നോക്കിയാൽ ഇക്കാര്യം ബോധ്യപ്പെടുന്നതാണു.

ദൊഷം അവക്ക് ഒണ്ട. കെട്ട വാസ്സും അല്ല. കെട്ടാതെ വച്ചിരിക്കുന്നതിന്ന ഒക്കും അത്രെ താനും. എന്നാൽ ഒള്ള ചാർച്ചെടെ പന്തികെടക്ക അകത്ത ആക്കാനും കെട്ടെണ്ടകിൽ ശ്രദ്ധമാന പാപ്പാടെ അനുവാസം ഒള്ള മെല്പട്ടക്കാരക്ക് ഇത്രാം കരു ന്തലയിൽ ഇന്ന അവകാശം കൊണ്ട കെട്ടണം എന്ന എഴുതിക്കാട്ടണം. അവകാ ശത്തിന്ന തക്കവണ്ണം അനെകം സൂക്ഷിച്ച ഏതും ഒരു വസ്തു വാങ്ങിക്കൊള്ളാതെ അനുവസിക്കെയും ആം.

ഏഴാം കാനൊന [S. vii D. vii]

ഇ പറഞ്ഞ ചാർച്ചെടെ പന്തികടം കൂടാതെ ആത്മാവിന്നടുത്ത ചെല ചാർച്ചെടെ പന്തികളും ഒണ്ട പെങ്കെട്ടിന്റെറ മൊടക്കക്കത്തിന്നും ആ ചാർച്ചെ ടെ പന്തികളിൽ പെങ്കെട്ട ഒണ്ടായെങ്കിൽ അത വാസ്തും അല്ലാന്നാനും. അത ആയത മെൽ പറഞ്ഞപൊലെ മാമ്മൊദീസാ മുങ്ങുന്നവരും അവരുടെ തല തൊ ട്ടുന്നവരും മുങ്ങുന്നവരുടെ അപ്പനും അമ്മയും തല തൊട്ടുന്നവരും തങ്ങളിൽ ഒള്ള ചാർച്ച ഇവണ്ണംതന്നെ മുമ്പിലത്തെ ഒപ്പ്രശ്രമാസ്തും റശ്രമാ കൈക്കൊള്ളുന്ന വരും റശ്രമാ കൈക്കൊണ്ടവരുടെ അപ്പനും അമ്മയും ഒള്ള ചാർച്ച. ഇ ചാ (ച്ച്)യിലും പെണ്ണുകെട്ടുകയും അരുത. കെട്ടുകിൽ അത വാസ്തവവും അല്ല. എ ന്നാൽ ഇത്തരം ചാർച്ച ഒള്ളവര തങ്ങളിൽ കെട്ടുവാൻ മനസ്സ ഒണ്ടുകിൽ ശ്രദ്ധ മാന പാപ്പാടെ അനുവാദം ഒള്ള മെല്പട്ടക്കാക്ക് ഇന്ന ചാർച്ചയിൽ കെട്ടെണ്ടിയി രിക്കും എന്ന എഴുതിക്കാട്ടിയാൽ അനുവാദം ചൈവാൻ തക്കത അല്ല എംകിലും അവകാശത്തിന്ന തക്കവണ്ണം മെല്പട്ടക്കാരര തങ്ങടംക്ക ഒള്ള അമിശത്താലെ മൂള കിലെ കെട്ടാവു. എന്നാൽ അനെകം വലുതായിട്ടൊള്ള അവകാശത്തിനെ മൂളാവു.

ഇങ്ങനെ അനുവാസം വാങ്ങിക്കൊള്ളാതെ കെട്ടുകിൽ കെട്ടാതെ വച്ചിരിക്കു ന്നതിന്ന ഒക്കും അത്രെ.

എട്ടാം കാനൊന [S. vii D. viii]

മെൽ എഴുത്തുപെട്ട ചാർച്ചെടെ പന്തികളിലും ആ പന്തികളിൽ കെട്ടുവാൻ ഇന്നവക്ക് അനുവാദം ചൈയാവു എന്നും മലംകരെ ഒള്ളവര ഇത്രനാളും അറി (യാ)ഞ്ഞിട്ട കീഴിൽ ആയിരിന്ന മെല്പട്ടക്കാരൻ ശ്രദ്ധമാന പാപ്പാടെ അനുവാ സം കൂടാതെ പലര ചാർച്ചക്കാരക്ക് മൂളിക്കൊടുത്ത കെട്ടിച്ചതിനെക്കൊണ്ട മലം കരെ ഒണ്ടായ സൂനഹദൊസിന്ന കൂടിയവക്ക തൊന്നി ബഹുമാനപ്പെട്ട മാർ അല്ലെസൊസു മെത്രാൻ തനിക്ക ശ്രദ്ധമാന പാപ്പാ കൊടുത്ത അനുവാസത്താല യും സംപാളർ പദ്രിമാക്ക ശ്രദ്ധമാന പാപ്പാ വഴങ്ങിയ അനുവാദത്താലയും കീഴിൽ പലപല പന്തി ഒള്ള ചാർച്ചയിൽ കെട്ടിയവരുടെ കെട്ട വാസ്തും ആക്കി യെക്കണം എന്നതിനെക്കൊണ്ട മെത്രാൻ തനിക്ക ഒള്ള അമിശത്താലെയും മാർഗ്ഗ ത്തിന്റെറ പ്രമാണത്താൽ എത്രമെൽ തനിക്ക ആയിരുന്ന എന്നാൽ ഔവ്വണ്ണം താൻ കീഴിലെതിന്ന എപ്പെരിന്നും അടക്കി അനുവസിക്കയും ചൈതു. വിശെ ഷിച്ചും കീഴിൽ ചാർച്ച ഒള്ളവര തങ്ങളിൽ കെട്ടിയതിന്ന ഏറെ തങ്ങടെ ആത്മാ വിന്റെറ ശ്രദ്ധതക്ക രഹസ്യത്താലെ ഒര പട്ടക്കാരരയും ഇരിവര സാക്ഷികാരരയും കൂട്ടിക്കൊണ്ട കൈപിടിപ്പിച്ചുകൊള്ളണം എന്ന പ്രമാണിക്കുന്നു. ഇനി മെലിൽ വെലക്കപെട്ട പെങ്കെട്ടിന്ന അനുവാദം വെണമെംകിൽ ശ്രദ്ധമാന പാപ്പാടെ കട്ട ദാശിയിൽ എഴുത്തുപ്പെട്ട പ്രകാരത്തുംവഴിയെ അനുവാസം ചൈയാവു. അത അല്ലാതെ കെട്ടുകിൽ ആക്കെട്ട വാസ്തും അല്ല. കെട്ടാതെവച്ചിരിക്കുന്നതിന്ന ഒക്കും അത്രെ എന്ന.

ഒൻപതാം കാനൊന [S. vii D. ix]

സുവരാടെ ഒന്നാം ഞാറാഴ്ചതൊട്ട പതിമൂന്നാം പെരുന്നാൾ കടപ്പൊളം അൻപത നൊയമ്പിൻെറ തലനൊയമ്പ കടന്നവരുന്ന ബൊധനാഴ്ചനായംതൊട്ട പുതുഞാറാഴ്ച കടപ്പൊളം കല്യാണം തെമരിച്ച ആടരുത എന്ന നസ്രാണികളുടെ കൂട്ടത്തിൻെറ പഴെ മരിയാതി ശ്രുദ്ധമാന സൂനഹദൊസ കൈക്കൊള്ളുന്നു. വിശെഷീച്ച മലംകരെ നസ്രാണികളുടെ മരിയാതക്കതക്കവണ്ണം അൻപത നൊയമ്പിൻെറ മുമ്പിലത്തെ ഞാറാഴ്ച പെണ്ണുകെട്ടാ തമരിക്കരുത എന്ന ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഇ വെലക്കുപെട്ട ദിവസങ്ങം അല്ലാതെ ഒള്ള ദിവസങ്ങളിൽ കല്യാണം വെണ്ടുവൊളം തെമരിച്ച ആടിക്കൊള്ളുകയും ആം. (101)

പത്താം കാനൊന [S. vii D. x]

മാർഗ്ഗത്തിൽ പെങ്കെട്ടിന്ന കല്പനപെട്ട പ്രായം കൂടാതെ ഇ എടവകയിൽ കെട്ടി ഞായം എന്നതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. കെട്ടുന്ന ചെറുക്കന്ന പതിന്നാൽ വയസ്സു തെകഞ്ഞ ആവു എന്നും പെണ്ണിന പന്തിരണ്ട വയസ്സു തെകഞ്ഞ ആവു എന്നും. ഇവണ്ണം പ്രായം തെകയാതെ കെട്ടുവാൻ മെൽപട്ടക്കാരക്ക് അനുവാസം ചൈതുക്കൂടാ എന്നറിക. വിശെഷിച്ച മെൽ പറഞ്ഞ വയസ്സു തെകയും മുമ്പിൽ ആക്കാനും കെട്ടുവാൻ മനസ്സു ഒണ്ടുംകിൽ (പെൺ കെട്ടിന്ന വെണ്ടുന്ന വശം അവക്ക്ഒണ്ടൊ എന്ന മെൽപട്ടക്കാരൻ അറിയണം. അതു ണ്ടെംകിൽ) (102) കൈപിടിപ്പാൻ അനുവാദം ചൈയണം. എന്നാൽ കാവ്യരുടെ മരിയാതക്ക തക്കവണ്ണം നടക്കാസ്സാനും ആത്മാവിന്ന ദൊഷം തട്ടാസ്സാനും ശ്രുദ്ധമാന സൂനഹദൊസ കൽപിക്കുന്നു. പെണ്ണുകെട്ടിന്ന വെണ്ടുന്ന വശം അവക്ക ഒണ്ടുംകിൽ ചെറുക്കന്ന തെകയെണ്ടുന്ന വയസ്സിൽ നാലു മാസത്തെക്ക മുൻപയും പെണ്ണിന്ന തെകയെണ്ടുന്ന വയസ്സിൽ ആറു മാസത്തെക്ക മുൻപെയും കെട്ടുവാൻ മെൽപട്ടക്കാരക്ക് മൂളി അനുവാസം ചൈയാം. ഇവണ്ണം അല്ലാതെ കെട്ടുന്നതു വാസ്സും അല്ല. പറഞ്ഞ ഒക്കുന്നതിന്ന ഒക്കും അത്രെ. കെട്ടിക്കുന്നതിന്ന പട്ടക്കാരന്ന മൂന്നുമാസത്തെക്ക തൻെറ പട്ടത്തിൻെറ അംശം പ്രൊത്തിക്കയും അരുത. അതു കൊണ്ട ഉള്ള ഉപകാരം അടക്കരുത.

പതിനൊന്നാം കാനൊന [S. vii D. xi]

മെൽപട്ടക്കാരുടെ പ്രമാണം കൂടാതെ മലംകരെ എടവകയിൽ കെട്ടിയിരിക്കുന്നതിൽ ചെലര കെട്ടിയവനും കെട്ടിയവളും തങ്ങളിൽ പിരിഞ്ഞ ഇരുന്ന പല ദൊഷങ്ങളിൽ പൂകുന്നു എന്ന ഇ സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട മഹറൊൻെറ പ്രാശ്യത്വത്താലെ തങ്ങളിൽ വീണ്ട ഒരുമിച്ചിരുന്ന പെലരണം എന്ന പ്രമാണിക്കുന്നു. വിശെഷിച്ച പിരിഞ്ഞിരിപ്പാൻ തക്ക അവകാശം ഒണ്ടുംകിൽ മെൽപട്ടക്കാരനൊട അറിയിച്ച അവകാശത്തിനും ഞായത്തിനും തക്ക

---

101. 'വെണ്ടുകൊള്ളാ തെമരിച്ച ആടക്കിക്കൊള്ളുകയും ആം' — ഈ പാഠമാണ് മാന്നാനം കോപ്പിയിൽ കാണുന്നത്. കെ. എൻ. ഡാനിയേലിൻെറ ഗ്രന്ഥത്തിലും ബി. യിലും കാണുന്ന പാഠമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. 'സ്ഥിരിച്ച' എന്ന പദമാണ് അവയിൽ കാണുന്നത്. എന്നാൽ മാന്നാനം കോപ്പിയിലെ 'തെമരിച്ച' എന്ന പദം തന്നെ ഇവിടെ സ്വീകരിക്കുന്നു. **Emendation.**

102. വലയത്തിനുള്ളിൽ കാണുന്ന ഭാഗം മാന്നാനംകോപ്പിയിലില്ല. ബി. യിൽ ഈ ഭാഗം കാണുന്നു. **'Homoioteleuton'** എന്ന പിഴയാണ് **(Textual criticism)** മാന്നാനംകോപ്പിയിൽ കാണുന്നത്.

വണ്ണം മെൽപട്ടക്കാരൻ വിധിച്ചാൽ ആ വിധിക്ക തക്കവണ്ണം ഇരുന്നകൊള്ളുകയും വെണം. (103)

പന്ത്രണ്ടാം കാനൊന [*S. vii D. xii*]

മലംകരെ നസ്രാണികളുടെ എടയിൽ ചെലര കഴത്തിൽ കുംപളത്താലിയും കെട്ടിക്കൊണ്ട കെട്ടി എന്നും ചൊല്ലി പെലരുന്നവർ പലരും ഒണ്ടന്ന സൂനഹ ദൊസ അറിഞ്ഞതിനെക്കൊണ്ട ആ കെട്ട വാസ്തം അല്പന്നും ശാവദൊഷം ഒണ്ട ന്നും ശുദ്ധമാന സൂനഹദൊസ വിധിച്ചു (104). അങ്ങനെ പെലരുന്നവരുടെ പെ ലർച്ച നെടി ഉണ്ണുന്നവരുടെ പെലർച്ച അത്രെ ആയത. എന്നാൽ അത അത പ ള്ളിക്കൽ വിശ്വാസികളായി നിക്കുന്ന പട്ടക്കാരരുടെ കയ്യാൽ മെൽ എഴുത്തുപെട്ട പൊലെ പള്ളിക്കെന്ന കൈപിടിപ്പിച്ചുകൊള്ളുകയും വെണം. വിശ്വാസികള തന്റെറ തന്റെറ എടവകയിൽ ഇത്തരം ജനം ഉണ്ടൊ എന്ന ശിക്ഷിച്ച അറിഞ്ഞ വഴിയെ ഞായത്തുംമെൽ ഇരിപ്പാൻ കൈയും പിടിപ്പിച്ച ഇരിത്തിയെക്കണം.

വിശെഷിച്ച വീട്ടിന്ന കാന്നവര ആയിരിക്കുന്നവര തങ്ങടെ തങ്ങടെ സ്ഥ ലത്ത ഇവണ്ണം ഇരിക്കുന്ന തങ്ങടെ പിള്ളെരെ കൊണ്ടന്ന പട്ടക്കാരനെക്കൊണ്ട കൈപിടിപ്പിക്കായിൽ മെല്പട്ടക്കാരൻ തനിക്ക ഒത്തവണ്ണം കുറപ്പട്ടുക്കയും വെ ണം. ഇ കുറപ്പാട കൂടാതെ കാന്നവര ആകുന്നവക്ക ആത്മാവിന്ന അനെകം ദൊഷം ഒണ്ട.

പതിമൂന്നാം കാനൊന [*S. vii D. xiii*]

ഇ എടവകയിൽ ചെല നുമ്മാണര പെണ്ണുകെട്ട എന്ന കൂടാശെടെ മെനി ക്ഷയം വരുത്തി പല സ്ത്രീകളെ പള്ളിയും പട്ടക്കാരും അറിഞ്ഞ കെട്ടി എന്ന ശുദ്ധമാന സൂനഹദൊസ അറിഞ്ഞാംറ വിശ്വാസികളൊട പ്രമാണിക്കുന്ന. തന്റെറ തന്റെറ എടവകയിൽ ചെന്ന ഒടനെ എടവകയിൽ ഇത്തരക്കാരര ഒണ്ടൊ എന്ന ചിക്ഷിച്ച അറിഞ്ഞ അവരൊട വെണ്ടുന്നത എല്ലാം പറഞ്ഞ എല്ലായിലും നടെ കെട്ടിയൊളെ പെലത്തുമാറ ആകണം. അത കെയ്ക്ക ഇല്ലാ എംകിൽ പെലത്തു വൊളം മഹറൊൻ ചെല്ലി പൊറത്ത കളയണം. ഇനി അവണ്ണം ആരാൻ കാട്ട കിൽ അവരൊട ഇവണ്ണം ചൈയണം.

പതിന്നാലാം കാനൊന [*S. vii D. xiv*]

മലംകര നസ്രാണികളുടെ എടയിൽ പെങ്കെട്ടിന്ന പൊരുത്തവും പൊഴുതും തണ്യദിവസവും ചൊദിപ്പാറ എന്നും നെല്ലും നീരും വീഴുന്നതും മറും മാർഗ്ഗ

---

103. "The synod doth furthermore declare, that the nonpayment of the portion that may have been promised, is no just cause to leave their wives, which they might have been careful to have secured before they were married to them; and that whosoever shall forsake their wives on that account, shall be punished and constrained by excommunication to live with them." Hough, p. 639. പോ. കാനോനയിൽ കാണുന്ന ഈ ഭാഗത്തിന്റെ സമാന്തരമായി ഒന്നും മലയാളത്തിലില്ല.

104. കുറുത്ത അടിമകളും മലകളിൽ താമസിക്കുന്നവരുമാണ് "ഇങ്ങനെ പ്രവർത്തിക്കുന്നതെന്നു പോ. കാനോനയിൽ കാണുന്നു. Hough, p. 639.

ത്തിൽ ചിതം അല്ലാത്ത പല വസ്തുക്കളും (105) ചൈവാറ ഒണ്ട എന്ന സൂനഹ ദൊസ കെട്ട എന്നതിനെക്കൊണ്ട പ്രമാണിക്കുന്നു. നസ്രാണികളും ഒക്കയൊട്ടും കൂടെ അപെക്ഷിക്കുന്ന ഇത്തരം അവസ്ഥകളും ഒന്നും ചൈയരുത എന്നും ചൈയിപ്പിക്കരുത എന്നും. ഇത കെളാതെ ഇത്തരം ഏതാനും ചൈകിൽ അവരെ ആറ മാസത്തെക്ക എണങ്ങീന്ന പൊറത്ത ആക്കുകയും വെണം.

പതിനഞ്ചാം കാനൊന [S. vii D. xv]

മലംകരെ പെങ്കെട്ട പറഞ്ഞ ഒക്കുംപൊലം മാർഗ്ഗത്തിൽ അടാത്ത കാവ്യക്കട്ടത്ത ചെല സത്യം ചൈയുന്ന എന്നും കെട്ടുവാൻ ഇരിക്കുന്നവക്ക ദൃഢത ഒണ്ടാകും മുമ്പെയും അവരുടെ മനസ്സു ഒവ്വാതെയും പറഞ്ഞൊപ്പാറ എന്ന ശുദ്ധമാന സൂനഹദൊസ കെട്ടതിനെക്കൊണ്ട എല്ലാവരൊട്ടുംകൂടെ പ്രമാണിക്കുന്നു ഇന്നി തൊടങ്ങി പറഞ്ഞ ഒക്കുംപൊലം കെട്ടുവാൻ ഇരിക്കുന്നവരുടെ ദൃഢത ഒണ്ടാകും മുൻപയും അവരുടെ മനസ്സു ഒവ്വാതെയും പറഞ്ഞ സത്യം ചൈയരുത എന്നും അങ്ങിനെ ചെയ്യുന്നെടത്ത പട്ടക്കാരര കൂടരുത എന്നും അങ്ങിനെ ചൈയ്യുന്നവരെ വഴിയെ കുറ്റപ്പെടുക്കണം എന്നും. ഓരൊരൊ തറവാട തങ്ങളിൽ കെട്ടപെടുവാനായിട്ട എംകിലും മറ്റെതാനും അവകാശം കുറിച്ച എംകിലും മുൻപെ ഒത്തെ മതിയാവു എന്ന വരികിൽ കാന്നവന്മാർ തങ്ങളിൽ പറഞ്ഞ തങ്ങടെ മക്കളെ തങ്ങളിൽ കെട്ടിച്ചുകൊള്ളമാറ എന്ന എഴുതിപ്പിടിച്ചുകൊള്ളുകെ ആവു. ഇവണ്ണം എഴുതിപിടിച്ച പൈതങ്ങൾക്ക ദൃഢതവന്നാൽ അവക്ക തങ്ങളിൽ കെട്ടുവാൻ മനസ്സു ഇല്ലംകിൽ എഴുതിവച്ചതു കാര്യം അല്ല.

പതിനാറാം കാനൊന [S. vii D. xvi]

മലംകര പെണ്ണ കെട്ടിയാൽ കെട്ടീട്ട നാലാംപക്കം കുളിച്ചെ പള്ളിക്കൽ പൊകുമാറ ഒള്ള എന്ന സൂനഹദൊസ കെട്ട. അത പഴെ മാർഗ്ഗത്തിലും കാവ്യരുടെ മരിയാദ ആയതിനെക്കൊണ്ട (106) ഇ വർധമാനം സൂനഹദൊസ ഉപെക്ഷിക്കുന്നു. മണവാളനും മണവാട്ടിയും നിത്തലും ആ എടക്ക പള്ളിക്കൽപൊക അത്രെ വെണ്ട എന്ന അപെക്ഷിക്കുന്നു. കെട്ടിയാൽ നാലാം പക്കത്തിന്നു അകത്ത ഞാറാഴ്ചതാൻ പെരുനാളും താൻ വന്നു എംകിൽ അന്ന പള്ളിക്കൽ ചെന്ന കുർബാന കാണായ്യിൽ ചാവുദൊഷം ഒണ്ടായി പൊഴക്കും എന്നു നിശ്ചയം.

---

105. 'and do moreover make certain figures behind their doors to make their marriage fortunate, and use several prayers with ceremonies, which they call the ring of solomon....' Hough, p. 641.

106. 'പഴെ മാർഗ്ഗത്തിലെയും കാവ്യരുടെയും മരിയാദ ആയതിനെക്കൊണ്ട' എന്നു ബി. യിൽ കാണുന്നു. യഹൂദന്മാരുടെയും 'പുറജാതി'ക്കാരുടെയും പതിവു എന്നത്രെ.

ഏഴാം മൌതപാ. ഏഴാം കൂടിവിജാരം

(ആറാം മൌതപാ. ആറാം കൂടിവിജാരം) (107)

നസ്രാണികൾ ആകുന്ന പരുഷെടെ പള്ളിയിൽ വെണ്ടുന്ന വസ്തുക്കൾമ്മെൽ— (108)

ഒന്നാം കാനൊന [*S. viii D. i*]

ശ്രുദ്ധമാന കത്തൊലിക്കാപ്പള്ളി റൂഹാദക്കുദശായാൽ രക്ഷപെട്ടകയും ബൊധിപ്പിക്കയും ചൈയുന്ന എന്നതിനെക്കൊണ്ട നസ്രാണികളുടെ നന്മ ആയ രക്ഷക്ക വെണ്ടുന്ന കൂദാശകളെ വിരവിൽ കിട്ടുവാനും ആയിട്ട ഭൂമിയിൽ ഒള്ള രാജിതങ്ങളിൽ എല്ലാ എടത്തും ആയിട്ട മെത്രാന്മാരെ എടവകകളിൽ കല്പിച്ചു. മെത്രാന്മാരുടെ ഓരൊരൊ എടവകയിൽ പലപല എടവകകളും അതിന്ന ഒരൊരൊ എടയന്മാരെയും കല്പിച്ചു. അത എന്തെ? മെത്രാൻമാരുടെ എടവകക്കാരര മെത്രാൻമാരാൽ (109) ശ്രുദ്ധമാന പാപ്പാനെ വഴങ്ങുന്നു.

വിശെഷിച്ച ഓരൊരൊ എടവകയിലെ എടയന്മാര എന്ന വിഗാരിമാരാൽ തങ്ങടെ മെത്രാനെ വഴങ്ങുന്നു. മെത്രാന്മാരാൽ നസ്രാണികൾക്ക ഒക്കെക്കും തലവൻ ആകുന്ന ശ്രുദ്ധമാന പാപ്പയ്ക്ക വഴങ്ങുന്നു. ഇങ്ങനെ ഓരൊരൊ ക്രമത്താലെ വഴങ്ങുന്ന വഴക്കം നസ്രാണികളുടെ കൂട്ടത്തിൽ എല്ലാം ഒണ്ടായിരുന്നതാനും. ഇപ്പൊഴും ഒണ്ടുതാനും. എന്നാൽ മലംകരെ നസ്രാണികളുടെ എടയിൽ ഇക്രമം ഇത്രനാളും ഇല്ലാഞ്ഞതിനെകൊണ്ട മലംകരെ നസ്രാണികളുടെ ആത്മാവുകൾക്ക വെണ്ടുന്ന നന്മകൾക്ക അനെകം അന്തരം ഒണ്ടായിരുന്നു. ഇതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ ഇന്നുതൊട്ട മലംകരെ പല എടവകകളും ഒണ്ടാകണം എന്നും ഓരൊരൊ എടവകയിൽ മെത്രാൻ കൊള്ളും എന്ന തൊന്നുന്ന ഓരൊരൊ പട്ടക്കാരരെ വിഗാരിമാരായിട്ട നിറുത്തണം എന്നും ശ്രുദ്ധമാന സൂനഹദൊസ കല്പിച്ചു. വിശെഷിച്ച വിഗാരിമാരായിട്ട നിക്കുന്ന (പട്ടക്കാരരെ കൂടാതെ ഉള്ള) (110) കത്തങ്ങളും ശെമ്മാശൻമാരും തങ്ങടെ പട്ടത്തിന്റെ അമിശം പ്രവൃത്തിച്ചുകൊള്ളണം, അതിനടുത്ത ഉപകാരം വാങ്ങിയാവിച്ചുംകൊള്ളണം. വിഗാരിമാരായിട്ട നിക്കുന്നവക്ക തൊണക്കാരര ആയി ഇരിക്കയും വെണം. ഏറെ നരർ ഒള്ള വലിയ അങ്ങാടിയിൽ പല പള്ളി ഒണ്ടുകിൽ എല്ലാ പള്ളികളിലും വെവ്വെറെ കൂടുവാൻ വെണ്ടുന്ന ജനം ഒണ്ടുകിൽ ഓരൊരൊ പള്ളികൾ കൂടുവാൻ ലൊ

---

107. 'ഏഴാം മൌതപാ, എഴാം കൂടിവിജാരം' എന്ന കാണുന്നതു ശരിയല്ല. തൊട്ടുമുള്ളതു് അഞ്ചാം മൌതപായും തൊട്ടു പിമ്പുള്ളതു് ഏഴാം മൌതപായും ആയതുകൊണ്ടു് ഇതു് ആറാം മൌതപാ എന്നു് തീരുമാനിക്കാം. വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്ന എല്ലാ പകർപ്പുകളിലും ശ്രീ കെ. എൻ. ഡാനിയേൽ വിവിധ ദേശങ്ങളിൽ നിന്നു ശേഖരിച്ച ആറു പകർപ്പുകളിലും ഈ തെറ്റുകാണുന്നതുകൊണ്ടു് ഇപ്പോഴുള്ള പകപ്പുകൾക്കെല്ലാം ഒരു മൂലകൃതിയാണുള്ളതെന്നു് ഊഹിക്കാം. സൂനഹദോസിൽ സംബന്ധിച്ചിരുന്നവർ ഒപ്പുകൂത്തിയ മൂലഗ്രന്ഥത്തിൽ (autograph) തന്നെ ഈ പിഴ ഉണ്ടായിരുന്നിരിക്കണം. "Community of error—or peculiarity of reading—certainly implies a common origin" —ടെക്സ്ചൽ ക്രിട്ടിസിസത്തിന്റെ ഒരു പ്രാഥമികതത്വമാണിതു്.

108. // of the reformation of church affairs.

109. മെത്രാന്മാരാൽ — മെത്രാന്മാരിലൂടെ (Through the Bishops). അടുത്ത രണ്ടു വാക്യങ്ങളിലും 'through' എന്ന അർത്ഥത്തിലാണു് 'ആൽ' പ്രയോഗിച്ചിരിക്കുന്നതു്.

110. വലയത്തിൽ കാണുന്ന ഭാഗം മാന്നാനം കോപ്പിയിലില്ല; ബി.യിൽ കാണുന്നു.

കരെ പവുക്കയും വെണം. ഓരൊരൊ പള്ളിക്കൽ ഓരൊരൊ വിഗാരിമാരെ നിറുത്തുകയും വെണം. വിഗാരിമാര തങ്ങടെ എടവകയിൽ ഒള്ളവര ഇത്ര എന്ന റിവാനും അവക്ക വെണ്ടുന്ന നന്മകളെ പ്രവൃത്തിപ്പാനും ആയിട്ട തൻറെറ തൻറെറ എടവകയിലുള്ളവരുടെ പെരും പൊതിച്ച കണക്ക എഴുതിവച്ചിരിക്കയും വെണം. വിശെഷിച്ച ഒരൊരൊ എടവകയിൽ വെന്തിച്ചവര തങ്ങടെ എടവകയിൽ തന്നെ വെണം കുദാശകയും കൈക്കൊള്ളുവാൻ. തങ്ങടെ വിഗാരീടെ അനുവാസം കൂടാതെ മററു എടവകയിൽ ചെന്ന കുദാശകയും കൈക്കൊള്ളരുത. എന്നാൽ കുംപസാരം എന്ന കുദാശ കുംപസാരിപ്പാൻ അനുവാസം ഒള്ള പട്ടക്കാരൊട കുംപസാരിച്ച കൊള്ളാം. വിശെഷിച്ച മെനക്കെട്ടനിന്ന വിഗാരിമാര വഴിയെ തൻറെറ അമി ശത്തിന്ന എണങ്ങര (111) കൊട്ടക്കുന്നത കൂടാതെ നാം നമ്മുടെ കണക്കിൽ എല്ലാ വക്കും ആയിട്ട പതിനായിരം പണം കൊടുക്കുമാറ കല്പിച്ചു. അത എല്ലാവക്കു മായി കണക്ക കണ്ടാൽ ഓരൊരുത്തക്ക അടങ്ങുന്ന ഒവകരി നാം കൊടുക്കുന്ന താനും. എണങ്ങര കൂട്ടുവാൻ ഇല്ലാത്ത പള്ളിക്കൽ വിഗാരീനെ നിറുത്തണ്ടാ. ആ പള്ളി എണങ്ങര കൂട്ടുന്ന പള്ളിക്കൽകൂടെ ചെരുന്ന അത്രെ.

രണ്ടാം കാനൊന [S. viii D. ii]

പള്ളികളെ എടവകയായി തിരിപ്പാനും അതത എടവകയിൽ വെണ്ടും പൊലെ ഓരൊരുത്തരെ നിറുത്തുവാനും നീക്കുവാനും മലംകരെ മെല്പട്ടക്കാരനെ ആവു.

വിശെഷിച്ചും മലംകരെടെ നല്ല വാഴ്ചനെക്കുറിച്ച ഒര എടവക ഒരുത്തക്ക മരിപ്പൊളുത്തക്ക അടക്കിക്കൊട്ടക്കരുത എന്ന ശ്രുദ്ധമാന സൂനഹദൊസ പ്രമാ ണിക്കുന്നു.

മൂന്നാം കാനൊന [S. viii D. iii]

ശ്രുദ്ധമാന ത്രെൻതൊസ എന്ന സൂനഹദൊസിൻെറെറയും കല്പന ആകുന്ന ഒര പട്ടക്കാരന രണ്ട പള്ളിക്കലെക്ക കൂടെ വിഗാരിയായി നിക്കരുതന്നും രണ്ട പള്ളി ക്കലെ ഉപകാരം ഒരിമിച്ച യാവരിക്കരുത (112) എന്നും. എന്നാൽ ഇ മലംകര എടവകയിൽ ചെല പട്ടക്കാരക്ക പല പള്ളികളിൽ വെന്തും ഒണ്ടന്നും ആ വെന്തം കൊണ്ട അതഅത പള്ളിക്കലെ അമിശ കുറ കൂടെ വാങ്ങുന്ന എന്നും ശ്രുദ്ധമാന സൂനഹദൊസ കെട്ടാറെ അത മാറണം എന്ന കല്പിച്ചു. വിശെഷിച്ച ഒരു പട്ടക്കാ രൻെറ കാൻവര രണ്ട പള്ളി വച്ചിട്ടുണ്ടംകിലും ആ രണ്ട പള്ളിയയും അതിലെ ഉപകാരങ്ങളും ഒര പട്ടക്കാരൻ അടക്കിക്കുടാ. രണ്ടാൽ ഒന്ന തനിക്ക ആക്കി ക്കൊണ്ട മറാത മെല്പട്ടക്കാരൻ ആകുന്നവക്ക ആകുകയും വെണം. ഇകല്പനക്ക

---

111. ബി. യിലെ പാഠം കൂടുതൽ സ്വീകാര്യമായിതോന്നുന്നു: '....വഴിയെ തൻെറെറ അംശങ്ങളെ പ്രവൃത്തിക്കുന്നെടത്ത അവക്ക യാവനെക്ക....'

112. 'വ്യാപരിക്ക' എന്നതിൻെറ തദ്ഭവമാണല്ലോ 'യാവരിക്ക'. ആ പദം ഈ പ്രക രണത്തിൽ പ്രസക്തമല്ല. 'യാവിക്ക' എന്ന തിരുത്തുകയാണ് ഉചിതമെന്നു തോന്നുന്നു. 'no priest shall hold two churches with care, or receive the fruits of them' എന്നു Hough ൽ (p. 644) കാണുന്നതു ശ്രദ്ധിക്കുക.

"Emendations which are based wholly on conjecture must be the last resort of the textual critic, yet they are some times necessary and sound" — ഈ തത്വം അനുസ്മരിക്കുക.

തക്കവണ്ണം ഇരിയാത്ത പട്ടക്കാരെന്ന അനെകം ദൊഷം ഒണ്ട. മെല്പട്ടക്കാരര വഴി യെ കൂറപ്പട്ടക്കയും വെണം. വിശെഷിച്ചും വിഗാരിയാവാൻ തക്ക പട്ടക്കാരൻ ഇല്ലാത്തതുകൊണ്ടും ഏറിയൊരദിഷ്ടതി ആകുന്നതിനെക്കൊണ്ടും ഒരു പള്ളിയിലെ വിഗാരിയെ അതിന്നടുത്ത പള്ളീലെക്ക കൂടെ വിഗാരിയാക്കുക അരുത എന്നില്ല.

നാലാം കാനൊന [S. viii D. iv]

മലംകരെ ചെല പള്ളികളിൽ പട്ടക്കാരര ഇല്ല. അതിനെക്കൊണ്ട പള്ളിയു ടെ എടവകയിൽ ഒള്ളവരുടെ ആത്മാവുകൊക്ക അനെകം ചെതം ഉണ്ടായിരിന്ന എന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞാറെ ഓരൊരൊ പള്ളിക്കൽ എടയര ആയി ഒരൊരൊ പട്ടക്കാരര നിന്ന തൻറാ എടവകയിൽ ഒള്ളവരുടെ ആത്മാ വിന്നടുത്ത നല്ല പ്രവൃത്തികളെയും പ്രവൃത്തിച്ച നിക്കണം എന്ന കല്പിച്ച. ഒരെ ടത്ത കൽപിച്ച പട്ടക്കാരക്ക അവുടെ ചെന്ന നിപ്പാനായി (മടി) (113) ഒണ്ടാ കിൽ മലംകരമെൽപ്പട്ടക്കാരൻ ശ്രുദ്ധമാന പള്ളി കൽപിച്ച കൂറപ്പാകൊണ്ട കൂറപ്പെടുത്ത തന്നെ കല്പിച്ചെടെത്ത നിൽപ്പാറ ആക്കുകയും വെണം.

അഞ്ചാം കാനൊന [S. viii D. vi]

തിരുവാക്കൊട്ട (114) എന്ന ദെശത്ത മാമ്മൊദീസായും ശെഷം മാറ്റത്തിന്ന വെണ്ടുന്നത ഏതും കൂടാതെ ചെല നസ്രാണികം ഒണ്ട എന്ന ശ്രുദ്ധമാന സൂനഹ ദൊസ അറിഞ്ഞാറ അവരുടെ ആത്മാവുകൊക്കവെണ്ടി മാറ്റത്തിന്ന അടുത്തത എല്ലാം പ്രവൃത്തിപ്പാൻ അവുടയും എടയൻ ആയി ഒരു പട്ടക്കാരൻ നിക്കണം എന്ന കല്പിച്ച. ആ പട്ടക്കാരക്ക മററ പട്ടക്കാരെക്കായിൽ ഏറെ ഏതാനും മാസപ്പടി യാൽ കൂടെ കല്പിക്കണം എന്നും സൂനഹദൊസ കല്പിച്ച.

ആറാം കാനൊന [S. viii D. vii]

മലംകര നസ്രാണികളിൽ ചെലര അനെകം വടക്കെ അററത്ത തൊതറാ മല (115) എന്ന പെരൊള്ളടത്ത മാറ്റത്തിനടുത്തത ഏതും കൂടാതെ ഇരിക്കുന്ന എന്ന ശ്രുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട അവിടെക്ക ഒര പട്ടക്കാരനെ അയ ച്ചുടണം എന്ന ബഹുമാനപ്പട്ട മെത്രാനൊട അപെക്ഷിച്ച. ഔവണ്ണംതന്നെ കല്പി ക്കയും ചൈതു.

---

113. 'മടി' എന്ന വാക്ക് മാന്നാനം കോപ്പിയിലില്ല; ബി യിൽ കാണുന്നു.

114. 'തിരുവാൻകൊട' എന്ന ബി. യിൽ. തിരുവാൻകൊട്ടിൽ മതപരിവർത്തനം നട ത്തുന്നതിനുള്ള അനുവാദം മെനേസിസ് സമ്പാദിച്ചതായും പോ. കാനോനയിൽ കാണുന്നുണ്ട്.

115 തൊഡാമല (=തോഡമല) എന്ന ബി. യിൽ. കോഴിക്കോട് സാമൂതിരിയുടെ രാജ്യാതിർത്തിയിൽ സ്ഥിതിചെയ്തിരുന്ന പ്രദേശമാണ തോഡമല. മാത്തൊമ്മായിൽനി ന്നും ക്രിസ്തുമതം സ്വീകരിച്ച മൈലാപ്പൂർ (തമിഴ്നാട്) നിവാസികളിൽ ഒരു വിഭാഗം തോഡമലയിൽ വന്ന പാർപ്പുറപ്പിച്ചുവെന്നും പിൽക്കാലത്ത് അവരുടെ ക്രൈസ്തവവി ശ്വാസം നഷ്ടപ്പെട്ടുവെന്നും ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നു. കൂടുതൽ വിവരങ്ങൾ ക്ക്: Mundadan, Traditions, p 88-92; 110.

ഏഴാം കാനോന [S. viii D. viii]

ക്ലാശകളും അതിന്ന ഇന്നയിന്ന സൈത്തും വെണം എന്ന എടയിൽ ആരും കല്പിച്ചത അല്ല പിന്നയൊ ഈശൊമിശിഹാ കത്താവ താൻ അത്രെ. ഇത്ര ക്ലട്ടം സൈത്തവെണം എന്നതിനെക്കൊണ്ട എങ്ങനെ പെരുമാറെണ്ട എന്നും മിശിഹാ കത്താവ പെസഹാസ്സ തൻെറ ശ്ലീഹന്മാരെ പടിപ്പിച്ചു. മൂറൊൻ എന്ന സൈത്ത ഒരുശ്രമാടെ സാധനം ആയി കല്പിച്ചു. ക്ലൈശക്കാരുടെ സൈത്ത എന്ന ചൊല്ല ന്നത ഒട്ടക്കത്തെ ഒപ്പ്യശ്രമാടെ സാധനം ആയി കല്പിച്ചു. മാമ്മൊദീസാടെ സൈ ത്ത എന്ന ചൊല്ലുന്നതുകൊണ്ട മുങ്ങും മുൻപെ മുങ്ങുന്നവക്ക തൊടണം എന്നും കല്പി ച്ചു. ഇതിനെക്കൊണ്ട ശ്രുദ്ധമാന സുനഹദൊസ കല്പിച്ചു ഓരൊരൊ പള്ളിക്കൽ സൈത്ത മൂന്ന ക്ലട്ടവും ചരസിച്ച വൈപ്പാൻ ഓരൊരൊ ചെപ്പ ഒണ്ടാക്കി വൈക്ക ണം എന്ന. എന്നാൽ ബഹുമാനപ്പെട്ട മെത്രാൻ മലംകരക്ക വെണ്ടുന്ന സൈത്തും ക്ലാശ ചൈത ഓരൊരൊ പള്ളിക്ക വെണ്ടുന്ന സൈത്തും അതിനെ ശരസിപ്പാൻ ചെപ്പും ഓരൊരൊ സൂപ്പ്ലീസ എന്ന ചൊല്ലുന്ന വെള്ളക്കുപ്പായവും കുപ്പായക്ക ല്ലും ബഹുമാനപ്പെട്ട മെത്രാൻ തൻെറ കണക്ക ഒണ്ടാക്കീട്ട ഒണ്ട. അത അവിടെ വിശ്വാരിമാരായി നില്പാൻ കല്പിച്ച പട്ടക്കാരെ ഇ സുനഹദൊസ പിരിയും മുൻപെ തങ്ങടെ തങ്ങടെ പള്ളികൾക്ക മൂന്ന ക്ലട്ടവും വാങ്ങിക്കൊണ്ട പൊകണം എന്ന കല്പിച്ചു. വിശെഷിച്ച ശ്രുദ്ധമാന സൈത്ത ഇരിക്കുന്ന ചെപ്പ വിശ്വാരിമാ രെക്കൊണ്ട തങ്ങൾ നിക്കുന്ന പള്ളിക്കൽ ചെന്നാൽ മദ്ബഹായിൽ ഒര പൊറത്തെ മതിലിൽ ഒട്ട പെട്ടിച്ചെട്ടുപ്പിച്ച ഒര അകമായിതീത്ത അതിന്ന കതകും പൂട്ടും ഒണ്ടാക്കിച്ച അതിൽ വച്ച പട്ട ചീലകൊണ്ട മൂടി അടച്ചുപൂട്ടുകയും വെണം. മദ്ബ ഹായിൽ അല്ലംകിൽ ചമയപ്പുരയിൽ താൻ മാമ്മോദീസാ കഴിയുടെ അരികെ താൻ മെൽ എഴുത്ത പെട്ടവണ്ണം പണി ചൈയിപ്പിച്ച ചരസിക്കണം. ശ്രുദ്ധമാന സുനഹദൊസ പ്രമാണിക്കുന്ന അനെകം ബഹുമാന്യവും ദൈവതയും തൊന്നുവാൻ തക്കെടത്തവെണം അത ശരസിപ്പാൻ. വിശെഷിച്ചും വിശ്വാരിമാരാകുന്ന പട്ടക്കാ രര പള്ളിക്കൽ ഒണ്ട സൊല്പം ദൂരെ ഇരിക്കിൽ (116) തൻെറ വീട്ടിൽ യൊഗ്യം ആകുന്ന ഒര എടത്തിൽ വച്ച പൂട്ടി അവുടെന്ന തന്നെ വിളിക്കുന്നെടത്ത സൈത്തും കൊണ്ട ചെന്ന അത കൊണ്ട വെണ്ടുന്നത പ്രവൃത്തിപ്പാൻ. വിശെഷിച്ചും സൈ ത്തും ചെപ്പുംകൊണ്ട പൊറപ്പെട്ടുന്നെടത്ത പട്ടക്കാരൻ താൻ തന്നെ അത്രെ വെണ്ട. അത അല്ലംകിൽ ക്ലാശപട്ടം ഒള്ളതിൽ ഒര ശമ്മാശവെണം അത എടുത്തുകൊണ്ട പൊവാൻ. വിശെഷിച്ച പെസഹാസ്സ അക്കാലത്തെ സൈത്ത വെളക്കിൽ വീ ത്തി എരിച്ചെക്കയും വെണം, അല്ലംകിൽ മാമ്മോദീസാകഴിയിൽ വീത്തി ഒട്ട ക്കണം. എന്നാൽ പെസഹാ കടന്നാൽ പഴെ സൈത്ത കൊണ്ട പെരുമാറാതെ പുത്തൻ സൈത്ത കൊണ്ട പെരുമാറുകെ ആവു. അതിന്ന കൈമാസാ പെരുനാൾ കടന്നാൽ മെത്രാൻ ഇരിക്കുന്നെടത്തതാൻ അവുടെന്ന കൽപിക്കുന്നെടത്തതാൻ പട്ടക്കാരൻ ചെപ്പുംകൊണ്ട ചെന്ന സൈത്ത എല്ലാം വാങ്ങിക്കൊണ്ട പൊരികയും വെണം. മെത്രാൻ സൈത്ത ക്ലാശ ചൈവാൻ മലംകര ഇല്ലാത്തപ്പൊൾ കൊച്ചി യിലെ വല്യപള്ളിക്കൽ ചെന്ന കൊണ്ട പൊരികയും വെണം. അവിടുത്തെ മെ ത്രാൻെറ അനുവാസത്തൊട്ടുകൂടെ. മെത്രാൻ മലംകര ഇല്ലാത്തപ്പൊൾ മലംകര മെത്രാൻെറ എടത്തിൽ ഇരിക്കുന്നവര അത കൽപിക്കയും വെണം. വിശെഷി ച്ച വിശ്വാരി താൻ താനെ എംകിലും മറ്റ അതിന യൊഗ്യം ആകുന്നവര ആരാ നും എംകിലും യാത്രയാക്കി കൈമാസാ പെരുനാൾ കടന്ന ഒരു മാസത്തിന്ന

116. 'പള്ളിക്ക സ്വല്പം ദൂരെ ഇരിക്കിൽ' — ബി. യിലെ പാഠം ഇതാണ്.

കത്ത സൈത്ത തന്റെറ ഉത്സാഹംകൊണ്ട പള്ളിക്കലെക്ക കൊണ്ട പൊരണം കൊണ്ടവന്ന വൈക്കാത്ത വിഗാരി ആറുമാസത്തെക്ക തന്റെറ പട്ടത്തിന്റെറ അമിശം പ്രവൃത്തിക്കയും അരുത. അത കൊണ്ട ഒള്ള യാവ്യം ഒണ്ടാകരുത. കാല ത്ത അടുത്ത ഒള്ള പള്ളിക്കെന്ന കൊണ്ടപൊരുമാറ കല്പിക്കയും വെണം.

എട്ടാം കാനൊനാ [S. viii D. ix]

മലംകര എടവകയിൽ കൊള്ളെണ്ടന്ന പെരുനാംകളംകൊണ്ട അനെകം കൊഴപ്പം ഒണ്ട എന്നതിനെക്കൊണ്ട ശുദ്ധമാന സുന്നഹദൊസ കൊള്ളെണ്ടന്ന പെരുനാംകളം ആ പെരുനാളുകളിൽ വെലപ്രവൃത്തിയും കച്ചൊടപ്പാടും അരുത എന്നതും ഇന്ന ദിവസങ്ങം കല്പിക്കുന്നു. അത ആകുന്നത ആണ്ടിലെ ഞാറാഴ്ചകം ഒക്കെയും—:: 1 :: മകര ഞായറ (117) ഒന്നാം ദിവസി, കത്താവിന്ന വറുഗീസ ഇട്ട ദിവസം. 6 ന മൂവര രാജാക്കം മിശിഹാസ്സ കാഴ്ചവെച്ച ദിവസം. കുംഭ ഞാ യറ 2 ന മത്തമറിയത്തുമ്മാ മാറാനീശൊമിശിഹാനെ ഓറശെലെംപള്ളിക്കൽ കൊണ്ടചെന്ന ദിവസം. 24 ന മത്യാശ്ലീഹാടെ ദിവസം. 25 ന കത്തുള്ള എന്ന ആണ്ടിം മത്യാശ്ലീഹാടെ ദിവസം കൊള്ളണം. മീനഞായറ 25 ന മാലാഖ വന്ന വചനിച്ച ദിവസം. മെട ഞായറ 24 ന മാർ ഗീവറുഗീസിന്റെറ ദിവസം. (118) എടവ ഞായറ 1ന മാർ പീലിപ്പൊസ മാർ യാക്കൊവ ശ്ലീഹന്മാരുടെ പെ രുനാം. മിഥുനം ഞായറ 24 ന മാർ യൊഹന്നാൻ മാംദാനാടെ ദിവസം. 28 ന പത്രൊസ പൌലൊസ ശ്ലീഹന്മാരുടെ ദിവസം. (119) കക്കടക ഞായറ 2 ന മത്തമറിയത്തുമ്മായും ഏലിശാ ഉമ്മായും തങ്ങളിൽ കണ്ട ദിവസം. 3 ന മാർ ത്തൊമ്മെടെ ദിവസി. ചിങ്ങ ഞായറ 6 ന (120) 25 ന : : മാർ യാക്കൊ ശ്ലീഹാ ടെ ദിവസം. ചിങ്ങഞായറ 6 ന ഗെലിയാൻ നദമാറാനടെ ദിവസം. 15 ന മത്ത മറിയത്തുമ്മാ ആകാശത്ത എഴന്നള്ളിയ ദിവസം. 24 ന വത്തൊൽമൈശ്ലീഹാടെ ദിവസം. കന്നി ഞായറ 8 ന മത്തമറിയത്തുമ്മാടെ പെറന്നദിവസം. 13ന മാർ സ്ലീഹാടെ ദിവസം. (121) 21 ന മത്തായി ശ്ലീഹാടെ ദിവസം. 29 ന മിഖായൽ എന്ന മാലാഖാടെ ദിവസം. തുലാം ഞായറ 28ന മാറ ചെമഹൊൻ കന്നാടയും യൂദാ എന്ന ശ്ലീഹാടെയും ദിവസം. (122) വൃശ്ചികഞായറ 1ന എല്ലാ പുണ്യവാ ളന്മാരുടെയും ദിവസം. 20 ന മാർ അന്ത്രെയാസുശ്ലീഹാടെ ദിവസം (123). ധനവ

---

117. മാസങ്ങളുടെ പേരുകം ഉപയോഗിച്ചിരിക്കുന്നത് വിചിത്രമായ രീതിയി ലാണ്.

മകരം	=	JANUARY	കന്നി	=	SEPTEMBER
കുംഭം	=	FEBRUARY	തുലാം	=	OCTOBER
മീനം	=	MARCH	വൃശ്ചികം	=	NOVEMBER
മേടം	=	APRIL	ധനു	=	DECEMBER
ഇടവം	=	MAY	'മകര ഞായറ ഒന്നാം ദിവസി' എന്നു പറഞ്ഞാൽ January ഒന്ന് എന്നു ധരിക്കണം.		
മിഥുനം	=	JUNE			
കർക്കിടകം	=	JULY			
ചിങ്ങം	=	AUGUST			

118. 23 ന എന്നു പോ. കാനോനയിൽ കാണുന്നു.
119. 29 ന എന്നു പോ. കാനോന.
120. '6ന' എന്ന ഭാഗം ബി. യിലില്ല. 25 ന എന്നു മാത്രം പോ. കാനോന.
121. 14 ന എന്നു പോ. കാനോന.
122. 27 ന എന്നു പോ. കാനോന.
123. 30 ന എന്നു പോ. കാനോന.

ഞായറ 8 ന മത്തമറിയത്തുമ്മാ അന്ന ഉമ്മാടെ വയററിൽ ജനിക്കപ്പെട്ട ദിവസം. (18 ന മയിലാപ്പൂരുമാർ സ്ലീവാ വെയക്കുന്ന ദിവസം. 25 (124) മാർ തൊമ്മാശ്ലീഹാടെ ദിവസം) (125). 21-ാം തീയതി മിശിഹാ പറെന്ന ദിവസം (126). അതിനടുത്ത ദിവസം രണ്ടും കൂടെ കൊള്ളണം. അത ആകുന്നത 26 ന മുമ്പിൽ മാറ്റും ചൊല്ലി മരിച്ച എസ്തപ്പാനൊസ എന്ന പുരുഷന്റെറ ദിവസം. 27 ന മാർ യൊഹന്നാൻ ശ്ലീഹാഏവൻഗെലിസ്ത്താടെ ദിവസം. ദുഃഖവെള്ളിയാഴ്ചനാളിന്റെറ തലെദിവസം ഉച്ചക്ക തൊടങ്ങി ആ വെള്ളിയാഴ്ചനാം അന്തിയൊളം കൊള്ളെണ്ടുന്ന ദിവസം. അൻപത നൊയംപ വീട്ടുന്ന ദിവസവും അതിനടുത്തശെഷം മൂന്നും കൂടെകൊള്ളണം. നാല്പതാം പെരുനാളും അതിനടുത്ത ശെഷം രണ്ടും ദിവസംകൂടെ കൊള്ളണം. പുതു ഞാറാഴ്ച കടന്ന വരുന്ന വ്യാഴാഴിച്ചനാം കുബാന സ്ഥാപിക്കുന്ന ദിവസം. ഇരുപത്തഞ്ച നൊയമ്പ വീടിയാൽ അൻപത നൊയമ്പ വീട്ടുവൊളം (127) എടയിലുള്ള വെള്ളിയാഴ്ചകം മലംകര ചെലടത്ത കൊള്ളുന്നത കൊള്ളണ്ടാ എന്ന ശുദ്ധമാന സൂനഹദൊസ കല്പിച്ചു. ആ ചെല വെള്ളിയാഴ്ചകളിൽ കൊള്ളുന്ന ചെല പെരുനാളുടെ പുണ്യാളൻക്ക വെവ്വെറെ ദിവസം കല്പിച്ചു എന്നതിനെക്കൊണ്ട ചെല വെള്ളിയാഴ്ചകളിൽ വിശ്വാസത്തിന്ന എടത്തുട്ടകാരുടെ ദിവസം ആയതിനെക്കൊണ്ടും.

ഒൻപതാം കാനൊനാ [*S. viii D. x*]

മലംകരെ എടവകയിൽ കൊള്ളെണ്ടുന്ന പെരുന്നാളുകളൊക്കയും ഒരുപൊലെ എല്ലാടത്തും കൊള്ളുമാറ ഇല്ലാഞ്ഞു. വിശെഷിച്ചും കല്പനയായിട്ട നൊയംപ നൊന്റെറ മതിയാവു എന്ന ദിവസങ്ങംകൊണ്ടും കൊഴപ്പം ഒണ്ടായിരുന്നു. അതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ കല്പിക്കുന്ന കീഴിൽ ഒണ്ടായിരുന്ന നൊയംപുകളും ഇപ്പൊം സൂനഹദൊസ കല്പിച്ചനൊയമ്പുകളും ആകുന്നത ഇത. ശുദ്ധമാന ബഹുമാനപ്പെട്ട അമ്പത നൊയമ്പും ക്ലങ്കശെസിമാ എന്ന ഞാറാഴ്ചനാം കടന്ന വരുന്ന മുമ്പിലത്തെ തിംകളാഴ്ചനാം അൻപതനൊയംപിന്റെറ തലെ നൊയംപ മലംകരെ മുമ്പെ ഒള്ള മരിയാതക്കതക്കവണ്ണം (128). ധനവ ഞായർ 1 ന തൊട്ട ഇരുപത്തഞ്ചാം ദിവസിയൊളം ഒള്ള ഇരുപത്തഞ്ച നൊയംപ. കുംഭമാസം 1ന 2ന കുറം വരുന്ന പെരുനാളിന്റെറ നൊയംപ. കുംഭ 23ന 24ന വരുന്നത ശുദ്ധമാന മത്യാശ്ലീഹായുടെ പെരുനാളിന്റെറ നൊയംപ. വിധിന ഞായറ 23 ന 24ന മാർ യൊഹന്നാൻ മാംദാനാടെ പെരുന്നാളിന്റെറ നൊയംപ. 23 ന 29 ന വരുന്നത പത്രൊസ പൌലൊസിന്റെറ പെരുനാളിന്റെറ നൊയംപ. കർക്കടകഞായറ 24 ന 25 ന മാർ യാക്കൊവ്ശ്ലീഹാടെ പെരുന്നാളിന്റെറ നൊയംപ. ചിങ്ങഞായറ 24 ന 25ന മത്തമറിയത്തുമ്മാ ആകാശത്ത എഴുന്നള്ളിയ പെരുന്നാളിന്റെറ

---

124. 21 ന എന്ന പോ. കാനോന.

125. ഈ ഭാഗം മാന്നാനം കോപ്പിയിലില്ല; ബി. യിൽ കാണുന്നു.

126. 25 ന എന്ന പോ. കാനോന & ബി.

127, 'പിടിപ്പൊളം' എന്നാണു ബി. യിൽ. നോയമ്പ് പിടിക്കുക = നോയമ്പ് തുടങ്ങുക; നോയമ്പ് വിടുക = നോയമ്പ് അവസാനിക്കുക. 'to Lent' എന്ന Hough ൽ കാണുന്നു.

128. കേരള ക്രിസ്ത്യാനികളും 'ക്ലങ്കശെസിമാ എന്ന ഞാറാഴ്ചനാം' മുതൽ നോയമ്പ് ആചരിക്കുന്നു. പാശ്ചാത്യസഭകളിൽ നോയമ്പ് തുടങ്ങുന്നതു 'കുനങ്കശെസിമ' കഴിഞ്ഞു വരുന്ന ബുനനാഴ്ച (Ash wednesday) മാത്രമാണു. ആ വ്യത്യാസമാണു സൂചിപ്പിക്കുന്നത്.

നൊയംപ (129) 23ന 24 ന മാർ വത്തൂൽമൈശ്ശീഹാടെ പെരുന്നാളിൻെറ നൊയംപ. കന്നി ഞായറ 7 ന 8 ന മത്തമറിയത്തുമ്മാടെ പെരുനാളിൻെറ നൊയംപ. 20 ന 21ന മത്തായി ശ്ലീഹാടെ പെരുന്നാളിൻെറ നൊയംപ. തുലാമാസം 17 ന 18 ന വരുന്ന തമാറ ചെമഹൊൻ ക്നാനായും യൂദാത്തന്തെ എന്ന ശ്ലീഹന്മാരുടെ പെരുനാളിൻെറ നൊയംപ (130). 21 ന വൃശ്ചികം 1 ന വരുന്ന എല്ലാം പുണ്യവാളരുടെയും നൊയംപ. വൃശ്ചിക ഞായറ 29 ന 30 ന വരുന്നത അന്ത്രയൊസ ശ്ലീഹാടെ പെരുനാളിൻെറ നൊയംപ. ധനവ ഞായറ 20 ന 21ന വരുന്നത മാറതൊമ്മാശ്ലീഹാടെ പെരുന്നാളിൻെറ നൊയംപ. 24 ന 25 ന മിശിഹാ പെറന്ന പെരുന്നാളിൻെറ നൊയംപ. ഇ നൊയംപുകളും ഒക്കയും കൂടാതെ എല്ലാറെക്കൊണ്ടും എല്ലാ പള്ളിയൊട്ടുംകൂടെ കൂട്ടുവാൻ ശ്രുദ്ധമാന സൂനഹദൊസ മലംകര എടവകയൊട പ്രമാണിക്കുന്നു. ആണ്ടിൽ പല കുറി മൂന്ന നൊയംപ വരുന്നത അറിയണം എന്നത നൊക്കണം എന്നും അൻപതനൊയംപിൻെറ മുമ്പിലുത്തെ ഞാറാഴ്ച കടന്നവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും കന്നി ഞായറിൽ വരുന്ന മാർ ശ്ലീഹാടെ പെരുന്നാളും കടന്നവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും ധനവ ഞായറ 13 ന വരുന്ന ശ്രുദ്ധമാന ലൂസ്യാ എന്ന സ്ത്രീയുടെ പെരുന്നാളകടന്നവരുന്ന ബൊധനാഴ്ചയും വെള്ളിയാഴ്ചയും ശനിയാഴ്ചയും 15 നൊയംപ അനെകം ശ്രുദ്ധതയും ബഹുമാനവും ഒള്ള നൊയംപ ആകുന്നതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നതിനെക്കൊണ്ട വിശ്വാസക്കാരര എല്ലാവരും അതിനെ നൊക്കണം എന്ന. എന്നാലും കൽപന ആയിട്ട ഒള്ള നൊയംപ അല്ല. ഇ വണ്ണം തന്നെ കന്നി ഞായററിൽ എട്ടനൊയംപ എന്ന ചൊല്ലുന്ന നൊയംപും. ഇവണ്ണം തന്നെ ശ്ലീഹനൊയംപ എന്ന ചൊല്ലുന്നതും. അത ആകുന്നത അൻപതാംപെരുന്നാൾ കടന്ന അൻപതാം ദിവസം നൊക്കുന്ന നൊയംപ. അതിനെ ചെലര നൊക്കുന്നു എംകിലും കല്പന ആയിട്ട ഒള്ളത അല്ല. അൻപത നൊയംപ പിടിക്കുന്നതിന്ന 18 ന മുൻപെ ഒള്ള മൂന്ന നൊയംപ അതിൻെറ ശ്രുദ്ധത ഓത്തിട്ട ശ്രുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നത അന്തരം കൂടാതെ ആ നൊയമ്പ നൊക്കണം എന്ന. നൊയമ്പിന്ന അട്ടത്ത യാവ്യമെ എല്ലാവരും ആ മൂന്ന ദിവസങ്ങളിലും ജാഗ്രിക്കാവു.

വിഗാരിമാര ഞാറാഴ്ചതൊറും ലൊകക്ക ചൈയുന്ന കുർബാന നെരത്ത അതത ആഴ്ചവട്ടത്തിൽ വരുന്ന നൊയമ്പും പെരുനാളുകളും അറിയിക്കണം. അതിന്ന ആണ്ടിൽ കൊള്ളെണ്ടുന്ന പെരുനാളുകളും നൊക്കെണ്ടുന്ന നൊയമ്പുകളും ഒര പലകയിൽ എഴുതണം.

പത്താം കാനൊന [*S. viii D. xvii*]

എല്ലാ പള്ളിയിലും മരിയാത ആകുന്നത ഹാനാൻ വെള്ളം പള്ളിക്കൽ പൊകുന്നെടത്ത ഒണ്ടായിരിക്കുന്നത, പള്ളിക്കൽ പൂകുന്നവര അതതൊട്ട തങ്ങടെ മെൽ തളിച്ച തങ്ങടെ ചാവദൊഷത്തെ തംപുരാൻ പൊറുക്കപ്പെട്ടുവാൻ മലംകരെ മിക്ക പള്ളികളിലും ചൈയുമാറ ഇല്ല. ചെലടത്ത ചൈക്കുന്നത ഉറുശ്ലമാ പട്ടത അല്ലാതാനും. ചെലടത്ത ഹാനാൻ വച്ച ഞായം മയിലാപ്പുരുന്നകൊണ്ട വരുന്ന മണ്ണു

129. '1 തൊട്ട 15 ന യൊളം മത്തമറിയത്തുമ്മാ ആകാശത്ത എഴുന്നെള്ളിയ പെരുന്നാളിൻെറ നൊയമ്പ' — ഇതാണ് ബി. യിൽ കാണുന്നത്.

130. '27 ന 28 ന വരുന്ന' — ഇങ്ങനെ ബി. യിൽ കാണുന്നു. പോ. കാനോനയിലും നോയമ്പ് 27 നും പെരുന്നാൾ 28 ന മാണ്.

വെള്ളത്തിൽ ഇട്ട. ചെല പള്ളികളിൽ മൈലാപ്പൂരെ മണ്ണ കൊണ്ട വന്ന ശരസിച്ച ഇരിപ്പതും ഒണ്ട. ചെലടത്ത കന്തിരിക്കം തന്നെ വെള്ളത്തിൽ ഇട്ട ഹാനാൻ വൈക്കന്നതും ഒണ്ട. ഇത മിക്കടത്തും പട്ടക്കാരര അല്ലാതെ കപ്പ്യാരന്മാര അത്രെ വൈത്ത ഞായം. ഇതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ അറിയിക്കുന്ന ഇങ്ങനെ ഒണ്ടാക്കുന്നവെള്ളം ഒന്നും ഹാനാൻ അല്ലാ എന്നും വിശ്വാസകാരര ഇത്തരം വെള്ളംകൊണ്ട യാവരിക്കരുത എന്നും. ഹനാന്റെറ ഫലത്തിന മൈലാപ്പൂര മണ്ണ എതും പിടിയാതാനും. ഇതിനെക്കൊണ്ട പട്ടക്കാരര തന്നെ വെള്ളം റുശ്രമാ (ചെയ്യാവു എന്നും ആ വെള്ളത്തിൽ റുശ്രമാ) (131) ഒള്ള ഉപ്പു ഇടണം എന്നും കല്പിച്ച. റൊമ്മാപ്പള്ളിയുടെ മരിയാതക്കതക്കവണ്ണം, ഒള്ള ക്രിയക്കതക്കവണ്ണം ഇ ക്രിയകൎംക്ക എല്ലാ പട്ടക്കാരരും പെക്കയും വെണം. എല്ലാ പട്ടക്കാരരും ഇ ക്രിയകൎംക്ക ഒത്തവണ്ണം പ്രവൃത്തിക്കണം എന്നും ശ്രുദ്ധമാന സൂനഹദൊസ കല്പിക്കുന്ന. എല്ലാ ശനിയാഴ്ചതൊറും വൈകിട്ട താൻ ഞാറാഴ്ചതൊറും മൈയലെ താൻ വെള്ളം റുശ്രമാ ചൈത വൈക്കണം എന്നും കല്പിക്കുന്ന. എല്ലായ്ലും മീതെ ഇട്ടുന്ന കറുബാനക്കപ്പായം കൂടാതെ ഒള്ള ചമയം ഒക്കയും വെന്നംതാനും. ഞാറാഴ്ചതൊറും കറുബാനതൊടങ്ങുമുമ്പെ ആ ചമയത്തൊട്ടുടെത്തന്നെ ലൊകക്ക റുശ്രമാവെള്ളം തളിക്കയുംവെണം. ആ നെരത്ത ചെല്ലുണ്ടുന്ന നമസ്കാരം എല്ലാം വെള്ളം റുശ്രമാ ചൈവാൻ ഒള്ളതിൽകൂടെ ഒണ്ടതാനും. വിഗാരിമാര ലൊകരൊട പഠിപ്പിക്കണം പള്ളിക്കൽ പൂകുംപൊഴം ഹനാൻവെള്ളംതൊട്ട തങ്ങടെമെൽ തളിച്ച സ്ലീവാ അടയാളം വരച്ച റുശ്രമാ ചൈയണം എന്ന.

പതിനൊന്നാം കാനൊന [*S viii D. xiv*]

ശ്രുദ്ധമാന സൂനഹദൊസ ശ്രുദ്ധമാന കിം കിസീസിമാ എന്ന ഞാറാഴ്ച കടന്ന തിംകളാഴ്ചനാഴം തന്നെ നൊയമ്പ തുടങ്ങുന്ന പഴെ മരിയാത സമ്മതിക്കയും ബഹുമാനിക്കയും ചൈയുന്ന. എംകിലും എന്നാലും എല്ലാ പള്ളിയൊട്ടുംകൂടെ ഒരുംപെടുവാൻ നൊയമ്പ പിടിച്ച മുമ്പിൽ വരുന്ന ബൊധനാഴ്ചനാഴം കാലത്തെ ഒശാന ഞാറാഴ്ചക്ക റുശ്രമാ ചൈത കുരുത്തൊല ചുട്ട വെണ്ണീരാ ഒണ്ടാക്കി റുശ്രമാ ചൈത ലൊകരുടെ നിറുകയിൽ പൊരട്ടണം. ആ നെരത്ത ചൊല്ലുണ്ടുന്ന വചനങ്ങടം ഇത 'മാനുഷാനീ പൊടി എന്നും പൊടി ആയി തിരിയുമെന്നും നീ ഒക്ക' എന്ന. റൊമ്മാപള്ളിയുടെ ക്രിയകൎംക്ക തക്കവണ്ണം പെക്കുന്നതിൽ എഴുത്ത പെടുംവണ്ണം, ആ ദെവസങ്ങളിൽ ദെഹദ്വെണ്ഡവും പ്രാശ്യതവും ഏറെക്കൈക്കൊള്ളണം. (ആയത മററ ഏതുമല്ല ലൊകക്ക നൊയമ്പിൽ വഴിയെ ദണ്ഡവും പ്രാശ്യതവും കൈക്കൊള്ളണം) (131) എന്ന തൊന്നുവാൻ തക്കൊര ശ്രുദ്ധമാന ക്രിയ അത്രെതാനും.

പന്ത്രണ്ടാം കാനൊന [*S. viii D. xv*]

എല്ലാ പള്ളിയുടെ മരിയാതക്ക തക്കവണ്ണം ഇ മലംകരെ പള്ളിയും കൂടെ ഒരുംപെടുവാൻ ശ്രുദ്ധമാന സൂനഹദൊസ ശാപദൊഷത്തിന്റെറ പ്രാശ്യതത്താൽ മിശിഹാ അടക്കപ്പെട്ടത ഒത്ത ചനിയാഴ്ചനാഴം എറച്ചി തിംകരുത എന്ന പ്രമാണിക്കുന്നു. മൊട്ടയും പാലും നെയും ശനിയാഴ്ചനാഴം യാവിക്കയും ആം. നൊയമ്പ അല്ലാതെ മീൻ തിന്നുന്ന ദിവസം ഇത എല്ലാ യാവിക്കയും ആം. വിശെഷിച്ച ഇ എടവകയിൽ മിക്കടത്തും ബൊധനാഴ്ചനാഴം എറച്ചി തിന്നാത്ത മരി

---

131. വലയത്തിനുള്ളിൽ കാണുന്ന ഭാഗങ്ങൾ മാന്നാനം കോപ്പിയിലില്ല; ബി. യിൽ കാണുന്നു. 'Homoioteleution' എന്ന പിഴയാണിത്.

യാത അനെകം ശ്രുദ്ധതയും ബഹുമാനവും ആയതിനെക്കൊണ്ട അങ്ങനെ അത എത്തണം എന്ന ശ്രുദ്ധമാന സൂനഹദൊസിന്ന അപെക്ഷ. എംകിലും ആ ദിവ സത്തിൽ എറച്ചി തിന്നുന്നത ശാപദൊഷം എന്ന വരാ. ഇതിനെക്കൊണ്ട ബൊ ധനാഴ്ചനാം എറച്ചി തിംകരുത എന്ന ഇപ്പാ. വിശെഷിച്ചും ശ്രുദ്ധമാന സൂനഹ ദൊസ അറിയിക്കുന്ന എറച്ചി തിംകരുത എന്ന വെലക്ക പെട്ട ദിവസങ്ങം പാതിരായൊട പാതിരാക്ക പകർച്ച ആകുന്ന എന്നും സന്ധ്യയൊട സന്ധ്യക്ക ദിവസം പകർച്ച എന്ന കൈക്കൊള്ളുന്നവര ശ്രുദ്ധമാനപള്ളി ഉപെക്ഷിച്ച യൂദ ന്മാരുടെ മരിയാത അത അത്രെ എന്നറിക.

പതിമൂന്നാം കാനൊന [S. viii D. xviii]

മലംകര എടവകയിലെ ലൊകക്ക വെണ്ടുന്ന ഓത്ത വഴിയെ പൊകാ എ ന്നും ഏതാനും പൊകുന്നവക്ക സുറിയാനിപെച്ചിലെ ആവുന്ത വശ്രമെയായും ശ്ശാമ്മലെഖ മറിയവും ചൊല്ലപ്പൊകം. അതിനെറ അത്ഥം ഇന്നത എന്ന അറി യാതെ ചൊല്ലി ഞായം. ഇത പട്ടക്കാരുടെ ഉത്സാഹം ഒപാരാസ്സുകൊണ്ട. ഇതി നെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന എല്ലാ പള്ളികളിലും ഒര നാം ഒരിക്കൽ പള്ളിയിലെ വിഗാരിതാൻ അയാടെ മനുക്ഷം താൻ അങ്ങാടി യിൽ മണിയും തട്ടിനടന്ന ആണും പെണ്ണും കിടാങ്ങളെ പള്ളിക്കൽ വരുത്തി വി ഗാരിതാൻ അയാടെ മനുക്ഷം ആകുന്ന ഒര കത്തനാരതാൻ ശെമ്മാശതാൻ അവ ക്ക ഒത്ത ചൊല്ലി പഠിപ്പിക്കുന്നും എന്ന. പഠിപ്പിക്കെണ്ടുന്ന ഒത്ത ആകുന്നത ഇത. ശ്രുദ്ധമാന സ്ലീവാടയും ആകാശങ്ങളിൽ ഇരിക്കുന്നതും നന്മനിറഞ്ഞ മറി യവും വിശ്വസിക്കുന്നതും തംപുരാൻെറ പ്രമാണങ്ങം പത്തും പള്ളിയുടെ പ്രമാ ണങ്ങളും വിശ്വാസത്തിൻെറ വകുപ്പുകളും ശെഷം ഒത്തുകളും. ഇത മലയാം ഭാഷ യിൽ വെണം. ലൊകക്ക അറിയാത്ത സുറിയാനിയിൽ അല്ലാ വെണ്ട. എല്ലാ പള്ളിയുടെ മരിയാത ആകുന്നത താന്താൻ അറിയുന്ന ഭാഷയിൽ പഠിപ്പിക്കുന്നത. വിശെഷിച്ചും ഞായാഴ്ചകളിലും പെരുനാംകളിലും ലൊകര പള്ളിക്കൽ വന്നാൽ വലിയവക്കും ചൊറിയവക്കും, എല്ലാവക്കും പടിക്കാൻ ആയിട്ട കുബാനക്ക മുൻപെതാൻ മയുലെ താൻ ചൊല്ലികൊടുത്ത പഠിപ്പിക്കണം. ഞായാഴ്ചതൊറും വസ്ത്രീട്ട വല്ല ജാതിയും മെൽ എഴുത്തുപെട്ടവണ്ണം കിടാങ്ങംക്ക ഒത്ത പഠിപ്പിക്ക ണം എന്ന. എല്ലാ പള്ളികളിലും മലയാം ഒത്ത എഴുത്തുപെട്ട ഓരൊരൊ പുസ്ത കം ഒണ്ടായിരിക്കണം.. ഇതിനെകൊണ്ട ശ്രുദ്ധമാന സൂനഹദൊസ ചെന്നൊത്ത മൂപ്പൻ പാദ്രെയൊടും ശെഷം അവുടെ ഒള്ള പാദ്രിമാരൊടുംകൂടെ അപെക്ഷിക്കുന്ന എല്ലാ പള്ളികളിലും ഒത്ത എഴുത്തുപെട്ട ഓരൊരൊ പൊസ്തകം എഴുതി വൈപ്പി ക്കണം എന്ന. വിശെഷിച്ചും ശ്രുദ്ധമാന സൂനഹദൊസ നസ്രാണികം ഒക്കയൊടും കൂടെ അപെക്ഷിക്കുന്ന തങ്ങം തങ്ങടെ സ്ഥലത്ത സണ്ടെക്ക ഓത്ത പഠിപ്പിക്ക ണം എന്ന. തങ്ങടെ സ്ഥലത്തൊള്ള വെള്ളാട്ടികളെയും പിള്ളെരും അതകെട്ട ചൊല്ലി പഠിപ്പാൻ. കുംപസാരിപ്പിക്കുന്ന പട്ടക്കാരൻ തങ്ങളൊട പെഴ മൂളുന്നവ ക്ക ഒത്ത പൊകൊമൊ എന്ന ശിക്ഷിച്ച അറികയുംവെണം. വഴിയെ ശ്രമിച്ച പഠി പ്പിക്കണം എന്ന മുറുകെ ചൊല്ലണം. അത എന്തെ? ബഹുമാനപ്പെട്ട മെത്രാപൊ ലീത്ത ഒത്തകൊണ്ട ചൊദ്യം ചൈതടത്ത അൽമ്മെനികൊംക്ക തന്നെ അല്ല ഓത്ത പൊകാത്തു! പിന്നയൊ കൂദാശപ്പട്ടം ഒള്ള ശെമ്മാശന്മാരിൽ പലക്കും ഓത്ത പൊകാ എന്നും തംപുരാൻെറ പ്രമാണങ്ങളും പൊകാ എന്നും അറിഞ്ഞതിനെ ക്കൊണ്ട സുറിയാനി പഠിപ്പിക്കുന്ന മല്പാൻമാരും എഴുത്ത പഠിപ്പിക്കുന്നവരും

നിത്തലും പഠിത്വം തൊടങ്ങും മുൻപെ ശിഷ്യക്ക് ഓത്ത പഠിപ്പിക്കണം എന്ന ശ്രുദ്ധമാന സൂനഹദൊസ കല്പിക്കുന്നു. ചെലര തങ്ങൾക്ക അർത്ഥം ആറിവാൻ വശമ ല്ലാത്ത സുറിയാനീലെ ഓത്ത പഠിപ്പിക്കുന്നതകൊണ്ട മതിയാക്കി ഞായം, ഔ വണ്ണം കീഴിൽ പഠിപ്പിച്ചതിനെക്കൊണ്ട. എന്നാൽ മലയാംഭാഷയിൽ ഒള്ള ഓ ത്ത ഒക്കയും വഴിയെ പ്പഠിയാത്തവക്ക പട്ടം ഒന്നും പട്ടത്തിനൊറ ആസ്ഥപ്പാ ടും കൊടുക്കരുത. ത്രെൻന്തൊസിലെ കല്പനക്ക തക്കവണ്ണം ഓത്തിനൊറ അർത്ഥം പട്ടത്തിന്ന മുൻപെ ഏറെ ശ്രമിച്ച ചൊതിക്കണം.

പതിന്നാലാം കാനൊന [S. viii D. xix]

മലംകര എടവകയിലെ വിശ്വാസക്കാരെ ഒക്കയും തങ്ങടെ നമസ്കാരം എ ല്ലാ പള്ളിയൊടുംകൂടെ ഒരുപൊലെ ഒരുംപെടുവാൻ തണ്ണിയ നെസ്തൊറീസകാരു ടെ പഠിത്വവും കൂടാതെ ശ്രാമ്മലെഖമറിയം എന്ന നമസ്കാരത്തിൽ ഒടുക്കത്തെ മൊഴികയം ഇല്ല. അതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. ഇ വണ്ണം അരുതെ ചെല്ലെണ്ട എന്ന. നന്മനെറഞ്ഞ മറിയം നിന്നൊട സ്വത്വം (132). കർത്താവു നിന്നൊടുകൂടെ. സ്ത്രീകളിൽ വാസ്തപ്പട്ടതും നീയ്യെ. നിന്റെ വയററിൽ ഫലം ആയ ഈശൊ വാസ്തപ്പട്ടതും. ശ്രുദ്ധമാന മറിയമെ, തംപുരാന്റെറ അമ്മെ, ഞങ്ങടം ദൊഷകാരക്കുവെണ്ടി ഇപ്പൊഴും ഞങ്ങളുടെ മരിപ്പുംനെരത്തും തംപുരാ നൊട അപെക്ഷിച്ചകൊടം. ആമ്മെൻ.

പതിനഞ്ചാം കാനൊന [S. viii D. xx]

മലംകര എടവകയിൽ ശ്രുദ്ധമാന ഈശൊ എന്ന പെര ചൊല്ലുമ്പൊടം ഏ തും ഒരആശാരം ചൈയുമാറ ഇല്ല. ഇത നെസ്തൊറീസകാരുടെ പൈണക്കത്തിന്ന പൊറപ്പെട്ട. ആശാരത്തിന്ന യെഗ്യം ഒള്ള പെര അല്ല ഇ പെര. അത എന്തെ? മാനുഷസൊകത്തിന്ന അട്ടത്ത പെര അരുതെ എന്ന അവരുടെ തിൻമയാലെ അ വര പകുത്ത മിശിഹാസ്സ ഇ പെര വിളിച്ച ഞായം. അനെകം ആശാരത്തിന്ന യൊഗ്യം ഒള്ള പെര ഇതാകുന്നു. ഇത എന്തെ? അനെകം ശ്രുദ്ധമാന പെരുമകടം തന്നിൽ അടങ്ങപ്പെട്ട പെര ആയതിനെകൊണ്ടും പെരകളിൽ ഒക്കയിലും മെ ല്പട്ട പെര ഇതആയതിനെകൊണ്ടും. 'ഇ പെർക്ക ആകാശമൊക്ഷത്തിലും ഭൂമി യിലും നരകത്തിലും ഒള്ളവര കൈംക്കുമ്പൊടം മുട്ടുകുത്തണം' എന്ന മാർ പൌ ലൊസ ശ്രീഹാ ചൊല്ലി. ഇതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ കല്പിക്കുന്നു. ഏവൻഗൊലിയൊൻ വായിക്കുന്നെടത്ത എംകിലും ശ്ലൈഹാനയിലെ ശ്രുദ്ധമാന നമസ്കാരങ്ങളീന്ന എംകിലും പൊരുടം പടാത്ഥയിൽ എംകിലും മററ വല്ലടത്തു നിന്നെങ്കിലും ഇ പെര കേടംക്കുന്നവര ഒക്കയും നിക്കിലും ഇരിക്കലും തല ചാ ച്ച ആചാരം ചൈയണം. പട്ടക്കാര എംകിലും അന്മെനികടം എംകിലും തൊ പ്പി ഇട്ടിട്ട ഒണ്ടെംകിലും അത അഴിക്കയും വെണം. വിഗാരിമാരും പൊരുടം പ റയുന്നവരും എല്ലാ പള്ളിയിലെ മരിയാതക്ക തക്കവണ്ണം പല ഊടൊക്കയും ലൊ കരൊട ഇത പറകയും വെണം. ദൈവത്തിനുടെ പുത്രന്റെറ പെര ഈശൊ എന്ന പെര ആയതിനെക്കൊണ്ട ആക്കും ഇ പെര വിളിക്കയും അരുത എന്ന വെലക്കു ന്നു. ആക്കാനും ഇ പെര ഒണ്ടെംകിലും ഒപ്പ്രുമാ കൈക്കൊള്ളുന്നപ്പൊടം മാററി മററ പെര വിളിച്ച കൊള്ളണം. അത എന്തെ? ഇത്ര വലിമയും ശ്രുദ്ധതയും ഒള്ള ഇപ്പെര ആക്കും വിളിക്കരുത എന്നതിനെക്കൊണ്ട—

---

132. 'നന്മനിറഞ്ഞ മറിയം തംപുരാൻ നിന്നൊട സ്വത്വം' എന്നാണ മാന്നാനം കോ പ്പിയിൽ കണ്ടന്നത്.

പതിനാറാം കാനൊന [S. viii D. xvi xxiv]

മലംകര മെത്രാന്റെറ എടവകയിലുള്ള നസ്രാണികളുടെ പഴയ മാർഗ്ഗത്തി
ലെ യുതന്മാരുടെ മരിയാത ആകുന്ന മരിയാത ഒണ്ടായിരുന്നു. അത ആകുന്നത
നൊയമ്പുകടെയും ഞായറാഴ്ചടെയും പെരുനാളുകളുടെയും ദെവസത്തിന്റെറ പ
കച്ച് സന്തീക്ക തൊട്ട ആകുന്നത. ഇ വണ്ണം മലംകര എല്പാവരും യാപരിച്ച ഇരു
ന്നു. എന്നാൽ ശ്രുദ്ധമാന സുനഹദൊസ അറിയിക്കുന്നു. കൊള്ളെണ്ടും ദിവസത്തി
ന്റെറ പകച്ചയും നൊയമ്പിന്റെറ പകച്ചയു പാതിരാസ്സു തൊട്ടത്രെ ആകുന്ന എ
ന്നു. ഇതിന്ന സദ്ദശം ശനിയാഴ്ചനാഴം പാതിരാ ചെന്നെ ഞാറാഴ്ചഫലം തൊടങ്ങു.
ഞാറാഴ്ചനാഴം പാതിരാ ചെന്നെ ഞാറാച്ചെടെ ഫലം കടന്ന തിംകളാച്ചെടെ ഫലം
തൊടങ്ങു. ഇ പറഞ്ഞ എടക്ക അത അത ദിവസത്തിൽ വെലക്കപ്പെട്ടത എല്പാം
വെലക്ക ആയി ഇരിക്കെ ആവു. ഇതിനെ പള്ളികളിൽ നിക്കുന്ന വിഗാരിമാര
വഴിയെ സൂക്ഷിച്ച കാത്തുകൊള്ളണം. അത എന്തെ? മലംകര ശ്രുദ്ധമാന ദിവസ
ങ്ങളം കെള്ളുന്നതിനെറ്റ തൂക്ക അനെകം അന്തരം ഒണ്ട ഒട്ടെറയും തന്നിയെ കി
ഴക്കും തെക്കും വടക്കും. ഇത മെത്രാപ്പൊലീത്താ താൻ നടന്നുകണ്ട അറികയും
പൈതു. കുടികളിൽ ഇരിക്കുന്നവര വെലപ്രവൃത്തിയും വാണിഭവും മാറെണ്ടുന്ന
ദിവസങ്ങളിൽ മാറാഞ്ഞാൽ വിഗാരിമാര അവരൊട വെറെ വിളിച്ച കുറപ്പെട്ട
ത്ത പറയണം. എന്നാൽ മാറിയില്ലാ എംകിൽ പള്ളിക്കപൊറത്ത ആക്കെണം.
കൈക്കത്തുരിയം കൊട്ടക്കരുത. വഴിയെ അഴിഞ്ഞ പ്രവൃത്തികളം മാറുവൊളം
അരുത—

പതിനെഴാം കാനൊന [S. viii D. xxi]

മിശിഹാ പിറന്ന ദിവസം എല്പാവരും എല്പാടത്തും ഒരുപൊലെ കൊള്ള
വാൻ ശ്രുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു. അതത പള്ളിയിലെ എടവകക്കാ
രര ആകുന്ന പട്ടക്കാരരും എണങ്ങരും പെരുന്നാളം അന്തീക്ക ഒക്കെയും പള്ളിയിൽ
യൊഗം കൂടണം എന്നും ആവെടത്തൊളം ചെതം ആയ ഘൊഷത്തൊട്ടുകൂടെ അന്ന
രായത്തെ നമസ്കാരം നമസ്കരിക്കയും വെണം. ശിരാഷ്ടക്ക കൂടുവാൻ തക്ക പട്ട
ക്കാരുടെ കണക്കിന തക്കവണ്ണം ഒട്ട എഗദെശം പാതിരായൊട്ടുകൂടെ (നമസ്കാരം
നമസ്കരിക്കയും വെണം) (133) നമസ്കാരം കൂടുകയും വെണം. നമസ്കാരം കൂടിയാൽ
നെററിയായിട്ട ഒള്ള കൊടിയും സ്ലീവായും എടുക്കണം. അത ഒട്ടങ്ങിയാൽ ഒര
റാസ കുർബാന ചൈയണം. അതിന്റെറ ശെഷം കത്തങ്ങന്മാക്ക സാമാന്യം ആ
യിട്ട ഒള്ള കുർബാന ചൈകയും ആം. പുലർകാലെ അണഞ്ഞാൽ പിന്നെയും ഒര
കുറുബാന ചൈയാം. മുന്നാം കുറുബാന കീഴിൽ സാമാന്യമായി ചൈയുന്ന നെ
രത്തെ ചൈകയും. എന്നാൽ പട്ടക്കാരര അറിയണം ആ ദിവസത്തിന്റെറ വലി
മകൊണ്ടും അതിൽ അടങ്ങുന്ന അത്ഥങ്ങംകൊണ്ടും ആ ദിവസത്തിൽ ഓരൊരൊ
പട്ടക്കാരക്ക് മൂന്ന കുറുബാന ചൈവാൻ അനുസരിച്ചിരിക്കുന്നു. ഒന്ന പാതിരാക്കും
ഒന്ന പുലർകാലയും ഒന്ന പണ്ട കീഴിൽ സാമന്യമായി ചൈയുന്ന നെരത്തും.
ഒന്നെ റാസ ആവു. മുമ്പിലെ കുർബാന രണ്ടിലും ശരീരവും ചൊരയും എന്നിയെ
ഏതും കെള്ളരുത. ചൊര കൊള്ളുന്നെടത്ത അനെകം സൂക്ഷിച്ചവഴിയെ ഈമ്പി
ക്കൊണ്ട വെള്ളവും കൊണ്ട കാസാ കഴുകി വച്ചെക്കയും വെണം. കാസാ കഴുകുന്ന
വെള്ളം ശ്രുദ്ധമാന എടത്തിൽ എങ്ങാനും വീത്തുകെ ആവു.

133. വലയത്തിനുള്ളിലുള്ള ഭാഗം മാന്നാനം കോപ്പിയിൽ മാത്രം കണുന്നു.

പതിനെട്ടാം കാനോന [S. viii D. xxii]

മാമ്മോദീസായും ഒപ്പ്രൂമായും പെരുങ്കുട്ടം എന്ന ക്രിയാശകലം പരമരഹസ്യം ആയി പട്ടക്കാരര പ്രവൃത്തിക്കുമ്പോഴും അതിന്റെറ ഏറെ ബഹുമാനത്തിന്നും ആയിട്ട സൂപ്പിലീസ എന്ന വെള്ളക്കുപ്പായവും അതിന്റെറ മീതെ ഊറാറയും ഇട്ട വെണം എന്ന ശുദ്ധമാന സൂനഹദോസാ പ്രമാണിക്കുന്നു. ഇക്കുടാശകലം റെമ്മാപ്പള്ളിയുടെ അടവുകളും ക്രിയകലാശകളും തക്കവണ്ണം കണ്ടറിഞ്ഞു കൈക്കയും വെണം. ഇതിനെക്കൊണ്ട ചെന്നൊത്തെ മൂപ്പൻ ആകുന്ന സംപാളൂർ പാദ്രിയൊട തന്റെറ അവുടെ പഠിക്കുന്നവരെക്കൊണ്ട മലങ്കര എത്ര പള്ളി ഒണ്ട അത്രയും ക്രാസ്സുകളും ഇ മെൽ എഴുത്തുപെട്ട അടവുകളും ഒക്കയും എഴുതിച്ച കൊടുക്കണം എന്ന സൂനഹദൊസ അപെക്ഷിക്കുന്നു. ഓരൊരൊ കൂട്ടം ക്രാസുകളും ഓരൊരൊ പള്ളിക്കൽ ഒണ്ടായിരിക്കണം. ആ ക്രാസുകളിൽ മാമ്മൊദീസാ മുക്കുന്നതിന്റെറയും ഒട്ടക്കത്തെ ഒപ്പ്രൂമാ ചൈയ്യുന്നതിന്റെറയും, പെണ്ണുകെട്ടിക്കുന്നതിന്റെറയും കുംപസാരിച്ച പെഴ പൊക്കുമ്പോളും ചൊല്ലുണ്ടുന്നതിന്റെറയും കുറുബാന കൊടുക്കുമ്പോളത്തെ അടവും ചൈത്താൻ ക്രൈശത്തിന്റെറ ഒള്ള അടവും ഹാനാൻവെള്ളം റൂശ്രമാ ചൈവാൻ ഒള്ള അടവും അൻപത നൊയമ്പിന്ന നിറുകയിൽ പെരുട്ടവാൻ വെണ്ണീര റൂശ്രമ ചൈവാൻ ഒള്ള അടവും മെഴുകുതിരി റൂശ്രമാ ചൈവാൻ ഒള്ള റൂശ്രമായും ഓശാന ഞായാഴ്ചനാളും കുരുത്തോല റൂശ്രമാ ചൈയ്യുന്നതിന്റെറ അടവും വലിയവരയും ചെറിയവരയും അടക്കുവാൻ ഹന്നാദായും അടവും പള്ളിയിൽ ചകം അടക്കുന്ന അടവും അശുദ്ധമാകപ്പെട്ടപൊയാൽ വീണ്ട ശുദ്ധമാക്കുവാൻ ഒള്ള റൂശ്രമായും അടവും ഇത എപ്പൊരും എഴുത്തപെടുന്ന ക്രാസുകളും ഒക്കയുംകൂടെ ഒരു പൊസ്തകം ആയി കുത്തിച്ച മൂപ്പന്റെറ ഒപ്പും ഇടണം. അതിൽ എഴുത്തപെടുന്നതിന്ന അന്തരം വരായ്യാൻ ആരും ഇങ്ങനെ എഴുതിവൈക്കുന്ന പൊസ്തകം തങ്ങാക്ക ആക്കിക്കൊള്ളുവാൻ അവകാശം ഒണ്ടാകരുത. പള്ളിക്കെ തന്നെ ഇരിക്കാവു.

പതെത്താൻപതാം കാനോന [S. viii D. xxv]

മലങ്കര എടവകയിൽ പള്ളി പുണ്യവാളര ആയി കൈക്കൊള്ളാത ചെലരുടെ പെക്ക ചെല പള്ളി ഒണ്ട. ഒട്ടെറയും ഇ പള്ളി സെൽപ്പൻ കാലത്ത വിശ്വാസത്തിന്ന അന്തരം ഒള്ളവരാലും നെസ്റ്റോറീസകാരരാലും മെല്പട്ടക്കാരരായി വഴങ്ങപ്പെട്ട കാലത്തെ അവര അങ്ങനത്തവരായ കാലത്ത അവക്ക പുണ്യവാളര എന്ന തൊന്നിയ വിശ്വാസക്കെട്ടുകാരുടെ പെക്ക പള്ളി വൈപ്പാൻ നിവൃഷമായി ഇരിക്കുന്നു. അത എന്തെ? അങ്ങനത്തവരെ ചൊല്ലി പള്ളീന്ന നമസ്കരിക്കയും വാസ്തുകയും ചൈത്ത ഞായം. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ കത്തങ്ങളൊട പ്രമാണിക്കുന്ന സൂനഹദൊസിന്നതാൻ ബഹുമാനപ്പെട്ട മെത്രാൻ നടന്ന കാണുന്നെടത്തുന്ന താൻ തന്നൊട പള്ളിയുടെ പെര അറിയിക്കണം എന്ന. വിശെഷിച്ച പട്ടവന പറവുരും ഉതിയംപെരും മറും ചെലടത്ത മാറ ചാവൊരമാർ അപ്രൊത്ത എന്നവരുടെ പെക്ക പള്ളിയൊണ്ട. (134) അവരെ പുണ്യവാളരെന്ന വിളിക്കുന്ന അവര ഇന്നാര എന്ന അറിയാതെ ഇങ്ങെ ദിക്കിൽ വന്ന അനെകം പ്രത്യക്ഷം പൈത്രവെന്നും ചെല്ലി. അവര ചൈതത ഇന്നത എന്ന എഴുത്തുപെട്ടതും ഇല്ല. വഴിയെ പറഞ്ഞ കെപ്പാനും ഇല്ലാ. നെസ്റ്റൊറീസകാരര എന്ന എത്ര നമുക്ക അവരെ തൊന്നുന്നു. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ഇവണ്ണം പെര ഒള്ള പള്ളികളെ ഒക്കയും എല്ലാ പുണ്യവാ

134. Mar Sapor & Mar Prod.

ളുടെ പെൺ ആയി ഇരിക്കണം. വൃശ്ചികഞായറ ഒന്നാംദിവസി അവരുടെ പെരുനാൾക്ക ആ പള്ളിയിടെ പെരുനാൾ കൊള്ളുകയും വെണം. ഇന്നി തുടങ്ങി മെടഞായറ ഇരുപത്തൊൻപതാം ദിവസം മാറ ചാവൊറ മാറ അപ്രൊത്ത എന്ന അവരുടെ പെൺ പെരുനാൾ കൊള്ളുന്നത കൊള്ളരുതതാനും. അവരുടെ പെൺ പള്ളികൾ വൈക്കയും അരുത.

ഇരുപതാം കാനൊന [S. viii D. xxvi]

വിശ്വാസക്കാരരാൽ പള്ളിക്ക ഏതാനും നെർച്ച ആയിട്ടും പള്ളിക്കാര്യം ആയിട്ടും പള്ളികൾക്ക ഒണ്ടാകുന്ന മൊതൽ പണ്ടാരത്തിൽ വച്ച പൂട്ടി പള്ളിയിൽ തന്നെ ഇരിക്കുന്നതിനെക്കൊണ്ട പലടത്തും പലകുറി കട്ടപോകുമാറ ഒണ്ട. അത സാമാന്യം ആയിട്ട എല്ലാവരും അറിഞ്ഞല്ലൊ ഇരിക്കുന്നു. ഇത സൊൽപ്പൻ കാലം പണ്ടാരം തൊറക്കാതെ പള്ളിക്കൽ വച്ചിരിക്കുന്നതിനെക്കൊണ്ട. വിശെഷിച്ചും പണ്ടാരം അടക്കെ അടക്കെ തൊറക്കാസ്സുകൊണ്ട പള്ളികൾക്ക വെണ്ടുന്ന ചമയങ്ങളും കൊപ്പുകളും വെടിപ്പും ഇല്ലാത്തതാനും, പള്ളികൾ വഴിയെ വഴിയെ തീരാതെ കിടക്കുന്നതും. അതിനെക്കൊണ്ട പള്ളികൾ പണിയിപ്പിച്ച തീപ്പിപ്പാനും അതിന വെണ്ടുന്നതെല്ലാംകൊണ്ട ഒണ്ടാക്കുവാനും വെണ്ടുന്നത ഇരിക്കയെലെ ഒക്കയും ചെതം ഇല്ലാതെ കെടക്കുന്നതും പണ്ടാരംതൊറക്കാസ്സുകൊണ്ട ഇതിനെക്കൊണ്ട ശ്രദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന എല്ലാ പള്ളികളിലും ആണ്ടിൽ ഒരിക്കൽ മകരഞായറ ഒന്നാം ദിവസി അത അത പള്ളിയിടെ കാര്യം പ്രവൃത്തിക്ക തംപുരാനെ യേവും പെടിയും ഒള്ളവരിൽ വെണ്ടത്തക്കവരെ നാലരെ പള്ളിക്കാര്യത്തിന കല്പിക്കണം എന്ന. എന്നാൽ അവര നാൽവരും വിശ്വാസിയായിട്ട നിൽക്കുന്ന പട്ടക്കാരനും കൂടിക്കൊണ്ട ഓരൊരൊ തിങ്ങടെ ഒട്ടക്കത്ത ഭണ്ഡാരം തൊറന്ന അതിൽ ഒള്ളത എടുത്ത നാലരിൽ ഒരുത്തൻ അതിനെ ഒര പൊസ്തകത്തിൽ കണക്ക എഴുതുകയും വെണം. ആ മൊതൽ മൂന്ന താഴം താക്കൊലും ഉള്ളൊര പെട്ടകത്തിൽ വച്ച പൂട്ടുകയും വെണം. ആ പെട്ടകം നാലിൽ ഒരുത്തരിടെ അവിടെ വൈക്കയും വെണം. മൂന്ന താക്കൊലിൽ ഒന്ന വിശ്വാസിടെ പക്കൽ ഇരിക്കണം. മറെറത രണ്ടും പണ്ടാരം വൈക്കുന്നടത്തും കണക്ക എഴുതുന്നവരിടെയും പക്കൽ അല്ലാത മററ ഇരിവരിടെയും പക്കൽ ഓരൊന്ന ഇരിക്കണം. കണക്ക എഴുത്തുകാരനെററ പക്കൽ രണ്ട പൊസ്തകം ഒണ്ടായിരിക്കണം. ഒന്ന പള്ളിക്ക വരുന്ന വരവ എഴുതുവാൻ. ഒന്ന പള്ളിക്കവെണ്ടി അഴിയുന്ന അഴിവ എഴുതുവാൻ. പള്ളിക്കവെണ്ടി അഴിയുന്ന അഴിവ മരിയാതക്ക തക്കവണ്ണം എണങ്ങരെ അറുപത്തിനാലിനെയും (135) ഒപ്പിച്ചുംകൊണ്ട വെണം. പള്ളിമൊതൽ പള്ളിപണിക്കും പള്ളിക്ക വെണ്ടുന്ന ചമയത്തിനും വെണ്ടി വെണം അഴിപ്പാൻ. മെൽപട്ടക്കാരൻ അത അത പള്ളിക്കലെ അറകുററം നൊക്കുവാൻ ചെല്ല പ്പൊഴ പൊസ്തകം രണ്ടും മെടിച്ച കണ്ട അതിൻെററ വരവും അഴിവും അറികയും വെണം. പള്ളിക്ക ഏതാനും ഒണ്ടാക്കെണ്ടത ഒണ്ടാക്കണം എന്ന കല്പിക്കയും വെണം. വിശ്വാസിയും പള്ളിക്കാര്യത്തിന ഒള്ളവര നാലരും കൂടെ കൂടിയെ പെട്ടകം തൊറക്കാവു. അതിൽ ഒരുത്തക്ക ഏതാനും മൊടക്കം ഒണ്ടായിട്ട എത്തിക്കൂടാ എംകിൽ അവരുടെ മനുക്ഷ്യംകൂടെ കൂട്ടുകിൽ മതി. ഒര കൂട്ടം പ്രവൃത്തിക്കാരര വച്ച മററ ചെലര പ്രവൃത്തി ഏൽക്കുംപൊഴ വൈക്കുന്നവര പെട്ടകവും അതിലെ

135. 'അറുപത്തിനാലുകാർ' എന്നത സുറിയാനിക്രിസ്ത്യാനികളുടെ പഴയ പേരാണ. അറുപത്താനാല ഇല്ലങ്ങളിൽനിന്ന ഉള്ളവർ എന്ന ഇതിന അർത്ഥം പറയാറുണ്ട. 'എല്ലാ ഇടവകക്കാരെയും' എന്ന അർത്ഥത്തിലാണ ഇവിടെ പ്രയോഗം.

മൊതലും കണക്കെഴുതി വരവു എഴുതുന്ന പൊസ്തകത്തിൽ എഴുതി ഏൽപ്പിക്കയും വെണം. ഏൽക്കുന്നവര അതിൽ ഒപ്പ ഇടുകയും വെണം, എത്ര മൊതൽ തങ്ങൾ ഏറ്റു എന്നു പിന്നെ അറിവാൻ. എന്നാൽ ശുദ്ധമാന സുനഹദൊസു പെരികെ പെരികെ ബഹുമാനപ്പെട്ട മെത്രാപൌലീത്തയൊട അപെക്ഷിക്കുന്നു താൻ ഇപ്പൊഴം നടന്ന കാണുന്ന എടത്ത എല്ലാടത്തും പള്ളിക്ക അനെകം ഒപകാരം ആകുന്ന ഇക്കാര്യം ഇവണ്ണം തന്നെ കല്പിക്കണം എന്നു, പള്ളിക്ക വെണ്ടുന്നത എല്ലാം ഒണ്ടാക്കണം എന്നും കല്പിക്കണം എന്ന—

ഇരിപത്തൊന്നാം കാനൊന [*S. viii D. xxix*]

മലംകരെ എടവകയിലെ പള്ളികളിൽ മിക്കതിലും ശ്രുപങ്ങം ഇല്ലാതെ അത്രെ ആകുന്നു. ഓരൊരൊ കൂരിശെ സാമാന്യമായി ഒണ്ടായിരിപ്പു. ഇത വിശ്വാസത്തിന്ന അന്തരം ഒള്ള നെസ്തൊറിസകാരര ഇത്രനാളും ഇ എടവക വാണതിനെക്കൊണ്ട അവരുടെ തണ്യ പെണക്കത്തിന്ന തക്കവണ്ണം ശ്രുപങ്ങം തങ്ങടെ പള്ളികളിൽ വച്ച ഞായം അല്ലാ. എന്നാൽ മലംകര ചെല പള്ളികളിൽ ശ്രുപം ഒള്ളെടത്ത ഇന്നശ്രുപം എന്ന വഴിയെ തിരിപ്പാൻ തക്കത അല്ല. എഴുത്തിൻെറ ചെതക്കെടകൊണ്ടും എഴുത്തുപെട്ട ചീലെടെ പഴക്കംകൊണ്ടും വഴിയെ തിരിപ്പാൻ തക്കത അല്ല. ഇതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു. പള്ളിയിടെ പണി തീന്നാൽ നടെ മാമ്മൊദീസാ മുക്കുവാൻ ഒള്ളത മെൽ പറഞ്ഞവണ്ണം പണീക്കയും വെണം. അതിൻെറ ശെഷം ഒടനെ വെണ്ടത ആകുന്നത പള്ളിക്കൽ വസ്സാൻ ശ്രുപങ്ങം ഒണ്ടാക്കണം. പള്ളിയിടെ പെരുന്നാളുകം ക്ക തക്ക ശ്രുപങ്ങം വെണംതാനും. മദ്ബായിൽ ശ്രുപം തീന്നതിൻെറ ശെഷം പൊറത്ത ദ്രൊണൊസുകളും ഒണ്ടെങ്കിൽ പള്ളിമൊതൽ അഴിച്ച അതിന്ന ശ്രുപങ്ങളും ഒണ്ടാക്കണം. വിശെഷിച്ചും തംപുരാൻെറ അരുളപ്പാട നിന്ന പറഞ്ഞ ലൊകരെ കൈപ്പിപ്പാൻ പുൽപ്പത്തെ പണിയിപ്പാൻ തക്ക പള്ളികളിൽ ഒടനെ അത്രും വെണം എന്ന ശുദ്ധമാന സുനഹദൊസിന്ന വെണ്ടിയിരിക്കുന്നു. ഇ എടവകയിൽ പുൽപ്പം ഒള്ള പള്ളി ചുരുക്കം.

ഇരുപത്തിരണ്ടാം കാനൊന [*S. viii D. xxvii & xxviii*]

മലംകര എടവകയിലെ പള്ളികം വഴിയെ പല ഊട്ടുക്കയും അടിച്ച ശ്രുക്കാത്തതിനെക്കൊണ്ട ചെറും പൊടിയും പെരണ്ടകെടന്നു ഞായം. ഇത അതിൻെറ അറകുറും നൊക്കുന്നവര ഇല്ലംസ്സകൊണ്ട. ഇതിനെക്കൊണ്ട ശുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു പള്ളി പണ്ടാരത്തിന്ന എടുക്കുന്നു മൊതലിൽ തിങ്ങളിൽ ഏതാനും പള്ളിക്കാര്യം പ്രവൃത്തിക്കുന്നവര നാലക്കം കൂടെ ഒത്തതിനെ കപ്പ്യാരന്മാക്ക കൊടുക്കണം എന്ന. കപ്പ്യാരന്മാക്ക അല്ലെംകിൽ മററ ആരാനും ആണ്ടവട്ടത്തിൽ രണ്ടകുറി അടിച്ച ശ്രുത്ത വെടിപ്പു ആക്കുന്നു എന്നാൽ അവക്ക. പള്ളിയിലെ വെളക്ക ഒക്കയും വഴിയെ തെച്ച വെളുപ്പിക്കയും അതിലൊന്നിൽ ഒര തിരി എപ്പൊഴും കത്തിച്ചിരിക്കയും വെണം. പള്ളിയകത്തെ മതിലും ത്രൊണൊസും ആച്ചവട്ടത്തിൽ രണ്ടകുറി അവര ശ്രുക്കയും വെണം. വിശെഷിച്ചും കല്പിക്കുന്നു എല്ലാ പള്ളികളിലും മരംകൊണ്ട എംകിലും മററ വല്ലത കൊണ്ട എംകിലും ഓരൊ കൂരിശ ത്രൊണൊസിൻെറ പക്കൽ ഒണ്ടായിരിക്കയും വെണം. ഇരിട്ട പാരം ആകുന്ന മദ്ബായിൽ വെളിവുവാതലുകം പൊറമെ അഴിയും ആയിട്ട ഒണ്ടാക്കുകയും വെണം. ഇത എല്ലാ പള്ളികളിലും വെണംതാനും. എല്ലാ പള്ളികളിലും ചമയപ്പെരയും അതിൽ അംമാരിയും പെട്ടകവും

ഒണ്ടായിരിക്കണം കാസായും ചീലകളും പെഷം ചമയങ്ങളും ചരസിപ്പാൻ. ഇപ്പൊ ഴത്തെ നെററിക്ക കുപ്പായവും കാസായും ചീലകളും തൊണൊസുമ്മെൽ ആരും വൈക്കയും അരുത. ഒക്കയും നല്ല വെടിപ്പൊടെ വച്ച പൂട്ടി വിഗാരീടെ പക്കൽ അതിൻെറ താക്കൊൽ ഇരിക്കയും വെണം. തൊണൊസ നല്ല വെടിപ്പായിരിക്കണം.

ഇരിപത്തമൂന്നാം കാനൊന [S. viii D. xxix]

മലംകരെ എടവകയിലെ പള്ളികളിൽ മിക്കതിലും മണി ഇല്ലാ. ചെലത്ത ഒള്ളതിനെ പള്ളീ അകത്ത തന്നെ കെട്ടിതൂക്കി ഞായം. അതിനെക്കൊണ്ട വഴിയെ മണി തട്ടിക്കൂടാ താനും. അങ്ങിനെ അകത്ത കെട്ടിതൂക്കുന്നത യൊഗ്യം അല്ല. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ കല്പിക്കുന്നു. എല്ലാ പള്ളികളിലും പൊറത്ത മണി തൂക്കുവാൻ പൊക്കത്തിൽ പണീച്ച ഒണ്ടാക്കണം. എന്നാൽ അവുടെന്ന കട്ടപൊകും എന്ന തൊന്നുന്നെടത്ത എകരമായിട്ട തീത്ത പൂട്ടിക്കൊള്ളുകയും വെണം. അവുടെന്ന തട്ടി വിശ്വാസകാരര കെടുക്കയും വെണം. മലയാളരുടെ മുക്കാൽവട്ടത്തിന്ന മണിയിടെ സ്വതി കെടുക്കുന്നത സംകടമെന്നും പൊല്ലി മലയാം രാജാക്കം മണി പൊക്കത്തിൽ പണീച്ചുതൂക്കരുത എന്ന വെലക്കുന്നെടത്ത പള്ളിയകത്തതന്നെ ഒരെടത്ത തൂക്കിക്കൊള്ളുകയും ആം, ആവിടത്തൊളം പൊക്കത്തിൽ കൈകൊണ്ട എത്താത്തെടത്ത —

ഇരിപത്തിനാലാം കാനൊന [S. viii D. xxx]

പള്ളിയുടെ പഴെ ഞായത്തിന്ന തക്കവണ്ണം ചെല അശ്രദ്ധങ്ങംകൊണ്ട പള്ളിയിടെ ദുശ്രമാ അഴിഞ്ഞ അതിൽ കുബാനയും ചൈവാൻ വശമല്ല. വീണ്ട ദുശ്രമാ ചൈതെ എന്ന സൂനഹദൊസ പഠിപ്പിക്കയും അറിയിക്കയും ചൈയുന്നു. ആ പഴെ ഞായം അറിയായ്കൊണ്ട ഇത്രനാളും ഇ എടവകയിൽ അതിന്ന ഒത്തവണ്ണം ഇരിന്ന ഞായം അല്ലാ. പള്ളി അഴിവാൻ ഒള്ളത ആകുന്നത ഇത: ഒന്നാമത മെനികെടൊട്ടകൂടെ മാനുഷൻെറ ചൊര പള്ളിയിൽ ചിന്തുന്നത. ഔവണ്ണം ചൊര ചിന്തുവാൻ ഹെതുകൊട്ടക്കയും മരണത്തിന്ന ഹെതു കൊട്ടക്കുന്നതും. മരണത്തിന്ന തക്കൊര മുറിവ പള്ളീന്ന ഒരുത്തരെ മുറിച്ച എംകിൽ പൊര അകത്ത വീഴാതെ പൊറത്ത മുറിഞ്ഞവനെ കൊണ്ടുപൊയ്ക്കൊണ്ട എംകിലും പള്ളി അശുദ്ധമായി. എന്നാൽ പൊറത്തുന്ന അങ്ങനെ മുറിഞ്ഞിട്ട പള്ളിയകത്ത വന്ന പുക ചൊര ചിന്തുകിലും പള്ളി അശുദ്ധം ആകയും ഇല്ല. രണ്ടാമത മനസ്സ അറിഞ്ഞ മാനുഷൻെറ വിത്തങ്ങം പള്ളിയിൽ വീഴുന്നതുകൊണ്ട, മനസ്സ അറിഞ്ഞ മാനുഷന്ന ഞായമിട്ട ഒള്ള കടി പെലർച്ച എംകിലും. മൂന്നാമത മഹറൊൻ ഒള്ളവരെ അടക്കുന്നതുകൊണ്ട. നാലാമത മാർഗ്ഗമല്ലാത്തവരെ ആരാനെയും പള്ളിയിൽ അടക്കുന്നതുകൊണ്ട. ഈ നാലാമത്തതിന്ന പള്ളി വീണ്ട ദുശ്രമാ ചൈതാൽ തന്നെ പൊരാ പിന്നെയൊ പള്ളിയിടെ മതിലിൻെറ അകത്തുപാട ഒക്കയും ചെരെണ്ടുകയും. അഞ്ചാമത — എല്ലാവരും അറികെ മഹറൊൻ ഏററിരിക്കുന്ന മെത്രാന്മാരാൽ ദുശ്രമാ ചൈയുന്നതുകൊണ്ട — ഇ മെൽപറഞ്ഞ ആപത്തുകളാൽ ഒന്ന അകപ്പെടുന്ന പള്ളി വീണ്ട ദുശ്രമാ ചൈയാതെ അതിന്ന കുബാന ചൈതുകൂടാ. മെത്രാൻമാര കൂടാശ ചൈത പള്ളി അല്ലാതെ ഒള്ളത അശുദ്ധമായാൽ ശുദ്ധമാന റൊമ്മാപ്പള്ളിയിടെ ക്രിയകളും നമസ്കാരങ്ങളും സുറിയാനിയിൽ എഴുത്തുപെട്ടതകൊണ്ട വിഗാരിക്ക അതിനെ വീണ്ട ശുദ്ധം ആക്ക

കയും ആം. പള്ളി അശ്രദ്ധം ആക്കുംപൊം അതിനൊടുക്കടെ ചെന്നിട്ടുള്ള റുശ്രമാ പ്പട്ട നെലവുംകൂടെ അശ്രദ്ധമാകും. പള്ളിക്കെന്ന പെർതിരിഞ്ഞ അകലെയൊള്ള റുശ്രമാ നെലം അശ്രദ്ധം ആകയും ഇല്ല എന്നറിക. വിശെഷിച്ചും പള്ളി അശ്ര ദ്ധം ആകുംപൊം അതിനൊട ചെന്ന റുശ്രമാനെലവും അശ്രദ്ധം ആം. പള്ളി യൊട ചെന്ന റുശ്രമാനെലം അശ്രദ്ധം ആകുന്നതിനെക്കൊണ്ട പള്ളികൂടെ അശ്ര ദ്ധമാകയില്ലതാനും.

ഇരിപത്തഞ്ചാം കാനൊന [*S. viii D. xxxi*]

ശ്രദ്ധമാന പള്ളിയുടെ ബഹുമാനത്തിന്ന തക്കവണ്ണം ബഹുമാനിച്ചെ മതി യാവൂ. എന്നാൽ മലംകരെ എടവകയിൽ ഒള്ള പള്ളികളിൽ ക്ലെശക്കാരര തങ്ങ ടെ ദൈവതെക്കുറിച്ച തങ്ങളും തങ്ങടെ കെട്ടിയവരും തങ്ങടെ വീട്ടിൽ ഒള്ളവരും ആയി പള്ളികളിൽ പൊറുത്ത ഞായം. തങ്ങടെ ക്ലെശം പൊല്ലി അവുടെ വീട്ട കളിലെപ്പൊലെ ചിറാാഷ്ട എല്ലാം കൂടിയെല്ലൊ മതിയാവു. ഇതിനെക്കൊണ്ട ശ്രദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. ക്ലെശക്കാരര ആരും പള്ളികളിൽ പൊ റുക്കരുത. അന്തിക്ക എന്നാൽ പ്രവൃത്തിക്ക രക്ഷയായിട്ട പൊറുക്കുപൊഴെ ആവു. ക്ലെശക്കാരര തങ്ങടെ ദൈവതക്ക തക്കവണ്ണം പള്ളിക്കെന്ന തംപുരാനൊട അ പെക്ഷിച്ചുംകൊണ്ട തങ്ങടെ സ്ഥലത്ത പൊയി പൊറുത്തുകൊള്ളണം. പല ദിവ സം എത്തിക്കണംഎംകിൽ പള്ളിക്ക അരികെ ഒള്ള വീട്ടകളിൽ താൻ പള്ളി യിടെ മൊണ്ടകെത്തിൽ താൻ പൊറുത്തുകൊള്ളണം.

ഇരിപത്താറാം കാനൊന [*S. viii D. xxxii*]

കുടികളിൽ ഇരിക്കുന്നവര ചെലര മരിച്ചാൽ അവരുടെ ചവം പള്ളികളിൽ കൊണ്ടവരുവാൻ ഉത്സാഹം ഇല്ലായ്കകൊണ്ടും ചെലർ റുശ്രമാ ഇല്ലാത്തെടത്ത പട്ട ക്കാരരയും കൂടാതെ അടക്കുന്നതിനെക്കൊണ്ടും ശ്രദ്ധമാന സൂനഹദൊസ പ്രമാണി ക്കുന്നു. മരിക്കുന്നവരിടെ ഒടയവര എംകിലും വീട്ട ഒടയവര എംകിലും അനെ കം ദൂരം പള്ളിക്കൽ ചവം കൊണ്ടവരുവാൻ എംകിലും പള്ളിക്ക അരികെ കൊണ്ടവന്നെ മതിയാവു എന്ന. ചെതം ആയി ഒരെടത്ത, അവുടെ പട്ടക്കാരൻ സൂർപ്പീലീസ എന്ന കുപ്പായവും ഊരാറയും ഇട്ട പള്ളീലെ കുരിശും എടുപ്പിച്ച ഹന്നൊയും പൊല്ലി ചെന്ന ചവം കൊണ്ടവന്ന അടക്കുകയും വെണം. ഇവണ്ണം വിഗാരിമാരര എല്ലാവരൊടും ചൈതെ മതിയാവു ഏതും തരുവാൻ ഇല്ലാത്തവര എംകിലും. കണക്കെ ചകം ആരാനും ദൂരെന്ന അടക്കുവാൻ കൊണ്ടവരുമ്പൊം പട്ടക്കാരൻ അവുടെ ഇല്ലാ എംകിലും അവുടെ ഉടനെ എത്തുവാൻ തക്കെടത്ത അല്ലെംകിലും എണങ്ങര ആവിടത്തൊളം കൂടെ കൂട്ടി തങ്ങം അറിഞ്ഞ നമസ്കാ രങ്ങളും പൊല്ലി നമസ്കരിച്ച തംപുരൊനൊട അപെക്ഷിച്ചുംകൊണ്ട പള്ളിയിൽ താൻ പൊറത്ത റുശ്രമാ ഒള്ള എടത്തിൽ എംകിലും താൻ അടക്കുകയും വെണം. മെൽ പറഞ്ഞവണ്ണം ശ്രമിച്ച ദൂരത്തെ ശകം പള്ളിക്കൽ കൊണ്ടവരാതെ റുശ്രമാ നെലത്ത അല്ലാതെ അടക്കുന്നവരെ വഴിയെ കുറപ്പെടുക്കയും വെണം.

ഇരിപത്തെഴാം കാനൊന [*S. viii D. xxxiv*]

ശ്രദ്ധമാന സൂനഹദൊസ കല്പിക്കുന്നു ഒര അങ്ങാടിയിൽ പല പള്ളി വൈ ക്കണം എംകിൽ ഒര പള്ളിയിടെ പെര മററ പള്ളിക്ക ഇടരുത എന്ന. ഓരൊരൊ പള്ളിക്ക വെവ്വെറെ പെര ഒണ്ടാക്കണം, വെറെ പെരുന്നാളുകളും ഒണ്ടായി

തംപുരാനെ സ്തുതിപ്പാൻ. പള്ളിയിടെ പെരുനാളുകൂടുക എല്ലാവരും ഒരുമിച്ച അവുടെ കൂടുകയും വെണം കൊള്ളുകയും വെണം. മുൻപിൽ ഒള്ള പള്ളിയിടെ പെരുതന്നെ പിന്നെ വെക്കുന്നതിനും വിളിയാസ്ഥിൽ മുൻപിലത്തെ പള്ളിയിനെ മെനികെടുക്കുന്നു എന്ന ചെലക്ക തൊന്നുന്നത ശ്രുദ്ധമാന സുനഹദൊസ ഉപെക്ഷിക്കുന്നു. ഒന്നാമത്തതിൻെറ പെരുതന്നെ രണ്ടാമത്തതിനും വിളിയാസ്ഥിൽ ഒന്നാമത്തെതിനെ മെനികെടുക്കുന്നു എന്ന ചെലക്ക തൊന്നുകകൊണ്ട ചെല അങ്ങാടിയിൽ ഒര പെക്കതന്നെ രണ്ടപള്ളി ഒണ്ടായത. വിശെഷിച്ചും കല്പിക്കുന്നു ഒര പള്ളിയുടെ പെരുന്നാൾക്ക വെറകുറ കൊണ്ട എല്ലാവരും ഒരുമിക്കാതെ ഇരിക്കരുത. നസ്രാണികളുടെ ഒരുംപാടൊട്ടും കൂടെ സ്നെഹത്തൊട്ടുകൂടെ എല്ലാവക്കും ഒത്ത പള്ളിക്കൽ ഒക്കയും ഒരുമിച്ചെ മതിയാവു എന്നും ഇവണ്ണം തന്നെ ഒര പള്ളിക്കരൽ കുറുബാനയും പൊരുൾ പഠാർത്ഥയും ഇല്ലുംകിൽ മററ അത ഒള്ള പള്ളിക്കൽ ഒരുമിച്ച കൂടണം എന്നും. പള്ളിയിടെ എടയിൽ ഒണ്ടാകരുതാത്ത ചെല ഐമൊസ്ന്യക്കെട്ടകൊ ഒണ്ട എന്ന ശ്രുദ്ധമാന സുനഹദൊസ അറിഞ്ഞിട്ട നസ്രാണികളിടെ എടയിൽ യൊഗ്യം ഇല്ലാത്തത ഇത എന്നതിനെക്കൊണ്ട ഇ ഐമൊസ്ന്യക്കെട നീക്കണം എന്നും ശ്രുദ്ധമാന സുനഹദൊസിന്ന അപെക്ഷ ഒണ്ട. വിശെഷിച്ചും പള്ളിയിടെ നല്ല ചിററാഷ്ടക്ക പള്ളികളിൽ കൊപ്രൊരിയാ എന്ന മത്തമറിയത്തുമ്മാടെ സഭ കൂട്ടം കല്പിക്കണം ഒട്ടെറയും പള്ളിയിടെ പെര ചൊല്ലി. അത എന്തെ? മൊട്ടത്തമ്മാര പള്ളിയിടെ വസ്തുക്കളെ ഏറെ പെരിപ്പിപ്പാൻ എന്ന.

ഇരുപത്തെട്ടാം കാനൊനാ [*S. viii D. xxxviii*]

ഒരുത്തരുടെ മരണത്തുംനെരത്ത ഞായത്തിന്ന തക്കവണ്ണം തൻെറ വസ്തുകൊണ്ട എഴുതി വൈക്കുന്നതിനെ അതിന തക്കവണ്ണം നടത്തുന്നവര നടത്താഞ്ഞാൽ അതിനെ അവരെക്കൊണ്ട നടത്തുവാൻ ആകുന്നവര കാനൊന കണക്കിൽ മെത്രാൻമാര എന്ന (ശ്രുദ്ധമാന സുനഹദൊസ അറിയിക്കുന്നു. ഇതിനെക്കൊണ്ട) (136) ശ്രുദ്ധമാന സുനഹദൊസ പ്രമാണിക്കുന്നു ഇവണ്ണം തന്നെ ഇരിക്കണം എന്ന. എന്നാൽ നസ്രാണികളിൽ ആരാനും തൻെറ ഒട്ടക്കത്തെ അറത്ത തൻെറ വസ്തുകൊണ്ട എഴുതി വൈക്കുന്നത മരിയാതക്ക ഒത്തവണ്ണം വാസ്തു ആകുന്നത. എഴുതിവച്ചവണ്ണം ഒരാണ്ട കടന്നാൽ തെകച്ചില്ലുംകിൽ മെത്രാൻ എഴുതിവച്ചവരുടെ അനന്തരവരെക്കൊണ്ട എംകിലും അതിനെ തെകപ്പാൻ ആയിട്ട ഒള്ളവരെകൊണ്ട എംകിലും തെകക്കണം. അതിന്ന ഏതാനും (കുറപ്പാട വെണമെങ്കിൽ) (137)കുറപ്പെടുത്തീട്ടും വെണം.

ഇരിപത്തൊൻപതാം കാനൊന [*S. viii D. xxxv & xxxvi*]

എല്ലാ പള്ളികളിലും നിക്കുന്ന വിചാരിമാരൊട്ടും പട്ടക്കാരരൊട്ടുകൂടെ ശ്രുദ്ധമാന സുനഹദൊസ ഉത്സാഹത്തൊട്ടുകൂടെ ചൊല്ലുന്നു. തങ്ങടെക്ക അയൽപക്കം ആയി ഒള്ള ശ്രുദ്ധരൊട്ടും ഇഴവരൊട്ടും ശെഷം കമ്മാളരൊട്ടും ശ്രുദ്ധമാന കത്തൊലിക്കാ വിശ്വാസം പറഞ്ഞും രഹസ്യവും ഞായവും ആയ പ്രകാരങ്ങടെകൊണ്ടും ഒട്ടെറയും ശ്രുദ്ധമാന എവൻഗാലിയിൽ എഴുത്തുപെട്ട അരുളപ്പാടുകൊണ്ടും പട്ടാങ്ങടെ വിശ്വാസത്തിൽ വരുത്തുവാൻ ശ്രമിക്കണം എന്ന. കമ്മാളര നിവൃഷതത്താലെ മാർഗ്ഗത്തിൽ വരും എന്ന ശ്രുദ്ധമാന സുനഹദൊസ അറിഞ്ഞതിനെക്കൊണ്ട

136. വലയത്തിൽ കാണുന്ന ഭാഗം മാന്നാനം കോപ്പിയിലില്ല; ബി. യിൽകാണുന്നു. 'Homoioteleution' എന്ന പിഴ.

137. ബി. യിൽ കാണുന്നു, മാന്നാനം കോപ്പിയിലില്ല. 'Homoioteleution' എന്ന തെററു; അനവധാനതയാണു കാരണം.

ഇങ്ങനത്തവര മാർഗ്ഗം പൂക്കാൽ മർറൊള്ള നസ്രാണികളൊടുകൂടെ ഒരുമിച്ച ഒര പള്ളിയിൽ കൂടുവാൻ കഴിവ ഒണ്ടാകണം എന്ന സൂനഹദൊസിന്ന അപെക്ഷ ആയി. അത എന്തെ? എല്ലാവരും ഒര തംപുരാനെതന്നെ കുംപിടുകയും ഒക്കെക്കും വിശ്വാസം ഒന്നാകയും എല്ലാവരും ഒര ക്രുദാശെടെ കീഴം അടങ്ങുകയും അതിനെ ക്കൊണ്ട തംപുരാനാൽ ഒള്ള ഭെദം ഇല്ല.

യൂദന്മാരിലും യെനായ പരുഷയിലും ഭെദം ഇല്ല എന്ന പൌലൊസ്ശ്ലീഹാ പൊല്ലിയപൊലെ മെൽ അമുശം എന്നും കീഴം അമുശം എന്നും ഭെദവും ഇല്ല. ഇ തംപുരാനുത്തെ എല്ലാവക്കും കത്താവ ആകുന്നത. എന്നാൽ തംപുരാനൊട അപെക്ഷിച്ചുംകൊണ്ട ക്രമത്താലെ വിജാരിച്ച അപ്പൊം മലയാം രാജാക്കടെയും കത്താക്കടെയും എടയിൽ ഇരിക്കുന്നെടത്ത ഇങ്ങനെ വശം അല്ല എന്നു കണ്ട. അത എന്തെ? കീഴം അമുശക്കാരര കൊലം പൂകുന്നവരും നസ്രാണിമാപ്പിളമാരും തങ്ങളിൽ ഒന്നിച്ചാൽ മെൽ അംശം ആകുന്നവരൊട പിന്നെ യാവരിച്ച കൂടാ. എന്നതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. കീഴം അമിശത്തിൽ ആക്കാനും മാർഗ്ഗം പൂകുവാൻ മനസ്സ ഒണ്ടാകിൽ മെത്രാനൊട അറിയിക്കണം എന്ന. അത എന്തെ? അവക്ക വെറെ ഒര പള്ളിയും എടയരും അവരെ മൈപ്പാൻ (138) ഒണ്ടാക്കുവാൻ ആയി. എടവകയിൽ ഇങ്ങനത്തവക്ക അവരിടെ എന്നന്നെക്കുമുള്ള രക്ഷെട വാതൽ അടുത്തുപ്പെട്ട പൊകാസ്സാൻ. അവക്ക വെറെ പള്ളി ഒണ്ടാവൊളം മറെറാള്ള പള്ളിയിടെ മെണ്ടകുത്തീന്ന കുറുബാന കാണുകയും വെണം. മറെറാര കഴിവ തംപുരാൻ ഒണ്ടാക്കി മലയാം രാജാക്കം കീഴം അമിശം ആകുന്നവര കൊലം പൂക്കാൽ മെൽഅമിശക്കാരെരെപ്പൊലെ മറ ഒള്ള നസ്രാണികളെ തൊടുവാൻ അനുവാസം തരുവൊളം താൻ ഇത. ഇവണ്ണം വരത്തിതരണം എന്ന ഇ എടവകെടെ രക്ഷയുടയ പ്രുത്തുക്കാൽ രാജാവ മലയാം രാജാക്കളൊട ശ്രുമിച്ച വരത്തിതരണം എന്ന ശ്രുദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു.

മുപ്പതാം കാനൊന [*S. viii D. xxxvii*]

എല്ലാ പള്ളിയിടെ നെറിവും മരിയാതയും ആകുന്നത സ്ലീവാ അടയാളം വരക്കുംപൊഴും റുശ്രമാ ചൈയുംപൊഴും എടത്തനിന്ന വലത്തൊട്ട ചൈതു ഞായം. ബാവാടയും പുത്രന്റെറയും റൂഹാക്കുദശാടയും നാമത്താൽ എന്ന ചൊല്ലുംപൊം കൈനെറിമെലും നെഞ്ഞത്തും എടത്തെ ഉരത്തെലും അവുടെന്ന വലത്തെ ഉരത്തെലും തൊട്ട ഞായം. ഇതിന്റെറ അത്ഥങ്ങളും പലതിലും ഒന്നായത ദൈവത്തിനുടെ പുത്രന്റെറ കുരിശിന്റെറ ശക്തിയാൽ തിന്മ ഒടയവരുടെ എടമാകുന്ന എടത്ത പുറത്തീന്ന നന്മ ഒടയവരുടെ എടമാകുന്ന വലത്ത പൊറം നമുക്ക കിട്ടി എന്ന അറിയിപ്പാൻ. എന്നാൽ ഇ മലംകര എടവകയിൽ ശ്ലീവാ അടയാളം വലത്തന്ന എടത്തൊട്ട ചൈതു ഞായം. എല്ലാ പള്ളിയൊടും ശ്രുദ്ധമാന റൊമാപ്പള്ളിയൊടുകൂടെ എല്ലാംകൊണ്ടും ഒരുപൊലെ ഒരുംപെടുവാൻ (139)

---

138. 'മൈപ്പിപ്പാൻ'— ബ റി. യിൽ ഇതാണ പാഠം. മൈപ്പാൻ, മൈപ്പിപ്പാൻ = പാലിക്കുൻ. to govern, 'അജഗണം' എന്ന സങ്കല്പം അനുസരിക്കുക.

139. //... the Church of the Serra, should in all things be Conformable, to the Latin customs, or holy mother church of Rome,....' ആചാരാനുഷ്ഠാനങ്ങളിൽ ഏകതാനത (uniformity) ഉണ്ടാക്കുക, സുറിയാനി ക്രിസ്ത്യാനികളെ ലത്തീൻ ക്രമത്തിൽ കൊണ്ടുവരിക എന്ന ലക്ഷ്യം ഇവിടെ പ്രകടതരമാകുന്നു. ഇത് റോമൻസഭയുടെ നയമായിരുന്നില്ല.

ശ്രദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു, കിടാങ്ങൾക്ക വിശ്വാസക്കാരര ആകുന്ന ലൊകക്ക ഒക്കെക്കും നെററിമെലും വാമെലും നെഞ്ഞത്തും വരക്കുന്ന സ്ലീവാ അടയാളങ്ങളും ഒട്ടക്കത്തെ റുശ്രമായും എടത്തനിന്ന വലത്തൊട്ട വെണം എന്ന. വിശെഷിച്ച റുശ്രമാ അടയാളം ചൈയുന്നടത്ത ഒക്കയും അങ്ങനെ ആവു. ഇവണ്ണംതന്നെ പട്ടക്കാരര ക്കൊയും വെണം കുറുബാനയിലും ശ്രദ്ധമാന ക്രദാശ കളിലും മററും റുശ്രമാ വെണ്ടുന്നെടത്ത ഒക്കെ—

മുപ്പത്തൊന്നാം കാനൊന [S. viii D. xxxix]

മഹറൊൻ ക്രടാതെ, പലരും അറികെ ഒള്ള ദൊഷം ഒള്ളവര ആരാനും തങ്ങടെ മരിപ്പും നെരത്ത കുംപസാരിക്കണമെന്ന അപെക്ഷിച്ചത എത്താത മരിക്കുന്നവരിടെയും അസാരം ദൊഷം ചൈവാൻ പൊരും എന്ന നാമംകൊണ്ടും ഒള്ളവക്ക വെണ്ടി അനുദായും മററും അവരിടെ ആത്മാവിന്ന വെണ്ടുന്ന നമസ്കാരങ്ങളും ചെലക്ക വെണ്ടി ചൈത്ത ഞായം അല്ല. അത എംകിലും ചിതം ഒള്ള നെററിയും പള്ളിയിടെ മരിയാതയും അല്ല. അത എന്തെ? പരഹസ്യം ആയ നമസ്കാരങ്ങം മഹറൊൻ എററത പൊക്കാതെ മരിക്കുന്നവക്ക പള്ളിയിൽ നമസ്കാരം മാററാവു. ഇതിനെക്കൊണ്ട ശ്രദ്ധമാന സൂനഹദൊസ അറിയിക്കുന്നു. ഒരുത്തക്ക അനെകം ദൊഷം ഒണ്ടാകിലും മഹറൊൻ ഇല്ലുംകിലും അവര മരിച്ചാൽ അവക്ക വെണ്ടി വെണ്ടുന്ന നമസ്കാരം ഏതും മാററരുത. മറെറല്ലാവക്കും വെണ്ടി ഒള്ള അനുദായും നമസ്കാരങ്ങളും അവക്കവെണ്ടിയും വെണം. വിശെഷിച്ച ക്ലെശമായി പല ദിവസവും കെടന്ന കുംപസാരിച്ചുകൊള്ളാതെയും അതിന്ന ഉത്സാഹിക്കാതെയും പട്ടക്കാരര കുംപസാരിപ്പിപ്പാൻ വിളിക്കാതെയും, സൂനഹദൊസു കുംപസാരം എന്ന ക്രദാശയിൽ 4 കാനൊനായിൽ എഴുത്തപെട്ടവണ്ണം, മരിക്കുമ്പൊം ഏതാനും ഒര ശാവദൊഷം ചൈതതും ചൈതത വെണ്ടി ഇരിന്നില്ല എന്ന മനസ്സിലെ നൊല്പരത്തൊട്ടുകൂടി അല്ല മരിക്കുന്നു എന്നു തൊന്നുകിലും ഇത അല്ലാതെ മരിക്കുന്നവക്ക നമസ്കാരം ഏതും മൊടക്കരുത.

മുപ്പത്തരണ്ടാം കാനൊന [S. viii D. xL]

മലംകരെ എടവകയിൽ ചെന്നൊത്തും മററും ഇ എടവകയിൽ ചെലടത്ത ഇരിക്കുന്ന കുംപഞ്ഞിയാക്കൂട്ടം ആകുന്ന സാംപാള്ളർക്കാരര പാതിരിമാര മലംകര എടവകയിൽ വിശ്വാസക്കാരര ആകുന്ന ലൊകക്ക അറിവ പറകയും പഠിപ്പിക്കയും വണ്ണം ദൊഹെണ്ണം ചൈതതിനെ ശ്രദ്ധമാന സൂനഹദൊസ പ്രിയത്തൊട്ടുടെ കൈക്കൊണ്ട ഇ എടവകയിലെ ആത്മാവുകളുടെ എറെ ഒപകാരത്തിന്ന എടവകയിൽ ഇരിക്കുന്ന സാംപാള പാതിരിമാര ഇ എടവകയിൽ ഒള്ള പള്ളികളിൽ ഒക്കയിലും പുക്ക കുറുബാന ചൈവാനും കുംപസാരിപ്പാനും പൊരുശ പറവാനും മററും ലൊകരിടെ ആത്മാവുകശ്ക്ക വെണ്ടുന്നത എപ്പൊരും പള്ളിക്ക അട്ടത്ത മരിയാതക്ക തക്കവണ്ണം പരഹസ്യമായി വഴിയെ പ്രവൃത്തിപ്പാൻ ശ്രദ്ധമാന സൂനഹദൊസ അപെക്ഷിക്കുന്നു. ഇതിന്ന മറെറ ആരടെയും അനുവാസം അവക്ക വെണ്ടാതാനും. വിശെഷിച്ച പെണ്ണുകെട്ട എന്ന ക്രദാശക്ക കൈപിടിപ്പിക്കുന്നതിന്ന അവിടവുടെ നിക്കുന്ന വികാരിമാരുടെ അനുവാസത്തൊട്ടുടെ ആവുതാനും. മലംകര എടവകയിൽ വികാരിമാരായി നിക്കുന്ന കത്തങ്ങളും ശെഷം പട്ടക്കാരര ഒക്കയും ഇ പാതിരിമാരെ അനെകം പ്രിയത്തൊട്ടും എണക്കത്തൊട്ടുടെ കൈക്കൊണ്ട കൊള്ളണം എന്ന കല്പിക്കുന്നു. അവരൊടെ ക്രദാശകൊണ്ട ഒള്ളതും എട

യവര ആകുന്നവക്ക് അവരിടെ ആത്മാവിനുടെ യാവ്യങ്ങളെ കൊട്ടപ്പാൻ വെണ്ട
ന്നതും പഠിപ്പാൻ വെണ്ടന്ന പ്രിയം ഒണ്ടായിരിക്കയും വെണം. വിഗാരിമാരൊട്ടും
മററ ഒള്ള പട്ടക്കാരരൊട്ടും ഐമൊസ്സ്യപ്പെട്ട എപ്പെരും പാതിരിമാര ചൈയും എ
ന്ന ശ്രുദ്ധമാന സൂനഹദൊസിന്ന വിശ്വാസം താനും. വിഗാരിമാരും പട്ടക്കാരും
പാതിരിമാര പറകയും പഠിപ്പിക്കയും ചൈയുന്നതിന്ന ലൊകരെ യൊഗം കൂട്ടുക
യും ചൈയും—

മുപ്പത്തമൂന്നാം കാനൊന [S. viii D. xLi]

ഗൊവയിൽ ഒണ്ടായ സൂനഹദൊസിനിൻറെ കല്പനകളെ മററ മലനാട്ടിൽ
ഒള്ള വിശ്വാസക്കാരുടെ എടവകയിൽ ഒള്ള വിസ്സമാരുടെ എടവകയിൽ ഒക്കയും
കൈക്കൊണ്ട അതിന്ന ഒത്തവണ്ണം ഇരിക്കുമാറ കല്പിച്ചതിനാംപക്ഷം വഴങ്ങപ്പെ
ടെണ്ടന്ന എടവക ഇതും ആയതിനെക്കൊണ്ട ആ കല്പനകളെ മററ സൂനഹദൊസു
കളം കൈക്കൊണ്ടവണ്ണം ഇ സൂനഹദൊസും വഴങ്ങി മലംകരെക്ക തന്നെ ആയിട്ട
കല്പനകളം ആയ വസ്സക്കളം ഒണ്ടാകുവൊളെത്തെക്ക ആ കല്പനകളിൽ ആകുന്നത
കൈക്കൊണ്ട അതിന ഒത്തവണ്ണം ഇരിക്കണം എന്ന കല്പിക്കുന്നു. വിശെഷിച്ചും
മലംകര എടവകയിലെ മെല്പട്ടക്കാരര ഒന്ന ഞായമായി വിധിച്ചാൽ അത
മെത്രാപ്പൊലീത്താടെ അങ്ങ ചെന്ന വിധിച്ചെ കെംപ്പ എന്ന ഒരുത്തര പറകിൽ
അത കാനൂനാകെംക്ക തക്കവണ്ണം ഔവണ്ണം ആം എന്ന സൂനഹദൊസ വിധിച്ചു.

ഏഴാം മൌതപാ. ഏഴാം കൂടിവിജ്ഞാരം

മരിയാതീടെ തുമകൾമെൽ

ഒന്നാം കാനൊന [S. ix D. i]

പല മരിയാതകളിലും ലൊകരിടെ എടയിൽനിന്ന ഏറെ നീക്കെണ്ടന്ന
മരിയാതകളം ആകുന്നത മലയാംകൃത്യവും തിന്മകളും കാവ്യക്ക അടുത്ത ഹൃദയ
ങ്ങളും അത്രെ. (140) നീക്കെണ്ടത എന്നതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹദൊ
സ ഇ പറഞ്ഞ തിന്മകളെക്കൊണ്ട എടവകയിന്ന നീക്കിമാർഗ്ഗത്തിലെ വെടി
പ്പിന്നും തുമയിലും നിക്കണം എന്ന പ്രമാണിക്കുന്നത. തീക്കിക്കളയെണ്ടുന്ന ത
ണ്യമരിയാതകെളീന്ന ഒന്ന ആകുന്നത — പെല കൂളിക്കുന്നത; ഒരുത്തര മരിച്ചാൽ
അവരുടെ ഒടയവര കൂളിക്കായ്യിൽ ദൊഷം എന്ന കല്പിച്ച കൂളിക്കുന്ന കൂളി.
പെണ്ണുകെട്ടിന്നും മററും ചെല വിശെഷത്തിന്നും നെലൊണ വീഴ്ത്തുന്നതും (141)
പൊടകമുറിക്കുംപൊം ഒര നൂൽ വെലങ്ങത്തിൽ വരുന്നത നന്ന എന്ന നെനക്ക
ന്നതും നെല്ല അളന്ന കൊട്ടത്താൽ ആ കൊട്ടത്തതിൽ രണ്ട മണി നെല്ലെംകിലും
വീണ്ട നുള്ളി ഇട്ടുന്നതും തലനൊയമ്പിന്ന കൂളിയാസ്സിൽ നൊയമ്പ കാര്യം അല്ല

140. മലയാംകൃത്യങ്ങളം — കേരളീയാചാരങ്ങളം

കാവ്യക്ക് അടുത്ത ഹൃദയങ്ങളം—'പൂജാതി'ക്കാരുടെ താല്പര്യങ്ങളം, അഭിനിവേശ
ങ്ങളം, വിശ്വാസങ്ങളം.

141. 'the making of circles with rice, into which they put the parties that are to be married, having given rice before to children,' Hough, p. 669.

എന്ന നെനക്കന്നതും (കെട്ടിയ നാലാംപക്കം കുളി കഴിഞ്ഞെ പള്ളിക്കൽ പൊകാവു എന്നും പുളികുടി കല്യാണവും തീണ്ടാന്നുകുളിയും) (142) ഇത എപ്പൊളും കാവ്യക്ക അട്ടത്ത തിമ്മെടെ കൃത്യങ്ങം ആയതിനെക്കൊണ്ട ശ്രുദ്ധമാന സൂനഹ ദൊസിന്ന ഇതിനെ പൊറത്ത കളഞ്ഞ ഇത്തരം ആളും പൈകയും അരുത എന്ന അപെക്ഷ ആകുന്നു. ഒരു വസ്തുവിന്നും കുളികൊണ്ട ആത്മത്തിന്ന ഒര ഗ്രണം വരുത്തുവതില്ല, മിശിഹാകര്ത്താവ ആത്മാവിൻെറെറ നന്മക്കവെണ്ടി വിശ്വസിച്ച മുണ്ടുന്ന മാമ്മൊദീസാ എന്നിയെ—

രണ്ടാം കാനൊന [S. ix D. ii]

തണ്യമരിയാത ആകുന്ന തീണ്ടിക്കളിയും തീണ്ടുന്നത ദൊഷവും എന്ന കല്പിച്ച തീണ്ടുന്നവരെ വരകയും പൈയുന്നത മാറണം എന്ന അത്രെ അപെക്ഷ. എന്നാൽ മലംകര നസ്രാണിമാപ്പിളമാര മലയാം രാജാക്കളുടെ നാട്ടിലും അവരുടെ എടയിലും ഇരിക്കും പൊം വിശ്വാസത്തിന്ന അന്തരം അല്ലാതെ(ഉള്ളതെല്ലാം അവക്ക ഒത്ത വണ്ണം ഇരിക്കാതെ) (143) തീണ്ടുകയും തീണ്ടിയാൽ കുളിക്കയും (144) പൈയുന്നതകൊണ്ട തങ്ങടെ പെലച്ചക്കും കച്ചവടത്തിന്നും അന്തരം ഒണ്ടന്നിട്ട തീണ്ടുന്നത ദൊഷം അല്പാ എന്ന മനസ്സിൽ ഗ്രഹിച്ചുംകൊണ്ട അവരിടെ എടയിൽ ഇരിക്കുന്നതിനാംപക്കം തീണ്ടുമരിയാതി അവര കാണുന്നെടത്ത അവക്ക ഒത്തവണ്ണം ഇരുന്നുകളയണം എന്നും അവര ആരും കാണുകയില്ലെന്ന തൊന്നുന്നെടത്ത അതിന്ന ഒത്തവണ്ണം ഇരിക്കെണ്ടാ എന്നും ശ്രുദ്ധമാന സൂനഹദൊസ അറിയിക്കുന്നു. തീണ്ടുമരിയാതി ഇല്ലാത്ത നഗരികളീന്ന കീം അമിശക്കാരരിൽ മാസ്ത്രം പുക്കവരെ കണ്ടാൽ ഒക്കയും ഒന്ന എന്നകണ്ട പ്രിയപ്പെട്ടകയും അനുസരിച്ച കൊള്ളുകയും വെണം. തംപുരാൻെറെറ തിരുമുമ്പിൽ നല്ല കൊലം എന്നും തണ്യ കൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല. അത പൈന്തൊ? എല്ലാവക്കും ഒടയവനും തമ്പുരാനും താൻ ആയതിനെക്കൊണ്ട നാം മാനുഷര ഒക്കയും ചൊദ്യത്തിനുടെ ദിവസത്തിൽ ഒരുമിച്ച തൻെറെറ തിരുമുൻപാകെ യൊഗംകൂട്ടുകയും മാസ്ത്രമായ നൊം ഒക്കയും ശ്രുദ്ധമാന കുറ്റമാന കൊള്ളുന്നെടത്ത ഒരുമിച്ച മുട്ടുംകുത്തികൊള്ളുകയും വെണം. പള്ളിയിടെ ശ്രുദ്ധമാന കൂദാശകംക്ക നാം ഒക്കയും ഒരുപൊലെ അത്രെ ആകുന്നതു. മെൽ പറഞ്ഞ അവവാശത്തിന്ന തൊടാത്തത എന്നിയെ ആരാനും കാണാതെ തൊട്ട എംകിൽ അതിന്ന കുളിച്ചെ മതിയാവു എന്ന വരുന്നത ഒക്കയും കാവ്യരുടെ കൃത്യം അത്രെ. കീം അമിശക്കാരെ അല്ലാതെ തൊട്ടാൽ കുളിക്കണ്ടാത്തവരെ തൊട്ടാൽ പെലടത്ത കുളിച്ചു ന്യായം. ഒട്ടെറെയും തെക്കെ ദിക്കിൽ ഇത ആകുന്നു. ഇതിനെക്കൊണ്ട മലയാളക്ക മെനികെടും വെറുപ്പും ഒണ്ടതാനും എന്ന ഇരിക്കുന്നെടത്ത അവരെ തൊട്ടാൽ കുളിക്കുന്നതിനെക്കൊണ്ട വഴിയെ കുറപ്പെട്ടത്തിയെ മതിയാവു. (145) അത എന്തെ? കാവ്യരുടെ മരിയാതകംക്ക ഒത്തവണ്ണം ഇരിക്കുന്നവരെപ്പൊലെ. ഇത പൊരും പറകയും കുംപസാരിക്കയും പൈയ്യുന്ന പട്ടക്കാര ലൊകരെ പല കുറിയും പറഞ്ഞ ബൊധിപ്പിക്കയും വെണം.

---

142. വലയത്തിനുള്ളിൽ കാണുന്ന രോഗം മാന്നാനംകോപ്പിയിലില്ല. ബി. യിൽ കാണുന്നു.

143. മാന്നാനംകോപ്പിയിലില്ല; ബി. യിൽ കാണുന്നു.

144. 'കുളിയാണ്ടുയും' — ബി. യിലെ പാഠം സ്വീകരിച്ചാലെ അർത്ഥം ശരിയാകു.

145. മലയാളരെ (=നായന്മാരെ) തൊടുന്നതു തീണ്ടലായി 'തെക്കെദിക്കിലെ' ക്രിസ്ത്യാനികം കരുതിയിരുന്നു. ഇതു പാടില്ല എന്നാണു പറയുന്നതു.

മൂന്നാം കാനൊന [S. ix D. iii]

ചെലടത്ത നസ്രാണിമാപ്പിളമാരിടെ കൊളം എംകിലും കിണറ എംകിലും കമ്മാളരതൊട്ട എംകിൽ മലയാളര ചൈയുന്ന ക്രിയ ചൈതെ പുണ്യമാകുമാറ ആകുന്നത പട്ടാങ്ങക്കും മാർഗ്ഗത്തിന്നെറ വെടിപ്പിന്നും മറുത്ത ആകുന്ന എന്നതിനെക്കൊണ്ട അങ്ങിനെ ചൈയുന്നവരെ പള്ളിക്കും പള്ളിക്ക അടുത്ത വസ്തുക്കളിന്നും പൊറത്ത നിറുത്തണം. പട്ടക്കാരൻ അപ്പഴക്ക ആ നിറുത്തിയവനെ കൈകൊടുക്കരിയും കൊടാതെ നിക്കണം. കൊറെ ഒരാണ്ടെക്ക അങ്ങനെ വെണം താനും, ചൈയുന്ന ക്രിയകൊക്ക തക്കവണ്ണം ഒള്ള കുറപ്പാടുകളെക്കൊണ്ട കുറപ്പാടുക്കയും വെണം.

നാലാം കാനൊന [S. ix D. v]

കാവ്യരിടെ മര്യാതകളിൽനിന്നും കൃത്യങ്ങളിൽനിന്നും തന്നെ അല്ല വിശ്വാസം ഒടെ നസ്രാണികൊം അകലെണ്ട. പിന്നെയൊ ശുദ്ധമാന എവൻഗെലിയൊൻ വഴങ്ങിയതിൽപിന്നെ പഴെ മാർഗ്ഗത്തിലെ മരിയാതകളും കൃത്യങ്ങളുംകൂടെ അകറിയെ മതിയാവൂ. പെറുന്ന നാല്പതാംപക്കം കിടാങ്ങളെപെറ അമ്മമാര പള്ളിക്കൽ കാഴ്ചയായിട്ട കൊണ്ട ചെല്ലുന്നത നന്ന എന്നും അങ്ങനെ വെണം എന്നും ശുദ്ധമാന സൂനഹദൊസിന്ന സന്തൊഷവും തെളിവും അത്രെ. അത മത്ത മറിയത്തുമ്മാ ചൈതത ഒര സാമ്യം – ആ നല്ല പുണ്യം അടയാളവും ഒത്തു ചൈയുന്നതിനെക്കൊണ്ട. എന്നാൽ പെറ നാല്പത ദിവസം കടക്കുന്നതിന്ന അകത്ത പള്ളിക്കൽ ചെല്ലുവാൻ അശുദ്ധം ഒണ്ടെന്നും ചൊല്ലി പള്ളിക്കൽ ചെല്ലാതെ ഇരിക്കുന്ന മരിയാത ശുദ്ധമാന സൂനഹദൊസ ഉപെക്ഷിക്കുന്നു. നാൽപത ദിവസത്തിനകത്ത പഴെമാർഗ്ഗത്തിലെ മരിയാതക്ക തക്കവണ്ണം അല്ലാതെ പള്ളിക്കൽ ചെല്ലുന്നത ദൊഷമെന്നും ചൊല്ലി ഇരിക്കുന്നത ഉപെക്ഷിക്കുന്നു. ആൺ പൈതലെ പെറുന്നവര നാൽപതദിവസവും പെൺകിടാങ്ങളെ പെറുന്നവര എൺപത ദിവസവും വരത്ത ഇരിക്കണം എന്ന മരിയാത പഴെ മാർഗ്ഗത്തിലെത ആകുന്നതിനെക്കൊണ്ട ഒപകാരകെട്ടും ഒപെക്ഷയും പെട്ടുന്നത അത ആകുന്നതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു അതിന തക്കവണ്ണം ഇരിക്കരുത എന്ന. വിശെഷിച്ച പെററാൽ നാല്പത ദിവസത്തിനകത്ത പൊറപ്പെട്ട നടക്കുന്നതിനെക്കൊണ്ട സംകടം ഇല്ലുന്ന വരികിൽ ഞാറാഴ്ചക്കും പെരുനാൾക്കും പള്ളിക്കൽ ചെന്ന കുർബാന കണ്ട മതിയാവു എന്ന സൂനഹദൊസ അറിയിക്കുന്നു. നാല്പത ദിവസം ചെന്നാൽ മക്കളെ വിശ്വാസമുടെ നസ്രാണികൊം ആയവര ദൈവത്തൊട്ടുടെ തംപുരാന്റെറ പുത്രന്ന കാഴ്ചയായിട്ട പള്ളിക്കൽ കൊണ്ടുചെല്ലുകയും ആം. അത ഒര പ്രമാണം എന്ന ഓത്ത ചൈകയും അരുത താനും.

അഞ്ചാം കാനൊന [S. ix D. vi]

തംപുരാന്റെറ തിരുമുന്നിലെക്ക ഏറെ വല്യതായിട്ടും ചെലക്കപ്പെട്ടിട്ടും എല്ലാവർഗ്ഗത്തിലും കുറപ്പെട്ടത്തീട്ടും ഒള്ള ദൊഷങ്ങളിൽ ചെലത ആകുന്നത ചൊതുദ്ധവ കൊക്കുന്നതും ചൈത്താന്റെറ ചിററാഴ്ചക്കാരരൊട വിജാരിക്കുന്നതും (146).

---

146. // "The consulting of witches and such as hold a correspondence with the devil;" Hough, p. 672.

മലംകര എടവകയിലെ നസ്രാണികളിൽ പലരും ഒട്ടെറയും കടികളിൽ ഇരി ക്കുന്നവരും മലയാളരൊട്ടും കൂടൊത്രക്കാരൊട്ടും ചൊതരദ്രവക്കാരരൊട്ടും ഏറെ അ ണവ ഒണ്ട എന്നതിനെക്കൊണ്ട പെംകട്ട ഒണ്ട എംകിൽ അതിന പൊരുത്തവും പൊഴുതും ചൊദിച്ച അവര ചൊല്ലംവണ്ണം കെട്ട പ്രൊത്തിച്ച ഞായം എന്നും അവ രിടെ ചൊല്ലിന്ന തക്കവണ്ണം ഇരിപ്പാൻ ആയിട്ട പലകെട്ട ഇഴക്കി മററ കൽപി ക്കുന്നതും ക്ലെശക്കാരര തങ്ങടെ ക്ലെശത്തിന പൊറുതി ഒണ്ടാവാൻ മാർഗ്ഗത്തിൽ അടത്ത പ്രൊത്തി പ്രൊത്തിപ്പാൻ തക്കവരെ വിളിക്കുന്നതും അവരെ കൊണ്ട പ്രൊത്തിക്കുന്നതും കൂട്ടപൊയത അറിവാനും മക്കം ഒണ്ടാവാൻ മററ ഇവണ്ണം ചെലതിന്ന മാർഗ്ഗത്തിനടാത്തത പ്രൊത്തിക്കുന്നതും ശുദ്ധമാന സൂനഹദൊസ അറിഞ്ഞിട്ട പ്രമാണിക്കുന്ന. ഇത്തരം പ്രൊത്തിയിൽ ഏതാനും പ്രൊത്തിക്കുന്ന വരെ എണങ്ങീന്ന പൊറത്ത ആക്കണം എന്നും കത്തങ്ങം കൈകസ്തി കൊട്ടക്ക രുത എന്നും അവരുടെ സ്ഥലത്ത പട്ടക്കാരര ചെല്ലരുത എന്നും. ഇത മെൽപട്ട ക്കാരന്ന ഒപ്പൊളം, കൊറഞ്ഞത ഒരാണ്ടെക്ക അങ്ങനെ നിക്കണം താനും. അത പൊക്കപ്പൊം ചൈത കുറത്തിന്ന തക്കവണ്ണം മററ പ്രാശ്യത്വങ്ങം കൊണ്ട വെണംതാനും.

ആറാം കാനൊന [S. ix D. vii&viii]

ചെല നസ്രാണികം ചൈത്താനെററ പ്രവൃത്തി ആകുന്ന പ്രവൃത്തി ചൈയ്യ ന്നവരിടെ അവിടെ ചെല്ലുകയും പാക്കയും ചൈയുന്നത കൂടാതെ തണ്യ പ്രവൃത്തി ക്കാരരെ തങ്ങടെ സ്ഥലത്ത വരുത്തിക്കൊണ്ട മററ എണങ്ങരിടെ മെനിക്കെട വരു ത്തുകയും മാർഗ്ഗത്തിന്ന അടാത്ത ചെല പ്രവൃത്തികളെ വെളിച്ചമെ ചൈയിപ്പിക്ക ന്നതും തുള്ളിക്കയും പാടിക്കയും കൊഴി അറുത്ത വെലി കൊട്ടപ്പിക്കയും ചൈയ ന്നത ശുദ്ധമാന സൂനഹദൊസ അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്ന. ഇത്തരം തനെററ സ്ഥലത്ത എംകിലും ആരാനെററ സ്ഥലത്ത എംകിലും അത്തരം പ്രവൃത്തി പ്പാൻ സ്ഥലം കൊട്ടക്കുന്ന എംകിലും അതിന്ന ചെഴി ആകുന്ന എംകിലും അത ഈ വണ്ണം ചൈയുന്ന എംകിലും അപ്പൊംതന്നെ മഹറൊൻ അവക്ക അനുവദിക്ക എന്ന. അങ്ങനെ ഇന്നവര പ്രവൃത്തിച്ച എന്നറിഞ്ഞാൽ പള്ളിക്കെന്ന മഹറൊൻ ഒണ്ടന്ന വിളിച്ച ചൊല്ലുകയും വെണം. യൊഗ്യം ആയ പ്രാശ്യതവും ആവലാധി യൊട്ടുകൂടെ ഒള്ള മനഗ്രണവും ചൈയണമെന്ന അപെക്ഷ ഒണ്ടാവൊളം അങ്ങനെ നിക്കണം. മനസ്സൊട കൂടെ ഒള്ള പ്രാശ്യതം എന്നറിഞ്ഞാൽ അകമെ മെല്പട്ടക്കാ രന്ന അവരുടെ മഹറൊൻ പൊക്കാം. എന്നാൽ രണ്ടാണ്ടെസ്സു പള്ളിക്കൽ കടക്കയും അരുത. കൈക്കസ്തിയും അരുത. പട്ടക്കാര അവരിടെ അവുടെ ചെല്ലുകയും അരു ത. വിശെഷിച്ച അവര മരിപ്പാൻ തക്ക സംകടം ഒണ്ട എന്ന തൊന്നംപൊം പട്ട ക്കാരക്ക അവിടെ ചെല്ലുകയും ആം. അവനെററ നന്മക്ക വെണ്ടുന്നത ചൈകയും ആം. വിശെഷിച്ചും ചൈത്താൻമാരുടെ മുക്കാൽ വട്ടത്ത ചെന്ന ഏതാനും നെല്ല നെരുകയും കണികളുടെ എന്തുങ്ങളെ എഴുതിച്ച തങ്ങംക്ക എംകിലും തങ്ങടെ കൃഷിക്ക എംകിലും മൃഗജാതിക്ക എംകിലും മററ ആക്കാനും (എംകിലും) ഇപ്പറഞ്ഞ തിന്ന കൊട്ടക്കയും കെട്ടുകയും ചൈയുന്നവക്കും മെൽപറഞ്ഞ പ്രാശ്യത്വംതന്നെ ആകുന്ന. ആറുമാസത്തെക്ക പള്ളിക്കപൊറത്തനിക്കയും ആ എടുത്ത പട്ടക്കാരര അവരിടെ സ്ഥലത്ത ചെല്ലുകയും കൈക്കസ്തിരി കൊട്ടക്കയും അരുത. മെൽപട്ടക്കാ രന്ന ഒത്തമററ പ്രാശ്യത്വങ്ങം കൊണ്ട കുറപ്പട്ടക്കയും വെണം. മെൽപട്ടക്കാരര എല്ലാടത്തെ അറകുററം നൊക്കുവാൻ നടക്കുന്നെടത്ത ഇത്തരം പ്രവൃത്തി ഒള്ളതി നെ ഏറെ സൂക്ഷിച്ചും ശ്രമിച്ചും അറിയണം.

ഏഴാം കാനൊന [S. ix D. ix & x]

തംപുരാന്റെറ തിരുമുന്നിലെക്ക അനെകം വലിയ ദൊഷം ആകുന്നത പലി
ശകൊള്ളുന്നത. ദൈവിക എഴുത്തുകളീന്ന ഉപെക്ഷപെട്ടതും പലിശ. നമ്മുടെ
കത്താവ മാറാനീശൊമിശിഹാ അരുളി ചൈതു: 'നിങ്ങടം തമ്മിൽ തമ്മിൽ ഉഭ
യം കൂടാതെ വായ്പ കൊടുപ്പിൻ' എന്നും മത്തൊള്ള (ത) ദൊഷം ആകുന്നത എന്നും.
ഇ എടവകയിലെ നസ്രാണികളിൽ പലരും എങ്ങനെ വായിപ്പ കൊടുക്കെണ്ട
എന്നും അതിന്ന ഇന്നതിന്ന ഇന്ന ഉഭയം വാങ്ങെണ്ട എന്നും ഇന്നത അരുത എ
ന്നും ഇന്നത വീണ്ടുകൊടുത്തെ മതിയാവു എന്നും അറിയാതെ ദൊഷംകൊണ്ട വല
യുന്ന എന്നതിനെക്കൊണ്ട ശ്രുദ്ധമാന സ്നഹദൊസിന്ന അനെകം ദുഃഖം ഒണ്ട.
ഇതിനെക്കൊണ്ട വിശ്വാസക്കാരര ഒക്കെയൊടുംകൂടെ അറിയിക്കുന്ന അറിവും
ദൃഢതയും പഠിത്വവും കൊണ്ട ഇന്നതിന്ന ഇങ്ങനെ ഉഭയം വാങ്ങാം എന്നും അരു
ത എന്നും ചൊല്ലുവാൻ തക്കവരൊട വിജാരിക്കണം എന്ന. ഉഭയത്തിന്ന തന്നെ
വച്ചിരിക്കുന്ന മൊതലിന ഉഭയം എങ്ങിനെ വാങ്ങുന്ന എന്ന അവരൊട ചൊ
തിച്ച അറികയും യൊഗ്യത്തൊട വാങ്ങുന്നത ഇന്നത എന്നും അരുതാത്തത ഇ
ന്നത എന്നും പഠിക്കണം. ശ്രുദ്ധമാന സ്നഹദൊസ ദെശമരിയാതക്ക തക്കവണ്ണം
സാമാന്യം ആയി വാങ്ങുന്ന ഒഭയം എങ്ങിനെ എന്ന ചൊദിച്ച അറിഞ്ഞ അതി
ന്ന തക്കവണ്ണം അറിയിക്കുന്ന. മെട്ടുകൂടാതെ കാരണംതന്നെ നൂറിന്ന പന്നിരണ്ട
ആണ്ടിൽ വാങ്ങുന്നതിൽ ഏറെ വാങ്ങുന്നത ഒക്കയും പലിശ എന്ന (147). ഇ
എടവകയിൽ സാമാന്യം ആയി ഉഭയത്തിന്ന തക്കവണ്ണം നൂറിന്ന പന്നിരണ്ട
എന്ന പറഞ്ഞതുകൊണ്ടും അറിവാക്കന്മൊരൊട വിജാരിക്കയും അത അത ദെശ
ത്തെ ഉഭയത്തെ അവരെ കൊംപ്പിക്കയും വെണം അത തന്നെയും വാങ്ങാമൊ
എന്നറിവാൻ. അത എന്തെ? ചെലടത്ത ഇതു ഒഭയം അരുതാത്തെടവും യൊഗ്യം
അല്ലാത്ത എടവും ഒണ്ടായിരിക്കും. എന്നതിനെക്കൊണ്ട മെട്ടുക്കെട്ട കൂടാതെ
നൂറിന്ന പന്നിരണ്ടിൽ ഏറും ആരാനും വാങ്ങുകിൽ മൂന്ന കുറി അത അരുത
എന്ന വെലക്കണം. കെട്ടതിന്റെറ ശെഷം ഏറും വാങ്ങുന്നത മാറാസ്സിൽ മഹ
റൊൻ ചൊല്പണം. അതിന്ന നീങ്ങാതെ അങ്ങനെ തന്നെ ചെല്ലുകിൽ മഹറൊൻ
പൊക്കുകയും അരുത. മെട്ടുക്കെട്ട കൂടാതെ കാരണം പണയപ്പാടും വാങ്ങിക്കൊണ്ട
തിങ്ങളിലെക്ക നൂറിന്ന വയ്പിച്ചത ഒന്ന വാങ്ങുന്നതും പണയപ്പാട ഇല്ലായ്ക
കൊണ്ട നൂറിന്ന രണ്ട തിങ്ങളിലെക്ക വാങ്ങുന്നതും ഞായക്കെടും വെളിച്ചമെ വ
ലിയ പലിശയും അത്രെ ആകുന്നത. പണയപ്പാട ഇല്ലായ്കകൊണ്ടും മറും ഏതാ
നും ഹെതുകുറിച്ചും മെട്ടുകൂടാതെ നൂറിന്ന രണ്ട വാങ്ങരുത തിങ്ങളിൽ എന്നും.

എട്ടാം കാനൊന [S. ix D. xi]

തംപുരാനെ പെടി കൂടാതെയും വിശ്വസകാരക്ക തിന്മ ആയ ഇരുപ്പുകാട്ടി
യും കൊണ്ട പലര ഒണ്ട ഇ എടവകയിൽ കെട്ടാതെ വച്ചുംകൊണ്ട ഇരിക്കുന്ന
വര. ഇങ്ങനത്തവരൊടുകൂടെ തങ്ങടെ വിഗാരിമാര പ്രിയത്തൊടുകൂടെ മൂന്ന കുറി
അത അരുത എന്ന അറിയിക്കണം. അതിന്റെറ ശെഷം ആ ദൊഷത്തിന്ന നീ
ങ്ങി ഇല്ലാ എങ്കിൽ അവക്ക മഹറൊൻ ചൊല്പണം വെസ്ഥയാലെ അതിന്ന
നീങ്ങവൊളത്തെയ്ക്ക. അവന്റെറ കടുമക്ക തക്കവണ്ണം മെല്പുട്ടക്കാരന്റെറ മനസ്സി
ന്ന തക്കവണ്ണം മറും പ്രാശ്യത്വം കൊണ്ട കുറപ്പുടുക്കയും വെണം. തങ്ങടെ വെ

147. പത്തു ശതമാനം പലിശ എന്ന പോ. കാനോനയിൽ കാണുന്നു.

ള്ളാട്ടികളെ വച്ചിരിക്കിൽ വെസ്സയാലെ അവരെ വിഗാരിമാര അവരെ വീട്ടി ന്നും നാട്ടീന്നും കളകയും വെണം.

ഒൻപതാം കാനൊനാ [S. ix D. xxiii]

ശ്രദ്ധമാന സൂനഹദൊസ ഇ എടവകയിലെ വിശ്വാസക്കാരര ഒക്കയൊട്ടും കൂടെ അപെക്ഷിക്കുന്നു. എല്ലാവരും അങ്ങാടിയിൽ തന്നെകൂടെ എംകിലും അരികെ എംകിലും വെണം ഇരിപ്പാൻ എന്ന. അത എന്തെ? സൂനഹദൊസ അറിഞ്ഞു കടികളിൽ ഇരിക്കുന്നവര അവിടെ ഇരിക്കുന്നതിനെക്കൊണ്ട മലയാളരിടെ പ്രവൃത്തിയും കൃത്യങ്ങളും കൂടിപുലർച്ചയും ഒണ്ട എന്ന. പള്ളികളിലും അട്ടക്കും വണ്ണും വരികയില്ല. ആണ്ടിൽ ഒരിക്കൽ താൻ രണ്ട കറി തന്നെ പള്ളിക്കൽ വരുന്നു. കുംപസാരിച്ച പെഴ പൊക്കിക്കുമാറും ഇല്ല. മാർഗ്ഗം എന്ന പെര ഒഴിയെ മറവു മാഗ്ത്തിലെ പഠിതവും എതും ഇല്ലാതാനും. അങ്ങനെ ഇരിക്കുന്നവരിടെ മക്കളും പള്ളിക്കൽ വരിക എന്നും ഇല്ലാ ശ്രദ്ധമാന ഒത്തുകളും മാഗ്ത്തിലെ പഠിതവും കൂടാതെ മലയാണ്മയും അതിലെ പഠിതവുമെ അവരിടെ പക്കൽ ഒള്ള. വിഗാരിമാര എന്ത ഏത ഒരുത്തര കടികളിൽ ഇരിക്കുന്ന എന്ന അറികയും വെണം. ദിഷ്ടീതിയായിട്ടുള്ള ഹെതു കൂടാതെ അങ്ങനെ ആരാനും ഇരിക്കിൽ പ്രാശ്യതവം കല്പിച്ചിട്ടും അങ്ങാടിയിൽ അവരെ വരുത്തി ഇരുത്തണം. അങ്ങനെ കല്പിച്ചാൽ വരാത്ത അവരെ പള്ളിക്ക പൊറത്ത ആക്കുകയും വെണം. കൈക്കസ്സരി കൊട്ടക്കയും അരുത. പട്ടക്കാരര അവരിടെ സ്ഥലത്തു പൊകയും അരുത. കടികളിൽ ദൂരെ ഇരിക്കുന്നവരെ ഒരെടത്ത അങ്ങാടി വൈപ്പിപ്പാനും അവക്ക പള്ളി ഒണ്ടാവാനും തക്കവണ്ണും വിഗാരിമാര ശ്രമിക്കണം. അങ്ങനെ ഒരിമിച്ച ഇരിക്കും പൊം ഏറെ അങ്ങാടികളും ഒണ്ടാം. മാക്കത്തിന്നും മരിയാതക്കും തക്കവണ്ണും അവക്ക ഇരിക്കണം എന്നും പള്ളിക്കൽ കല്പിച്ചവണ്ണും വരുവാൻ ഹെതുവും ഒണ്ടാം.

പത്താം കാനൊനാ [S. ix D. xii]

വീട്ടിൽ കാന്നവരൊട്ടും അച്ചന്മാരൊട്ടും കൂടെ ശ്രദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു. തങ്ങളുടെ അടിയാരുടെയും വെള്ളാട്ടികളുടെയും ചിറാഴ്മക്കാരുടെയും ചിലവും പുലച്ചയും എങ്ങിനെ എന്ന സൂക്ഷിച്ചകൊള്ളണം എന്ന അപെക്ഷിക്കുന്നു. അതെ എന്തെ? ഇ മലംകര എടവകയിൽ ഒള്ള വെള്ളാട്ടികളും പിള്ളെരും മരിയാതക്കൊട്ടും നെടി ഉണ്ണും അത്ര എറെ ആകുന്ന എന്ന സൂനഹദൊസ അറിഞ്ഞിട്ട. ഇത ഒടയവരിടെ മനസ്സ അറിഞ്ഞ ആകുന്ന താനും. പള്ളിക്കൽ അവര പൊവാറും കുബാന കാഴ്മാറും പെഴ മൂളമാറും ഇല്ല. മാഗ്ത്തിന്ന അട്ടത്ത ഒത്ത ഏതും പൊകതാനും. ഒടയവര ആകുന്നവര അവരുടെ ആത്മാവുകളുടെ നന്മകാംക്ക വെണ്ടുന്നത അന്വേഷിച്ചെ മതിയാവു എന്നവര അത ചൈയ്മാറും ഇല്ലാ. തന്റെറ വീട്ടും വീട്ടിൽ ഒള്ളവരെയും സൂക്ഷിക്കാത്തവര വിശ്വാസം ഉപെക്ഷിക്കുന്നു എന്നും കാവ്യരിലും ആകാത്തവര എന്നും പൌലൊസ ശ്ലീഹാ പൊല്ലിയതും ഒണ്ട. ഇതിനെക്കൊണ്ട പള്ളികളിൽ നിക്കുന്ന വിഗാരിമാരര തങ്ങടെ എടവകയിൽ ഒള്ളവരുടെ പെലച്ചയും ഇരിപ്പും എങ്ങനെ എന്ന അനെകം സൂക്ഷിക്കയും വെണം എന്ന അപെക്ഷിക്കുന്നു. അവരിടെ അവസ്ഥകളും ഏതാനും ഒടയവരൊട അറിയിക്കണം എന്ന തൊന്നുന്നതിനെ അറിയിക്കയും വെണം.

പതിനൊന്നാം കാനൊന [S. viii D. xi xiii]

കിംക്കസ്സെസിമാ എന്ന ഞാറാഴ്ച കടന്ന വരുന്ന തിങ്കളാഴ്ചനാം അൻപത നൊയമ്പ പിടിക്കുന്നതും നൊയമ്പിൽ മീനും മൊരും വെറ്റിലയും കൂടിയും ഇല്ലാത്തതും പഴെ നെറ്റിക്ക തക്കവണ്ണം ഒര നെരം ഒയിക്കുന്നതും ശ്രദ്ധമാന സൂന ഹദൊസ ഇ മരിയാത ഒക്കയും സമ്മതിക്കയും അവണ്ണം തന്നെ ഇരിക്കയും വെണ മെന്ന കൽപിക്കുന്നു. (148) എന്നാൽ ചെല തണ്യനെറ്റികം അറിയാത്തവര പകൻ ഇതിൽ പുതുതിനെ നീക്കുകയും വെണം. ഇതിനെ അറിയിക്കുന്നു. ചെ ല യാവ്യങ്ങം മാറി നൊയമ്പിൽ യാവിക്കുന്നത പല ഊട്ടക്കയും യാവിക്കയും ആം എന്നതിനെക്കൊണ്ട എല്ലാ നൊയമ്പ ആകുന്നത കൽപനയായിട്ട ഒള്ള നൊ യമ്പ ഒരു നാള ഒരിക്കൽ കൽപിച്ച നെരത്തെ യാവിക്കാവു. അന്തീക്ക വെറും വെള്ളം കുടിച്ചാൽ ഏതാനും സംകടം ആം എന്ന തൊന്നുന്നവക്ക അനെകം തൊൽപം ആയിട്ട ഏതാനും പള്ളി അനുസരിക്കും വണ്ണം തിന്ന തണ്ണീര കുടി ച്ചുകൊള്ളാം. കല്പിച്ചതിൽ വെലക്കപെട്ടവുത്താൽ എതാനും താൻ ഇ പറഞ്ഞവ രണ്ടും അല്ലാതെ ഏതാനും യാവിക്കയിൽ നൊയമ്പ വീട്ടകയും ചാവദൊഷവും ഒണ്ട. വിശെഷിച്ചും അറിയിക്കുന്ന അരുതായ്മകൊണ്ട എംകിലും നിച്ചിരിയത്വം കൊണ്ട എംകിലും ഒര ദിവസം വീടി പൊയി എംകിൽ നൊയമ്പ ഒക്കയും വീടി പൊകും എന്ന ചെലര ചൊല്ലും വണ്ണമല്ല. പിന്നെയൊ ശെഷം നൊയമ്പനൊ ന്നെറ്റ മതിയാവു. എത്ര ദിവസം നൊയമ്പ വീടി കളയുന്നു എടയിൽ എത്ര ദൊ ഷം ഒണ്ടാക്ക അത്രെ ആകുന്നു. വിശെഷിച്ചും നൊയമ്പിൽ അനെകം വലുതായി ട്ട പെരുനാം വരികിലും ആ ദിവസം നൊയമ്പ നൊറ്റെ മതിയാവു ഞാറാഴ്ച എന്നിയെ. ഞാറാഴ്ചനാം നൊയമ്പ ഒണ്ട എംകിലും രണ്ട നെരവും യാവിച്ച കൊള്ളാം. നെമ്പിന്ന രാവിലെ കളിച്ചെ മതിയാവു എന്ന അറിയാത്തവര പറയുന്നത നൊയമ്പിന്ന ഏതും വെണ്ടാത ഇല്ല. നൊയമ്പിൽ കീം അമിശ ക്കാരരെ എങ്കിലും മെൽ അമിശക്കാരര ആകുന്ന മാറ്റും അല്ലാത്തവരയും തൊ ട്ടാൽ കുളിക്കണം നൊയമ്പിൻെറ വെടിപ്പിന്ന എന്ന തൊന്നുന്നത ഒക്കെയും കാവ്യരിടെ എട്ടപ്പും ക്രിയകളും പള്ളീന്ന ഉപെക്ഷ പെട്ടത അത്രെ ആകുന്നത. ഇത എപ്പെരും വിശ്വാസക്കാരരിടെ മനസ്സീന്ന പറിച്ച നീക്കണം എന്ന ക ല്പിക്കുന്നു.

പന്ത്രണ്ടാം കാനൊന [S. viii D. xii]

നൊയമ്പിൻെറ പ്രമാണം ഞെരുക്കം ആകുന്നത എംകിലും ഇരുപത്തൊന്ന വയസ്സൊളം ഒള്ള വലിഭക്കാരര ഒര നെരം ഒയിച്ചെ മതിയാവു എന്ന പ്രമാണമി ല്ല. യെറെ വയസ്സ ചെന്നവരും ക്ലെശക്കാരരും ഗർഭം ഒള്ളവരും മുലകൊട്ടത്ത കിടാങ്ങളെ വളത്തുന്നവരും ഒരുത്തൻ ചൈതെ മതിയാവു എന്ന പ്രൊത്തി അവ ന ഉണ്ടംകിൽ നൊയമ്പുകൊണ്ട അത എത്തിച്ചുകൂടാ എന്നവനും ഇ പറഞ്ഞവര എല്ലാം ഒര നെരം ഒയിച്ച നൊയമ്പ നൊക്കെണ്ടത ഇല്ല. പിന്നെയൊ നൊയ മ്പിന്ന അട്ടത്ത യാവിച്ച നൊറ്റുകൊണ്ടാൽ മതി.

---

148. ഭാര്യാഭർത്താക്കന്മാർ നോയമ്പുകാലത്ത് ലൈംഗികബന്ധം ഉപേക്ഷിക്കുന്നു പോ. പതിവിനെ കാനോന ശ്ലാഘിക്കുന്നു.

പതിമൂന്നാം കാനൊന [S. ix D. xvi]

മലംകര എടവകയിൽ ഒള്ള നസ്രാണികം മാത്രം അല്ലാത്ത രാജാക്കടെയും കത്താക്കടെയും നാടുകളിൽ ഇരിക്കുന്നതിനെക്കൊണ്ട ഏതാനും പെഴച്ചതൊ ഇല്ലയൊ എന്നറിവാൻ അവരെക്കൊണ്ട വെരൽ മുക്കിക്കയും മഴു എടുപ്പിക്കയും നീന്തിതെളിവാൻ ഒള്ള എടത്തിൽ നീന്തിക്കയും ചൈത്ത ഞായം, പെഴയാത്ത വക്ക് സംകടം വരികയില്ല എന്നും പെഴച്ചവരാ എംകിൽ ഒടനെ അതകൊണ്ട അറിയാം എന്നും ചൊല്ലി (149). അറിവകൊറഞ്ഞ ചെലര നസ്രാണികം തങ്ങളെ ആരാനും കുറംചൊല്ലി എംകിൽ ഇ മെൽപറഞ്ഞ അടയാളങ്ങം ഏതാനും ചെയിച്ച തെളിയിച്ചകൊള്ളണം എന്ന അപെക്ഷിച്ച ഞായം, തങ്ങടെ പര മാത്ഥം കാട്ടുവാൻ. അങ്ങിനെ തെളിയുന്നെടത്ത പരമാത്ഥവും കുറവും ഇല്ലന്ന കണ്ട തംപുരാന്റെറ ചെഷി എംകിലും ആയി നിന്ന സംകടം ചെലപ്പൊം വരുത്തുകിലും അത അങ്ങനെ ചൈയുന്നത തംപുരാനെ പരുക്ഷിക്ക ചൈയുന്നത അത്രെ ആകുന്നതും, പ്രത്യക്ഷം ചൈയണം എന്ന വരുത്തുന്നതും. ആയത ഒയാഗ്യം ആകുന്നത അല്ല. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന നസ്രാണികം ആരാനും ഇത്തരം തെളിവിന്ന തങ്ങം ആം എന്ന ചൊല്ലരുത എന്ന. അങ്ങനെ തങ്ങളെ തെളിയിപ്പാൻ ആയിസ്ഥം ആകുന്നതകൊണ്ട ശാവ ദൊഷം ഒണ്ട എന്ന വഴിയെ അറിയെണം തംപുരാനെ പരുക്ഷിക്കുന്നതകൊണ്ട. ഇതിന്ന എടത്തുട ആരാനും ചൈകിൽ വലുതായിട്ട കുറപ്പെട്ടുക്കയും വെണം. വിശെഷിച്ച നാടുവാഴിയുടെ ബലംകൊണ്ട തന്റെറ എടവകയിൽ ഇരിക്കുന്ന വരെ ആരാനെക്കൊണ്ട തെളിയിപ്പാൻ മുട്ടകിൽ അത ചൈയാതെ ഇരിപ്പാൻ കഴിവ ഇല്ലംകിൽ ആ മാത്ഗ്ഗക്കാരിടെ ഞായക്കെടുകൊണ്ട ഒള്ള ബലം തംപുരാന്റെറ തിരുമുമ്പിൽ കയ്യാളിച്ചുംകൊണ്ട അവരിടെ ബലം കയിക്കൊള്ളുകയെല്ലൊ ആവു. വിശെഷിച്ചും മാത്ഗ്ഗക്കാരര തങ്ങളിൽ ഇത്തരം തെളിവുകം ചൈകയും അതുംമെൽ പറകയും അരുത. പട്ടാങ്ങയും മാർഗ്ഗത്തിൽ അടുത്ത ആണെയും സത്യവുംകൊണ്ട തെളികെ ആവു. ഇ ലൊകത്തിലെ ഞെരിക്കങ്ങളിൽ ഒക്കയിലും ഭയപ്പെടുവാൻ തക്കത അത്രെ മാർഗ്ഗത്തിൽ മരിയാത ആയിട്ട ഒള്ള സത്യങ്ങം. (150) വിശെഷിച്ചും മാർഗ്ഗം അല്ലാത്തവര തങ്ങടെ മുക്കാൽവട്ടത്തുംകൽ നിന്ന തെളിയണം എന്ന ചൊല്ലുകിൽ മരിക്കിലും അത കെംക്കരുത. അത എന്തെ? സത്യത്തിന്റെറ സാക്ഷി തംപുരാന്റെറ പെരിമക്ക തന്നെ വഴങ്ങുകെ ആവു.

പതിന്നാലാം കാനൊന [S. ix D. xvii]

വിശ്വാസം ഒള്ള ലൊകരിടെയും ഇത ഇല്ലാത്തവരുടെയും ഭെദം പൊറമെ ഒള്ള ശമയംകൊണ്ടും ഒട്ട വെണം എന്ന പള്ളിക്ക അതിന്ന അതിന സൂക്ഷം ഒണ്ട. അത എന്തെ? രണ്ട കൂട്ടവും ചമയംകൊണ്ടറിവാൻ. ഇ എടവകയിലുള്ളവര നസ്രാണികളും മലയാളരും തങ്ങളിൽ ചമയംകൊണ്ടും തലമുടികൊണ്ട കണ്ട അറിവാൻ ഏതും ഭെദം ഇല്ലന്ന ശുദ്ധമാന സൂനഹദൊസ കണ്ടിട്ട തങ്ങളിൽ ഭെദം കൊണ്ട കണ്ടറിവാൻ കല്പിക്കുന്ന. ആണുങ്ങം ആരും ഇന്നി തൊടങ്ങി കാത

---

149. സത്യപരിക്ഷകം: (1) തിളച്ച എണ്ണയിൽ കൈവിരൽ മുക്കുക. (2) ചുട്ടപഴുത്ത ഇരുമ്പ് എടുക്കുക. (3) ചീങ്കണ്ണിയും പാമ്പുമുള്ള ആറ്റിൽ നീന്തുക.

150. 'ഇ ലൊകത്തിലെ ഞെരിക്കങ്ങളിൽ ഒക്കയിലും പാവപ്പെടുവാൻ തക്കത അത്രെ മാർഗ്ഗത്തിൽ മരിയാത ആയിട്ടുള്ള ദിവസങ്ങം.'— ഈ പാഠമാണ് മാന്നാനം കോപ്പിയിൽ കാണുന്നത്. ബി. യിലെ പാഠമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. //…the fore said oaths being what christians ought to dread more than all the torments of the world Hough, p. 678,

ക്കത്തരുത എന്നും വളത്തരുത എന്നും. ഇതിന്ന എടത്തുടെ ചൈയ്യുന്നവരെ മെൽ പട്ടക്കാരന്റെറ മനസ്സിന്ന തക്കവണ്ണം കുറച്ചെടുക്കയും വെണം. കാതിൽ പൊന്ന ഇടുകയും അരുത. പൊന്ന ഇടുകിൽ പള്ളിക്ക പൊറത്ത ആക്കുകയും വെണം. കൈകസ്സരി പട്ടക്കാരര കൊടുക്കയും അരുത വഴക്കം ചൈവൊളം. ഇപ്പൊം പൈതങ്ങം അല്ലാതെ കാത ഒള്ളവക്ക കീഴിലെപൊലെ ഒണ്ടന്നത കാതില്ലിടുകൊള്ളാം.

പതിനഞ്ചാം കാനൊന [S. ix D. xx]

മലംകര എല്ലാ ഞായത്തിന്നും എടത്തുട ഒര മരിയാത ഒണ്ടായിരുന്ന. അത ആയത ഇ എടവകയിലെ നസ്രാണികളിടെ ആൺമക്കൾക്ക അനന്തരപ്പാട ഒണ്ടായിരുന്ന. ഇത ആൺമക്കളം തന്നെ ഒള്ളെടത്ത തന്നെ അല്ല പിന്നെയൊ പെണ്ണുങ്ങം തന്നെ ഒള്ളെടത്ത അവക്ക അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരിന്ന. (കെട്ടിയ സ്ത്രീധനവും കൊണ്ടപൊയ പെണ്ണുങ്ങൾക്ക തന്നെ അല്ല അനന്തരപ്പാട ഇല്ലാഞ്ഞു. പിന്നെയൊ കെട്ടുവാനും വളരുവാനും ഇരിക്കുന്ന പെണ്ണുങ്ങൾക്കുകൂടെ അനന്തരപ്പാടിൽ വെന്തം ഇല്ലാതെ ഇരുന്ന) (151). അനെകം വലയുന്നവരും ക്ഷെയിച്ചുപൊകുന്നവരും ഒണ്ട. അവരുടെ കാന്വര ഒണ്ടാക്കിയതിനെ ആണുങ്ങം എംകിലും അടുത്ത ചെന്വര എംകിലും അടക്കി ഞായം. വസ്തു ഒടയവന്റെറ പെൺമക്കൾക്ക ഏതാനും കൊടുക്കണം എന്ന ഓർക്കുന്നും ഇല്ല. ഇത ഒക്കയും ഞായം ഒടെ മരിയാതക്കും ഞായത്തിനും എടത്തുട ആകുന്നത. ഞായം ഒടെ മാർഗ്ഗത്തിൽ കാന്വരിടെ കടവും ധനവും ആൺമക്കൾക്കും പെൺമക്കൾക്കും ഒരു പൊലെ അത്രെ ആകുന്നത. കാന്വര ഒരുത്തരുടെ വസ്തു അടക്കിയാൽ വസ്തു നെടിയവന്റെറ പെൺമക്കൾക്ക ഒക്കയും വീണ്ടുകൊടുത്തെ മതിയാവൂ ഇതിന്ന ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്ന ഇത്രനാളത്തെ മരിയാത ഞായമായ മരിയാത അല്ലാ എന്ന. അടുത്ത ചെന്വക്ക മരിക്കുന്നവക്ക പെൺമക്കൾ ഒണ്ടെംകിൽ തങ്ങൾക്ക ഏതും എടുത്ത അടക്കിക്കൊള്ളരുത. അത അടക്കുകിൽ ദൊഷത്തിൽ ആകുന്നതാനും. വീണ്ട, മരിച്ച അവന്റെറ പെൺമക്കൾക്ക അടക്കിയ മൊതലും അതിനെക്കൊണ്ട ഒണ്ടാക്കിയ ഒഹെയവും കൊടുത്തെ മതിയാവൂ. ആൺമക്കൾതന്നെ കാന്വരിടെ വസ്തു പവുത്തുകൊള്ളരുത. തങ്ങടെ പെങ്ങന്മാക്ക കൂടെ ഒകരി കൊടുത്തെ മതിയാവൂ. ഇവണ്ണം അല്ലാതെ ചൈകിൽ അവരും തങ്ങടെ പെങ്ങന്മാക്ക അടുത്ത ഒവകരി വീണ്ടുകൊടുത്തെ മതിയാവൂ. വസ്തു ഒണ്ടാക്കിയവൻ ഇന്നതിന്നത ഇന്നാക്ക ഇത്ര എന്ന മരിക്കുമ്പൊം കല്പിക്കുന്നത കൂടാതെ ഒള്ളത ഒക്കയുംകൊണ്ട ഒരുപൊലെ ഒവകരി വീണ്ടുകൊടുത്തെ മതിയാവൂ. കെട്ടിയ പെണ്ണുങ്ങൾക്ക കൊടുത്ത സ്ത്രീധനം മുതലും ആമ്മക്കൾക്ക കച്ചവടത്തിന്ന കൊടുത്തും കൂടെ ഒവകരിയിൽ അടങ്ങുകയും വെണം. ശുദ്ധമാന സൂനഹദൊസ എല്ലാവക്കും പ്രമാണമായി കല്പിക്കുന്ന ഇങ്ങിനെതന്നെ യാവരിക്കണം എന്നും ഇത തങ്ങൾക്ക പ്രമാണം ആയിരിക്കണം എന്നും. തങ്ങടെ ആത്മാവിന്ന അടുത്തത ഇത ആയതിനെക്കൊണ്ട ഇതിന്ന എടത്തുട അടുത്ത ചെന്വര പെൺമക്കൾക്ക അടുത്ത അനന്തരപ്പാട കൂടാതെ എംകിലും ആങ്ങളമാര പെങ്ങന്മാക്ക ഓകരി കൊടുക്കായ്കിലുംകൂടെ അടങ്ങെണ്ടുന്നവക്ക കൊടുക്കാതെ തങ്ങൾതന്നെ അടക്കിയും കൊണ്ട ഇരിക്കിലും മെൽപട്ടക്കാരൻ പ്രാശ്യതങ്ങൾകൊണ്ട അതിനെ വീണ്ടെ മതിയാവു എന്ന വരുത്തണം. ഇ കല്പനക്ക ഒത്തവണ്ണം ഇരിയാത്തവക്ക മഹറൊൻ

151. വലയത്തിനുള്ളിൽ കാണുന്ന ഭാഗം കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥത്തിൽ കാണുന്നു; മാന്വനം കോപ്പിയിലില്ല.

ചൊല്ലണം. ആ മഹരൊൻ പൊക്കവാൻ ഇ കല്പനക്ക ഒത്തവണ്ണം ക്രിയയാലെ ഇരിന്ന വീണ്ടുകൊട്ടക്കെണ്ടുന്നവക്ക കൊട്ടത്തെ ഒള്ള എന്ന അറികാ.

പതിനാറാം കാനൊന [S. ix D. xviii]

ഇ എടവകയിലെ വസ്തുക്കൾ എപ്പെരും നസ്രാണികളിടെ മരിയാതകളും വഴിയെ കല്പിപ്പാൻ ശുദ്ധമാന സൂനഹദൊസിന്ന അപെക്ഷ ആകുന്നു. ഇ എടവകയിലെ അങ്ങാടികളിലെ ഹമറാ വാണിഭംകൊണ്ട അനെകം കൊഴപ്പങ്ങളും കൊലയും ഒണ്ട. ഒട്ടെറെയും എരപ്പാളികളിലും എളിയവരിലും ആകുന്നു. ഇതിന്ന ആരും ഇവണ്ണം ആരും ചൈയ്യുയും അരുത. മാപ്പിളമാരിടെ അങ്ങാടിയിൽ ഹമറാ വാണിഭം അരുതെന്ന. (മാപ്പിളമാര ആരും ഇ വാണിഭം ചൈകയും അരുത.) (152) തങ്ങടെ സ്ഥലത്തെ രഹസ്യമായി ആക്കാനും വിപ്പാൻ ശരസിക്കയും അരുത. ഇത ചൈയുന്നവരെ മെല്പട്ടക്കാരൻറെറ മനസ്സിന്ന തക്കവണ്ണം കുറപ്പെട്ടക്കയും വെണം. ഇ കൽപനക്ക തക്കവണ്ണം ഇരിയാത്തവരെ പ്രാശ്യതപങ്ങളെകൊണ്ടും മഹരൊൻ വെണമെങ്കിൽ അതകൊണ്ടും കുറപ്പാട്ടകയും വെണം, മാശ്ശും അല്ലാത്തവരും മാശ്ശക്കാരും ഒരുമിച്ച ഇരുന്നകൊള്ളുകയും കൂടിക്കയും ചൈയുന്നതിനെക്കൊണ്ട ഒള്ള ഒരിംപാട മാറുവാനും മറും പല പല മരിയാതകം അങ്ങനത്തെ എടത്തീന്ന ഒണ്ടാകുന്നതിനെക്കൊണ്ട.

പതിനെഴാം കാനൊന [S. ix D. xix]

ൂഹാദക്കരശാ തംപുരാൻറെറ ശാസ്ത്രങ്ങളിൽ കൊള്ളുകയും വിക്കുകയും ചൈയുന്നതിന്ന അളപ്പാനും തൂക്കവാനും ഒള്ളത നെരല്ലാത്തതിനെക്കൊണ്ട അത കുറം എന്ന പടിപ്പിക്കയും തിന്മ ആയതിനെക്കൊണ്ട അതിനെ ഉപെക്ഷിക്കയും ചൈയുന്നു. എന്നാൽ മലംകര എടവകയിൽ ഒള്ള കച്ചവടക്കാരുടെ പക്കൽ വിപ്പാനും കൊള്ളുവാനും വെവ്വെറെ തൂക്കവും അളവും ഒണ്ടെന്ന അറിഞ്ഞതിനെക്കൊണ്ട പ്രമാണിക്കുന്നു. ഓരൊരൊ ദെശത്തെ മരിയാതക്ക തക്കവണ്ണം അതത അങ്ങാടിയിൽ എല്ലാ വീട്ടിലും ഒരുപൊലെ ഒള്ള അളവും തൂക്കവും കൊള്ളുവാനും കൊട്ടുപ്പാനും ആവു. ഇതിന്ന തക്കവണ്ണം ഇരിയാത്തവക്ക വിഗാരിമാര ഇവണ്ണം നടക്കണമെന്ന അറിയിക്കണം. അങ്ങനെ അറിയിക്കുമ്പൊം നടവര വെണമെങ്കിൽ നടവു കൂട്ടികൊള്ളണം. ഇതിനെകൊണ്ട ഭെതം ഇല്ലുംകിൽ ഇ എടവകയിലെ നസ്രാണികം ഒക്കയും പള്ളിയിൽ വഴങ്ങുന്നതിനെക്കൊണ്ട മെൽപട്ടക്കാരൻ തനിക്ക ഒത്തവണ്ണം കുറത്തിന്ന ഒത്തവണ്ണവും കുറപ്പട്ടക്കയും വെണം. ഇതിന്ന പ്രാശ്യതപംകൊണ്ടും മഹരൊൻകൊണ്ടും കുറപ്പെട്ടത്ത അതകൊണ്ടും വ്യാപരിക്കയും വെണം—

പതിനെട്ടാം കാനൊന [S. ix D. xxiv]

ശുദ്ധമാന സൂനഹദൊസ മാർഗ്ഗത്തിലെക്ക അനെകം മുഷ്കരതപവും കെഴക്കെ ദിക്കിലെക്ക ഒക്കക്കും ഒരുവൻ കത്താവും ആകുന്ന പ്രൊത്തുക്കാൽ രാജാവിനൊട അപെക്ഷിക്കുന്ന ഇ മലംകര നസ്രാണികളെ തൻറെറ കീഴവഴക്കി കൈക്കൊണ്ട കൊള്ളണം എന്ന. പല മലയാം രാജാക്കളുടെ കീഴ കിടക്കുന്നവക്ക ഒടയവനും തുണയും വെണ്ടുവൊളം വെണം എന്ന ഒണ്ട. അവർ നസ്രാണികം ആയതിനാം

152. കെ. എൻ. ഡാനിയേലിൻറെ ഗ്രന്ഥത്തിൽ കാണുന്നു, മാന്നാനം കോപ്പിയിലില്ല.

പക്കം മാർഗ്ഗത്തിന്റെറ മുഴപ്പിന്നും വിശ്വാസത്തിന്നും വെണ്ടി മരിച്ചെ മതിയാ വൂതാനും. ഇ സൂനഹദൊസ ശ്രമിക്കുന്ന ബഹുമാനപ്പെട്ട മെത്രാപ്പൊലീത്തായൊ ട സൂനഹദൊസ അപെക്ഷിക്കുന്ന രാജാവിന്ന ചിററാണ്ട പൈവാൻ ഇ നസ്രാ ണികൾക്ക ഒള്ള അപെക്ഷ രാജാവിനൊട കാട്ടണം എന്ന.

പത്തൊമ്പതാം കാനൊന [S. ix D. xxv]

ഇ ശ്രുദ്ധമാന സൂനഹദൊസിൽ കത്തൊലിക്കാ വിശ്വാസംകൊണ്ടും (പള്ളി യുടെ ശ്രുദ്ധമാന ക്രുദാശകളെക്കൊണ്ടും) (153) പള്ളിയിടെ നല്ല മരിയാതകളെ ക്കൊണ്ടും വ്യാപരിച്ചതിനെക്കൊണ്ട പ്രമാണിക്കുന്ന എല്ലാ പള്ളികളിലെ വിഗാ രിമാര സൂനഹദൊസിലെ എഴുത്തപ്പട്ടതൊക്കയും പെത്ത തന്റെറ പള്ളിക്കൽ വൈക്കണം എന്ന, ഇ സൂനഹദൊസിലെത എപ്പെരും മുമ്പിലുത്തെത (154) കണ്ട നെരെ എഴുതി ഓരൊരൊ പൊസ്തകം മറെറല്ലാ പൊസ്ഥകങ്ങളൊടുംകൂടെ വൈക്കണം എന്നും. ഞാറ്റുതൊറും പൊരുൾ പാഠാത്ഥ്യം വെണം. പൊരുൾ പാഠാത്ഥ ഇല്ലാത്ത ദിവസം ഇ പൊസ്തകത്തിൽ എഴുത്തപെട്ടവുത്താൽ ഏതാനും ലൊകൎക്ക വായിക്കയും കെപ്പിക്കയും വെണം, അത കൊണ്ട എല്ലാവരും അതി ലെത അറിഞ്ഞതിന തക്കവണ്ണം ഇരിപ്പാൻ. എല്ലാ വിഗാരിമാരൊടും പട്ടക്കാ രരൊടും എണ്ണങ്ങരൊടുംകൂടെ ശ്രുദ്ധമാന സൂനഹദൊസ തംപുരാന്റെറ നാമ ത്താൽ ഇ സൂനഹദൊസിൽ എഴുത്തുപെട്ടതിന്ന തക്കവണ്ണം തന്നാൽ തന്നാൽ ആ കും വണ്ണം ഇരിക്കണം എന്നും ഇരുത്തണം എന്നും അപെക്ഷിക്കയും പ്രമാണി ക്കയും ചൈയുന്ന. എന്നന്നെക്കും ഇരിക്കയും വാഴകയും ചൈയുന്ന ബാവയും പുത്രനും റൂഹാദക്കുദശായും മൂവരൊരുവൻ തംപുരാന്റെറ നാമത്താൽ ഇത ഒക്കയും എല്ലാവരും കൈക്കൊണ്ട അതിന്ന ഒത്തവണ്ണം ഇരിക്കും എന്ന ശ്രുദ്ധമാന സൂന ഹദൊസിന്ന അനുവാസം എന്ന ആമ്മെൻ—

സൂനഹദൊസിൽ എഴുത്തപെട്ടതൊക്കയും യൊഗത്തുംകൽ വായിച്ചതിന്റെറ ശെഷം എല്ലാ പള്ളികളിലും വിഗാരിമാര ആയി നിപ്പാൻ ഒള്ളവരുടെ പെര തിരിച്ച ഇന്നയിന്ന പള്ളിക്കൽ ഇന്നാര ഇന്നാര എന്ന വിളിച്ചു ചൊല്ലുകയും ചൈതു. ഇതിനെക്കൊണ്ട സൂനഹദൊസിൽ കല്പിക്കപ്പെട്ടവണ്ണം ഇ എടവക ഒക്കയും പല പല പള്ളി എടവകയായി പൈകുക്കയും ചൈതു. അത അത എട

---

153. കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥത്തിൽ കാണുന്നു. മാന്നാനം കോപ്പിയി ലില്ല.

154. 'Original' എന്നത്ഥം. ഒറിജിനൽ എവിടെ സൂക്ഷിക്കും എന്ന കാര്യവും പോ. കാനോന മിൽ കാണുന്നു. 'The synod doth command all vicars of churches not to fail to have all its decrees transcribed from the original Malabar, and to have a copy thereof in all their churches signed by the reverend the Archdeacon of this diocese, and the Rector of the college of Vaipicotta, ...; the original of the said synod being signed by the most reverend Metropolitan and all the other members there of, shall be put in the archives of the Jesuit's college of Vaipicotta in this diocese, from whence so many copies as shall be thought necessary, shall be transmitted to the churches; there shall also be another original signed by the most reverend Metropolitan, the archdeacon, and other members, kept in the archives of the church of Angalmale, called the Archbishop's see, that all copies may at all times be corrected according to either of those originals' Hough, p. 683.

വകെടെ അരികെ മാനുഷര കൊറഞ്ഞിട്ട ഒള്ള ചെല ചൊറിയ പള്ളികളെ എട വകയായി കൽപിച്ചെടത്ത കൂടെ ചെക്കുകയും ചൈതു; വിഗാരിമാര നില്പാൻ തക്കപെള്ളികയം അല്ലാഞ്ഞുകൊണ്ട അങ്ങനെ ചെത്തുതാനും. എഴപത്ത രണ്ട വിഗാ രിമാരും എഴപത്ത രണ്ട എടവകകളും അതിന്നതിന്ന ഇന്നതിന്ന ഇന്നതിന്ന അ കത്ത ഒട്ട ആം വണ്ണം കല്പിച്ച വിളിക്കപ്പെട്ടുകയും ചൈതു. ഇവണ്ണം കല്പിച്ച വിളി ച്ചാറെ ഓരൊരൊ വിഗാരിമാര വന്ന മെത്രാപ്പൊലീത്താടെ കൈ മുത്തുകയും ചൈതു. ഇത കഴിഞ്ഞാറെ ഓരൊരൊ വിഗാരിമാക്ക ഇന്നാര ഇന്നെടത്ത വി ഗാരി എന്നും അതിന്റെറ മരിയാതക്ക വെണ്ടുന്ന കട്ടാശ്രും കൊട്ടുത്തു. തങ്ങടെ എടയര വിഗാരിമാരെന്ന ലൊകര അറിയണം എന്നും അറിയിച്ചു. ശ്രുദ്ധമാന സൂനഹദൊസിന്ന വിളിക്കപ്പെട്ട വന്നവര ആരും മലയാഷ്മയിലും കുസൊനി ലും (155) എഴുത്തുപ്പെട്ട സൂനഹദൊസിൽ ഒപ്പ കുത്താതെ പൊകരുത എന്ന വഴ ക്കത്തിന്റെറയും മഹറൊന്റെറയും പ്രാശ്യത്വത്താലയും മെത്രാപ്പൊലീത്താ ആ യി കല്പിക്കപ്പെട്ട. എല്ലാവക്കും വായിപ്പാനും അറിവാനും തക്ക മലയാംപെച്ചി ലും എഴത്തിലും സൂനഹദൊസ എഴുത്തുപെട്ട. സൂനഹദൊസിൽ അറിയിക്കുന്ന തിൽ ഏതാനും കൊണ്ട ആക്കാനും സംശയം ഒണ്ടാകിൽ വെളിച്ചമെ അറിയാ ത്തവര എണക്കത്തൊട്ട കൂടെ പറഞ്ഞാലും എന്നാൽ മെത്രാപ്പൊലീത്തായാലെ ചൊല്ലുപ്പട്ടുകയും ചൈതു. എതാനും ശെല സംശയങ്ങംകൊണ്ട പറഞ്ഞ തെളി ഞ്ഞാറെ എല്ലാവരുടെയും ഒരുപൊലെയുള്ള അനുവാസത്താൽ ഒക്കയും ഒപ്പകുത്തു കയും ചൈതു. അതിന്റെറ ശെഷം മെത്രാപ്പൊലീത്താ റാസെടെ ശമയം ശമഞ്ഞ തെദെയും ളാവുതാമ്മൂസം എന്ന തംപുരാനെ ഒള്ള സ്തുതിനമസ്കാരം ചൊല്ലുകയും ചൈതു. എല്ലാവരുടെയും സന്തൊഷത്തൊടും തെളിവൊട്ടും കണ്ണുനീരൊട്ടുംകൂടെ ഘൊഷിച്ച പള്ളിക്ക ചുറും കൊടിയും സ്ലീവായും എട്ടത്ത ലത്തീന്നിൽ പൊ കുന്നവര ലത്തീനിലും സുറിയാനിയിൽ പൊകുന്നവര സുറിയാനിയിലും ലൊകര തങ്ങടെങ്കെ പൊകുന്ന സ്തുതിപ്പുകളും ചൊല്ലി വാദ്യങ്ങളുംകൂടെ പിടിപ്പിച്ച ഓരൊ രൊ ഒരിംപാടും സ്നെഹവും കൊണ്ട മൂന്ന ഭാഷയിൽ പലകാലം അപെക്ഷിച്ച ഇരി ന്നത ഒരുമിച്ച എന്നന്നെക്കും ഇരിക്കയും വാഴുകയും ചൈയുന്ന ബാവായും പുത്രനും രൂഹാദക്കുദശായും മൂവര ഒരുവൻ തംപുരാനെ സ്തുതിച്ചും കൊണ്ടാടിയും ആമ്മെൻ.

ഇങ്ങനെ കൊടിയും സ്ലീവായും എട്ടത്ത പൊറപ്പെടാൻ തൊടങ്ങിയപ്പൊഴെ വ ലുതായിട്ട മഴയും തൊടങ്ങിയ ഹെതുകൊണ്ട സൂനഹദൊസിലെതകൊണ്ട വഴിയെ തെളിയാതെ ഒള്ള ചെല തണ്യ നസ്രാണികളും കാവ്യക്ക അട്ടത്ത വഴിഓത്ത തംപു രാന്ന തെളിവ ഒള്ളത അല്ല ഇ സൂനഹദൊസ എന്ന പറഞ്ഞ ആക്ഷെപിക്കയും ചൈ തു. നല്വക്ക എതുംകൊണ്ട മനസ്സുകെട്ടും വൈരാക്യവും തൊന്നി മഴ പറപ്പൊളും പള്ളിയകത്തതന്നെ കൊടിയും സ്ലീവായും പാക്കെവെണ്ട എന്ന അപെക്ഷിക്കയും ചൈതാർ. ആ നെരത്ത മെത്രാപ്പൊലീത്ത കൊടിയും സ്ലീവായും പൊറത്ത പൊ റപ്പെടട്ടെ എന്ന ചൊല്ലി. കുരിശ പള്ളീന്ന വാതുക്കപൊറത്ത പൊറപ്പട്ടപ്പൊഴെ

---

155. അന്യഭാഷകളം ലിപ്യങ്കനം ചെയ്യുന്നതിന ഉപയോഗിക്കുന്ന സുറിയാനി ലിപി മാലയാണ് കർസോൻ. അറബി, തുർക്കി, അർമ്മെനിയ ഭാഷകളം സുറിയാനി ലിപി യിൽ എഴുതാറുണ്ട്. ഓരോ ഭാഷയിലെയും സവിശെഷ ശബ്ദങ്ങളം അങ്കനം ചെയ്യുന്നതിന ചില ലിപികളം കൂട്ടതലായി ഉണ്ടാക്കുന്നു. മലയാളം സുറിയാനി ലിപിയിൽ എഴുതുമ്പൊം എട്ട ലിപികളം കൂട്ടതലായി ഉപയോഗിക്കും. അവ ങ, ഞ, ട, ണ, ന, ര, ഷ/ഴ, ള ഇവയെ പ്രതിനിധാനംചെയ്യുന്നു.

മലയാഷ്മ — പഴയ മലയാള ലിപി.

മുഴുവൻ പറഞ്ഞ വഴിയെ എല്ലാവരുടെ സന്തോഷത്തോടും തണ്യവരിടെ ഇളിപ്യത്താലയും പള്ളിക്ക ചുറ്റും കൊടിയും സ്തീവായും എടുക്കയും ചൈതു. അത പ്രത്യക്ഷവും തംപുരാന്റെറ പ്രത്യക്ഷവുത്തിയും എന്ന അറിഞ്ഞ മനസ്സു അഴിഞ്ഞ ശുദ്ധമാന റൊമ്മാപ്പള്ളിയിടെ വഴക്കത്തിൽ ഒക്കയും ചൈതാർ. സൂനഹദൊസിലെത എപ്പൊരും തംപുരാന്റെറ കാര്യം എന്ന നന്മ ആയത എന്നും ചൊല്ലിയത വെളിച്ചമെ തംപുരാൻ അതിന്ന തൊണ ചൈതമൂലം. കാവ്യരുംകൂടെ ഇവണ്ണം ചൊല്ലിയാർ. കൊടിയും സ്തീവായും എടുത്തവന്ന അകം പുക്കതിന്റെറ ശെഷം മെത്രാപ്പൊലീത്താ തന്റെറ സിംഹാസനത്തുംമ്മെൽ ഇരിന്ന സൂനഹദൊസ എന്ന യൊഗത്തൊട ഇ അവസ്സകയം പറഞ്ഞു. നന്മയുടെ ഹെതുകാരൻ (തമ്പുരാന്ന) പെരികെ സ്തുതികയം തരുന്നെൻ നമ്മൊടും നിങ്ങളൊടും ചൈത നന്മകളെക്കുറിച്ച. ആത്മാവുകളുട ചുത്തുക്കാരൻ ചൈത്താൻ അനെകരം ഇ മൊടക്കങ്ങം അനെകം ഇക്കുടി വിജാരത്താൽ പല ഊടുക്കയും ഒണ്ടാക്കി കൊഴപ്പിച്ചതിനെകൊണ്ട നസ്രാണികയം ആകുന്ന ലൊകരെ പള്ളിയുടെ വഴക്കത്തിന്ന നീക്കുവാൻ ശ്രമിച്ചതിനെ വഴിയെ കടന്നതിനെക്കൊണ്ട നിങ്ങയം എല്ലാവരും കാണുംവണ്ണം അനെകം ഒരിംപാടൊടും സ്വതപ്രത്തൊടും എണക്കത്തൊടുംകൂടെ ഇത തംപുരാൻ തന്റെറ അനുഗ്രഹത്താൽ ഒടുക്കണം എന്ന കല്പിച്ചതിനെക്കൊണ്ട പെരികെയും സ്തുതിക്കുന്നെൻ. സ്നേഹപ്പെട്ട ജെഷ്ടൻ അൻജൻമാര നമ്മുടെ തൊണക്കാര ആകുന്ന പട്ടക്കാരര, സ്നെഹപ്പെടുകയും കഴലപ്പെടുകയും ചൈത പുത്രർ ആകുന്ന ലൊകരെ, വഴിയെടെ ദെഹദ്വെണ്ഡവും കാലംകൊണ്ട ഒള്ള സംകടവും പാക്കാതെ വന്നവരെ, ശുദ്ധമാന മാതാവായ പള്ളി എന്ന പട്ടാങ്ങയാലെ വഴങ്ങപ്പെട്ട ഒള്ള പുത്രരെ, നിങ്ങടെ ആത്മാവുകളുടെ രക്ഷക്ക അപെക്ഷ ഒള്ളവരെ, നമ്മുടെ പ്രമാണം വഴങ്ങി നിങ്ങടെ ആത്മാവുകളിടെ കഴിവുകളെക്കൊണ്ട വിജാരിപ്പാൻ വന്നവരെ, നിങ്ങളെ നാം സ്തുതിക്കുന്നെൻ. ഇതിന്റെറ ഒപകാരം തംപുരാനാൽ പരലൊകത്തിൽ നിങ്ങയക്ക കിട്ടും ഇ ശുദ്ധമാന സൂനഹദൊസ നിങ്ങളെ പടിപ്പിച്ച വെടിപ്പിനടെ വിശ്വാസത്തിൽ ഒറെച്ചിരിക്കിലും സൂനഹദൊസിൽ കല്പിച്ചവണ്ണം നിങ്ങടെ ചീലങ്ങളെ ആക്കുകയും ചൈകിൽ. ശുദ്ധമാന കാനൂനാകയം പ്രമാണിക്കുന്ന സൂനഹദൊസിന്റെറ ഒടുക്കത്ത പട്ടക്കാരര തങ്ങടെ അമിശത്തിന തക്കത മെൽപ്പട്ടക്കാരൻ പറഞ്ഞ ബൊധിപ്പിക്കണം എന്ന. ഒട്ടെറെയും ഇപ്പൊയം വെണം. അത എന്തെ? കീഴിൽ ഇല്ലാത്തത ആകുന്ന വിഗാരിമാര ഇപ്പൊയം ഒണ്ടായത കൊണ്ട. എല്ലാംകൊണ്ടും കാനൂനകയംക്ക തക്കവണ്ണം ഇരിപ്പാൻ ബഹുമാനപ്പെട്ടതും സ്നെഹപ്പെട്ടതും ആയ ജെഷ്ടൻ അനുജൻമാര ആകുന്ന പട്ടക്കാരരെ നിങ്ങളൊട അറിയിക്കുന്നെൻ. യൊഗ്യം കൊറഞ്ഞ നമുക്ക അഹറൊൻ മെല്പട്ടക്കാരന്റെറ എടം ഒണ്ട. നിങ്ങയംക്ക ഏലിയാസറ എന്നും ഇത്തിന്മാറ എന്നും ഒള്ള കീഴപട്ടക്കാരരിടെ എടവും ഒണ്ട. നാം പന്ത്രണ്ട ശ്രീഹാന്മാരിടെ എടത്തിലും അമിശത്തിലും നിങ്ങയം എഴുപത്തിരണ്ട ശിഷ്യവഗ്രങ്ങളിടെ എടത്തിലും അമിശത്തിലും പെറക്കപ്പെട്ടന്ന. വിധിപ്പിനുടെ ദിവസത്തിൽ നാം നിങ്ങടെ കണക്ക കൊടുക്കണം. നിങ്ങയം ഇപ്പൊയം നിങ്ങയംക്ക വഴങ്ങുന്ന ലൊകരിടെയും. അന്ന തംപുരാന്റെറ നല്ല ചിറ്റാഴ്മക്കാര(രായി)തംപുരാന നമ്മെകാണ്മാൻ. അതിനെക്കൊണ്ട, മിശിഹായാൽ സ്നെഹപ്പെട്ടവരെ, നിങ്ങടെയും നമ്മുടെയും സംകടം സൂക്ഷിച്ച കാണ്മിൻ. ഇതിനെക്കൊണ്ട നിങ്ങളൊട തംപുരാന്റെറ നാമത്താൽ അറിയിക്കയും അപെക്ഷിക്കയും ചൈയുന്നെൻ, ഇപ്പൊയം നാം നിങ്ങളൊട പറയുന്നത നിങ്ങടെ ബുധിയിൽ ശരസിക്കണം എന്ന. ഒട്ടെറെയും വെണ്ടത ഇതിന്ന ഒത്തവണ്ണം ഇരിക്കുന്നത.

ഒന്നാമത തംപുരാന്റെറ നാമത്താൽ നിങ്ങളൊട അപെക്ഷിക്കയും അറിക്ക
യും ചൈയുന്നത നിങ്ങടെ ഇരിപ്പും പെലച്ചയും ശിക്ഷപെടണ്ടാത്തത ആയിരിക്ക
ണം എന്നും തംപുരാന്റെറ ലൊകക്ക നല്ല ഇരിപ്പിന്ന സൌര്യവ്യവും കൊട്ടക്കണ
മെന്നും. നിങ്ങടെ സ്ഥലത്ത പെണ്ണുങ്ങടം ഇരിക്കയും അരുത. വെള്ളാട്ടിപെണ്ണു
ങ്ങളും അരുത. ഒട്ടെറയും സംശയംതൊന്നുന്ന പെണ്ണുങ്ങളൊട ഏറെ സംസാരിക്ക
യും അരുത. നിത്തലും രാ എഴുന്നെറാ പള്ളിയിൽ നമസ്കാരം നമസ്കരിക്കയും
വെണം. കല്പിച്ച നെരത്തും മുഴവനായി നമസ്കാരം എത്തിക്കയും വെണം. നിങ്ങ
ളിൽ ആരും പാതിരാതൊട്ട എതും തിന്നുകയും കുടിക്കുകയും ചൈയാതെ എപ്പൊ
ഴും വെടിപ്പായി ഇരിക്കെ വെണ്ട എന്ന. ശുദ്ധമാന കുപ്പായങ്ങള, ഇട്ടവെണം
നിങ്ങം കുറുബാന ചൈവാൻ, അനെകം എളിമയൊടും ദൈവഭയൊടും പെടി
യൊടുംകുടെ. കുംപസാരിച്ചെ മതിയാവു എന്ന ഒള്ള ചങ്ക ഒണ്ടുകിൽ കുംപസാ
രിച്ചുകൊണ്ട വെണം മിശിഹാകത്താവിന്റെറ ശരീരവും ശൊരയും കൊള്ളുവാൻ.
കല്ലിന്റെറ എല്ലായിലും മിതെ വിരിക്കുന്ന ചീലയും കാസാടെ വാമുട്ടുന്ന ചീ
ലയും പഞ്ഞിയിടെ നൂൽ കൊണ്ട നൈത ഒള്ള ചീലകൊണ്ട അരുത. പ്രൊത്ത
ക്കാൽ ചീലകൊണ്ട ഒള്ളതെ ആവു. നെരെ പ്രമാണം കുടാതെ മറു ശീല അ
തിന്ന അരുത. ആ ചീലകും അനെകം വെടിപ്പായി ഇരിക്കയും വെണം.
ഇ ചീലകളും ശുദ്ധമാന പാത്രങ്ങളും വെണം. നിങ്ങം തങ്ങടെ കൈകുംകൊണ്ട
വെണം കഴുകുവാൻ. അതിന വെറെ പാത്രങ്ങളും വെണം. അത കഴുകുന്ന വെള്ളം
മാമ്മൊദിസാ കുഴിയിൽ എംകിലും മററ ശുദ്ധമാന എടത്തിൽ എംകിലും വെ
ണം വീഴ്ത്തുവാൻ. വെടിപ്പുള്ള തൂവാലകൊണ്ട തുടൊണൊസ മൂടുകയും വെണം. കു
ല്ലിന മീതെ മൂന്ന ചീലകും വെണം. കുദാശചൈയുന്നടത്ത ശുദ്ധമാനയവരി
ടെ അസ്ഥികളും വെണം. ശുദ്ധമാന വസ്തുക്കളെ തുടൊണൊസിന്റെറ മീതെ
വൈക്കാവു. നിങ്ങളുടെ കുറുബാന പൊസ്തകവും നമസ്കാര പുസ്തകവും മുഴവനാ
യി ഇരിക്കയും വെണം. നിങ്ങടെ പള്ളികും കെടകുടാതെ വഴിയെ കെട്ടിച്ച
കെടക്കയും വെണം. തുടൊണൊസുംകൽ ശുദ്ധമാന പാത്രങ്ങളും ശീലകളും സൈ
ത്തും തൊടുന്ന കൈകും കഴുകുന്ന വെള്ളം വീഴ്ത്തുവാനും വെള്ളം അതിൽ വലി
ഞ്ഞ പൊവാനും തക്കവണ്ണം ഒന്ന പണിക്കയും വെണം. ചമയപ്പുരയിൽ നല്ല
വെള്ളം വെടിപ്പൊട്ടുകുടെ വച്ചിരിപ്പാൻ ഒര പാത്രം വെണം. പട്ടക്കാരക്കും ശെ
ഷം തുടൊണൊസുംകൽ ചിററാഷു ചൈയുന്നവക്കും കൈകുഴുകുവാനും തൊടപ്പാനും
നല്ല വെടിപ്പൊട്ടുകുടെ ഒരു തൂവാലയും അവുടെ തുക്കണം. പള്ളിയുടെയും മൊക
ണ്ടുളത്തിന്റെറയും കതകുകും നല്ല ഒറപ്പൊള്ളത ആയിരിക്കണം വഴിയെ അട
ച്ച പൂട്ടുവാൻ. മെത്രാൻമാരുടെ അനുവാസം കുടാതെ ലൊകരതന്നെ അപെക്ഷി
ക്കിലും പള്ളി ശ്രമിപ്പാൻ നിങ്ങം പൊകരുത. തങ്ങംക്ക എടവകയായി കിട്ടി
യ പള്ളിയെയും ഇട്ടെച്ച മററ പള്ളിക്കൽ പൊയി നിക്കരുത. മെല്പട്ടക്കാരന്റെറ
അനുവാസം കുടാതെ ശുദ്ധമാന കാനുനാകളിടെ പ്രമാണത്തിന്ന എടത്തുട പല
പള്ളികളിടെ ചൊമട ഏൽക്കരുത. ഒര എടവക മററ ഒര എടവകയിലെക്ക
പവുക്കരുത. ഒര എടവക തന്റെറ പാട്ടിൽ തന്നെ നിക്കെ ആവു. ആരും പള്ളി
ക്ക പൊറത്ത കുറുബാന ചൈയരുത. ആയുധം ആകുന്നത ഏതാനുമെങ്കിലും
കത്തി എംകിലും മെയിമ്മെൽ വച്ചുംകൊണ്ട കുറുബാന ചൈയുകയും അരുത.
ആരും ആരാന്റെറ എടവകയിലുള്ളവക്ക എടവക ഒടയവന്റെറ അനുവാസംകുടാ
തെ ശുദ്ധമാന കുറുബാന കൊട്ടക്കരുത. എങ്ങാനും പെരുവഴി പൊകുംപൊഴ
വഴിപൊക്കർ എന്ന കണ്ട കൊട്ടക്കയും ആം. ഒരുത്തന്റെറ എടവകയായ പള്ളി
യിൽ ഒടയവന്റെറ പ്രമാണംകുടാതെ ആ പള്ളിക്കെന്നെ കുറുബാന ചൈകയും

അരുത. കുറുബാനെടെ അടവ എല്ലാവരും ഒരുപോലെ ചൈയണം, പകപ്പും കൊഴപ്പവും വരുത്താസ്സാൻ. കാസയും പതൊറയും പൊന്നും വെള്ളിയും തുത്ത നാകവും വെളുത്ത ഈയവുംകൊണ്ടെ ആവു. ഇരിമ്പകൊണ്ടും ഓടകൊണ്ടും ചെമ്പ കൊണ്ടും കുപ്പികൊണ്ടും മരംകൊണ്ടും അരുത. പട്ടക്കാരെര തങ്ങംതന്നെ ക്ലെശ ക്കാരെരെ കാൺകയും പറഞ്ഞ അനുസരിപ്പിക്കയും വെണം. കുംപസാരിക്കയും വെണം. തങ്ങംതന്നെ ശുദ്ധമാന കുറുബാനകൊട്ടക്കയും വെണം. ഒട്ടക്കത്തെ ഒപ്പ്രുശുമാ വെണ്ടുന്നവക്ക ഒപ്പ്രുശുമായും തങ്ങംതന്നെ ചൈയണം. ക്ലെശക്കാര രുടെ ക്ലെശം കാണ്മാൻ ചെല്ലുംപൊം സങ്കടത്തിന്ന ഒപ്പ്രുശുമാ വെണം എന്ന അവർ തങ്ങളെ അപെക്ഷിപ്പാൻ വെണ്ടുന്നത അറിയിച്ചെക്കയും വെണം. മാമ്മൊ ദീസാ മുണ്ടുന്നതിന്നും മററ കൂദാശകം ഏതാനും ചൈയ്യുന്നതിനും ചവം അടക്ക ന്നതിനും ഏതും ഒപകാരം ആരും വാങ്ങുകയും അരുത, തങ്ങടെ കുറംകൊണ്ട മാമ്മൊദീസാ മുങ്ങാതയും കുംപസാരിക്കാതയും കുറുബാന കൈക്കൊള്ളാതെയും ആരും മരിക്കാസ്സാനും. നിങ്ങളിൽ ആരും കണക്കിൽ ഏററം കുടിയര എന്ന തൊ ന്നുവാൻ തക്കവണ്ണം കുടിക്കരുത. കൂട്ടത്തിന്നും കലക്കത്തിനും കുററക്കാരര ആകയും അരുത. ആരും തങ്ങം ആയിധം ആയി നടക്കയും അരുത. ഹമറാ വാണിഭം ഒള്ള ടത്തീന്ന നിങ്ങം ആരും തിൻകയും കുടിക്കയും അരുത. മാഗ്ദമല്ലാത്ത യുദമാ രിടെയും ജൊനകരുടെയും കാവ്യരുടെയും കൂടെ ഇരുന്ന യാവിക്കയും അരുത(156). ശുദ്ധമാന ശാസ്ത്രത്തിൽ എഴുതപെട്ടതും ഏവൻഗാലിയൊന്നും അറിഞ്ഞവര തന്നെററ ലൊകരുടെ ഉപകാരത്തിന്ന ഞാറാഴ്ചകളിലും പെരുനാളുകളിലും പൊരുതം പറ യണം. എരപ്പാളികെളുടെയും അകുദിപരുദെശികളുടെയും ശരടവാങ്ങിയവരി ടെയും ക്ലെശക്കാരരിടെയും അപ്പനും അമ്മയും ഇല്ലാത്തവരിടയും മെൽ സൂക്ഷിച്ചും ശ്രമിച്ചുംകൊം. അകുതി പരദെശികംക്ക യാവ്യംകൊട മററ എല്ലാവക്കും പടി പ്പാൻ തക്കവണ്ണം നീ നല്ല അനുസരിപ്പ കാട്ട. എല്ലാ ഞാറാഴ്ചക്കും കുറുബാന ചൈയും മുമ്പെ വെള്ളത്തിൽ ഉപ്പുകൂട്ടി ഉറുശുമാ ചൈത ലൊകക്ക തളിക്കണം. അതിന്ന പാത്രുങ്ങം ഒങ്ങായിരിക്കയും വെണം. ശുദ്ധമാന പാത്രുങ്ങളും ചമയ ങ്ങളും മാഗ്ദക്കാരക്കും അല്ലാത്തവക്കും പണയം വൈക്കരുത. പലിശ കൊള്ളുക യും കച്ചൊടം ചൈകയും വകവാങ്ങുകയും അരുത. പട്ടം ഏററതിന്നെററ ശെഷം ഒങ്ങാകുന്ന വസ്ത്രം ആക്കും കൊട്ടക്കയും അരുത. പള്ളിയിടെ വസ്ത്രം ഏതും വിക്കയും മാറുകയും അരുത. മാമ്മൊദീസാ കുഴി ഒള്ളടത്ത അത വഴിയെ വെടിപ്പാക്കി കൊള്ളണം. അത ഇല്ലാത്തെടത്ത മാമ്മൊദീസാ മുക്കുവാൻതന്നെ വെടിപ്പൊടെ ഒര പാത്രും ഒങ്ങായിരിക്കണം. അത പള്ളി അകത്ത എംകിലും ചമയപ്പെരയിൽ എംകിലും യൊഗ്യം ആകുന്ന ഒര എടത്ത ഇരിക്കണം. നിന്നെററ ലൊകരെ ഒത്ത പഠിപ്പിക്കണം. ഒട്ടെറെയും കിടാങ്ങംക്ക വിശ്വാസവും വിശ്വാസത്തിന്നെററ വകുപ്പുകളും ആകാശങ്ങളിൽ ഇരിക്കുന്നതും തംപുരാന്നെററ പ്രമാണം പത്തും പ ള്ളിയിടെ പ്രമാണങ്ങളും ആണ്ടിൽ വരുന്ന പകച്ചനൊയമ്പ അറിയിക്കയും അൻ പത നൊയമ്പ പിടിക്കും മുമ്പെ കുംപസാരിപ്പാൻ വെണ്ടുന്നത ലൊകരൊട പറ കയും വെണം. നിന്നെററ എടവകയിൽ ഒള്ളവരെ സ്നെഹത്തൊട്ടുകൂടെ കുംപസാ രിപ്പിക്കയും വെണം. മിശിഹാ പെറന്ന പെരുനാംക്കും അൻപതാം പെരു ന്നാംക്കും കുറുബാനകൊള്ളണം എന്ന അറിയിക്കണം. അൻപതനൊയമ്പ

---

156. 'നെരംപൊക്കിന്നാരും നായാട്ടിനും പറവജാതികളെക്കൊണ്ട പക്ഷികളെ പി ടിപ്പിപ്പാനും പൊകരുത' — ഈ ഭാഗം മാന്നാനംകോപ്പിയിലില്ല, കെ. എൻ. ഡാനി യേലിന്റെ ഗ്രന്ഥത്തിൽ കാണുന്നു. അദ്ദേഹം പരിശോധിച്ച മററു പകർപ്പുകളിൽ ഉണ്ടാ യിരുന്നിരിക്കാം.

വീട്ടന്ന പെരുന്നാൾക്കും കുർബാന കൊള്ളണം. കുർബാനെടെ ശക്തി അറിയുന്നതിൽ ആരും കുർബാന കൊള്ളാതെ നിന്നുപൊകാതെ സൂക്ഷിച്ച കൊള്ളണം. വലുതായിട്ട ഒള്ള പെരുന്നാളുകളിലും നൊയമ്പിലും കെട്ടിയിരിക്കുന്നവര സ്ത്രീ വെന്ധും ചൈയാതെ ഇരിക്കണം എന്നും അറിയണം. നിങ്ങളിൽ ആരും പട്ടക്കാരക്ക അട്ടത്ത നെറം ആകുന്ന വെള്ളപ്പും കുറുപ്പും അല്ലാതെ ഒള്ള നെറം ആകുന്നതകൊണ്ട ചമെകയും അരുത. ഞാറാഴ്ചക്കും പെരുനാൾക്കും കൈ പ്രൊത്തി പ്രൊത്തിക്കയും അരുത എന്നും അറിയിച്ചാർ. പെണ്ണുങ്ങടെ പാട്ടും കളിയും പള്ളിക്കെന്ന ഒണ്ടാകാതെ കാത്തുകൊള്ളുകയും വെണം. മഹറൊൻ ഒള്ളവരൊട യാവരിക്കയും അരുത. അവരുടെ മുമ്പീന്ന കുർബാന ചൈകയും അരുത. ഒരുത്തക്ക പറഞ്ഞ ഒത്തവരെ മറാരും കെട്ടരുത എന്നും ചാർച്ചയിൽ കെട്ടരുത എന്നും അപ്പന്റെറ വീട്ടീന്ന കട്ട പുറപ്പെട്ടന്നവര തങ്ങളിൽ കെട്ടരുത എന്നും അറിയിക്കണം. പള്ളിക്കെന്ന വെലക്കപ്പെട്ട ദിവസങ്ങളിൽ പെങ്കെട്ട കല്യാണം കഴിക്കയും മണവാളന്റെറ വീട്ടിൽ മണവാട്ടിയെ കൊണ്ടപൊകയും അരുത. കന്നകാലികടം മെച്ചനടക്കുന്ന എടയരെയും പ്രൊത്തിക്കുന്ന പിള്ളെരയും കൊറഞ്ഞത ഞാറാഴ്ച തൊറും കുർബാനക്ക വരുത്തുകയും വെണം. തലതൊട്ടന്നവര തങ്ങടം തലതൊട്ടവക്ക ആകാശങ്ങളിൽ ഇരിക്കുന്നതും വിശ്വസിക്കുന്നതും പഠിപ്പിക്കണം എന്ന അവരൊട അറിയിക്കണം. ശ്രുദ്ധമാന സൈത്തുകടം പള്ളിക്കൽ യൊഗ്യവും വിശ്വാസവും വെടിപ്പും ഒള്ള എടത്തിൽ വച്ച പൂട്ടുകയും വെണം. അത ഔഷധമായിട്ട ആക്കും കൊട്ടക്കയും അരുത. അത എന്തെ? അനെകം വലിയ ദൊഷം അത. നിങ്ങളിൽ ഒരുത്തക്ക തുൽമ്മാന എന്ന പൊസ്തകവും വിശ്വാസത്തിന്റെറയും പള്ളിയിടെ സ്ലൊതാകളുടെ അത്ഥവും കാസൊലീക്കാ മൽപ്പാൻമാര തിരിച്ചവണ്ണം ശ്രമിച്ച ഒണ്ടാക്കിക്കൊള്ളണം അത കൊണ്ട തങ്ങടംക്കും മററ ഒള്ളവക്കും ഒപകാരവും ഒണ്ടാവാനായി. ശ്രുദ്ധമാന സൂനഹദൊസും ശ്രമിച്ച ഒണ്ടാക്കിക്കൊള്ളണം അതിലെത കൊണ്ട നിന്റെറ ലൊകരെ രക്ഷിപ്പാനും ശ്രുദ്ധമാന കത്തൊലിക്കാവിശ്വാസം അതിൽ ഒള്ളതിനെ നിന്റെറ ലൊകരെ പഠിപ്പിപ്പാനും. കുർബാനെടെ തൊടക്കവും സ്ലൊസാകളും ശ്ലീഹായും ഏവൻഗാലിയും മഹൈമ്മനീനാനും കുർബാനയിൽ ചൊല്ലുമ്പൊം ഒറച്ച എല്ലാവക്കും അറിവാൻ തക്കവണ്ണം ചൊല്ലണം. കുർബാനയുടെ രഹസ്യം ആയ സ്ലൊസാകളും ക്രുദാശ വചനങ്ങളും മെല്ലെ ക്രമത്താലെ മൊഴിതിരിച്ച ചൊല്ലണം. ഗ്രുലാലായിലെ മൊഴികളും പള്ളി നമസ്കാരത്തിന്റെമൊഴികളും വഴിയെ തിരിച്ച ചൊല്ലണം. കൂടി നമസ്കാരത്തും നെരത്ത ഏററചൊല്ലുന്നവര ചൊല്ലികൂടിയെ തൊടങ്ങാവൂ. ഒട്ട ഒട്ട ഒക്കും പൊഴെ ചൊല്ലി തൊടങ്ങുന്ന നമസ്കാരം കൊഴച്ചി അത്രെ ചൈയുന്നത. മാറ അത്താനാസീസ ഒണ്ടാക്കിയ വിശ്വാസം കാണാതെ പഠിച്ച നിത്തലും ചൊല്ലുവാൻ ശ്രമിക്കയുംവെണം. ചൈത്താൻ ക്ലെശത്തിന്ന പ്രവൃത്തിപ്പാൻ ഒള്ളതും മാമ്മൊദീസാടെ അടവും ഒട്ടക്കത്തെ ഒപ്രൂശ്രുമായും മരിപ്പാൻ തൊടങ്ങുന്നവക്ക വെണ്ടി ചൊല്ലുന്നതിന്റെറ അടവും അന്തായും ശ്രുദ്ധമാന കാന്തനാകളിടെയും എല്ലാ പള്ളിയിടെ അമ്മയും മല്പാനും ആകുന്ന ശ്രുദ്ധമാന മാതാവായ റൊമ്മാ പള്ളിയിടെയും നെററിക്ക തക്കവണ്ണം ഒണ്ടാക്കി പെരുമാറിക്കൊള്ളുകയും വെണം. ഹാനാൻ ആകുന്നതിന്റെറ അടവും പള്ളിയിടെ സവത്ത പഠിപ്പാൻ ശ്രമിച്ച കൊള്ളുകയും വെണം.

കുർബാന പുസ്തകത്തിന്റെറയും നമസ്കാരപുസ്തകത്തിന്റെറയും കണക്ക കണ്ട വെണ്ടുന്നത നൊക്കി എട്ടപ്പാൻ ഒള്ള കണക്കും പകച്ച് ആയി വരുന്ന പെരുനാള

കളിടെയും ക്യംതാടയും കണക്കും അറിഞ്ഞിരിക്കണം. നിങ്ങടെ പള്ളികളിൽ അതിന്ന കൊറച്ചിൽ വരായിവാൻ എല്ലാ പുണ്യവാളരിടെ പെരും കണക്കും ഒള്ള പൊസ്തകം നിങ്ങടെ പക്കൽ ഒണ്ടായിരിക്കണം. നിത്തലും പള്ളിക്കെന്ന വായിപ്പാൻ സുറിയാനിപ്പെച്ചിൽ നിങ്ങംക്ക പെത്ത തരുവാൻ നാം ശ്രമിക്കുന്നതും ഒണ്ട. ഇത ഒക്കെയും ചൈവിൻ. അതു കൊണ്ടും മറു നല്ല പ്രവൃത്തികൊണ്ടും തംപുരാന്റെറ തൊണയാൽ നിങ്ങടം ചൈയും താനും. അതകൊണ്ട നിങ്ങടം കൈയാളിച്ച ലൊകക്ക്വൈണ്ടി എന്നന്നെക്കും ഒള്ള മൊക്ഷം കിട്ടുവാൻ എന്നന്നെക്കും ഇരിന്ന വാഴുന്ന ബാവായും പുത്രനും റൂഹാദക്കുദശായും മൂവരൊരുവൻ തം പുരാന്റെറ മനഗ്രണത്താൽ ആമ്മെൻ.

ഇവണ്ണം വിഗാരിമാരൊടും ശെഷം പട്ടക്കാരരൊടും പറഞ്ഞ അറിയിച്ചതിന്റെറ ശെഷം മുടിയും നീക്കി മെത്രാപ്പൊലീത്താ എഴുന്നെറ കെഴക്കൊട്ട തിരിഞ്ഞനിന്ന കത്താവെ ഞങ്ങളെ കെംക്കൊണമെ എന്ന സ്ലൊസാഒക്കെയും റാസെടെ പൊസ്തകത്തിൽ എഴുത്തപെട്ടവണ്ണം ലൊകരിടെമെൽ ഉറശ്രമായും ചൈതു. അക്തെയാക്കൊൻ ഒറച്ച ചൊല്ലി സൊതാത്തൊട നാം പിരിയാ എന്ന. മിശിഹാടെ നാമത്താൽ ആമ്മെൻ എന്ന ലൊകര എററ ചൊല്ലുകയും ചൈതു. ശ്രുദ്ധമാന സൂനഹദൊസ മിശിഹാ പെറന്ന ആയിരത്തഞ്ഞൂററിത്തൊണ്ണൂററ ഒൻപതാംകാലം മിധുന ഞായറ ഇരിപത്ത ആറാം ദിവസി ഒട്ടങ്ങി. ഇതിന്ന യൊഗം കൂടീട്ട ഒണ്ടായിരുന്നവര എണ്ണൂററൊരുപത്തമൂന്ന; നാലും അഞ്ചും ആറും പട്ടം ഒള്ള ശമ്മാശ്രമാര കൂടാതെ പട്ടക്കാരര നൂററ അറുപത്തുമൂന്ന. ഇത കൂടാതെയും പലര പൊറത്തുന്ന വന്നു. ഉതിയംപെരുര എന്ന ഇത ആയി ആ ദെശത്ത ഒള്ള വര ഒക്കെയും. ഇത കൂടാതെ പ്രത്തുക്കാൽ പലരും ഉണ്ടായിരുന്നു പട്ടക്കാരര ആയിട്ടും അൽമെനികളായിട്ടും. ശ്രുദ്ധമാന സൂനഹദൊസിന്ന കല്പനകടം മുഴുവൻ ആവാൻ ബഹുമാനപ്പെട്ട മെത്രാപ്പൊലീത്താ ഒരൊരൊ വിഗാരിമാരെ അപക്ക ഓരൊരൊ കുർബാനകല്ല, മററ ഒണ്ടായിരുന്നതിന്റെറ കൂദാശമെൽ ഒള്ള സംശയംകൊണ്ട, ഔവണ്ണം തന്നെ ഓരൊരൊ ചെപ്പും അതിൽ വെണ്ടുന്ന സൈത്ത വീത്തുവാൻ ഒള്ള പാത്രങ്ങളും ശ്രുദ്ധമാന സൈത്തും എങ്ങനെ അതകൊണ്ട പെരുമാറെണ്ട എന്നും ഓരൊരൊ സൂപ്പ്ലിസ് എന്ന കുപ്പായവും കൂദാശകളെ പ്രവൃത്തിപ്പിക്കുമ്പൊം പെരുമാറുവാൻ ഇ എടവകയിൽ ഇ മരിയാത ഇല്ലാഞ്ഞു. കുബാന കുപ്പായങ്ങടം ഇട്ടതാൻ അത കൂടാതെ താൻ മുൻപിൽ ചൈതു ഞായം.

(157) ഇത എല്ലാം കൊട്ടക്കുപൊം കൂടെകൂടാത്ത വിഗിരിമാരിടെ പക്കൽ കൊട്ടത്തയക്കയും ചൈതു. ചെലടത്ത പള്ളിയിലെ അറകററം നൊക്കുമ്പൊം കൊട്ടക്കുമാറും ആയി. തന്റെറ തന്റെറ പ്രവൃത്തിക്ക വെണ്ടുന്നത എല്ലാവക്കും കിട്ടുകയും ചൈതു. സൂനഹദൊസിന്ന എതാനും സംശയം കൊണ്ട വന്നവര എല്ലാം പറഞ്ഞ തെളിഞ്ഞപൊകയും ചൈതു. മെത്രാപ്പൊലീത്താ പുത്തനായിട്ട എല്ലാ പള്ളികളിലും കാണ്മാനും സൂനഹദൊസിലെ കല്പനകല്പിപ്പാനും ആയിട്ട പൊറപ്പെട്ടുകയും ചൈതു. അവ്വണ്ണം തന്നെ എല്ലാ പള്ളികളിലും ഏറെ ദിഷ്ടതി ആകുന്നതിനെ കൽപിക്കയും ചൈതു. പള്ളികടക്കും മററും ചെലക്കും ഒള്ള പൊ

---

157. സൂനഹദൊസിന്ന ശെഷം മെത്രാപ്പൊലീത്താ നിരവധി ദെവാലയങ്ങടം സന്ദൎശിച്ചു. അവിടെ ചെയ്ത കാൎയ്യങ്ങളുടെ പൊതുവായ വിവരണമാണു് ഇനിയുള്ള ഭാഗത്തു കാണുന്നതു്. Gouvea, Book II, Chapt. I ൽ കാണുന്നതിന്റെ സംഗ്രഹം.

സ്തകങ്ങളം എല്ലാം നമ്മെ ഏൽപ്പിക്കയും ചൈതു. (158) അതിന്റെറ പെണക്ക ങ്ങളം എല്ലാം കത്തുകയും ചൈതു. സൂനഹദോസീന്ന വെലക്കപ്പെട്ടത ഒട്ടക്ക യുംചൈതു. കംപസാരിപ്പാൻ പട്ടതപം ചൊദിക്കയും അതിന്ന മതിയാകുന്നവക്ക പ്രമാണം എഴതികൊട്ടക്കയും ചൈതു. യൊഗ്യം അല്ലാത്തവരെ കംപസാരിപ്പി ക്കരുത എന്ന മൊടക്കുകയും ചൈതു. വിഗാരിമാരെ കൽപിച്ചെടത്ത ആക്കി ലൊ കരാൽ ഒള്ള മാസപ്പടിയും ഓരൊരുത്തക്ക വെവ്വെറെ തിരിച്ച മെത്രാപ്പൊലീത്താ കൽപ്പിച്ചതുകളുടെ പകുത്ത ഒക്കയും എല്ലാ പള്ളികളിലും എഴതി വയ്ക്കയും ചൈതു. പള്ളിപണ്ടാരങ്ങളം തൊറന്ന വെണ്ടുന്ന പണി പണിയുമാറകല്പിക്കയും ചൈതു. സൂനഹദൊസീന്ന കൽപിച്ചവണ്ണം എന്ന അവിടെ കൂടാത്ത പട്ടക്കാരും ചെമ്മാ ശന്മാരും വിശ്വാസത്തുംമെൽ വഴങ്ങി സത്യവും ചൈതാൻ. എല്ലാവരെ ഒപ്പു മാ ചൈകയും അങ്ങാടികളിലും പൊറത്തുന്നും മാമൊദീസാ കൂടാതെ വരുന്ന കിടാ ങ്ങളെ മാമൊദീസാ മുക്കുകയും ചൈതു. ചെലര ഒണ്ട (159) വലിയവരും ഒണ്ടാ യിരിന്ന. ലൊകരുടെ കാര്യവും സമുസാരവും കെട്ട വിധിക്കയും ചൈതു. പല പല പ്രമാണങ്ങളെ കുറിച്ച മഹറൊൻ എററ ഇരുന്നവരുടെ മഹറൊൻ പൊക്കു കയും ചൈതു. ഇതിൽ ചിലർ ആയിട്ടം പന്നീരാണ്ടും ഇരപന്നീരാണ്ടും മഹറൊൻ ഏററവരും ഒണ്ടായിരുന്ന. കൊലകൊണ്ട മഹറൊൻ ഏററവരും ഏറെ. അവരുടെ മഹറൊൻ പൊക്കമാറും ഇല്ലാഞ്ഞുതാനും. പള്ളികളിൽ മലയാം ഭാഷയിൽ കിടാങ്ങംക്ക പഠിപ്പിക്കുമാറും ആക്കി. വഴിയെ ഒത്തപൊകുന്നവരെ ചുരുക്കമാ യിരുന്നുതാനും. ചെലക്ക തങ്ങംക്ക അത്ഥം അറിവാൻ വശമല്ലാതെ സുറിയാനി യിൽ ആവൂന്ത വശമൈയാ പൊയിരുന്ന. പള്ളികംക്ക വെണ്ടുത ഒട്ട ആംവ ണ്ണം കൂടെ കൽപിച്ചു. ശെഷം പിന്നെ ഒണ്ടാകുവാൻ എഴുതുകയും ചൈതു. കാല ത്തിന്ന തക്കവണ്ണം സൂനഹദൊസീന്ന കൽപിച്ചുത എല്ലാം ഒട്ട ആകുംവണ്ണം കൂ ല്പിക്കയും ചൈതു എന്നെക്കും ഇരുന്ന വാഴുന്ന തംപുരാൻ മൂവരൊരുവന്റെറ പെ രിമയാൽ ആമ്മെൻ.

മലംകര എടവകയിലെ പള്ളികംക്ക ഒക്കെക്കും എതും കൊറച്ചിൽ വരാ തെ ഒരുപൊലെ യാപരിപ്പാൻ ഇന്ന ദിവസത്തിൽ നെയമ്പുനൊൽക്കണം എ ന്നും ഇന്ന ദിവസത്തിൽ പെരുനാളം കൊള്ളണം എന്നും പട്ടക്കാരര അറിഞ്ഞ തൻറെറ എടവകക്കാരൊട്ട അറിയിക്കണം. പട്ടക്കാരര അമിശത്തിന്നും കല്പനക്കും തക്കവണ്ണം പ്രവൃത്തിക്കുന്നതും അതുകൊണ്ട അന്തെനികം നല്ല വണ്ണം വ്യാപരി ക്കയും ചൈതാൽ തംപുരാന്റെറ എന്നന്നെക്കും ഒള്ള മൊക്ഷം എല്ലാവക്കും കിട്ടും. അതിന്റെറ ശെഷം മെത്രാൻ മുടിയും നീക്കി കെഴക്കൊട്ട തിരിഞ്ഞ തക്കായിൽ എഴുത്തുപെട്ട സ്ലൊസായും ചൊല്ലി പടിഞ്ഞാറൊട്ട തിരിഞ്ഞ ലൊകരുടെ മെൽ ശുശ്രൂഷയും ചൈതു. അതിന്റെറ ശെഷം സ്വതന്ത്രത്തൊട്ടുകൂടെ നമുക്ക പൊക എന്ന അക്കദെയാക്കൊൻ ചൊല്ലി. മിശിഹാടെ നാമത്താലെ പൊക എന്ന സൂനഹ

---

158. ആരാണീ നാം? പുസ്തകങ്ങളം പരിശോധിക്കുവാൻ നിയോഗിച്ചിരുന്ന ഫ്രാൻസി സ് റോസ് എസ്. ജെ. എന്ന ന്യായമായി ഊഹിക്കാം. അങ്ങനെയെങ്കിൽ സൂനഹ ദൊസ് കാനോനകം കഴിഞ്ഞുള്ളഭാഗം റോസ് തന്നെ എഴതിച്ചേത്തതായിരിക്കണം. അദ്ദേഹം മെനേസിസിന്റെ സന്തതസഹചാരിയും തർജമക്കാരുടെ മേൽനോട്ടക്കാരനുമാ യിരുന്ന എന്ന കാര്യം അനുസ്മരിക്കുക.

159. 'ഒണ്ട' എന്നതിന്ന പകരം 'ഒട്ട' എന്ന കെ. എൻ. ഡാനിയേലിന്റെ ഗ്രന്ഥത്തിൽ കാണുന്ന. പ്രായമായവരും മാമ്മോദീസാ സ്വീകരിക്കാൻ എത്തിയിരുന്ന എന്ന വാക്യ ത്തിനത്ഥം.

ഒാസും ചൊല്ലി. മിശിഹാ പെറന്നിട്ട 1599-ാം കാലം മിധിന ഞായറ ഇരിപ
ത്തഅഞ്ചാം ദിവസി വെള്ളിയാഴ്ച നാം ഇങ്ങനെ യൊഗം പിരിഞ്ഞു. (160)

(161) മശിഹാ പെറന്നിട്ട 1768-ാം കാലം അന്ന കൊല്ലം 943-ാ മാണ്ട
കക്കടമാസം 3 ന എഴുതിയ പുസ്തകം. വരകാൽപ്പുഴെക്കാരൻ വെള്ളര പൌലൊ
സ ശമ്മാശ ആലങ്ങാട്ട അപ്പസ്തോലീക്കാ ശിമ്മാരിയിൽ പഠിച്ച നിക്കയെലെ
എഴുതിയത എന്നറിക.

160. 'മിധുന ഞായറ ഇരുപത്ത ആറാം ദിവസം ഒട്ടങ്ങി' എന്ന മുകളിൽ പറഞ്ഞിരി
ക്കുന്നു. പുറം. 106 ഈ രണ്ടു പ്രസ്താവനകളും എങ്ങനെ പൊരുത്തപ്പെടും? കൂടുതൽ വിവ
രങ്ങൾക്ക് ആമുഖം കാണുക.

161. മാന്നാനത്തുള്ള സി. എം. ഐ ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്ന കൈയെഴുത്തു
ഗ്രന്ഥത്തിൽ കാണുന്ന കുറിപ്പ്. കമ്മലീത്താമിഷണറിമാരുടെ കാലത്താണ് ഈ ഗ്രന്ഥ
ത്തിനു നിരവധി പകർപ്പുകളുണ്ടായത്.

റോസിന്റെ നിയമാവലി

എ. ഡി. 1606

ഇശൊ മറിയം—
തുക്കസാ ദുമറഇസാ തൊമ്മെത്താ ദാഹെൻദൊ (1) —

നമ്മുടെ മലംകരെ മാർതൊമ്മാ ശ്ലീഹാടെ എടവകെടെ കല്പനകൾ ഇത—

പ്രൊമ്മ്യാൻ —

തംപുരാൻെറ മനഗ്രണംകൊണ്ടും പള്ളികൾടെ ഒക്കെക്കും തലയാകുന്ന ശ്രുദ്ധമാന റൊമ്മാ പള്ളിയുടെ പ്രമാണംകൊണ്ടും മലംകരെക്ക ഒക്കെക്കും മെത്രാനും പ്രത്തുക്കാൽ രാജാവിൻെറ മാടംപിയും (2) ആകുന്ന മാർ പെണ്ട്രസീസ്സോസ ബഹമാനപ്പെട്ട നമ്മുടെ അക്ദ്യാക്കൊനും അമിശക്കാരും നമ്മുടെ വിശാരക്കാരരും വിഗാരിമാരും നമ്മുടെ എടവകയിൽ ഇരിക്കുന്ന റംബാൻമ്മാരും മാർതൊമ്മാ നസ്രാണികളംക്കും മാറ്റ്ക്കാരർ എല്ലാവക്കും സ്വതം — തുക്കംകൊണ്ടും നാരായം കൊണ്ടും സവ്തും തംപുരാൻ പടെച്ചു എന്ന ശ്രെമ്മൊൻ എഴുതിവച്ചു — എന്നാൽ പടെച്ച വസ്തുക്കളംക്ക തംപുരാൻ കല്പിച്ച കട്ടാണ്മകളം തുക്കവും നാരായും ആകുന്നത — കടൽക്കും – തീയിക്കും – മാനത്തിനും – ആദിത്യനും – ശന്ദ്രൻനും – നക്ഷത്രങ്ങളംക്കും – ശെഷം വസ്തുക്കളം ഒക്കെക്കും തൻെറ തൻെറ സ്വരുപത്തിന്ന തക്കവണ്ണം ഏക സ്വരുപമാകുന്ന തംപുരാൻ അനെകം അറിവൊട്ടുകൂടെ അറുതികളും സകൃകളും കല്പിച്ച വിശ്വം ഒക്കയും പ്രദിഷ്ടിച്ചു —

വിശെഷിച്ച പടച്ചതിൽ വല്ല വസ്തുവും പടച്ച.....നിക്ക കല്പിച്ച അറുതി കടന്നാൽ പിഴക്ക.....(3) തന്നെ സവ്തും മെകച്ചനായെൻ ദൈവാസികളെയും മാനുഷരെയും പടച്ചാറെ – പ്രമാണങ്ങളും മാറ്റവും അവക്ക കല്പിച്ച അതിന്ന ഒത്തവണ്ണം ഇരിക്കുന്നവക്ക മൊക്ഷം – ഇരിയാത്തവക്ക നരകം കൊടുപ്പാൻ അരുളിചൈതു – വിശെഷിച്ച ന്യായത്തുംവഴി മാനുഷരെ നടത്തുവാൻ ആയിട്ട രാജാക്കളും രാജാക്കടെ പ്രവൃത്തികാരരയും തംപുരാൻ ഇഹലൊകത്തുംകൽ നിറുത്തുന്നതും വാഴിക്കുന്നതും – തണ്ടവരെ ശിക്ഷിപ്പാനും നല്ലവരെ സമ്മാനിപ്പാനും – ഇതിൻെറമൂലം തന്നെ ഒട്ട ഏറയും ശ്രുദ്ധമാന തംപുരാൻെറ പള്ളികൽ താൻ പട്ടസുഖം ഉണ്ടാക്കി ആകാശത്തിൽനിന്ന എറങ്ങിവന്ന മാറ്റത്തിന്ന ഒത്തവണ്ണം (4) മാമ്മൊദീസാക്കാരെ പുലത്തുവാനും അതിൻെറ കല്പനകംകൊണ്ട സൊട്ടമാക്കി തംപുരാൻെറ സാദൃശ്യത്തുംവഴി നല്ല വണ്ണം നടത്തുവാനും – അപ്പളൊ മെൽ എഴുത്തുപെട്ട ക്രമങ്ങളും അറുതികളും കൂടാതെ ഇഹലൊകത്തുംകൽ സൌ

---

1. 'ഇന്ത്യയിലെ മാത്തൊമ്മാ ക്രിസ്ത്യാനികളുടെ (എടവകയുടെ) നടപടിക്രമം'. 'ഹെൻദൊ' — ഇന്ത്യ

2. മാത്തൊമ്മാ ക്രിസ്ത്യാനികളുടെ മെത്രാന്റെ പേരു നിർദ്ദേശിക്കാനുള്ള അവകാശം എ. ഡി. 1600 മുതൽ പോർത്തുഗൽ രാജാവിനു ലഭിച്ചു. അതോടെ കേരളത്തിലെ മെത്രാന്മാർ പോർത്തുഗൽ രാജാവിന്റെ നാടമ്പികളായിത്തീർന്നു.

3. ചില ഭാഗങ്ങളും മാഞ്ഞുപോയിരിക്കുന്നു.

4. ദൈവം മനുഷ്യനായി അവതരിച്ച് ഉണ്ടാക്കിയ മാറ്റം; ക്രിസ്തുവിന്റെ മാറ്റം.

ട്ടമില്ലെന്നപൊലെ കട്ടാണ്മകളും കണക്കുകളും കൂടാതെ നസ്രാണികളുടെ കൂട്ടത്തിന്ന ഛെദം വരാ – ഇതിനെക്കൊണ്ട....ലിക്കാ പള്ളിക്ക തക്ക കല്പനകളെ..... പള്ളിക്ക അതത ദെശത്തിന്റെറ മര്യാതിക്ക തക്കവണ്ണം വെറെ ആയിട്ട ചില കട്ടാണ്മകളും ഉണ്ട.

അപ്പളൊ നമ്മുടെ മലംകരെ എടവകെക്ക തക്ക കല്പനകളും ഇന്നയ്യൊളം ഇല്ലാഞ്ഞതിനെക്കൊണ്ട പട്ടക്കാരുടയും അൽമ്മെനികളുടെയും എടയിൽ കലക്കമെ ഉള്ള തനിക്ക തനിക്ക ഒത്തവണ്ണം പട്ടക്കാരും മാപ്പിളാമാരും പ്രവൃത്തിക്കുന്നതിനെക്കൊണ്ട. ഇതല്ലാം കണ്ടിട്ട വെണ്ടുവൊളം ദുഃഖിച്ച തംപുരാനൊട അപെക്ഷിച്ച ഇ എടവകെക്ക തക്ക തുക്കാസകയും എഴുതണമെന്ന ഒറച്ച ഹെന്തൊ എന്ന രാജ്യത്തുള്ള കാനൊനുകളും (5) നമ്മുടെ എടവകെടെ മൂന്ന സുനഹാദൊസുംകൽ കല്പിച്ച കട്ടാണ്മകളും (6) കത്തൊലിക്കാപള്ളിക്ക ഉള്ള കല്പനകളും നൊം കണ്ടതെരഞ്ഞ സൂക്ഷിച്ച നമ്മുടെ ഇ എടവകെക്ക വെണ്ടുന്നതിനെ എടുത്ത ക്രമത്തുംവഴി അറിവുള്ളവരിടെ വിചാരത്തൊട്ടുകൂടെ ഒഴതി ഒപ്പിച്ച തുടങ്ങി മുഴുവൻ ആക്കി തങ്ങംക്ക എല്ലാവക്കും എത്രയും ഗ്രണമാകുന്ന ഇ പുസ്തകം തങ്ങംക്ക എല്ലാവക്കും കാട്ടികൊടുക്ക ചൈയുന്നത —

ഇതിനുതക്കവണ്ണം തങ്ങടെ നടപടി ആകുവാനും ഒരൊരുത്തക്ക തൻറെറ തൻറെറ പ്രവൃത്തി ഫലത്തനറിവാനും–എന്നാൽ ഇത എഴുത്തുപെട്ട മെല്പട്ടക്കാരരിടെ കല്പനകളം തങ്ങളം ദൃഷിച്ച കൂട്ടാക്കാതെ കണ്ട ഇരിക്കുന്ന എന്നവരികിൽ ഏവൻ ഗാലിയിൽ എഴുത്തുപെട്ടപൊലെ തംപുരാൻറെറ അത്രെ തങ്ങളം ദൃഷിക്കുന്നു. എന്നാൽ നവരത്നങ്ങളം ഒക്കെക്കായിലും മാണിക്കമായ നമ്മുടെ എടവകെടെ ഇ കല്പനകളംക്ക ഒത്തവണ്ണം തങ്ങളം നടക്കിൽ ഇഹലൊകത്തുംകൽ നടക്കുന്ന പല പല ഗ്രണം തങ്ങളംക്ക തംപുരാൻ തരുകയും വിശ്വാസമില്ലാത്തവരിടെ ഞെരിക്കത്തിൽ നിന്ന തങ്ങളെ രക്ഷിക്കയും എന്നന്നെക്കുമുള്ള ആയിസ്സ തംപുരാൻ തങ്ങളംക്ക തരുകയും ചൈയും – ആമ്മെൻ. കൊട്ടങ്ങല്ലൂരിൽനിന്ന എഴുത്ത – എടവമാസം പതിനാറാം ദിവസി മിശിഹാ തംപുരാൻ പിറന്നിട്ട ഒരായിരത്ത അറുനൂറ ആറാംകാലം —

പട്ടാങ്ങയായാ വിശ്വാസത്തുംമെൽ ഒന്നാം സെപ്രാ

പട്ടാങ്ങായായ വിശ്വാസംകൂടാതെ തംപുരാൻറെറ തിരുവിള്ളം വാച്ചുവാൻ വശമല്ല ആക്കും എന്ന കന്ദീശ പൌലൊസ ശ്രീഹാ എഴുതിവച്ചു. അപ്പളൊ ഒന്നമ്മ ആയ വിശ്വാസം ഏതാകുന്നത എന്ന മുൻപിൽ മുംപിൽ അറിഞ്ഞെ മതിയാവു എല്ലാവക്കും. എന്നാൽ ശ്രീഹന്മാര തംപുരാനൊട പഠിച്ച ഇഹലൊകത്തിലെ മാനുഷരൊട അവർ അറിയിച്ച നടത്തി റൊമ്മാപള്ളി അന്നുതൊട്ട ഇന്നയൊളം കറകൂടാതെ കാക്കുന്ന എല്ലാവക്കും എല്ലാടത്തും പഠിപ്പിക്കുന്ന വിശ്വാസം ആകുന്നത ഇത — വചനംകൊണ്ട പറഞ്ഞ ഒപ്പിക്കരുതാത്തതും ആദിയും അറുതിയും ഇല്ലാത്തതും പകരപ്പടരുതാത്തതും സവ്വത്തിന്നും വല്ലനേം പട്ടാങ്ങയായാ ബാവായും

---

5. ഗോവയിലെ പ്രാദേശിക കൗൺസിലുകളുടെ തീരുമാനങ്ങളം.

6. മാർ എബ്രഹാമിൻറെ അങ്കമാലി സുനഹദോസ് (1583), മെനേസിസിൻറെ ഉദയംപേരൂർ സുനഹദോസ് (1599), റോസിൻറെ അങ്കമാലി സുനഹദോസ് (1603). മേല്പറഞ്ഞ മൂന്ന സുനഹദോസുകളിലും റോസ് പങ്കെടുത്തിരുന്ന.

പുത്രനും റൂഹാദക്കുദിശായും മൂവരൊരുവൻ തംപുരാൻ എന്ന നടെ വിശ്വസി ക്കണം — എന്നാൽ പിറക്കപ്പെടാത്തവൻ ബാവാ – ഒരു ബാവായിൽ നിന്ന പുറപ്പ ട്ടന്ന എല്ലാംകൊണ്ടും ബാവാസ്സു ശരി ആകുന്ന തനിയൻ പുത്രൻ, ബാവായിൽ നിന്നും പുത്രനിൽനിന്നും ഒര ആദിയിംകൽ നിന്ന എന്നപൊലെ ഒര പുറപ്പാട്ടാലെ തന്നെ.....ടാതെ പുറപ്പട്ടന്ന റൂഹാദക്കുദിശായും.

വിശെഷിച്ച ബാവായും പുത്രനും റൂഹാദക്കുദിശായും മൂന്ന ക്നൊമ്മാ എംകി ലും എന്നാലും ഒര ദൈവികവും ഒരു മൊക്ഷവും ഒരു പെരിമയും ഒരു മനസ്സും ഒരു ബൊധവും ഒരു വശവും ഒരു മഷ്ഹരുതവും ഒരറിവും ഒരു തംപുരാനും അതെ ആകുന്നത—വിശെഷാൽ ഇ മൂന്ന ക്നൊമ്മാകളിടെ എടയിൽ മുന്നെലും പിന്നലും ചെറിയവനും വല്യവനും എന്നില്ല ഒട്ടും – പിന്നെയൊ മൂവര ഒരുവൻ തംപുരാൻ അതെ ആകുന്നത – എന്നാൽ ഭ്രവ്വത്തുംകൽ തുടർമാനം കൂടാതെ വാവാടെ പക്കൽ ഇരുന്ന ബാവായൊടും റൂഹാദക്കുദശായൊടും കൂടെ ബാവാസ്സും റൂഹാദക്കുദിശാസ്സും ശരി ആകുന്ന പുത്രൻ തംപുരാൻ മാനുഷരിടെ ബുദ്ധി വിസ്താരംകൊണ്ട നിരുവിച്ച അടക്കിക്കൊംവാൻ വശമല്ലാത്ത തംപുരാന്റെറ വിശയം മാനുഷരിടെ രക്ഷയെ കുറിച്ച പ്രദിഷ്ടിച്ച കല്പിച്ച കാലത്ത എല്ലാപ്പൊഴും കന്യാവ്വദമുള്ള മറിയത്തിൽ നിന്ന റൂഹാദക്കുദിശായാലെ ശെനിക്കപ്പെട്ട മുഴുവനായ മാനുഷ സ്വരൂപത്തിന്ന .....തികവും ദ്ധതയും ഉള്ള.....തംപുരാൻ തന്നിൽ തന്നെ അതിനെ ഉപക രിച്ച പട്ടാങ്ങയായ തംപുരാനും പട്ടാങ്ങയായ മാനുഷനും ഇശൊമിശിഹാ ആക യും ചൈതു —

ഇതിനെക്കൊണ്ട തനിക്ക ഉള്ള മാനുഷസുഖവും ദൈവീകവും ഒരു സ്വരൂപം രണ്ടും തമ്മിൽ കലശാതെ തംപുരാൻ പുത്രന്റെറ പെരിൽ തന്നെ അനെകം പ്രത്യ ക്ഷത്തലെ ഒന്നിച്ച ഇരിക്കുന്നു. അവണ്ണം ഇ രണ്ട സ്വരൂപത്തിന്റെറ മനസ്സുകളും പ്രവ്വത്തികളും കലശാതെ ഇരിക്കുന്നു താനും — എന്നാൽ രണ്ട സൊരൂവും തംപു രാൻ പുത്രനിൽ ഒന്നിക്കപ്പട്ടതിനെക്കൊണ്ട മിശിഹാ ഒരുത്തൻ അതെ ഇരുവർ അല്ല ആകുന്നത – വിശെഷാൽ അടിയാന്റെറ ഭാഷയാകുന്ന (7) മാനുഷസുഖം തംപുരാൻ പുത്രൻ എടുത്തതിനെക്കൊണ്ട തന്റെറ ദൈവീകത്തിന്ന കുറച്ചിൽ ഏതും ഉണ്ടായതുമില്ല. മാനുഷസുഖത്തിനെ ദൈവസുഖം ക്ഷയിച്ചതുമില്ല.

എന്നാൽ മിശിഹാ തംപുരാൻ തന്റെറ ദൈവീകം കാട്ടെണ്ടുട്ട തംപുരാൻ തനു .....ചൈയ്യാവു എന്ന പ്രത്യക്ഷങ്ങം പലതും ചൈതു — അവുത്താൻ ചിലത ഇത — ശറൈത്താ എന്ന സ്ലീക്ക എന്നന്നെക്കുമുള്ള മൊക്ഷം പറഞ്ഞൊത്തതും അഞ്ചപ്പവും രണ്ട മീനും കൊണ്ട പൈച്ചിരുന്ന അയ്യായിരം ജനത്തെ സംപൂർണ്ണം വരുത്തിയതും – തന്റെറ അരുളാലെ തന്നെ മരിച്ചവരെ ഉയിർപ്പിച്ചതും – കാഴ്ച ഇ ല്ലാത്തവക്ക കാഴ്ച കൊടുത്തതും - നമ്മുടെ പിഴകളെ കുറിച്ച കുരിശ്രംമ്മെൽ പതി ക്കപ്പെട്ട താൻ മരിച്ചപ്പൊം ആദിത്യൻ ഇരുട്ടിച്ചതും – ഭ്രമി ഞടുങ്ങപ്പെട്ടതും – കല്ല കം പൊളിഞ്ഞതും – ചത്തവര പലരും ഉയിർത്തതും – വിശെഷിച്ച മിശിഹാടെ ദൈവീകംകൊണ്ട യൊഹന്നാൻ ഏവൻഗാലിത്താ എഴുതിവച്ചത ഇത — 'വച നം പൂർവ്വുംകൽ ആയിരുന്ന – വചനം തംപുരാൻ പക്കൽ ഉണ്ടായിരുന്നതും – തംപുരാൻ തന്നെ ഇ വചനം ആയതും' എന്ന. വിശെഷാൽ മിശിഹാ തംപുരാൻ തനിക്കുള്ള എന്ന മാനുഷ സൊരൂപത്താലെ ഇഹലൊകത്തുംകൽ നമ്മെകുറിച്ച പിറന്നതും പൈച്ചതും ദാഹിച്ചതും ഉണ്ടിച്ചതും പാട്ടപെട്ടമരിച്ചതും എന്ന വി

7. 'ഭാഷ' എന്ന പദത്തിന്ന രൂപം (Shape, pattern) എന്ന അർത്ഥമുണ്ട്. പാഴ, പാഷ എന്നെല്ലാം രൂപഭേദങ്ങം കാണുന്നു.

ശ്വസിക്കണം. അപ്പൊളൊ എല്ലാപ്പൊളും കന്നി ആയ മറിയത്തിൽ നിന്ന തംപുരാൻ പുത്രൻ പട്ടാങ്ങയായി ശെനിക്കപ്പെട്ട മാനുഷനായി പട്ടാങ്ങെയായി പിറക്കപ്പെട്ട എല്ലൊ. ഇതിനെക്കൊണ്ട ശ്രുദ്ധമാന മത്തമറിയത്തുമ്മാ തംപുരാന്റെറ പട്ടാങ്ങയായ അമ്മയാകുന്നതും അനെകം യൊഗ്യത്തൊട്ടുടെ തംപുരാന്റെറ അമ്മ എന്ന കത്തൊലിക്കപെള്ളി മത്തമറിയത്തുമ്മാനെ വിളിക്കുന്നതും.

വിശെഷാൽ മാറാനിശൊമിശിഹാ പട്ടങ്ങയായി പാട്ടപെട്ട ആണികയും കൊണ്ട കുരിശുമ്മെൽ തറെക്കപ്പെട്ട മരിച്ച അടക്കപ്പെട്ടകയും ചൈതു—

വിശെഷിച്ച താൻ മരിച്ച ഉടൻ ശ്രുദ്ധമാന തന്റെറ ആത്മാവുതന്നെ പട്ടാങ്ങയായി പാതാളത്തുംകൽ എറങ്ങി അതിൽകൊന്ന മുമ്പിൽ മരിച്ച കന്ദീശാകെ അത്മാവുകളെ രക്ഷിച്ച അവുടെന്ന പുറപ്പടീപ്പാൻ—

വിശെഷിച്ച താൻ മരിച്ചിട്ട മുന്നാം ഞാറാഴിച്ചനാൾ പട്ടാങ്ങയായി ഉയിർത്ത അവുടെന്ന നാല്പതാംപക്കം തന്റെറ ചക്തിയാലെ തന്നെ ആകാശത്തിൽ കെറെറി ബാവാടെ വലത്തുഭാഗത്ത ഇരുന്നെൻ—

വിശെഷിച്ച അവുടെ നിന്ന മരിച്ചവരെയും ഉയിരവരയും വിധിപ്പാൻ പിന്ന ഒട്ടക്കത്തെ ദിവസത്തിൽ ഭ്രമീകൽ വന്ന ഒരൊരുത്തരുടെ പ്രവ്രുത്തിക്ക തക്കവണ്ണം മുഴപ്പൊട്ടുടെ സമ്മദിക്കയും ചൈയും എന്ന വിശ്വസിക്കണം—

എന്നാൽ പിന്നയും വിശ്വസിക്കെണ്ടുത ഇത – തപുരാന്റെറ എടത്തും മാനുഷരിടെ എടത്തും നടുവൻ ആകുന്ന മിശിഹാമെൽ ഉള്ള വിശ്വാസം കൂടാതെ ആദത്തിന്റെറ വിത്താലെ പിറകുന്നതിൽ ഒരുത്തക്കും തംപുരാന്റെറ നന്മയും തിരുവിള്ളവും ആത്മാവിലെ പൊറുതിയും ഒരുനാളും ഉണ്ടായത്തുമില്ല ഇന്നി ഉണ്ടാകയും ഇല്ല എന്നത—

എന്നാൽ മിശിഹാടെ തന്റെറ ശ്രുദ്ധമാന ചൊരെടെ ചക്തിയാലെയും ബാവാതംപുരാനൊട നമ്മെ നെരത്തി നമ്മുടെ പിഴകളിടെ എഴത്തിനെ താൻ മായിച്ചു എന്ന; തന്റെറ മരണത്താലെ അത്രെ തംപുരാന്റെറ തിരുവിള്ളം വാണതും (8) നന്മയും മൊക്ഷവും കിട്ടിയതും—

വിശെഷിച്ച മിശിഹാ വരുംമുമ്പിൽ നമ്മെ രക്ഷിപ്പാനായിട്ട അന്ന വരുവാനിരുന്ന തന്റെറ മെൽ അന്നത്തെ വിശ്വാസം. വിശെഷിച്ച താൻ വന്നതിൽ പിന്നെ തന്റെറ ചൊരയാലെ നമ്മെ രക്ഷിച്ചു എന്ന തന്റെറ മെൽ അത്രെ ഇപ്പളത്തെ നമ്മുടെ വിശ്വാസം ആകുന്നു—(9)

രണ്ടാം സാഹാ—

എന്നാൽ ആദത്തിന്റെറ വിത്തിന്റെറ വശത്താലെ പിറക്കുന്ന മാനുഷർ എല്ലാവരും ആദത്തിന്റെറ പിഴയാലെ അവരും പിഴപെട്ട ഉല്പനദൊഷത്തിൽ പിറന്ന ചൈത്താന്റെറ മക്കളും ആകുന്നു—

ഇതിന്ന പൌലൊസശ്ലീഹാ പൊല്ലിക്കിടക്കുന്ന ഒരു പുരുഷനാലെ ദൊഷം ഇഹലൊകത്തുംകൽ പുക്കതും ദൊഷത്താലെ മരണം എല്ലാവരിടെമെൽ അനുവ

---

8. 'തിരുവിള്ളം വാഴുക' – ഈ ശൈലിക്ക 'പ്രിയമുള്ളതായിത്തീരുക' എന്നർത്ഥം

9. ക്രിസ്തുവിനു മുമ്പു ജീവിച്ചിരുന്നവർ ക്രിസ്തുവിന്റെ ആഗമനത്തിലുള്ള വിശ്വാസത്താലും ക്രിസ്തുവിനുശേഷം ജീവിക്കുന്നവർ ക്രിസ്തുവിന്റെ പീഡാസഹനത്താലും സ്വർഗ്ഗത്തിനു അർഹരായിത്തീരുന്നു എന്ന വിശ്വാസം അനുസ്മരിക്കുക.

തിച്ചതും. വിശെഷിച്ച മൃഗജാതികൾക്കും ജീവൻ ഉള്ള രൂപി ആയ വസ്തുക്കൾക്കും ആത്മാവില്ല ജീവനെ ഉള്ളു.

എന്നാൽ വിത്തിൻെറ വശത്താലെ ഇങ്ങനത്ത ജീവൻ പിറക്കുന്ന ദെഹത്തിൽ ഉണ്ടാകുന്നതിനെക്കൊണ്ട ദെഹം ഒടുങ്ങിയാൽ അതിൻെറ ജീവനും കൂടെലെയിക്കുന്നു–എന്നാൽ അരൂപിയാകുന്ന മാനുഷൻെറ ജീവാത്മാവ വിത്തിൻെറ വശത്താലെ അല്ലാ ഉണ്ടാകുന്നത–പിന്നയൊ പര ആത്മാവ തംപുരാൻതന്നെ ശനിക്കപ്പെടുന്ന ദെഹത്തിൽ ഇല്ലാണ്മയിൽ നിന്ന അതിനെ സൃഷ്ടിച്ച ദെഹത്തൊടുകൂടെ ഒന്നിക്ക ചൈയുന്നത – എന്നാൽ ദെഹത്തൊടുകൂടെ ഒന്നിക്കും പൊഴം ഉല്പനദൊഷം ജനിക്കപ്പെടുന്ന മാനുഷനു ഉണ്ടാകുന്ന – ഇതിനെക്കൊണ്ട പിറക്കപ്പെടുന്ന മാനുഷർ എല്ലാവരും ദൊഷത്താളരും മൊക്ഷത്തിന്ന പുറത്ത നിക്കുന്നവരും ആകുന്നു—

എന്നാൽ ദുഹാദക്കദിശായാലെ ജനിക്കപ്പെട്ട മാറാനിശൊമിശീഹാസ്സും തംപുരാൻെറ മനുഗ്രഹംകൊണ്ട മത്തമറിയത്തുമ്മാസ്സും ഉല്പനദൊഷം ഉണ്ടായില്ല എന്ന–മാമ്മൊദീസാ എന്ന പെർപട്ട കൂദാശയാലെ ഉല്പനദൊഷം മാഞ്ഞുപൊകുമാറാകുന്നു. ഇതിനെക്കൊണ്ട മാമ്മൊദീസാ മുങ്ങിയതിൻെറ ശെഷം ഒട്ടും പിഴക്കാഞ്ഞവരിടെ ആത്മാവുകളും പിഴച്ചും എംകിലും വഴിയെ തെറി തങ്ങടെ പിഴകൾക്കു വെണ്ടുന്ന മുഴവൻ ആകുന്ന പ്രാശ്യ(തപം?) ചൈതവരുടെ ആത്മാവുകളും തങ്ങടെ ദെഹത്തിൽ നിന്ന വെർപെട്ടാൽ ഉടനെതന്നെ വെളിച്ചമെ മൂടൽ ഏതുംകൂടാതെ തംപുരാനെ ദെരിശനിക്ക ചൈയുന്നത—

വിശെഷാൽ നക്ഷത്രങ്ങൾക്ക വെളിവുകൊണ്ട തമ്മിൽതമ്മിൽ ഏറക്കുറവ ഉണ്ട എന്നപൊലെ അവുണ്ണും തന്നെ മൊക്ഷത്തിൽ ഇരിക്കുന്ന ആത്മാവുകടെ യൊഗ്യത്തിന്ന തക്കവണ്ണും തപുരാനെ അവർ കാണുന്നതിൻെറ മുഴപ്പാകുന്നു–വിശെഷിച്ച ചാവദൊഷം പിഴച്ച തെറാതെ ചാകുന്നവരിടെ ആത്മാവുകൾ ദെഹത്തിൽ നിന്ന വെർപിരിഞ്ഞാൽ ഉടൻതന്നെനരകപ്പട്ട എന്നന്നെക്കുമുള്ള തിയടെ ദുഷ്ടമ്മത്തിൽ അകപ്പട്ട തംപുരാനെ ഒരുനാളും കാണ്മാൻ വശമല്ലാത്തവണ്ണും ചമഞ്ഞ നരകത്തിൽ അകപ്പട്ടുമാറാകുന്നു – വിശെഷിച്ച ഒവിയും തംപുരാൻെറ തിരുവിള്ളവും ഉള്ളവർ ചിലർ തങ്ങൾ ചൈത പിഴകൾക്ക മുഴവൻ ആയാ പ്രാശ്യത്വം ചൈത മരിച്ചാൽ (10) അവരിടെ ആത്മാവുകൾ പുറക്കത്തൊര്യാ എന്ന പെർപെട്ട എടത്ത എറങ്ങി തങ്ങടെ പിഴകൾക്ക ചൈയെണ്ടുന്ന പ്രാശ്യത്വം മുഴവനായി തെകെപ്പൊളും അവുടെ തന്നെ ദുഷ്ടമ്മപെടും – എന്നാൽ കടം വീട്ടിയാൽ....തന്നെ മൊക്ഷപെടുന്നത—

എന്നാൽ പുക്കത്തൊര്യാ എന്ന എടത്ത ആവലാതിപെട്ടുകിടക്കുന്ന ആത്മാവുകളെ തണുപ്പിക്കുന്നതും ആ ദുഷ്ക്രമത്തിൽനിന്ന അവരെ രക്ഷിക്കുന്നതും ആകുന്നത നൊയമ്പും നമസ്കാരവും ധമ്മവും നന്മയായ നസ്രാണികൾ ചൈയുന്ന മറാ പ്രവൃത്തികളും ഒട്ടഏറയും അവക്ക വെണ്ടി കൂവ്വാന ചൈയുന്നതും – പൊല്ലിപ്പിക്കുന്നതും—

വിശെഷിച്ച ഇപറഞ്ഞതു കൂടാതെ വിശ്വസിക്കെണ്ടുവത ഇത: പൊടി ആയി തിരിഞ്ഞ മാനുഷരിടെ ചവങ്ങൾ ഒക്കയും ഒടുക്കത്തെ ദിവസത്തിൽ ഉയിത്ത വെണ്മപ്പട്ട നൊച്ചപ്പിക്കയും – പാട്ടുപെടുവാൻ വശമല്ലാതെ – മൊക്ഷദെഹം നല്വവക്ക എല്ലാവക്കും ഉണ്ടാം. ഇരുണ്ടുപൊകുന്ന കനപ്പട്ട ദീനത പെടുവാൻ വശമാകുന്ന മരിപ്പാൻ വശമല്ലാതെ ദെഹം തന്ന്യവർ എല്ലാവക്കും ഉണ്ടാകയും ചൈയും—

10. 'ചൈയാത മരിച്ചാൽ' എന്നായിരിക്കണം ശരിയായ പാഠം.

അപ്പൊളൊ മൊക്ഷപ്പെട്ട ദൈവത്തൊട്ടുകൂടെ ആകാശത്തുംകൽ കരെറും മിശിഹായൊടുകൂടെ അവര, എന്നന്നെക്കും ഉള്ള നരകത്തിൽ എറങ്ങുകയും ചൈയും ഇവര എന്ന വിശ്വസിക്കണം.

മൂന്നാം സാഹാ—

പൂവ്വത്തുംകൽ കാലം തുടങ്ങിയപ്പളെ മാനവും ഭൂമിയും - രൂപിയും - അരൂപിയും കാണപ്പട്ട വസ്തുക്കളെയും കാണരുതാത്തതിനയും തംപുരാൻ പടെച്ചാറെ അരൂപികളായ മാലാഖമാര ആയതിൽ ഉടെതംപുരാനെ വഴക്കം ചൈതവർ തംപുരാനെ പാടിയാൽ - ചാഞ്ഞ നന്മമെൽ ഉറച്ചപ്പൊളെ തന്നെ എന്ന എന്നന്നെക്കും മൊക്ഷപെട്ട ദൈവികത്തിനെ വെളിച്ചമെ കാണ്മാറാകയും ചൈതു—

എന്നാൽ ശെഷം മാലാഖമാര ഉടെതംപുരാനൊട മറുതലിച്ച അസുരന്മാരായി മാനത്തിൽ നിന്ന തള്ളപ്പട്ട എന്നന്നെക്കും നരകപ്പട്ട തണ്ടം കളെഞ്ഞ മൊക്ഷം കിട്ടുവാൻ പടെക്കപ്പട്ട മാനുഷരെ പിഴെപ്പിപ്പാൻ ഉത്സാഹിക്കയും തംപുരാന്റെറ സാദൃശ്യത്തുംവഴി സൃഷ്ടിക്കപ്പെട്ട നമ്മെ ദൊഷിക്കയും ചൈയുന്നത - അപ്പളൊ മാമ്മൊദീസാ ഉള്ളവര എല്ലാവരും മൊക്ഷപ്പെട്ട മാലാഖാമാരയും ആകാശത്തിലെ കന്ദീശാകളെയും ബഹുമാനിക്കും - ആശരിക്കയും ചൈതെ മതിയാവു—

വിശെഷിച്ച നമുക്ക വെണ്ടി അവർ തംപുരാനൊട അപെക്ഷിച്ച പല പലാ നന്മകളും നമുക്ക തരീക്കുന്നതിനെക്കൊണ്ടും നമ്മുടെ എരപ്പുകളും തംപുരാൻ അവരാലെ കൈക്കൊള്ളുന്നതിനെക്കൊണ്ടും മാലഖാമാരൊടും കന്ദീശാകളൊടും പ്രത്തിക്കുന്നത എത്രയും എത്രയും ഗുണമായിരിപ്പൊര വസ്തു ആയത—

അവണ്ണം തന്നെ കന്ദീശാകളുടെ അസ്തികളെയും ശുദ്ധമാന അവരുടെ ദെഹത്തെൽ തൊട്ട വസ്തുക്കളെയും ആശരിക്കുന്നത അനെകം ഫലമുള്ള വസ്തു ആകുന്നത എന്നറിയണം - ഇത എന്തെന്ത? കന്ദീശങ്ങളുടെ ദെഹങ്ങളും വസ്തുക്കളും റൂഹാക്കുദീശാടെ ഇരിപ്പിടം ആകുന്നതിനെക്കൊണ്ടു, എന്നന്നെക്കുമുള്ള ആകാശമൊക്ഷത്തിൽ തങ്ങടെ ആത്മാവുകളൊടുകൂടെ ഇ ദെഹങ്ങളും തന്നെ ഇരിക്കും എന്നതിനെക്കൊണ്ടും. കന്ദീശാകളിടെ അസ്തികളും പള്ളിക്കൽ കുദാശ ഉള്ള എടത്ത സംഗ്രഹിക്കുന്നതും അതിനെ ആശരിക്കുന്നതും മുത്തുന്നതും അതുംകൽ കുംപ്പിട്ട നമസ്കരിക്കുന്നതും കാത്തൊലീക്കാപള്ളിയുടെ എത്രയും ന്യായമുള്ള മര്യാതി ആകുന്നത—

വിശെഷിച്ച മിശിഹാടയും മത്തമറിയത്തുമ്മാടയും കന്ദീശാകളിടയും രൂപങ്ങളും ഭക്തിമയൊടുകൂടെ ആശരിക്കപ്പട്ടുകയും വന്ദിക്കപ്പട്ടുകയും വെണം - വിശെഷിച്ച പള്ളികളിലും മാമ്മൊദീസാക്കാരരിടെ സ്ഥലത്തിലും ഇ രൂപങ്ങളും വൈക്കുന്നത എത്രയും നന്നതാനും—

ഇതു എന്തെന്ത? മിശിഹാടയും കന്ദീശാകളിടയും രൂപങ്ങളും ആചരിക്കുന്നത മിശിഹായും കന്ദീശാകളും ആചരിക്കുന്നതായത - വിശെഷിച്ച ദൈവികവും ദൈവീകത്തിനടെ ചക്തിയും ഇ രൂപങ്ങളിൽ ഉണ്ട എന്ന അല്ല തന്നെ ആചരിക്കുന്നത പിന്നയൊ മിശിഹാനയും കന്ദീശാകളുടെയും നമുക്ക കാട്ടി അറിയിക്കുന്നതിനെക്കൊണ്ട അത്രെ ഇ രൂപങ്ങളെ നാം ആചരിക്ക ചൈയുന്നത—

വിശെഷിച്ച ഇതിനെക്കൊണ്ട മിശിഹാതപുരാനെ നൊം ആചരിക്കുന്ന ആചാരത്താലെ തന്നെ തന്റെറ സ്ലിവാനെ വന്ദിക്കുന്നത നൊം കുരിശുംമ്മെൽ പതി

ക്കപ്പെട്ട മിശിഹായെ സ്തീവ നമ്മെ കാട്ടുന്നതിന്റെറ മൂലം – അപ്പോളൊ സ്തീവാനെ വന്ദിക്കുന്നത മിശിഹായെ വന്ദിക്കുന്നത അത്രെ ആയത – വിശെഷിച്ച വിശ്വസിക്കുന്നം ഇത – മാനുഷർ ആയതിൽ എല്ലാവരും ഭൂമിയിംകൽ പിറക്കപ്പെട്ട ഉടൻ ഒരൊരുത്തക്ക ഒരൊരൊ മാലാഖാതംപുരാൻ കൊടുക്കുന്നത – തങ്ങളെ പരിപ്പാനും ആത്മാവും ദെഹവും കാത്തുകൊള്ളുവാനും പൈത്താൻമ്മാരിടെ ഉപദ്രവങ്ങളിൽ നിന്ന രക്ഷപെടുവാനും എന്ന —

നാലാം സുഹാ —

വിശെഷിച്ച ശ്രുദ്ധമാന കത്തൊലിക്കാപള്ളിവിശ്വസിക്കുന്നത ഈവണ്ണം – എല്ലാ പള്ളികംക്കും – മാശ്ശ്ക്കാരർ എല്ലാവക്കും - രാജാക്കംക്കും – മാടംപികംക്കും – ചെറിയവക്കും – വല്ലിയവക്കും – മെല്പട്ടക്കാരർ ഒക്കെക്കും – കത്തൊലിക്കാമാക്കും – പാത്രീയക്കീസ എല്ലാവക്കും മാമ്മൊദീസാകാരക്ക ഒക്കെക്കും - തലയും മല്ലാനും - എടയനും മൂപ്പനും ആകുന്നത ശ്രുദ്ധമാന പാപ്പാ – ശെമഒൻ കെപ്പാസ്സു – മിശിഹാതാൻ കെടുത്ത അമിശം – ഒക്കെടെ അനന്ത്രക്കാരൻ ആകുന്നതിനെക്കൊണ്ട. അപ്പൊഴൊ കെപ്പാടെ സിംഹാസനത്തിൻമ്മെൽ ഇരിക്കുന്ന കന്ദീശാ പാപ്പാടെ ചൊല്ലും വിളിയും കെളാത്തവക്ക തെറ്റാസ്സിൽ ഒരു നാളും മൊക്ഷം ഉണ്ടാവാൻ വശമല്ല തലയിൽ നിന്ന പെർപെട്ട ജീവൻ ഇല്ലാത്ത ചവം ആകുന്നതിനെക്കൊണ്ട —

ഇതിന്റെറ മൂലം എന്നന്നെക്കുമുള്ള നരകത്തിൽ വിതിക്കപ്പെട്ട, മിശിഹാമെൽ കൂറ അവക്ക ഇല്ല– എന്ന ഈഷ്ടൽ ഇല്ലാത്ത വിശ്വാസം —

വിശെഷിച്ച – പഴെ മാശ്ശ്ത്തിന്നും മിശിഹാടെ മാശ്ശ്ത്തിന്നും - നാഥെൻ ഒന്നതന്നെ – റൂഹാദക്കുദിശാ ഇതായത. എന്നാൽ മാശ്ശ്ത്തുംകൽ കാതലാകുന്ന പുസ്തകങ്ങം എഴുതിയ കന്ദീശാകം റൂഹാദക്കുദിശായാലെ അത്രെ എഴുതിയത – ഇതിനെക്കൊണ്ട ഇതിൽ എഴുത്തുപെട്തിന്ന ഒന്നിന്നും അന്തരവും ഭൊഷ്ടും പിണക്കവും വരാ – എന്നാൽ കത്തൊലിക്കാ പള്ളി കൈക്കൊള്ളുന്ന റൂഹാദക്കുദിശായാലെ എഴുത്തുപെട്ട പുസ്തകങ്ങം ആകുന്നത ഇത – പഴെ മാശ്ശ്ത്തിലെ സെപ്രാകം അഞ്ച – ഖിറാശീസ – മപ്പക്കാനാ – കഹനെ – മെനിയാന - തെനിയൻ നാമ്മൊസാ – വിശെഷിച്ച ഈശൊ വർണ്ണൊൻ ഒന്ന – ദീനാ ഒന്ന – റഒസ ഒന്ന – മൽക്കാനാല – ഒൗറീം രണ്ട - എസ്രാ രണ്ട – ക്രൂപീസ ഒന്ന – യാഹൊ ദീത്ത ഒന്ന – എസ്ഥെർ ഒന്ന – യൊക്കെനാ ഒന്ന – ഗ്ലലാല ഒന്ന – ശ്ലെമ്മൊൻറെറ ഒപ്പാരികം ഒന്ന – കൊഹലാത്ത ഒന്ന – ശീറാസുശീറിൻ ഒന്ന – എശയ്യാനിവിയാ ഒന്ന – എറമിയാ ഒന്ന – വറുകൊട്ടുടെ ഹൊസക്യെൽ ഒന്ന – ദാനീയെൽ ഒന്ന —

ചെറിയ നിവിയെന്മാര പന്നിരണ്ടുവർ–ഒന്ന – അമരിടെ പെര ഇത – ഹൊശാ – യൂഎൽ – ആമ്മൊസ – ആവദ്യാ – യൊനാൻ മിക്കാ - നാഹൊം – ഹൊക്കൊക്ക – സാപ്പൊന്യാ – ഹഗ്ഗി – സകറിയാ – മൽക്കി –

വിശെഷിച്ച മക്കവായാ രണ്ട – എന്നാൽ മിശീഹാടെ മാശ്ശ്ത്തിന്റെറ റൂഹാദക്കുദിശായാലെ എഴുത്തുപെട്ട പുസ്തകങ്ങം ഇത – ഏവൻഗാലീലെ അറീയിപ്പുകം നാലും – മത്തായി – മക്കൊസ – ലൂക്കാ – യൊഹന്നൻ – പ്രക്കുസെസ്സ ശ്ലീഹൊ – സെപ്രാ ഒന്ന – ലൂക്കാ അതിനെ എഴുതിയത – പൌലൊസ്ശ്ലീഹാടെ എകത്താ പതിന്നാലും – ദൽവാസ എറാമ്മായെ ഒന്ന – ദൽവാസ കുറെന്താഴെ രണ്ട – ദൽവാസശാലത്തായെ ഒന്ന – ദൽവാസ അപ്പെസ്സായെ ഒന്ന

ദൽവാസതെസലൊനീക്കായെ രണ്ട – ദൽവാസ തീമ്മാത്തെഒസ രണ്ട – ദൽവാസതെത്തൊസ രണ്ട – ദൽവാസ പീലീമ്മൊൻ ഒന്ന – ദൽവാസ എവുറായെ ഒന്ന —

ശെമഒൻ കെപ്പാടെ രണ്ട – യൊഹന്നാൻ ശ്ലീഹാടെ മൂന്ന – യാക്കൊ ശ്ലീഹാടെ ഒന്ന – യൂദാശ്ലീഹാടെ ഒന്ന – ഗെലിയാനെദി യൊഹന്നൻ പുസ്തകം ഒന്ന —(11)

അഞ്ചാം സാഹാ —

പട്ടാങ്ങയായ തംപുരാന്റെറ മാശ്ലം ഒന്നെ ഒള്ള – ഉടെതംപുരാൻ ഒരുവൻ തന്നെ എന്നപൊലെ. എന്നാൽ പട്ടാങ്ങയായ മാശ്ലം ആകുന്നത മിശിഹാ തംപുരാൻ താൻ അറിയിച്ചതും നടത്തിയതും അതിനെ ഒറെപ്പിപ്പാൻ മരിച്ചതും ശ്ലീഹന്മാര പാറിപ്പിച്ചതും - ശുദ്ധമാന റൊമ്മാപള്ളി ശ്ലീഹന്മാരൊട കെട്ട പാറിച്ച ഇന്നയൊളവും കറക്കടാതെ സംശ്ലഹിക്കുന്നതും നസ്രാണികം നൊം വിശ്വസിക്കുന്നതും – എന്നാൽ ഈ മാശ്ലം കൂടാതെ മൊക്ഷത്തിൽ പൊയിക്കൂടാ ആക്കും എന്ന തംപുരാൻ അരുളി ചൈതതിനാം പക്കം – ഈ മാശ്ലത്തുംകൽ വന്ന പുക്ക അതിന്ന ഒത്തവണ്ണം ഇരിക്കുന്നവക്ക ഒഴികെ ശ്ലമീങ്കൽ ഇരിക്കുന്നതിൽ ഒരുത്തക്കും എന്നന്നെക്കുമുള്ള മൊക്ഷം കിട്ടുവാൻ വശമല്ല ഒരു നാളും – ഇതിനെക്കൊണ്ട മലയാളരിടെ പുരാണങ്ങളം വിശ്വസിക്കുന്നതും മറുപിറവി ഉണ്ട എന്നും വിധിയാലും കല്പനയാലും അതെ മാനുഷര മനസ്സ ഒവ്വാതെ നന്മയും തിന്മയും പ്രവൃത്തിക്കുന്ന എന്നതും മ്മെൽ അനുവാദം ചൈയുന്നതും എതുയും എതുയും വല്ലിയൊര ചണ്ടാളം അതെ – ആയത (12). ഇതിനെക്കൊണ്ട പട്ടക്കാരർ എംകിലും അതെമനികളം എംകിലും വിശ്വാസത്തിനൊട മറുത്ത എതാനും പറെഞ്ഞു എന്ന ആരാനും കെംക്കുന്ന എംകിൽ അപ്പൊളം തന്നെ മെത്രാൻ ഇരിക്കുന്നെടത്ത വന്ന അറിയിച്ചെമതിയാവു – എന്നാൽ അറിയിക്കാത്തവക്ക മഹറൊൻ ഉണ്ടായിരിക്കും എന്ന അറിഞ്ഞുവെണം വ്യാപരിപ്പാൻ —

വിശെഷിച്ച പറസമാനെ എംകിലും ചൈത്താൻമ്മാക്ക അട്ടത്ത പുസ്തകങ്ങളം എംകിലും ഒരുത്തരുടെ പക്കൽ ഉണ്ടന്ന ആറാൻ അറികിൽ മെത്രാനൊട അറിയിച്ചെ മതിയാവു – (13) അത ചൈതില്ലംകിൽ അറിക്കാത്തവക്ക മഹറൊൻ ഉണ്ടായിരിക്കും എന്നറിയണം എല്ലാവരും —

വിശെഷാൽ തംപുരാന്റെറ അമ്മയാകുന്ന മത്തമറിയത്തുമ്മാടെ പെരുമയും വെണ്മയും കത്തൊലിക്കപള്ളി അറിഞ്ഞ പാറിപ്പിക്കുന്നത ഇത – മത്തമറിയത്തുമ്മാ തംപുരാനെ ഗെർനിക്കും മുൻപിലും ഗെർനിച്ചപ്പൊളം ഗെർനിച്ചതിൽപിന്നയും തംപുരാനെ പൊറപ്പൊളം പൊറതിൽ പിന്നയും എല്ലാപ്പൊളം എന്നന്നെക്കും കന്യാവ്രദം ഉള്ള ഉമ്മാ മത്തമറിയത്തുമ്മാ ആയത എന്നും – ഉല്പനദൊഷം എംകി

---

11. ബൈബിളം ഗ്രന്ഥങ്ങളടെ പട്ടിക ഉ. സൂ. കാനോനയിൽ കാണുക. പുറം. 16

12. ഭാരതീയ പുരാണങ്ങളം, പുനർജ്ജന്മം, വിധി (Fate) ഇവയിലുള്ള വിശ്വാസം കേരളക്രിസ്ത്യാനികളിൽ ശുദ്ധമൂലമായിരുന്ന എന്നതിനെ ഉ. സൂ. കാനോനകളും സാക്ഷ്യം വഹിക്കുന്നു. പുറം. 17–18

13. അന്ധവിശ്വാസങ്ങളം കേരള സമുദായത്തിന്റെ മുഖമുദ്രയായിരുന്ന. കേരള സമുദായത്തിന്റെ ഭാഗമായിരുന്ന ക്രൈസ്തവസമൂഹവും ഇക്കാര്യത്തിൽ വ്യത്യസ്തമായിരുന്നില്ല. മെനേസിസിന്റെയും റോസിന്റെയും പരിശ്രമങ്ങളെ വെല്ലുവിളിച്ചുകൊണ്ടതന്നെ ആ പ്രവണത കേരളസമുദായത്തിൽ നിലനിന്നു. കൂടുതൽ വിവരങ്ങൾക്കു: Ethnographic Notes In Southern India Part I, Edgar Thurston, p. 238—365, ഉ. സൂ. കാനോന, പു. 24. 58, 90, 92–93.

ലും ചാവടൊഷം ഇങ്കിലും ഇത്തരമാകുന്ന മറൊര പിഴ എങ്കിലും ഒരു നാളും മത്തമറിയത്തുമ്മാസ്സു ഉണ്ടായിയില്ല എന്നതും – വിശെഷിച്ച നൊവുകാം കൂടാതെ ആത്മാവിലെ അനെകരം തെളിവൊടുകൂടെ തംപുരാനെ പൊറ്റ [എന്നതും – തം പുരാനൊറ ഇരിപ്പടമാകുന്ന ഈ ഉമ്മാടെ ശരീരം മരിച്ചതിൽ പിന്നെ അഴിഞ്ഞി ല്ല എന്നതും ആത്മാവൊടും ശരീരത്തൊടു കൂടെ ആകാശമൊക്ഷത്തിൽ ഈ ഉമ്മാ കരെറി കന്തീശങ്ങളും മാലാകാമാരും ഒകെമെൽ ഉയരപ്പട്ട മൊക്ഷപ്പട്ടതും പുത്രൻ തംപുരാനൊറ അമ്മാ എന്നന്നെക്കും ആകുന്ന എന്നും മത്തമറിയത്തുമ്മായെ കൊണ്ട ശുദ്ധമാന തംപുരാനൊറ പള്ളി പഠിപ്പിക്ക ചൈയുന്നത —

ആറാം സാഹാ—

എന്നാൽ പട്ടാങ്ങയാകുന്ന വിശ്വാസവും മാശ്ചവും അന്തരംകൂടാതെ നമ്മുടെ ഇ എടവകയിൽ കാപ്പാനും അതിനെ മുഴപ്പ ഉണ്ടാവാനും പള്ളിക്കടുത്ത അമിശം എംകിലും അത്തെനികരംക്കടുത്ത മറൊര അമിശമെംകിലും നസ്രാണികരം ആയതിൽ ഒരുത്തര കൈക്കൊള്ളുവാൻ തുടങ്ങുംപൊരം ശുദ്ധമാന പീയൊസ എന്ന പെർപെട്ട പാപ്പാ കല്പിച്ചവണ്ണം മെത്രാനൊറ മുന്നെൽ മുട്ടുകുത്തി സാക്ഷി ക്കാരെ നിറുത്തിക്കൊണ്ട പട്ടാങ്ങയായ വിശ്വാസത്തുംമ്മെൽ മനസ്സു അഴിഞ്ഞ സത്യം ചൈയണം, ഇ വചനങ്ങരംകൊണ്ട. അതായത—

ഞാൻ ഇന്നാൻ എന്ന തനൊറ പെരു ചൊല്ലണം— ഒറപ്പുള്ള വിശ്വാസംകൊ ണ്ട വിശ്വസിക്കുന്നു— ശുദ്ധമാന റൊമ്മാ പള്ളി പെരുമാറുന്ന മ്മഹൈറ്റീനാൻ എന്നതിൽ എഴുത്തുപെട്ട വസ്തുക്കരം ഒക്കയും മനസ്സിലെ അഴിവൊടുകൂടെ തിരി ച്ചുതന്നെ അതിനെ കൈക്കൊള്ളുന്നെൻ—

ഈ വണ്ണംതന്നെ രുപിയും അരുപിയും മാനവും ഭ്രമിയും പടെച്ച സവ്വതും കൈയണ്ട ബാവാതംപുരാൻ ഒരുവൻമ്മെൽ വിശ്വസിക്കുന്നെൻ — തനിയെൻ തംപുരാനൊറ പുത്രൻ മാറാനീശൊമിശിഹാ ഒരുവൻമെലും ഇഹലൊകവും പര ലൊകം ആകും മുൻപിൽ വാവായിൽനിന്ന പിറക്കപ്പട്ട തംപുരാനിൽനിന്ന തംപു രാനും— വെളിവിൽനിന്ന വെളിവും— പട്ടാങ്ങയായാ തംപുരാനിൽനിന്ന പട്ടാ ങ്ങയായ തംപുരാനും പിറക്കപ്പട്ടാ പടെക്കപ്പട്ടതും (14)— ബാവാസ്സു കാതലാലെ ശ രിയായതും— തന്നാലെ സൃഷ്ടിക്കപ്പട്ടത സവ്വതും മാനുഷരായ നമ്മെക്കുറിച്ചും നമ്മു ടെ രക്ഷെകുറിച്ചും താൻ മാനത്തിൽനിന്ന എറങ്ങി കന്നി ആകുന്ന മറിയത്തിൽ നിന്ന റൂഹാദക്കുദിശായാലെ മാനുഷ.....തും പന്തീയൊസ പീലാത്തൊസിനൊറ നാളുകളിൽ കുരിശുമ്മെൽ തറെക്കപ്പെട്ട പതിക്കപ്പട്ട (15) അടക്കപ്പട്ടതും എഴുത്തുപെ ട്ടപൊലെ മൂന്നാംനാരം ഉയിത്തതും മാനത്തുംകൽ കരെറി ബാവാടെ വലത്തുഭാഗ ത്ത ഇരിക്കുന്നതും മരിച്ചവരയും ഉയിരവരെയും വിധിപ്പാൻ സ്തുതിയൊടുകൂടെ രണ്ടാ മത വരുവാൻ ഇരിക്കുന്നതും—തനൊറ രാജിതത്തിന്ന ഒടുക്കം ഉണ്ടാകയില്ലന്നും വി ശ്വസിക്കുന്നെൻ—

വിശെഷാൽ ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പടുന്ന ഉയിപ്പിക്ക ന്ന കത്താവ റൂഹാക്കുദിശാമെൽ വിശ്വസിക്കുന്നെൻ. ബാവായൊടും പുത്രനൊ ടുംകൂടെ സ്തുതിക്കപ്പെട്ട വന്ദിക്കപ്പെട്ട നിവിയൻമ്മാരാലെ പറഞ്ഞതും ശ്രീഹന്മാക്ക

14. 'പടെക്കപ്പെട്ടത അല്ല പിറക്കപ്പെട്ടവൻ, അതത്രെ' എന്ന ഉ. സൂ. കാനോന മിൽ കാണുന്നു. (പുറം 6) 'പിറക്കപ്പെട്ടാ പടെക്കപ്പട്ടതും' എന്ന കാണുന്നതു ലേഖകപ്രമാദം. 'പിറക്ക പ്പട്ടതും പടെക്കപ്പടാത്തതും' എന്നു തിരുത്തണം.

15. 'വതിക്കപ്പെട്ട' (വധിക്കപ്പെട്ട) എന്നായിരിക്കണം ശരിയായ പാഠം.

അടുത്ത കത്തോലീക്കാ ശ്രുദ്ധമാക്കുന്ന ഒരു പള്ളിയെന്നെ വിശ്വസിക്കുന്നെൻ— പിഴകളിടെ പൊറുതിക്ക ഒരു മാമ്മൊദിസായും മരിപ്പവരിടെ ഉയിർപ്പും എന്നുള്ളതുമുള്ള ആയിസ്സും ഉണ്ടെന്നും വിശ്വസിക്കുന്നെൻ—

വിശെഷിച്ച ശ്ലീഹന്മാര എംകിലും പള്ളി എംകിലും എഴുത്തു കൂടാതെ നമുക്ക വഴങ്ങിയ മര്യാതകളും(16) പള്ളിയുടെ ശെഷം കട്ടാണ്മകളും കല്പനകളും ഒറെ പ്പൊട്ടുടെ എംക്കുന്നെൻ. വിശെഷിച്ച ശ്രുദ്ധമാന മാതാവായ പള്ളി സുതെനെ(17) പൊരുതം തിരിച്ചുവണ്ണംതന്നെ അതിനെ കൈക്കൊള്ളുന്നെൻ. വിശെഷിച്ച പഴെ മല്പാൻമാരും ശാസ്ത്രകാരരും അതിനെ പൊരുതം തിരിച്ചത ഒഴിയെ അതിന്ന പൊരുതം തിരിക്കയും ഇല്ല ഞാൻ ഒരു നാളും—

എന്നാൽ തംപുരാൻറെറ കാനൊനാപുസ്തകങ്ങളുടെ (18) പട്ടാ(ങ്ങ)യായ അത്ഥം ഏതാകുന്നത എന്നതിനെ വിധിക്കുന്നത ശ്രുദ്ധമാന മാതാവായ പള്ളിക്കെ ആവൂ എന്ന ഇനിക്ക ഉറെപ്പുതാനും— വിശെഷിച്ച പുത്തൻ മാർഗ്ഗത്തുംകൽ മാറാനീശൊമ്മിശിഹാതംപുരാൻ മാനുഷരിടെ രക്ഷെകുറിച്ച കല്പിച്ച പട്ടാങ്ങയും സുതയും ഉള്ള കൂദാശകം ഏഴാകുന്നത എന്ന നിശ്ചയിച്ച വിശ്വസിക്കുന്നെൻ— എന്നാൽ ഇ ഏഴുംകൂടെ ഒരൊരൊ മാനുഷന്ന വെണം എന്നില്ലതാനും—

വിശെഷിച്ച ഇ ഏഴു കൂദാശകം ആകുന്നത ഇത— മാമ്മൊദീസായും മുമ്പിലത്തെ ഒപ്പുറുശ്രുമായും കുവ്വാനയും കുംപസാരവും ഒട്ടുക്കത്തെ ഒപ്പുറുശ്രുമായും പട്ടവും പെണ്ണുകെട്ടും—

എന്നാൽ ഇ ഏഴും അതിനെ കൈക്കൊള്ളുന്നവക്ക തംപുരാൻറെറ തിരുവിള്ളവും കൊട്ടുക്കുന്ന എന്നും ഇവുത്താൽ മാമ്മൊദീസായും മുമ്പിലത്തെ ഒപ്പുറുശ്രുമായും പട്ടവും ഏറിയൊര ചണ്ടാളും കൂടാതെ വീണ്ട ഏൽക്കപ്പെട്ടവാൻ വശമല്ല എന്നും വിശ്വസിക്കുന്നെൻ—

വിശെഷിച്ച മെൽ എഴുത്തുപെട്ട കൂദാശകം ഏഴും ഘൊഷത്തൊട്ടുടെ ചിറാണ്ട ചൈയപ്പട്ടംപൊം അതിന്ന ഒള്ള കത്തൊലിക്കാ പള്ളി നന്നന്ന ചൊല്ലി കൈയെററ പ്രവുത്തിക്കുന്ന ക്രിയകം ഒക്കയും ഞാനും കൈക്കൊള്ളുന്നെൻ— വിശെഷിച്ച ഉത്ഭവദൊഷംകൊണ്ടും ദൊഷത്താളരെ തംപുരാൻ പുണ്യപ്പട്ടുത്തുന്നതുകൊണ്ടും ത്രെന്തൊസ എന്ന ശ്രുദ്ധമാന സുനഹദൊസ കല്പിച്ചതും വെളിച്ചപ്പെട്ടുത്തതും അത എപ്പൊരും കൈക്കൊള്ളുന്നെൻ — വിശെഷിച്ച ഉയിരവരയും മരിച്ചവരയും കുറിച്ച പട്ടാങ്ങയും സൊതയും ആകുന്ന. ആ പെഴകളെ പൊക്കുന്ന ഹൊമം ഉടെതംപുരാന കുവ്വാനയിൽ ഹൊമിക്കപ്പെട്ടുന്ന എന്ന വിശ്വസിക്കുന്നെൻ— വിശെഷിച്ച മാറാനീശൊമിശിഹാടെ ദൈവികവും ആത്മാവും ശരീരവും ചൊരയും മാനുഷരിടെ ബുദ്ധിമെധകൊണ്ട നിരുവിച്ച അടക്കികൊംവാൻ വശമ

---

16. പാരമ്പര്യങ്ങം.

17. "സുതെനെ' — 'വിശ്രുദ്ധഗ്രന്ഥത്തെ' (Holy Bible) എന്ന അത്ഥത്തിലാണ പ്രയൊഗിച്ചിരിക്കുന്നതെന്ന തൊന്നുന്നു. ഉ. സു. കാനൊനകളിലെ സാമന്തരഭാഗം കാണുക. (പുറം. 7)

(ബൈബിൾ) സുധ + ഏ = സുതെനെ (ആന + എ = ആനെനെ)

'സുഗ / സുത' എന്ന വാക്കിന് അമൃത് പൂന്തേൻ എന്നെല്ലാം അത്ഥമുണ്ടല്ലൊ.

18. പഴയനിയമഗ്രന്ഥങ്ങളുടെ കാര്യത്തിൽ കത്തോലിക്കാസഭയും പ്രൊട്ടസ്റ്റൻറ് സഭകളും തമ്മിൽ അഭിപ്രായ ഐക്യമില്ല. (പഴയനിയമത്തിലെ ഏഴു ഗ്രന്ഥങ്ങളുടെകാര്യത്തിലാണ തർക്കമുള്ളത്) സഭയുടെ അംഗീകാരം നേടിയ ബൈബിൾഗ്രന്ഥങ്ങം Canon എന്ന പേരിൽ അറിയപ്പെടുന്നു. അംഗീകൃതഗ്രന്ഥങ്ങളാണ കാനോനാപുസ്തകങ്ങം.

ല്ലാത്ത പ്രകാരത്താലെ പട്ടാങ്ങയായിതന്നെ കവ്വാന എന്ന ശുദ്ധമാന ക്രിസ്ത്യാനിയിൽ അടങ്ങുന്ന എന്ന വിശ്വസിക്കുന്നെൻ— ക്രിസ്തുവിന്റെ വചനങ്ങളും ആകുന്ന മിശിഹായുടെ അരുളാലെ അപ്പത്തിന്റെറ കാതൽ ഒക്കെയും മിശിഹായുടെ ശരീരവും വീഞ്ഞിന്റെറ കാതൽ ഒക്കെയും മിശിഹായുടെ ചൊരയും ആ(19) തിരിഞ്ഞ അപ്പത്തിന്റെറ സാദൃശ്യത്തിലും വീഞ്ഞിന്റെറ സാദൃശ്യത്തിലും മിശിഹാ മുഴുവനായി അടങ്ങപ്പെട്ടുന്ന എന്നും ഒരൊരൊ കവ്വാന പട്ടാങ്ങയായ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ കൈക്കൊള്ളപെടുന്ന എന്നും മനസ്സു അഴിഞ്ഞ ഒറെപ്പൊട്ടുകൂടെ വിശ്വസിക്കുന്നെൻ—

വിശെഷിച്ച പുറക്കത്തൊര്യാ എന്ന എടം ഉണ്ടന്നും അവുടെ ദുഷ്ടന്മപെട്ടുന്ന ആത്മാവുകളും വിശ്വാസകാരർ അവക്കുവെണ്ടി ചൈയുന്ന നന്മയായ പ്രവൃത്തികളുംകൊണ്ട പൊറുതി പെടുന്ന എന്നും അഴിഞ്ഞ വിശ്വസിക്കുന്നെൻ— അവണ്ണംതന്നെ മിശിഹായൊടുകൂടെ മൊക്ഷത്തിൽ ഇരിക്കുന്ന കന്ദീശങ്ങളൊട പ്രാത്തിക്കുന്നത എത്രയും ഒണ്ടുന്ന വസ്തുവാകുന്ന എന്നും— നമ്മുടെ എരപ്പുകളും അവർ നമ്മെകുറിച്ച തംപുരാൻപക്കൽ അണെക്കുന്ന എന്നും വിശ്വസിക്കുന്നെൻ.

കന്ദീശങ്ങളുടെ അസ്ഥികളും ആചരിക്കെണ്ടുന്ന വസ്തു ആകുന്നത എന്ന സംശയം കൂടാതെ പറയുന്നെൻ— വിശെഷിച്ച മിശിഹായും മത്തമറിയത്തുമ്മാടയും ശെഷം കന്ദീശങ്ങളുടയും രൂപങ്ങളും സംഗ്രഹിക്കുന്നതും അതിന്നതക്ക ആചാരത്തൊടുകൂടെ വന്ദിക്കുന്നതും എത്രയും എത്രയും ഗുണവും നന്മയും നമുക്ക ദിഷ്ടതിയുള്ള വസ്തു എന്ന വിശ്വസിക്കുന്നെൻ.

നസ്രാണികളും ഒക്കെക്കും അനെകരും പൊറുതിയുള്ള പിഴകളും പൊക്കുവാൻ ഉള്ള അമിശം മിശിഹാതംപുരാൻ തന്നെറ പള്ളിക്കൽ വച്ചെച്ച എന്നതിന്ന ഈഷൽ ഇല്ല— വിശെഷാൽ ശുദ്ധമാന കത്തൊലിക്കാ ശ്ലീഹാടെ റൊമ്മാപള്ളി(19a) പള്ളികളുക്ക ഒക്കെക്കും അമിശവും കാതലും തലയും ആകുന്ന എന്ന അറിയുന്നെൻ. ശെമഹൊൻ കെപ്പാടെ അനന്ത്രക്കാരൻ ആകുന്ന മിശിഹാടെ എടത്ത ഇരിക്കുന്ന റൊമ്മാ പള്ളിയുടെ ശുദ്ധമാന പാപ്പാടെ ചൊല്ലും വിളിക്കും ഒത്ത വണ്ണം ഇരിക്കുന്നുണ്ടന്ന ഞാൻ പറഞ്ഞൊത്ത സത്യം ചൈയുന്നെൻ.

ശുദ്ധമാന പള്ളിയുടെ കാനൊനകളിലും വല്ലിയ ചൊൽപ്പട്ട സൂനഹാദൊസുകളിലും ഒട്ട എറെയും ത്രെന്തൊസ എന്നതിൽ കല്പിക്കപ്പെട്ട വഴങ്ങപ്പട്ടതും ഒരു സംശയംകൂടാതെ വിശ്വസിച്ച വെളിച്ചമെ കൈക്കൊള്ളുന്നെൻ.

വിശെഷാൽ കത്തൊലിക്കാപള്ളി ദ്രുഷിച്ചുകളെഞ്ഞ വിശ്വാസത്തൊട മറുത്തുള്ള അതിന്ന ഒക്കയും ദ്രുഷിച്ച നിശ്ചെഞ്ചിച്ച മഹറൊൻ ചൊല്ലുന്നെൻ — വിശെഷിച്ച ഇപ്പൊഴും പട്ടാങ്ങയായി വെളിച്ചമെ പറഞ്ഞ വിശ്വസിക്കുന്നെൻ— പട്ടാങ്ങയായ കത്തൊലിക്കാ ഇ വിശ്വാസം ഞാൻ മരിപ്പൊളും തംപുരാന്റെറ മനഗ്രണത്താൽ ഉറെപ്പൊട്ടുകൂടെ ഒട്ടക്കത്തെ എന്റെറ ശ്വാലയൊളും ഞാൻ വിശ്വസിച്ച കാത്തുകൊള്ളുന്നതുമുണ്ട — അതു കൂടാതെ ആക്കും മൊക്ഷത്തിൽ പൊയികൂടാ എന്നതിനാംപക്കം ഇനിക്ക ആകുംവണ്ണം എന്റെറ കീഴംവഴങ്ങുന്നവരെ പഠിപ്പിച്ച കറ കൂടാതെ അവരെക്കൊണ്ട അതിനെ വിശ്വസിപ്പിക്കുന്നതും ഉണ്ട— ശുദ്ധമാന ഇ ഏഴുൻഗാലിയൊനാണെ തംപുരാൻ ഈ വണ്ണം എന്നെ തുണെക്കാ— ഞാൻ ഇന്ന തന്നെ പറഞ്ഞൊക്കുന്നെൻ നെരുന്നെൻ സത്യം ചൈയുന്നെൻ.

---

19. 'ആയി' എന്നായിരിക്കണം ശരിയായ പാഠം

19a. 'ശ്ലീഹന്മാരുടെ കത്തൊലിക്കാ റൊമ്മാപള്ളി' എന്നാണു വിവക്ഷിതമെന്നു തോന്നുന്നു.

രണ്ടാം സെപ്രാ—
ഏഴ ക്രദാശകളെമ്മെൽ

ഒന്നാം സാഹാ—

മിശിഹാതംപുരാൻ ശ്രദ്ധമാന തന്റെറ മരണവും ദീനതപാട്ടംകൊണ്ട മാനുഷക്ക നെടിയ നന്മകയും മാനുഷരിടെമെൽ ഉണ്ടാവാൻ നന്മകളിടെ ഉറവുകയും ആകുന്ന ഏഴ ക്രദാശകയും കല്പിച്ച നമ്മുടെ ആത്മാവുകയംക്ക പൊറുതിയും ഗ്രണവും മൊക്ഷവും അതിനാലെ വരുവാൻ— എന്നാൽ ഇക്കുദാശകയും ഏഴും മിശിഹാതാൻ കല്പിച്ചത— അതിന്റെറ പെരായത ഇത— മാമ്മൊദീസായും മുൻപിലത്തെ ഒപ്പറുശ്രമായും— കുവ്വാനയും — കുംപസാരവും ഒട്ടക്കത്തെ ഒപ്പറുശ്രമായും — പട്ടവും പെങ്കെട്ടും—

എന്നാൽ മിശിഹാടെ മാശ്റ്റ്ത്തുംകൽ മാമ്മൊദീസാകൊണ്ട പിറക്കപ്പട്ടുന്നുനാം— വിശ്വാസത്തുംകൽ ഉറെക്കുന്നത മുമ്പിലത്തെ ഒപ്പറുശ്രമാകൊണ്ട. ആത്മാവിലെ യാവന കുവ്വാനകൊണ്ട ആകുന്നു— മാമ്മൊദീസാ മുങ്ങിയതിൽപിന്നെ പിഴക്കുന്നതിന്ന വൈദ്യം കുംപസാരം— മരിപ്പാൻ തുടങ്ങുന്ന മാനുഷന്റെറ ആത്മാവിന്ന തണുപ്പിക്കയും ഒറെപ്പിക്കയും ചൈയുന്നത ഒട്ടക്കത്തെ ഒപ്പറുശ്രമാ— മാശ്റ്റംകൊണ്ട ലൊകരെ വാഴുവാനും പരിപ്പാനും പട്ടം— തംപുരാന്റെറ നന്മയൊട്ടുകുടെ നസ്രാണികയും പെരുകുവാൻ പെങ്കെട്ട തംപുരാൻ കല്പിച്ചു.

അവ്വണ്ണം ഇതിന്റെറ സാദ്ദശ്യം നിത്തലും കാണ്മാറുണ്ട നാം. മുമ്പിൽ മാനുഷർ പിറന്നാൽ എണ്ണ തെക്കും പിന്നയും പാൽ കുടിപ്പിക്കും— ത്രൊഹത്തിന്ന അവുഷദം ചൈയും. ക്ലെശം പൊറുത്ത എന്നാൽ പിന്നയും എണ്ണ തെക്കും—

വിശെഷിച്ച ലൊകരെ രക്ഷിപ്പാൻ നാടുവാഴിച്ചക്കാരൻ ആകുന്നു— മാനുഷരെ പെരുകുവാൻ പുരുഷനും പുരുഷിയും കൂടിപുലരുമാറാകുന്നു. എന്നപൊലെ തംപുരാന്റെറ മാശ്റ്റക്കാരുടെ മുഴുപ്പൊക്കയും ഏഴുക്രദാശകയംകൊണ്ടാകുന്നു. എന്നാൽ ആത്മാവിന്ന വെണ്ടുന്ന സമുസാരംകൊണ്ട അതിനെക്കൊള്ളുന്നവക്ക തംപുരാന്റെറ തിരുവിള്ളവും പിഴകളുടെ പൊറുതിയും ഇക്കുദാശകളാലെ ഒണ്ടാകുന്നു. തങ്ങടെ ശക്തിയാലെ തന്നെ അല്ല താനും— പിന്നയൊ മാറാനിശൊമിശിഹാടെ പൊരെടെ ശക്തിയാലെ അത്രെ ഇ പറഞ്ഞ നന്മകയും ഉണ്ടാകുന്നു—

വിശെഷിച്ച ഒരൊരൊ മാനുഷന്ന ഇക്കുദാശകയും ഏഴും വെണം എന്നില്ല— എംകിലും മാനുഷരിടെ വശ്റ്റത്തിന്റെറ രക്ഷക്ക ഏഴുംകൂടെ കൂടിയെ മതിയാവു—

എന്നാൽ വീണ്ട എംക്കരുതാത്ത ക്രദാശകയും മൂന്ന— മാമ്മൊദീസായും — മുമ്പിലത്ത ഒപ്പറുശ്രമായും— പട്ടവും— ഇത അല്ലാത്തതിനെ വീണ്ട ഏഴംക്കയും ആം— അപ്പൊളൊ മനസ്സിലെ ഹൃദയങ്ങംകൊണ്ട ഭ്രമീലെ ഗ്രണമൊക്കയും ഉണ്ടാകുന്നു എന്നപൊലെ മിശിഹാടെ മാശ്റ്റത്തിൽ വന്ന അതുംകൽ യാവിക്കുന്നവക്ക ഏഴ ക്രദാശയാലെ ആത്മാവിലെ പലപല നന്മകയും ഉണ്ടാകുന്നത —

രണ്ടാം സാഹാ—

മാമ്മൊദീസാമെൽ

എന്നന്നെക്കുമുള്ള മൊക്ഷത്തിന്റെറ വാതിൽ ആകുന്നത. മിശിഹാടെ സന്തുക്കയം അതിനാലെ ആകുന്നു നാം തംപുരാന്റെറ പുത്രരും മൊക്ഷത്തിലെ അനന്ദ്രകാരരും.

എന്നാൽ മാമ്മൊദീസായാലെ മിശിഹാടെ മാഥ്ത്തിൽ പൂക്ക വീണ്ട പിറ ക്കപെട്ടക ചൈയുന്നത— ഇതിനെക്കൊണ്ട യൊഹന്നാൻറെറ അറിയിപ്പിൽ അ രുളിചൈയ്യു. തംപുരാൻ മാമ്മൊദീസാ മുങ്ങാത്തവക്ക മൊക്ഷം ഇല്ല എന്ന— എന്നാൽ മാമ്മൊദീസാ മുങ്ങുന്നതിൻറെറ ഫലം ആയത— ഉൽപ്പനദൊഷത്തി ൻറെറയും ശെഷം പിഴകളുടയും പിഴകറ്റക്ക ചൈയെണ്ടുന്ന പ്രാശ്യത്വം ഒക്കെട യും പൊറുതി എന്ന— മാമ്മൊദീസാടെ സാധനം ആകുന്നത സൊതയായാ വെള്ളം. വാവാടയും പുത്രൻറെറയും റൂഹാദക്കുദിശാടെയും നാമത്താൽ നിന്നെ ഞാൻ മുക്കുന്നെൻ— എന്നു പൊല്ലുന്നത അതിൻറെറ കാതൽ ആകുന്നത.

വിശെഷിച്ച മാമ്മൊദീസാകൊണ്ട കത്തൊലിക്കാപള്ളി പ്രവൃത്തിക്കുന്നത ഇനിക്ക പ്രവൃത്തിക്കണം എന്ന മുക്കുന്ന പട്ടക്കാരൻ മുക്കുംമുമ്പിൽ തൻറെറ മന സ്സിൽ നിരുവിച്ചുകൊള്ളുകയും വെണം.— എന്നാൽ പൈതങ്ങളെ മുക്കെണ്ടുന്ന ദിവസം പിറന്നിട്ട എട്ടാംപക്കംതന്നെ പള്ളിക്കൽ കൊണ്ടുവന്ന മുക്കുകയും വെ ണം — ഒരൊരൊ മെഴുകുതിരിയും രണ്ട പണവും മുക്കുന്ന പട്ടക്കാരനു കാഴിച്ചയാ യി പൈതലിൻറെറ കാന്വര വൈക്കയും വെണം.

എന്നാൽ കുഞ്ഞിന്ന സംകടം പാരം എംകിൽ വീട്ടിൽതന്നെ കാതൽ ആകു ന്ന വചനങ്ങം ചൊല്ലി അതിൻറെറ തലമെൽ വെള്ളം വിത്തിക്കൊണ്ട പട്ട ക്കാരൻ മുക്കിയെക്കണം — പട്ടക്കാരൻ ഇല്ലുംകിൽ മാംമ്മൊദീസാ മുക്കുവാൻ അ റിയുന്ന ഒരുത്തൻ ആ ക്രിയ കടത്തണം. ഒരുത്തൻ ഇല്ലുംകിൽ ഒരുത്തി മുക്കിയെ ക്കണം— അവനെ കാതൽ ആയ വചനങ്ങം അറികയും— വിശെഷിച്ച പിന്നെ യും പിറന്നിട്ട എട്ടാംപക്കം ഉണ്ണിയെന പള്ളിക്കൽ കൊണ്ടുവന്ന ശെഷംക്രിയ കം മുക്കുന്നതു കൂടാതെ എത്തിക്കയും വെണം —

എന്നാൽ പൈതൽ പള്ളിക്കൽ വരുംമുമ്പിൽ മരിച്ച എംകിൽ താല്പര്യം ആയ കടത്തിയ ക്രിയകം വെണ്ടുവൊളം മതി മൊക്ഷത്തിൽ പൊകുവാൻ. വിശെഷാൽ പള്ളിന്ന ദൂരപ്പട്ട വീട്ടുകളിൽ പൈതൽ പിറന്നു എംകിൽ മുപ്പത ദിവസത്തിന്ന അകത്ത അവനെ പള്ളിക്കൽ കൊണ്ടുവന്ന മുക്കിച്ചെ മതിയാവൂ. എന്നാൽ ഈവണ്ണം ശ്രമിച്ച പൈതില്ലുംകിൽ പൈതലിൻറെറ കാന്വരെ പുറ ത്ത നീക്കണം രണ്ടുമാസം — എന്നാൽ പള്ളിക്കൽ അടുത്തിരിക്കുന്നവര എട്ടാംപ ക്കംതന്നെ പൈതലിനെ പള്ളിക്കൽ മുക്കുവാൻ കൊണ്ടുവന്നില്ലുംകിൽ മൂന്നു മാസം പുറത്ത നിക്കണം—

വിശെഷിച്ച വിഗാരിയുടെ കുറ്റംകൊണ്ട മാമ്മൊദിസാ മുങ്ങാതെ ആരാനും മരിച്ചു എംകിൽ ആറു മാസത്തെക്ക തനിക്കുള്ള അമിശം മുടങ്ങി. ആ ഏടക്ക ഉള്ള മാസപ്പടി കൊടുക്കയും അരുത—

വിശെഷിച്ച കാന്വൻമ്മാരിടെ കുറ്റംകൊണ്ട പൈതൽ മുങ്ങാതെ മരി ക്കിൽ മെല്പട്ടക്കാരരിടെ വിധിപ്പിന്ന തക്കവണ്ണം പ്രാശ്യത്വം പൈത ശിക്ഷിക്ക പ്പടുകയും വെണം—

എന്നാൽ നമ്മുടെ ഈ എടവകയിലെ മര്യാതി ആകുന്നത മൂന്നവട്ടം തംപു രാൻറെറ തിരുനാമം മൂന്നും ചൊല്ലിക്കൊണ്ട മാമ്മൊദീസാ എന്നു ചൊല്ലുന്ന കൂദാ ശെനെ കടത്തുന്നത—

വിശെഷിച്ച മുങ്ങുന്നവൻ മുഴാള അത്രെ എന്നു വരികിലും ദിഷ്ടതി നെരത്തും മുഴവൻ ആയി പിറക്കപ്പെടാത്തവൻ എന്നു വരികിലും തലമെൽ മൂന്നവട്ടം വെ ള്ളവും വീത്തി തിരുനാമം മൂന്നു ചൊല്ലികൊണ്ട മുക്കുകയും ആം. അവ്വണ്ണംതന്നെ പാത്രത്തിലെ വെള്ളം കുറെയും എന്നു വരുമ്പൊളും പൈതലാന കെല്പില്ല എന്നു

വരികിലും തലമെൽ വെള്ളം മൂന്നുവട്ടം വീത്തി ക്ലാശവചനങ്ങളം ചൊല്ലിയാൽ മതിയായിരിക്കും. എന്നാൽ ഇതല്ലാത്ത പ്രകാരത്താൽ ഇ എടവകെടെ മര്യാതിക്കതക്കവണ്ണം ഇക്ലാശ ചൈതെ മതിയാവു— ഈവണ്ണം ചെയാത്ത പട്ടക്കാരന്ന മെത്രാൻവഴിയെ ശിക്ഷിക്കയും എന്നറികാ—

ഇവിടെ സൂക്ഷിക്കണം വിശാരിമാര. അതായത — ഒരു പൈതൽ പിറക്കുന്ന നെരത്ത കൈതാൻ കാലുതാൻ കാട്ടി അതുംമ്മെൽ വെള്ളവും വീത്തി വചനങ്ങളം ചൊല്ലി മുക്കി എംകിൽ മുഴവനായി പിറന്നാൽ സംശയം തീപ്പാനായിട്ട മെലിൽ എഴുത്തുപെട്ട മര്യാതിക്ക തക്കവെണ്ണം അവരെ മുക്കണം— ഈ വചനങ്ങംകൊണ്ട — ഏൻ, ദാമ്മ ദത്ത, ലാ, മാമ്മദനാ, ലാഖ, ദതറത്തെൻ, ഒസൌനിൻ—വെൻ, ദലാ, ആമ്മദത്ത, എന്നാ, മാമ്മദനാ, ലാഖ —പെര—ദലെഖപ്പി, നീസാ, ബ്ശെം, ആബാ, വൌറാ ഊറുഹാദക്കുദിശാ —

വിശെഷാൽ മുക്കുന്ന നെരത്ത ദെഹത്തെലെ കുപ്പായങ്ങം നനെഞ്ഞാൽ പൊരാ ദെഹം നനയാസ്സിൽ എന്ന അറിഞ്ഞുകൊള്ളണം— വിശെഷിച്ച ഇത്രു ദിഷ്ടതിയുള്ള വസ്ത്ര എല്ലൊ ഇ ക്ലാശയാകുന്ന. ഇ തിനെക്കൊണ്ട ഈ ക്ലാശെടെ വചനങ്ങളും ദിഷ്ടതി നെരത്ത മുക്കുന്നതിൻെറ പ്രകാരവും എല്ലാവരെയും പഠിപ്പിക്കണം—. വിശാരി. ഒട്ട എറയും പിള്ള വാങ്ങുന്ന സ്ത്രീകംക്ക അതിൻെറ തിരുത്തം ഉണ്ടായിരിക്കണം—

മൂന്നാം സാഹാ

നമ്മുടെ ഈ എടവകയിലെ പട്ടക്കാരരിടെ ഉത്സാഹം പൊരായ്കൊണ്ടും മാമ്മൊദീസാടെ താല്പര്യത്തിൻെറ അറിവ ഇല്ലായ്കൊണ്ടും അൽമ്മെനികയം തങ്ങടെ ആത്മാവിന്ന വെണ്ടുന്നതിനെ ക്ലാക്കാഞ്ഞതിനെകൊണ്ടും നസ്രാണികയം ചിലർ, കുടികളിൽ ഇരിക്കുന്നവര ഒട്ട ഏറായും, മുങ്ങിയില്ലുന്ന വരും —

വിശെഷിച്ച മുങ്ങി എംകിൽ മുക്കിയ പട്ടക്കാരരിടെ അറിവില്ലായ്കൊണ്ട വാസ്തമല്ലാതെ മുങ്ങി എന്ന വരും – ഇ തിനെക്കൊണ്ട മുങ്ങിയൊ ഇല്ലയൊ എന്നതും മെൽ സംശയം ഉള്ളവര ചങ്ക കുടാതെ വിശാരിമാരൊട എംകിലും മറു പട്ടക്കാരരൊട എംകിലും തങ്ങടെ സങ്കടം പറഞ്ഞുകൊള്ളണം – അടക്കത്തിൽ മുങ്ങുകയും വെണം – മുൻപിൽ രണ്ടാം സഹായിൽ എഴുത്തുപെട്ട വചനങ്ങംകൊണ്ട—

വിശെഷാൽ വയസ്സ കാലമുള്ളവരെ കുംപസ്സാരിപ്പിക്കുംപൊം എത പ്രകാരത്തിൽ മുങ്ങി എന്നും ഏതുകാലത്തന്നും ആരുടെ കയ്യാൽ എന്നും വെണ്ടുവൊളം തെരഞ്ഞ ചൊദിച്ച സംശയം ഉള്ളവരെ അടക്കത്തിൽ സംശയം തീത്ത മുക്കിയെക്കണം – എന്നാൽ സൂക്ഷിക്കണം കുറഞ്ഞൊര സംശയം ഇതിന്ന പൊര എന്ന – പിന്നയൊ പട്ടാങ്ങയായാ അവകാശത്തെട്ടുകൂടെ സംശയിക്കയും വെണം – രണ്ടാംവട്ടം മനസ്സ അറിഞ്ഞുകൊണ്ട മുങ്ങുന്നതും മുക്കുന്നതും വല്ലിയ ദൊഷം ആകുന്നതിനെക്കൊണ്ട —

വിശെഷിച്ച വിശാരിത്വം ഉള്ള പള്ളികയം ഒക്കയിൽ മാമ്മൊദീസാ മുക്കുവാൻ പള്ളിയുടെ വലത്തുഭാഗത്ത പടിഞ്ഞാറെ വാതിലിൻെറ അരികെ ഒര അകം ഉണ്ടാക്കി കല്ലുകൊണ്ട കുഴിച്ച ഒരു പാത്രം ഉണ്ടാക്കിയെ മതിയാവു – അകത്തെ ചുമരുംമെൽ മാറാനീശൊമിശിഹാനെ മാമ്മൊദീസാ മുക്കുന്ന മാര്യൊഹന്നാൻ മാംദാനാടെ ഒര രൂപം ഉണ്ടാക്കിയിരിക്കണം.

വിശെഷിച്ച മരംകൊണ്ട ഒര അടെപ്പ ആ പാത്രത്തുംമെൽ ഉണ്ടാക്കണം പൂട്ടുംക്കുടെ. അതിൻെറ താക്കൊൽ വിഗാരി ശരസിക്കയും വെണം – വിശെഷിച്ച ഇ പാത്രത്തിൽ അല്ലാതെ മറെറാര എടത്ത ദിഷ്ടതി കൂടാതെ മുക്കുന്ന വിഗാപതിനാറു പണം കഴിവു ചൈയണം – വിശെഷിച്ച കെട്ടാതെ ഇരിക്കുന്ന പട്ടക്കാരരിടെ മക്കയം മുക്കെണ്ടിവരുമ്പൊയം തങ്ങടെ ഇല്ലാത്ത പള്ളിക്കൽ ഘൊഷം കൂടാതെ രഹസ്യത്തിൽ മെൽപറഞ്ഞുടത്ത മുക്കുകയും വെണം – വിശെഷിച്ച ഇതിനൊട മറുത്ത പ്രവൃത്തിക്കുന്ന പട്ടക്കാരർ ഇരുപതുപണം പ്രാശ്യതം ചൈകയും വെണം —

എന്നാൽ ദിഷ്ടതികൂടാതെ തൻെറ എടവകയിൽ അല്ലാതെ അവരെ മുക്കുന്ന വിഗാരി പതിനാറുപണം കഴിവു ചൈയണം – എന്നാൽ പൈതങ്ങളെ മുക്കുന്ന നെരത്ത അവര ഒരു സംകടം വരാതെകണ്ട വെണ്ടുവൊളം സൂക്ഷിച്ചകണ്ട മുക്കണം —

എന്നാൽ റൊമ്മാപള്ളിയുടെ മര്യാതിക്ക തക്കവണ്ണം എഴുത്തുപെട്ട തക്കസായിലെ ക്രമത്തിന്ന തക്കവണ്ണം വിഗാരിമാര ഒന്നപൊലെതന്നെ മുക്കാസ്ഥിൽ മെല്പട്ടക്കാരർ അവരെ കൂട്ടമയൊട്ടുടെ കുറപ്പട്ടക്കയും വെണം – വിശെഷിച്ച വിഗാരി അല്ലാതെ മറെറാരു പട്ടക്കാരരെകൊണ്ട പൈതലാൻെറ കാന്നവക്ക അവനെ മുക്കിപ്പാൻ മനസ്സുണ്ടങ്കിൽ എടവകെടെ വിഗാരിയൊട ചൊദിച്ചെ ആവു – വിശെഷിച്ച ഒരൊരൊ വിഗാരിക്ക ഒരൊ പുസ്തകം ഉണ്ടായെ മതിയാവു– മുക്കുന്നവരിടെ പെരുകയം അതിൽ എഴുതുവാൻ – 'ഈ വണ്ണം മിശീഹാതംപുരാൻ പിറന്നിട്ട ഇന്ന ആണ്ടിൽ ഇന്ന മാസത്തിൽ ഇന്ന പള്ളിക്കൽ ഇന്നവൻെറയും ഇന്നവടെയും മകൻ ഇന്നാരെ മുക്കിയെൻ. അതിന്ന ഫരം എററവര ഇന്നവനും ഇന്നവളും – ഞാൻ ഇന്നാര ഇന്ന പള്ളിയുടെ വിഗാരി' എന്ന ഈ വണ്ണം എഴുതി ഒപ്പ ഇട്ടാൽ വിഗാരികത്തനാര ഇ പുസ്തകം ശരസിക്കണം - കുവ്വാന കുപ്പായം പൂട്ടുന്ന എടത്ത. മെത്രാൻ ആണ്ടിൽ ഒരിക്കൽ പള്ളി കാണ്മാൻ വരുംപൊയം ഇ പുസ്തകം കാട്ടണം.

എന്നാൽ മുക്കുന്ന പട്ടക്കാരൻ സൂക്ഷിക്കണം ഇത – ഈശൊ എന്ന തംപുരാൻെറ നാമം ഒരുത്തക്കും ഇടരുത എന്ന. കാനൊനായിൽ എഴുത്തുപെട്ട (20) കന്ദീശാകളുടെ പെര മുങ്ങുന്നവക്ക ഇടണം – എന്നാൽ കൂദാശ സൈത്തു തുക്കുന്ന തുണി മാമ്മൊദീസാടെ പാത്രത്തിൽ ഇട്ട കൂദാശ വീഴുത്തുന്നതിൽ ഇട്ട ചൌട്ടാതെ ഇരിക്കണം —

നാലാം സാഹാ—

എന്നാൽ മുങ്ങുന്നവക്ക ശൌശ്വീനാ (21) കൂടിയെ മതിയാവു – അവരിടെ പ്രവൃത്തി ആകുന്നത മുങ്ങുന്നവരെ മുക്കുന്ന നെരത്ത നിറുത്തുന്നതും മുക്കിയതിൻെറ ശെഷം അവരെ കൈയ്യാളിക്കുന്നതും തംപുരാൻെറ മാറ്റുത്തിൻെറ മര്യാതി പഠിപ്പിക്കുന്നതും —

വിശെഷിച്ച ശൌശ്വീന ആകുവാൻ മാമ്മൊദീസാ മുങ്ങി പതിന്നാൽ വയസ്സു തികഞ്ഞിരിക്കണം – രമ്പാൻമ്മാക്ക ആകുവാൻ വശമല്ലതാനും പള്ളിയു

---

20. വിശുദ്ധന്മാരുടെ പട്ടികയാണ് കാനോന 'Canonization of Saints' എന്ന ഇംഗ്ലീഷിൽ പറയുന്നതു അനുസ്മരിക്കുക. വിശുദ്ധരുടെ പദവിയിലേക്കു ഉയർത്തുക; വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുക എന്നാണല്ലോ ഇതിനർത്ഥം.

21. കൂട്ടക്ഷരം തന്നെ മൂലഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. കൂട്ടക്ഷരം ചന്ദ്രക്കലയിട്ടു പിരിച്ചെഴുതുന്ന സമ്പ്രദായം നടപ്പിലായിരുന്നില്ല. 'ശ്വ' എന്ന ലിപി ഈ പദത്തിൽ ഉപയോഗിച്ചിട്ടില്ല.

ടെ കല്പനകളിൽ ശൌശ്വീനെ അവര ആകരുത എന്ന വിലക്കി കിടക്കുന്ന തിനെക്കൊണ്ട – വിശെഷിച്ച ശൌശ്വീനെന്മാര പലരും അരുത, ഒരുത്തെൻ താൻ മതി – ഏറെ എംകിൽ ഒരുത്തനും ഒരുത്തിയുമെ ആവു – എന്നാൽ ഒരുത്തിക്ക പന്നിരണ്ട വയസ്സു ഉണ്ടായിരിക്കയും വെണം —

വിശെഷിച്ച മുങ്ങുന്നവൻെറ എടത്തും ശൌശ്വീനാന്മാരിടെ എടത്തും മുങ്ങുന്നവൻെറ അപ്പൻെറയും അമ്മെടയും എടത്ത ആത്മാവിലെ ചാച്ച്യുണ്ടാകുന്ന– അവ്വണ്ണം തന്നെ മുക്കുന്ന പട്ടക്കാരൻെറ എടത്തും മുങ്ങുന്നവൻെറ എടത്തും അവൻെറ അപ്പൻെറയും അമ്മെടെയും എടത്തും വെന്ധുത്തവും ഉണ്ടാകുന്ന – തമ്മിൽ തമ്മിൽ ഒരു നാളും പെങ്കെട്ട എന്നൊരവസ്ഥ അരുത – അതിനെ ന്യൈക്കുന്ന എങ്കിൽ വാസ്ഥവും അല്ല

വിശെഷിച്ച മുക്കുവാൻ ആരും ഇല്ലാഞ്ഞിട്ട അപ്പൊൻ താൻ അമ്മ തങ്ങടെ മകനെ മുക്കി എന്ന വരികിലും തമ്മിൽ ചാച്ച് ഉണ്ടാകുമാറില്ല. എന്നാൽ വെണ്ട തക്ക മാപ്പിളമാര തമ്മിൽ ചാച്ച്യുണ്ട - കെട്ടപെട്ട മറവരിടെ ശൌശ്വീനാന്മാര ആയാൽ തമ്മിൽ പെങ്കെട്ട ന്യൈപ്പാൻ വശമാകയില്ലല്ലൊ – ഇതിനെക്കൊണ്ട ഒന്നുകിൽ ക്രുദാശ പട്ടക്കാരർ അവക്ക ശൌശ്വീനാമ്മാര ആകണം അതല്ലംകിൽ തമ്മിൽ തമ്മിൽ കെട്ടപെടുവാൻ വശമല്ലാത്ത ചാച്ച്യുള്ളവരെ ശൌശ്വീനാന്മാര ആയി നിറുത്തിയെക്കണം - വിശെഷിച്ച ഈ എഴുത്തുപെട്ടവണ്ണം തന്നെ ചാച്ചെടെ പ്രകാരവും ശൌശ്വീനന്മാരിടെ പ്രവൃത്തിയും മുക്കുന്ന പട്ടക്കാരർ നിക്കുന്നവരൊട അറിക്കയും വെണം – വിശെഷിച്ച മുക്കെണ്ടുന്നവർ മുഴാളംകിലും ദുഷ്ടതെക്ക പ്രായമുള്ള പൈതങ്ങം എംകിലും, എന്ന വരുകിൽ മാത്രുത്തുംകൽ വിശ്വസിക്കെണ്ടുന്നതും തംപുരാൻെറ മാത്രുത്തിന്നുടെ പത്ത പ്രമാണങ്ങളും നിത്തലും നമസ്സരിക്കെണ്ടുന്നതും – ക്രുദാശകം എഴും അതിൻെറ നന്മകളും അവരെ പഠിപ്പിച്ചെ മുക്കാവു —

ഇതിനെക്കൊണ്ട കുറെ എംകിൽ നാല്പത ദിവസം എടെക്ക അവരെ പഠിപ്പിക്കയും വെണം – ബ്രാഹ്മന്നർ എംകിൽ മൂന്ന മാസം – യൂദന്മാര എംകിൽ നാല – ജൊനകര എംകിൽ ആറുമാസം അവരെ നിറുത്തി പഠിപ്പിക്കണം – മാത്രും പുക്കാൽ അവരിടെ പുലച്ച് എങ്ങനെ എന്ന തിരിക്കണം അവരെ മാമ്മൊദീസാ മുക്കുന്നവര. പട്ടികംക്ക ക്രുദാശവസ്തുവിനെ കൊട്ടുക്കരുത എന്നും രഹസ്യങ്ങളെ പന്നികംക്ക ഇടരുത എന്നും – എബൻഗാലിയിൽ തംപുരാൻ അരുളി ചൈതതിനെക്കൊണ്ട —

വിശെഷിച്ച മാമ്മൊദീസാ മുങ്ങുവാൻ വരുന്നവക്ക മനസ്സിലെ അഴിവും വിശ്വാസവും മുങ്ങുവാൻ ഉള്ള അപെക്ഷയും അത്ര പാരമെന്ന വിഗാരികണ്ട എംകിൽ ഇങ്ങനത്തവരെ മുത്തുംകൊണ്ട മുക്കുന്നതിന്ന കുറമില്ല. വിശെഷിച്ച അറിയുന്നവരെ മുക്കുംമുമ്പിൽ തങ്ങം പൈത പിഴകളുടെ വലിപ്പവും അശുദ്ധവും അതിനാലെ ഉണ്ടായ നാകവും തംപുരാൻെറ തിരുവിള്ളക്കെട്ട വിഗാരി അവരൊട പറഞ്ഞ ബൊധിപ്പിച്ച തങ്ങടെ പിഴകളുംമെൽ ദുഃഖവും മെലിലെക്ക പിഴക്കയില്ലന്നതുംമെൽ മനസ്സിലെ ഉറെപ്പു, വരുത്തണം.

എന്നാൽ ഇതിൽ എഴുത്തുപെട്ടപൊലെ അറിയുന്നവരെ ബൊധിപ്പിക്കാതെ അവരെ മുക്കുന്ന വിഗാരി ഇരുപതുപണം പ്രായ്യത്വം ചൈയണം. എന്നാൽ അവരെ ബൊധിപ്പിപ്പാൻ നെരമില്ലാത്ത പക്ഷത്തിൽ അവര മരിപ്പാൻ തുടങ്ങുന്നതിനെക്കൊണ്ട നെരത്തിന്ന തക്കവണ്ണം അവരെ ബൊധിപ്പിച്ചാൽ മതി.

വിശെഷിച്ച ഇ എടവകയിൽ ഉള്ളവര വെള്ളാട്ടികളെ കൊണ്ടതിനെ മുക്കിയി ല്ലംകിൽ വിഗാരിയൊട അറിയിച്ച കാലത്തവരെ മുക്കമാറാക്കണം. ഇത പൈ വാൻ മടിക്കുന്നവര പതിനാൽപണം പള്ളിക്ക കഴിവു പൈയണം. വിശെഷി ച്ച ഉടയവരുടെ ഉത്സാഹം കൂടാതെ കണ്ട മാമ്മൊദീസാ മുങ്ങാതെ വെള്ളാട്ടി മരി ച്ചു എംകിൽ മുപ്പത്ത രണ്ട പണം കഴിവ പൈയണം പള്ളിക്ക —

വിശെഷിച്ച മാമ്മൊദീസാ മുങ്ങുവാൻ ഇരുന്ന വെള്ളാട്ടിയെനെ മാർഗ്ഗം അ ല്ലാത്തവക്ക വിറാൽ അതിനെ വീണ്ടുകൊള്ളുവാൻ സാദ്ധ്യപ്പട്ട ഉത്സാഹിക്കണം. എന്നാൽ ഉത്സാഹിച്ചാൽ വരുത്തുവാൻ കഴിവ ഇല്ലുന്നവരികിൽ അറുപത്തുനാല പണം പള്ളീക്ക കഴിവ പൈയണം വിറവാൻ ഒട്ടക്കത്ത സൂക്ഷിക്കെണ്ടുവത ഇത – ത.പുരാന്റെറ മാർഗ്ഗത്തിന്ന അനെകം വലിപ്പവും നാണിഭവുമുണ്ടല്ലൊ. ഇതിനെക്കൊണ്ട ബലത്താലെ ഒരുത്തരയും മാർഗ്ഗ പൂകിക്കരുത എന്നും ഇതുംമെൽ ബലം പൈയുന്നവക്ക എതുയും വല്യയ ദൊഷമാകുന്ന എന്ന അറിഞ്ഞ വ്യാപ രിക്കണം. വിശെഷിച്ച മാർഗ്ഗ പൂകുവാൻ വന്ന മുട്ടിച്ച പടിപ്പിക്കുന്നതിൽ ഒരു ത്തൻ തന്റെറ കുറം കൂടാതെ മാമ്മൊദീസ മുങ്ങാതെ മരിച്ചു എംകിൽ പള്ളി യുടെ നിലത്ത ഇടരുത എന്നില്ലാ എന്നറിഞ്ഞുകൊള്ളുന്നം. എന്നാൽ മാമ്മൊ ദീസാ ഇല്ലാത്തവര ഒര കുറം കാട്ടി സംകെതം ആകുന്ന നമ്മുടെ പള്ളിക്കൽ രക്ഷപെടുവാനായിട്ട പുക്ക എംകിൽ മാമ്മൊദീസാ മുക്കിലെ പള്ളിയാലെ രക്ഷ പെടാവു എന്നെല്ലൊ ആകുന്നു. അപ്പളൊ മാമ്മൊദീസ മുങ്ങുവാൻ അവന്ന മനസ ഒണ്ടെംകിൽ സത്രത്തിന്ന തക്ക പൊലെ അവനെ ബൊധിപ്പിച്ച മുക്ക ണം. എന്നാൽ പള്ളി അവന ഫലിക്കയും ചൈയ്യും (22) അവ്വണ്ണംതന്നെ മാ മ്മൊദീസ മുങ്ങുവാൻ വരുന്നവന്റെറ മനസ്സ മാറവും ആരാനും എന്ന വരുകിൽ അപ്പൊം എറെ പറവാൻ വശമല്ലാത്ത പക്ഷത്തിൽ വെണ്ടുന്നതിനെ പടിപ്പിച്ച അവനെ മുക്കിക്കൊള്ളുകയും ആം.

അഞ്ചാം സാഹാ—

ശുദ്ധമാന ക്രിസ്ത സൈത്തിന്റെറ പൊരുൾ ആകുന്നത പിഴകും പൊക്കുക യും ആത്മാവിനെ ഉറപ്പിക്കയും പൈയുന്ന നന്മ ആകുന്നത —

എന്നാൽ രണ്ടാം ക്രിസ്ത ആകുന്ന മൻപിലത്തെ ഒപ്പുശ്രമായാലെ നമ്മുടെ മാർഗ്ഗത്തിന്റെറ വിശ്വാസത്തുംമെൽ ആത്മാവുകളെ ഉറപ്പിക്കുന്നെ നന്മടെ നെറവ കൊടുക്കപ്പെടുന്നത— എന്നാൽ അപ്പന്മ്മാപ്പാ ദുശ്രമാ പൈത സൈത്ത ഇക്രിസ്ത ശെയുടെ സാധെനം ആകുന്നത. എതുയും പരുമണം ഉള്ള അൽവെലസം എന്ന ഒര വസ്തു അതിൽ കലത്തുമാറാകുന്നു, നല്ല ഇരിപ്പും ഗുണവും എല്ലാവക്കും കാ ട്ടണം നാം എന്നതിനെ അറിയിപ്പാൻ. വിശെഷിച്ച കാതെലായ വശനങ്ങം ഇത: സ്ലീബാടെ അടയാളം ഞാൻ നിന്റെറ മെൽ വരക്കുന്നെൻ, രക്ഷെടെ ക്രമം കൊണ്ട നിന്നെ ഞാൻ ഒറപ്പിക്കുന്നൻ, ബാപ്പാടയും പുത്രന്റെറയും പൂഹാദക്രിസ്ത ടയും നാമത്താൽ. വിശെഷിച്ച മൻപിനാൽ തന്നെ ശ്രീഹന്മാർ അതെ ഇ ക്രിസ്ത ശൈത ന്യായം. ഇപ്പൊളും ശ്രീഹന്മാരുടെ എടത്ത നിൽക്കുന്ന അപ്പന്മ്മാപ്പാ മാർ ഒഴിയെ മററ ആക്കും ഇ ക്രിസ്ത ശൈയരുത. ശൈയികിൽ വസ്തുവം അല്ല.

22. ക്രൈസ്തവ ദെവാലയങ്ങളിൽ അഭയംപ്രാപിക്കുന്ന കുറവാളികൾക്ക് പ്രത്യെക സംരക്ഷണം ഉണ്ടായിരുന്ന എന്നല്ലേ ഇതിൽനിന്ന വ്യക്തമാകുന്നത്. ക്ഷേത്രസങ്കെതങ്ങള ടെ സ്വഭാവം അനുസരിക്കുക.

നാണം കൂടാതെ വിശ്വാസം അല്ലാത്തവരൊട മാറ്റം കൊണ്ട പറവാനും അതി നെക്കുറിച്ച മരിക്കെണ്ടിവരികിൽ മരിപ്പാനും എന്നതിനെ നന്മയും ഉറപ്പും ഇ കൂദാശയാലെ ഒണ്ടാകുന്നു. എന്നാൽ കുഞ്ഞിപൈതങ്ങൾക്ക എഴവയസ്സു തികഞ്ഞി രിക്കണം ഇ കൂദാശ കൈക്കൊള്ളുണമെങ്കിൽ. അത അല്ലാത്തവക്ക ചാവദൊഷം ഉണ്ട എംകിൽ കുംപസാരിക്കണം ഇ കൂദാശയാലെ ഫലം അവക്ക ഉണ്ടാകണം എംകിൽ. എന്നാൽ കുംപസാരിപ്പാൻ നെരം ഇല്ല എംകിൽ മനസ്സാലെ തെറണം വഴിയെ. അപ്പളൊ അത അത പള്ളിക്കൽ മെത്രാൻ വന്നാൽ ഇ കൂദാശ കൈ ക്കൊയ്വാൻ മുൻപിൽ ഏറ്റംക്കാത്തവർ ഉത്സാഹിക്കണം. വിശെഷിച്ച മാമ്മൊ ദീസായിൽ എന്നപൊലെ ഇ കൂദാശയിലുംകൂടെ ഒരുത്തൻ താൻ ഒരുത്തി താൻ എറെ തെമരിക്കിൽ ഒരുത്തനും ഒരുത്തിയും ചവുശവീനന്മാർ പരം അപ്പനും പഠി പ്പിപ്പാനും ഉണ്ടായിരിക്കണം ഇ കൂദാശ കൈക്കൊള്ളുന്നവൻെറ അരികെ.

മാമ്മൊദീസാമെൽ എഴുത്തപെട്ട പൊലെ അവ്വണ്ണം തന്നെ ഇവിടെ തമ്മിൽ തമ്മിൽ ചാച്ച ഉണ്ടാകുന്നു — വിശെഷിച്ച ഒപ്പ്യുശ്രമ തനിക്ക ചൈതൊ ഇല്ലയൊ എന്നതുംമൽ സംശയം ഉണ്ടകിൽ മാമ്മൊദീസമെൽ എഴുത്തപെട്ട പൊലെ പ്രകാ രം സംശയം തീൎക്കണം —

തങ്ങടെ പെര പകൎത്തുവാൻ അവകാശം ഉള്ളവർ ഇ കൂദാശ കൈക്കൊള്ളും പൊഴം പകൎത്തികൊള്ളണം —

വിശെഷിച്ച ശവുശവീനന്മാർ അല്ലെനികെഴം എങ്കിൽ ഒപ്പ്യുശ്രമാ കൈ ക്കൊള്ളുവാൻ ഇരുവരെ ആവു നിറുത്തുവാൻ. കൂദാശപട്ടം ഒള്ളവക്ക എറെ നിറു ത്താം — വിശെഷിച്ച മാമ്മൊദിസായും ഒപ്പ്യുശ്രമയും കൈയെറെ ഒത്തും പടി ച്ചിരിക്കണം ശവുശവീനന്മാർ. അവുത്താൽ പെണ്ണുങ്ങഴം പന്നിരണ്ട വയസ്സു ആ ണുങ്ങഴം പതിന്നാല വയസ്സു തികഞ്ഞിരിക്കണം — വിശെഷിച്ച ഇത അല്ലാത്ത വർ ശവുശവീനന്മാർ ആകരുത — വിശെഷിച്ച തൻെറെ വലത്തെ കൈ വൈ ക്കണം — ശവുശവീനാതാൻ നിറുത്തുന്നവൻെറെ വലത്തെ തൊളുംമെൽ ഒപ്പിശ്ര മാ ചൈയുന്നത കൂടാവൊളവും — എന്നാൽ ഇ കൂദാശ ചൈവാൻ ചിതമുള്ള സ്ഥലം അപ്പസ്സൊപ്പ കല്പിക്കുന്നത തന്നെ — വിശെഷിച്ച ഒപ്പ്യുശ്രമ എല്ലാവക്കും ചൈ തശെഷം ശവുശവീനാമാരും ഒപ്പിശ്രമാ എറവരും ഇതിൻെറെ കാരണവരും ത മ്മിൽ ഉണ്ടായ ചാച്ച വിചാരിമാർ ശവുശവീനന്മാരൊട അറിക്കയും വെണം ആ ത്മാവിലെ ഉള്ള എന്ന തങ്ങടെ മക്കഴംക്ക പടിപ്പിക്കെണ്ടുന്ന കടവും —

ആറാം സാഹാ —

കുറുബാനെടെ പെരിമകളുംമെലും അതിൻെറെ കാതെൽമെലും

കൂദാശകഴം ഒക്കെകൊട്ടിലും പെരുമപെട്ടതും കുറുബാന അത്രെ ആയത — പ ട്ടാങ്ങയായ തംപുരാനും പട്ടാങ്ങയായ മാനുഷനും മിശിഹാതന്നെ മുഴവനായി അ പ്പത്തിൻെറെയും വീഞ്ഞിൻെറെയും ചാതിരിയും കൊണ്ട മറെച്ച അതിൽ അട ങ്ങുന്നതിനെക്കൊണ്ട. എന്നാൽ കൊതമ്പകൊണ്ട ഒരുക്കിയ അപ്പം ഇ കൂദാശെടെ സാരതനം ആകുന്നത മുന്തിരിങ്ങാപഴത്തിൻെറെ സൊതം ആയാഹമ്മറായും. വി ശെഷിച്ച ഇ കൂദാശ ഒണ്ടാകുന്നു വശനങ്ങഴം എവെൻഗെലിയൊനിൽ എഴുത്ത പെട്ട മിശിഹാടെ അരുളപ്പാടുകെഴം ആയത. 'എൻെറെ ശരീരം ഇത ആകുന്നു' എ ന്ന ഒസ്തിമെൽ ചൊല്ലുന്നതും 'എൻെറെ ചൊര ഇതാകുന്നു' എന്ന വീഞ്ഞുംമെൽ ചൊല്ലുന്നതും. വിശെഷിച്ച ഒസ്തിയിൽ ഒള്ള അപ്പത്തിൻെറെ കാതൽ ഒക്കെയും ഇ എഴുത്തപെട്ട മിശിഹാടെ അരുളാലെതൻെറെ ശുദ്ധമാനശരീരം ആയിതിരി

ഞ്ഞ അപ്പത്തിന്റെറ സാതിരിയത്തിൽ മിശീഹാ മുഴവനായി തന്റെറദൈവീക വും ആത്മാവും ശരീരവും അടങ്ങുന്നു. അവണ്ണംതന്നെ 'ഇത എന്റെറ ചൊരയാകുന്നു' എന്ന ഇ അരുളപ്പാടിന്റെറ ശക്തിയാലെ മിശിഹാ മുഴവനായി തന്റെറ ദൈവികവും ആത്മാവും ശരീരവുംവീഞ്ഞിന്റെറ സാദൃശ്യത്തിൽ അടങ്ങുന്നു. അപ്പളൊ ഒര അരുളാലെ തന്നെ സവ്വത്തും പടച്ച മിശീഹാടെ അരുളപ്പാട്ടിന്റെറ വശത്താലെ അപ്പവും ഹത്രായും അല്ല എന്ന വരുത്തിക്കൊണ്ട മിശിഹാടെ ശരീരം ആയി തിരിഞ്ഞ അപ്പവും മിശിഹാടെ ചൊര ആയി തിരിഞ്ഞ ഹമ്മറായും അപ്പത്തിന്റെറയും ഹത്രാടയും ശാതിരിയത്തിൽ മിശിഹാ മറെച്ച അതിൽ അടങ്ങുന്നതിന്ന ഒര ഈഷൽ ഇല്ലാ തംപുരാൻ ഇവണ്ണം അരുളി ചൈതതിനെക്കൊണ്ടും ശ്ലീഹൻമാര ഔവണ്ണംതന്നെ വിശ്വസിച്ച പടിപ്പിച്ചതിനെക്കൊണ്ടും ശ്രുദ്ധമാനകാതൊലിക്കാപള്ളി ഈവണ്ണം തന്നെ എല്ലാടത്തും വിശ്വസിച്ച ഇരിക്കുന്നത കൊണ്ടും. എന്നാൽ ഈ ക്രുദാശെടെ ഫലം ആയത യൊക്യത്തൊടുകൂടെ അതിനെ കൈക്കൊള്ളുന്നവരെ മിശിഹായൊട്ട കൂടെ ഒന്നിക്കുന്നത. വിശെഷിച്ച കുറവാന ചൈയുന്ന വീഞ്ഞിൽ കൊറെഞ്ഞാരവെള്ളം കലത്തുന്നതിന്റെറ അത്തം ആയത മിശിഹാ മരിച്ചതിന്റെറ ശെഷം തന്റെറ ശ്രുദ്ധമാന വിലാവിൽ നിന്ന ചൊരയും സുതം ആയ വെള്ളവും ഒഴുകിയതും മിശിഹായും തന്നെ വിശ്വസിക്കുന്നവരും തമ്മിൽ ഒള്ള ഐമൊസ്യയവും മിശിഹാതംപുരാൻ കുവാന ചൈതപ്പൊൾ ഇ വണ്ണം തന്നെ ചിന്തുന്നതും - വിശെഷിച്ച പിന്നയും ഒര ഗ്രുണംഉണ്ട കുവ്വാനെക്ക. ഇത ആയത - മാക്കത്തിലെ കാഴ്ചയും പൂശയും ഒമവും ആയിരിക്കുന്നത പുറകത്തൊരി എന്ന എടത്ത ദുസ്സമ്മപ്പട്ട ആത്മാവുകളെ തണുപ്പിക്കുന്നതും പൂമിലെ ദൊഷത്താളരെ തംപുരാനൊട കൂടെ നെരത്തുന്നതും പെഴകൊക്ക ചൈയെണ്ടുന്ന പ്രാച്ചിത്വം പൊക്കുന്നതും പല പല സങ്കടത്തിൽ നിന്ന നൊമ്മെ രക്ഷിക്കുന്നതും – എന്നാൽ ഒരൊരത്തരുടെ മനസ്സിലെ അഴിവിനും വിസ്താരത്തിനും തക്കവണ്ണം കുവാനെടെ ഫലം ആകുന്നു, കൈണറിലെ വെള്ളം കൊരുവാൻ കൊണ്ടുപൊകുന്ന പാത്രത്തിന്റെറ വലിപ്പത്തിന്ന തക്കവണ്ണം വെള്ളം കൊണ്ട പൊരാം എന്നപൊലെ—

എന്നാൽ കുറുവാന ചൈയുന്ന പട്ടക്കാരൻ അനെകം ദൊഷത്താളർ എന്ന വരികിലും കുറുവാനെക്ക ഒര അശ്രുദ്ധം ഒണ്ടാക ഇല്ല – വെടിപ്പ ഇല്ലാത്ത എടത്ത ആദിത്തെയൻ ഉഴെക്കുന്നു എന്നപൊലെ - വിശെഷിച്ച ഇവണ്ണം തന്നെ ഒസ്സിയെനെ മുറിക്കുന്നതിനെ കൊണ്ട അതിൽ അടങ്ങുന്ന മിശിഹാടെ ശരീരത്തിന്ന ഒര ക്ഷെയം ഇല്ല - പിന്നെയൊ ഒസ്സി മുറിക്കും മുൻപിൽ മിശിഹാ മുഴവനായി അതിൽ ഒണ്ടായി ഇരുന്ന പൊലെതന്നെ നുക്കിയതിന്റെറ ശെഷം പിന്നെയും ഒരൊരൊ നുക്കിൽ അനെകം ചെറുത എങ്കിലും മിശിഹാ മുഴവനായി അതിൽ അടങ്ങുന്നത – ഇതിന്റെറ മൂലം കുറുവാന ചൈയുന്ന പട്ടക്കാരരും അല്ലെനികളും കുറുവാന കൊള്ളുന്ന നെരത്ത എറെക്കുറെ തമ്മിൽ കൊള്ളുമാറ ഇല്ല. പിന്നെയൊ മിശിഹാ മുഴവനായി അവെര ഇരുവരും കൊള്ളുക അത്രെ ചൈയുന്നത—

ഏഴാം സഹാ

കുറുവാനെടെ പൊരുൾമെലും എപ്പൊൾ കുറുവാന കൊള്ളുണ്ട എന്നതുംമെലും—

തംപുരാൻ കാട്ടിയ പ്രത്യക്ഷങ്ങള ഒക്കെ കാട്ടിലും വല്യ പ്രത്യക്ഷം ആകുന്ന കുറുവാന കൊണ്ട മാമ്മൊദീസാകാരക്ക ഒക്കെക്കും വലിയ അനുപൊകം നി

ച്ചലും ഒണ്ടാക എല്ലൊ ചൈയുന്നത – അതിനെക്കൊണ്ട ആണ്ടിൽ ഒരിക്കൽ അ
തിൻെറ പെരുനാൾ അനെകം ഗൊഷത്തൊട്ടുകൂടെ കൊള്ളണം എന്ന ശ്രുദ്ധമാന
പള്ളി കല്പിച്ച – എന്നാൽ പെസഹാ നാളിൽ എല്ലൊ ഇ പെരുനാൾ കൊള്ളെ
ണ്ടി ഇരുന്നത മിശിഹാ അന്ന കുറുവാന കല്പിച്ച മൂലം – അപ്പളൊ മിശീഹാടെ
ദീനതപാട്ടിൻെറ നമസ്കാരവും (23) ക്രിയകളുംകൊണ്ട ഇതിനെ മെനക്കെടുവാൻ
വശം അല്ലാത്തു പെസഹാ എന്ന ദിവസത്തിൽ. ഇതിനെക്കൊണ്ട അൻപതാം
പെരുനാൾ കഴിഞ്ഞ ചെഷം രണ്ടാം വ്യയഴാഴ്ച കുറുവാന പെരുനാൾ കൊള്ള
ണം എന്ന ശ്രുദ്ധമാന പള്ളിയെടെ കല്പന ആകുന്നു – വിശെഷിച്ച കുറുവാന എ
ടുത്ത അതുംകൊണ്ട പ്രദെക്ഷണം വെച്ച നഗരിയിൽ നടന്ന തംപുരാനെ സ്തുതിക്ക
ണം എന്നും കൂടെ എല്ലാ എടത്തും കുറുവാന പെരുനാളിൽ മരിയാതി ആയത –എ
ന്ന പൊലെ തന്നെ മലെയാളരുടെ എടയിൽ നമ്മുടെ പള്ളികൾ ആകുന്നത
കൊണ്ട ആയതിന്ന ഒത്തവണ്ണം നമ്മുടെ എടവകയിൽ ഇരുന്ന കൂടാ എംകിലും–
എന്നാൽ നല്ല ചിതം ഒള്ള പള്ളികളിൽ അകത്ത തന്നെ കാപ്പൊറാ കാണാതെ
ആകുന്ന ഗൊഷത്തൊട്ടുകൂടെ കുറുവാന എടുത്ത അതുകൊണ്ട പ്രദെക്ഷണിക്കണം.
നൊംലത്തിനിൽ നിന്ന പെത്ത ഒണ്ടാക്കിയ നമസ്കാരം എട്ട ദിവസത്തെക്ക നൊ
സ്കാരിക്കയും വെണം - വിശെഷിച്ച ഇ പെരുനാളിൽ പള്ളിക്കൽ കൂടുന്നവക്ക ഒ
ക്കെക്കും അനെകം പെഴകളുടെ പെറുതി ശ്രുദ്ധമാന പാപ്പാ കൊടുത്തിരിക്കുന്ന എ
ന്ന അറിഞ്ഞ ഇരിക്കണം. എന്നാൽ പതിന്നാല വയസ്സു ഒള്ള ആണങ്ങളും പന്ത്രണ്ട
വയസ്സു ഒള്ള പെണ്ണുങ്ങളും ആണ്ടിൽ ഒരിക്കൽ ക്യന്ത പെരുനാളിൽ എട്ട ദിവസം
അതിന്ന മുൻപിൽ എംകിലും എട്ട ദിവസം പെറകിൽ എംകിലും അമ്പതനൊ
യമ്പിൽ തന്നെ ഒള്ള എന്ന വല്ലൊരദിവസത്തിൽ എങ്കിലും, തങ്ങംക്കതന്നെ
വികാരിമാരുടെ കൈയാലെ കുറുവാന കൊണ്ട മതിയാവു എന്ന ശ്രുദ്ധമാന കാ
തൊലിക്കപള്ളിയുടെ പ്രമാണം ആകുന്നു – എന്നാൽ മലയാളരുടെ എടയിൽ പെ
ലരുന്ന എല്ലൊ നാം തംപുരാൻെറ വസ്തുക്കളം മെൽ അപെക്ഷിപ്പതും ഇല്ലാ ഏറെ
എന്നതു കൊണ്ട കുറുവാന കൊള്ളുവാൻ ഉള്ള എടഅൻപതാം പെരുനാളൊളം
നീട്ടിയത ഇ എടവകെടെ മുൻപിലത്തെ സൂനാഹാദൊസ (24) – അപ്പളൊ ഇ എ
ടെക്ക കുറുവാന കൊള്ളുവാൻ തക്കവര തങ്ങടെ വിഗാരി കല്പിച്ചപൊലെ തന്നെ
കുറുവാന കൊണ്ടില്ല എംകിൽ അവരുടെമെൽ മഹറൊൻ അനുവദിച്ച പള്ളിയു
ടെ കല്പനയാലെ തന്നെ – എന്നാൽ അൻപതാംപെരുനാൾ കഴിഞ്ഞ ഒടൻതന്നെ
തിൻകളാഴിച്ച എന്ന പെരുനാളിൽ അവരുടെ പെര തിരിച്ച വിളിച്ച പൊല്ലി
അവക്ക മഹറൊൻ ഉണ്ട എന്ന അറീക്കണം – വിശെഷിച്ച കുറുവാന കൊള്ളുവാൻ
പ്രായം വരും മുൻപിൽ നല്ല ബുദ്ധി വിസ്താരം ഒണ്ടെല്ലൊ ചെലക്ക—

എന്നാൽ വിഗാരിമാർ എംകിലും അവരെ കംപസാരിപ്പിക്കുന്ന പട്ടക്കാർ
എംകിലും അതിനെ കണ്ട അറിഞ്ഞതിന്ന തക്കവണ്ണം ഒന്നുകിൽ കുറുവാന കൊ
ള്ളുവാൻ അനുവാസം കൊടുക്കണം. അത അല്പംകിൽ അ(വ)രെ കൊണ്ട പാപ്പി
ക്കണം. ഔവണ്ണം തന്നെ ചെമ്മെ അറിയാത്തൊരൊട്ടം ബെലപ്രൊത്തി എടുക്ക
ന്നവരൊട്ടം വരത്തരൊട്ടം യാവരിച്ച പട്ടക്കാരുടെ വിതിപ്പിന്ന തക്കൊണം
ഇതുംമെൽ നടത്തണം – എന്നാൽ കുറുവാനെടെ സാല്പരിയം തങ്ങളെ കംപസാ

---

23. 'നമസ്കാരം' എന്നതാണു മൂലഗ്രന്ഥത്തിലെ രൂപം. കൈയെഴുത്തു ഗ്രന്ഥത്തിൽ ധാരാളമായിക്കാണുന്ന 'നമസ്കാരം' ലേഖക പ്രമാദമായിരിക്കണം. 'മുഷ്ടരതപം' എന്ന പദം 'മുക്ഷരതപം' എന്നാക്കി മാറ്റാറുണ്ടു്. ലിപിയിലല്ലാതെ ഉച്ചാരണത്തിൽ ഇങ്ങനെയൊരു മാറ്റമുണ്ടായിരുന്നു എന്നൂഹിക്കാൻ ന്യായം കാണുന്നില്ല.

24. ഉ. സൂ. കാനോനകം, പൂറം 38, രണ്ടാം കാനോന കാണുക.

രിക്കുന്നവെരൊട അറിയിക്കണം വിഗാരിമാരും ലൊകരെ കുംപസാരിപ്പിക്കുന്ന ശെഷം പട്ടക്കാരരും —

വിശെഷിച്ച നെടി ഉണ്ണുന്ന സ്ത്രീകൾക്കും നാലര അറിഞ്ഞ യാവരിക്കുന്ന പലിശക്കാരക്കും കെട്ടാതെ വച്ചിരിക്കുന്നവക്കും അപ്പൊം അപ്പൊം മതിമറന്ന കുടിക്കുന്നവക്കും കുറുവാന കൊടുക്കരുത – എന്നാൽ ഇവെര വഴിയെ തെറി നലരും അറിഞ്ഞ തങ്ങളുടെ പെഴകും മാററി എങ്കിൽ വിഗാരിയുടെ വിതിപ്പിന്ന തക്കവണ്ണം കുറുവാന കൊള്ളാം. വിശെഷിച്ച കുറുവാന കൊള്ളും മുൻപിൽ കും പസാരീച്ച എതും ഒരു വസ്തു ആ ദിവസത്തിൽ രസിക്കാതെ (25) കണ്ട കുറുവാന കൊള്ളണം. —

എന്നാൽ ഇതാ മരിക്കും എന്ന തൊന്നുന്നാ കളെശക്കാരർ അവുഷതം എടു ക്കാതെ അവക്ക പൊറാ എന്നവരികിൽ ഔഷതം എടുത്തതിൽ പിന്നെ കുറുവാന കൊള്ളാം —

വിശെഷിച്ച എഴുത്തുപെട്ട എടെക്ക കുറുവാന കൊള്ളുവാൻ എത്തിയില്ല എങ്കിൽ ആക്കാനും വാണിപം ചൈവാൻ എണ്ണുങ്ങ പൊയിട്ട വന്നാൽ ഇരു പത ദിവസത്തിന്നകത്ത കൊണ്ടെ മതിയാവു —

വിശെഷിച്ച പ്രമാസം ഒള്ള കടൽ ഒട്ടത്തിനും വഴിക്കും പടെക്കും പൊകുന്ന വരും പ്രമാസത്തൊട്ടുടെ പെറുന്ന സ്ത്രീകൾക്കും കുറുവാനകൊണ്ടെ മതിയാവു തങ്ങടെ സങ്കടം തൊടങ്ങും മുൻപിൽ. ഔവെണ്ണം തന്നെ പള്ളീയും പട്ടക്കാരരും ഇല്ലാത്ത എടത്ത പൊകുന്നവരും അമ്പതാം പെരുനാംക്ക അകത്ത വീണ്ട വരിക ഇല്ലാ എന്ന തൊന്നുന്ന എംകിലും —

വിശെഷിച്ച അമ്പതാം പെരുനാളിലും ഇരുപത്തഞ്ച നൊയമ്പും പതിനഞ്ച നൊയമ്പും വെണ്ടുന്ന പെരുനാളുകളിലും എല്ലാവരും കുറുവാന കൊള്ളുന്നത പഴെ മരിയാതിയും എറിയൊര നന്മയും ഇത അയതിനെക്കൊണ്ട വികാരിമാർ മുതുന്ന കൊണ്ട ലൊകരൊട ഇത അറിയിച്ച അവരെക്കൊണ്ട ഇ പെരുനാളുകളിൽ കുറു വാന കൊള്ളിക്കണം —

എന്നാൽ മുതുന്ന ലൊകരൊട ഇത അറിയിക്കാത്ത വിഗാരിമാർ കുറുവാന മെഴുതിരിക്ക രണ്ട പണം കഴിവ ഒചെയണം —

എട്ടാം സാഹാ —

ലൊകക്ക എങ്ങനെ കുറുവാന കൊടുക്കെണ്ട എന്നതുംമെൽ വിഗാരിമാർ—

കുറുവാന കൊള്ളുവാൻ എതു ജനം ഒണ്ട എന്ന വിഗാരി അറിഞ്ഞതിൻെറ ശെഷം അതിന്ന തക്കവണ്ണം ചെറിയ ഒസ്സികും എടുത്ത ഒരു കാസായിൽ വെച്ച അത അല്ല എങ്കിൽ കെത്താനമെൽ അതിനെ ഒക്കെക്കും കൂടാശ ചൈയണം — എന്നാൽ കല്ലിന്ന പൊത്ത ഒസ്സികളും ഒസ്സികും ഒള്ള കാസായും നീക്കെ രുത എന്ന സൂക്ഷിച്ച അതിനെ വഴിയെ നൊക്കിയെക്കണം – വിശെഷിച്ച നബുഖറാ ശരീരവും ചൊരയും കൊണ്ടാൽ കാസായിൽ ചെഷിച്ചതിനെകൊള്ളും മുൻപിൽ തെക്കൊട്ട ഒത്തിരി തിരിഞ്ഞ വടക്കൊട്ട പാഞ്ഞുംകൊണ്ട കുറുവാന കൊള്ളുവാൻ ഇരിക്കുന്നവരുടെ പക്കൽ കനത്തൊട്ടുടെ തിരിഞ്ഞനൊക്കി

---

25. 'എരസിക്കാതെ' എന്നു് എഴുതിയിട്ടു് 'എ' വെട്ടിക്കളഞ്ഞിരിക്കുന്നു.

ചൊല്ലേണം 'ഇത ക്ലദാശകയം ഒക്കെക്കും വലിയ ക്ലദാശ കുറുവാന ആകുന്നത – പ ട്ടാങ്ങ ആയ തംപുരാനും പട്ടാങ്ങ ആയ മാനുഷനും ആകുന്ന മിശിഹാകത്താവ മുഴവെനായി അതിൽ അടങ്ങുന്നതിനെക്കൊണ്ട. അപ്പളൊ ആത്മാവിലെ വെടി പ്പൊട്ടുടെ കുറുവാന കൊണ്ടാൽ പറെഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത നന്മ കിട്ടും എന്നപൊലെ കുംപസാരിക്കാതെയുംതാൻ കുംപസാരിച്ചുവെങ്കിൽ പെഴകയം ഒക്കയും ചൊല്ലാതെതാൻ കുറുവാനകൊണ്ടാൽ നരകപ്പെട്ടുകയും ചൈയും —

ഇതിനെക്കൊണ്ട കുംപസാരിക്കാത്തവർ (26a) ഇവിടെക്ക അണെയാവു — എന്നാൽ കുംപസാരിച്ചവർ(26b)പെഴകയം മുളുവാൻ ഒണ്ട എങ്കിൽ ഇവിടെക്ക വ രും മുൻപിനാൽ പെഴകയം പൊക്കിയെ വരുവു'– എന്ന വിഗാരി പറഞ്ഞാൽ ആ ക്കാനും കുംപസാരിക്കെണ്ടുവത ഒണ്ട എങ്കിൽ ഒടെ തന്നെ കുംപസാരിപ്പിച്ച അവ ന്റെറ പെഴ പൊക്കണം. അത അല്ല എംങ്കിൽ ആ പള്ളീക്കൽ കുംപസാരിപ്പിക്ക ന്ന പട്ടക്കാരുടെ പക്കൽ അവനെ അയച്ചുടണം – വിശെഷിച്ച ഇതിന്റെറ ശെഷം കുറുവാന കൊള്ളുന്നവെർ കൊവണിക്ക തഴത്ത നെലത്ത തന്നെ മുട്ടും കു ത്തി നിക്കണം. വെടിപ്പൊള്ള തുവാല അവരുടെ മുന്നെൽ വിരിക്കണം. വിഗാ രി ആകുന്ന തന്നൊട കുംപസാരിക്കാത്തവർ കുറുവാന കൊള്ളുവാൻ നിക്കുന്ന എംകിൽ തങ്ങളെ കുംപസാരിപ്പിച്ച പട്ടക്കാരുടെ കുറി കാട്ടുകിലെ അവക്ക കുറുവാനകൊടുക്കാവു —

എന്നാൽ ആണങ്ങയം വെറെ വടക്കെ ഭാഗത്ത അതിന്റെറ ശെഷം പെണ്ണ ങ്ങയം ഇവിടത്തെ മരിയാതിക്ക തക്കവെണ്ണം മുട്ടുകുത്തിയാൽ ഞാൻ പിഴയാളി എന്ന നമസ്സാരം ശമ്മാശിനെക്കൊണ്ടും അവരെക്കൊണ്ടും ചൊല്ലിക്കണം. അ പ്പൊയം വിഗാരി അവരുടെ പക്കൽ വഴിയെ തിരിഞ്ഞ നെഞ്ഞത്തുംമെൽ കൈ കെളുംകൂട്ടി ചൊല്ലുക ഇതു— നെസറായം അലൈക്കൊൻ ആലാഹാമ്സെ ഹിട്ടികൊൽ ഉഖദശവിക്കിൻ ലഖൊൻ കൊലഹൊൻ ഹത്ത ഹൈക്കൊൻ നെദ ബറഖൂൻ ലഹയിയെ ദല ആലം പ അനിൻ ആമ്മെൻ. കഹനാശ്രക്കാന വശരാ യാ ഉഹ്സായാ കുന്തവീൻ കൊലഹൊൻ ഹത്താ ഹൈക്കൊൻ നെത്തെൽ ലകൊൻ ആലാഹാ മസെ അഹിദകൊൽ പമ്മറഹമ്മാൻ ആവാബൈറൊ ഉറൂഹാദക്കദശ' എന്ന ചൊല്ലുംപൊയം അവരുടെ മെൽ രൂശ്രമാ ചൈയണം. 'ആമ്മെൻ' എന്ന ശമ്മാശ ചൊല്ലണം. ഇതിന്റെറ ശെഷം ന്തബുഹറാ കെഴക്കെ തിരിഞ്ഞ (27) മുട്ടുകുത്തി ഒന്ഥികയം വെച്ചിരിക്കുന്ന പാത്രം കാസാ എങ്കിലും പീലാസ എ ങ്കിലും എടുത്ത കുറുവാന തൊടുന്ന നാൽവിരൽകൊണ്ട ഒര ഒന്ഥി പീലാസമെൽ എങ്കിലും കാസാമെൽ എങ്കിലും ഒത്തിരി പൊക്കത്തിൽ പിടിച്ച പടിഞ്ഞാ റൊട്ട തിരിഞ്ഞ ലൊകക്ക കാട്ടി ചൊല്ലണം 'ഹാ എത്രെ ദാലാഹാന്ത ശാക്കെൽ ഹത്തിസെന്ത അല്ല'. പിന്നെയും ചൊല്ലും ഇത: 'പട്ടാങ്ങ ആയാ തംപുരാനും പ ട്ടാങ്ങയായ മാനുഷനും ആകുന്ന മിശിഹ ഇ അപ്പത്തിന്റെറ ശാദ്ദ്യത്തിൽ അ ടങ്ങുന്നത'. അപ്പളൊ തങ്ങയം എല്ലാവരും ഇ കത്താവിനെ വന്ദിച്ച ചൊല്ലണം 'ഈ വണ്ണം അടിയന്റെറ ആത്മാവിൽ എഴുന്നെള്ളുവാൻ യൊഗ്യൻ അല്ല തംപു രാനെ— എന്നാൽ അവിടെന്ന അരുളിചൈതാൽ അടിയന്റെറ ആത്മാവിന്ന ന ന്മ കിട്ടും' എന്ന. ഈ വജനങ്ങയം മൂന്ന വട്ടം ചൊല്ലിയാൽ പിന്നെയും ചൊല്ലുക

---

26. 'കുംപസാരിക്കാത്തവർ' (26a)കുംപസാരിച്ചവർ (26b) ഇവ പരസ്പരം സ്ഥാനം മാറി വായിച്ചാലേ അർത്ഥം ശരിയാകൂ.

27. ദേവാലയങ്ങയം കിഴക്കുപടിഞ്ഞാറായിട്ടാണ നിർമ്മിച്ചിരുന്നത്. ബലിപീഠം കിഴക്കേ അറ്റത്താണ്.

'ഒരിക്കൽ എന്നെ രക്ഷിച്ച പട്ടാങ്ങ അയ തംപുരാനെ അടിയൻറെറ ആത്മാവി
നെ ശുദ്ധമാന നിൻറെറ കൈകളിൽ കൈയാളിക്കുന്നെൻ' എന്ന. ചൊല്ലിയാൽ
ന്തബുഖറാ അവരിടെ പക്കൽ ചെന്ന വടക്കെ ഭാകം തൊട്ട കുറുബാന കൊട്ടക്ക
ണം ഇവണ്ണം. എടത്തെ കൈകൊണ്ട പീലാസ പിടിച്ച വലത്തെ പെരുവിരൽ
കൊണ്ടും ചൂണ്ടൊന്തി വെരൽകൊണ്ടും ഒര ഒസ്ഥി എട്ടത്ത പീലാസമെൽതന്നെ
കുറുവാന കൊള്ളുന്നവൻറെറ എതിരെ നിന്ന അതുകൊണ്ട റുശ്രമാ ചൈത മുട്ടുക
ത്തി നിക്കുന്നവെൻറെറ നാവുമ്മെൽ അതിനെ വെച്ച എറക്കിക്കെണം. മെത്രാൻ
കുറുവാന കൊട്ടുംപൊം അതിനെ കൊള്ളും മൻപിൽ മെത്രാൻറെറ കൈമു
ത്തണം— എന്നാൽ കുറുവാന തക്സായിൽ എഴുത്തുപെട്ട മൊഴികം ചൊല്ലെണം
പട്ടക്കാരർ കുറുവാന കൊട്ടുംപൊം— വിശെഷിച്ച ഒര കാസാ എങ്കിലും യൊ
ഗ്യം ഒള്ള മററ ഒര പാത്രം എങ്കിലും വട്ടകയും കിണ്ടിയും അല്ലാത്താ ശമ്മാശാ എട്ട
ത്തകുറുവാന കൊട്ടുന്ന പട്ടക്കാരെൻറെറ പൊകെ ചെന്ന കുറുവാന കൊണ്ടവരെ
അതിനെ വഴിയെ എറക്കുവാൻ കൊറഞ്ഞൊര വെള്ളം കുടിപ്പിക്കണം— എന്നാൽ
കുറുവാന കുടിയതിൻറെറ ശെഷം വിഗാരി കുറുവാനകൊണ്ടവരുടെ പക്കൽ തിരി
ഞ്ഞ ചൊല്ലുക ഇത. 'തങ്ങം പെഴച്ചപെഴകം കുംപസാരിച്ച പൊക്കി കുറുവാന
കൊള്ളുവാൻ എട തങ്ങംക്ക തംപുരാൻ തന്നതിനെക്കൊണ്ടും താൻതന്നെ ഇപ്പൊം
തങ്ങടെ ആത്മാവുകളിൽഎഴുന്നെള്ളി നന്നാക്കിയതിനെക്കൊണ്ടും വെണ്ടുവൊള
വും മനസ്സു അഴിഞ്ഞ വിശ്വാസിച്ച തംപുരാനെ സ്തുതിച്ച കൊള്ളണം. ഇതിന്ന
ഒര ആബുൻന്തവശമയ്യും ഒര ശ്ലാം ലെഖ മറിയവും നൊസ്സുരിക്കാ. അപ്പൊം
അവരുടെമെൽ റുശ്രമാ ചൈത ചൊല്ലണം 'ന്ന പറഖകൊൻ ആലാഹാമസെ
അഹിദകൊൽ ആവാബൈറാ ഉറൂഹാദക്കുദശാ ആമ്മെൻ സെൽവശലാമ്മാ ലാ
തെഹത്തൊൻ മെസ്സുൽ'—എന്നാൽ കുറുവാനകൊട്ടുന്ന നെരത്ത ചെമ്മാശ ചൊല്ല
ണം—നെസൊ ഉശക്ക—

വിശെഷിച്ച നീളം ഒള്ള തുവാല വിരിപ്പാൻ ഒര വക ഒണ്ട എങ്കിൽ നല്ല
അതുംമെൽ തുവാല വിരിച്ച അതിൻറെറ അരികെ കുറുവാനകൊള്ളുവാൻ മുട്ടി
കുത്തുവാൻ—

വിശെഷിച്ച വെള്ളം കുടിപ്പിക്കുന്നാ ചെമ്മാശീൻറെറ കൈയിൽ ചെറി
യൊര തുവാലയുംകൂടെ ഒണ്ടായിരിക്കണം വെള്ളം സെവിച്ചതിൻറെറ ശെഷം
ചുണ്ട തുപ്പാൻ— വിശെഷിച്ച രണ്ട മെഴുകുതിരി എറെ കത്തിക്കണം കുറുവാനകൊ
ട്ടുന്ന നെരത്ത—

എന്നാൽ കൊടുത്ത കൂടിയാൽ കെട്ടുത്തികളുകയും ആം—

വിശെഷിച്ച കുറുവാനപ്പട്ടക്കാരര കുറുവാന കൊള്ളുംപൊം വെള്ളക്കുപ്പായവും
ഊറാറയും ഇട്ട ഇരിക്കണം. അത അല്ലാതെ പട്ടക്കാരർ വെള്ളക്കുപ്പായവും തന്നെ
ഇടുകയും വെണം. അല്മെനികളുടെ എടയിൽ മുട്ടും കുത്തി കുറുവാന കൊള്ളുകയും
അരുത. മൂപ്പിന്ന തക്കവണ്ണം നിക്കണംതാനും—

എന്നാൽ ആണ്ടിൽ ഒരിക്കൽ പള്ളിയുടെ കല്പനയാലെ കുറുവാനകൊട്ടുകം
പൊം വിഗാരി തങ്ങടെ എടവകയിൽ ഒള്ള അല്ലാത്തവക്ക കുറുവാന കൊട്ടുക്ക
രുത— വിശെഷിച്ച തുങ്ങടെ വിഗാരിയുടെ പക്കൽ അവരെ അയച്ചുടണം. ഇതി
നെക്കൊണ്ട മുൻപിൽ മുൻപിൽ കുറുവാനകൊടുപ്പാൻ തൊടങ്ങുംപൊം വിഗാരി
വിളിച്ച ചൊല്ലണം ഇത—

എന്നാൽ തൻറെറ ഇടവകയിൽ കുടിവതി ആയി കുറെ എങ്കിൽ ആറമാസം
ഇരിക്കുന്നവക്കും ഇത്ര ഇരുന്നില്ല എങ്കിലും കുടിവതി ആയി ഇരിപ്പാൻ വന്നവ
ക്കും കുറുവാന കൊട്ടുക്കണം—

എന്നാൽ വരത്തർ ആയി ഇരിക്കുന്നവക്ക് കൊടുക്കണം എങ്കിൽ അവർ എവിടെ ഒള്ള എന്നും മാമ്മൊദീസാ മുങ്ങിയൊ ഇല്ലയൊ എന്നും എത്രനും കുറം ഒണ്ടൊ ഇല്ലയൊ എന്നും വഴിയെ സൂക്ഷിച്ച അറിഞ്ഞെ അവക്ക് കുറുവാന കൊടുക്കാവു—

വിശെഷിച്ച തൻറെറ എടവകയിൽ ക്ലെശക്കാരർ ഒണ്ട എങ്കിൽ വല്യ നൊയമ്പ പിടിക്കും മുൻപിൽ അവക്ക് കുറുവാനകൊണ്ട എങ്കിലും കല്പനകാലത്ത കുറുവാന അവക്ക് കൊടുത്തെ മതിയാവു—

വിശെഷിച്ച തൻറെറ എടവകയിൽ ക്ലെശക്കാരർ മരിക്കും എന്ന തൊന്നിയാൽ ദ്രൊഹം പാരിച്ച ഇരിക്കുന്നതിനെക്കൊണ്ട പള്ളിക്കൽ അവനെ എടുപ്പിച്ചുംകൊണ്ട വരുത്തി കുംപസാരിപ്പിച്ച നല്ല വജനങ്ങളുംകൊണ്ട അവനെ ഒറപ്പിച്ച മെൽ എഴുത്തുപെട്ട പ്രകാരത്തിൽ അവന കുറുവാന കൊടുക്കണം. ക്ലെശം പാരിച്ച ഒട്ടക്കത്തെഒപ്പീശുമാകൊണ്ട ദിഷ്ടതി ആകുംപൊലും അതിനെ വെണം എന്ന വിഗാരി ചൊല്ലിയെക്കണം— അവുടെ തന്നെ കുറുവാന കൊടുത്ത ചെഷം—

വിശെഷിച്ച പിന്നയും നല്ല വജനങ്ങളും അവനൊട പറഞ്ഞ ഒറപ്പിച്ച മെൽ എഴുത്തുപ്പെട്ട വണ്ണം അവൻെററമെൽ റൂശുമായും ചൈത അവനെ യാത്രാക്കണം. ക്ലെശക്കാരക്ക് ഒക്കാനും ഒണ്ട എങ്കിൽ കുറുവാന അവന കാട്ടിക്കൊണ്ട വജനങ്ങളും ചൊല്ലിച്ച ആത്മാവാലെ കുറുവാനകൊണ്ടാൽ മതി ആയിരിക്കും—

ഒൻപതാം സഹാ—

കുറുവാനകൊള്ളുവാൻ ആത്മാവും ദെഹവും എങ്ങനെ സൌഷ്ടം ആക്കെണ്ട എന്നതുംമെൽ—

നൊമ്മടെ ആത്മാവും ശരീരവും പടെച്ച മിശിഹാതംപുരാനെ നൊമ്മടെ ആത്മാവിൽ എഴുന്നെള്ളിക്കയും മുൻപിൽ ആത്മാവും ദെഹവും കൂടെ ശുദ്ധം ആക്കെണം— എന്നാൽ ആത്മാവിലെ ശുദ്ധം വരുത്തുന്നത മുൻപിൽ താൻതാൻ ചൈത പെഴകളെ ഒത്ത തീത്ത വഴിയെ കുംപസാരിക്കുന്നതും മിശിഹാ നമുക്ക വെണ്ടി പാടുപെട്ട മരിച്ച ഉയിത്ത മാനത്തിൽ എഴുന്നെള്ളിയതിനെ നിരുവിച്ച മെകെച്ച എരിയുന്ന സ്നെഹത്താലെ തന്നെ സ്നെഹിക്കുന്നതും ജെഷ്ടൻ അനുജെൻമാരെക്കൊണ്ട വൈരാക്ക്യം നീക്കി അവരൊട നെരക്കുന്നതും തംപുരാനെ ശങ്കിച്ച കുറുവാനെടെ ചുറ്റുംതന്നെ വന്ദിച്ച ഇരിക്കുന്ന മാലാകാമാര പെടിച്ച നടങ്ങപ്പെടുന്നതും കുറുവാന കൊള്ളുവാൻ ആതിയും അറുതിയും ഇല്ലാത്ത അപെക്ഷയും കുറുവാനകൊണ്ട ചെഷം മുട്ടുംകുത്തി അതിൻെററ പെരുമയും ഒത്ത തൻെററ ആത്മാവിൽ പുക്കിരിക്കുന്ന തംപുരാനൊട പ്രാത്തിച്ച വെണ്ടുന്നതും അപെക്ഷിച്ച ഒട്ട നെരം നൊസ്സുരിക്കുന്നതും—

വിശെഷിച്ച ദെഹത്തിന്ന ശുദ്ധം വരുത്തെണ്ടുവത ഇത: വഴിയെ കുളിച്ച പല്ലും നാവും തെച്ച വെഴ്മപെട്ട കുപ്പായം ഇടുന്നതും കുറുവാന കൊള്ളുവാൻ ഇരിക്കുന്ന ദെവസത്തിൽ പാതിര തൊട്ട കുറുവാനകൊണ്ട കൂടൊളവും എതും ഒരു വസ്തു രസിക്കാതെയും അതിൻെററ തലനാൾ നൊയമ്പും നൊററ സാമാന്യം ആയാ നൊസ്സുരിക്കുന്നതിനെകാട്ടിലും എറെ നൊസ്സുരിക്കുന്നതും പെണ്ണുകെട്ടിയവർ കുറുവാനകൊള്ളും മുൻപിൽ മൂന്ന ദിവസം അതിനെ കൊണ്ടാൽ മൂന്ന ദിവസം പിന്നയും അടക്കത്തൊട്ടുകൂടെ യാവെരിക്കുന്നതും കണ്ണുകും അഞ്ചൊട്ടും

ഇങ്ങൊട്ടും തിരിക്കാതെ തംപുരാന്റെറ ശരീരത്തിനെ നൊക്കി ഇരിക്കുന്നതും മീശെടെയും താടിയെടയും തുൻപ കുവാന തൊടാതെ ഇരിപ്പാൻ മുൻപെ ചിതം ആക്കിവെട്ടിക്കുന്നതും—

കുവാനകൊള്ളുന്ന നെരത്ത നാവ കൊറഞ്ഞാന്ന നീട്ടി അതുംമെൽ കുവാനകൊണ്ട പല്ലുകൂംകൊണ്ട കടിക്കാതെയും വെരൽകൊണ്ട തൊടാതെയും ഭക്തിമയൊട്ടുടെ എറക്കുന്നതു. അന്നെരത്ത സ്ത്രീവാടെ അടയാളത്തുംവഴി നെഞ്ചും മെൽ കൈ വൈക്കുന്നതും എററയെ(28a)അതിനെ കൊട്ടുക്കുന്നതും കത്തിതാൻ വല്ലൊര ആയുധം താൻ ഒണ്ട എംകിൽ മുൻപെ അത ഒര ഭാഗത്ത വെച്ചെക്കുന്നതും എറെ ശാല (28) ഇടാതെ ഇരിക്കുന്നതും കുവാന കൊണ്ടാൽ എഴന്നെറ കണ്ണുകൂം താത്തിക്കൊണ്ട മുൻപിൽ മുട്ടുകുത്തിയ എടത്ത പൊയി മുട്ടുംകുത്തി ഇരിക്കുന്നതും —

അപ്പൊയും തന്നെ തുപ്പാതെ ഇരിക്കുന്നതും ഒടൻതന്നെ കഞ്ഞി കുടിക്കാത്തെതും— എന്നാൽ തനിക്കൊള്ള എന്ന വിഗാരിയെടെ കൈയാലെ അല്ലാതെ കുവാന മറെറ ഒര എടത്ത കൊള്ളണം എങ്കിൽ കല്പന കാലത്ത തന്റെറ വിഗാരിയൊട എഴുത്തപെട്ട അനുവാദം വാങ്ങിച്ചെ ആവു—. അത അല്ലാതെ ചൈകിൽ ആറു മാസത്തെക്ക പൊറത്ത നിക്കണം—

എന്നാൽ കല്പന അല്ലാത്ത (കാലത്ത) വല്ല പള്ളിക്കലും ഇ എടവകയിലെ വല്ല കുവാന പട്ടക്കാരുടെ കൈയാലയും കുവാന കൊള്ളാം—

വിശെഷിച്ച വിഗാരിയെടെ കുറംകൊണ്ട കുവാന കൊള്ളാതെ ക്ലെശക്കാരൻ ആരാനും മരിക്കിൽ ഒര മാസത്തെക്ക തന്റെറ അമിശം മുടങ്ങി. ആ മാസത്തിലെ മാസപ്പടി വാങ്ങുകയും അരുത—

എന്നാൽ ക്ലെശം നൊക്കുന്നവരുടെ കുറംകൊണ്ട എങ്കിൽ മുപ്പത്തരണ്ട പണം കഴിവ ചൈയിയെണം അനന്തരവര. കുവാന ഉഷിച്ച വെണ്ടാ എന്ന ചൊല്ലി എന്ന വരികിൽ ശുദ്ധമാന നെലത്ത അടക്കുകയും അരുത. ശെഷം ക്രീകൈയും ചൈകയും അരുത—

പത്താം സാഹാ—
കുവാന ചൈയുന്നതുംമെല്യാ അതിനെ ചൈയ്യാത്ത പട്ടക്കാരരിടെമെല്യും—

കുവാന പട്ടക്കാരർ പല പ്രകാരത്തിൽ കുവാന ചൈയുന്നതിനെക്കൊണ്ട ഇ എടവകയിൽ അനെകം കൊഴപ്പം ഒണ്ട—

അപ്പളൊ അങ്കമാലിക്കെലെ രണ്ടാം സുനഹാദൊസിൽ നൊം കല്പിച്ചു തന്നായിൽ എഴുത്തപെട്ടപൊലെ കുവാന ചൈയണം കത്തങ്ങും എല്ലാവരും. (29) ചൈത ഇല്ലുംകിൽ കുവാന ചൈയരുത എന്ന അവക്ക വൈക്കണം—

28a & 28. വ്യത്യസ്തമായ കൈയക്ഷരം; ശരിയായ പാഠം നിശ്ചയിക്കാൻ കഴിയുന്നില്ല.

29. ഉദയമ്പേരൂർ സൂനഹദോസു കർബാനക്രമത്തിൽ നിരവധി പരിഷ്കാരങ്ങളും ഏർപ്പെടുത്തിയിരുന്നല്ലോ. റോസു മെത്രാൻ ആ പരിഷ്കാരങ്ങളിൽ പലതും റദ്ദാക്കി എന്നു ഊഹിക്കാൻ കഴിയുന്നു. റോസു നടപ്പിലാക്കിയ കർബാനക്രമത്തെക്കുറിച്ചു ബിഷപ്പു ബ്രൗൺ നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണു: '....This agrees with Addai and Mari more closely than that printed by Gouvea' Brown, Page 282. മെനേസിസു പരിഷ്കരിച്ച കർബാനക്രമമാണു ഗ്രുയാ പ്രസിദ്ധീകരിച്ചതു. മാർ ആദായി മാർ മാരി എന്നിവരുടെ പേരിൽ അറിയപ്പെടുന്ന കർബാനക്രമമാണു ഉ. സൂനഹദോസിനുമുമ്പു കേരളത്തിൽ നിലവിലിരുന്നതു.

വിശെഷിച്ച ഞാറാഴ്ചകളിലും പെരുനാളുകളിലും കുവാന ചൈത ഇല്ല എ
ങ്കിൽ ചൈയ്യാത്ത ഒരൊരൊ ദിവസത്തിൽ രണ്ട പണം കഴിവ ചൈയണം —

എന്നാൽ തങ്ങംക്ക കുവാന ചൈയിവാൻ വശമല്ലാത്ത പക്ഷത്തിൽ
ചൈയാം എന്നവരെക്കൊണ്ട ചൈയിപ്പിക്കണം —

എന്നാൽ പട്ടക്കാരുടെ യൊഗം ഒള്ള എടത്ത ഞാറാഴ്ചകളിലും പെരുനാളു
കളിലും റാസ കുവാന ചൈതെ മതിയാവു വിഗാരിമാർ—

എന്നാൽ കുവാന ചൈവാൻ അനുവാദം ഒള്ള വിഗാരിമാർ അല്ലാത്ത ക
ത്തങ്ങം ഞാറാഴ്ചകളിലും വല്യപെരുനാളുകളിലും കുവാന ചൈയ്യായികിൽ
അവക്ക ഒള്ള അനുവാദം മാറണം—

എന്നാൽ ലൊകരുടെ കുവാന ചിറാഴ്മക്ക നിക്കുന്ന ശെമ്മാശെൻമാര
കുവാനകൊണ്ടെ മതിയാവു. ചൈതില്ല എങ്കിൽ തങ്ങടെ ഒപകരി കൊട്ടക്കരു
ത അവക്ക—

വിശെഷിച്ച കൊറെ എങ്കിൽ തിങ്ങളിൽ ഒരിക്കൽ കുവാനകൊണ്ടെ മ
തിയാവു കുവാന ചൈയ്യാത്ത കത്തങ്ങളും ശെഷം പട്ടക്കാരും. ചൈതില്ല
എംകിൽ കത്തങ്ങടെ ഒപകരി കൊട്ടക്കരുത അവക്ക —

വിശെഷിച്ച കത്തങ്ങം ആയതിൽ ലത്തിൻ കുവാന ചൈവാൻ മനസ്സ
ഒണ്ടെങ്കിൽ മെത്രാനൊട ചൊതിച്ചെ ആവു—

എന്നാൽ സുറിയാനിയിൽ നൊം പെത്ത ലത്തിൻ കുവാന ചൈവാൻ അ
പെക്ഷ ഒള്ളവര ലൊകക്ക കുവാന ചൈയുന്നത അല്ലാതെ ചൈയാം —

എന്നാൽ മറെ ഒര എടവകയിൽ ചെന്ന കുവാന ചൈയരുത ആക്കും നൊ
മ്മടെ കട്ടതാശ്രം തങ്ങം പൊകുന്ന എടവകെടെ മുപ്പന്റെറ അനുവാദം കൂടാതെ–

വിശെഷിച്ച നമ്മുടെ എടവകെടെ പട്ടക്കാരൊട അനെകരം നന്മ ചൈയു
ന്ന പ്രത്തുക്കാൽ രാജാവിനെ കുറിച്ച ഒരൊരൊ തിങ്ങളിൽ മുൻപിലത്തെ ഞാറാ
ഴ്ച കുവാന ചൈയെണം വിഗാരിമാർ എല്ലാവരും —

എന്നാൽ കുവാനെക്ക ചിറാഴ്മക്ക നിക്കുന്നത മാലാകമാരുടെ പ്രവൃത്തി
ആകുന്നതിനെക്കൊണ്ട ശമ്മാശെൻമാരും കുവാന ചൈയ്യാത്ത കത്തങ്ങളും കു
വാനെക്ക ചിറാഴ്മക്ക നിപ്പാൻ മടിക്കരുത —

വിശെഷിച്ച പടിക്കുന്ന ശെമ്മാശെൻമാരും പടിക്കാത്തവരും അപ്പൊം
അപ്പൊഴെക്ക തമ്മിൽ പകന്ന കുവാനക്ക ശിറാഴ്മക്ക ചിലർ നിക്കുംപൊം
മറവർ പടിപ്പാൻ പൊകണം —

എന്നാൽ ചെമ്മാശ ഇല്ല എന്നതിനെക്കൊണ്ട കുവാന ഒര എടത്തും മുട
ക്കെരുത – എന്നാൽ ഇതിന്ന മടി ഒള്ള ചെമ്മാശെൻമാക്ക ഒപകരി കൊട്ടക്കരുത–

എന്നാറൽ ആറ പട്ടക്കാരർ അല്ലാത്തവക്ക ഉറാറ ഇടെരുത – വിശെഷിച്ച
അഞ്ച പട്ടക്കാരർ അല്ലാത്ത ചെമ്മാശെൻമാരെക്കൊണ്ട പീലാസ എങ്കിലും കൈ
ത്താന എങ്കിലും തൊടിക്കരുത കുറവാനെക്ക നിക്കുംപൊം –

എന്നാൽ പള്ളികം അല്ലാത്തെടത്ത തൃണൊസ ഒണ്ടാക്കി കുവാന ചൈ
യാരുത ആക്കും ഇ എടവകയിൽ എന്ന അറിയണം – എന്നാൽ ഒരു വിശെഷത്തി
ന്ന നസ്രാണികം പലരും കൂട്ടുന്ന എടത്ത മലെയാളരും വിശ്വാസം ഇല്ലാത്ത
വരും കാണാത്തവണ്ണം യൊഗ്യത്തൊട്ടുടെ ഇതിനെ ചൈയണം —

വിശെഷിച്ച കുറുവാന ചൈയ്ന്ന നെരത്ത ഒട്ട എറയും അതിനെ പൊക്കം പൊം ഒന്നുകിൽ വാതുക്കൽ നിക്കുന്നവരെ യാത്രാക്കണം മാമ്മൊദീസ ഇല്ലാത്തവരെ. അത അല്ല എങ്കിൽ വാതിൽ അടെക്കണം – വിശെഷിച്ച കാഴ്ച വെച്ചതിൽ പിന്നെ ശ്രീഹായും ഏവൻഗെലിയൊന്നും വായിക്കുന്നത എത്രയും അറിവില്ലായിക എന്ന അറിഞ്ഞ നൊമ്മടെ തങ്കായിൽ എഴുത്തുപെട്ടപൊലെ കത്തങ്ങം എല്ലാവരും കുറുവാന ചൈയണം —

പതിനൊന്നാം സഹാ —

കുംപസാരം എന്ന കൂദാശമെൽ

കുംപസാരം എന്ന കൂദാശെനെ മിശിഹാ കല്പിച്ചതിൻെറ അവകാശം ആയത മാമ്മൊദിസ മുങ്ങിയതിൽ പിന്നെ നൊം പിഴക്കുന്ന പെഴകെംക്ക പൊറുതി ഒണ്ടാവാൻ —

എന്നാൽ മുങ്ങിയതിൽപിന്നെ ചാവദൊഷം പെഴെക്കാത്തവർ കുംപസാരിച്ചാൽ തൈപൂസാടെ എററം ഒണ്ടാകുന്നത —

അപ്പളൊ കുംപസാരിക്കുന്ന പെഴകെം ഇ കൂദാശെടെ സാധെനം ആകുന്നത. 'ബാവാടയും പുത്രൻെറയും റൂഹാദക്കുദശടയും നാമത്താൽ നിൻെറ പിഴകളിൽ നിന്ന നിന്നെ അഴിക്കുന്നെൻ' എന്ന ചൊല്ലുന്നത കാതെൽ ആകുന്ന അതിൻെറ വജനങ്ങം —

വിശെഷിച്ച ഇ കൂദാശ മുഴവൻ ആകുവാൻ കുംപസാരിക്കുന്നവൻെറ പക്കൽ മൂന്ന വസ്തുക്കം ഒണ്ടായെ മതിയാവു. താൻ ചൈത പെഴകുംമെം മനസ്സിലെ നൊൻപരം - രണ്ടാമത – താൻ ചൈത ചാവദൊഷങ്ങം ഒക്കയും അനുവാദം ഒള്ള പട്ടക്കാരെനൊട മൂടൽ കൂടാതെ ചൊല്ലുന്നതും – മൂന്നാമത – പട്ടക്കാരൻ കല്പിച്ച പ്രായശ്ചിത്വം തെകെക്കുന്നതും —

എന്നാൽ പെഴകുംമെൽ നൊൻപരം രണ്ട പ്രകാരത്തിൽ ആകുന്നു. ഒന്നാമത – തംപുരാനെ കുറിച്ചും താൻ നൊമ്മൊട ചൈത നന്മകളെകുറിച്ചും പെഴകുംമെൽ നൊൻപരപെട്ടന്നത – എന്നാൽ മുഴവൻ ആയത ഇത. പ്രവൃത്തികൊണ്ട കുംപസാരിപ്പാൻ എത്തില്ല എംകിൽ ഇത മതി നല്ല വഴിയിൽ കൂട്ടുവാനും തൈപൂസാ കിട്ടുവാനും —

എന്നാൽ നരകം പെടിച്ചിട്ടും വല്ലായ്മയും സങ്കടവും പെഴകളാലെ വരുന്ന എന്നിട്ടും പെഴകുംമെൽ നൊൻപരപ്പെടുന്നത മുഴവൻ അല്ലാത്തത ആയത. കുംപസാര കൂടാതെ ഇനൊൻപരം പൊരാ പെഴകും പൊവാൻ – അപ്പളൊ പെഴകുംമെൽ ദുഃഖിച്ച മെലിലെക്ക പെഴക്ക ഇല്ലുന്ന മനസ്സ ഒറച്ചുംകൊണ്ട വെണം കുംപസാരിപ്പാൻ —

എന്നാൽ കുംപസാരിക്കുന്നതിൻെറ അത്തും ആയത ഇത: ചൈത ചാവദൊഷങ്ങളും ചാവദൊഷത്തിൻെറ വക്കും അതിനെ കനത്തുന്ന പ്രകാരങ്ങളും അതിൻെറ കൈക്കണക്കും പെഴ ഒന്നും ഇട്ടെക്കാതെ ചൊല്ലിയെ മതിയാവു എന്നത. ഇതിന്ന കുംപസാരിക്കും മുൻപിൽ പെഴകും ഒക്കണം വഴിയെ, ആണ്ടിൽ ഒരിക്കൽ കുംപസാരിക്കുന്നവർ രണ്ട ദിവസം മുൻപിൽ. അടുക്കെ കുംപസാരിക്കുന്നവർ അതിന്ന വെണ്ടുന്ന നെരം ഒണ്ടാക്കണം – തങ്ങം ചൈത പെഴ

കംവഴിയെ ഒപ്പാൻ – വിശെഷിച്ച പട്ടക്കാരർ കല്പിക്കുന്ന പ്രാച്ചീതം കാലം വൈകാതെ തെകക്കണം നൊയമ്പ എങ്കിലും നൊസ്സാരം എങ്കിലും ദമ്മം എങ്കിലും കുംപസാരിപ്പിക്കുന്ന പട്ടക്കാരനൻറെ കല്പനക്ക തക്കവണ്ണം. വിശെഷിച്ച ഇത കൊണ്ടതന്നെ അല്ലാ നൊമ്മുടെ പെഴകുംക്ക പ്രാച്ചീതം ചൈയാം പിന്നെയൊ നന്മ ആയാ ചെഷം പ്രവൃത്തികെംകൊണ്ടും —

ക്ഷെമയൊട്ടുടെ അപ്പൊളെ അപ്പൊളെ നമുക്ക ഒണ്ടാകുന്ന സങ്കടങ്ങം പൊറുക്കുന്നതകൊണ്ടും – എന്നാൽ മിശീഹാ നമുക്ക വെണ്ടി പാട്ടപെട്ട മരിച്ചതിനാലെ കുംപസാര എന്ന ഇ ക്രുദാശയാലെ പെഴകളുടെ പൊറുതി നമുക്ക ഒണ്ടാകുന്നു —

(30).....സാഹാ

കുംപസാരിപ്പിക്കുന്ന പട്ടക്കാരക്ക എന്ത എല്ലാം വെണ്ടവത എന്നതുംമെൽ —

കുംപസാരിപ്പിക്കുന്ന പട്ടക്കാരക്ക അഞ്ച വസ്തുക്കം കൂടിയെ മതിയാവു – ഒന്നാമത – അനുവാദം – രണ്ടാമത – അറിവ – മൂന്നാമത–ചമത്ത – നാലമത – പുണ്ണ്യം - അഞ്ചാമത – രഹസ്സ്യം – അനുവാദം എന്ന പറഞ്ഞത ആയത കുറുവാനപട്ടം എറെറ ചെഷം മെത്രാൻറെറ പ്രമാണം കൂടിയെ മതിയാവു കുംപസാരം വാസ്ഥം ആകെണം എങ്കിൽ —

എന്നാൽ നമ്മുടെ എടവകയിൽ ഒള്ളവരെ കുംപസാരിപ്പിപ്പാൻ അനുവാദം ഒള്ള പട്ടക്കാരർ ആകുന്നത നമ്മുടെ വിഗാരിമാർ എല്ലാവരും എഴുത്തുപെട്ട നമ്മുടെ പ്രമാണം ഒള്ള കത്തങ്ങളും മലങ്കരെടെ എടവകയിൽ നിക്കുന്ന സംപാള പാദ്രീമാരും കൊച്ചിലെ വീസ്തിൻറെറ പ്രമാണ ഒള്ള നമ്മുടെ നസ്രാണികും ആകുന്ന പാദ്രിമാരും (31)

എന്നാൽ പ്രാതികളും ശെഷം പട്ടക്കാരും (32) നമ്മുടെ എടവകക്കാരെ കുംപസാരിപ്പിക്കണം എങ്കിൽ ത്രെന്തൊസ എന്ന സൂനഹാദൊസുകൽ നമ്മുടെ മുന്നൽവന്ന അവരൊട പടിത്തം ചൊതിച്ചെ ആവു – വിശെഷിച്ച അൻപത നൊയമ്പിൽ എങ്കിലും ഇത അല്ലാത്തെ കാലത്തിൽ എങ്കിലും തൻറെറ തൻറെറ വിഗാരിയൊട കുംപസാരിക്കുന്നത പള്ളിയുടെ മരിയാതി ആകുന്നു. ഇത അല്ല എങ്കിൽ തൻറെറ വിഗാരിയൊട അനുവാദം മെടിച്ച മുൻപിൽ എഴുത്തപെട്ട മറവരൊട കുംപസാരിക്കുന്നതും —

എന്നാൽ താനും വിഗാരിയും ശരതം അല്ല എന്ന വരികിൽ – അയാളൊട കുംപസാരിപ്പാൻ അനുവാദം മെടിച്ചെ മതിയാവു – എന്ന ഇല്ല. നാം അവക്ക അനുവാദം ചൈത കിടക്കുന്നു —

---

30. 'പന്ത്രണ്ടാം സാഹാ' എന്നായിരിക്കണം.

31. യൂറോപ്യന്മാർ നടത്തിയിരുന്ന സെമിനാരികളിൽനിന്നു പഠിച്ചിറങ്ങിയ മാത്തോമ്മാക്രിസ്ത്യാനികളായ വൈദികരെ സ്വന്തം ഇടവകകളിൽ സ്വീകരിക്കാൻ മാത്തോമ്മാ ക്രിസ്ത്യാനികളും വിസമ്മതിച്ചു, അവരിൽ പലരും കൊച്ചീ ശ്രുതയിൽ അഭയം തേടി. അക്കൂട്ടരെയാണു ഇവിടെ പരാമർശിക്കുന്നതു.

32. ആരാണീ പ്രാതികളും? ഫ്രാൻസിസ്കൻ വൈദികരായിരിക്കാം. Frater (= Brother) എന്ന ലത്തീൻ പദത്തിൻറെറ മലയാള തദ്ഭവം. സന്യാസികളും

എന്നാൽ കുംപസാരിച്ചെ മതിയാവു എന്ന – ആണ്ടിൽ ഒരിക്കൽ തങ്ങടെ വിഗാരിമാർ അല്ലാത്തവരൊട കുംപസാരിച്ചാൽ തങ്ങളെ കുംപസാരിപ്പിച്ച പട്ടക്കാരരുടെ കുറി തങ്ങടെ വിഗാരിമാക്ക കാട്ടി ഇല്ല എങ്കിൽ കുംപസാരിക്കാത്തവരൊട യാവരിക്കുംവണ്ണം അവരൊട യാവരിക്കണം –

എന്നാൽ തംപുരാന്റെറ എടത്ത ഇരിക്കുന്ന കുംപസാരിപ്പിക്കുന്ന പട്ടക്കാരർ പള്ളിക്കൽ അല്ലാതെ മററ ഒര എടത്ത കുംപസാരിപ്പിക്കരുത നാലക്ക അറിവാൻ ദിഷ്ടതി ഇല്ല എങ്കിൽ –

എന്നാൽ ചമയപുരയിൽ എന്നതാൻ പള്ളിയുടെ തട്ടെങ്കിൽ എന്നതാൻ മട്ട ബഹായിക്ക അകത്ത എന്നതാൻ മറയിൽ എന്നതാൻ കുംപസാരിപ്പിക്കരുത പെണ്ണുങ്ങളെ. പിന്നെയൊ പള്ളിയിൽ തന്നെ എല്ലാവക്കും കണ്മാൻ തക്ക എടത്തിൽ. പറയുന്നത കെംക്കായിവാൻ ലൊകരെ അകൈറുകയും വെണം —

വിശെഷിച്ച കുംപസാരിപ്പിക്കുന്ന പട്ടക്കാരർ ഒര വെള്ളക്കുപ്പായവും തൊപ്പിയും ഇട്ട കസെറമെൽ ഇരിക്കണം. തൻെററ എടത്തും കുംപസാരിപ്പിക്കുന്നവരുടെ എടത്തും ഒര പലക നിറുത്തണം നാലമുളം പൊക്കമുള്ളത —

വിശെഷിച്ച തമ്മിൽ തമ്മിൽ പറയുന്നത കെംപ്പാൻ നടുവിൽ അവുടെ അവുടെ ചെതത്തൊട്ടുടെ തൊളച്ച ഇരിക്കണം —

വിശെഷിച്ച അങ്ങ പുറത്ത മുട്ടുകുത്തി ഇരിക്കുന്ന കുംപസാരിക്കുന്നവര ചാരി ഇരിപ്പാൻ ചെതം ഒരുക്കണം മരം കൊണ്ട പലകമെൽതന്നെ — (33 വിശെഷിച്ച അവക്ക കാണ്മാൻ തക്ക കുരിശുംമെൽ പതിക്കപ്പെട്ട മിശി) ഹാടെ രൂപം പലകമെൽ പതിക്കപ്പട്ട ഇരിക്കണം —

വിശെഷിച്ച അറിവ എന്ന പറഞ്ഞത ആയത വിശ്വസിച്ചെ മതിയാവു എന്ന പ്രകാരങ്ങളും പള്ളിയെടെ കല്പനകളും അഞ്ചും തലപ്പട്ട ദൊഷങ്ങളും ഏഴും അതിൻെററ വഗ്ഗങ്ങളും തരങ്ങളും ക്രൂദാശകളും ഏഴും മഹറൊൻ ഒള്ള പെഴകളും തനിക്ക പൊക്കെരുതാത്തതും പൊക്കാം എന്നതും പാപദൊഷമെന്നും ചാവദൊഷമെന്നും ഈ ക്രൂദാശെടെ വജനങ്ങളും കുംപസാരിപ്പിക്കുന്നവരെ ബൊധിപ്പിപ്പാൻ തക്കതും അറിഞ്ഞെ മതിയാവു കുംപസാരിപ്പിക്കുന്ന പട്ടക്കാരർ —

വിശെഷിച്ച ഇത എല്ലാം അറിയാതെ കുംപസാരിപ്പിക്കുന്നവര തങ്ങടെ ആത്മാവിനും തങ്ങളൊട കുംപസാരിക്കുന്നവരുടെ ആത്മാവുകളെയും മുടിച്ച നരകത്തിൽ കളെക ചൈയുന്നത —

എന്നാൽ ചമത്ത വെണമെന്ന പറഞ്ഞതിൻെററ പൊരുൾ ആകുന്നത ക്രമത്തും വഴി ചൊതിക്കുന്നതും പെഴച്ചതുംമെൽ പെഴയാളക്ക ദുഃഖവും കൈവും വരുത്തുന്നതും മെലിലെക്ക പെഴക്ക ഇല്ലുന്നതുംമെൽ ഒറപ്പും ആറാം പ്രമാണത്തുംമെൽ (33A) ചൊതിക്കെണ്ടിവരുംപൊൾ ചെതവും വെടിപ്പും ഒള്ള വജനങ്ങൾകൊണ്ട ചൊതിക്കുന്നതും തൻെററ ആത്മാവിനു ദൊഷം തട്ടായിവാൻ സൂക്ഷിക്കുന്നതും പെഴകളുടെ കനത്തിനും ആത്തരത്തിനും തക്കവണ്ണം അറിവൊടുംകൂടെ പെഴയാളൻെററ ശക്തികണ്ട പ്രാച്ചിത്തം കൊടുക്കുന്നതും —

വിശെഷിച്ച പുണ്ണ്യംവെണം എന്ന പറഞ്ഞത ഇത. കുംപസാരിപ്പിക്കുന്ന പട്ടക്കാരർ ചാവദൊഷം കൂടാതെ ഇരിക്കുന്നത. ഈ എന്തെ— ചാവദൊഷത്തൊട്ടുകൂടെ കുറുവാന ചൈയ്യുന്ന പട്ടക്കാരർ ചാവദൊഷപ്പെടുന്നു എന്നതിനെ

---

33. കുമ്പസാരക്കൂടിൻെറ വിവരണം.

33A. പത്തു കല്പനകളിൽ ആറാമത്തേത്: 'നീ വ്യഭിചാരം ചെയ്യരുത്' എന്ന കല്പന

ക്കൊണ്ട— വിശെഷിച്ച ഇ വജനംകൊണ്ടും പ്രവൃത്തികൊണ്ടും നല്ല വഴി കാട്ടെണം പെഴയാളക്ക് കുംപസാരിപ്പിക്കുന്ന പട്ടക്കാരർ.

രഹസ്യം എന്ന പറഞ്ഞത ഇത. കുംപസാരിപ്പിക്കുന്ന നെരത്ത കെട്ടതിൽ പെഴകും ഒന്നും നെഴലാക്കരുത ഒരുത്തരൊട്ടും ഒരുനാളും— എന്നാൽ കുംപസാരിച്ച അവനൊട അതിൽ പിന്നെ എതാനും പറയെണ്ടുവത ഒണ്ട എങ്കിൽ അവനൊട അനുവാദം മെടിച്ചെ ആവു—

വിശെഷിച്ച തനിക്ക പൊക്കെരുതാത്ത പെഴ പൊക്കുവാൻ അനുവാദം മെല്പട്ടക്കാരരൊട മെടിക്കുംപൊം ആം തിരിപ്പാൻ വശം അല്ലാത്തവണ്ണം മെല്പട്ടക്കാരരൊട പറയണം—

വിശെഷിച്ച കുംപസാരിച്ച പെഴകളിൽ അസാരം ആയ ഒര പെഴ എങ്കിലും വെളിച്ചപ്പട്ടത്തണം പട്ടക്കാരർ വജനംകൊണ്ട എങ്കിലും അടയാളംകൊണ്ട എങ്കിലും ഒരു നാളും തന്നെറ അമിശം പ്രവൃത്തിപ്പാൻ വശം അല്ലാ—

വിശെഷിച്ച റമ്പാൻമരുടെ അകത്തുട്ട പൊറത്ത പൊറപ്പെടാതെകണ്ട മരിപ്പൊളം ഇരിക്കയും വെണം—

പതിമ്മൂന്നാം സാഹാ—
കുംപസാരിക്കണമെന്ന പള്ളിയുടെ പ്രമാണത്തുംമെൽ—

മാർതൊമ്മ നസ്രാണികും മലയാളരുടെ എടയിൽ വ്യാപരിക്കുന്നതകൊണ്ട അപ്പൊളെ അപ്പൊളെ ആവെലാതിപ്പട്ട വെണ്ടുന്നനെരത്ത കുംപസാരിപ്പാൻ അവക്ക വെഷമം പെരികെ ഉണ്ട എന്നതിനെകൊണ്ട ഇ എടവകയിൽ കല്പിച്ചിരിക്കുന്ന വണ്ണം ദുഃഖത്തക്ക വെണ്ടുന്ന പ്രായം ആകുന്ന ഏഴ വയസ്സിൽ മിതെ ഉള്ള നസ്രാണികും എല്ലാവരും ആണുംപെണ്ണും ചെറിയവരും വല്യവരും വെലപ്രവൃത്തിഎട്ടുക്കുന്നവരും ആണ്ടിൽ ഒരിക്കൽ അമ്പതനൊയമ്പ തൊടങ്ങുന്ന ദെവസം തൊട്ട പുതുഞാറാഴ്ചക്ക അകത്ത അടക്കമെ എല്ലാവരും കുംപസാരിച്ചെ മതിയാവു—

എന്നാൽ ഇ പറഞ്ഞ എടക്ക കുംപസാരിപ്പാൻ എത്താത്തവർ അൻപതാം പെരുനാൾക്ക അകത്ത കുംപസാരിച്ചെ മതിയാവു. ഇത ചൈതില്ല എങ്കിൽ കൂവാനകൊണ്ട എഴുത്തുപെട്ടപൊലെ ആവണ്ണം ഇ പറഞ്ഞ എടക്ക കുംപസാരിക്കാത്തവക്ക മഹറൊൻ ഉണ്ട എന്ന അവരെ തിരിച്ച വിളിച്ച ചൊല്ലണം വിഗാരി അൻപതാം പെരുനാൾ കഴിഞ്ഞ ഉടൻ തന്നെ—

എന്നാൽ പതിനാല വയസ്സ തെകയാത്തവക്ക മഹറൊൻ തട്ടെരുതതാനും. ഇവണ്ണംതന്നെ എഴും പെരികെ അറിയപ്പൊകാത്തവക്കും—

എന്നാലും ഇ പതിനാലവയസ്സ എത്താത്തവരും ഇ പറഞ്ഞ ഈ മൂടൻമാരും പൊറത്ത നിക്കയും വെണം—

എന്നാൽ കുംപസാരിച്ചാൽ അവരെ അകത്ത കൊള്ളാം വിഗാരിമാക്ക— വിശെഷിച്ച കുംപസാരിക്കാഞ്ഞമൂലം മഹറൊൻ എറ്റവർ വിഗാരിമാക്ക അതിനെ പൊക്കിക്കുടുക ഇല്ല—

വിശെഷിച്ച മെത്രാൻ അത്രെ പൊക്കാവു ഇങ്ങനത്ത മഹറൊൻ—

എന്നാൽ കുംപസാരിക്കെണ്ടുന്ന കാലത്ത മറ്റ ഒര എടത്ത ആരാനും പൊയി ഇരിക്കുന്ന എന്ന വരികിൽ മറ്റ എടക്ക ഒടൻ ഇരുപത ദെവസത്തിന്ന അകത്ത

കംപസാരിപ്പിച്ചെ മതിയാവു — അവണ്ണംതന്നെ വരത്തർ ഒണ്ട എങ്കി അവരെ വഴിയെ അറിഞ്ഞു കംപസാരിപ്പിച്ചെ മതിയാവു. അത അല്ല എങ്കിൽ എഴുത്തു പെട്ടപൊലെ തന്നെ മഹറൊൻ അവക്ക് തട്ടം—

എന്നാൽ കംപസാരിക്കാഞ്ഞിട്ട മഹറൊൻ ഏറവർ അറിയുന്ന ജെനങ്ങം ആകിൽ എട്ട പണം പ്രാച്ചിതം ചൈയണം അവരുടെ മഹറൊൻ പൊക്കം പൊം—

എന്നാൽ കംപസാരിക്കാത്ത വെള്ളാട്ടികം ഒടെയവൻ നാല പണം പ്രാച്ചിതം ചൈയണം—

വിശെഷിച്ച ആണ്ടിൽ ആണ്ടിൽ മകരഞായിറ്റിൽ മൂന്നു നൊയമ്പിൽ വിഗാരിമാര എല്ലാവരും തങ്ങംതന്നെ തങ്ങടെ എടവകയിൽ ഒക്കെ പ്രദെക്ഷണം വെച്ച ഒരൊരൊ വീട്ടിലെ മാമ്മൊദീസ ഉള്ള ശരീരങ്ങം ഒക്കയും എഴുതണം. മുൻപിൽ കംപസാരിച്ച കുറുവാനകൊള്ളുവാൻ തക്കവരെ എഴുതണം. രണ്ടാമത കംപസാരിപ്പാതതന്നെ കുറുവാനകൊള്ളാതെ ഒള്ളവരെ എഴുതിയെ മതിയാവു. വീട്ടിലെ ഉടെയവന്റെറ പെര. രണ്ടാമത കെട്ടിയവന്റെറ പെര. പിന്നെ മക്കടെ പെര. അിന്റെറ ചെഷം വെള്ളാട്ടികടെ പെര—

വിശെഷിച്ച നൊയമ്പിന്റെറ മുൻപിലത്തെ ഞാറാഴ്ചയിലും രണ്ടാമതത്തെതിലും മൂന്നാമതത്തെതിലും വിഗാരിമാർ തങ്ങടെ ലൊകരൊട അറീക്കണം എല്ലാവരും കംപസാരിക്കണം എന്നും കംപസാരിക്കാത്തവക്ക് ഇന്ന കുറ്റം ഒണ്ട എന്നും. ആവണ്ണം തന്നെ ഓശാനഞാറാഴ്ചയിലും പുതുഞാറാഴ്ചയിലും ഇതതന്നെ അറിയിക്കയും വെണം. അറിയിക്കാത്ത വിഗാരിമാരെ മെത്രാൻ കുറ്റപ്പടുക്കയുംവെണം. —

വിശെഷിച്ച കംപസാരിച്ചെ മതിയാവു എന്ന അല്ലാത്ത കാലത്ത ഒട്ട ഏറെയും അമ്പതാം പെരുനാളിലും പതിനഞ്ചനൊയമ്പ വിടുന്നതിലും ഇരുപത്തഞ്ചനൊയമ്പ എന്നതിലും തങ്ങടെ ലൊകര കംപസാരിക്കണം എന്നതുംമെൽ വിഗാരിമാർ ഉത്സാഹിക്കണം— വിശെഷിച്ച തങ്ങടെ എടവകയിൽ ഒള്ള ക്രൈശക്കാരരെ കംപസാരിപ്പിപ്പാൻ വിഗാരി മറക്കരുത അമ്പതനൊയമ്പിൽ—

എന്നാൽ ക്രൈശക്കാരനെ കംപസാരിപ്പിപ്പാൻ വിഗാരിയെനെ വിളിച്ചപ്പൊം വിഗാരിചെല്ലാഞ്ഞു ക്രൈശക്കാരൻ കംപസാരം കൂടാതെ ചത്തു എന്ന വരികിൽ വിഗാരിത്തത്തിൽനിന്ന നീങ്ങണം അപ്പൊംതന്നെ. പെഴക്കതക്കവണ്ണം മെത്രാൻ അവനെ കുറ്റപ്പെടുക്കയും വെണം—

വിശെഷിച്ച ഇതിനെക്കൊണ്ട തന്റെറ എടവകയിൽ ഒള്ള ക്രൈശക്കാരരെ വിഗാരി അറിഞ്ഞെ മതിയാവു. അറിഞ്ഞ ഉടൻ അവരെ ചെന്ന കണ്ട കംപസാരിപ്പിക്കണം. ക്രൈശം അസാരം അത്രെ എന്ന വല്ലവരും തന്നൊട പറഞ്ഞാൽ വിശ്വസിക്കയും വെണ്ടാ. അവണ്ണംതന്നെ മാമ്മൊദിസ ഒള്ള വയിത്ത്യക്കാരൻ അവുഷദം ചൈയും മുൻപിൽ കത്തനാരെ വിളിപ്പിച്ച കംപസാരിപ്പിക്കണം—

എന്നാൽ ദ്രൊഹക്കാരരെ കംപസാരിപ്പിക്കുന്ന കത്തനാര ഒട്ടക്കത്തെ ഒപ്രിശ്രമ ഈവണ്ണം എന്നും അവരെക്കൊണ്ട എൽപ്പിക്കണം—

എന്നാൽ വിഗാരിയെടെ ഉത്സാഹംകൊണ്ട പൊരായിക ക്രൈശകാരൻ കംപസാര കൂടാതെ മരിക്കിൽ വിഗാരിത്തം അല്ലാത്തവണ്ണം ആക്കണം അപ്പൊം തന്നെ മെൽ എഴുത്തുപ്പട്ടപൊലെ—

വിശെഷിച്ച അൻപത നൊയമ്പിൽ മെൽ ചൊല്ല്യവണ്ണം കംപസാരിക്കാത്തവരും മരിപ്പാൻ തൊടങ്ങിയപ്പൊം വിഗാരിയൊട അറിയിക്കാതെ കംപ

സാരം കൂടാതെ മരിക്കുന്നവരും ദൊഷത്തിലും മഹറൊനിലും കെടന്ന ചത്തവരും ഒന്നുപോലെ. ഇങ്ങനത്തവരെ പള്ളിയെട നെലത്ത അടക്കുകയും അരുത. ശെഷം ക്രീയ അവക്ക വെണ്ടി കടത്തുകയും അരുത—

പതിന്നാലാം സാഹാ—

പട്ടക്കാരർ എപ്പൊൾ കുംപസാരിക്കെണ്ടും എന്നും നൊയമ്പിൽ അല്ലാതെ എപ്പൊൾ പിന്നെയും കുംപാസാരിച്ചെമതിയാവു എന്നും—

യൊഗ്യതൊട്ടകൂടെ കുറുവാന കൊള്ളണം എങ്കിൽ തന്നെതാൻ സൂക്ഷിച്ച നൊക്കണം എന്ന പൌലൊസ ശ്ലീഹാ എഴുതിവച്ചതിനാം പക്കം കുംപസാരിച്ചെ കുറുവാന കൊള്ളാവു എന്നു വന്നു. അപ്പളൊ പെഴച്ച നമുക്ക അനെകരും ദുഃഖം ഉണ്ട എങ്കിലും അതിനെക്കൊണ്ട പെഴക്ക ഇല്ല എന്നതുംമെൽ മനസ്സു ഒറച്ച ഇരിക്കിലും കുംപസാരം കൂടാതെ കുറുവാന കൊള്ളരുതതാനും—

എന്നാൽ പട്ടക്കാരുടെ നല്ലതിനും കുറുവാനെടെ യൊഗ്യത്തിനും കുറുവാന ചൈയുന്ന പട്ടക്കാരർ എല്ലാവരും ചുരുങ്ങിട്ട എങ്കിൽ എട്ട ദിവസം കൂട്ടംപൊം കുംപസാരിച്ചെ മതിയാവു—

വിശെഷിച്ച തങ്ങടെ ആത്മാവിൽ ചാവദൊഷം ഒണ്ട എന്നറിഞ്ഞിൽ കുറുവാന ചൈയും മുൻപിൽ കുംപസാരിച്ചെ മതിയാവു – എന്നാൽ തിങ്ങളിൽ ഒരിക്കൽ കുംപസാരിച്ചെക്കണം കുറുവാന ചൈയാത്ത പട്ടക്കാരർ കത്തങ്ങളും ചെമ്മാശന്മാരും ലൊകരുടെ കുറുവാനെക്ക ചുറാഷ്മക്ക നിക്കുംപൊളും—

എന്നാൽ അത അത പള്ളിയെടെ വിഗാരിമാർ ഇതുംമെൽ ശ്രമിച്ച സൂക്ഷിച്ച തൻെറ എടവകയിൽ ഒള്ള പട്ടക്കാരർ ഇതിന്ന ഒത്തവണ്ണം ഇരിക്കാസ്തിൽ മെത്രാനൊട അറിയിച്ച തങ്ങടെ ഒകരി കൊട്ടക്കരുത എന്നവരണം. ഇതിനെക്കൊണ്ട അവുടെ അവുടെ ഇരിക്കുന്ന കുറുവാന ചൈയാത്ത പട്ടക്കാരർ തങ്ങടെ ദെശത്ത ഇരിക്കുന്ന വിഗാരിമാരൊട തിങ്ങളിൽ ഒരിക്കൽ അറീക്കണം തങ്ങം കുംപസാരിച്ചുവെന്ന –

എന്നാൽ ഇരുപത്തഞ്ച നൊയമ്പ വീട്ടുന്ന പെരുനാളുകളിലും പതിനഞ്ചിനും അമ്പത നൊയമ്പിനും ഒട്ട എറെയും വെണം കുംപസാരിച്ച കുറുവാന കൊള്ളുവാൻ കുറുവാന ചൈയാത്ത പട്ടക്കാരർ—

വിശെഷിച്ച മരിപ്പാൻ തൊടങ്ങുംപൊം പ്രമാസം ഒള്ളൊര വഴിക്കൽ പൊവാൻ തൊടങ്ങുംപൊളും പ്രമാസത്തൊട്ട കൂടെ പെറുന്ന സ്ത്രീകം പെറുവാൻ തൊടങ്ങുംപൊളും പ്രമാസം ഒള്ള പടക്കപൊകുംപൊളും കുംപസാരിച്ചെ മതിയാവു—

വിശെഷിച്ച പട്ടക്കാരർ കുറുവാന അല്ലാതെ മററ ഒര കൂദാശെനെ ചൈവാൻ തൊടങ്ങുംപൊം കുംപസാരിക്കണം സംഗതി അതിന്ന ഒണ്ട എങ്കിൽ. ഇല്ല എങ്കിൽവഴിയെ തെറണം –

പതിനഞ്ചാം സാഹ—
മെത്രാന്റെറ അനുവാദം കൂടാതെ പൊക്കെരുതാത്ത പെഴകൾ ഇന്നത എന്നതുംമെൽ—

പല പല പെഴകും ഒണ്ട മെല്പട്ടക്കാരക്ക തന്നെ പൊക്കാവതെ – എന്നാൽ അപ്പൊളെ അപ്പൊളെ മെൽ പട്ടക്കാരരുടെ അവുടെക്ക ചെന്ന അനുവാസം മെടിക്കുന്നത സങ്കടം എല്ലൊ. ഇതിനെക്കൊണ്ട പൊക്കരുതാത്തതിൽ ചെലതിനെ കഴലപെട്ടത്തി ഇതിൽ എഴുതി നമ്മുടെ എടവകയിൽ കുംപസാരിപ്പിക്കുന്ന പട്ടക്കാരർ അതിനെ അറിഞ്ഞ നമ്മുടെ അനുവാദം കൂടാതെ പൊക്കായിവാൻ—

എന്നാൽ അറിവില്ലായ്ക കൊണ്ട എങ്കിലും, അറിവുകൊണ്ട എങ്കിലും അതിൽ എഴുത്തുപെട്ട ദൊഷങ്ങളിൽ പട്ടക്കാരർ ഒര ദൊഷത്തെ പൊക്കി എങ്കിലും പൊക്കിയത വാസ്തം അല്ല എന്ന അറിഞ്ഞ ഇരിക്കണം. അപ്പളൊ മെത്രാന്റെറ അനുവാസം കൂടാതെ ഈ എടവകയിൽ പൊക്കെരുതാത്ത പെഴകും ഇത – ഒന്നാമത – വിശ്വാസത്തൊട മറുത്ത ഏതാനും മനസ്സ അഴിഞ്ഞ വിശ്വസിച്ച പ്രദിജ്ഞയൊട കൂടെ പറയുന്നത – രണ്ടാമത – മൂത്തികളെ സെവിക്കുന്നത – മൂന്നാമത – നാലർ അറിഞ്ഞ തുള്ളിക്കുന്നതും പാടിക്കുന്നതും ചൈയുന്നത – നാലാമത – പറസമാൻ എന്ന പൊസ്തകവും വിശ്വാസത്തൊട മറുത്തൊള്ള ഗ്രന്തങ്ങളും മനസ്സ അറിഞ്ഞ സംഗ്രഹിക്കുന്നത – അഞ്ചാമത – മറാരാനെഅറുകല കൊല്ലുന്നത (35) –ആറാമത – തിന്മ ചൈയെണമെന്ന കല്പിച്ച മറവരുടെ വസ്തുവിനെ ചൂട്ടുന്നത (36). എന്നാൽ ഇ പെഴകുംമെൽ അന്ന്യായപ്പട്ടാൽ ശുദ്ധമാന മാർപാപ്പായിക്കെ ആവു അതിനെപൊക്കുവാൻ–എഴാമത – രണ്ട എടത്ത കെട്ടി ഇരിക്കുന്നത–എട്ടാമത–മഹറൊൻ ഉള്ള പെഴ – ഒൻപതാമത – പട്ടക്കാരുടെ മെത്തലെ കടക്കുന്നത - പത്താമത – വിഗാരിയും സാക്ഷികാരും കൂടാതെ ഒള്ള പെങ്കെട്ട – പതിനൊന്നമത – മെത്രാനൊട മറുത്ത മറുതലിച്ച പന്തികളും കൂറുകളും ഒണ്ടാകുന്നത – പന്ത്രണ്ടാമത – കൂദാശ ഒള്ള വസ്തുവിന വെല വാങ്ങുന്നതും കൊട്ടക്കുന്നതും – പതിമൂന്നാമത – പള്ളിന്നഅമ്പത പണത്തിന്ന തക്കത കുക്കുന്നതും–പതിന്നാലാമത–നെന്ന നെച്ചുകും പകത്തുന്നതും അഴിക്കുന്നതും പട്ടത്തിന്ന വെണ്ടുന്ന വയസ്സ ആക്കും മുൻപിൽ പട്ടം എംക്കുന്നതും–പതിനഞ്ചാമത - പൊറപ്പിച്ച അപ്പന്റെറ മെൽക്കിട്ടകരെറുന്നതും – പതിനാറാമത – കുംപസാരിപ്പിക്കുന്ന നെരത്ത കുംപസാരിപ്പിക്കുന്ന പട്ടക്കാരൻ എംകിലും കുംപിസാരിക്കുന്ന ശരീരമെങ്കിലും കൂദാശെടെ ശുദ്ധതെയൊട മറുത്ത പറയുന്നതും – പതിനെഴാമത – നാലം കരുന്തലയിലും മൂന്നാമത്തെതിലും വിശെഷിച്ച അതിന്ന മീതെതിലും തമ്മിൽ ചാച്ച് ഒള്ളവര സുല്ലുത്തം ചൈയുന്നത—

എന്നാൽ കുംപസാരിപ്പാൻ വരുന്നവക്ക മനസ്സുകെട തൊന്നായിവാൻ കുംപസാരിച്ച തൊടങ്ങുംപൊം തന്നെ വന്നവരൊട ചൊതിക്കണം ഈ എഴുത്തുപെ

---

35. 'മാമ്മൊദീസ ഒള്ള അവരെ അറുകല കൊല്ലുന്നത' എന്നെഴുതിയിട്ട് 'മാമ്മൊദീസ ഒള്ള അവരെ' എന്ന ഭാഗം വെട്ടിക്കളഞ്ഞിരിക്കുന്നു. വെട്ടിക്കളഞ്ഞിരിക്കുന്നതിനു മുകളിൽ 'മറാരാനെ' എന്നു് എഴുതിയിരിക്കുന്നു. കൈയക്ഷരത്തിനു മാറ്റമില്ല. അടുത്ത കാറ്റ നോക്കുക.

36. 'നസ്രാണികളുടെ വസ്തുവിനെ ചൂട്ടുന്നത' എന്നെഴുതിയിട്ട് 'നസ്രാണികളുടെ' എന്ന പദം വെട്ടിക്കളഞ്ഞിരിക്കുന്നു. തൊട്ടുമുകളിൽ അതേ കൈയക്ഷരത്തിൽ 'മാറവരുടെ' എന്നു് എഴുതിയിരിക്കുന്നു. ഇത്തരം തിരുത്തലുകളും മൂലഗ്രന്ഥങ്ങളുടെ (autographs) സവിശേഷതയാണു്.

ട്ടതിൽ എതാനും തന്റെറ പക്കൽ ഒണ്ടോ ഇല്ലെയൊ എന്ന. ഒണ്ട എന്ന വരികിൽ ഒന്നുകിൽ മെത്രാന്റെറ അറ്യടെ അവനെ അയച്ചുടണം. ഇത അല്ല എങ്കിൽ അവന്റെറ അനുവാസം മെടിക്കണം മെത്രാനൊട പറഞ്ഞ മൂളിപ്പാൻ – എന്നാൽ തിരിച്ച പറയെണ്ട എന്ന വരികിൽ അവനെ കുറിച്ച അയെച്ച പട്ടക്കാർ ആള തിരിപ്പാൻ വശം അല്ലാത്തവണ്ണം മെത്രാനൊട പറഞ്ഞ അനുവാസം മെടിച്ച അ വന്റെറ പെഴ പൊക്കണം.—

എന്നാൽ മരിപ്പാൻ തൊടങ്ങുന്നവക്ക പൊക്കെരുതാത്ത പെഴ ഒണ്ട എങ്കിൽ മെത്രാനൊട ചൊതിപ്പാൻ വശമല്ലാത്ത പക്ഷത്തിൽ അവന്റെറ പെഴകളം പൊ ക്കണം മഹറൊൻ ഒള്ളത എങ്കിലും മുൻപിൽ മുൻപിൽ ക്ലെശക്കാരെന്റെറ അവ ടെക്ക എത്തുന്ന കുറവാന പട്ടക്കാരർ അനെകരം വെലക്ക തങ്ങളംക്ക ഒണ്ട എങ്കി ലും – വിശെഷിച്ച മഹറൊൻ ഒള്ള പെഴ തങ്ങളം അന്നെരത്ത പൊക്കി എങ്കിൽ ദ്രൊഹക്കാരനൊട പറയണം തന്റെറ ക്ലെശം പൊറുത്താൽ മെല്പട്ടക്കാരന്റെറ അവ ടെക്ക ചെന്ന അതിന്റെറ ചൊല്ലും വിളിയും കെംക്കണം എന്ന—

വിശെഷിച്ച കടം വിട്ടാഞ്ഞിട്ട എങ്കിലും ആക്ക്നും ചെതം വരുത്തിട്ട എ ങ്കിലും മഹറൊൻ എറ്റ ഇരിക്കുന്ന ക്ലെശക്കാരൻ എന്ന വരികിൽ പെഴപൊക്കം മുൻപിൽ ചെതവും കടവും വെപ്പിച്ച കൊടുക്കണം. ഇതിന്ന നെരം ഇല്ല എങ്കിൽ താക്ഷികാരരെ നിറുത്തി തന്റെറ അനന്തരക്കാരരെക്കൊണ്ട വിട്ടിക്കണം എന്ന ക്ലെശക്കാരെനെക്കൊണ്ട ചൊല്ലിക്കണം—

എന്നാൽ ആരാനെ കെട്ടാതെ വച്ചിരിക്കുന്ന ക്ലെശക്കാരൻ എന്ന വരികിൽ അവരെ നിക്കുകിലെ പെഴ പൊക്കാവു. ഇതിനെ കുംപസാരിപ്പിക്കുന്ന പട്ടക്കാരർ വഴിയെ അറിവാൻ കുംപസാരം കൊണ്ട എഴുത്തുപെട്ടതിനെ അപ്പൊളെ അപ്പൊ ളെ വായിക്കയും വെണം തങ്ങളംക്ക പൊക്കെരുതാത്ത പെഴകളുടെ പ്രകാരങ്ങളും—

എന്നാൽ പണം തന്നാലും ഞാൻ കുറവാന ചൈവാൻ എന്നും തന്റെറ കടം ഞാൻ വിട്ടുവൻ എന്നും കുംപസാരിക്കുന്നവരൊട പറയാതെ ഇരിക്കട്ടെ പട്ടക്ക രർ—

വിശെഷിച്ച പട്ടക്കാരുടെ കയ്യാലെ കുംപസാരിക്കുന്നവന്ന രഹസ്യം ആ യിട്ട ചെല കടം വിട്ടുവാൻ മനസ്സ എങ്കിൽ ആംതാനും—

എന്നാൽ ഇത്ര തന്ന എന്നും ഇത്ര വാങ്ങി എന്നും കട്ടാശിയിൽ എഴുതി കും പസാരിക്കുന്നവനെക്കൊണ്ട ഒപ്പ ഇടിക്കണം കടം വിട്ടിയാൽ കടം മെടിച്ചുവ നെക്കൊണ്ടും—

പതിനാറാം സാഹാ—

പെഴകൾ പൊക്കുവാനും മഹറൊൻ അഴിപ്പാനും ഒള്ള സ്ലൊസാകൾ—

എന്നാൽ കുംപസാരിപ്പാൻ വരുന്നവര തങ്ങടെ പെഴകളം വഴിയെ ഒത്ത തിന്റെറ ചെഷം പട്ടക്കാരുടെ മുന്നൽ മുട്ടുകുത്തി കണ്ണുകളം താത്തി സവ്വും അറിഞ്ഞ കണ്ട ഇരിക്കുന്ന തംപുരാന്റെറ മുന്നൽ നിക്കുന്ന എന്ന ഒത്ത സ്ലീവാ യും വരച്ച തലയും ചാച്ച ഞാൻ പെഴയാളി എന്ന നമസ്കാരം ചെല്ലണം പാതി യൊളം—

എന്നാൽ വല്യ പെഴ എന്ന ഇ മൊഴി ചൊല്ലികുടിയാൽ അതിൽ നിറുത്തി താൻ ഒത്ത പെഴകളം ചൊല്ലണം—

എന്നാൽ പെഴകും ഒക്കെ ചൊല്ലിക്കൂടിയാൽ ശെഷം മൊഴികും അത കൂട്ട വൊളം തെകെക്കണം—

എന്നാൽ കുംപസാരിക്കുന്നവരൊട വെണ്ടുന്ന വസ്തുക്കും പട്ടക്കാരൻ ചൊതിച്ച പറഞ്ഞചെഷം അവൻറെറമെൽ ഇസ്സൊസാ ചൊല്ലണം—

നെസറാഹം അലൈക്ക ആലാഹാ മസെ ആനിദ കൊൽ തുകദ ശ്രുദ്ധീക്കൻ ചാഹ പെണ്ണ എങ്കിൽ ലെഖ എന്ന ചൊല്ലുക—

കൊലെഹൊൻ ഹത്താ ഹൈക്കനെ ദബറാഖ പെണ്ണ എങ്കിൽ നെദബറെ ഖല ഹൈയെ ദല ആലം—ഉശ്രുക്കാനാ വിശരായാ ഉഹ്ര സായാന്ത മിൻ കൊലഹൊൻ ഹത്താഹൈക്കാ നെത്തെൽലാഖ— ലെഖ മറിയമർസെ അഹിദ കൊൽ വാമ്മറഹമ്മാൻ മാറാൻ ഇശൊമിശിഹാ ദീസവുറ ബ കുമറെ നശറെഖ വെന്ന ബശ്രുൽത്താനെ ദസ്തിഹെ വുലികദ ലാശാ വെനാശാറെ നാലാഖ ലെഖ ലുക്കദംമിൻ കൊൽ കാനൊന എത്താനായ എൻ ദെത്ത ഹദത്ത മ്പഹദ മെനഹൊൻ അഖമന്ത ശല്ലിത്തി വസനിക്ക ലാഖ – ലെഖ തുബൊംമ്പ ശ്രുൽത്താന ഹാനാ എന്നാ ശാറെ നാലാഖ—ലെഖമിൽ ഹത്താഹൈക്ക ശൊംബ ആവാ† റുശ്രുമാ ചൈക അവൻെ(ററ) മെൽ ബവുറാ ഉറുഹാദക്കദശാ— ഹശെന്ത മാറൻ ഇശൊമിശിഹാ ഉശവിയുസാന്ത ശ്രുവാനീസാന്തമറിയും യൽന്തസ ആലാഹാ ബൈസൂലസ അൽമിൻ വദകൊലഹൊൻ കന്തിശെ ഉകന്തീശാ ഉകൊൽ മന്ത താവുന്ത ആവെദ അത്തവദവീശ ദമസൈവറ അത്തതെഹ വൊൻ ലാ ആവു—ലെഖലശ്രുക്കൻ ഹത്താ ഹെവ്ൽ സൈസപ്പ സന്ത തൈബൂസാ ഉലഗറാന്ത ഹൈയെ ദല ആലം ആമ്മെൻ—

എന്നാൽ മഹറൊൻ പൊക്കുവാൻ ഈവണ്ണം 'റാ ഹെം അലൈ ആലാഹാ അഖ തയിബൂസാ' എന്ന മസമൊറാ ശൊല്ലണം—

എന്നാൽ കുംപിട്ടിരിക്കുന്ന അവൻെററമെൽ ഒന്ന തല്പണം പതുക്കെ ഒരൊരൊ പ്പെസഗാമ്മായിക്ക—

എന്നാൽ പെണ്ണ എങ്കിൽ തല്പെരുത. ലൊകർ ഇരിക്കുന്ന എടത്ത കുംപസാരിപ്പിക്കിൽ മഹറാൻ ഒള്ളവനെ തല്പെരുത—

വിശെഷിച്ച 'ശ്രുഹാ' എന്ന ചൊല്ലിയാൻ ആബുൻന്തവശമയ്യ ശൊല്ലുക— അത കൂടിയാൽ ചൊല്ലുക 'പ്രൊക്കമറിയല അവുദാഖ' പെണ്ണ എങ്കിൽ 'അമസാഖ ലാനൈസറമ്പ എൽന്ത വാവാ അലവുബൈറെ ന്ത ആവാലെ ലതക്കെയ്യ മറിയാശമസ്സെസാ– വഗ ആസ ലവാസാ തെഒൻ മാറൻ അമകൊ ഉ അമ്മാഖ ഉ അമ്മൂഹാഖ—ന്നസല്ലെ— ആലാഹ ന്തദിലെ ഹ്മമ്പ കൊലസവൻ മറാഹെപ്പ ബാവുസാൻ കമ്പൻ പലഹാന അവുദാഖ ദൈ ഗസ്സർദീന ന്തഹെമ്മ അസിർ ത്രഹമാനസന്ത തൈബൂസാഖ തെശറെയും മെത്തൊൽ മീശിഹമാറാൻ ആമെൻ. മ്പശ്രുൽത്താനെന്തമാറാൻ ഈശൊമിശിഹാ ഉദശലിഹെ ത്രുവാന പത്രൊസ ഉ പൈലൊസന്ത ത്രുവാന മാർ തൊമ്മാശ്ലീഹാ ത്തുവീവശാറെ നാലാഖ ലെഖമിൻ ഹാൻ ഗസർദീനാന്ത ഹെമ്മദസ്സിർ അത്തബെ ഉമപ്പിനെ നാലാഖ. ലെവുഖാ ലശത്താ പൂസാന്നറാസന്ത ഏത്താ കന്തിസ്സാ അമ്മെൻ ഉലവിയുസ ദമഹൈ മനമ്പശൈം ആവാ† വൈറാ ഉറൂഹാദക്കദശ ആമ്മെൻ—

എന്നാൽ മഹറൊൻ ഏറാവൻെററ സങ്കടം പൊക്കും മുൻപിൽ സാക്ഷിക്കാരെ നിറുത്തി അവനെക്കൊണ്ട സത്യം ചൈയിപ്പിക്കണം— പള്ളിയുടെ കട്ടാഷ്ടക്ക ഒത്തവണ്ണം ഇരിക്കും എന്നത—

വിശെഷിച്ച ആക്ഷാനം ചെതം വരുത്തി എങ്കിൽ മുൻപിൻ ഇത വച്ച കൊടുപ്പിക്കണം. അപ്പൊംതന്നെ കഴിവ ഇല്ല എങ്കിൽ നടുവർ പരം എറ്റ സത്യം ചൈയണം അവനെ കുറിച്ച— എന്നാൽ അവന്റെറ മഹറൊൻ പൊക്കാം—

സെപ്രാ ദസലാസ (37)
ശെഷം കൂദശകെൾമെൽ—

ഒന്നാം സാഹാ—
ഒടുക്കത്തെ ഒപ്രീശ്രമമെൽ—

ഒടുക്കത്തെ ഒപ്രീശ്രമാടെ സാധെനം ആയത— മെത്രാൻ ദുശ്രമ ചൈത സൈത്ത എന്ന—

എന്നാൽ വശനങ്ങടം ഇത: ഒപ്രീശ്രമ ചൈയുന്ന പട്ടക്കാരൻ ഒരൊരൊ സന്തുക്കടം പിന്നെ പൂശ്രംപൊടം ചൊല്ലുന്ന വശനങ്ങടം. ഈ കൂദാശെടെ ഫലം ആയത മരിപ്പാൻ തൊടങ്ങുന്നവന്റെറ ആത്മാവിനെ ഒറപ്പിക്കുന്നതും നൊച്ചത ആക്കുന്നതും അതിനെ പെഴകടം ഒണ്ട എങ്കിൽ പൊക്കുന്നതും തൈബൂസാകൊടുക്കുന്നതും ആത്മാവിന്ന വെണ്ടുന്ന വസ്തുക്കടം എങ്കിൽ ദെഹത്തിന്റെറ ക്ലെശവും കൂടെ പൊറുപ്പിക്കുന്നതും. ഒപ്രീശ്രമ ചൈയെണ്ടുന്ന പട്ടക്കാരൻ വിഗാരി ആയത വിഗാരിയെടെ അനുവാദം ഒള്ള കുറുവാന പട്ടക്കാരർ മറ്റവരും. എന്നാൽ ഒപ്രീശ്രമ ചൈയുന്ന കശീശാ കൂടാതെ മറ്റ ഒര കശീശാ കൂടണം എന്ന മരിയാദിയും പ്രമാണവും ആകുന്നത—

എന്നാൽ കശീശ ഇല്ല എങ്കിൽ ഒര ശമ്മാശ മതി ചിറ്റാഷ്ടുക്ക നിപ്പാൻ. ശമ്മാശ ഇല്ലാത്ത പക്ഷത്തിൽ അല്പെനികടം ദിഷ്ടതി നെരത്ത—

എന്നാൽ പ്രമാസം ഒള്ള ക്ലെശക്കാരക്ക അത്രെ ഒടുക്കത്തെ ഇ ഒപ്രീശ്രമ ചൈയണം— വിശെഷിച്ച ഇ കൂദാശകൊണ്ട മരിപ്പാൻ തൊടങ്ങുന്നവക്ക അനെകരം സാല്പരിയം ഒണ്ട എന്നതിനെക്കൊണ്ട വിഗാരിമാർ സൂക്ഷിക്കണം ഒപ്രീശ്രമ ചൈയാതെ ആരും ചാകായിവാൻ—

എന്നാൽ തനിക്ക ഒള്ള ഉത്സാകം പൊരായ്കകൊണ്ട ഒപ്രീശ്രമ കൂടാതെ ആരാനും മരിച്ച എങ്കിൽ എട്ട പണം കഴിവ ചൈയണം. വീട്ടിൽ ഒടെയവരുടെ മൂലംകൊണ്ട ഈ വണ്ണം മരിച്ചുവെങ്കിൽ പത്ത പണം കഴിവ ചൈയണം അവർ. ക്ലെശക്കാരൻ അതിനെ ദുഷിച്ച വെണ്ടാ എന്ന പൊല്ലി അത കൂടാതെ മരിച്ചുവെങ്കിൽ പള്ളിയെടെ നെലത്ത അടക്കെരുത അവനെ—

എന്നാൽ വിഗാരിയും വിഗാരിയെടെ അനുവാദം ഒള്ള പട്ടക്കാരും ഒപ്രീശ്രമ ചൈവാൻ ഇല്ല എങ്കിൽ കുറുവാന പട്ടക്കാർ വല്ലുവക്കും വെലക്ക ഇല്ല എങ്കിൽ ഒപ്രീശ്രമ ചൈകയും ആം. എന്നാൽ തന്റെറ എടവകയിൽ ഒള്ളവരെ ക്ലെശക്കാരെ വിഗാരി വെണ്ടുവൊളം സാത്ത്യപെട്ട അറിഞ്ഞ അപ്പൊളെ അപ്പൊളെ അവരെ ചെന്ന കണ്ട ഇതിന്റെറ ഗുണം അറിയിച്ച ഇരിക്കണം—

വിശെഷിച്ച ഒപ്രശ്രമ വെണം എന്ന ക്ലെശക്കാരക്ക തന്നൊട അപെക്ഷിപ്പാൻ എത്തിയില്ല എങ്കിലും അവക്ക ബൊധം കെട്ടതിന്റെറ ചെഷം നല്ല

37. സേലാസ = മൂന്നാം സെപ്രാ

വിശ്വാസവും ക്ഷേതിമയും അവക്ക് ഒണ്ടായിരുന്ന എന്ന വരികിൽ ഒപ്രശ്രമ ചൈയണം അവക്ക്— എന്നാൽ ബൊധം കെട്ടംമുൻപിൽ ഒപ്പ്രീശ്രമ ചൈയുന്നത ഏറെ ഫലിപ്പത— വിശെഷിച്ച നാലർ അറിഞ്ഞ ദൊഷത്തിൽ ക്ലെശകാരൻ അകപ്പെട്ട അതിൽനിന്ന തെറും മുൻപിൽ ബൊധം കെട്ട എന്ന വരികിൽ ഒപ്പ്രി ശ്രമ ചൈയെരുത അവന—

എന്നാൽ ബൊധം കെടാതെ പറവാൻ വശം അല്ലാത്ത പക്ഷത്തിൽ താൻ ചൈത പെഴകംമെൽ ആവലാതിയും ദുഃഖവും ഒപ്പ്രിശ്രമ കൈക്കൊള്ളുവാൻ ഒള്ള അപെക്ഷയും കാട്ടന്ന എന്ന വരികിൽ അവൻെറ്റമെൽ ഒപ്പ്രിശ്രമ ചൈയാം—

എന്നാൽ ഒപ്പ്രീശ്രമ ചൈവാൻ പൊകുമ്പൊം അങ്ങാടിക്ക എങ്കിൽ എത്രയും ചെതത്തൊട്ടുടെ പൊണം വിഗാരി. സൂപ്പ്രെശ്രം ഊറാറയും തൊപ്പിയും ഇട്ട സൈത്തിൻെറ്റ കണ്ണ പട്ട ചീലകൊണ്ട മൂടി തൻെറ്റ കൈയിൽ പിടിച്ചിരി ക്കണം വിഗാരി. ഹനാന പാത്രവും തണ്ടില്ലാത്ത കുരിശ്രും ശമ്മാശ പിടിച്ച മിന്നൽ നടക്കണം. എത്രയും വെടിപ്പുള്ള പിഞ്ഞാണത്തിൽ ആറ എഴ പഞ്ഞി ഉണ്ടയും ഒരുത്തരുടെ കൈയിൽ ഒണ്ടായിരിക്കണം പൂശ്രുന്ന എടത്ത തുപ്പാൻ—

എന്നാൽ തക്കായിൽ എഴുത്തുപെട്ടപൊലെ വെണ്ടുന്ന ക്രിയകം കടത്തി യാൽ ക്ലെശകാരൻ കെടക്കുന്ന എടത്ത തലക്കൽ വച്ചെക്കണം കുരിശിനെ. ക്ലെശ കാരനൊട നല്ല വശനങ്ങം പറഞ്ഞ തണുപ്പിച്ചാൽ പിന്നെയും അപ്പൊഴെ അ പ്പൊഴെ അവർ കെടക്കുന്ന എടത്ത ചെന്ന അവരുടെ മനസ്സ ഒറപ്പിക്കണം ആത്മാ വ ദെഹത്തിൽനിന്ന വാങ്ങുവൊളം. ദെശത്തെമെൻത്തു എഴുതിച്ചില്ല എങ്കിൽ താക്ഷികാരരെ നിറുത്തിക്കൊണ്ട എഴുതിപ്പിച്ച കടങ്ങളും വീട്ടിച്ച തൻെറ്റ ആത്മാവിനെകുറിച്ച കുറുവാന ചൈയിപ്പിപ്പാൻ തിരിച്ച നല്ല വഴിയിൽ ആക്കി യെക്കണം ഇവനെ. ഇത എന്തൊ? അപ്പൊഴം ചെതപ്പട്ട എങ്കിൽ എന്നന്നെക്കും ചെതപ്പട്ടം, നെടി എങ്കിൽ എന്നന്നെക്കും നെട്ടം. എന്നതിനെക്കൊണ്ട വിഗാരി മാർ തങ്ങടെ എടവകയിൽ ഒള്ളവരെ ഒട്ടക്കം നെരത്ത വെണ്ടുവൊളം തൊണ ക്കണം—

എന്നാൽ പൂശ്രുന്ന എടം തുക്കുന്ന പഞ്ഞി ചുട്ട മാമ്മൊദിസ വെള്ളം വീത്തു ന്നെടത്ത അതിനെ ഇടണം—

രണ്ടാം സാഹാ

പട്ടമെന്ന ക്രുദാശമെൽ

ഇ ക്രുദാശെടെ സാധെനം ആയത അപ്പസ്സൊപ്പാ പട്ടം കൊടുക്കുന്നവക്ക തങ്ങടെ പട്ടത്തിന്ന വെണ്ടുന്ന ഉരുവ വഴങ്ങുന്നത. പിലാസമെൽ ഒസ്സിയും കാ ന്ധായിൽ വിഞ്ഞും വിഴത്തി അത രണ്ടും കുറുവാന പട്ടം മെടിക്കുന്നവൻെറ്റ പ ക്കൽ വഴങ്ങുന്നത കുറുവാന പട്ടത്തിൻെറ്റ സാധെനം ആകുന്നത. വചനങ്ങം ആകുന്നത അതിനെ വഴങ്ങുംപൊം അപ്പസ്സൊപ്പാ ചൊല്ലുന്നത. ഈ വണ്ണം തന്നെ ഒരൊരൊ പട്ടത്തിന്ന വെണ്ടുന്ന കരുവി വഴങ്ങുന്നതും അന്നെരത്ത മെല്പട്ടക്കാ രൻ ചൊല്ലുന്നതും. പട്ടത്തിൻെറ്റ ഫലം ആകുന്നത മാക്കംകൊണ്ടും ആത്മാവ കൊണ്ടും മാമ്മൊദിസ ഒള്ളവരെ വഴങ്ങുന്നതും പാരിക്കുന്നതും— (38) ഇതിനെ കൊടുക്കുന്നതും അപ്പസ്സൊപ്പമാര അത്രെ—

38. 'വഴങ്ങുന്നതും പാരിക്കുന്നതും': ഭരിക്കുന്നതും നയിക്കുന്നതും

എന്നാൽ പട്ടത്തിന്റെറ പതവികയും എഴ അത്രെ ആകുന്നു. ചെറിയ പട്ടം നാല: വാതിൽക്കാരനും വാസ്തുന്നതും ചൈത്താനെ കളവാൻ ഒള്ളതും കുറവാനെക്ക ചിററാഷ്ടക്ക നിക്കുന്നതും. ചെഷം മൂന്ന പട്ടം കുദാശ പട്ടം ആകുന്നത: ഹൌപ്പസ്യക്കിന, മ്മശമശാന, കശീശാ. ഈ മൂന്നാൽ ഒന്നാം പട്ടം എററാൽ പിന്നൊക്കിൽ തിരിഞ്ഞ പെണ്ണ കെട്ടരുത; കെട്ടിയാൽ ബാസ്തും അല്ല—

എന്നാൽ എല്ലായിലും വല്യമുൻ പിൽ സുപ്രാ എഴംക്കണം (89) ചെറിയ പട്ടം എഴംക്കും മുൻപിൽ. ഇതിനെ എഴംപ്പാൻ മുൻപിലത്തെ ഒപ്രിശുമ ചൈത ഇരിക്കണം. ആബുൻന്തവശമയ്യായും ശ്രാമ്മെഖ മറിയവും മഹൈമ്മീനാനും പത്ത പ്രമാണങ്ങളും പള്ളിയെടെ കല്പനകയും അഞ്ചും കുദാശകയും എഴും കുറവാനെക്ക ചിററാഷ്ടക്ക നിപ്പാൻ എന്നതും വായിപ്പാനും എഴുതുവാനും അറിഞ്ഞെ മത്യാവു ഇവർ. പ്രായം എഴ വയസ്സിൽ മീതെ പതിനഞ്ച വയസ്സിൽ താഴെ—

എന്നാൽ ഇരുവരും കെട്ടിയവരും ശരടവാങ്ങിയവരെ കെട്ടിയവരും കെട്ടിയിരിക്കുന്നവരും ആരാനെ കൊന്നവരും സന്തുക്കയും കുറഞ്ഞവരും ആരാന്റെറ സന്തു കണ്ടിച്ചവരും കുഷ്ട വ്യാധിക്കാരരും പള്ളിയെടെ കല്പനകളിൽ വിലക്കി കിടക്കുന്നവരും വെള്ളാട്ടികളും നെരെ അല്ലാത്ത മക്കളും സുപ്രാ എഴംപ്പാൻ കൈക്കൊള്ളരുത—

എന്നാൽ കുദാശപട്ടം എഴംപ്പാം ക്രമെനെ ചെറിയ പട്ടം എഴംക്കണം. മുൻപിലത്തെ പട്ടം ഏററാൽ അവിടുന്ന ഒര ആണ്ട കുട്ടംപൊളെക്ക രണ്ടാംപട്ടം എഴംക്കണം. ഇവണ്ണം നാലാണ്ടെത കൊണ്ട ചെറിയ നാലപട്ടം എററ ഒര ആണ്ട തന്നെ ഒരൊരൊ പട്ടത്തിന്റെറ പ്രവൃത്തി എടുക്കണം—

എന്നാൽ ചെറിയ പട്ടം എഴംപ്പാൻ സുറിയാനിയിലെ ഭാഷ അറിഞ്ഞെ ആവു. നല്ല ഇരിപ്പും ഗുണവും തന്നിക്ക ഒണ്ട എന്ന എഴുത്തുപെട്ട സാക്ഷികൊണ്ട വരണം തന്റെറ വിഗാരിയ്തെടെ അവുടെന്ന തന്നെ പടിപ്പിച്ചവന്റെറ എടത്തിൽ നിന്നും— എന്നാൽ സുപ്രായും പട്ടവും എഴംക്കുന്നവക്ക അല്ലെനികം ആകയില്ല എന്നു ഇന്നി എന്നതുംമെൽ മനസ്സു ഒറച്ചിരിക്കണം—

മൂന്നാം സാഹാ

കുദാശപട്ടം എൽക്കുന്നവക്ക എത്രയും ശുദ്ധം വെണം—

കുദാശ പട്ടം എല്ലുന്നവക്ക എത്രയും ശുദ്ധം വെണം – എന്ന പള്ളിയെടെ കാനൊനകളിൽ എഴുതിട്ട ഒണ്ട – എന്നാൽ എത്രയും നല്ലവരും കുറെയില്ലാത്തവരും ആകയും വെണം പട്ടം ദുഷിക്കപ്പെടായിവാൻ. എന്നാൽ കുദാശപട്ടം എഴംപ്പാൻ വരുന്നവർ തങ്ങം നാലാം പട്ടം എറുഎന്നതിന്റെറ കടുശോശി കാട്ടണം. നൊസ്സാരം ഒക്കെ അറികയും നൊസ്സാര പുസ്തകം തനിക്ക ഒണ്ടാകയും വെണം. എഴകുദാശകടെ പ്രകാരങ്ങം അറികയും വെണം സുറിയാനി മൊഴിക്ക പൊരുളും. എന്നാൽ തന്നിക്ക ഒള്ള ഇരിപ്പും ഗുണവും കൊണ്ട തന്റെറ ദെശത്തെ വിഗാരി സാക്ഷികാരരെ വിളിപ്പിച്ച അയ്യാംക്കള്ള വയസ്സും ചൊതിച്ച നിച്ചയിച്ച എഴുതി ഒപ്പിട്ട അടെച്ച കടുദാശി മെത്രാൻ പക്കൽ കൊടുത്തുടണം. പടിക്കുന്ന എങ്കിൽ തന്നെ പടിപ്പിക്കുന്ന മല്പാന്റെറ കടുദാശുകുടെവെണം തന്റെറ ഇരിപ്പുംമെൽ സാക്ഷിപ്പാൻ —

---

89. സുപ്ര; ലത്തീൻക്രമത്തിൽ പൗരോഹിത്യത്തിലേക്കുള്ള ഒന്നാമത്തെ പടി, Tonsure.

എന്നാൽ തനിക്കുള്ള വിഗാരി മൂന്ന ഞാറാഴ്ച വിളിച്ച ചൊല്ലണം ഇന്നാ രുടെ മകൻ ഇന്നാര കൂദാശപട്ടം ഏൽപ്പാൽ ഇരിക്കുന്ന – എന്നാൽ അയാൾക്ക ഇ തിന്ന മുടക്കം ഒണ്ട എന്ന തങ്ങൾ അറിഞ്ഞു എങ്കിൽ വെളിച്ചപ്പെട്ടത്തി പറയണം —

എന്നാൽ ഇത ചെയ്യാത്തവക്ക് മഹറൊൻ ഒണ്ടായിവരും എന്ന വിഗാരി വിളിച്ചുചൊല്ലിയാൽ പൊറപ്പെടുന്നതിന്ന തക്കവണ്ണം കൂദാശിയിൽ എഴുതി ഒപ്പിട്ട മെത്രാനൊട അറിയിക്കണം —

എന്നാൽ ചെറിയ ഒട്ടക്കത്തെ പട്ടം ഏറ്റതിൽ പിന്നെ ഒരാണ്ട കഴിഞ്ഞെ അഞ്ചപട്ടം എഴുക്കാവു. ആവണ്ണംതന്നെ അവുടെന്ന ഒരാണ്ടെക്ക ആറു പട്ടവും പിന്നെ ഒരാണ്ട കഴിഞ്ഞാൽ കുറുവാന പട്ടവും – എന്നാൽ അഞ്ച പട്ടത്തിന്ന ഇരു പത്തരണ്ട വയസ്സിൽ പുക്ക ഇരിക്കണം. ആറ പട്ടത്തിന്ന ഇരുപത്ത മൂന്നിൽ കുറുവാന പട്ടത്തിന്ന ഇരുപത്താഞ്ചിൽ പുക്ക ഇരിക്കണം —

എന്നാൽ ഇ പറഞ്ഞത ഒട്ട എകദെശം ആയി എന്നാൽ പൊരാ പിന്നെയൊ എഴുതിയവണ്ണംതന്നെ കൃത്തിയം ആയിരിക്കണം —

എന്നാൽ കൂദാശ പട്ടം എഴുപ്പാൻ പിന്നയും വെണ്ടുന്നത ആയത മൂവായിരം പണം കൈയിൽ ഒണ്ടായിരിക്കുന്നത തനിക്ക യാവിപ്പാൻ —

എന്നാൽ മുതൽകൊണ്ട ഇത കാട്ടിയാൽ പൊര. പിന്നെയൊ പട്ടാങ്ങയൊട കൂടെ കൃത്തിയം ആയിതന്നെ ഇതുമെൽ യാവിച്ചില്ല എങ്കിൽ, താൻ എഴുക്കുന്ന പട്ടത്തിൻറെറ അമിശം പ്രവൃത്തിക്കുന്നത ഒരാണ്ടെക്ക —

വിശെഷിച്ച കുറുവാനപട്ടം എഴുപ്പാൻ കുറുവാനെടെ സാപ്പരിയവും അതി ൻറെറ അടവുകളും പെഴപ്പൊക്കുന്നതിൻറെറ പ്രകാരങ്ങളും മാമ്മൊദിസ മുക്കുന്ന തും ചെഷം കൂദാശകഴം ചൈയുന്നതും അറിഞ്ഞെ മത്യാവു. തനിക്കൊള്ള നല്ല ഇരിപ്പും ഗുണവും വയസ്സും വഴിയെ തെരഞ്ഞ അനെഷിക്കണം മെത്രാനും മെത്രാ ൻറെറ പ്രമാണത്താലെ പട്ടം എഴുക്കുന്നവൻറെറ വിഗാരിയും —

എന്നാൽ പട്ടം എല്പാൻ വരുന്നവർ എല്ലാവരും ബുധെനാഴ്ചനാം പട്ടം എഴുക്കുന്നതിൻറെറ മൂന്ന ദിവസം മുൻപിൽ മെത്രാൻ ഇരിക്കുന്ന എടത്ത വരണം തങ്ങടെ പട്ടത്തിന്ന വെണ്ടുന്ന കുപ്പായങ്ങളും മൊസാറും രണ്ട പണം പിടിക്കുന്ന മെഴുകുതിരിയും കൈകഴം കെട്ടുവാൻ കുറുവാന പട്ടക്കാരർ ഒരചീലയും കുറുവാന തക്കായുംകൂടെ കൊണ്ടവരണം. തങ്ങഴം പട്ടം എറ്റതിൻറെറ കൂദാശ്രകളും വായി ച്ച പട്ടത്തം ചൊദിപ്പാൻ മെത്രാൻറെറ മുന്നൽവന്ന നമ്മുടെ എഴുത്തകാരരെക്കൊ ണ്ട തങ്ങളുടെ പെരുകഴം എഴുതിക്കണം. പട്ടത്തിൻറെറ കൂദാശ അയാളൊട മെ ടിക്കുംപൊഴം നാലപണം കൊടുക്കയുംവെണം —

എന്നാൽ പട്ടത്തിൻറെറ നൊയമ്പ വഴിയെ നൊയിക്കയുംവെണം എല്ലാ വരും —

നാലാം സാഹാ—

പട്ടം എൾക്കുന്നവരെ എങ്ങനെ എഴുതിക്കൊണ്ട എന്നതുംമെൽ

പട്ടം എഴുക്കുന്നതകൊണ്ട കലക്കം ഒണ്ടാകായിവാൻ നമ്മുടെ എടവകയിൽ ഈ വണ്ണം കല്പിച്ചു. പട്ടം കൊടുക്കെണ്ടി വരുംപൊഴം നമ്മുടെ കൈത്താടെ എഴു

ത്തുകാരൻ പട്ടം എംക്കുന്നവരുടെ എണ്ണത്തിന്ന തക്കവണ്ണം ഒര കുറാസ ഒണ്ടാക്കി പട്ടം എംക്കുന്നവരെ അതിൽ എഴുതുവാൻ —

എന്നാൽ മുൻപിലത്തെ തറപ്പായിൽ ചെറിയ പട്ടക്കാരെ എഴുതണം. രണ്ടാമതിൽ അഞ്ച പട്ടക്കാരെ മറ്റതിൽ ആറ പട്ടക്കാരെ ഒട്ടക്കത്തിൽ കൂറുവാന പട്ടക്കാരെ എഴുതണം —

എന്നാൽ എതും ഒര വസ്തു ആ കുറാസിൽ എഴുതും മുൻപിൽ നമ്മുടെ അക്കെദ്യാക്കൊൻെറ പക്കൽ എങ്കിലും മെത്രാൻ കല്പിച്ച മറ്റ ഒരുത്തരുടെ പക്കൽ എങ്കിലും കുറാസകൊണ്ട ചെന്ന അവര അതിൻെറ കട്ടാശ്രകം എണ്ണി ഒരൊരൊ തപ്പാടെമീതെ തൻെറ ഒപ്പ ഇടണം. ഒടക്കത്ത ഇത്ര തപ്പ ഒണ്ട എന്നും ഒരൊരൊ തപ്പായിൽ താൻ ഇട്ട എന്നും എഴുതണം —

വിശെഷിച്ച പട്ടം എംപ്പാൻ വരുന്നവരൊട പടിത്തം ചൊതിച്ചാൽ, കൊള്ളാം എന്ന മെത്രാൻ ചൊല്ല്യാൽ ആ അവനെ എഴുതണം കുറാസിൽ. എന്നാൽ ഒരൊരൊ ദിവസത്തിൽ എഴുതെണ്ടുന്നവരെ എഴുതിയ ചെഷം കൂടിയ എടത്ത ഒപ്പ ഇടണം അക്കെദ്യാക്കൊൻ. അവണ്ണംതന്നെ പിറെറന്നാളും —

വിശെഷിച്ച എഴുത്തുകാരൻ എഴുതുംപൊം ഭാഗം തീത്ത എഴുതണം എടയിൽ എഴുതുവാൻ വശമല്ലാത്തവണ്ണം – വിശെഷിച്ച പട്ടം കൊട്ടത്ത കൂടിയ ചെഷം ഇരുപതദിവസത്തിന്നകത്ത ക്രാസിൽ എഴുത്തപെട്ടത ഒക്കയും ആ ക്രമത്തിൽ തന്നെ തുമസാ എന്ന പെരൊള്ള പൊസ്തകത്തിൽ എഴുതണം. ദെവസവും ആണ്ടുംപട്ടം കൊട്ടത്ത മെത്രാൻെറ പെരും —

എന്നാൽ തുമസാടെ തപ്പുകംക്ക ഒക്കെക്കുമീതെ അക്കെദ്യാക്കൊൻെറ എഴുതി ഇരിക്കണം. (40) തപ്പാകം ഒക്കയും എണ്ണുകയുംവെണം —

എന്നാൽ ഇത്രതപ്പാകം ഒണ്ട എന്നും താൻ അത ഒക്കയും എണ്ണി എന്നും തുമസാടെ ഒട്ടക്കത്ത എഴുതി ഒപ്പ ഇടണം അക്കെദ്യാക്കൊൻ –

വിശെഷിച്ച ഒരൊരൊ പെരുകളുടെ കൂട്ടത്തിന്ന താഴെ പട്ടം കൊട്ടത്ത മെത്രാൻെറ ഒപ്പ ഇട്ടകയുംവെണം –

വിശെഷിച്ച തുമസായിൽ ഇത എഴുതിയതിൻെറ ചെഷം അക്കെദ്യാക്കൊനും മറ്റ അമിശക്കാരർ ഒരൊരുത്തരും (41) അതിനെ എട്ടത്ത എടവകയെടെ പൊസ്തകങ്ങം സംഗ്രഹിക്കുന്ന പെട്ടകത്തിൽ അതിനെ സംഗ്രഹിക്കണം ഇരുവരുംകൂടെ —

വിശെഷിച്ച ഒരുത്തരുടെ പക്കൽ ഒര താക്കൊൽ മറ്റ ഒരുത്തരുടെ പക്കൽ മറ്റ ഒര താക്കൊൽ ഒണ്ടായിരിക്കണം എന്നാൽ പെട്ടകത്തിൽനിന്ന എതാനും എട്ടക്കെണ്ടിവരുംപൊം ഇരുവരുംകൂടെ തൊറക്കയും ഇരുവരും കൂടെ പൂട്ടകയും (42) ആ പൊസ്തകം കണ്ട എതാനും എഴുതെണ്ടി വരുംപൊം അവരുടെ മുന്നൽ എഴുതണം —

---

40. അക്കെദ്യാക്കൊൻെറ' എന്ന കഴിഞ്ഞിട്ട് എന്തോ വിട്ടുപോയിട്ടുണ്ടെന്ന തോന്നുന്നു. 'അക്കെദ്യാക്കൊൻെറ പെര എഴുതി ഇരിക്കണം' എന്നായിരിക്കുമോ പൂർണ്ണമായ പാഠം.

41. 'മറ്റ അമിശക്കാരരിൽ ഒരുത്തനും' എന്നായിരിക്കണം.

42. 'വെണം' എന്ന ക്രിയകൂടി ചേത്താലേ വാക്യം പൂർത്തിയാകൂ.

വിശേഷിച്ച ഇതുംമെൽ സാമരിക്കുന്ന (43) എഴുത്തകാരെന്ന തന്റെറ അ
മിശം പ്രവത്തിക്കരുത എന്നവരണം —

എന്നാൽ പട്ടത്തിന്റെറ കട്ടദാശ പട്ടം എറവക്ക കൊട്ടക്കണം എഴുത്തുകാ
രൻ. അഞ്ച ദിവസത്തിന്നകത്ത കൊട്ടത്തെ മതിയാവു —

എന്നാൽ നാലപണം ഒഴിയെ അവരൊട വാങ്ങരുത മനസ്സൊട്ടുകൂടെ അവർ
തനിക്ക എറം തരികിലും —

എന്നാൽ ആരാനും ഇ കട്ടദാശ പട്ടം എറവൻ കളഞ്ഞു എങ്കിൽ മെൽ എഴു
ത്തുപെട്ട പ്രകാരത്തിൽ തുമസ എന്ന പൊസ്തകം കണ്ട എഴുതിക്കണം —
എന്നാൽ ആറ പണം എഴുത്തകാരന്ന അവുടെ കൊട്ടക്കയും വെണം —

അഞ്ചാം സാഹാ —

പെങ്കെട്ട എന്ന കൂദാശമെൽ

എഴ കൂദാശകളിൽ ഒട്ടക്കത്തെ കൂദാശ പെങ്കെട്ട. ആയത മാനുഷരുടെ വഷ്ടം
ദൊഷം കൂടാതെ പെരുകുവാനും മൊഹം അടക്കുവാനും എന്നതിന്ന തംപുരാൻ
കല്പിച്ചത. മാമ്മൊദിസക്കാരുടെ കൂട്ടം ആകുന്ന പള്ളിയും മിശിഹായും തമ്മിൽ
ഒള്ള കെട്ടുപാട്ടം ഐമൊസ്സ്യവും പെങ്കെട്ടിന്റെറ പൊരുൽ ആയത. മിശിഹാ
വരും മുൻപിൽ കൂദാശ അല്ലാ പെങ്കെട്ട. ആയത പിന്നെയൊ സ്ത്രീയും പുരുഷനും
ഒരുമിച്ച ചെരുന്നതിന്റെറ ഒര കല്പന അത്രെ ആയത —

എന്നാൽ മിശിഹാ തംപുരാൻ അതിനെ കൂദാശ ആക്കി. മരിപ്പൊളും അഴി
യപ്പടാത്ത വസ്തു അതിനെ ആക്കി കല്പിക്കയും ചൈത —

എന്നാൽ അതിന്റെറ ഫലം ആയത കെട്ടിയവനും കെട്ടിയവളും മരിപ്പൊ
ളും ഐമൊസ്സ്യപ്പട്ട നല്ലവണ്ണം പെലരുവാനുള്ള തൈബൂസ. സാധനവും വശനങ്ങ
ളും ആയത കൈപിടിപ്പിക്കുന്ന നെരത്ത തമ്മിൽ പറയുന്ന നിക്കുന്ന കാലം അ
റിയുന്ന വജനങ്ങാം തക്കായിൽ എഴുത്തപെട്ടത —

വിശേഷിച്ച ഇരുവരും തമ്മിൽ തമ്മിൽ ഇ കൂദാശെടെ ചിററാഴ്മകാരർ
ആയത. തനിക്ക ഒള്ള വിഗാരി എങ്കിലും കൂവാന പട്ടക്കാർ വിഗാരിയെടെ
അനുവാസം ഒള്ളവർ എങ്കിലും കുറെ എങ്കിൽ സാക്ഷികാരർ ഇരുവർ നിക്കണം
കൈ പിടിപ്പിക്കുന്ന നെരത്ത. ഇത അല്ല എങ്കിൽ പെങ്കെട്ട വാസ്തം അല്ല. മണ
വാളന്റെറ വിഗാരി എങ്കിലും മണവാളത്തിയുടെ വിഗാരി എങ്കിലും നിന്നാൽ
മതി താനും. ഇതിനെക്കൊണ്ട ഇപ്രകാരത്താലെ അല്ലാത്ത മററ ജാതി കെട്ടുന്ന
ത വാസ്തമല്ലാ —

എന്നാൽ മൂന്ന ഞാറാഴ്ച എങ്കിലും മൂന്ന ദുഖറാനകളിൽ എങ്കിലും കൈ പിടി
പ്പിക്കും മുൻപിൽ വിഗാരി വിളിച്ച ചൊല്ലണം ഈ വണ്ണം. 'ഇന്ന എടവകയിലും
ഇന്ന ദെശത്തും കുടി ഇരിക്കുന്ന ഇന്നാരുടെ മകനും ഇന്നാരുടെ മകളും തമ്മിൽ
കെട്ടുവാൻ ഇരിക്കുന്നു —

എന്നാൽ ഇ പെങ്കെട്ടിന്ന മൊടക്കം ഒള്ള വസ്തു ആരാനും അറിഞ്ഞിരിപ്പുത
ണ്ട എങ്കിൽ ഇപ്പൊൾതന്നെ വെളിച്ചപ്പടുകയും വെണം' —

---

43. 'ശ്രമിക്കുന്ന' എന്ന പദത്തിന്റെ രൂപഭേദമായിരിക്കണം സാമരിക്കുന്ന. എഴു
ത്തുകാരനും സൂക്ഷിപ്പുകാരനും ഒരാളാകരുത് എന്നാണല്ലോ ആശയം.

എന്നാൽ പെങ്കെട്ടിന്ന മൊടക്കം ആയത നാലാം കരുന്തലയിലും നാലാം കരുന്തലെക്ക അകത്തും ചാച്ച് ഒള്ളതും മാമ്മൊദീസായിലും ക്രീസായിലും ആത്മാവാലെ ചാച്ച് ഒള്ളതും മററ എങ്ങാനും പറഞ്ഞൊത്ത പെണ്ണ്കെട്ടിയതും കൂടാശപട്ടം എററതും റമ്പാൻ ആകുവാൻ നെന്നതും ഇത്തരത്തിൽ ശെഷവും —

എന്നാൽ കെട്ടുവാൻ ഇരിക്കുന്ന ഇവരെക്കൊണ്ട ഇവുത്താൻ എതാനും അറിയുന്നവര ഒണ്ട ഏങ്കിൽ തംപുരാന്റെറ നാമത്താലയും മഹറൊനിന്റെറ പ്രാച്ചിത്വത്താലയും ഇ എടക്ക അറിക്കണം —

എന്നാൽ സിദ്ധാന്തം (44) കൊണ്ട മൊടക്കം ഇല്ലാത്തത മുടക്കം പറഞ്ഞാൽ മഹറൊൻ ഒണ്ടാകയും ചൈയും എന്ന വിഗാരി വിളിച്ച ചൊല്ലിയാൽ മൊടക്കം പറയുന്നവർ ഒണ്ട എങ്കിൽ മെത്രാനൊട അറിയിക്കണം. തമ്മിൽ വെലക്ക്യ ചാച്ച് ഒള്ളവര കെട്ടണം എങ്കിൽ അതിന്ന ഒള്ള അനുവാദം മെത്രാന്റെറ കട്ടാശിൽ ഒപ്പ ഇട്ട അതിനെ വിഗാരി കണ്ട കൈപിടിപ്പിക്കാവു —

എന്നാൽ രണ്ട എടവകയിൽ അവർ ഇരുവരും ഒള്ള എന്ന വരികിൽ രണ്ട എടത്തും എഴുത്തുംപെട്ടപൊലെ വിളിച്ച ചൊല്ലുകയും വെണം —

എന്നാൽ വിളിച്ച ചൊല്ലുംപൊൽ കൂടെ അറിക്കണം കൈപിടിപ്പിക്കുന്നതിന്ന മൂന്ന ദിവസം മുൻപിൽ അവർ ഇരുവരും കുംപസാരിച്ച കുവാന കൊള്ളണം എന്നതും ഒത്ത അറിയാതെ കൈപിടിപ്പിക്ക ഇല്ല എന്നതും —

എന്നാൽ കുംപസാരിക്കാതയും ഒത്ത അറിയാതയും കൈപിടിപ്പിക്കുന്ന വിഗാരി പള്ളിയെടെ പണിക്ക എട്ട പണം കഴിവ ചൈയണം വിഗാരി —

വിശെഷിച്ച വിളിച്ചചൊല്ലിയതിന്റെറ ശെഷം ഒര മൊടക്കം ഇല്ല എങ്കിൽ തന്റെറ എടവകെടെ പള്ളിയെടെ വിഗാരി പള്ളിയെടെ വാതുക്കൽ ഞാറാഴ്ചനാൾ എങ്കിലും പെരുനാളിൽ എങ്കിലും മൈയെലെ നെരത്ത അവരുടെ കൈ പിടിപ്പിക്കണം —

എന്നാൽ കെട്ടുന്നതിൽ ഒരുത്തർ മററ ഒര എടവകയിൽ ഒള്ള എങ്കിൽ അവുടത്തെ വിഗാരിയെടെ കുറി കൂടാതെ കൈപിടിപ്പിക്കരുത —

വിശെഷിച്ച താൻ മൂന്ന ഞാറാഴ്ച വിളിച്ച ചൊല്ലിയാറെ ഒര മൊടക്കം ഒണ്ടായില്ല എന്ന കുറിയെടെ വാശകം ആയി ഇരിക്കയും വെണം —

എന്നാൽ മരിപ്പൊളം ഒരുമിച്ച പെലരുവാൻ മനസ്സ ഒണ്ടൊ എന്ന ഇരുവെരൊടും ചെതിച്ച ഒവു എന്ന അവർമൂളിയതിന്റെറ ശെഷം തക്കായിൽ എഴുത്ത പെട്ടപൊലെ കൈ പിടിപ്പിച്ചുകൊള്ളാം—

വിശെഷിച്ച മൂന്ന ദിവസം വിളിച്ച ചൊല്ലിയാൽ ആരാന്റെറ സിദ്ധാന്തം (45) കൊണ്ട പെങ്കെട്ട മുടങ്ങിപൊം എന്നവരികിൽ മെത്രാനൊട മുൻപിൽ അറിയിച്ച വിളിച്ച ചൊല്ലുന്നത അല്ലാതെ കൈപിടിപ്പിച്ചതിന്റെറ ശെഷം മൂന്ന ഞാറാഴ്ച വിളിച്ച ചൊല്ലുകയും ആം —

എന്നാൽ വിളിച്ചചൊല്ലും മുൻപിൽ ഒരുമിച്ച ഇരിക്കരുത (46) കെട്ടിയവക്ക. ഒരുമിച്ച ഇരുന്ന എങ്കിൽ ഒരുത്തർ പതിനാറ പണം കഴിവ ചൈയണം —

---

44 & 45. 'ചിധാന്തം' എന്നെഴുതിയിട്ട് 'സിദ്ധാന്തം' എന്ന തിരുത്തിയിരിക്കുന്നു. ചിധാന്തം = നിർബന്ധബുദ്ധി, ശാഠ്യം.

46. ഒരുമിച്ച ഇരിക്കുക = വിവാഹബന്ധം പുലർത്തുക.

വിശേഷിച്ച വിഗാരി കൂടാതെ തമ്മിൽ തന്നെ കെട്ടുന്നവരും കൂടെ നിന്ന വരും മഹരൊൻ പെട്ടവര അത്രെ ആകുന്നു. കെട്ടിയവര അറുപത്തനാലപണം പ്രാച്ചീത്വം ചൈയണം. കൂടെനിന്ന ഒരൊരുത്തർ മുപ്പത്തരണ്ടീതപണം ഉത്തരം ചൊല്ലണം. അത ഒഴിയെ വിഗാരി അവരുടെ കൈ പിടിപ്പിക്കരുത. പട്ടക്കാരർ നിന്നു എങ്കിൽ ആറമാസത്തെക്ക തങ്ങടെ അമിശം പ്രവൃത്തിക്കരുത —

എന്നാൽ അങ്കമാലിക്കലെ കൂടിവിജാരത്തിന്ന കല്പിച്ചപൊലെ പത്തിന്ന മുക്കാൽ പെണ്ണിൻെറ എടവകയിൽ ഒള്ള പള്ളിക്ക കൊടുക്കണം (47)

എന്നാൽ ഇവണ്ണം ചെയാത്തവർ പള്ളിക്ക പൊറത്ത നിക്കണം പണം കൊടുപ്പൊളം.

ആറാം സാഹാ—

കെട്ടുന്നവരൊട വിഗാരി പറയെണ്ടുന്ന വസ്തുക്കൾമെലും കെട്ടുന്നവരിടെ പ്രായത്തുംമെലും

ദൊഷത്തൊട കൂടെ ഈ കൂടാശ കൈക്കൊള്ളായിവാൻ കെട്ടുവാൻ വരുന്നവരൊട തങ്ങടം ചൈത പെഴകുംമെൽ ആവലാതിപെട്ട മെലിലെക്ക പെഴക്ക ഇല്ല എന്നതുംമെൽ മനസ്സു ഒറച്ച ഇരിക്കണം എന്ന പറയണം. ഈ കൂടാശെടെ വലിപ്പം കൊണ്ടും ഫലംകൊണ്ടും വെണ്ടുന്നതും കൂടെ അവരൊട അറിയിക്കണം —

വിശെഷിച്ച കൈപിടിപ്പിച്ചതിൻെറ ചെഷ്ടം പിന്നയും പറയെണ്ടുവത ഇത. 'മൂകജാദികെടെ കൂട്ട വ്യാപരിപ്പാൻ (48) എന്നതിന്ന അല്ല പെങ്കെട്ട തംപുരാൻ കല്പിച്ചത. പിന്നെയൊ ഞായം ആകുംവണ്ണം സ്ത്രീയും പുരുഷനും ഒരുമിച്ച പെലരുവാനും മക്കളെ പിറപ്പിച്ച മാഗ്ഗത്തിന്ന തക്കവണ്ണം അവരെ വളത്തുവാനും വജനംകൊണ്ടും പ്രവൃത്തികൊണ്ടും അവരെ നന്നാക്കുവാനും തംപുരാൻ പെങ്കെട്ടിനെ കല്പിക്ക ചൈതത —

എന്നാൽ ഇതിനെക്കൊണ്ട തങ്ങടം വെണ്ടുവൊളം സൂക്ഷിച്ച തംപുരാനെ പെടിച്ച നൊയമ്പിലും പെരുനാളുകളിലും മരിയാതിക്ക തക്കവണ്ണം അടക്കത്തൊടകൂടെ വ്യാപരിക്കണം ഇരുവരും —(49)

എന്നാൽ എറിയൊര നന്മ ഇഹലൊകത്തുംകൽ തംപുരാൻ തങ്ങടംക്ക തരും. എന്നന്നെയ്ക്കും ഒള്ള മൊക്ഷം പരലൊകത്തുംകൽ തങ്ങടംക്ക കിട്ടുകയും ചൈയ്യും' ഇതിൻെറ ചെഷ്ടം കന്നിക്കെട്ട എങ്കിൽ മദബഹാടെ മുന്നൽ അവരെ ക്കൊണ്ട മുട്ടംകുത്തി അവരുടെ മെൽ റുശ്മ ചൈയണം—

എന്നാൽ കെട്ടുവാൻ വെണ്ടുന്ന പ്രായം ആയത പുരുഷന്ന പതിന്നാല വയസ്സു തെകഞ്ഞിരിക്കണം പെണ്ണിന്ന പന്നിരണ്ട —

---

47. ഉ. സൂ. കാനോനകം, അഞ്ചാം യൊഗവിജാരം, പതിനാറാം കാനൊന (പുറം 62)കാണുക. 'സ്ത്രീധനം മൊതലിൽ' പത്തിനൊന്നു എന്നായിരുന്ന അന്നത്തെ കണക്കു. 1603 ലെ അങ്കമാലി സൂനഹദൊസു 'പത്തിന്ന മുക്കാൽ' എന്ന മാറ്റം വരുത്തിയിരിക്കുന്നു.

48. 'യാപരിപ്പാൻ' എന്നെഴുതിയിട്ടു 'വ്യാപരിപ്പാൻ' എന്നു തിരുത്തിയിരിക്കുന്നു.

49. ലൈംഗിക ബന്ധം വർജിക്കണമെന്നു സാരം.

എന്നാൽ ഇരുവരാൽ ഒരുത്തക്ക വയസ്സു ഇല്ല എങ്കിൽ കൂടിപുലരുവാൻ വെണ്ടുന്ന വശവും ബുദ്ധിയും ഒണ്ട എംകിൽ പെങ്കെട്ട വാസ്സും —

എന്നാൽ ഇത വിധിപ്പാൻ മെത്രാനെ ആവു—

എന്നാൽ ഇ പറഞ്ഞ വയസ്സു കൂടാതെ കൈപിടിപ്പിച്ചാൽ പെങ്കെട്ട വാസ്സവം അല്ല എല്ലൊ. എന്നപ്പൊ (50) അവര ഇരുവരും വെറുതിരിഞ്ഞ ഇരിക്കണം വെണ്ടുന്ന വയസ്സു തെകവൊളം. ഇതിനെക്കൊണ്ട വിഗാരിമാരും കെട്ടുന്നവരുടെ ഒടെവരും വെണ്ടുവൊളം സൂക്ഷിക്കണം തംപുരാന്റെറ പ്രമാണം കടന്ന പ്രവൃത്തിക്കായിവാനും കെട്ടുന്നവര നശിച്ച പൊകായിവാൻ. അവണ്ണംതന്നെ നാലാം കുരുന്തലയിലും നാലാം കുരുന്തലെക്ക അകത്തും ചാച്ച് ഒള്ളവരും ശുദ്ധമാന പാപ്പാടെ അനുവാസം കൂടാതെ എങ്കിലും ശുദ്ധമാന പാപ്പാടെ പ്രമാണം ഒള്ളവരിടെ അനുവാദം കൂടാതെ എങ്കിലും പെണ്ണുകെട്ടിയാൽ പെങ്കെട്ട വാസ്സമല്ല. മഹറൊൻ അവക്ക ഒണ്ടായി താനും. അപ്പളൊ ഇവണ്ണം കെട്ടിയവർ കൂടാശ പട്ടക്കാരർ എങ്കിൽ മരിപ്പൊളം തങ്ങടെ അമിശം പ്രവൃത്തിക്കരുത. മഹറൊൻ പൊക്കെണ്ടിവരുംപൊം അവരെ വെറെ തിരിച്ച കെട്ടിയവർ അല്ല എന്നും വരുത്തി മെത്രാന്റെറ വിധിപ്പിന്ന തക്കവണ്ണം കഴിവു ചൈതെ മത്യാവു ഈ പട്ടക്കാരർ— അല്ലെനികം ഇവണ്ണം കെട്ടി എങ്കിൽ അവരയും വെറുതിരിച്ച പെങ്കെട്ടിനെ വാസ്സും അല്ലാതെ ആക്കി അവർ ഇരുവരും തങ്ങടെ വസ്സുവിന്ന തക്കവണ്ണം പ്രാച്ചിത്വം ചൈതെ മതിയാവു—

എന്നാൽ അവകാശത്തിന്ന തക്കവണ്ണം മെത്രാൻ അവക്ക അനുവാദം ചൈയും— ഒന്നുകിൽ രണ്ടാമതും കെട്ടുവാൻ അത അല്ല എങ്കിൽ അവർ തങ്ങംക്ക ഒത്ത എടത്ത കെട്ടുവാൻ പ്രമാണിക്കയും ചൈയും—

വിശെഷിച്ച ചാച്ച് ഒള്ളവരെ അനുവാദം കൂടാതെ കെട്ടിക്കുന്ന വിഗാരി രണ്ട മാസത്തെക്ക പൊറത്ത നിക്കയും വെണം—

ഏഴാം സാഹാ—
രണ്ട എടത്ത കെട്ടുന്നവരെകൊണ്ടും വെള്ളാട്ടികളയും വരത്തരയും കെട്ടുന്നതുകൊണ്ടും—

രണ്ട എടത്ത കെട്ടി ഇരിക്കുന്നത ഏവൻഗെലിയിൽ എഴുത്തുപെട്ടതിനൊട മറത്ത എല്ലൊ ആകുന്നു. ഇതിനെക്കൊണ്ട തന്റെറ ഭൎത്താവ ഒള്ളപ്പൊം മറെ എടത്ത കെട്ടുന്ന സ്ത്രീയും തന്റെറ കെട്ടിയവം ഒള്ളപ്പൊം ഒരുത്തിയെനെ കെട്ടുന്ന പുരുഷനും മാഗ്ത്തിന്ന പൊറത്ത ആകയും വെണം. നാടവാഴിയൊട പറഞ്ഞിട്ട എങ്കിലും നാട്ടിൽനിന്ന അവരെ കളകയും വെണം. മുൻപിൽ കെട്ടിയ എടത്ത പൊയി ഇരിപ്പൊളം.

വിശെഷിച്ച ഇതിനെക്കൊണ്ട തന്റെറ ഭാൎയ്യാവ നിച്ചയം ആയി മരിച്ച എന്ന പറവൊളം മറെ ഒര എടത്ത പൊയി കെട്ടരുത എന്ന തംപുരാന്റെറ മാഗ്ത്തിൽ ആകുന്നു—

എന്നാൽ ഇതുംമെൽ സംശയം ഒള്ളതിനെ മെത്രാനൊട അറിയിക്കണം—

വിശെഷിച്ച വെലക്കകൊണ്ടവർ തങ്ങടെ ഇഷ്ടത്തിന്ന തക്കവണ്ണം നടന്ന മാഗ്ത്തിനൊട മുത്ത വ്യാപരിക്കുന്നതിനെക്കൊണ്ട അവക്കും അവരിടെ ഒടയവക്കുംകൂടെ നരകമെ ഒള്ള എന്നതിനെക്കൊണ്ട ഇങ്ങനത്തവക്ക പെണ്ണുകെട്ടുവാൻ അവരെ മൊടക്കുന്നത ചാവദൊഷം അത്രെ ആയത —

---

50. 'എന്നപ്പൊ' എന്നും വായിക്കാം.

എന്നാൽ അവർ പെണ്ണുകെട്ടിയാൽ പിന്നയും തങ്ങടെ ഒടെയവരുടെ വെല കൊള്ളി എന്ന അറിയണം അവരെ പൊറത്ത ആക്കി ഇല്ല എങ്കിൽ —

വിശെഷിച്ച കൈ അവരെ പിടിപ്പിക്കും മുൻപിൽ വിഗാരി വഴിയെ തെ രഞ്ഞ മററ ഒര എടത്ത കെട്ടി ഇല്ല എന്നതും മററ ഒര മൊടക്കം അവക്ക ഇല്ല എന്നും അറിഞ്ഞാൽ തങ്ങടെ ഒടയവർ അരുത എന്ന ചൊല്ലുകിലും മൂന്നഞാറാഴ്ച വി ളിച്ചചൊല്ലി അതിൻെററ ശെഷം അവരെ കൈപിടിപ്പിക്കണം—

വിശെഷിച്ച ആരും പെരികെ അറിയാത്തവണ്ണം കെട്ടണമെങ്കിൽ മെത്രാ നൊട അറിയിച്ചെ ആവു —

എന്നാൽ അവരിടെ വിശെഷം വഴിയെ അറിഞ്ഞതിൻെററ ശെഷം അവ രെ കെട്ടിച്ചുംകൊള്ളാം—

എന്നാൽ കെട്ടിയവനും കെട്ടിയവളും എന്നും ചൊല്ലി ദൂരത്തിൽനിന്ന ഇരു വർവന്ന പള്ളിക്കൽ അവരെ കൈക്കൊള്ളണം എങ്കിൽ തങ്ങടെ ഇരുന്ന എടവ കെടെ വിഗാരിയെടെ എഴുത്തുപെട്ട സാക്ഷികാട്ടിയെ പള്ളിയെടെ ക്രിയകൾക്ക അവരെ കൈക്കൊള്ളാവു —

വിശെഷിച്ച തൻെററ കെട്ടിയവളെ ഇട്ടെച്ച ഒരുത്തർ മററ ഒര ദെശത്ത ചെന്ന ഇരുന്നാൽ ഒര ആണ്ട കഴിയുംപൊളത്തെക്ക വാണിഭത്തിന്ന വന്ന എങ്കി ലും തൻെററ കെട്ടിയവളുടെ അവുടെക്ക യാത്രാക്കണം —

എന്നാലും പൊയി ഇല്ല എങ്കിൽ അവനെ പൊറത്ത ആക്കണം. തൻെററ കെട്ടിയവളുടെ അവുടെക്ക ചെല്ലുവൊളം പൊറത്ത നിക്കയും വെണം —

എട്ടാം സാഹാ —

മാഗ്ഗംപൂകുവാൻ വരുന്നവരുടെ പെങ്കെട്ടുകൊണ്ടും കല്ല്യാണത്തിൻെററ ഗൊഷംകൊണ്ടും

മാഗ്ഗം പൂകും മുൻപിൽ ഒരുത്തർ അവരുടെ മരിയാദിക്ക തക്കവണ്ണം വെറെ തിരിയാതെ കെട്ടി എങ്കിൽ മാർഗ്ഗമ്മുകൾ വന്നാൽ പെണ്ണുകെട്ടും മുൻപിൽ താൻ മുൻപിൽ കെട്ടിയവളെ വിളിപ്പിക്കണം. സാത്യപ്പെട്ട അവളൊട അപെ ക്ഷിച്ചവന്ന എംകിൽ അവളെയും മാഗ്ഗം പൂകിച്ച അവളൊട മരിപ്പൊളം ഇരുന്നെ മതിയാവു —

വിശെഷിച്ച വിളിപ്പിച്ചാലും അപെക്ഷിച്ചാലും വന്നില്ല എങ്കിൽ ഒന്ന രണ്ട മാസം അവതികുറിച്ച പാത്ത അവംക്ക പൊരുവാനും മാഗ്ഗം പൂകുവാനും മനസ്സ ഇല്ല എന്ന കണ്ടാൽ മാഗ്ഗം പൂക്ക ഇവൻ തനിക്ക തന്നിക്ക ഒത്ത എടത്ത മാഗ്ഗമ്മുകൾ തന്നെ കെട്ടികൊള്ളാം ഇ പറഞ്ഞ രണ്ട മാസം കഴിഞ്ഞ ചെഷം —

എന്നാൽ കെട്ടുവാൻ വൈകിയപ്പൊം മുൻപിലത്തെ തൻെററ ഭാര്യാവ മാഗ്ഗം പൂക്ക എങ്കിൽ അപ്പൊം അവളൊട്ടുടെ മുൻപിൽ മാഗ്ഗം പൂക്കവൻ ഇരുന്നെ മത്യാവു. മററ ഒര എടത്ത കെട്ടുകയും അരുത —

വിശെഷിച്ച മുൻപിൽ മാർഗ്ഗം പൂക്കവൻ താൻ മുൻപിൽ കാവ്യൻ ആയ പ്പൊം കെട്ടിയവളെ വിളിപ്പിക്കാതെ മാഗ്ഗമ്മുകൾ കെട്ടി എന്നവരികിൽ വിഗാരി അവനെ ഞെരുക്കിക്കൊണ്ട മുൻപിൽ കെട്ടിയ എടത്ത യാത്രാക്കി അ വളും വന്ന മാഗ്ഗം എന്ന ചൊല്ലി എങ്കിൽ മാഗ്ഗത്തിൽ കെട്ടിയവളെ വെച്ചെച്ച മുൻപിലത്തെ ഇവളെ കെട്ടിയെ മതിയാവു—

വിശേഷിച്ച ഒരുത്തൻ എങ്കിലും ഒരുത്തി എങ്കിലും മാറ്റും പുക്ക ശേഷം തന്റെറ ഭാര്യാവ അതിനെ അറിഞ്ഞ ദൂരത്തപ്പൊയി വാങ്ങി ഇരുന്ന എങ്കിൽ അവനൊട എതും അറിയിക്കെണ്ടവത ഇല്ല. പിന്നെയൊ രണ്ട മാസം പാത്ത തിന്റെറ ശെഷം മാറ്റത്തിൽ തനിക്ക ഒത്ത എടത്ത കെട്ടിക്കൊള്ളാം —

വിശേഷിച്ച കക്ഷിയും വിരുന്നും കൂടാതെ പെണ്ണ കെട്ടുന്നത ദൊഷം അല്ല. വല്ലപ്പൊളും ആം. എന്നാലും സൂവാറാടെ മുൻപിലത്തെ ഞാ(റാ)ഴ്ച തൊട്ട പതിമ്മൂന്നാം പെരുനാൾ കടപ്പൊളം അമ്പത നൊയമ്പിന്റെറ മുൻപിലത്തെ ഞാറാഴ്ച കടപ്പൊളം പെങ്കെട്ട കല്ല്യാണത്തൊട്ടുകൂടെ അരുത എന്ന പള്ളിയുടെ പ്രമാണം ആയത —

എന്നാൽ ദിഷ്ടതി ആയ ചെല അവകാശങ്ങൾകൊണ്ട ഇ വെലക്കികെടക്കുന്ന കാലത്ത കൈപിടിപ്പിക്കെണ്ടിവരികിൽ വിരുന്നും അരുത. കെട്ടിയവരുടെ ബുക്കാ ചൈകയും അരുത. ഒരുമിച്ച ഇരിക്കയും അരുത. കെട്ടിയവർ ഇ മൂന്നാൽ ഒന്ന ചൈത്ര എങ്കിൽ ചാവദൊഷം ആയി പെഴെക്കും —

എന്നാൽ മെത്രാന്റെറ അനുവാദം കൂടാതെ വെലക്കിയ കാലത്ത കൈപിടിപ്പിക്കെരുതതാനും —

എന്നാൽ കെട്ടിയവരുടെയും നിന്ന സാക്ഷികാരർ ഇരുവരുടെയും പെരുകയും വെറെ ഒര പൊസ്തകത്തിൽ എഴുതണം വിഗാരി കെട്ടിയദിവസവും മാസവും ആണ്ടും. വിഗാരിയും സാക്ഷികാരർ ഇരുവരും അതിൽ ഒപ്പ ഇട്ടകയും വെണം —

വിശേഷിച്ച കുഞ്ഞുന്നായം തന്നെ കാന്നവർ തങ്ങടെ മക്കളെ പറഞ്ഞ ഒക്കും പൊയം തങ്ങളിൽ ചാർച്ച ഇല്ലാത്ത എടത്ത പറഞ്ഞൊക്കണം ആണയും സത്യവും കൂടാതെ. അത അല്ല എങ്കിൽ മക്കൾക്ക അറിവ വന്നാൽ അവരൊട അറിച്ചും വെണം അവക്ക പറഞ്ഞൊപ്പാൻ —

എന്നാൽ ഇത ഒട്ടക്കത്ത നല്ലതാനും. അപ്പൊയം പറഞ്ഞൊത്ത എടത്ത തന്നെ കെട്ടിയെ മതിയാവു എന്നും വരും —

എന്നാൽ മെത്രാന്റെറ അനുവാസം കൂടാതെ ചാർച്ച ഒള്ളവർ പറഞ്ഞൊക്കുന്ന നെരത്ത നിക്കുന്ന പട്ടക്കാരരും അല്ലെനികളും മെത്രാന്റെറ വിധിപ്പിന്ന തക്കവണ്ണം എറിയൊര കുറപ്പാട ഏല്പിക്കയും വെണം —

എന്നാൽ കൈപിടിപ്പിക്കും മുൻപിൽ സ്ത്രീതനം വാങ്ങണം ഒന്നുകിൽ. അത അല്ല എങ്കിൽ കൈപിടിപ്പിച്ചാൽ തങ്ങടെ കെട്ടിയവരെ ഇട്ടെക്കരുത. ഇവണ്ണം ഇട്ടെക്കുന്നവക്ക മഹറൊൻ എറ്റ ഇരിക്കണം തങ്ങടെ കെട്ടിയവളൊട കൂടെ പെലരുവൊളം. —

എന്നാൽ മെത്രാന്റെറ മുന്നൽ ചെന്ന ഞായം പറഞ്ഞ മെത്രാൻ വിധിക്കുന്നതിന്ന തക്കവണ്ണം രണ്ട പരുഷയും കെട്ടനടക്കണം —

വിശേഷിച്ച വിഗാരിമാക്ക ഇങ്ങനത്ത കാര്യങ്ങം വിധിപ്പാൻ വശം അല്ല എന്ന അറിഞ്ഞ ഇരിക്കണം —

ഒൻപതാം സാഹാ—

കുദാശ സൈത്തിന്റെറ പൊരുളും മെല്യം അതകൊണ്ട എങ്ങനെ പെരുമാറെണ്ട എന്നതുംമെല്യും—

സൈത്തിന്റെറ ഗുണം രണ്ട: വെളിച്ചമാക്കുന്നതും മുറിവ പൊറുപ്പിക്കുന്നതും. ആവണ്ണം തന്നെ സൈത്തകൊണ്ട ചെല കുദാശകളിൽ കൂട്ടുന്നതിന്റെറ അ

ത്ഥം ആയത ആ ക്രൂശകളാലെ ഒണ്ടാകുന്ന ആത്മാവിലെ വെളിച്ചവും പെഴകളുടെ പൊറുതിയും —

എന്നാൽ ആണ്ടിൽ ആണ്ടി എല്ലൊ സൈത്തിനെ ക്രൂശ ചൈയുന്ന മെത്രാൻ —

എന്നാൽ പെസാഹാ പെരുനാൾ കഴിഞ്ഞ ശെഷം ഇരുപത ദിവസത്തിന്ന അകത്ത പത്തകാസംവഴി ദൂരെ ഇരിക്കുന്ന വിശ്വാരിമാർ കുറസ്യാടെ പള്ളിക്കൽ ക്രൂശ സൈത്ത ഇരിക്കുന്ന എടത്ത പട്ടക്കാരർ യാത്രാക്കി സൈത്ത മാറിക്കൊണ്ട പൊരണം. എറെ ദൂരെ ഇരിക്കുന്നവർ നാല്പതാം പെരുനാൾക്ക അകത്ത വന്ന സൈത്ത മാറികൊണ്ട പൊയെ മതിയാവു —

എന്നാൽ തങ്ങടെ പള്ളിന്ന അഴിവിന്ന കൊട്ടക്കയും വെണം —

എന്നാൽ ഈ കല്പിച്ച അവദിക്ക അകത്ത അവണ്ണം പ്രവൃത്തിക്കാത്ത വിശ്വാരിമാർ എട്ടപണം കഴിവ ചൈയണം —

എന്നാൽ കുറസ്യാടെ മൂപ്പൻ കട്ടാശിൽ എഴുതി പട്ടാങ്ങ ആയ ക്രൂശ സൈത്ത ഇത ആയത എന്ന നിശ്ചയിച്ച കൊട്ടത്തുടണം സൈത്തകൊണ്ട പൊകുന്ന വരുടെ പക്കൽ വിശ്വാരിക്ക കാട്ടുവാൻ —

എന്നാൽ ക്രൂശ സൈത്ത വന്നാൽ പട്ടക്കാരര എട്ടത്ത കൊണ്ടുപൊയി അങ്ങാടിക്ക വന്നാൽ വിശ്വാരിയൊട അറിയിച്ച സ്ലീവായും എട്ടത്ത പട്ടക്കാരരും വെണ്ടത്തക്ക മാപ്പിളമാരുംകൂടി സൈത്ത കൊണ്ടവരുന്ന പട്ടക്കാരൊട എതത്ത പള്ളിക്കൽ കൊണ്ടുചെന്ന തൊണൊസുംമെൽ അതിനെ വച്ച അതിന്റെറ ശെഷം പൂട്ടെണ്ടുന്ന എടത്ത വഴിയെ പൂട്ടി ശരസിക്കണം —

എന്നാൽ പട്ടക്കാരുടെ യൊഗം ഒള്ള വല്യപള്ളിയിൽ ക്രൂശ സൈത്തിനെവച്ച ശരസിച്ചാൽ ചുറ്റും ഒള്ള ചെറിയ പള്ളികൾക്ക അവുടെന്ന കൊണ്ട പൊകയും ആം —

എന്നാൽ ക്രൂശ സൈത്ത അങ്ങൊട്ട മാറി കൊണ്ടുപൊകുംപൊം കൊണ്ട പൊകുന്നതിന്റെറ പാതി കുറെ ക്രൂശ ചൈയാത്ത സൈത്ത ക്രൂശസൈത്തിന്റെറ പാത്രത്തിൽ വീഞ്ഞിയെക്കണം —

വിശെഷിച്ച ക്രൂശസൈത്ത പഴയത പുത്തൻ സൈത്ത വന്നാൽ ഒന്നുകിൽ മാമ്മൊദീസ വെള്ളം വീത്തുന്ന ശുദ്ധമാന എടത്ത വീഞ്ഞണം. അത അല്ല എങ്കിൽ കുറുവാന ശരസിക്കുന്ന പള്ളികളിൽ മദപഹാടെ മുന്നൽ തുക്കി കെടക്കുന്ന വിളക്കിൽ വീഞ്ഞിയെക്കയും വെണം. പഴെ തുണികം എല്ലാം ചുട്ട ശുദ്ധമാന എടത്ത മാമ്മൊദീസ പാത്രത്തിൽ ഇടണം —

വിശെഷിച്ച മെത്രാൻ ക്രൂശ സൈത്ത ചൈയാത്ത (51) കാലത്ത കുറുസ്യ പള്ളിയെടെ അഴിവാലെ ക്രൂശ പട്ടക്കാരരെ കൊച്ചീക്ക യാത്രാക്കി നമ്മുടെ പള്ളിയെടെ സൈത്ത കുപ്പികം സൈത്ത നെറച്ച അപ്പസ്തൊപ്പാനെ കൊണ്ട ക്രൂശ ചൈയിപ്പിച്ച അപ്പസ്തൊപ്പാടെ എങ്കിലും അമിശക്കാരുടെ എങ്കിലും കട്ടാശും ഒപ്പം മെടിച്ച നമ്മുടെ കുറുസ്യടെ പള്ളിക്കൽ ക്രൂശ സൈത്തിനെ ഇവണ്ണം കൊണ്ടുവരണം. കൊച്ചീന്ന സൈത്തിന്റെറ പെട്ടി ഒപ്പിട്ട കൊണ്ടുവന്നാൽ കുറുസ്യാടെ അരികെ ഒള്ള പള്ളിയെടെ തൊണൊസുംമെൽ അതിനെ വച്ച പട്ടചീലകൊണ്ട അതിനെ മൂടണം —

51. 'സൈത്ത ക്രൂശ ചൈയാത്ത' എന്നായിരിക്കണം ശരിയായ പദക്രമം.

വിശെഷിച്ച നമ്മുടെ പള്ളിയെടെ അമിശക്കാരർ കൊടിയും സ്ലീവായും എട്ടപ്പിച്ച സൈത്തുംപെട്ടി ഇരിക്കുന്ന എടത്ത ചെന്ന പെട്ടിയും തൊറന്ന ക്രുസ്സാടെ സൈത്തുംകൂപ്പി എട്ടക്കണം മുൻപിലത്തെ അമിശക്കാരർ; വെള്ള ശ്ലവാല തന്റെറ തൊള്ളുമെൽ വെച്ചുംകൊണ്ട രണ്ട കൈകൊണ്ട കൂപ്പിപിടിച്ച തന്റെറ ഞെഞ്ചുംമെൽ അതിനെ ചെപ്പിച്ച ഇരിക്കണം. ഇപ്രകാരത്തിൽതന്നെ രണ്ടാം അമിശക്കാരനും സൈത്താ ദക്കദം എന്നതിന്റെറ കൂപ്പി എട്ടക്കണം, മൂന്നാം അമിശക്കാരൻ ദ്രൊഹക്കാരുടെ സൈത്തിന്റെറ കൂപ്പിയും—

എന്നാൽ സ്ലീവായും രണ്ട മെഴുകുതിരിക്കാരും മുൻപിൽ നടക്കണം. പട്ടക്കാരർ രണ്ട പന്തികെളം ആയി വെള്ളക്കുപ്പായം ഇട്ട മൂപ്പിന്ന തക്കവണ്ണം അതിന്റെറ പെറകെ പൊണം. കൂപ്പി എട്ടക്കുന്നവർ മൂവരും എല്ലായിലും ഒട്ടക്കത്ത ഇവണ്ണം: ക്രിഹെടെ മെശഹാ എട്ടക്കുന്നവർ മുൻപിടണം, മെശഹാന്തദക്കദം എട്ടക്കുന്നവർ അതിന്റെറ പെറകെ, എല്ലായിലും ഒട്ടക്കത്ത ക്രുസ്സ എട്ടക്കുന്ന ശരീരം—

വിശെഷിച്ച ഈ ക്രമത്തുംവഴി നടന്ന അവുദാവുല മറിയാ എന്ന മസമൊറാ ചൊല്ലിക്കൊണ്ട കുസ്യാടെ പള്ളിക്കൽ വന്ന മൂന്ന കൂപ്പികളം ഒത്രാണൊസ്സംമെൽ വെച്ച എല്ലാവരും മുട്ടുകുത്തി വിഗാരി മൂന്ന സ്ലൊസായും ചൊല്ല്യ തിന്റെറ ചെഷം സൈത്ത എടത്ത പൂട്ടെണ്ടുന്ന എടത്ത പൂട്ടി സംഗ്രഹിച്ചുകൊള്ളുകയും വെണം—

സെപ്ര ദവ്വാ
പട്ടക്കാരുടെ ഗുണവും നടപടികൾകൊണ്ടും—

ഒന്നാം സാഹാ—
പട്ടക്കാരുടെ പട്ടവും കൂപ്പായവും കൊണ്ട

പട്ടം ഏറവരുടെ തലമെൽ നട്ടവിൽ വട്ടത്തംവഴി ചെരപ്പിച്ച നടക്കുന്നത പണ്ടപണ്ടെ ശ്ലീഹെൻമാർ കല്പിച്ചതും അവർ ഈ വണ്ണംതന്നെ യാവരിച്ചതും. മാറാൻ ഈശൊമിശിഹ നമുക്ക വെണ്ടി മുള്ളുടി തന്റെറ തലമെൽ എറ്റ എന്നും രാജധാനം പട്ടക്കാരക്ക ഒണ്ട എന്നും സൂപ്രാടെ പൊരുൾ ആയത. വഹ്രദാശിൽ കാരർ ചെരപ്പിക്കാതെ തലയിൽ നട്ടവിൽ ഒര കുട്ടമ്മി അവക്ക ഒള്ള എന്നതിന്റെറ മരിയാദി ദ്ക്കുകളൊട (52) പടിച്ച എന്നവരും തങ്ങടെ സുറിയാനി പൊസ്തകത്തിൽ പട്ടക്കാരർ തലമെൽ നട്ടവിൽ ചെരിപ്പിക്കണമെന്ന എഴുതി കാഴ്മാറ ഒണ്ട താനും—

എന്നാൽ നമ്മുടെ മലങ്കരെടെ പട്ടക്കാരർ ഇതുമെൽ അറുതി ഇല്ലാ എന്നതിനെക്കൊണ്ട ഇവണ്ണം കല്പിച്ച നാം. വല്യ ഒസ്ത്യിയെടെ വട്ടത്തിന്ന തക്കവണ്ണം തലെടെ നട്ടവിൽ ചെരപ്പിക്കണം കുറുവാന പട്ടക്കാരർ എല്ലാവരും. അരവെരൽ കൊറെ ശെഷം കുദാശ പട്ടക്കാരർ. അതിനെക്കാട്ടിൽ അരവെരൽ കുറെയും ചെറിയ പട്ടക്കാരും ഇതിൽ എഴുത്തുപെട്ട—

എന്നാൽ പ്രാതികളുടെ കുട്ട തലമുടി എറെ മെപ്പട്ട വെട്ടിക്കാതെ ഇരിക്കണം. താടിയൊ പഴെ ഇവിടത്തെ മരിയാദിക്ക തക്കവണ്ണം നീട്ടുകയും വെണം. ഇത അല്ല എങ്കിൽ ശ്ലീഹൻമാരിടെ കാലത്ത അവർ കല്പിച്ച റൊമ്മാ പള്ളി അതിന്ന ഒത്തവണ്ണം നടക്കുന്ന മരിയാദിക്ക തക്കവണ്ണം വെട്ടിക്കയും ആം— എറെ പ്രുത്തുക്കാൽമാര ചൈയുന്നപൊലെ ചെരപ്പിക്കയും ആം—

52. ദ്ക്കുകം — തുക്കികം: മുസ്ലീങ്ങം

എന്നാൽ പതിനഞ്ച ദിവസം കൂടംപൊളെക്ക പട്ടം ഒണ്ടാക്കിയെ മതിയാവു എന്ന കല്പന ആകുന്നു—

വിശെഷിച്ച മലങ്കരെടെ പട്ടക്കാരുടെ ചമയം ഈ വണ്ണം: തലയിൽ തൊപ്പി എങ്കിലും പരന്ന ചെറക ഒള്ള തൊപ്പി എങ്കിലും—

എന്നാൽ ചെറകൊള്ള തൊപ്പി വെറും തലമെൽ ഇടെരുത, ഇത അപ്പസ്തൊപ്പാമാക്കെ ആവു എന്നതിനെകൊണ്ട. ചെറിയ തൊപ്പിമെൽ അതിനെ ഇടാം താനും—

വിശെഷിച്ച ചുകട്ട അടിയൊളം എത്തുന്ന വെള്ള മുഴക്കുപ്പായവും. കെച്ചീക്കപൊകുംപൊം കറുത്ത മാന്തളർ ഇട്ടകയും ആം. മുഴക്കുപ്പായവും കറുത്തത—(53)

വിശെഷിച്ച അരയിൽ കെട്ട കുപ്പായത്തിൻെറ നെറത്തിന്ന തക്കവണ്ണം വെണം. കാൽമെൽ വള്ളിചെരിപ്പും ഇടണം. പള്ളിക്കും കൊച്ചിക്കും പൊകുംപൊം മൊസാറും (54) വെണം—

എന്നാൽ മററ ഒര നെറം ഒള്ള കുപ്പായം ഇടരുത നമ്മുടെ പട്ടക്കാരക്ക— (55)

വിശെഷിച്ച തങ്ങടെ അകത്തുട്ട അല്ലാതെ കർപ്പൂസ എന്ന തലത്തൊപ്പി (56) ഇട്ട നടക്കരുത—

വിശെഷിച്ച കുളിപ്പാനും നിന്തുവാനും പൊകുംപൊം വഴിയെ ഉടുത്ത മറച്ചുംകൊണ്ട വെണമെ നിന്തുവാനും. അല്ലെനികളൊട കൂടെ അരുത താനും. ഒട്ട എറയും പെണ്ണുങ്ങം കുളിക്കുന്ന എടത്ത അരുത എന്ന അറിയണം—

വിശെഷിച്ച നമ്മുടെ കുറസ്യാടെ പള്ളിയെടെ അമിശക്കാരക്കും വിഗാരിമാക്കും സൂപ്പിലിസിൽ മിതെ മാപ്പ്ര ആകുന്ന മുർസ (57) അവക്ക ഇടാം—

എന്നാൽ ഇത പള്ളിക്കെലെ ആവു. ആവണ്ണംതന്നെ പട്ടകുപ്പായം ഇടുകയും അരുത. ഒരൊരുത്തക്കും കൈമൊധിരങ്ങളും അരുത— കുറസ്യ പള്ളിയെടെ അമിശക്കാരക്കും വിഗാരിമാക്കും ഒഴിയെ—

എന്നാൽ പള്ളിയിൽ നൊസ്സരിക്കുന്ന നെരത്ത സൂപ്പിലീസ എന്ന വെള്ളകുപ്പായം ഇട്ടെ നമസ്സരിക്കാവു പട്ടക്കാരർ എല്ലാവരും—

രണ്ടാം സഹാ—

പട്ടക്കാരുടെ കളിമെലും ആയുധങ്ങൾമെലും—

നമ്മുടെ പട്ടക്കാരുടെ ആയിധം ആകുന്നത തംപുരാൻെറ മുന്നൽ ഒള്ള നമുസ്സാരവും കണ്ണുനീരും. ഇതിനെക്കൊണ്ട ആയുധങ്ങം അരുത അവക്ക. ഒര കത്തിയുംകൂടെ പള്ളിക്കൽ കൊണ്ടപൊകയും അരുത—

എന്നാൽ ശത്രുക്കം തനിക്ക ഒണ്ടായിട്ട ആയുധങ്ങം തനിക്ക വെണം എന്ന വരികിൽ മെത്രാനൊട ചൊതിച്ചാൽ ആറമാസത്തെക്ക ആയുധങ്ങം കൊണ്ട നടക്കാം—

---

53. മാന്തളർ — Mantle.

പൊർത്തുഗീസുകാരുടെ കോളനിയായ കൊച്ചിയിൽ ചെല്ലുമ്പോം പോർത്തുഗിസ് വൈദികരെപ്പോലെ വേഷം ധരിക്കണമെന്ന സാരം.

54. മൊസാർ — Cape, ഒരുതരം മേലങ്കി.

55. നീലനിറത്തിലുള്ള കുപ്പായങ്ങം കേരളത്തിലെ വൈദികർ ഉപയോഗിച്ചിരുന്നു. Gouvea, S. VII, D, XII, ഉ. സൂ. കാനോനകം പുറം 105, കാണുക.

56. കുപ്പായത്തിൻെറ ഭാഗമായിത്തന്നെയുള്ള തൊപ്പി.

57. ഒരുതരം മേലങ്കി.

എന്നാൽ ആറ മാസം കൂടിയാൽ പിന്നയും ഭിഷ്വതി ഒണ്ടെങ്കിൽ അനുവാസം മെടിച്ച കൊള്ളണം —

എന്നാൽ ആയുധം കൊണ്ട താൻ വടികൊണ്ട താൻ കാൽ കൊണ്ടതാൻ പട്ടക്കാരൻ ആരാനെ വെട്ടുകയൊ കുത്തുകയൊ മുറിക്കയൊ ചൈതു എങ്കിൽ തന്റെറ പെഴക്ക തക്കവണ്ണം പ്രാച്ചിത്വം ചൈതെ മതിയാവു —

വിശെഷിച്ച തന്നെതാൻ തട്ടപ്പാൻ ആയിട്ട അത ചൈതു എങ്കിൽ രക്ഷ പെട്ടം —

വിശെഷിച്ച ആവണ്ണംതന്നെ അങ്കം വെട്ടുവാനും മറവരെ കുറപ്പാനും ഭാവിക്കയും അരുത പറകയും അരുത നമ്മുടെ പട്ടക്കാരക്ക. എന്നാൽ ഇതിനൊട മറത്ത പ്രവൃത്തിക്കുന്നവരെ കട്ടമയൊട കൂടെ കുററപെട്ടക്കണം മെത്രാൻ —

വിശെഷിച്ച ദാദകളി എങ്കിലും കട്ടദാശകളി എങ്കിലും കളിക്കരുത പട്ടക്കാരർ. കനം ഇല്ലാത്ത മററ ഒര കളി എങ്കിലും അരുത അവക്ക — (58)

എന്നാൽ ഇങ്ങനത്ത കളികളിക്കുന്നവക്ക പട്ടത്തിന്ന തക്ക പ്രവൃത്തി പ്രവൃത്തിക്കരുത കളി മാററുവൊളം. രാമാനത്തുംകൽ അവുടെ അവുടെ നടക്കരുത. തങ്ങടെ കൊലം മാററി കളിക്കയും അരുത. (59) ചെതം ഇല്ലാത്ത പാട്ടപാട്ടകയും അരുത. അല്ലെനികളൊട്ടകൂടെ കളിക്കയും ചിരിക്കയും അരുത. തങ്ങടെ കയ്യാലെ വാണിഭം ചൈകയും അരുത - തരക പ്രവൃത്തി (60) അവക്ക എട്ടക്കയും അരുത – ഗൈയത്താകളൊടെ (61) എടത്ത ചെന്ന ആരാന്റെറ ദൊഷം പറഞ്ഞ സങ്കടം വരുത്തുകയും അരുത ആക്കം —

എന്നാൽ ഇ പറഞ്ഞതിൽ ഒന്ന പ്രവൃത്തിക്കുന്നവക്ക തങ്ങടെ അമിശം പ്രവൃത്തിക്കരുത —

മൂന്നാം സാഹാ —

പെണ്ണുങ്ങൾ ഇരിക്കുന്ന എടത്ത പട്ടക്കാരർ ഇരിക്കരുത എന്നതകൊണ്ടും കൂടിക്കരുത എന്നതകൊണ്ടും —

ശ്രീഹൻമാരുടെ കല്പനകെളിലും പള്ളിയെടെ കട്ളാഷ്ടകെളിലും പെങ്കെട്ട വെലക്കികിടക്കുന്ന കൂദാശ പട്ടക്കാരക്ക എല്ലാവക്കും. ഇത എന്തെ? തംപുരാന്റെറ എടത്തും ദൊഷക്കാരരിടെ എടത്തും നട്ടവെർ ആയി നിക്കുന്ന മിശിഹാടെ പട്ടക്കാരുടെ പ്രവൃത്തി ആയി ഇരിക്കെണ്ടുവത – എല്ലാപ്പൊളും തംപുരാനൊട പ്രാത്തിക്കുന്നതും മിശിഹാടെ ശരീരവും ചൊരയും തംപുരാന്റെറ മുന്നൽ കാഴ്ച ആയി വച്ച ഹൊമിക്കുന്നതും —

എന്നാൽ ഇതിനെക്കൊണ്ട ഇഹലൊകത്തിലെ സമുസാരത്തിൽനിന്ന ദൂരപ്പട്ട ഇരിക്കണം മിശിഹാടെ പട്ടക്കാരർ എന്നിട്ട തങ്ങടെ പട്ടത്തിന്റെറ പ്രവൃ

58. കട്ടദാശകളി – ചീട്ടകളി. കനം ഇല്ലാത്തകളി – Silly game. ദാദകളി – Dice (?)

59. വേഷം (കോലം) മാററിയുള്ള കളികളം പാടില്ല.

60. ദല്ലാളം (Broker) പണി, ചുങ്കക്കാരന്റെറ ജോലി പാടില്ല.

61. 'Civil authorities' എന്ന അർത്ഥമാണ് ഡോ. പുതിയാകുന്നേൽ ഈ പദത്തിനു കല്പിക്കുന്നത്. Syro Malabar Clergy, Vincentian publishing Bureau, Ernakulam, 1964 p. 189

ത്തി മൊടക്കുന്ന പെങ്കെട്ടിന്ന അവക്ക വെലക്കി കെടക്കുന്നു. അപ്പളൊ പട്ടക്കാരർ കെട്ടുന്നത ഒട്ട എറയും പട്ടം എററതിൻെറ ശെഷം സാക്ഷാൽ ഒള്ള മാഗ്ഗത്തിൻെറ മരിയാതിയും അല്ല. വലിയൊര ശങ്കൊളംതാനും —

വിശെഷിച്ച പിന്നയും രണ്ട മൂന്നുട്ടക്കെ പെണ്ണുകെട്ടുന്നത എങ്ങും ഇല്ലാത്ത ഒര മരിയാതി അത്ര ആയത —

എന്നാൽ അറിവില്ലായ്മകൊണ്ട പെണ്ണുകെട്ടി ഇരിക്കുന്ന ചെലർ പട്ടക്കാരർ പട്ടം എററതിൻെറ ചെഷം. കൂടാശ ഒന്നും അവക്ക പ്രവൃത്തിക്കരുത. പെഴകളടെ പൊറുതി കിട്ടണം എങ്കിൽ കെട്ടിയവരിടെ പക്കൽ നിന്ന അവര വെർതിരിഞ്ഞെ മതിയാവൂ —

എന്നാൽ കൂടാശ പട്ടക്കാരർ ആയതിൽ ഒരുത്തർ മെലിലെക്ക പെണ്ണ കെട്ടുകിൽ പെങ്കെട്ട വാസ്ഥമല്ല. തനിക്കും പെണ്ണിന്നും കൂടെ നിന്നവക്കും മഹറൊൻ ഒണ്ടതാനും —

എന്നാൽ പെണ്ണുകെട്ടാതെ ചില പട്ടക്കാരർ തംപുരാനെ പെടിരാതയും ശങ്കിരാതയും തങ്ങടെ അമിശം അറിയാതയും അടാത്ത വഴിയിൽ നടക്കുന്നതകൊണ്ട മാപ്പിളമാരും വിശ്വാസം ഇല്ലാത്തവരും കൂടെ തംപുരാൻെറ മാഗ്ഗത്തെ ദുഷിച്ച ഭൊഷിക്ക എല്ലൊ ചൈയുന്നത. ഇത മൂലം പഴെ സൂനഹാദൊസ ഒക്കെയിൽ കല്പിച്ചപൊലെ നാമും കല്പിച്ചു ഇവണ്ണം: അൻപത വയസ്സിൽ മീതെ ഒള്ള പെണ്ണുങ്ങളൊ ഒഴിയെ മററ ഒര പെണ്ണും പട്ടക്കാരർ ഇരിക്കുന്ന എടത്ത ഇരിക്കയും അരുത —

അമ്മയും പെങ്ങളും അമ്മാവിയും കൂടാതെ വെലക്കകൊണ്ട മററ ഒര പെണ്ണിനെ ആരാൻെറ വീട്ടിൽ പട്ടക്കാരർ ഇരുത്തുകയും അരുത —

എന്നാൽ ഇതിന്ന ഒത്തവണ്ണം ഇരിയാത്തവക്ക തങ്ങടെ അമിശം പ്രവൃത്തിക്കരുത ദൊഷത്തിൽനിന്ന നീങ്ങുവൊളം. നെരത്തുംപൊലെ അവനെക്കൊണ്ട വസ്തുവിന്ന തക്കവണ്ണം പ്രാശ്യതം ചൈയിപ്പിക്കയും വെണം. ദൊഷത്തിൽ ഇരുന്ന കാലത്ത വെണ്ടുന്ന ഒകരി എങ്കിലും മാസപ്പടി എങ്കിലും അവക്ക കൊടുക്കയും അരുത. അവരെ നെരത്തിയതിൽ പിന്നെ പിന്നയും മുൻപിലത്തെപൊലെ യാവരിക്കിൽ അപ്പൊളും അവനെ മഹറൊൻ ചൊല്ലുകയുംവെണം —

വിശെഷിച്ച നെരെ അല്ലാതെ പെങ്കെട്ട കൊണ്ട കൂടാശ പട്ടക്കാരന്ന മകൻ ഒണ്ടായി എങ്കിൽ തനിൻെറ അപ്പൻ ഇരിക്കുന്ന പള്ളിക്കൽ മകൻ ശമ്മാശ അല്ല കശീശ ആയി ഇരിക്കയും അരുത. അപ്പെനിൻെറ കുറവാനക്ക ചിററാഷ്ടക്ക നിക്കയും അരുത ഒരു നാളും ഇതിനൊട മുത്ത പ്രവൃത്തിക്കിൽ മെത്രാനിൻെറ വിധിപ്പിന്ന തക്കവണ്ണം അപ്പെനും മകെനുംകൂടെ ശിക്ഷപെടുകയുംവെണം. പട്ടക്കാരനിൻെറ മകൻ ചത്താൽ അയാളുടെ ശെഷ ക്രീയെക്ക കൂടുകയും അരുത. മകൻ കെട്ടണമെങ്കിൽ കല്ല്യാണത്തിൽ കൂടുകയും അരുത അപ്പെൻ —

എന്നാൽ നമ്മുടെ എടവകയിൽ ഒള്ള ചെല പട്ടക്കാരുടെ കുടിമതംകൊണ്ട മാഗ്ഗത്തിന്ന അനെകരും കുറച്ചിൽ ഒണ്ടല്ലൊ. ഇതിനെക്കൊണ്ട ഇങ്ങനത്ത പട്ടക്കാരുടെമെൽ ഈ വണ്ണം കല്പിച്ചു. അപ്പൊളെ അപ്പൊളെ കുടിച്ച മതിമറന്ന പട്ടക്കാരക്ക തങ്ങടെ അമിശം പ്രവൃത്തിക്കരുത. വിഗാരിമാർ എങ്കിൽ ഒന്നുകിൽ ആ സ്വഭാവം മാററണം, അത അല്ല എങ്കിൽ വിഗാരിത്തം വൈക്കണം —

വിശെഷിച്ച കമ്മാളരുടെ അവുടെക്ക ചെന്ന കുടിക്കുന്ന പട്ടക്കാരരൊടുകൂടെ നൊസ്സരിക്കരുത ശെഷം പട്ടക്കാരർ എന്ന പ്രമാണം ആകുന്നു — (62)

62, മദ്യവ്യാപാരം കമ്മാളരുടെ വീടുകളിലായിരുന്നിരിക്കണം. മാത്തോമ്മാ ക്രിസ്ത്യാനികളുടെ സംരക്ഷണയിൽ കഴിഞ്ഞുകൂടിയിരുന്നവരാണു കമ്മാളർ.

നാലാം സാഹാ —

പട്ടക്കാരുടെ നൊസ്സാരംകൊണ്ടും അമിശക്കാരുടയും— വിഗാരിമരിടെയും നെലകൊണ്ടും —

മലങ്കരെടെ പട്ടക്കാരുടെമൽ വഗ്രദാശിയിൽ നിന്ന വന്ന മെൽപ്പട്ടക്കാരർ ചൊമക്കരുതാത്ത ചുമട വെച്ച എഴ ഹ്രലാല നൊസ്സരിക്കണം എന്ന അവക്ക് കല്പി ച്ചാറെ അതിന്ന തക്കവണ്ണം നടപ്പാൻ മിക്കവർക്കും എത്ത ഇന്നെയൊളം. ഇത മൂലം നമ്മുടെ പട്ടക്കാരർ മിക്കവരും ദൊഷത്തിൽ തന്നെ കിടക്കുന്നു. അപ്പളൊ അവ ക്ക എത്തുവാൻ തക്ക നമസ്കാരം ഈ വണ്ണം കല്പിച്ച. ഇപ്പൊഠം അൻപതനൊയ മ്പ അല്ലാതെ മലങ്കരെടെ കുദാശപട്ടക്കാരർ എല്ലാവരും മൂന്ന ഹ്രലാല നമസ്കരി ച്ചെ മതിയാവു. മൈയെലെ നിച്ചലും മരിയാദിക്ക തക്കവണ്ണം റ്റ (ശ) നമസ്കാ രവും. അൻപതനൊയമ്പിൽ (63)—

എന്നാൽ എഴഹ്രലാല എത്തിച്ചെ മതിയാവു —

എന്നാൽ പട്ടക്കാരർ യൊഗം ഒള്ള എടത്ത എഴനാഴിക രാകൊണ്ട എഴന്നെ റ്റ മണിയും തട്ടിച്ച വെള്ളക്കുപ്പായവും ചെരിപ്പും ഇട്ട അടക്കത്തൊട്ടുകൂടെ പ ള്ളിക്കൽ നമസ്കരിച്ചെ മതിയാവു. അതിന്ന തക്കനെരത്ത റമശാനമസ്കാരം എത്തി ക്കയും വെണം അവണ്ണം —

വിശെഷിച്ച നമസ്കാരത്തിന്ന വരാത്ത പട്ടക്കാരരെ വെറെ എഴതണം വി ഗാരി. ഏത നമസ്കാരത്തിൽ കൂടാഞ്ഞു എന്നും എത്ര കുറി വരാഞ്ഞു എന്നും എഴ തണം —

വിശെഷിച്ച മൈ(യ)ലത്തെത്തും വൈകീട്ടത്തെത്തും എത്തിക്കാഞ്ഞവരെ ഒര പണം, ഒരുനെരംതന്നെ നമസ്കാരം എത്തി എന്നവര അരപണം തങ്ങടെ ഒകരി യാൽ എടത്ത പള്ളിക്ക കഴിവ ചൈതെ മതിയാവു —

എന്നാൽ വിഗാരി ഇതുംമെൽ മടിച്ച സൂക്ഷിക്കായികിൽ നമസ്കാരം എ ത്താഞ്ഞവർ ചൈയെണ്ടുന്ന പ്രശ്യതപം അവർ ചൈയെണം —

എന്നാൽ നമസ്കരിക്കാത്ത വിഗാരിയെനെ സൂക്ഷിച്ച എഴതണം മൂത്ത കത്തനാര. കത്തനാര അല്ല എങ്കിൽ ചെമ്മാശ പട്ടാങ്ങയൊട്ടുകൂടെ ഇതുംമെൽ യാവരിക്കണം —

വിശെഷിച്ച ക്ലെശംകൊണ്ട എങ്കിലും വയസ്സ എറ്റംകൊണ്ട എങ്കിലും മെ ത്രാൻ വിളിപ്പിച്ചിട്ട എങ്കിലും മെത്രാനെറ്റ അനുവാദം ഒണ്ടായിട്ട എങ്കിലും പ ള്ളിക്കൽ നമസ്കരിപ്പാൻ വരാത്തവരെ എഴതെണ്ടതാനും.

എന്നാൽ നമസ്കരിക്കുന്ന നെരത്ത കലക്കവും തത്രുവും കൂടാതെ നമസ്കരിക്ക ണം ഈ വണ്ണ~, രണ്ട പന്തികയം ആയി നിന്നുംകൊണ്ട അങ്ങും ഇങ്ങും നൊക്കാ തെ തംപുരാനൊട സംസാരിക്കുന്നു എന്ന നെനച്ച. ഒരു പന്തിക്കാരർ ചൊല്ലി കൂട്ടും മുൻപിൽ മറ്റ പന്തിക്കാരർ തൊടങ്ങണ്ടാ. മെത്രുവാ ചൊല്ലുംപൊഠം ഒരു മിച്ച കൂട്ടമെ ചൊല്ലെണ്ടാ എല്ലാവരും. പിന്നെയൊ ഇരുവര ചൊല്ലണം ഒരു

---

63. 'അൻപത നൊയമ്പിൽ' എന്നു കഴിഞ്ഞിട്ട കാണുന്ന നേർവര അനാവശ്യമാ ണു. 'അൻപതനൊയമ്പിൽ എന്നാൽ എഴ ഹ്രലാല എത്തിച്ചെ മതിയാവു' എന്നു ഒന്നിച്ചു വായിക്കണം.

കൂട്ടം. മറ്റ ഇരുവർ മറ്റ കൂട്ടം. കൂട്ടുവാളം ഇരുവർ പൊല്ലംപൊം മറ്റവർ കൊം ക്കയും വെണം. എല്ലാവരുംകൂടെ ചെല്ലെണ്ടന്നതിനെ ഇരുവര താൻ മൂവരതാൻ നാലരതാൻ ചൊല്ലിയാൽ മതി. മറ്റവർ കൊംക്കണം. പൊല്ലംപൊം സൊരം ഒപ്പിച്ച നല്ല ദുനികംകൊണ്ട പള്ളിയിൽനിന്ന കൊംക്കുന്നവക്ക ഭക്തിമ തൊന്നിക്കയും വെണം —

എന്നാൽ നൊം അനെകരം ദൊണ്ഡിച്ച ചെതറി കെടക്കുന്ന സുറിയാനി നമസ്കാരത്തിന്ന ചിതം വരുത്തിയപൊലെ കണ്ടപെത്ത എല്ലാ പള്ളിയിൽ പട്ടക്കാരർ എല്ലാവരും നൊസ്കരിക്കയുംവെണം —

കക്ടെകഞായിററിൽ മാർ തൊമ്മാടെ ദുഖാനെക്ക എട്ട ദിവസത്തെ നമസ്കാരം എല്ലാവരും എത്തിച്ചെ മതിയാവു. കുവാനപെരുനാംക്ക എട്ട ദിവസത്തെ നമസ്കാരം കല്പിച്ചവണ്ണംതന്നെ നമസ്കരിച്ചെ മതിയാവുതാനും —

വിശെഷിച്ച അത അത പള്ളിയുടെ കന്തിശങ്ങളുടെ ദുഖാനെക്ക ഒള്ള നമസ്കാരം എട്ട ദിവസത്തെക്ക അതിനെ നമസ്കരിക്കയും വെണം —

എന്നാൽ മെൽ എഴുത്തുപെട്ടപൊലെ വിഗാരി എങ്കിലും വിഗാരിയെനെ തുണപ്പാൻ മറ്റ ഒരുത്തെർ എങ്കിലും വന്നവരെ കുംപസാരിപ്പിക്കിൽ കുറം ഇല്ല. അയാളെ എഴുതുകയും വെണം —

എന്നാൽ അവർ പള്ളിയിൽ എങ്കിലും മറ്റ എടത്ത എങ്കിലും നമസ്കരിക്കെണ്ടന്നത കുറച്ചിൽ കൂടാതെ തെകക്കയും വെണം —

വിശെഷിച്ച അല്വെനികളെ നമുക്ക ഒള്ള പട്ടം വിഗാരിമാർപൊലെ നമ്മുടെ കുസ്യാടെ പള്ളിയെടെ അമിശക്കാരും തങ്ങടെ പള്ളിയിൽനിന്ന പുറപ്പെട്ട മറ്റ ഒര എടത്ത പൊകരുത എന്ന തംപുരാൻറ്റെയും പള്ളിയുടെയും കല്പന ആകുന്ന. അപ്പളൊ തങ്ങടെ പള്ളി ഇട്ടം വെച്ചെച്ച തങ്ങൾക്ക ഒത്ത എടത്ത പൊകരുത അവക്ക മെത്രാൻറ്റെ എഴുത്തുപെട്ട അനുവാദം കൂടാതെ —

എന്നാൽ ആണ്ടിൽ ആണ്ടിൽ ഞായമുള്ള അവകാശംകൊണ്ട തങ്ങടെ പള്ളിയിൽനിന്ന പുറപ്പെട്ട മറ്റ ഒര എടത്ത പൊകാം മുപ്പത ദിവസത്തെക്ക —

എന്നാൽ ഇത ഒഴിയെ മറ്റ ജാതി യാവരിക്കുന്നവർ എത്ര ദിവസത്തെക്ക തങ്ങടെ പള്ളിക്ക പൊറത്ത പൊയാൽ അത്ര ദിവസത്തെക്ക വെണ്ടുന്ന മാസപ്പടിയും ഒകരിയും മെടിക്കരുത —

എന്നാൽ വിഗാരിമാർ മറ്റ ഒര എടത്ത പൊകുംപൊം തങ്ങടെ സ്ഥാനം പ്രവൃത്തിപ്പാൻ തക്ക ഒരുത്തെരെ നിറുത്തിയെ പൊകാവു —

എന്നാൽ വിഗാരിമാരെ ഒര എടത്ത നിറുത്തിയാൽ കല്പിച്ചാൽ അവുടെതന്നെ ഇരിക്കെ ആവു തൻറ്റെ പള്ളിയെടെ അട്ടക്കത്തന്നെ താൻ – ഭരിക്കുന്ന പള്ളിയീന്ന ഒരു കാതംവഴി ദൂരെ ഇരിക്കരുത —

എന്നാൽ തങ്ങളുടെ വിഗാരിതവത്തിനുടെ കട്ടദാശ ആണ്ടിൽ ഒരിക്കൽ സൂബാറാടെ മുൻപിലത്തെ ഞാറാഴ്ചനാം യൊഗത്തുംകൽ വായിക്കണം —

വിശെഷിച്ച കുദാശകംമെലും മാറ്റത്തിന്നടുത്ത വസ്തുക്കംമെലും തങ്ങളുടെ പൊല്ലം വിളിയും കൊള്ളാത്തവരയും തങ്ങളിടെ വീട്ടിലുള്ളവരെ നമസ്കാരം പറിപ്പിപ്പാൻ അയക്കാത്തവരയും പൈത്താമ്മാരിടെ വസ്തു പ്രവൃത്തിക്കയും പ്രവൃത്തിപ്പിക്കയും പൈയുന്നവരയും വിഗാരിമാർ പുറത്ത നിത്തിയാൽ പ്രാശ്യത്തം അവ

രെകൊണ്ട ചൈയിപ്പിക്കുന്ന ദ്രവ്യം പള്ളിടെ പണിക്കും വെഞ്ചനാദികൎക്കും ആകു കയുംവെണം-ഇക്കല്പനപുസ്തകത്തിൽ എഴുത്തുപ്പട്ട പ്രാശ്യത്ത പണം ഒക്കയുമതെ —

വിശെഷിച്ച വിഗാരിയൊട മുത്ത ആരാനും പിഴച്ചുവെംകിൽ മെത്രാനൊട അറിയിച്ച അവരെ മതിയാകുംവണ്ണം ശിക്ഷിക്കയും വെണം —

അഞ്ചാം സാഹാ—
കുറുവാനനെരത്ത വിഗാരിമാർ അറിയിക്കെണ്ടവതുമ്മെൽ—

ഞാറാഴ്ചകളിലും പെരുനാളുകളിലും ഇതല്ലാത്ത ദിവസങ്ങളിലും പള്ളിയിൽ കൂട്ടന്ന ലൊകർ കളികാസ്സാനും കുറുബാനനെരത്ത പറയാസ്സാനും വിഗാരി സൂക്ഷിക്കെണം—

ഏതാനും കാര്യം പറയെണ്ടത ഉണ്ടുകിൽ കുറുബാനകും ഒക്കയും കൂടിയെ ആവു—

വിശെഷിച്ച എവൻഗാലിയൊൻ വായിച്ച കൂടിയശെഷം വിഗാരി ത്രൊണൊസിൻെറ നടുവിൽനിന്ന സ്സീവാസ്സു തലയും ചായിച്ച താഴത്തിറങ്ങി കുദെരമെൽ ഇരുന്നുംകൊണ്ട സ്സീവാ തൻെറ മെൽ വരച്ചും നിൽക്കുന്നവരെ കൊണ്ട വരപ്പിക്കയും ചൈത ശെഷം ലൊകരൊട ഈ വണ്ണം പറയണം— തംപുരാൻെറ ശ്രുശ്രൂഷകാരൻ ഞാൻ തങ്ങളൊട ഇപ്പൊഴും തംപുരാൻെറ നാമത്താൽ അറിയിക്കുന്നതിനെ സൂക്ഷിച്ച മനസ്സിൽ ഗ്രഹിച്ചുകൊള്ളെണം— മാമ്മൊദിസാക്കാരർ എല്ലാവക്കും തലവനും നാഥനും ആകുന്ന മാപ്പ്പ്പായെകുറിച്ചും നമ്മുടെ മെത്രാനെക്കുറിച്ചും മെൽപ്പട്ടക്കാരർ എല്ലാവരെക്കുറിച്ചും തംപുരാനൊട പ്രാത്തിക്കണം—

ലൊകരെ ഭരിപ്പാൻ തക്ക ബൊധം അവക്ക കൊടുക്കെണമെന്ന— അവണ്ണന്തന്നെ നമ്മുടെ നാട്ടിലെ നാടുവാഴിക്കും പ്രഭുക്കന്മാക്കും മാടംപികൎക്കും ലൊകക്കും മലയാളർ ഒക്കക്കും പട്ടാങ്ങയായ വിശ്വാസം അവക്ക തംപുരാൻ കൊടുക്കണമെന്ന ഇരക്കയും വെണം— ശെഷം മാമ്മൊദീസാ ഉള്ള രാജാക്കളും മാടംപികളെക്കുറിച്ചും നമസ്സരിക്കെണം - ആയിസ്സും – പൊറുതിയും – ജയവും തമ്മിലുള്ള ഐമൊദ്യവും തംപുരാൻ അവക്ക കൊടുക്കണമെന്ന—

വിശെഷിച്ച ശാവദൊഷത്തിൽ യാവരിക്കുന്നവർ നല്ല വഴിയിൽ തെറെണമെന്നും തംപുരാനൊട ഇരക്കെണം—

വിശെഷിച്ച പ്രൂഗത്തൊര്യാ എന്ന ഇടത്ത ദുഷ്മ്മപ്പെട്ടുന്ന ആത്മാവുകൎക്ക രക്ഷയും തണുപ്പും ഉണ്ടാകെണമെന്ന തംപുരാനൊട അപെക്ഷിക്കണം—

വിശെഷിച്ച പടക്ക പൊകുന്നവരും കടലിൽ ഒട്ടുന്നവരും സംകടംകൂടാതെ തംപുരാൻ അവരെ കാത്തുകൊള്ളണമെന്ന ഇരന്നുകൊള്ളെണം—

വിശെഷിച്ച ആത്മാവുകളെകുറിച്ചും തങ്ങളുടെ രക്ഷയെകുറിച്ചും ഇപ്പള്ളിക്ക നന്മ ചൈയ്യുന്നവരെകുറിച്ചും അഞ്ച ആകാശങ്ങളിൽ ഇരിക്കുന്നും അഞ്ച നന്മനിറഞ്ഞ മറിയവും നമസ്സരിക്കണം—

വിശെഷിച്ച ആപലാതിപ്പെട്ടവരെത്തണുപ്പിപ്പാനും ഇല്ലാത്തവരൊട വെണ്ടുംവണ്ണം ഇരിപ്പാനും – തങ്ങളുടെ ശക്തിക്ക തക്കവണ്ണം ദണ്ഡിക്കയും വെണം —

വിശെഷിച്ച തങ്ങളുടെ വീട്ടിൽ ഉള്ളവരെ നമസ്സാരം പഠിപ്പിപ്പാനും കുറുബാന കാണ്മാനും പള്ളിക്കൽ അവരെ അയപ്പാനും വെണ്ടുവൊളം ശ്രമിക്കെണം—

വിശെഷിച്ച ഈ ആഴ്ചയിൽ ഇന്ന ദിവസത്തിൽ നൊമ്പും കൊള്ളെണ്ടുന്ന പെരുനാളും ഉണ്ടങ്കിൽ അതും അറിയിക്കെണം— വിശെഷിച്ച വിളിച്ചുചൊല്ലെണ്ടതുണ്ടങ്കിൽ അതും വിളിച്ചുചൊല്ലെണം—

ആറാം സാഹാ—

കുറുബാന നെരത്ത വിഗാരി ചൊല്ലികൊടുക്കെണ്ടും നമസ്കാരത്തുമ്മെൽ—

എന്നാൽ വിശ്വാസകാരർ എല്ലാവരും അറിഞ്ഞെ മതിയാവു എന്ന ഇത വിശ്വസിക്കെണ്ടതും പ്രവൃത്തിക്കെണ്ടതും എതു വസ്തുക്കളിൽനിന്ന നീങ്ങെണ്ടുവതും:— എന്നാൽ വിശ്വസിക്കെണ്ടുവത ഇത—

വിശ്വാസത്തിനുടെ പകുപ്പുകളാകുന്നത— 14–സ്തെത്തിനടത്തത –7– നമ്മുടെ കത്താവ ഈശൊമിശിഹാടെ മാനുഷസുഖത്തിന്നടുത്തത– എന്നാൽ ഇത ഒരെന്ന പിന്നെ തിരിച്ചുചൊല്ലെണം—

എന്നാൽ പ്രവൃത്തിക്കെണ്ടത ആയത ഇത – തംപുരാന്റെറ മാഗ്രത്തിനുടെ പ്രമാണങ്ങൾ പത്ത— ഇവറ്റാൽ മുൻപിലത്തെ പ്രമാണങ്ങൾ മൂന്നും തംപുരാന്റെറ ബഹുമാനത്തിന്നടുത്തത. ശെഷംപ്രമാണങ്ങൾ എഴും ജെഷ്ടൻ അനുജന്മാരിടെ ഉപകാരത്തിന്നടുത്തത ആകുന്നു—

ശുദ്ധമാന പള്ളിയുടെ കല്പനകൾ ആകുന്നത അഞ്ച – ശെഷവും ചൊല്ലുക—

മനുഷ്യപ്രവൃത്തികൾ –4– ഇതിൽ ശരീരത്തിന്നടുത്തത –7– ആത്മാവിന്നടുത്തത –7– വിശെഷിച്ച ആത്മാവിലെ ഔഷധങ്ങളാകുന്ന ദാശകൾ –7–

വിശെഷിച്ച ദൈവത്വത്തിന്നടുത്ത ഗുണങ്ങൾ –3–

1–ാ മത – വിശ്വാസം

2–ാ മത – ശരണം

3–ാ മത – ഉപവി

വിശെഷിച്ച തലപ്പട്ട ഗുണങ്ങൾ –4–

1–ാ മത – ബൊധജ്ഞാനം –

2–ാ മത – ചൊവ്വ –

3–ാ മത – ആത്മശക്തി –

4–ാ മത – അടക്കം –

വിശെഷിച്ച ദൊഷങ്ങൾക്ക ഒക്കെക്കും പുകട ആകുന്നത – മുൻപിൽ – നെകിളും - അതിന്റെറ ശെഷവും

ഒന്നാമത നെകിളുത്തിന്ന എളിമ — ഇതിന എതിരായ നന്മകൾ

ആത്മാവിന്റെറ ശത്രുക്കൾ –3–

മുൻപിൽ പൈത്താൻ

രണ്ടാമത – ഭൂമി

മൂന്നാമത – മാംസം (64)

എന്നെന്നെക്കുമുള്ള നരകമാകുന്നത ഒരുനാളും തംപുരാനെ കാണ്മാൻ വശമല്ലാത്തും തീയിലും അറുതിയില്ലാത്ത ദുഷ്ടന്മാരിലും എന്നെന്നെക്കും കിടക്കുന്നതും —

---

64. മാംസം – ശരീരത്തിന്റെ ദുർവ്വാസനകൾ
ഭൂമി – ലോകത്തിന്റെ പ്രലോഭനങ്ങൾ

വിശെഷിച്ച നമസ്കാരിക്കെണ്ടെത ഇത—
ആകാശങ്ങളിൽ ഇരിക്കുന്ന നമസ്കാരവും —
രാജകന്നിയും —
വിശ്വസിക്കുന്നതും —

ഇത എല്ലാം ചൊല്ലിയതിന്റെറ ശെഷം മെത്രാന്റെറ സാധനം (65) വായിക്കെണ്ടതുണ്ടംകിൽ വായിക്കെണം – മഹറൊൻ ഉള്ളവരെ വിളിച്ച ചൊല്ലെണ്ടതുണ്ടംകിൽ വിളിച്ചുചൊല്ലുകയും വെണം – ഇതെല്ലാം കൂടിയാൽ എല്ലാവരും മുട്ടുകുത്തി ഞാൻ പിഴയാളിയന്ന നമസ്കാരം ചൊല്ലുക – മാറാൻ ഈശൊമിശിഹാ, നിന്റെറ ശ്രെഷ്ഠമാന ദിനരൂപ്പാട്ടം മരണവും കുറിച്ച ഞങ്ങളുടെമെൽ അനുഗ്രഹിക്ക എന്ന മുന്നവട്ടം ചൊല്ലെണം – തങ്ങളുടെ മെൽ ഞാൻ (66) റുഹ്മാ ചൈയും പൊം —

എല്ലാവരിടെയുംമെൽ വിഗാരി റുഹ്മാ ചൈത ചൊല്ലുക –.... (67) എന്നതുമെൽ എഴുത്തുപ്പെട്ടപൊലെ

എന്നാൽ പൊരും പറയിന്ന ദിവസത്തിലും പെരുനാൾകളിലും ഇതെല്ലാം വിഗാരി ചൊല്ലെണ്ട. പിന്നയൊ പെരുനാൾ എംകിലും – നൊൻപ എംകിലും – മറെതാനും വിളിച്ച ചൊല്ലെണ്ടതുണ്ടംകിൽ അത മതിയാകും. എന്നാൽ കുന്നക്കാടെ വാതുക്കൽ ഇരുന്നിട്ടംകിലും നിന്നിട്ടംകിലും വിഗാരി മെൽഎഴുത്തുപ്പെട്ടത എല്ലാം ചൊല്ലുകയും വെണം —

എഴാം സാഹ —

പൈതങ്ങൾക്ക നമസ്കാരം പഠിപ്പിക്കണം എന്നതുമ്മെൽ—

നല്ല നിലത്തുംകൽ നല്ല വിത്തു വിതച്ചാൽ നല്ലവണ്ണം മുളക്കുമെന്നപൊലെ ചെറുപ്പത്തിൽ തംപുരാന്റെറ വസ്തുക്കളം പഠിച്ചാൽ വളന്നാൽ എറിയൊര നന്മയും സാമർത്ഥ്യവും അവക്കുണ്ടാകും —

വിശെഷിച്ച പൈതങ്ങളെക്കൊണ്ടെല്ലൊ ലൊകർക്ക പരുകുന്നത. അപ്പഴൊ നല്ല ലൊകർ ആകെണമെംകിൽ നല്ല പൈതങ്ങളായി ഇരിക്കയും വെണം. – ഇതിനെകൊണ്ട വിഗാരിമാർ വെണ്ടുവൊളം ഉത്സാഹിക്കെണം നിത്യവും ഒരുനെരം ഒത്ത ചൊല്ലി കൊടുപ്പാൻ. എന്നതുമ്മെൽ തങ്ങളുടെ ഇടവകയിലുള്ളവരൊട അറിയിക്കെണം – തങ്ങളുടെ മക്കളെയും പിള്ളെരയും ഞാറാഴ്ചകളിലും പെരുനാളുകളിലും പള്ളിക്കൽ അയച്ചുടെണമെന്ന —

എന്നാൽ ഇത സംപദിക്കാത്തവരെകൊണ്ട പ്രാശ്യത്വം ചൈയ്യിക്കെണം – എന്നാൽ തങ്ങളുടെ വീട്ടിൽത്തന്നെ നിത്യലം ഒത്ത പഠിപ്പിക്കുന്നവർ ഉണ്ടംകിൽ അവരൊട ചൊദ്യം ഉണ്ടാകരുത —

വിശെഷിച്ച നമ്മുടെ ഇടവകയിൽ എഴുതിക്കുന്ന മാമ്മൊദീസാ ഉള്ള അജാന്മാർ രണ്ടു നെരം തങ്ങളുടെ ശിഷ്യരെകൊണ്ട ഒത്ത ചൊല്ലിക്കായിൽ മൂന്നവട്ടം അവരൊട അറിയിച്ചാൽ സംപതിച്ചില്ലുംകിൽ അവരെയും കുറ്റപ്പെടുക്കെണം—

---

65. മെത്രാന്റെ കല്പനകളം, ഇടയലേഖനങ്ങളം (pastoral letters)

66. 'താൻ' എന്നായിരിക്കണം. സർവനാമങ്ങളുടെ ഉപയോഗത്തിൽ ചില ക്രമക്കേടുകളം ഈ കൃതിയിൽ കാണാവുന്നതാണ്.

67. അവ്യക്തമായി സൂറിയാനി ലിപിയിൽ എഴുതിയിരിക്കുന്നു.

വിശെഷിച്ച ചെറുപ്പത്തിൽ തന്നെ ആത്മത്തിന്റെറ നഞ്ച കടിക്കായ്വാൻ പൈതങ്ങള പഠിപ്പിക്കുന്ന വിഗാരി മാമ്മൊദീസാ ഇല്ലാത്ത ഇടത്ത പയറുവാനും എഴുതുവാനും പൊകുന്ന പൈതങ്ങും ഭരദെവതയെക്കുപിടാതെ ഇരിക്കെണമെന്ന പഠിപ്പിക്കയും വെണം

എട്ടാം സാഹാ —

ചാത്തത്തിലും നെച്ച്യയിലും താപരം കൂടിക്കുന്നത മാറണം വിഗാരി എന്നതുമ്മെൽ

പള്ളിയുടെ സ്ഥലത്തിൽനിന്ന തിംകയും കടിക്കയും ചൈയുന്നവക്ക കുറം ചൊല്ലി കിടക്കുന്നു മാർ പൌലൊസുശ്ലീഹാ – വിശെഷിച്ച ഒട്ട എറയും തംപുരാന്റെറ മുമ്പിലുള്ള കുറക്കാരർ ആകുന്ന കൂടിട്ടുംകൊണ്ടും (68) മരിച്ചവക്കുവെണ്ടി നമസ്കരിക്കുന്ന പട്ടക്കാരും തംപുരാന്റെറ കൃദാശയാകുന്ന പെങ്കുട്ടിന്ന കൂടിച്ചും കൊണ്ട അശ്രദ്ധമാകുന്നവരും – ഇതിനെകൊണ്ട നമ്മുടെ കല്പനയാകുന്നത - ചാത്തത്തിലും നെച്ച്യയിലും കല്യാണത്തിലും പട്ടക്കാരൻ കൂടെണ്ടുന്ന മററ യൊഗത്തുംകലും മദ്യപാനം ഒട്ടും അരുത എന്ന —

എന്നാൽ ഉണ്ടന്നുവരികിൽ നമ്മുടെ പട്ടക്കാരർ അവിടെക്കുട്ടുകയും അരുത. കൂടിയംകിൽ – മെത്രാന്റെറ വിധിക്ക തക്കവണ്ണും ശിക്ഷപെട്ടുകയും വെണം —

എന്നാൽ ദൂരത്തിൽ പൊകുന്ന പട്ടക്കാരർ നാളെൽ അവിടെ പൊറുക്കുനേരത്തു ഉറങ്ങരുത. മറാരെം അയൽസാക്ഷി തന്നുടെകൂടെ ഉണ്ടായിരിക്കണം. സത്രങ്ങംതന്നെ ഉറങ്ങാൻ മതിയാവു എന്നവരികിൽ ആക്കാൻ ഔവുണംതന്നെ ദ്രൊഹമായിക്കിടക്കുന്ന സ്ത്രീയെക്കാണ്മാനും അവളുടെ അകത്ത പുക്കകുംപസാരിപ്പാനും പൊകുംപൊം തന്നെക്കണ്ടിരിപ്പാൻ ഒരു സാക്ഷിക്കുടെ കൂടെ കൊണ്ട പൊകെണം — (69)

ഒൻപതാം സാഹാ —

കുറുബാന ചൈയ്യെണ്ടുന്ന പ്രകാരത്തുമ്മെൽ —

കുറുബാന ചൈയെണ്ടിവരുമ്പൊൽ ഹുലാലയും മൌത്വായും സപ്രായും നമസ്കരിച്ചെ കുറുബാന ചൈയ്യാവു - ഇതിനെകൊണ്ട മൈയ്യലെ നെരത്ത ആക്കാനും കുറുബാന ചൈതെ മതിയാവു എന്നവരികിൽ രാകൊണ്ട എഴുന്നീററ താൻ തന്നെ നമസ്കാരം ഒക്ക എത്തിച്ചെ അവു —

എന്നാൽ ഞാറാഴ്ചകളിലും പെരുനാളുകളിലും എറെ മുതുന്ന എഴുന്നീററ നല്ല തപസ്സുംവഴി ഘൊഷത്തൊടുകൂടെ നമസ്കരിക്കണം —

എന്നാൽ നെരം ഉദിച്ച എകദെശം ഉച്ചയാകുംപൊം ലൊകർ കൂടിയാൽ കുറുബാന ചൈയ്യെണം – അതിന്ന മുമ്പിൽ ഒര കാൽനാഴികനെരം മണിത്തട്ടെണം —

---

68. കടിട്ടുംകൊണ്ട - കൂടിച്ചുംകൊണ്ട.

69. അടിവരയിട്ട ഭാഗങ്ങളും കർസോൻ ലിപിയിൽ എഴുതിയിരിക്കുന്നു. ചില ഭാഗങ്ങളും വ്യക്തമായി വായിക്കാൻ കഴിയുന്നില്ല. സ്വരങ്ങളും ഉപെക്ഷിക്കുന്ന പതിവു കാണുന്നുണ്ടു. ഈ ഭാഗങ്ങളും വായിക്കുന്നതിൽ ഫാ. തോമസു അരയിത്തിനാലും റവ. ഡോ. ചാംസു പൈങ്ങോട്ടും സഹായിച്ചിട്ടുണ്ടു. പുറം 101, അടിക്കുറിപ്പു 155 കാണുക.

വിശേഷിച്ച പട്ടക്കാരർ ഒരുത്തക്കും കുർബാന ചൈയരുത ലൊകക്ക കുർ ബാന ചൈയും മുമ്പിൽ. ചൈവാൻ ആക്കാനും ദിഷ്ടതി ഉണ്ടംകിൽ നന്നായി രായിലെ ലൊകർ ഇല്ലാത്ത നെരത്ത കുർബാന ചൈയ്യെണം —

എന്നാൽ പള്ളിയുടെ ക്രമം കലക്കന്നെത തങ്ങളുടെ ഇഷ്ടം പ്രവൃത്തിക്കന്ന പട്ട ക്കാരരെ മെത്രാൻ ശിക്ഷിക്കെണം —

എന്നാൽ അങ്ങാടിയിൽ ഉള്ളവരും പള്ളിയുടെ ചുററും അരകാതം ഒരുകാ തം അടുക്ക ഇരിക്കന്നവർ എല്ലാ ഞാറാഴ്ചയിലും കുർബാന കണ്ട മതിയാവു. രണ്ട – മുന്ന – കാതം ദൂരപ്പട്ടവർ ചുരുക്കത്തിൽ തിങ്ങളിൽ രണ്ട ഞാറാഴ്ച കുർബാന കണ്ട മതിയാവു – ഇങ്ങനെ ദൂരത്തിൽ ദെഹദണ്ഡംചെയ്ത ദിവസപ്രതി കഴി ക്കന്നവർ തിങ്ങളിൽ ഒരു ഞാറാഴ്ച കുർബാന കണ്ട മതിയാവു – ഇതിന്ന തക്ക വണ്ണം നടക്കാത്തവരിടെ ഇടത്ത ഗ്രണദൊഷത്തിന പട്ടക്കാരർ പൊകരുത – എല്ലാവരയും ഇതിന്ന ഒത്തവണ്ണം നടത്തുകയുംവെണം —

എന്നാൽ ലൊകരിടെ കുർബാനക്ക ദെശത്തെ പട്ടക്കാരർ എല്ലാവരും നെറി വുള്ള അവകാശം കൂടാതെ നില്പാൻ മടിച്ചുവെംകിൽ അവരിടെ ഒഗരിയിൽ എ താനും പള്ളിക്ക പ്രാശ്യത്തം ചൈയ്യെണം —

എന്നാൽ ലൊകരിടെ കുർബാന പാതി ആയംകിൽ ശെഷം കുർബാന ചൈയ്യെണ്ടന്ന പട്ടക്കാരക്ക കുർബാന ചൈകയുമാം —

വിശെഷിച്ച അന്തിക്ക വെളുക്കും മുൻപിൻ ആരും കുർബാന ചൈയ്യരുത— എന്നാൽ ഞാറാഴ്ചകളിലും പെരുനാളുകളിലും പട്ടക്കാരരിടെ യൊഗമുള്ള എടത്ത വെളുപ്പാൻ തുടങ്ങുംപൊം ലൊകർവരും മുമ്പിൽ ഒരു കുർബാന ചൈ യ്യാം – വീട്ടിൽ പ്രവൃത്തി എടുക്കന്നവർ കുർബാന കണ്ട പൊകയുമാം —

വിശെഷിച്ച മര്യാദക്ക തക്കവണ്ണം ക്യംതാ പെരുനാംക്ക പാതിരാ കഴി ഞ്ഞുടൻ ഒര കുർബാന ചൈയ്യാം – എന്നാൽ ഒര കശീശാതന്നെ ഉള്ളെടത്ത അത

അരുതാനും – ലൊകർ എല്ലാവരുംകൂടി നെരം വെളുത്തെ കുർബാന ചൈയ്യെണ്ട ന്ന പട്ടക്കാരക്ക മുന്ന കുർബാനചൈയ്യാം – പാതിര കഴിയുംപൊം – ഒന്ന – കൊ ഴികൂവുംപൊം – ഒന്ന –പകൽതന്നെ – ഒന്ന —

എന്നാൽ മിശിഹാടെ ശുദ്ധമാന ശരീരവും ചൊരയും ഒഴിയെ മറൊരു വസ്തുവും ഇറക്കരുത – എന്നതിനെ സൂക്ഷിക്കെണം മുമ്പിലത്തെ കുർബാനയിലും രണ്ടാമെതിലും – എന്നാൽ ഒട്ടക്കത്തതിൽ നിത്യലും കുർബാന ചൈയ്യുംവണ്ണം യാവരിക്കയും വെണം – എന്നാൽ മുമ്പിലത്തെതിലും–രണ്ടാമതത്തിലയും കുർബാ നയിൽ ശുദ്ധമാന ചൊര കൊണ്ടാൽ അതിനെ വഴിയെ കൊണ്ടശെഷം പിലാ സാകൊണ്ട കാസാ മൂടുകയും വെണം – പിലാസടെ മീതെ മൂടുന്ന ചീലയും – എ ന്നാൽ കെത്താനമെൽ അതിനെ കല്ലിന്നൊ മീതെതന്നെ കാസാ ഇരിക്കെ ണം – അത്നെ തുകത്താതെ കണ്ട വൈക്കയും വെണം —

വിശെഷിച്ച രണ്ട മെഴുകതിരി ത്രൊണൊസിന്മെൽക്കത്തിച്ചിരിക്കെണം– വിശെഷിച്ച രണ്ടാം കുർബാനയിൽ കാസാ എടുത്ത ഒട്ടും തുകത്താതെ വീഞ്ഞും വെള്ളവും കലത്തി മര്യാദക്ക തക്കവണ്ണം കുർബാന ചൈയ്യെണം —

എന്നാൽ അനേകം സൂക്ഷം ഇതിന്ന വെണമെന്നതിനെകൊണ്ട – ഇതിന്ന ള്ളവർ കുറയുമെന്നതിനെകൊണ്ട – മെത്രാന്റെറാ അനുവാദംകൂടാതെ എൽന്ദാ പെരുനാൾക്ക മുന്ന കുറുബാന ചൈയ്യരുത ആക്കും —

എന്നാൽ ദുഃഖവ്യാഴാഴ്ച നമ്മുടെ നസ്രാണികളും എല്ലാവരും വാണിഭവും കച്ചവടവും മാററി പള്ളിക്കൽ വന്ന വന്ന ബഹുബുദ്ധികൂടാതെ കുമ്പസാരിച്ച കുറുബാനകൊണ്ടെ തങ്ങളുടെ വീട്ടിൽ പൊകാവു – ആ ദിവസത്തിൽതന്നെ വാണിഭം ചൈതവരെ കുമ്പസാരിപ്പിക്കയും അരുത – എന്നാൽ ഒരു കുറുബാനയെ ആവുതാനും. ആ ദെശത്തെ പട്ടക്കാരർ എല്ലാവരും ആ കുറുബാനയ്ക്കുനിന്ന കുറുബാന കൊള്ളെണം. കുറുബാന പട്ടക്കാരർ സൂപ്പലീസും ഊറാറയും ശെമ്മാശ്രമാർ സൂപ്പലീസ ഇടെണം – എന്നാൽ ഈ വണ്ണം ചമഞ്ഞിരിക്കാത്ത പട്ടക്കാരക്ക് കുറുബാന കൊടുക്കരുത —

എന്നാൽ ദുഃഖവെള്ളിയാഴ്ചയിലും ചനിയാഴ്ചയിലും കുറുബാന ചൈയ്യരുതതാനും – മണിയും തട്ടരുതന്ന പള്ളിയുടെ മര്യാത ആകുന്നു – എന്നാൽ ചനിയാഴ്ച ലത്തീൻകാർ കുറുബാന ചൈയുന്നത പെരുനാളുടെ രാത്രിയിൽ പണ്ടെ പണ്ടെ അതിനെ ചൈയുമാറാകുന്നു - എന്നാൽ അതും മാറും പല ക്രിയകളും രാകൊണ്ടതന്നെ എത്തിപ്പാനുള്ള വൈഷമ്യംകൊണ്ട പാതിരാശ്ശ ചൈയ്യെണ്ടുന്ന കുറുബാന ചനിയാഴ്ച മൈയ്യലെ ചൈയുന്ന ഇപ്പൊഴം.

പത്താം സാഹാ —

ഞാറാഴ്ചകളിൽ ശവങ്ങൾ പള്ളിക്കൽകൊണ്ടുവന്നാൽ എങ്ങനെ യാവരിക്കെണ്ടു എന്നതുമ്മെൽ —

നസ്രാണികളായതിൽ ഒരുത്തർ നല്ലവണ്ണം മരിച്ചുവെംകിൽ ചവം അടക്കുവാൻ നെരമായാൽ വെണ്ടത്തക്ക നസ്രാണികളെ വിളിപ്പിച്ച സൂപ്പലീസും ഊറാറയും താൻ ഇട്ട വടിയുള്ള സ്ലീവാ സൂവാസൂപ്പലീസ ഇട്ട ഒരുത്തരെ പിടിപ്പിച്ച കൊളുത്തിയ മെഴുകതിരിരണ്ടും ഇരുവർ പിടിച്ച ധൂമക്കുറ്റി എടുക്കുന്ന – മറെറാരുത്തനും മണിയുമായിട്ട മുമ്പിൽ രണ്ടു പന്തിയായി നസ്രാണികളുംനിന്ന അതിന്റെറ പിറകെ പിറകെ പട്ടക്കാരർ പലരുണ്ടുകിൽ – അവരും രണ്ടുവരിയായി നടക്കെണം – എല്ലായിലും പിറകെ വിഗാരി അന്നീദ പുസ്തകം കൈയിൽ പിടിച്ചുംകൊണ്ട തൊപ്പിയുമിട്ട നടന്ന ശവം കിടക്കുന്നെടത്തചെന്ന – അവിടെന്ന ചൊല്ലെണ്ടുന്ന ക്രിയകളും ചൊല്ലി ശവം എടുപ്പിച്ച ക്രമത്തും വഴിതന്നെ പള്ളിയിൽ വരെണം – വഴിയിൽനിന്ന പട്ടക്കാരർ എറെ അന്നീദാ ചൊല്ലി ഇരിക്കെണം – മണിയും കിലുക്കുകയും വെണം – മെഴുകുതിരിയും കത്തിക്കെണം – കൂടെ പൊരിന്ന അന്മെനികളും കൊന്ത നമസ്കരിക്കെണം – ശവത്തിന്റെറ പിറകെ പട്ടക്കാരർ നടക്കയും വെണം —

എന്നാൽ പള്ളിക്കൽപുക്കാൽ അന്മെനികളുടെ ശവമെംകിൽ ഹെക്കുടെ നടുവിൽ അതിനെ ഇറക്കി വൈക്കെണം പട്ടക്കാരരുടെ ശവമെംകിൽ കനുക്കാടെ അകത്ത ഇറക്കിവച്ച ചില മെഴുകുതിരി കൊളുത്തി അതിന്റെറ ചുറും വൈക്കെണം – പട്ടക്കാരർ ചുറും ഇരുന്ന വിഗാരി കിഴക്കൊട്ട തിരിഞ്ഞ ഇരുന്ന – ശെഷം അന്നീദാ ചൊല്ലി കൂടിയാൽ – മെൽ എഴുത്തുപെട്ട ക്രമത്തുംവഴി മര്യാദക്ക

തക്കവണ്ണം ശവം എടുത്ത അടക്കുകയും വെണം – രാത്രിയിൽ ഒരുത്തരെയും അടക്കരുതുതാനും – എന്നാൽ എതുമില്ലാത്തവരിടെ ശവം അടക്കുവാനും അവരെകുറിച്ച അന്നീദാ ചൊല്ലുവാനും വിഗാരി വെണ്ടുവൊളം ഉത്സാഹിക്കെണം – എറിയൊര മനഗ്രണം തംപുരാൻ ചൈയ്തമെന്നത്നിനെകൊണ്ട —

എന്നാൽ ഞാറാഴ്ചകളിലും വലിയ പെരുനാളുകളിലും മെൽഎഴുത്തുപെട്ട ഘോഷം അരുത – എന്നാൽ ഞാറാഴ്ചകളിലും – പെരുനാളുകളിലും ശവം അടക്കിയെ മതിയാവു എന്നവരികിൽ - ലൊകക്ക കുബാന ചൈയും മുമ്പിൽ - രായിലെ കുറഞ്ഞൊര അന്നീദാ ചൊല്ലികൊണ്ട അടക്കെണം —

വിശെഷിച്ച വൈകീട്ട അന്നീദാ നമസ്കാരം ഒക്കയും കൌറുംകൽ (72) നമസ്കരിക്കയും വെണം – അതിൻെറ പിറെന്നാൾ അന്നീദാ കുബാന ചൈകയുമാം —

വിശെഷിച്ച വൈകീട്ടത്രെ അടക്കെണമെന്നവരികിൽ അന്നീദാ ഒക്കയും വൈകീട്ട ചൊല്ലുകയും പിറെന്നാൾ അന്നീദാ കുബാന ചൈകയുമാം —

എന്നാൽ യൽദായിലും ക്യന്തായിലും പന്തക്കുസ്തയിലും പതിനഞ്ചനൊൻ പ വീട്ടന്ന പെരുനാൾക്ക എംകിലും ഒട്ടും അന്നീദാ ചൊല്ലരുത – ഇതെന്നിയെ ഇങ്ങനെത്തെ ദിവസങ്ങളിൽ വൈകീട്ട അടക്കുവാൻ വെണ്ടുന്ന അന്നീദാ നമസ്കാരം മന്രിച്ച ചൊല്ലികൊണ്ട (73) അടക്കെണം —

വിശെഷിച്ച അതിൻെറ പിറെനാൾ അന്നീദ നമസ്കാരവും കുബാനയും ചൊല്ലുകയുമാം – വിശെഷിച്ച ഇതിനൊട മുത്ത പ്രവൃത്തിക്കുന്ന പട്ടക്കാരർ അന്നീദപ്പണം വാങ്ങരുതെന്ന കല്പനയാകുന്നു.

വിശെഷിച്ച മരിച്ചവക്വൈണ്ടി കുബാന ചൈയ്യെണമെന്ന ചൊല്ലിയത – ഒട്ടുംകാലം വൈകാതെ ചൈയ്യെണം - എന്നാൽ തങ്ങൾക്ക ചൈയ്യരുതാത്ത കുബാനകും എല്ലരുത പട്ടക്കാരർ

വിശെഷിച്ച അന്നീദാ വെള്ളിയാഴ്ചയിലും വ്യാഴികമാസം രണ്ടാം ദിവസി മൈയ്യലെ നെരത്തും കവറുകളെടുത്ത അന്നീദ ചൊല്ലുവാൻ വിഗാരിയും ദെശത്തെ പട്ടക്കാരരും മറക്കരുത – വിശെഷിച്ച നമ്മുടെ ഇടവകയിൽ മരിച്ച മെല്പട്ടക്കാരെ കുറിച്ച ഒര കുബാന ചൈയ്യെണം എല്ലാവരും അവർ മരിച്ച ദിവസത്തിൽ – വിശെഷിച്ച തിംകളാഴ്ചതൊറും എല്ലാവരും ഒരൊ കുബാന ചൊല്ലെണം – ഇയിടവകയിൽ മരിച്ച പട്ടക്കാരർ എല്ലാവരെ കുറിച്ച. അവണ്ണം ചനിയാഴ്ചതൊറും മൈയ്യലെ ലൊകരെക്കൂട്ടി മത്തമറിയത്തമ്മായിക്ക കുബാന ചൈയുന്നത എത്രയും ഗ്രണമുള്ള വസ്തു ആയത —

പതിനൊന്നാം സാഹാ —

മഹറൊൻ ഉള്ളവരയും കുംപസ്സാരിക്കാതെ മരിച്ചവരയും ശുദ്ധമാന ഇടത്ത അടക്കരുത എന്നതുമ്മെൽ—

പള്ളിയുടെ നിലത്ത അടക്കികൊംവാൻ വശമല്ലാത്തവരെ പള്ളിയുടെ കല്പനകളിൽ മല്പാൻമാർ എഴുതിവച്ച ഈവണ്ണം —

72. കബറുകൽ – കുഴിമാടത്തിങ്കൽ

73. താണസ്വരത്തിൽ ചൊല്ലുക.

ഒന്നാമത – മാമ്മൊദീസാ ഇല്ലാത്തവരയും – മഹറൊൻ എററ ചത്തവരയും —
രണ്ടാമത – പള്ളിയകം പൂകുവാൻ വിലക്കികിടക്കുന്നവരയും —
മൂന്നാമത – തന്നെത്താൻ കൊന്ന ചത്തവരയും —
നാലാമത – അംകംവെട്ടി ചത്തവരയും —
അഞ്ചാമത – ശാവദൊഷക്കാരരയും —
ആറാമത – ചത്തു പറന്ന മാമ്മൊദീസാ മുങ്ങാത്ത പൈതങ്ങളയും – ഈ വണ്ണമല്പംകിൽ അരുതമ്മാനില്ല —

എഴാമത – വെറെ എതാനും വസ്തു തങ്ങൾക്ക വച്ചുംകൊണ്ട തരാതെ ചത്ത റംബാമ്മാരയും

എട്ടാമത - ആണ്ടിൽ ഒരിക്കൽ കുംപസാരിക്കാഞ്ഞവരയും – എന്നാൽ കുംപ സാരിച്ചില്ലന്ന നിശ്ചയമായിയംകിൽ – സംശയത്തിന ശുദ്ധമാന നിലത്ത അടക്കാം —

വിശെഷിച്ച മരിക്കും മുമ്പിൽ തെററത്തിനുടെ അടയാളം കാട്ടിയംകിൽ- നൊൻപിൽ കുംപസാരിച്ചില്ലംകിലും അടക്കാം – എന്നാൽ ഒര സാക്ഷിമതി തെററത്തിനുടെ അടയാളം നിശ്ചയിപ്പാൻ —

ഒൻപതാമത – ഹറാത്തിക്കൊമ്മാരയും (74)

പത്താമത – വല്ലൊര ശാവദൊഷത്തിൽനിന്നും കൊണ്ട തെറാതെയും തെററ ത്തിനുടെ അടയാളം കൂടാതെ ചത്തവരയും – എന്നാൽ ഇവറാൽ ഒരുത്തരെ പള്ളി യുടെ നിലത്ത അടക്കിയത തിരിക്കാമെംകിൽ തിരഞ്ഞെടുത്ത പുറത്ത കളകയും വെണം – പള്ളിക്ക എങ്കിലും കവറിടത്ത എംകിലും ശവം കിടക്കുന്നത, രണ്ടാം ദുശ്രമാ ചൈകയും വെണം — (75)

പന്ത്രണ്ടാം സാഹാ—

നമ്മുടെ ഇടവകയിൽ കൊള്ളെണ്ടുന്ന പെരുനാളുകളും നൊൽക്കെണ്ടുന്ന നൊൻപുകളും —

എന്നാൽ നമ്മുടെ ഇയിടവകയിൽ ശുദ്ധമാന കാതൊലിക്ക പള്ളിയുടെ പ്ര മാണത്താലയും നമ്മുടെ കല്പനയാലയും കൊള്ളെണ്ടുന്ന ദിവസങ്ങം ഇത —

മുൻപിൽ – ഞാറാഴ്ചകം ഒക്കയും —

രണ്ടാമത – മിശിഹാടെ ഉയിർപ്പിൻെററ ദിവസവും – അതിനൊട്ടുടെ തിം കളും – ചൊവ്വായും —

മൂന്നാമത – നാൽപതാം പെരുനാളും —

നാലാമത – അൻപതാം പെരുനാളും – അതിനൊട്ടുടെ തിംകളും – ചൊ വ്വായും – അതിനെററ രണ്ടാം വ്യാഴാഴ്ച ശുദ്ധമാന കുരുബാനയുടെ പെരുനാളം —

അഞ്ചാമത – ദുഃഖവ്യാഴാഴ്ച ഉച്ചതൊട്ട ദുഃഖവെള്ളിയാഴ്ച പാതിരായൊളം ദുഃഖവ്യാഴാഴ്ച എന്ന ദിവസത്തിൽ പെരുനാളം —

---

74. ഹറാത്തിക്കാമ്മാർ: അത്ഥം നിണ്ണയിക്കാൻ കഴിയുന്നില്ല.

75. വാക്യാനുസരണം ശ്രദ്ധിക്കുക.

വിശെഷിച്ച മകരമാസം -1- ൻ തുടങ്ങീട്ട - ധനുമാസം -25-ൻ മിശിഹാ തംപുരാൻ പിറന്ന ദിവസവും ശെഷം പെരുനാളുകളും വിളിച്ച ചൊല്ലികൊള്ളെണ്ടവത ഒക്കയും. ഒരൊരൊ തിങ്ങളിൽ വരുന്ന ദിവസങ്ങളിൽ അതു കാക്കയും വെണം —

വിശെഷിച്ച ശ്രുദ്ധമാന കാതൊലിക്കാ പള്ളിയുടെ പ്രമാണത്താലയും നമ്മുടെ കല്പനയാലയും ഇയിടവകയിൽ നൊൽക്കെണ്ടുന്ന നൊൻപുകളും ആകുന്നത ഇത —

അൻപതു നൊയമ്പും - തിംകളാഴ്ച തുടങ്ങിനുതാനും —

ഇരുപത്തഞ്ച നൊൻപ ധനുമാസം -1-ൻ തുടങ്ങുന്നു —

പതിനഞ്ചനൊൻപ ചിങ്ങമാസം -1-ൻ തുടങ്ങുന്നു —

മൂന്നു നൊൻപ —

വിശെഷിച്ച നാല്പതാം പെരുനാളിൻെററ മുൻപിലത്തെ തിംകളാഴ്ചയും ചൊവ്വാഴ്ചയും ബുധനാഴ്ചയും ഇരച്ചി തിന്നരുത —

അൻപതാം പെരുനാളിൻെററ മുൻപിലത്തെ ദിവസവും - അതു കഴിഞ്ഞാൽ മുൻപിൽവരുന്ന ബുധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും നൊൻപ —

മാർസ്ലീവാ പെരുനാളും കഴിഞ്ഞ മുൻപിൽ വരുന്ന ബുധനും വെള്ളിയും ചനിയാഴ്ചയും നൊൻപ —

വിശെഷിച്ച ശ്ലീഹന്മാരിടെ പെരുനാളുടെ തലെദിവസം നൊൻപ —

ഇടവമാസത്തിൽ പീലിപ്പൊസിൻെററയും യാക്കൊൻെററയും പെരുനാളുകൾക്ക നൊൻപില്ലതാനും —

കർക്കടകമാസത്തിൽ മാത്തൊമാടെ ദുഖറാനയുടെ തലെ ദിവസം നൊൻപ —

മിഥുനമാസം 24 ൻ വരുന്ന മാർയൊഹന്നാൻ മാംദാനാടെ പെരുനാളുകൾക്ക തലെ ദിവസം നൊൻപ —

എന്നാൽ ഇതിൽ എഴുത്തുപെട്ട പെരുനാളുകളും നൊൻപുകളും പാതിരാതൊട്ട മററ പാതിരായൊളമാകുന്നു. കൊള്ളെണ്ടുന്ന പെരുനാളുകളിൽ വെല പ്രവൃത്തികളും എടുപ്പാൻ ഞായമുള്ള ദിഷ്ടുതി ഉണ്ടുകിൽ വിഗാരിയൊട അനുവാദം മെടിച്ചെ ആവു - എന്നാൽ വിഗാരി ദിഷ്ടുതിയുടെ അവകാശം സൂക്ഷിച്ച അടുത്തവണ്ണം വിധിക്കയുമാം - അവണ്ണം നൊമ്പിൽ വിലക്കിയ തീൻ ദണ്ഡംകൊണ്ട ആക്കാനും തിന്നെണമെന്ന ദിഷ്ടുതിയുണ്ടുകിൽ മെത്രാനൊട അനുവാദം മെടിപ്പാൻ സമയം ഇല്ലുകിൽ ദിഷ്ടുതിക്ക തക്കവണ്ണം അനുവാദം വിഗാരി കൈകയുമാം —

പതിമൂന്നാം സാഹാ —

വിഗാരിമാരും ശെഷം പട്ടക്കാരും ചൈയ്യെണ്ടുന്ന ചില ക്രിയകൾമെൽ —

എന്നാൽ ഒശാന ഞാറാഴ്ച രായിലെ വിഗാരിയും ശെഷം പട്ടക്കാരും ലൊകരെ കൂട്ടിട്ട ഒശാനാടെ ഗ്രുമായും ചൈത പള്ളിയുടെ ചുറും അതുകൊണ്ട പ്രദക്ഷണം വച്ച ശെഷം ക്രിയകളും കഴിക്കെണം. (76)

76. വാക്യത്തിനു് എന്തോ ഒരു പോരായ്മയുണ്ടു്. 'ഒശാനെടെ' എന്നു കഴിഞ്ഞിട്ടു് 'മാല' എന്നുകൂടി ചേർത്താൽ വാക്യം ശരിയാകും.

വിശെഷിച്ച അൻപതു നൊമ്പിൽ മൻപിലത്തെ ബുധനാഴ്ചനാം ഒശാനാ ടെ ഒലകൊം ചുട്ട ഭസ്മമാക്കി അതുമ്മെൽ ദുശ്രമായും ചൈത മാമ്മൊദീസാക്കാരരി ടെ തലമെൽ പൂശണം തക്കായിൽ എഴുത്തുപ്പെട്ടപൊലെ —

വിശെഷിച്ച പട്ടക്കാരരിടെ യൊഗമുള്ള പള്ളികളിൽ കുംഭമാസം -4-ൻ മെ ഴുകുതിരി ഉണ്ടാക്കി അതുമ്മെൽ ദുശ്രമായും ചൈത തക്കായിൽ എഴുത്തുപെട്ടപൊ ലെ അതുകൊണ്ട പ്രദക്ഷണം വൈക്കെണം. അവണ്ണം ചൈയ്വാത്ത പട്ടക്കാരരെ മെത്രാൻറെറ വിധിക്ക തക്കപൊലെ ശിക്ഷപെടുകയും വെണം.

വിശെഷിച്ച അന്നീദ കുർബാനക്കുടി കവറുംകൽ നമസ്കരിപ്പാൻ പൊകെ ണ്ടി വരികിൽ കുർബാന കുപ്പായം അഴിച്ച സൂപ്പിലീസുമിട്ട പൊകെയാവു – അവണ്ണം പള്ളീന്ന പുറത്ത ആരാൻറെറ വീട്ടിൽ കുർബാന കുപ്പായം ഇട്ടും കൊണ്ട പള്ളിക്കൽ വരുകയും അരുത – പിന്നയൊ ചമയപുരയിൽ തന്നെ ആവു ശുദ്ധമാ ന കുപ്പായം ഇടുവാൻ —

എന്നാൽ പെരുനാൾക്ക എല്ലാം പ്രദക്ഷണം വസ്ത്രാനായിട്ട പള്ളീന്ന ശുദ്ധ മാന കുപ്പായങ്ങം ഇട്ടുംകൊണ്ട അങ്ങാടിയിലുംകിലും പള്ളിയുടെ ചുറ്റുമെംകി ലും പ്രദക്ഷണം വൈക്കുംപൊം കളിയും വിനൊദവും ചൈയ്യാതെ തംപുരാനെ സ്തുതിച്ച പ്രാത്ഥിച്ചുംകൊണ്ട നടക്കുകയുംവെണം —

പതിനാലാം സാഹാ —

ഇടവകയുടെകാര്യങ്ങൾ എല്ലാം വിധിക്കുന്ന വലിയ വിഗാരിമെൽ —

സംസാരങ്ങം ഒക്കയും മെത്രാനതന്നെ തീപ്പാൻ സാധ്യമല്ലല്ലൊ - എന്നതു കൊണ്ട എല്ലാവരിടെ സംസാരങ്ങം കെംപ്പാനാനിട്ട ഒര ശരീരത്തെ എല്ലാ ഇടവകക്കും കല്പിച്ചിട്ടുണ്ട – എന്നാൽ അക്കൊദിയാക്കൊനത്രെ ഇയിടവകയിൽ ആ കുന്ന – തനിക്ക വശമല്ലുംകിൽ – മെത്രാൻ കല്പിച്ച മറെറാര ശരീരത്തിൻറെറ പ ക്കൽ ആക്കികൊള്ളാം —

എന്നാൽ ഇങ്ങനെത്തെ ശരീരത്തിന്ന മൂന്ന വസ്തുക്കം കൂടിയെ മതിയാവു– അതായത —

മൻപിൽ – തംപുരാനെ ഉള്ള പെടി

രണ്ടാമത – മവത ഇല്ലാസ്ത (77)

മൂന്നാമത – പാവപ്പട്ടവരിടെ മെലുള്ള അനുഗ്രഹം.

അപ്പഴൊ എല്ലാം കൊണ്ടും മുഴവനാകുന്ന ഇശ്ശരീരം വചനംകൊണ്ടും പ്രവൃത്തി കൊണ്ടും ലൊകക്ക നല്ല വഴികാട്ടി ഒത്തരിടെ അന്യായം കെംക്കുംപൊം ഒര ചെവികൊണ്ടതന്നെ കെംക്കരുത. പിന്നയൊ രണ്ട പരിഷയയും കൂട്ടി തടസ്ഥ മെന്നിത്തികൊണ്ട അന്യായപ്പട്ടവനയും ഉത്തരക്കാരനയും കെട്ട ഞായമാകുംവണ്ണം വിധിക്കെണം —

എന്നാൽ ഉത്തരക്കാരനെ വരുത്താതെയും ചൊദ്യം ചൈയ്യാതയും ഒത്തത്ത ക്കുംകുറം ചൊല്ലരുത —

---

77. മവത = മമത, സവിശേഷതാല്പര്യം; partiality.

എന്നാൽ സാക്ഷിയും – പ്രമാണവുമില്ലാതെ സംശയമുള്ളകാര്യം സത്യമായിട്ടും നിവൃത്തിക്കെണം – എന്നാൽ തംപുരാനെ ശംഖയില്ലാത്തവർ മലയാളരിടെ ഞായത്തുംകൽ പൊകായ്വാൻ വലിയ വിഗാരി വെണ്ടപൊളം ചമുത്തൊട്ടക്കുടെ സൂക്ഷിക്കെണം —

എന്നാൽ സ്ത്രീകളെ ഞായത്തുംകൽ നിത്തരുത – അവക്കവെണ്ടി പറവാൻ പുരുഷൻ നിക്കെണം —

എന്നാൽ വലിയ കാര്യങ്ങം തീക്കുംപൊം മെത്രാനെക്കുടെ ബൊധിപ്പിക്കയും വെണം – എന്നാൽ മെത്രാൻ ഇക്കാര്യം തീത്ത പ്രകാരം കട്ടദാശിയിൽ എഴുതിത്താനും അക്കടിയാക്കൊനും കാര്യവാസികം ഇരുവരും ഇതിന്മെൽ ഒപ്പ ഇടുകയുംവെണം — (78)

വിശെഷിച്ച മെത്രാന്റെറ എഴുത്തുക്കാരൻ വെറെ ഒരു പുസ്തകത്തിൽ അതിനെ എഴുതി ശരസിക്കയുംവെണം – എന്നാൽ വലിയ വിഗാരിയുടെ പ്രവൃത്തി ഒരുത്തരിടെ പക്കൽ എല്പിക്കം മുമ്പിൽ നെറിവൊട്ടക്കുടെ വ്യാപരിക്കമെന്ന അയാളെകൊണ്ട മെത്രാൻ സത്യം ചൈപ്പിക്കയും വെണം —

പതിനഞ്ചാം സാഹാ —
ശുദ്ധമാന പള്ളിയുടെ മര്യാദമെൽ —

ശുദ്ധമാന പള്ളിയുടെ പ്രമാണം ആയത – ആണ്ടിൽ ഒരിക്കൽ താൻ എങ്കിലും – തന്റെറ പ്രമാണത്താലെ അതിന്ന തക്ക മറെറാരുത്തരംകിലും – തന്റെറ ഇടവകയുടെ പള്ളികം ഒക്കയും മെത്രാൻ ചെന്ന മര്യാദ അറിയെണം എന്ന —

എന്നാൽ താൻ പൊകുംപൊഴം മറെറാരുത്തരെ അയച്ചുട്ടുംപൊഴം ഒരൊരൊ പള്ളിക്കൽ വന്നാൽ ക്ലെശിച്ച അറിയെണ്ടത ഇത —

ഒന്നാമത – വിശ്വാസത്തൊട മുത്ത ആരാനും പറകയൊ – പ്രവൃത്തിക്കയൊ – തുള്ളിക്കയൊ പാടിക്കയൊ – ദെവതെയ കുംപിട്ടകയൊ - നെച്ച് കൊട്ടക്കയൊ – യുദന്മാരൊട്ടും - ജൊനകരുമായിട്ടും ഒന്നിച്ച തിങ്കയും – കുടിക്കയും ചൈകകൊ – മുഹുത്തവും - പൊഴതും – ഗ്രണദൊഷവും വരും വരായ്മയുമറിവാൻ യൊദിഷന്മാരെ കെംക്കയൊ ചൈയ്യിന്നുണ്ടൊ —

രണ്ടാമത – വെള്ളിയാഴ്ചയും ചനിയാഴ്ചയും മാംസം തിൻകയൊ നൊൻപിൽ വിലക്കികിടക്കുന്ന തീൻ അനുഭവിക്കയൊ ചൈയ്യുന്നുണ്ടൊ —

മൂന്നാമത – ആണ്ടിൽ ഒരിക്കൽ കുംപസാരിച്ച കുറുബാന കൊള്ളാതെ ഇരിക്കയുണ്ടൊ —

നാലാമത – ഇടത്തുടായ പുസ്തകങ്ങളും ഗ്രംതഥങ്ങളും ആക്കാനുണ്ടൊ —

അഞ്ചാമത – മഹറൊൻ എററിട്ട കൂട്ടാക്കാതെ നടക്കുന്നവരുണ്ടൊ —

എന്നാൽ ഒരാണ്ടതന്നെ കൂട്ടാക്കാതെ ഇരുന്നുവെംകിൽ മെത്രാനൊട അറിയിക്കെണം —

ആറാമത – തന്റെറ കെട്ടിയവളെ പുലത്താത്തവര ഉണ്ടൊ —

എഴാമത – രണ്ടെട്ടത്ത കെട്ടിയിരിക്കുന്നവര ഉണ്ടൊ —

എട്ടാമത – വിഗാരിയെ കൂടാതെ കെട്ടിയവർ ഉണ്ടൊ —

ഒൻപതാമത – അനുവാദം കൂടാതെ വെലക്കിയ ചാവ്വയിൽ കെട്ടിയവർ ഉണ്ടൊ —

---

78. മെത്രാനും അക്കടിയാക്കൊനും കക്ഷികളും ഒപ്പിടണം.

പത്താമത – കെട്ടാതെ പുലത്തുന്നവരുണ്ടോ —
പതിനൊന്നാമത – കെട്ടിയ സ്ത്രീകളെ മര്യാദകെടായി പുലരുന്നവരുണ്ടോ —
പന്ത്രണ്ടാമത – ഭാര്യകളും കുട്ടികളും കളിക്കുന്നവരുണ്ടോ
പതിമ്മൂന്നാമത – ന്യായമല്ലാതെ തങ്ങളുടെ പിള്ളെരെ ശിക്ഷിക്കുന്നവരുണ്ടോ —
പതിന്നാലാമത – തമ്മിൽ തമ്മിൽ വൈരസ്യമായി ഉരിയാടാതെ ഇരിക്കുന്നവരുണ്ടോ —
പതിനഞ്ചാമത – മതിയല്ലാതെ കൂടിക്കുന്നവരുണ്ടോ —
പതിനാറാമത – പലിശക്ക പലിശ പറ്റുന്നവരുണ്ടോ —
പതിനെഴാമത – ക്രൂരാശയ്ക്ക വില പറയിന്നവരും മെടിക്കുന്നവരുമുണ്ടോ —
പതിനെട്ടാമത – മാമ്മൊദീസാ ഇല്ലാത്തവക്ക പിള്ളെരെ വിൽക്കുന്നവരുണ്ടോ —

പത്തൊൻപതാമത – ജൊനകക്ക അയുധങ്ങളം കൊടുക്കുന്നവരുണ്ടോ — (79)
ഇരുപതാമത – ന്യായത്തുംകൽ പൊളിക്ക സാക്ഷി നിന്നവരുണ്ടോ —
ഇരുപത്തൊന്നാമത – തമ്മിൽ അംകം വെട്ടുവാൻ പൊയവരുണ്ടോ —
ഇരുപത്തുരണ്ടാമത – മാമ്മൊദീസായില്ലാത്തവരൊട പിഴച്ചവരുണ്ടോ — (80)

ഇരുപത്തുമൂന്നാമത – പള്ളിയുടെ ഭണ്ഡാരം മുറിച്ചവരുണ്ടോ —
ഇരുപത്തുനാലാമത – കാരണവന്മാർ എഴുതി കല്പിച്ച തെസുമെംത്തിൽ ഉള്ള വസ്തുക്കളം പ്രവൃത്തിക്കാത്ത അനന്തരവരുണ്ടോ —

എന്നാൽ പയ്യാദൊത്താടെ പ്രവൃത്തി ആയത ഇ എഴുത്തു പെട്ടത എല്ലാം ക്ലെശിച്ചതിരയുന്നതും മെത്രാനൊട അറിയിക്കുന്നതും പള്ളിയുടെ പ്രവൃത്തിക്കാരൊട മെത്രാന്റെറ പ്രമാണത്തിന്ന തക്കവണ്ണം ചൊദിക്കുന്നതും —

ഇപ്പുസ്തകത്തിൽ എഴുത്തുപ്പെട്ട കാനൊനകളുടയും — കല്പനകളുടയും – മര്യാദകളുടയും കുറിമാനം ആയത ഇത — (81)

പട്ടാങ്ങയായ വിശ്വാസത്തുമ്മെൽ ഒന്നാം സെപ്രാ — 3
ആദത്തിന്റെറ വിത്തിന്റെറ പ്രകാരത്തുമ്മെൽ രണ്ടാം സാഹാ — 6
പൂവ്വത്തുംകൽ സൃഷ്ടിച്ച സൃഷ്ടിപ്പുകളം മൂന്നാം സാഹാ — 8
ശുദ്ധമാനപള്ളിയുടെ തലവനാകുന്ന ശുദ്ധമാന പാപ്പാടെ സ്ഥാനത്തിന്മെൽ നാലാം സാഹാ — 10
പട്ടാങ്ങയായ മാക്കത്തുമ്മെൽ അഞ്ചാം സാഹാ — 11
പട്ടാങ്ങയായ മാറ്റുത്തുമ്മെൽ സത്യം ആറാം സാഹാ — 13

79. ജൊനകർ — അറബികളം, മുസ്ലീങ്ങളം. പോർത്തുഗീസുകാരുടെ ശത്രുക്കളം അറബികളായിരുന്നുവല്ലോ. യൂറോപ്പിലെ ക്രിസ്ത്യാനികളം മുസ്ലീങ്ങളെ ആജന്മ ശത്രുക്കളായി കരുതിയിരുന്നു. ആ വിദ്വേഷം കേരളത്തിലും പ്രചരിപ്പിക്കാൻ അവർ ആഗ്രഹിച്ചു.

80. അക്രൈസ്തവരുമായി ലൈംഗികബന്ധം പുലർത്തുന്നവരുണ്ടോ എന്നായിരിക്കണം വിവക്ഷ.

81. വിഷയവിവരപ്പട്ടികയുള്ള പ്രഥമ മലയാള ഗ്രന്ഥം ഇതാണു. മൂലഗ്രന്ഥത്തിലെ പേജുനമ്പറുകളാണു വലത്തുവശത്തു കാണുന്നതു.

രണ്ടാം സെപ്രാ—

എഴ കൂദാശകയ്മെൽ – ഒന്നാം സാഹാ — 17

മാമ്മൊദീസാമെൽ – രണ്ടാം സാഹാ — 18

അതുമ്മെൽ അറിവ – മൂന്നാം സാഹാ — 21

ക്രീയകയ്മെൽ – നാലാം സാഹാ — 23

മുമ്പിലത്തെ ഒപ്രൂശ്രമാമെൽ – അഞ്ചാം സാഹാ — 26

കുറുബാനയുടെ പൊരുയ്മെലും കാതൽമെലും – ആറാം സാഹാ — 28

കുറുബാനയുടെ പൊരുയ്മെലും എപ്പൊയ്കുറുബാന കൊള്ളെണ്ട എന്നതിമ്മെലും എഴാം സാഹാ — 31

ലൊകക്ക് വിഗാരിമാർ എങ്ങനെ കുറുബാന കൊട്ടക്കെണ്ട എന്നതിമ്മെൽ – എട്ടാം സാഹാ — 35

കുറുബാന കൊള്ളുവാൻ ആത്മാവും ശരീരവും എങ്ങനെ യൊഗ്യമാക്കെണ്ട എന്നതിന്മെൽ ഒൻപതാം സാഹാ — 41

കുറുബാന ചൈയ്യന്നതിന്മെലും അതിനെ ചൈയ്യാത്ത പട്ടക്കാരരിടെമെലും – പത്താം സാഹാ — 44

കുംപസാരം എന്ന കൂദാശമെൽ പതിനൊന്നാം സാഹാ — 47

കുംപസാരിപ്പിക്കുന്ന പട്ടാക്കാരക്ക് എന്തു വെണ്ടത എന്നതിന്മെൽ പന്ത്രണ്ടാം സാഹാ — 49

കുംപസാരിക്കെണമെന്ന പള്ളിയുടെ പ്രമാണത്തിമ്മെൽ – പതിമ്മൂന്നാം സാഹാ — 54

പട്ടക്കാരർ നൊൻപിലല്ലാതെ പിന്നയും എപ്പൊയ് കുംപസാരിക്കെണ്ട എന്നതിന്മെൽ – പതിന്നാലാം സാഹാ — 58

മെത്രാന്റെറ അനുവാടം കൂടാതെ പൊക്കരുതാത്ത പിഴകയ്മെൽ – പതിനഞ്ചാം സാഹാ — 60

പിഴകയ് പൊക്കുവാനും മഹറൊൻ അഴിപ്പാനും ഉള്ള പ്രകാരത്തിന്മെൽ – പതിനാറാം സാഹാ — 64

സെപ്രാദസലാസ

ശെഷം കൂദാശകയ്മെൽ ഒട്ടക്കത്തെ ഒപ്രൂശ്രമാമെൽ ഒന്നാം സാഹാ — 67

പട്ടമെന്ന കൂദാശമെൽ – രണ്ടാം സാഹാ — 70

കൂദാശപട്ടം എൽക്കുന്നവക്ക് എത്രയും ശുദ്ധം വെണമെന്നതിമ്മെൽ – മൂന്നാം സാഹാ — 73

പട്ടം എയ്കുന്നവരെ എങ്ങനെ എഴുതെണ്ട എന്നതിമ്മെൽ – നാലാം സാഹാ — 76

പെങ്കെട്ട എന്ന കൂദാശമെൽ – അഞ്ചാം സാഹാ — 78

കെട്ടുന്നവരൊട വിഗാരി പറയെണ്ടുന്നതിമ്മെലും അവരിടെ പ്രായത്തിമ്മെലും – ആറാം സാഹാ — 83

രണ്ടെടത്ത കെട്ടുന്നവരെകൊണ്ടും – പിള്ളേരും വരത്തരും കെട്ടുന്നതുകൊണ്ടും എഴാം സാഹാ — 35
മാഗ്ഗംകൂടുവാൻ വന്നവരിടെ പെങ്കെട്ടുകൊണ്ടും – കല്യാണഘോഷംകൊണ്ടും – എട്ടാം സാഹാ — 37
